വെളിച്ചം സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

അഞ്ചാം ഘട്ടം

പാഠഭാഗം

സൂറ അന്നംൽ, സൂറ അൽ ഖസസ്

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

വെളിച്ചം സൗദി ഓൺലൈൻ

അഞ്ചാംഘട്ടം – ഷെഡ്യൂൾ

സൂറത്തുകൾ : സൂറ അന്നംൽ , സൂറ അൽ ഖസസ്
ആകെ ക്യാമ്പയിനുകൾ : 12 + 2 റിവിഷനുകൾ
ക്യാമ്പയിൻ കാലാവധി : 2023 ജൂൺ 16 മുതൽ ഡിസംബർ 30 വരെ
ഗ്രാന്റ് ഫിനാലെ : 2024 ജനുവരി

ക്യാമ്പയിൻ	സൂറ:	ആയത്തുകൾ	ആയത്തുകൾ (എണ്ണം)	കാലാവധി
# 1	നംല്	1–14	14	ജൂൺ 16 വെള്ളി - ജൂലായ് 01 ശനി
# 2	നംല്	15–31	17	ജൂലായ് 02 ഞായർ- ജൂലായ്15 ശനി
# 3	നംല്	32–44	13	ജൂലായ് 16 ഞായർ - ജൂലായ്29 ശനി
# 4	നംല്	45–58	14	ജൂലായ് 30 ഞായർ- ആഗസ്റ്റ് 12 ശനി
# 5	നംല്	59–69	11	ആഗസ്റ്റ് 13 ഞായർ- ആഗസ്റ്റ് 26 ശനി
# 6	നംല്	70–82	13	ആഗസ്റ്റ് 27 ഞായർ - സെപ്റ്റംബർ 09 ശനി
# 7	നംല്	83–93	11	സെപ്റ്റംബർ 10 ഞായർ - സെപ്റ്റംബർ 23 ശനി
# 8	ഖസസ്	1–21	21	സെപ്റ്റംബർ 24 ഞായർ - ഒക്ടോബർ 07 ശനി
# 9	ഖസസ്	22–42	21	ഒക്ടോബർ 08 ഞായർ - ഒക്ടോബർ 21 ശനി
# 10	ഖസസ്	43–60	18	ഒക്ടോബർ 22 ഞായർ - നവംബർ 04 ശനി
# 11	ഖസസ്	61–75	15	നവംബർ 05 ഞായർ - നവംബർ 18 ശനി
# 12	ഖസസ്	76–88	13	നവംബർ 19 ഞായർ - ഡിസംബർ 02 ശനി
റിവിഷൻ 1	നംല്	1–93	93	ഡിസംബർ 03 ഞായർ - ഡിസംബർ 16 ശനി
റിവിഷൻ 2	ഖസസ്	1–88	88	ഡിസംബർ 17 ഞായർ- ഡിസംബർ 30 ശനി
ഗ്രാന്റ് ഫിനാലെ	നംല് ഖസസ്	1 – 193 11 – 88	181	2024 ജനുവരി

ശ്രദ്ധിക്കുക :-

1. അനിവാര്യ സന്ദർഭങ്ങളിൽ അല്ലാതെ ഷെഡ്യൂളിൽ നൽകിയ ദിവസങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതല്ല.
2. ഒരു ക്യാമ്പയിനിൽ 15 ചോദ്യങ്ങൾ വീതവും റിവിഷനിൽ 10 ചോദ്യങ്ങൾ വീതവും ആയിരിക്കും.
3. ആകെയുള്ള 12 ക്യാമ്പയിനുകളിലായി 180 ചോദ്യങ്ങളും, 2 റിവിഷനുകളിലായി 20 ചോദ്യങ്ങളും കൂടി 200 ചോദ്യങ്ങൾ പ്രാഥമിക റൗണ്ടിൽ ഉണ്ടായിരിക്കും. ഗ്രാന്റ് ഫിനാലെ ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

سورة النمل

27. സൂറതുന്നംല്

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 93 - വിഭാഗം (റുകൂഉ്) 7

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ,

طسٓۚ

﴿1﴾ ത്വാ-സീൻ (*)

تِلۡكَ ءَايَٰتُ ٱلۡقُرۡءَانِ وَكِتَابٖ مُّبِينٍ ﴿١﴾

ഇവ ക്വുർആന്റെയും, സുവ്യക്തമായ വേദഗ്രന്ഥത്തിന്റെയും ആയത്തുകളാകുന്നു [വചനങ്ങളാകുന്നു]

هُدٗى وَبُشۡرَىٰ لِلۡمُؤۡمِنِينَ ﴿٢﴾

﴿2﴾ (അവ)സത്യവിശ്വാസികൾക്ക് മാർഗദർശനവും, സന്തോഷവാർത്തയുമാകുന്നു.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤۡتُونَ ٱلزَّكَوٰةَ وَهُم بِٱلۡأٓخِرَةِ هُمۡ يُوقِنُونَ ﴿٣﴾

﴿3﴾ അതായത്, നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവർ; അവർ പരലോകത്തെക്കുറിച്ചാകട്ടെ, ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. (ഇങ്ങി

(*) ഇങ്ങിയെയുള്ള കേവലാക്ഷരങ്ങളെപ്പറ്റി ഒന്നിലധികം സ്ഥലത്ത് നാം പ്രസ്താവിച്ചിട്ടുണ്ട്.

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ زَيَّنَّا

لَهُمْ أَعْمَـٰلَهُمْ فَهُمْ يَعْمَهُونَ ﴿٤﴾

أُو۟لَـٰٓئِكَ ٱلَّذِينَ لَهُمْ سُوٓءُ ٱلْعَذَابِ

وَهُمْ فِى ٱلْـَٔاخِرَةِ هُمُ ٱلْأَخْسَرُونَ ﴿٥﴾

وَإِنَّكَ لَتُلَقَّى ٱلْقُرْءَانَ مِن لَّدُنْ

حَكِيمٍ عَلِيمٍ ﴿٦﴾

ണയുള്ളവർക്ക്)

《4》 നിശ്ചയമായും, പരലോക ത്തിൽ വിശ്വസിക്കാത്തവർ, അവർക്ക് തങ്ങളുടെ പ്രവൃത്തികൾ നാം ഭംഗിയാക്കി കാണിച്ചു കൊടു ത്തിരിക്കുകയാണ്. അതിനാൽ, അവർ അന്ധാളിച്ചു (പരിഭ്രമ ചിത്തരായി) ക്കൊണ്ടിരിക്കുന്നു.

《5》 കഠിന ശിക്ഷയുണ്ടാ യിരിക്കുന്നവരത്രെ അക്കൂട്ടർ, അവർ പരലോകത്തിലാകട്ടെ, ഏറ്റവും നഷ്ടപ്പെട്ടവരും തന്നെ.

《6》 നിശ്ചയമായും, അഗാ ധജ്ഞനും, സർവ്വജ്ഞനുമായുള്ളഒരുവന്റെപക്കൽനിന്ന് നിനക്ക് ഖുർആൻ ഏറ്റുതരപ്പെട്ടു കൊണ്ടി രിക്കുന്നു.

《1》 طس ത്വാ-സീൻ تِلْكَ അവ, ഇവ آيَاتُ الْقُرْآنِ ഖുർആന്റെ ആയത്തുകളാണ്
وَكِتَابٍ വേദഗ്രന്ഥത്തിന്റെയും مُبِينٍ സ്പഷ്ടമായ, സുവ്യക്തമായ 《2》 هُدًى മാർഗദർശനം
وَبُشْرَىٰ സന്തോഷവാർത്തയും لِلْمُؤْمِنِينَ സത്യവിശ്വാസികൾക്ക് 《3》 الَّذِينَ يُقِيمُونَ
നിലനിറുത്തുന്നവർക്ക് الصَّلَاةَ നമസ്കാരം وَيُؤْتُونَ കൊടുക്കുകയും ചെയ്യുന്ന الزَّكَاةَ
സകാത്ത് وَهُمْ അവരാകട്ടെ بِالْآخِرَةِ പരലോകത്തപ്പറ്റി هُمْ يُوقِنُونَ അവർ ദൃഢമായി
വിശ്വസിക്കുന്നു. 《4》 إِنَّ الَّذِينَ لَا يُؤْمِنُونَ നിശ്ചയമായും വിശ്വസിക്കാത്തവർ بِالْآخِرَةِ
പരലോകത്തിൽ زَيَّنَّا നാം ഭംഗിയാക്കിക്കാണിച്ചിരിക്കുന്നു, അലങ്കാരമാക്കിയിരിക്കുന്നു لَهُمْ അവർക്ക്
أَعْمَالَهُمْ അവരുടെ പ്രവൃത്തികളെ, കർമങ്ങളെ فَهُمْ അതിനാൽ അവർ يَعْمَهُونَ
അന്ധാളിച്ചു(പരിഭ്രമിച്ചു)കൊണ്ടിരിക്കുന്നു 《5》 أُولَٰئِكَ الَّذِينَ അവർ യാതൊരു കൂട്ടരത്രെ
لَهُمْ അവർക്കാണ് سُوءُ الْعَذَابِ കഠിനശിക്ഷ, കടുത്ത ശിക്ഷ وَهُمْ അവരാകട്ടെ فِي الْآخِرَةِ
പരലോകത്തിൽ هُمُ അവർ തന്നെ الْأَخْسَرُونَ ഏറ്റം നഷ്ടപ്പെട്ടവർ 《6》 وَإِنَّكَ നിശ്ചയമായും
നീ لَتُلَقَّى നിനക്ക് ഏറ്റു തരപ്പെടുന്നു الْقُرْآنَ ഖുർആൻ مِن لَّدُنْ പക്കൽ നിന്ന്, അടുക്കൽ നിന്ന്
حَكِيمٍ ഒരു അഗാധജ്ഞന്റെ عَلِيمٍ സർവ്വജ്ഞനായ

പരലോക ജീവിതത്തിലും, മരണാനന്തരമുള്ള രക്ഷാശിക്ഷയിലും വിശ്വസിക്കാത്ത കാരണത്താൽ, തങ്ങൾ പ്രവർത്തിക്കുന്നതെല്ലാം തന്നെ നല്ല കാര്യങ്ങളാണെന്ന ധാരണ അല്ലാഹു അവരിൽ ഉളവാക്കിയിരിക്കുകയാണ്. അതിനാൽ, തങ്ങളുടെ ഭാവിയെക്കുറിച്ചോ, ഭാവിക്ക് വേണ്ടി പരിശ്രമിക്കുന്നതിനെക്കുറിച്ചോ അവർക്ക് ഒട്ടും ശ്രദ്ധയില്ല. അങ്ങനെ, അവർ ദുർന്നടപ്പിലും ദുർമാർഗത്തിലും മുഴുകി മതിമറന്നുകൊണ്ടിരിക്കുന്നു. യുദ്ധത്തിൽ കൊല്ലപ്പെടുക, ബന്ധനത്തിൽ അകപ്പെടുക മുതലായ കടുത്ത ശിക്ഷകൾ അവർക്ക് ഇഹത്തിൽ വെച്ചുതന്നെ അനുഭവപ്പെടും. പരലോകത്താകട്ടെ, ഏറ്റവും വമ്പിച്ച നാശനഷ്ടങ്ങൾക്ക് അവർ പാത്രമാണ്താനും. സർവ്വജ്ഞനും, അഗാധജ്ഞനുമായ അല്ലാഹുവിൽ നിന്നും നൽകപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഖുർആന്റെ പ്രബോധനം സ്വീകരിക്കുക ഒന്നുമാത്രമാണ് അവർക്കുള്ള രക്ഷാമാർഗം.

إِذْ قَالَ مُوسَىٰ لِأَهْلِهِۦٓ إِنِّيٓ ءَانَسْتُ نَارًا سَـَٔاتِيكُم مِّنْهَا بِخَبَرٍ أَوْ ءَاتِيكُم بِشِهَابٍ قَبَسٍ لَّعَلَّكُمْ تَصْطَلُونَ ﴿٧﴾

﴾7﴿ മൂസാ തന്റെ വീട്ടുകാരോട് പറഞ്ഞ സന്ദർഭം (ഓർക്കുക): നിശ്ച യമായും, ഞാൻ ഒരു തീ കണ്ടിരിക്കു ന്നു. അതിനടുത്ത് നിന്ന് വല്ല വർത്തമാനവും ഞാൻ നിങ്ങൾക്ക് കൊണ്ടുവരാം; അല്ലെങ്കിൽ (അതിൽ നിന്ന്) കൊളുത്തിയെടുത്ത ഒരു തീപന്തം നിങ്ങൾക്ക് കൊണ്ടുവരാം. നിങ്ങൾക്ക് തീകായാമല്ലോ.

﴾7﴿ إِذْقَالَ مُوسَى മൂസാ പറഞ്ഞ സന്ദർഭം لِأَهْلِهِ തന്റെ വീട്ടുകാരോട്, സ്വന്തക്കാരോട് إِنِّي آنَسْتُ നിശ്ചയമായും, ഞാൻ കണ്ടിരിക്കുന്നു نَارًا ഒരു തീ سَآتِيكُمْ ഞാൻ നിങ്ങൾക്ക് വന്നേക്കാം مِنْهَا അതിൽ നിന്ന്, അവിടെ നിന്ന് بِخَبَرٍ വല്ല വർത്തമാനവുംകൊണ്ട് أَوْ آتِيكُمْ അല്ലെങ്കിൽ ഞാൻ നിങ്ങൾക്കു വരും بِشِهَابٍ ഒരു തീപന്തംകൊണ്ട്, തീനാളം കൊണ്ട് قَبَسٍ കൊളുത്തിയെടുത്ത, പകർത്തിയെടുത്ത لَعَلَّكُمْ നിങ്ങൾക്കാവാം تَصْطَلُونَ തീ കായും, ശൈത്യശമനം വരുത്തും.

മൂസാ നബി (അ) ഭാര്യാസമേതം മദ്‌യനിൽ നിന്ന് സ്വദേശത്തേക്ക് പോകും മദ്ധ്യേ സീനാതാഴ്‌വരയിൽ എത്തിയിരിക്കുകയാണ്. രാത്രിയും, തണുപ്പും, വഴി അറിയായ്കയും - എല്ലാകൂടി - വിഷമത്തിൽ പെട്ടുകൊണ്ടിരുന്ന അവസരത്തിലാണ് അങ്ങകലെ ഒരു തീ അദ്ദേഹം കാണുന്നത്. സൂ: ത്വാഹയിലും മറ്റും ഈ സംഭവം ഇതിന് മുമ്പ് പ്രസ്താവിച്ചുപോയിട്ടുള്ളതാകുന്നു.

فَلَمَّا جَآءَهَا نُودِيَ أَنۢ بُورِكَ مَن فِي ٱلنَّارِ وَمَنْ حَوْلَهَا وَسُبْحَـٰنَ ٱللَّهِ رَبِّ ٱلْعَـٰلَمِينَ ﴿٨﴾

﴾8﴿ അങ്ങിനെ, അദ്ദേഹം അതിന ടുത്തുവന്നപ്പോൾ അദ്ദേഹത്തോട് വിളിച്ചു പറയപ്പെട്ടു: (ഈ) തീയിൽ ഉള്ളവരും അതിന്റെ പരിസരത്തുള്ള വരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ലോകരക്ഷിതാവായ അല്ലാഹു മഹാപരിശുദ്ധനുമത്രെ!

يَـٰمُوسَىٰٓ إِنَّهُۥٓ أَنَا ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ ﴿٩﴾

﴾9﴿ മൂസാ, നിശ്ചയമായും (കാ ര്യം) പ്രതാപശാലിയായ, അഗാധ ജ്ഞനായ അല്ലാഹുവത്രെ ഞാൻ.

﴾8﴿ فَلَمَّاجَاءَهَا അങ്ങനെ അദ്ദേഹം അതിനടുത്ത് വന്നപ്പോൾ نُودِيَ വിളിച്ചു പറയപ്പെട്ടു, വിളിക്കപ്പെട്ടു أَنْ بُورِكَ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു, ആശീർവ്വദിക്കപ്പെട്ടിരിക്കുന്നു എന്ന് مَنْ فِي النَّارِ തീയിൽ ഉള്ളവർ وَمَنْ حَوْلَهَا അതിന്റെ പരിസരത്തുള്ളവരും, ചുറ്റുപാടുള്ളവരും وَسُبْحَانَ اللَّهِ അല്ലാഹു മഹാ പരിശുദ്ധനുമത്രെ رَبِّ الْعَالَمِينَ ലോകരക്ഷിതാവായ ﴾9﴿

الْعَزِيزُ പ്രതാപശാലിയായ الْحَكِيمُ അഗാധജ്ഞനായ, യുക്തിമാനായ. يَامُوسَى മൂസാ إِنَّهُ നിശ്ചയമായും അത് (കാര്യം) أَنَا اللَّهُ ഞാൻ അല്ലാഹുവാണ്

തീയിൽ ഉള്ളവരും - അഥവാ അതിനടുത്തുള്ളവരും - അതിന്റെ പരിസരത്തുള്ളവരും എന്ന് പറഞ്ഞതിൽ മൂസാ നബി(അ)യും അവിടെ സന്നിഹിതരായ മലക്കുകളും, ആ പരിശുദ്ധ താഴ്വരയുടെ പരിസര പ്രദേശങ്ങളായ ഫലസ്തീൻ, ശാം മുതലായ സ്ഥലങ്ങളിലുള്ളവരും ഉൾപ്പെട്ടിരിക്കും. കേവലം അഭൗതികമായ ആ തീ, അപ്രമേയമായ ദിവ്യവെളിപാടിന്റെ മഹത്തായ ഒരു പ്രകാശനമായിരുന്നു. അത് അല്ലാഹുവല്ല, നമുക്ക് പരചയപ്പെട്ട തീയുമല്ല. അതിൽ നിന്ന് മൂസാ നബി (അ) കേട്ട സംസാരവും തന്നെ, നമ്മുടെ ഊഹത്തിനും, ധാരണക്കും അതീതമായ സ്വാഭാവത്തിലുള്ളതായിരിക്കും. നമ്മുടെ അനുമാനത്തിനും, രൂപ നിർണയത്തിനും, ഇവിടെ സ്ഥാനമില്ല. ലോകരക്ഷിതാവായ അല്ലാഹു നമ്മുടെ ഊഹങ്ങളിൽ നിന്നും അനുമാനങ്ങളിൽ നിന്നുമെല്ലാം വളരെ പരിശുദ്ധനത്രെ(وَسُبْحَانَ اللَّهِ رَبِّ الْعَالَمِينَ)അല്ലാഹു മൂസാ നബി(അ)യോട് പറഞ്ഞു :

وَأَلْقِ عَصَاكَ ۚ فَلَمَّا رَءَاهَا تَهْتَزُّ كَأَنَّهَا جَآنٌّ وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ

﴾10﴿ നിന്റെ വടി (നിലത്ത്)ഇടുക! (അദ്ദേഹം അത് ഇട്ടു) അനന്തരം, അതൊരു സർപ്പമെന്നോണം പിട ഞ്ഞു നടക്കുന്നതായി കണ്ടപ്പോൾ, അദ്ദേഹം പിന്തിരിഞ്ഞോടി - പിന്നോക്കം നോക്കിയതുമില്ല.

يَٰمُوسَىٰ لَا تَخَفْ إِنِّى لَا يَخَافُ لَدَىَّ ٱلْمُرْسَلُونَ ﴿١٠﴾

(അല്ലാഹു പറഞ്ഞു:) മൂസാ, നീ ഭയപ്പെടേണ്ടാ; നിശ്ചയമായും ഞാൻ; എന്റെ അടുക്കൽ മുർസലുകൾ ഭയപ്പെടുന്നതല്ല :

إِلَّا مَن ظَلَمَ ثُمَّ بَدَّلَ حُسْنًۢا بَعْدَ سُوٓءٍ

﴾11﴿ പക്ഷെ, ആരെങ്കിലും, അക്രമം പ്രവർത്തിക്കുകയും പിന്നീട് തിന്മക്ക് ശേഷം നന്മ പകരമാക്കു കയും ചെയ്യുന്നതായാൽ

فَإِنِّى غَفُورٌ رَّحِيمٌ ﴿١١﴾

അപ്പോൾ, നിശ്ചയമായും, ഞാൻ പൊറുക്കുന്നവനും, കരുണാനിധി യുമാകുന്നു

وَأَدْخِلْ يَدَكَ فِى جَيْبِكَ تَخْرُجْ بَيْضَآءَ مِنْ غَيْرِ سُوٓءٍ ۖ

﴾12﴿ നിന്റെ കൈ നിന്റെ കുപ്പായമാറിൽ കടത്തുക : യാതൊരു ദൂഷ്യവും കൂടാതെ അത് വെളു ത്തതായി (പ്രകാശിച്ചുകൊണ്ട്) പുറത്തുവരുന്നതാണ്:

فِي تِسۡعِ ءَايَٰتٍ إِلَىٰ فِرۡعَوۡنَ وَقَوۡمِهِۦٓۚ إِنَّهُمۡ كَانُواْ قَوۡمٗا فَٰسِقِينَ ﴿١٢﴾

ഫിർഔനിന്റെയും, അവന്റെ ജനങ്ങളുടെയും അടുക്കലേക്കുള്ള ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് (ഈ രണ്ട് ദൃഷ്ടാന്തങ്ങൾ) നിശ്ചയ മായും അവർ തോന്ന്യവാസികളായ ഒരു ജനതയായിരിക്കുന്നു.

《10》 وَأَلْقِ നീ ഇടുക (എന്നും) عَصَاكَ നിന്റെ വടി فَلَمَّارَآهَا അനന്തരം (എന്നിട്ട്)അദ്ദേഹം അത് കണ്ടപ്പോൾ تَهْتَزُّ പിടഞ്ഞു നടക്കുന്നതായി, തുള്ളിച്ചലിക്കുന്നതായി كَأَنَّهَاجَانٌّ അതൊരു സർപ്പമെന്നപോലെ وَلَّى അദ്ദേഹം തിരിഞ്ഞു, പിൻവാങ്ങി مُدْبِرًا പിൻതിരിഞ്ഞവനായി, പിന്നിട്ടുകൊണ്ട് وَلَمْ يُعَقِّبْ അദ്ദേഹം പിന്നോക്കം നോക്കിയതുമില്ല, മടങ്ങിയതുമില്ല يَامُوسَى ഹേ മൂസാ لَاتَخَفْ നീ ഭയപ്പെടേണ്ട إِنِّي നിശ്ചയമായും ഞാൻ لَا يَخَافُ ഭയപ്പെടേണ്ടതില്ല لَدَيَّ എന്റെ അടുക്കൽ الْمُرْسَلُونَ മുർസലുകൾ 《11》 إِلَّا പക്ഷേ, എങ്കിലും مَنْ ظَلَمَ ആരെങ്കിലും അക്രമം പ്രവർത്തിച്ചു ثُمَّ بَدَّلَ പിന്നെ പകരമാക്കി حُسْنًا നന്മയെ بَعْدَسُوءٍ തിന്മയുടെശേഷം فَإِنِّيغَفُورٌ എന്നാൽ ഞാൻ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയാണ് 《12》 وَأَدْخِلْ നീ കടത്തുകയും ചെയ്യുക يَدَكَ നിന്റെ കൈ فِي جَيْبِكَ നിന്റെ കുപ്പായമാറിൽ تَخْرُجْ അത് പുറത്തുവരും بَيْضَاءَ വെളുത്തതായി مِنْ غَيْرِ سُوءٍ ഒരു ദൂഷ്യവും(കേടും)കൂടാതെ فِي تِسْعِ آيَاتٍ ഒമ്പതു ദൃഷ്ടാന്തങ്ങളിൽപെട്ടതായി إِلَى فِرْعَوْنَ ഫിർഔന്റെ അടുക്കലേക്ക് وَقَوْمِهِ അവന്റെ ജനങ്ങളുടെയും إِنَّهُمْ كَانُوا നിശ്ചയമായും അവർ ആകുന്നു, ആയിരിക്കുന്നു قَوْمًا ഒരു ജനത فَاسِقِينَ തോന്ന്യവാസികളായ.

വലുപ്പത്തിൽ പെരുമ്പാമ്പ് പോലെയും, കുതിച്ചോട്ടത്തിലും, ശക്തിയിലും ചെറുസർപ്പം പോലെയുമായിരുന്നതുകൊണ്ടാണ് ഈ പാമ്പിനെപ്പറ്റി ചിലപ്പോൾ ثعبان(പെരുമ്പാമ്പ്) എന്നും, ചിലപ്പോൾ كَأَنَّهَاجَانٌّ(സർപ്പമെന്നപോലെ) എന്നും അല്ലാഹു പ്രസ്താവിച്ചത്. വേഗത്തിൽ കുതിച്ചുപായുന്ന സർപ്പങ്ങൾക്ക് ...(ജാന്ന്) എന്ന് പറയാറുണ്ട്.

ഫിർഔനിനും ജനതക്കും അല്ലാഹുവിന്റെ പക്കൽനിന്ന് മൂസാ നബി(അ) കൈക്ക് വെളിപ്പെട്ട ഒമ്പത് ദൃഷ്ടാന്തങ്ങളിൽ പ്രധാനമായ രണ്ടെണ്ണമായിരുന്നു വടി പാമ്പാകുന്നതും, കൈ വെളുത്തു പ്രകാശിതമാകുന്നതും. ഈജിപ്തിൽവെച്ചുണ്ടായ മറ്റു ദൃഷ്ടാന്തങ്ങൾ ജലപ്രളയം, വെട്ടുകിളി, പേൻ, തവള, രക്തം,മഴയില്ലായ്മ നിമിത്തമുണ്ടായ വരൾച്ച, ഉൽപന്നങ്ങളുടെ ദൗർല്ലഭ്യം എന്നിവയായിരുന്നു. (സൂ: അഅ്റാഫ് 130-133) ഫിർഔനും ജനതയും നശിപ്പിക്കപ്പെടുന്നതിന് മുമ്പുണ്ടായതാണ് ഇതെല്ലാം. പിന്നീട് ഇസ്റാഈല്യരിൽ വെളിപ്പെട്ട ദൃഷ്ടാന്തങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.

فَلَمَّا جَآءَتۡهُمۡ ءَايَٰتُنَا مُبۡصِرَةٗ قَالُواْ

《13》 അങ്ങനെ, അവർക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ കണ്ണുതുറപ്പി ക്കത്തക്ക നിലയിൽ (വ്യക്തമായി) വന്നപ്പോൾ

هَٰذَا سِحْرٌ مُّبِينٌ ﴿١٣﴾

അവർ പറഞ്ഞു: ഇത് പ്രത്യക്ഷമായ ഒരു ജാലവിദ്യയാണ് എന്ന് !

وَجَحَدُوا۟ بِهَا وَٱسْتَيْقَنَتْهَآ أَنفُسُهُمْ ظُلْمًا وَعُلُوًّا ۚ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُفْسِدِينَ ﴿١٤﴾

﴾14﴿ തങ്ങളുടെ മനസ്സുകൾ അവയെ ദൃഢമായി ഉറപ്പിച്ചിരിക്കെ - അക്രമവും, പൊങ്ങച്ചവുമായിക്കൊണ്ട് - അവർ അവയെ നിഷേധിക്കുകയും ചെയ്തു. തന്നിമിത്തം നോക്കു ക; (ആ) കുഴപ്പക്കാരുടെ പര്യവസാ നം എങ്ങിനെയായിത്തീർന്നു ?!

﴾13﴿ فَلَمَّا جَآءَتْهُمْ അങ്ങനെ അവർക്ക് വന്നപ്പോൾ آيَاتُنَا നമ്മുടെ ദൃഷ്ടാന്തങ്ങൾ مُبْصِرَةً കണ്ണുതുറപ്പിക്കുന്ന നിലയിൽ, കാണത്തക്കവിധം قَالُوا അവർ പറഞ്ഞു هَٰذَا سِحْرٌ അത് ആഭിചാരമാണ്, ജാലവിദ്യയാണ് مُبِينٌ പ്രത്യക്ഷമായ, തനി ﴾14﴿ وَجَحَدُوا بِهَا അവർ അവയെ നിഷേധിച്ചു, നിരാകരിച്ചു وَاسْتَيْقَنَتْهَا അവയെ ഉറപ്പായി വിശ്വസിച്ചിരുന്നിട്ടും, ദൃഢമായിക്കണ്ടിരിക്കെ أَنفُسُهُمْ അവരുടെ മനസ്സുകൾ ظُلْمًا അക്രമമായിട്ട് وَعُلُوًّا പൊങ്ങച്ചമായും, ഔന്നിത്യമായും فَانظُرْ തൻനിമിത്തം നോക്കുക كَيْفَ كَانَ എങ്ങിനെ ആയിത്തീർന്നു, എങ്ങിനെയുണ്ടായി عَاقِبَةُ പര്യവസാനം, കലാശം الْمُفْسِدِينَ നാശകാരികളുടെ

സംശയത്തിന് പഴുതില്ലാത്തവിധം അവരുടെ മനസ്സിന് ബോധ്യം വന്നിട്ട് പോലും ഈ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകളഞ്ഞു. പൊങ്ങച്ചവും അക്രമമനസ്ഥിതിയും മാത്രമാണിതിന് അവരെ പ്രേരിപ്പിച്ചത്. അതിന്റെ ഫലമോ ? ഏറ്റവും കടുത്തത് തന്നെ. ചിരകാലമായി അവർ ആസ്വദിച്ചുവന്നിരുന്ന എല്ലാ സുഖസൗകര്യങ്ങളും സകലവിധ പ്രതാപങ്ങളും വിട്ടേച്ചു അതിദാരുണമായ നിലയിൽ ഈ ജീവിതത്തോട് യാത്രപറയേണ്ടിവന്നു, ആകമാനം സമുദ്രത്തിൽ മുക്കിനശിപ്പിക്കപ്പെട്ടു. പരലോക ശിക്ഷയാകട്ടെ, എല്ലാറ്റിനെക്കാൾ വമ്പിച്ചതും !

അടുത്ത ആയത്ത് മുതൽ സുലൈമാൻ നബി(അ)യുടെ വൃത്താന്തം ആരംഭിക്കുന്നു.

വിഭാഗം - 2

وَلَقَدْ ءَاتَيْنَا دَاوُۥدَ وَسُلَيْمَٰنَ عِلْمًا ۖ وَقَالَا ٱلْحَمْدُ لِلَّهِ ٱلَّذِى فَضَّلَنَا عَلَىٰ كَثِيرٍ مِّنْ عِبَادِهِ ٱلْمُؤْمِنِينَ ﴿١٥﴾

﴾15﴿ തീർച്ചയായും, ദാവൂദിനും സുലൈമാനും, നാം ജ്ഞാനം നൽകുകയുണ്ടായി.

രണ്ടാളും പറയുകയും ചെയ്തു: സത്യവിശ്വാസികളായ തന്റെ അടിയാന്മാരിൽ മിക്കവരെക്കാളും ഞങ്ങൾ ക്ക് ശ്രേഷ്ഠത നൽകിയവനായ

അല്ലാഹുവിന് സർവ്വ സ്തുതിയും!

﴿15﴾ وَلَقَدْ آتَيْنَا തീർച്ചയായും നാം കൊടുക്കുകയുണ്ടായി دَاوُدَ وَسُلَيْمَانَ ദാവൂദിനും സുലൈമാന്നും عِلْمًا ജ്ഞാനം وَقَالَا അവർ (രണ്ടാളും)പറയുകയും ചെയ്തു الْحَمْدُ لِلَّهِ അല്ലാഹുവിന് സർവ്വസ്തുതിയും الَّذِي فَضَّلَنَا ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയവനായ عَلَىٰ كَثِيرٍ മിക്കവരെക്കാളും, അധികമാളുകളെക്കാളും مِنْ عِبَادِهِ അവന്റെ അടിയാൻമാരിൽ നിന്ന് الْمُؤْمِنِينَ സത്യവിശ്വാസികളായ

പ്രവാചകവര്യൻമാരും അതോടൊപ്പം അനിതരസാധാരണമായ പ്രതാപശക്തിയും, അതിശക്തമായ ഭരണാധികാരവും ഒത്തിണങ്ങിയ രണ്ട് മഹാരാജാക്കളും കൂടിയായിരുന്നു ദാവൂദ് നബിയും, സുലൈമാൻ നബിയും (അ). മുമ്പുള്ളവർക്ക് അപരിചിതമായിരുന്ന പടയങ്കിനിർമാണം, ഇരുമ്പ്കൊണ്ടുള്ള വിവിധ സാമഗ്രികളുടെ ഉപയോഗം പർവ്വതങ്ങളുടെ തസ്ബീഹും (സ്തുതികീർത്തനങ്ങൾ) പക്ഷിമൃഗാദികളുടെ സംസാരവും മനസ്സിലാക്കുവാനുള്ള പ്രത്യേക അറിവ് ഇങ്ങിനെ പലതും ഈ രണ്ട് പ്രവാചകശ്രേഷ്ഠന്മാരുടെ സവിശേഷതകളാകുന്നു. ഇത്തരം കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ടായിരിക്കും....മിക്കവരെക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയ അല്ലാഹുവിന് സർവ്വസ്തുതിയും എന്ന് രണ്ടുപേരും പറഞ്ഞത്. അടുത്ത വചനവും നോക്കുക:

وَوَرِثَ سُلَيْمَـٰنُ دَاوُۥدَ ۖ وَقَالَ يَـٰٓأَيُّهَا ٱلنَّاسُ عُلِّمْنَا مَنطِقَ ٱلطَّيْرِ وَأُوتِينَا مِن كُلِّ شَىْءٍ ۖ إِنَّ هَـٰذَا لَهُوَ ٱلْفَضْلُ ٱلْمُبِينُ ﴿١٦﴾

﴿16﴾ സുലൈമാൻ ദാവൂദിന് അനന്തരാവകാശിയായി.

അദ്ദേഹം പറഞ്ഞു: ഹേ മനുഷ്യ രേ, നമുക്ക് പക്ഷികളുടെ സംസാരം [ഭാഷണം] പഠിപ്പിക്കപ്പെട്ടിരിക്കുന്നു: എല്ലാ (ആവശ്യമായ) വസ്തുക്കളിൽ നിന്നും (വേണ്ടുന്നത്ര) നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും, ഇതു തന്നെയാണ് പ്രത്യക്ഷമായ യോഗ്യത (അഥവാ അനുഗ്രഹം)

﴿16﴾ وَوَرِثَ അവകാശമെടുത്തു, അനന്തരാവകാശിയായി سُلَيْمَانُ സുലൈമാൻ دَاوُدَ ദാവൂദിനെ, ദാവൂദിന് وَقَالَ അദ്ദേഹം പറയുകയും ചെയ്തു يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ عُلِّمْنَا നമുക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു مَنْطِقَ الطَّيْرِ പക്ഷികളുടെ സംസാരം(ഭാഷണം) وَأُوتِينَا നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു مِنْ كُلِّ شَيْءٍ എല്ലാ വസ്തുക്കളിൽ നിന്നും إِنَّ هَٰذَا നിശ്ചയമായും ഇത് لَهُوَ ഇത് തന്നെ الْفَضْلُ യോഗ്യത, ശ്രേഷ്ഠത, അനുഗ്രഹം, ദയവ് الْمُبِينُ സ്പഷ്ടമായ

ദാവൂദ് നബി(അ)യെപ്പോലെ അദ്ദേഹത്തിന്റെ പുത്രനായ സുലൈമാൻ നബി(അ)യും പ്രവാചകനും, രാജാവുമായി. രാജാവെന്ന നിലക്ക് കൂടുതൽ ഖ്യാതിയും

അദ്ദേഹത്തിനുണ്ടായി. ക്വത്താദഃ (قتادة رضـ) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു: പിതാവായ ദാവൂദ് നബിയിൽ നിന്നും അദ്ദേഹം പ്രവാചകത്വവും, രാജത്വവും അറിവും അനന്തരമെടുത്തു. (അഥവാ, ഈ കാര്യങ്ങൾ പിതാവിനെപ്പോലെ പുത്രന്നും ഉണ്ടായിരുന്നു) ദാവൂദ് നബിക്ക് നൽകപ്പെട്ടതെല്ലാം അദ്ദേഹത്തിനും കൊടുക്കപ്പെട്ടിരുന്നു. കൂടുതലായി, പിശാചുക്കളെയും കാറ്റിനെയും അദ്ദേഹത്തിന് വിധേയമാക്കുകയും ചെയ്തു. ഭരണസ്ഥലത്തിന്റെ വൈപുല്യത്തിലും, ന്യായാധിപത്യവിഷയത്തിലും അദ്ദേഹം പിതാവിനെക്കാൾ യോഗ്യനായിരുന്നു. സുലൈമാൻ നബി(അ)യെക്കാൾ ഇബാദത്തിൽ മുഴുകിയ ആളും, അല്ലാഹുവിനോട് കൂടുതൽ നന്ദിയുള്ള ആളുമായിരുന്നു പിതാവ്.

തങ്ങൾക്ക് മാത്രം അപൂർവ്വമായി സിദ്ധിച്ചിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങളെ ജനങ്ങളിൽ പ്രഖ്യാപനം ചെയ്യുക വഴി, അദ്ദേഹം അല്ലാഹുവിനോട് തനിക്കുള്ള നന്ദി പ്രകാശിപ്പിക്കുകയും, അവന്റെ ദയാദാക്ഷിണ്യം സ്മരിക്കുകയും ചെയ്യുകയാണ്. ഓരോ ജീവിക്കും അതിന്റെ വിചാരവികാരങ്ങൾ പ്രകടിപ്പിക്കുവാൻ ചില ശബ്ദങ്ങളോ, ചേഷ്ടകളോ അല്ലാഹു നൽകിയിരിക്കും. അത് മനസ്സിലാക്കുവാൻ സുലൈമാൻ നബി(അ)ക്ക് അവൻ സാധിപ്പിച്ചുകൊടുക്കുകയും ചെയ്തിരിക്കും. എന്നിങ്ങിനെയാണ് ഇമാം ബൈദ്വാവീ (رحـ القاضى البيضاوى) യെപ്പോലുള്ള ചില ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നത്. الله اعلم

ഈ പുരോഗമനയുഗത്തിൽപോലും – ജന്തുശാസ്ത്ര വിദഗ്ധൻമാരുടെ സുദീർഘമായ നിരീക്ഷണ പരീക്ഷണങ്ങൾക്ക് ശേഷം – വളരെ ചുരുക്കം ജീവികളുടെ മാത്രം ചില ഇംഗിതങ്ങളും, ശബ്ദവ്യത്യാസങ്ങളും മനസ്സിലാക്കുവാനേ ഇതഃപര്യന്തം സാധിതമായിട്ടുള്ളൂ. തുടർന്നുവരുന്ന പരിശ്രമഫലമായി കൂടുതൽ മനസ്സിലാക്കുവാൻ അവർക്ക് ഏറെക്കുറെ സാധിച്ചെന്നുവന്നേക്കാം. എന്നാൽ, സുലൈമാൻ നബി(അ)ക്കും, ദാവൂദ് നബി(അ)ക്കും ഈ തുറയിൽ ലഭിച്ച അറിവ് അത്തരത്തിൽ പെട്ടതല്ല. അത് തനി ദൈവികവും, തികച്ചും സൂക്ഷ്മവും വ്യക്തവുമായിട്ടുള്ളതും ആയിരുന്നുവെന്ന് താഴെ വചനങ്ങളിൽ നിന്ന് നമുക്ക് കാണുവാൻ കഴിയും. സർവ്വ ശക്തനായ അല്ലാഹു അവന്റെ പ്രവാചകൻമാർ മുഖേന വെളിപ്പെടുത്തുന്ന ഇതുപോലെയുള്ള അസാധാരണ കാര്യങ്ങളെ വളച്ചു തിരിച്ചു വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നത് പരമ വിഡ്ഢിത്തവും അവന്റെ ശക്തിമാഹാത്മ്യത്തെയും, മഹാനുഗ്രഹങ്ങളെയുംകുറിച്ചുള്ള വിശ്വാസക്കുറവുമാകുന്നു. സുലൈമാൻ നബി(അ)ക്ക് ലഭിച്ച പ്രത്യേകാനുഗ്രഹങ്ങളിൽ ചിലത് തുടർന്നുള്ള ആയത്തുകളിൽ വിവരിക്കുന്നു:

وَحُشِرَ لِسُلَيْمَـٰنَ جُنُودُهُۥ مِنَ ٱلْجِنِّ وَٱلْإِنسِ وَٱلطَّيْرِ فَهُمْ يُوزَعُونَ ﴿١٧﴾

﴿17﴾ സുലൈമാന്ന് ജിന്ന്, മനുഷ്യൻ, പക്ഷി എന്നിവയിൽ നിന്നുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ശേഖരിക്കപ്പെട്ടു. എന്നിട്ട് അവർ [സൈന്യങ്ങൾ] തടഞ്ഞു നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്:

حَتَّىٰٓ إِذَآ أَتَوۡاْ عَلَىٰ وَادِ ٱلنَّمۡلِ قَالَتۡ نَمۡلَةٞ يَٰٓأَيُّهَا ٱلنَّمۡلُ ٱدۡخُلُواْ مَسَٰكِنَكُمۡ لَا يَحۡطِمَنَّكُمۡ سُلَيۡمَٰنُ وَجُنُودُهُۥ وَهُمۡ لَا يَشۡعُرُونَ ﴿١٨﴾

﴾18﴿ അങ്ങനെ, അവർ ഉറുമ്പിൻ താഴ്വരയിൽ കൂടി ചെന്നപ്പോൾ, ഒരു ഉറുമ്പ് പറഞ്ഞു: ഹേ ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചുകൊള്ളുവിൻ; സുലൈമാനും, തന്റെ സൈന്യങ്ങളും നിങ്ങളെ (ചവിട്ടി) ചതച്ചുകളയാതിരിക്കട്ടെ; അവരാകട്ടെ, (അത്) അറിയുന്നതുമല്ല.

﴾17﴿ وَحُشِرَ ശേഖരിക്കപ്പെട്ടു, ഒരു മിച്ചു കൂട്ടപ്പെട്ടു لِسُلَيۡمَٰنَ സുലൈമാന്ന് جُنُودُهُۥ അദ്ദേഹത്തിന്റെ സൈന്യങ്ങൾ مِنَ ٱلۡجِنِّ ജിന്നുകളിൽനിന്നുള്ള وَٱلۡإِنسِ മനുഷ്യരിൽ നിന്നും وَٱلطَّيۡرِ പക്ഷികളിൽ നിന്നും فَهُمۡ എന്നിട്ട് അവർ يُوزَعُونَ തടയപ്പെട്ടുകൊണ്ടു (നിയന്ത്രിക്കപ്പെട്ടു) ഇരിക്കുന്നു, വിഹിതിക്കപ്പെടുകയാണ് ﴾18﴿ حَتَّىٰٓ إِذَآ أَتَوۡاْ അങ്ങനെ അവർ ചെന്നപ്പോൾ عَلَىٰ وَادِ ٱلنَّمۡلِ ഉറുമ്പിൻ താഴ്വരയിലൂടെ قَالَتۡ പറഞ്ഞു نَمۡلَةٞ ഒരു ഉറുമ്പ് يَٰٓأَيُّهَا ٱلنَّمۡلُ ഹേ ഉറുമ്പുകളേ ٱدۡخُلُواْ നിങ്ങൾ പ്രവേശിക്കുവിൻ مَسَٰكِنَكُمۡ നിങ്ങളുടെ പാർപ്പിടങ്ങളിൽ لَا يَحۡطِمَنَّكُمۡ നിങ്ങളെ ചതക്കാതെ ഇരിക്കട്ടെ سُلَيۡمَٰنُ സുലൈമാൻ وَجُنُودُهُۥ തന്റെ സൈന്യങ്ങളും وَهُمۡ അവരാകട്ടെ لَا يَشۡعُرُونَ അറിയുന്നതുമല്ല, അവർ ഗ്രഹിക്കുകയുമില്ല.

സുലൈമാൻ നബി(അ)യുടെ സൈന്യത്തിൽ മനുഷ്യവിഭാഗം മാത്രമല്ല, ജിന്നുകളും, പക്ഷികളുമുണ്ട്. എന്നാൽ ജിന്നുവിഭാഗത്തെയും, പക്ഷിവിഭാഗത്തെയും ഏതെല്ലാം തരത്തിലുള്ള സൈനിക സേവനങ്ങൾക്കാണ് അദ്ദേഹം ഉപയോഗപ്പെടു ത്തിയിരുന്നതെന്ന് ഇവിടെ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. ജിന്നുകളെയും, പിശാചുക്കളെയും സുലൈമാൻ നബി(അ)ക്ക് അല്ലാഹു കീഴ്പ്പെടുത്തിയിരുന്നുവെന്നും, മനുഷ്യന് കേവലം പ്രയാസപ്പെട്ട പല ഭാരിച്ച പ്രവർത്തനങ്ങളും അവരെക്കൊണ്ട് അദ്ദേഹം നടത്തിവന്നിരുന്നുവെന്നും ഖുർആൻ (21:82, 34:12, 13:38,37 മുതലായ) പലേടത്തും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. 39-ാം വചനത്തിൽ, ബിൽക്വീസ് റാണിയുടെ സിംഹാസനം സബഇൽ നിന്നും അതിവേഗം കൊണ്ടുവരാൻ ഒരു ജിന്ന് സന്നദ്ധത പ്രകടിപ്പിച്ച വിവരം പ്രസ്താവിച്ചിരിക്കുന്നത് കാണാം. ചിലതരം പക്ഷികൾക്ക് പ്രത്യേക പരിശീലനങ്ങൾ നൽകി അവ മുഖാന്തരം വാർത്തകളും, ദൗത്യങ്ങളും ദൂരദിക്കുകളിലേക്ക് എത്തിക്കുന്ന സമ്പ്രദായം മുൻകാലത്ത് വിശേഷിച്ചും നടപ്പുണ്ടായിരുന്നു. സുലൈമാൻ നബി(അ)യുടെ പക്ഷി സൈന്യവിഭാഗത്തിൽ ഒരു മരക്കൊത്തിപ്പക്ഷിയും ഉണ്ടായിരുന്നതായും, ആ പക്ഷി സബഇലെ ജനങ്ങളെയും ബിൽക്വീസ് റാണിയെയും സംബന്ധിച്ച വിവരങ്ങൾ അദ്ദേഹത്തിന് സമർപ്പിച്ചതായും, അതിന്റെ പക്കൽ തന്നെ റാണിക്ക് ഒരു കത്ത് കൊടുത്തയച്ചതായും അടുത്ത ചില വചനങ്ങളിലും കാണാം. പക്ഷികളുടെ ഭാഷ അദ്ദേഹത്തിന് അറിയാമായിരുന്നുവെന്ന് അല്ലാഹു ഇതിന് മുമ്പ് പ്രസ്താവിച്ചു കഴിഞ്ഞതാണ്. ഈ നിലക്ക് പക്ഷി വിഭാഗത്തെ പല പ്രകാരത്തിലും ഉപയോഗപ്പെടുത്തിയേക്കുന്നതിലും അസാംഗത്യമില്ല.

ഇബ്നു അബ്ബാസും (റ) മറ്റും പ്രസ്താവിച്ചതായി മുജാഹിദ് (റ), സഈദുബ്നു ജുബൈർ(റ) മുതലായവർ ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ പ്രസ്തുത മരക്കൊത്തിയെക്കൊണ്ടുള്ള പ്രയോജനത്തെക്കുറിച്ച് പ്രസ്താവിക്കുന്നു. മരുഭൂമിയിൽ കൂടി യാത്ര ചെയ്യുമ്പോൾ സുലൈമാൻ നബിക്ക് വെള്ളത്തിന്റെ ആവശ്യം നേരിടുന്ന പക്ഷം, ഭൂമിക്കടിയിൽ വെള്ളം സ്ഥിതിചെയ്യുന്ന സ്ഥാനം ആ പക്ഷി അറിയിച്ചുകൊടുത്തിരുന്നു. അപ്പോൾ അദ്ദേഹം ജിന്നുകളെക്കൊണ്ട് യഥാസ്ഥാനത്ത് കുഴിപ്പിച്ചു വെള്ളം എടുത്തിരുന്നു; അങ്ങനെ ഒരു ദിവസം വെള്ളത്തിന്റെ സ്ഥാനം പരിശോധിക്കേണ്ടുന്ന ഘട്ടം നേരിട്ടപ്പോഴാണ് (20-ാംവചനത്തിൽ പ്രസ്താവിക്കുന്നതുപോലെ) മരക്കൊത്തിയെ അന്വേഷിച്ചതും, അതിനെ കാണാതായതും. ഇതാണ് പ്രസ്തുത നിവേദനത്തിലുള്ളത്.

സുലൈമാൻ നബി (അ) തന്റെ സൈന്യസമേതം ഒരു യാത്രയിലാണ്. അതിന്റെ ബഹുലതയും വിഭാഗ വൈവിധ്യവും നിമിത്തം അതിലെ ഓരോ സംഘവും, ഓരോ വിഭാഗവും നീങ്ങുന്നതും ചലിക്കുന്നതുമെല്ലാം ക്രമം തെറ്റാതെ ചിട്ടയനുസരിച്ച് വേണമല്ലോ. അതിനായി ഇന്നിന്നവർ ഇന്നിന്ന പ്രകാരമെന്നുള്ള ശരിയായ ഒരു നിയന്ത്രണത്തോടെയാണ് സൈന്യം നീങ്ങുന്നത്. അതിനിടക്ക് ഒരു ഉറുമ്പിൻ നഗരത്തിന്റെ അടുക്കൽ സൈന്യം എത്തിച്ചേർന്നു. അപ്പോഴാണ് ഒരു ഉറുമ്പ് തന്റെ കൂട്ടുകാരെ - അല്ലാഹു പ്രസ്താവിച്ചതുപോലെ - താക്കീത് ചെയ്യുന്നത്. ആ പട്ടാള സംഘം അക്രമമായി തങ്ങളെ ഉപദ്രവിക്കുമെന്ന് ഉറുമ്പിന് അഭിപ്രായമില്ല. പക്ഷേ, സൈന്യം അതിന്റെ തിരക്കുകോലാഹലങ്ങൾക്കിടയിൽ ആ പാവങ്ങളുടെ സ്ഥിതിഗതികളെപ്പറ്റി ഗൗനിക്കാതെ - തങ്ങളെ ചവിട്ടിത്തേക്കുവാൻ കാരണമാ യേക്കുമെന്നാണതിന്റെ ഭയം. എന്നാൽ സുലൈമാൻ നബി(അ) ഒരു സാധാരണ രാജാവല്ല. അദ്ദേഹത്തിന്റെ സൈന്യവിഭാഗംതന്നെ അതിന് തെളിവാണ്. ഉറുമ്പിന്റെ താക്കീത് അദ്ദേഹം കേട്ടു.

فَتَبَسَّمَ ضَاحِكًا مِّن قَوْلِهَا وَقَالَ
رَبِّ أَوْزِعْنِيٓ أَنْ أَشْكُرَ نِعْمَتَكَ
ٱلَّتِيٓ أَنْعَمْتَ عَلَيَّ وَعَلَىٰ وَٰلِدَيَّ
وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي
بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ ١٩

﴿19﴾ അപ്പോൾ, അതിന്റെ വാക്ക് നിമിത്തം അദ്ദേഹം പുഞ്ചിരി ക്കൊണ്ട് ചിരിച്ചു. അദ്ദേഹം (ഇങ്ങി നെ) പറയുകയും ചെയ്തു: എന്റെ റബ്ബേ, എനിക്കും എന്റെ മാതാപി താക്കൾ ക്കും നീ ചെയ്തുതന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണി ക്കുവാനും, നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കുവാനും എനിക്ക് നീ പ്രചോദനം നൽകേണ മേ! നിന്റെ കാരുണ്യം കൊണ്ട്, സദ്വൃത്തരായ നിന്റെ അടിയാൻ മാരിൽ എന്നെ നീ ഉൾപ്പെടുത്തിത്ത രുകയും വേണമേ!

﴾19﴿ فَتَبَسَّمَ അപ്പോൾ അദ്ദേഹം പുഞ്ചിരിതൂകി ضَاحِكًا ചിരിച്ചുകൊണ്ട് مِنْ قَوْلِهَا

أَوْزِعْنِي അതിന്റെ വാക്ക് നിമിത്തം وَقَالَ അദ്ദേഹം പറയുകയും ചെയ്തു رَبِّ എന്റെ റബ്ബേ എനിക്ക് നീ പ്രചോദനം നൽകേണമേ, തോന്നിപ്പിക്കേണമേ, എന്നെ നിയന്ത്രിക്കേണമേ أَنْ أَشْكُرَ ഞാൻ നന്ദി കാണിക്കുവാൻ نِعْمَتَكَ നിന്റെ അനുഗ്രഹത്തിന് الَّتِي أَنْعَمْتَ നീ അനുഗ്രഹം ചെയ്തിട്ടുള്ള عَلَيَّ എനിക്ക്, എന്റെ മേൽ وَعَلَىٰ وَالِدَيَّ എന്റെ മാതാപിതാക്കൾക്കും وَأَنْ أَعْمَلَ ഞാൻ പ്രവർത്തിക്കുവാനും صَالِحًا സൽകർമം, നല്ലത് تَرْضَاهُ നീ അത് തൃപ്തിപ്പെടുന്നു وَأَدْخِلْنِي എന്നെ പ്രവേശിപ്പിക്കുക(ഉൾപ്പെടുത്തുക)യും ചെയ്യേണമേ بِرَحْمَتِكَ നിന്റെ കാരുണ്യംകൊണ്ട് فِي عِبَادِكَ നിന്റെ അടിയാൻമാരിൽ الصَّالِحِينَ സദ്വൃത്തരായ, നല്ലവരായ

ഉറുമ്പിന്റെ സംസാരവും, താക്കീതും കേട്ടതോടെ, ഉറുമ്പിൻ കൂട്ടത്തെ രക്ഷിക്കുവാൻ വേണ്ടുന്ന നടപടികൾ അദ്ദേഹം സ്വീകരിച്ചിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ല. എന്നാൽ അദ്ദേഹത്തിന്റെ അതിനെക്കാൾ വലിയ ഒരു മാതൃകാസ്വഭാവമാണ് നമുക്കിവിടെ അദ്ദേഹത്തിൽനിന്ന് പഠിക്കുവാനുള്ളത്. ഉറുമ്പിന്റെ സംസാരം മനസ്സിലാക്കുവാൻ കഴിഞ്ഞതിലുള്ള അഭിമാനമോ, കേവലം നിസ്സാര ജന്തുവായ അതിന്റെ താക്കീതിനെക്കുറിച്ചുള്ള അവഗണനയോ ഒന്നുമല്ല അദ്ദേഹത്തിൽ നിന്ന് പ്രകടമായത്, അത് മനസ്സിലാക്കുവാൻ സാധിച്ചത് അല്ലാഹു തനിക്ക് ചെയതു തന്ന വലിയ ഒരനുഗ്രഹമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമാണ്. അതിലും, അതുപോലെയുള്ള മറ്റു പല അനുഗ്രഹങ്ങളിലും അദ്ദേഹം അല്ലാഹുവോട് നന്ദികാണിക്കേണ്ടതുണ്ടെന്ന് അദ്ദേഹത്തിനറിയാം. ആ കടമ നിർവ്വഹിക്കുവാൻ വേണ്ടുന്ന പ്രചോദനത്തിനായി അദ്ദേഹം അല്ലാഹുവോട് പ്രാർത്ഥിക്കുകയാണ്. തനിക്ക് മാത്രമല്ല, തന്റെ മാതാപിതാക്കൾക്ക് സിദ്ധിച്ച അനുഗ്രഹങ്ങളും അദ്ദേഹം വിസ്മരിക്കുന്നില്ല. ഇതാണ് അല്ലാഹു ഇവിടെ ആ പ്രാർത്ഥന പ്രത്യേകം എടുത്തുദ്ധരിച്ചതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്.

ഉറുമ്പിന്റെ സംഭവത്തിൽ നിന്ന് നമുക്ക് മറ്റൊരു പാഠവുംകൂടി ലഭിക്കുന്നുണ്ട്. ഈ ഉറുമ്പിന്റെ - മിക്കവാറും ഉറുമ്പിൻകൂട്ടത്തിലെ വീട്ടുനായികയായിരിക്കാം അത്- ദീർഘദൃഷ്ടിയും, ഉത്തരവാദിത്വബോധവും, മറ്റുള്ളവരുടെ കാര്യത്തിൽ അതിനുള്ള താൽപര്യവും നോക്കുക! കാര്യങ്ങളിൽ ചിട്ട, സ്ഥിരോത്സാഹം, സഹകരണം ആദിയായവയിൽ ഉറുമ്പ് മനുഷ്യനെ കവച്ചുവെക്കുന്നു. ഒരു ഉറുമ്പുമാളം പരിശോധിച്ചാൽ, ഭൂമിക്കുള്ളിൽ പല അറകളും നിലകളും, തെരുവുകളും കാണാം. വേനൽ കാലത്തേക്കും, മഴക്കാലത്തേക്കുമുള്ള ഭക്ഷണപദാർത്ഥങ്ങൾ പ്രത്യേകം പ്രത്യേകം സൂക്ഷിക്കപ്പെട്ടിരിക്കും. നനവ് പറ്റിയ ധാന്യങ്ങൾ വെയിലുള്ളപ്പോൾ പുറത്ത്കൊണ്ടുവന്ന് ഉണക്കി വീണ്ടും സൂക്ഷിക്കും. മുളച്ചു നഷ്ടപ്പെടുവാൻ ഇടയാകുന്ന വിത്തുകൾക്ക് തുളയുണ്ടാക്കിവെച്ചിരിക്കും. മഴവെള്ളം കുത്തനെ ഉള്ളിൽ വീഴാതിരിക്കുവാനായി ഉള്ളറകൾ തിരിഞ്ഞും വളഞ്ഞും താണും പൊന്തിയും കൊണ്ടായിരിക്കും തയ്യാറാക്കപ്പെട്ടിരിക്കുക, ഉറുമ്പിന്റെ ഘ്രാണശക്തിയാണെങ്കിൽ, ആശ്ചര്യമാംവണ്ണം വമ്പിച്ചതാണ്. വളരെ ദൂരത്തുള്ള വസ്തുക്കൾ പോലും മണത്തറിഞ്ഞു അതിവേഗം ഉറുമ്പിൻകൂട്ടം വരിവരിയായി അങ്ങോട്ട് ഘോഷയാത്ര നടത്തുന്നത് നാം സാധാരണ കാണാറുള്ളതാണ്. ഇതുപോലെത്തന്നെ ഇതരജീവികളിൽ നിന്നും നമുക്ക് അനേകം പാഠങ്ങൾ ലഭിക്കുവാനുണ്ട്. ഓരോന്നിനും അതിന്റേതായ സവിശേഷതയും, സാമർത്ഥ്യവും സർവ്വശക്തനാൽ പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു.

നബി അരുളിച്ചെയ്തതായി ഇമാം അഹ്മദ് (റ) മുതലായവർ ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: സുലൈമാൻ നബി(അ) *(*)* മഴക്കുവേണ്ടി പ്രാർത്ഥിക്കുവാൻ

പുറപ്പെടുകയുണ്ടായി. അപ്പോള്‍ ഒരു ഉറുമ്പ് മലര്‍ന്നുകിടന്ന് അതിന്‍റെ കാലുകള്‍ ആകാശത്തിന് നേരെ പൊക്കിപിടിച്ചുകൊണ്ട് ഇങ്ങിനെ പറയുന്നതായി അദ്ദേഹം കണ്ടു. അല്ലാഹുവേ, ഞങ്ങളും നിന്‍റെ സൃഷ്ടികള്‍ തന്നെ. ഞങ്ങള്‍ക്ക് നീ വെള്ളം കുടിക്കുവാന്‍ തരാതെ ഞങ്ങള്‍ക്ക് നിവൃത്തിയില്ല. (اللهم انا خلق من خلقك ليس بنا غنى عن سقياك) അപ്പോള്‍ അദ്ദേഹം (കൂടെയുള്ളവരോട്) പറഞ്ഞു: നിങ്ങള്‍ക്ക് മടങ്ങാം, മറ്റുള്ളവരുടെ പ്രാര്‍ത്ഥനമൂലം നിങ്ങള്‍ക്ക് വെള്ളം കിട്ടിപ്പോയി ! (ارجعوا فقد سقيتم بدعوة غيركم - رواه وصححه الحاكم احمد)

സാധാരണക്കെതിരായി ക്വുര്‍ആനില്‍ കാണപ്പെടുന്ന എല്ലാ സംഭവങ്ങളെയും ദുര്‍വ്യാഖ്യാനം ചെയ്യുവാന്‍ താല്പര്യപൂര്‍വ്വം മിനക്കെടാറുള്ളവര്‍ മേല്‍ പ്രസ്താവിച്ച ഉറുമ്പിന്‍റെ കഥയിലും, തുടര്‍ന്നു വരുന്ന മരക്കൊത്തിപ്പക്ഷിയുടെ കഥയിലും - എന്നുവേണ്ട ഈ സൂറത്തിലെ പല പ്രസ്താവനകളിലും - അവരുടെതായ ദുര്‍വ്യാഖ്യാനങ്ങളും വ്യാജ പ്രസ്താവനകളും ഇറക്കുമതിചെയ്തു പൊതുജനങ്ങളില്‍ ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുണ്ട്. അവയെക്കുറിച്ചുള്ള നിരൂപണം ഈ സൂറത്തിന്‍റെ അവസാനത്തില്‍ കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പില്‍ കാണാം. അത് സശ്രദ്ധം വായിച്ചറിയേണ്ടതാകുന്നു.

സുലൈമാന്‍ നബി(അ)യുടെ യാത്രയിലുണ്ടായ മറ്റൊരു പ്രധാന സംഭവം അടുത്ത ആയത്തുകളില്‍ അല്ലാഹു വിവരിക്കുന്നു.

وَتَفَقَّدَ ٱلطَّيْرَ فَقَالَ مَا لِىَ لَآ أَرَى ٱلْهُدْهُدَ أَمْ كَانَ مِنَ ٱلْغَآئِبِينَ ٢٠

﴾20﴿ അദ്ദേഹം പക്ഷികളെ പരിശോധിക്കുകയുണ്ടായി. അപ്പോള്‍ അദ്ദേഹം പറഞ്ഞു: എന്താണെനിക്ക്? (ആശ്ചര്യംതന്നെ) മരക്കൊത്തി (പ്പക്ഷി)യെ കാണുന്നില്ലല്ലോ! അഥവാ, അത് ഹാജറില്ലാത്തവരുടെ കൂട്ടത്തില്‍ ആയിരിക്കയാണോ?

لَأُعَذِّبَنَّهُۥ عَذَابًا شَدِيدًا أَوْ لَأَا۟ذْبَحَنَّهُۥٓ أَوْ لَيَأْتِيَنِّى بِسُلْطَٰنٍ مُّبِينٍ ٢١

﴾21﴿ സത്യമായിട്ടും, ഞാന്‍ അതിനെ കഠിനമായ ശിക്ഷ ശിക്ഷിക്കും: അല്ലെങ്കില്‍ അതിന് അറുത്തു (കൊന്നു)കളയും, അല്ലാത്തപക്ഷം, ഒരു വ്യക്തമായ ന്യായവും കൊണ്ട് അത് എന്‍റെ അടുക്കല്‍ വരുകതന്നെ വേണം.

(*) ദാര്‍ക്വുത്നി (റ) യുടെ രിവായത്തില്‍ ഒരു പ്രവാചകന്‍ (نبي من الانبياء) എന്നാണുള്ളത്

﴾20﴿ وَتَفَقَّدَ അദ്ദേഹം പരിശോധിച്ചു الطَّيْرَ പക്ഷികളെ فَقَالَ അപ്പോൾ(എന്നിട്ട്)പറഞ്ഞു مَالِيَ എനിക്കെന്താണ് لَا أَرَى ഞാൻ കാണുന്നില്ല الْهُدْهُدَ മരക്കൊത്തിയെ أَمْ كَانَ അഥവാ അതായിരിക്കുന്നുവോ مِنَ الْغَائِبِينَ ഹാജറില്ലാത്തവരിൽ, മറഞ്ഞുപോയവരിൽ ﴾21﴿ لَأُعَذِّبَنَّهُ സത്യമായും ഞാനതിനെ ശിക്ഷിക്കും عَذَابًا شَدِيدًا കഠിനമായ ശിക്ഷ أَوْ അല്ലെങ്കിൽ لَأَذْبَحَنَّهُ ഞാനതിനെ തീർച്ചയായും അറുക്കും أَوْ لَيَأْتِيَنِّي അല്ലെങ്കിൽ അത് എന്റെ അടുക്കൽ വരണം(വന്നാലൊഴികെ) بِسُلْطَانٍ ഒരു ന്യായം കൊണ്ട്, വല്ല രേഖയുമായി مُبِينٍ വ്യക്തമായ

സുലൈമാൻ (അ) തന്റെ സൈന്യത്തിലെ പക്ഷി വിഭാഗം പരിശോധിച്ചപ്പോൾ മരക്കൊത്തിപ്പക്ഷിയെ കണ്ടില്ല. നിയമപ്രകാരം അതും ഹാജറുണ്ടാകേണ്ടിയിരുന്നു. അതിന്റെ അഭാവത്തിന്ന് കാരണം മനസ്സിലായതുമില്ല. അതുകൊണ്ട് തക്കതായ ന്യായമില്ലാത്തപക്ഷം, സൈന്യത്തിൽ ഹാജറില്ലാത്തതിന്റെ പേരിൽ അതിനെ അറുത്തു കൊല ചെയ്തോ മറ്റോ കഠിനമായി ശിക്ഷിക്കുമെന്ന് താക്കീത് പുറപ്പെടുവിച്ചു. പക്ഷേ, കാര്യം അദ്ദേഹം ഊഹിച്ച പോലെയായിരുന്നില്ല. അത് ഹാജറില്ലാതിരിക്കുവാൻ മതിയായ കാരണം - പ്രവാചകവര്യനും, മഹാരാജാവുമായിരുന്ന അദ്ദേഹത്തിന് അജ്ഞാതമായിരുന്ന ഒരു വമ്പിച്ച വർത്തമാനം - അതിന് പറയുവാനുണ്ടായിരുന്നു.

فَمَكَثَ غَيْرَ بَعِيدٍ فَقَالَ أَحَطتُ بِمَا لَمْ تُحِطْ بِهِۦ وَجِئْتُكَ مِن سَبَإٍۭ بِنَبَإٍ يَقِينٍ ﴿٢٢﴾

﴾22﴿ അങ്ങനെ, അത് [മരക്കൊത്തി] വിദൂരമല്ലാത്തവണ്ണം (അൽപം) താമസിച്ചു. എന്നിട്ട് (വന്നു ഇങ്ങിനെ)പറഞ്ഞു: അങ്ങുന്ന് സൂക്ഷ്മമായറിഞ്ഞിട്ടില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് ഞാൻ സൂക്ഷ്മമായറിഞ്ഞിരിക്കുന്നു. സബഇൽനിന്നും ദൃഢമായ ഒരു വാർത്തയുമായി ഞാൻ അങ്ങയുടെ അടുക്കൽ വന്നിരിക്കുകയാണ്.

إِنِّي وَجَدتُّ ٱمْرَأَةً تَمْلِكُهُمْ وَأُوتِيَتْ مِن كُلِّ شَيْءٍ وَلَهَا عَرْشٌ عَظِيمٌ ﴿٢٣﴾

﴾23﴿ നിശ്ചയമായും, അവരെ [സബഉകാരെ] ഭരിച്ചുവരുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടെത്തുകയുണ്ടായി. എല്ലാ വസ്തുക്കളിൽ നിന്നും (ആവശ്യമായത്ര) അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. ഒരു വമ്പിച്ച സിംഹാസനവും അവൾക്കുണ്ട്.

﴾22﴿ فَمَكَثَ അങ്ങനെ അത് താമസിച്ചു غَيْرَ بَعِيدٍ വിദൂരമല്ലാത്ത നിലയിൽ (കുറച്ചുസമയം) فَقَالَ എന്നിട്ട് അത് പറഞ്ഞു أَحَطتُ ഞാൻ സൂക്ഷ്മമായറിഞ്ഞിരിക്കുന്നു بِمَا യാതൊരു കാര്യത്തെക്കുറിച്ചു لَمْ تُحِطْ بِهِ അങ്ങുന്ന് (താങ്കൾ)അതിനെപ്പററി

مِن سَبَإٍ സൂക്ഷ്മമായറിഞ്ഞിട്ടില്ല وَجِئْتُكَ ഞാൻ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നു
സബഇൽനിന്ന് بِنَبَإٍ ഒരു വാർത്തയുംകൊണ്ട് يَقِينٍ ദൃഢമായ, ഉറപ്പായ ﴾23﴿ إِنِّي
നിശ്ചയമായും ഞാൻ وَجَدتُّ ഞാൻ കണ്ടെത്തിയിരിക്കുന്നു امْرَأَةً ഒരു സ്ത്രീയെ تَمْلِكُهُمْ
അവൾ അവരെ ഭരിക്കുന്നു وَأُوتِيَتْ അവൾക്ക് നൽകപ്പെട്ടിരിക്കുന്നു مِن كُلِّ شَيْءٍ എല്ലാ
വസ്തുക്കളിൽ നിന്നും وَلَهَا അവൾക്കുണ്ട് താനും عَرْشٌ ഒരു സിംഹാസനം عَظِيمٌ വമ്പിച്ച,
മഹത്തായ

അറേബ്യാഅർദ്ധദ്വീപിന്റെ തെക്കുപടിഞ്ഞാറെ മൂലയിലായി യമനിലാണ് സബഉ് (سبا) സാമ്രാജ്യം സ്ഥിതി ചെയ്തിരുന്നത്. വമ്പിച്ച ഒരു പ്രാചീന അറബി ഗോത്രമാണ് സബഉ്. അബ്സീനിയക്കാർ എന്നറിയപ്പെടുന്ന ഹബ്ശഃ ഗോത്രങ്ങൾ (الحبشة) ഇവരിൽ നിന്നും അബ്സീനിയയിൽ കുടിയേറിപ്പാർത്തവരാണെന്നാണ് കരുതപ്പെടുന്നത്. തെക്കേ കടൽ തീരത്തിന്നും, അബ്സീനിയായുടെ വടക്കുകിഴക്കെ കടൽതീരത്തിന്നുമിടയിൽ ചെങ്കടലിന് 12 നാഴിക മാത്രമേ വീതിയുള്ളു. ഈ കടലിടുക്കാണ് ബാബുൽമൻദബ് (باب المندب) എന്ന് പറയപ്പെടുന്നത്. ക്രിസ്ത്വബ്ദത്തിന് 10-11 നൂറ്റാണ്ടുകൾക്കുമുമ്പ് അറേബ്യയിൽ നിന്ന് അബ്സീനിയയിലേക്ക് ആക്രമണങ്ങൾ നടത്തപ്പെട്ടിരുന്നുവത്രെ. സുലൈമാൻ നബി(അ)യുടെ ഭരണകാലം ക്രിസ്ത്വബ്ദത്തിന് മുമ്പ് 992 മുതൽ 952 വരെയുള്ള 40 കൊല്ലക്കാലമായിരുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അബ്സീനിയായിലെ ഭാഷയായ എത്തോപ്യൻ ഭാഷയുടെ അക്ഷരമാല, സബഇയൻ അക്ഷരമാല - അഥവാ ഹിംയരിയൻ അക്ഷരങ്ങൾ (الحروف الحميرية) തന്നെയായിരുന്നു.

അനേകം ശാഖോപശാഖകൾ ഉൾക്കൊണ്ടിരുന്ന സബഉ് ഗോത്രത്തിന്റെ ജനയിതാവ് യശ്ജുബ് മകൻ സബഉ് (سبأ بن يشجب) ആയിരുന്നു. അറേബ്യൻ ഗോത്രങ്ങളുടെ പതിവനുസരിച്ച് സബഇന്റെ സന്താനപരമ്പരകൾ അതേ പേരിൽ തന്നെ അറിയപ്പെട്ടു. മആരിബിലെ അണക്കെട്ട് (سدمآرب) എന്ന ചരിത്ര പ്രസിദ്ധമായ പ്രാചീന അണക്കെട്ട് സബഉ് നിർമിച്ചതാണ്. വിശുദ്ധ ക്വുർആനിൽ ഈ അണക്കെട്ടിനെ സംബന്ധിക്കുന്ന ഒരു ചരിത്രപാഠം സൂറത്തു-സബഇൽ പ്രസ്താവിച്ചിട്ടുള്ളത് അല്ലാഹു ഉദ്ദേശിച്ചാൽ നമുക്ക് അവിടെവെച്ച് കാണാവുന്നതാണ്. തുബ്ബഉ് രാജാക്കൾ(التبابعة) എന്ന പേരിൽ അറിയപ്പെടുന്ന ഹിംയരീ രാജവംശമായിരുന്നു അവിടത്തെ നാടുവാഴികൾ. ഇവരിൽ സ്ത്രീകളുമുണ്ടായിരുന്നു. അക്കൂട്ടത്തിൽ, വളരെ പ്രതാപത്തോട് കൂടി നാടുവാണിരുന്ന ഒരു റാണിയെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്. ബിൽക്വീസ് (بَلْقِيس) എന്ന പേരിലാണ് ഈ റാണി അറിയപ്പെടുന്നത്.

ബൈബ്ളിൽ സബഇലെ (ശേബായിലെ)രാജ്ഞി സുലൈമാൻ നബി(അ)യുടെ അടുക്കൽ ചെന്നതും, അദ്ദേഹത്തിന്റെ ജ്ഞാനവും, പ്രതാപവും കണ്ടു വളരെയധികം പ്രശംസിച്ചതും വിവരിച്ചിരിക്കുന്നത് കാണാം (1. രാജാക്കൾ, 10:2 ദിനവൃത്താന്തം, അ: 9 നോക്കുക) പക്ഷേ, ക്വുർആനിൽ പ്രതിപാദിച്ചിട്ടുള്ള ഈ സംഭവങ്ങൾ അതിൽ പ്രതിപാദിച്ചു കാണുന്നില്ല.

ഒരു മഹാരാജാവിനുണ്ടായിരിക്കേണ്ടുന്ന എല്ലാവിധ ശക്തികളും, വിഭവങ്ങളും, അവൾക്ക് ലഭിച്ചിട്ടുണ്ടെന്നും അനിതരസാധാരണമായ ഒരു വമ്പിച്ച സിംഹാസനവും

അവൾക്കുണ്ടെന്നും ഉണർത്തിച്ചുകൊണ്ടുള്ള ആ ചെറുവിവരണം വഴി, ബിൽഖീസിന്റെ രാജകീയ പ്രതാപങ്ങളും, ഭൗതിക യശസ്സും മരക്കൊത്തി സുലൈമാൻ നബി(അ)യെ തെര്യപ്പെടുത്തി. തുടർന്നുകൊണ്ട് ആ ജനതയുടെ മതപരമായ നിലപാടും വിവരിക്കുന്നു.

وَجَدتُّهَا وَقَوْمَهَا يَسْجُدُونَ لِلشَّمْسِ مِن دُونِ ٱللَّهِ وَزَيَّنَ لَهُمُ ٱلشَّيْطَـٰنُ أَعْمَـٰلَهُمْ فَصَدَّهُمْ عَنِ ٱلسَّبِيلِ فَهُمْ لَا يَهْتَدُونَ ﴿٢٤﴾

﴿24﴾ അവളെയും, അവളുടെ ജനതയെയും അല്ലാഹുവിനെ വിട്ടു സൂര്യന്ന് സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നതായി ഞാൻ കണ്ടെത്തിയിരിക്കുന്നു. അവരുടെ കർമ്മങ്ങൾ പിശാച് അവർക്ക് ഭംഗിയാക്കി കാണിച്ചു അവരെ (നേരായ) മാർഗത്തിൽ നിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ, അവർ സൻമാർഗത്തിൽ ചരിക്കുന്നില്ല.

أَلَّا يَسْجُدُوا۟ لِلَّهِ ٱلَّذِى يُخْرِجُ ٱلْخَبْءَ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَيَعْلَمُ مَا تُخْفُونَ وَمَا تُعْلِنُونَ ﴿٢٥﴾

﴿25﴾ (പിശാച് അവരെ തടയുന്നത്) ആകാശങ്ങളിലും, ഭൂമിയിലും ഒളിഞ്ഞുകിടക്കുന്നതിനെ വെളിക്ക് കൊണ്ടുവരുകയും, നിങ്ങൾ മറച്ചുവെക്കുന്നതും, പരസ്യമാക്കുന്നതും അറിയുകയും ചെയ്യുന്നവനായ അല്ലാഹുവിന് അവർ സുജൂദ് [സാഷ്ടാംഗനമസ്കാരം] ചെയ്യാതിരിക്കുവാനത്രെ.

سجود ۩

ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ۩ ﴿٢٦﴾

﴿26﴾ അല്ലാഹുവാകട്ടെ, അവനല്ലാതെ യാതൊരു ആരാധ്യനുമില്ല; മഹത്തായ അർശി [സിംഹാസനത്തി]ന്റെ നാഥനാണ് (അവൻ)

﴿24﴾ وَجَدْتُهَا ഞാനവളെ കണ്ടെത്തി وَقَوْمَهَا അവളുടെ ജനതയെയും يَسْجُدُونَ അവർ സുജൂദ് ചെയ്യുന്നു لِلشَّمْسِ സൂര്യന് مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ, അല്ലാഹുവിനെ കൂടാതെ وَزَيَّنَ ഭംഗിയാക്കിക്കാട്ടുകയും ചെയ്തിരിക്കുന്നു لَهُمُ അവർക്ക് الشَّيْطَانُ പിശാച് أَعْمَالَهُمْ അവരുടെ കർമങ്ങൾ, പ്രവൃത്തികൾ فَصَدَّهُمْ എന്നിട്ട് അവരെ അവൻ തടഞ്ഞു عَنِ السَّبِيلِ മാർഗത്തിൽ നിന്ന് فَهُمْ അതിനാൽ അവർ لَا يَهْتَدُونَ നേർമാർഗത്തിൽ ചരിക്കുന്നില്ല, സൻമാർഗം പ്രാപിക്കുന്നില്ല. ﴿25﴾ أَلَا يَسْجُدُوا അവർ സുജൂദ് ചെയ്യാതിരിക്കുവാൻ لِلَّهِ അല്ലാഹുവിന് الَّذِي يُخْرِجُ വെളിക്കുവരുത്തുന്നവനായ, പുറത്തു കൊണ്ടുവരുന്ന الْخَبْءَ

ഒളിഞ്ഞു കിടക്കുന്നതിനെ فِي السَّمَاوَاتِ ആകാശങ്ങളിൽ وَالْأَرْضِ ഭൂമിയിലും وَيَعْلَمُ അവൻ അറിയുകയും ചെയ്യുന്നു مَا تُخْفُونَ നിങ്ങൾ മറച്ചു(ഒളിച്ചു)വെക്കുന്നത് وَمَا تُعْلِنُونَ നിങ്ങൾ പരസ്യമാക്കുന്നതും, വെളിവാക്കുന്നതും ﴾26﴿ اللَّهُ അല്ലാഹുവാകട്ടെ لَا إِلَٰهَ ഒരു ആരാധ്യനുമില്ല إِلَّا هُوَ അവനല്ലാതെ رَبُّ الْعَرْشِ അർശിന്റെ റബ്ബാണ്, സിംഹാസനത്തിന്റെ നാഥനാണ്(ഉടമസ്ഥനാണ്) الْعَظِيمِ മഹത്തായ.

മരക്കൊത്തിയുടെ നിലപാടും, പ്രസ്താവനയും മുമ്പിൽവെച്ച് നോക്കുമ്പോൾ 25,26 എന്നീ ആയത്തുകളിൽ അല്ലാഹുവിന്റെ ഗുണവിശേഷണങ്ങളായി പ്രസ്താവിച്ച കാര്യങ്ങൾ ഇവിടെ പ്രത്യേകം അർത്ഥവത്താണെന്ന് കാണാം. ഇബ്നു അബ്ബാസ് (റ) പറഞ്ഞത് പോലെ, ഭൂമിക്കടിയിൽ വെള്ളത്തിന്റെ സ്ഥാനം സുലൈമാൻ നബി(അ)ക്ക് അറിയിച്ചുകൊടുക്കുക ഈ മരക്കൊത്തിയുടെ ജോലിയാണല്ലോ. സബഇലെ റാണിയെക്കുറിച്ചും മറ്റും അദ്ദേഹത്തിന് അജ്ഞാതമായിരുന്ന ചില കാര്യങ്ങൾ അത് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. എന്നാൽ, സുലൈമാൻ നബി(അ)ക്കോ, മരക്കൊത്തിക്കോ-മറ്റാർക്കും തന്നെയുമോ ആകാശഭൂമികളിൽ ഒളിഞ്ഞു കിടപ്പുള്ള എല്ലാ കാര്യങ്ങളും, എല്ലാ രഹസ്യപരസ്യങ്ങളും അറിയുക സാദ്ധ്യമല്ല തന്നെ. അല്ലാഹുവിന് മാത്രമേ അതറിയുകയുള്ളൂ. അല്ലാഹു ചിലർക്ക് ചില കാര്യങ്ങൾ അറിയിച്ചുകൊടുക്കുന്നത് മാത്രമേ അവർക്കറിയുവാൻ സാധിക്കുകയുള്ളൂ. എന്നിങ്ങിനെയുള്ള സൂചനകൾ 25-ാം ആയത്തിൽ അടങ്ങുന്നു. സബഇലെ റാണിക്ക് ഒരു വമ്പിച്ച സിംഹാസനമുണ്ടെന്ന് പറഞ്ഞുവല്ലോ. ആ സിംഹാസനമാകട്ടെ, മറ്റേത് രാജകീയ സിംഹാസനമാകട്ടെ, അതിനെക്കാളെല്ലാം മഹത്തരമായ ഒരു സിംഹാസനം വേറെയുണ്ട്. അതായത്, അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും ഭരണാധിപനുമായ അല്ലാഹുവിന്റെ സിംഹാസനം(അർശ്). അതിനെ അപേക്ഷിച്ച് മറ്റെല്ലാ സിംഹാസനങ്ങളും കേവലം നാമമാത്രങ്ങളാകുന്നു. എന്നൊക്കെ 26-ാം വചനത്തിലും സൂചനയുണ്ട്.

۞ قَالَ سَنَنظُرُ أَصَدَقْتَ أَمْ كُنتَ مِنَ الْكَاذِبِينَ ﴿٢٧﴾

﴾27﴿ അദ്ദേഹം [സുലൈമാൻ] പറഞ്ഞു: നീ സത്യം പറഞ്ഞതാണോ, അഥവാ നീ അസത്യവാൻമാരിൽ പെട്ടിരിക്കുന്നുവോ എന്ന് നാം നോക്കാം:

اذْهَب بِّكِتَابِي هَٰذَا فَأَلْقِهْ إِلَيْهِمْ ثُمَّ تَوَلَّ عَنْهُمْ فَانظُرْ مَاذَا يَرْجِعُونَ ﴿٢٨﴾

﴾28﴿ എന്റെ ഈ എഴുത്തും കൊണ്ട് നീ പോകുക, എന്നിട്ട് അതവർക്ക് ഇട്ടുകൊടുക്കുക. പിന്നീട് നീ അവരിൽ നിന്ന് മാറിനിന്ന് അവർ (അതിനെപ്പറ്റി) എന്ത് മറുപടി പറയുന്നുവെന്ന് നോക്കുക

﴾27﴿ قَالَ അദ്ദേഹം പറഞ്ഞു سَنَنظُرُ നാം നോക്കാം أَصَدَقْتَ നീ സത്യം പറഞ്ഞിരിക്കയാണോ أَمْ كُنتَ അഥവാ നീ ആയിരിക്കുന്നുവോ مِنَ الْكَاذِبِينَ വ്യാജകാരൻമാരിൽപെട്ട(വൻ) ﴾28﴿ اذْهَب നീപോകുക بِكِتَابِي هَٰذَا എന്റെ ഈ എഴുത്തുംകൊണ്ട് فَأَلْقِهْ എന്നിട്ടത്

ഇട്ടേക്കുക عَنۡهُمۡ അവരിൽ ثُمَّ تَوَلَّ പിന്നീട് നീ പിൻമാറിക്കൊള്ളുക إِلَيۡهِمۡ അവർക്ക്, അവരിലേക്ക് നിന്ന് فَانظُرۡ എന്നിട്ട് നോക്കുക مَاذَا എന്തൊന്നാണ് يَرۡجِعُونَ അവർ മടക്കുന്നത് (മറുപടി പറയുന്നത്)

എഴുത്തുകൾ കൊടുത്തയക്കുവാനും മറ്റും പരിശീലിപ്പിക്കപ്പെടാറുള്ള സാധാരണ പക്ഷികളെപ്പോലെ ഒരു പക്ഷിയല്ല സുലൈമാൻ നബി(അ)യുടെ മരക്കൊത്തിയെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. കാരണം, കത്ത് കൊണ്ടുപോയി കൊടുക്കുവാൻ മാത്രമല്ല, അത് കൊടുത്തശേഷം മാറിനിന്ന് അവിടെയുണ്ടാകുന്ന പ്രതികരണം മനസ്സിലാക്കി വരുവാനും കൂടി അദ്ദേഹം അതിനെ ചുമതലപ്പെടുത്തുന്നു. സുലൈമാൻ നബി(അ)ക്ക് അതിന്റെ ഭാഷ മനസ്സിലാകുന്നത് പോലെ, അദ്ദേഹത്തിന്റെ ഭാഷ അതിനും മനസ്സിലായിരുന്നുവെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു. ഇതിലെല്ലാം അടങ്ങിയ രഹസ്യം അല്ലാഹുവിന് മാത്രമേ അറിയൂ.

മരക്കൊത്തി കത്തുമായി പറന്നു യമനിലെത്തി. എങ്ങിനെയോ റാണിയുടെ മുമ്പിൽ കത്തിട്ടു. അവൾ ദ്വിഭാഷികൾ മുഖേന അത് വായിച്ചറിഞ്ഞു. ഉള്ളടക്കം കണ്ടു പരിഭ്രമിച്ചു. തന്റെ കാര്യാലോചനസഭ വിളിച്ചുകൂട്ടി ആലോചന നടത്തി.

قَالَتۡ يَٰٓأَيُّهَا ٱلۡمَلَؤُاْ إِنِّيٓ أُلۡقِيَ إِلَيَّ كِتَٰبٞ كَرِيمٌ ﴿٢٩﴾

﴾29﴿ അവൾ പറഞ്ഞു: ഹേ, പ്രധാനികളേ! നിശ്ചയമായും എനിക്ക് മാന്യമായ ഒരു എഴുത്ത് (ഇതാ) ഇട്ടുതരപ്പെട്ടിരിക്കുന്നു!

إِنَّهُۥ مِن سُلَيۡمَٰنَ وَإِنَّهُۥ بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿٣٠﴾

﴾30﴿ അത് സുലൈമാനിൽ നിന്നുള്ളതാണ്. അത്: പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ;

أَلَّا تَعۡلُواْ عَلَيَّ وَأۡتُونِي مُسۡلِمِينَ ﴿٣١﴾

﴾31﴿ എന്നോട് നിങ്ങൾ ഔന്നിത്യം കാണിക്കരുത്; നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ട് എന്റെ അടുക്കൽ വരുകയും ചെയ്യുക എന്നത്രെ.

﴾29﴿ قَالَتۡ അവൾ പറഞ്ഞു يَاأَيُّهَاالۡمَلَأُ ഹേ പ്രധാനികളേ, പ്രമുഖ സംഘമേ إِنِّي നിശ്ചയമായും ഞാൻ أُلۡقِيَ إِلَيَّ എനിക്ക് ഇട്ടുതരപ്പെട്ടിരിക്കുന്നു كِتَابٌ ഒരെഴുത്ത് كَرِيمٌ മാന്യമായ, ബഹുമാനപ്പെട്ട ﴾30﴿ إِنَّهُ നിശ്ചയമായും അത് مِنۡ سُلَيۡمَانَ സുലൈമാനിൽ നിന്നുള്ളതാണ് وَإِنَّهُ നിശ്ചയമായും അത് بِسۡمِ اللَّهِ അല്ലാഹുവിന്റെ നാമത്തിൽ الرَّحۡمَٰنِ പരമകാരുണികനായ الرَّحِيمِ കരുണാനിധിയായ ﴾31﴿ أَلَّا تَعۡلُوا നിങ്ങൾ ഔന്നിത്യം(മേന്മ-യോഗ്യത) കാണിക്കരുതെന്നാണ് عَلَيَّ എന്റെ മേൽ-എന്നോട് وَأۡتُونِي നിങ്ങൾ എന്റെ അടുക്കൽ വരുകയും വേണം مُسۡلِمِينَ മുസ്‌ലിംകളായിക്കൊണ്ട്, അനുസരിക്കുന്നവരായിട്ട്.

സബഉകാരുടെ മതപരവും, രാജകീയവുമായ നിലപാട് മരക്കൊത്തിയുടെ പ്രസ്താവനയിൽ നിന്ന് സുലൈമാൻ (അ) മനസ്സിലാക്കിയ ശേഷം, അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് അദ്ദേഹം അയച്ച ആ കത്തിലെ ഉള്ളടക്കമാണിത്. ഇബ്‌റാഹീം നബി(അ)യും, മൂസാ നബി(അ)യും അവരവരുടെ കാലത്തെ രാജാക്കളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചിരുന്നുവല്ലോ. നബി തിരുമേനിയുടെ കാലത്തുള്ള പല രാജാക്കൾക്കും അവിടുന്നും ഇങ്ങിനെ കത്തുകൾ അയച്ചിട്ടുള്ളത് പ്രസിദ്ധമാണ്.

മുസ്‌ലിംകൾ എന്ന വാക്കിന്റെ അർത്ഥം അനുസരണമുള്ളവർ, കീഴൊതുങ്ങിയവർ എന്നൊക്കെയാണ്. ഈ വാക്കർത്ഥത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ഇവിടെ രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. സുലൈമാൻ നബി(അ)ക്ക് കീഴൊതുങ്ങിക്കൊണ്ട് വരണം എന്നും, അല്ലാഹുവിനോട് അനുസരണയുള്ളവരായി - അഥവാ ഇസ്‌ലാമിനെ അംഗീകരിച്ചുകൊണ്ട്-വരണം എന്നുമാണത്. എന്നാൽ, 44-ാം വചനത്തിൽ ഞാൻ സുലൈമാനോടൊപ്പം ലോകരക്ഷിതാവിന് കീഴൊതുങ്ങിയിരിക്കുന്നുവെന്ന് രാജ്ഞി സുലൈമാൻ നബി(അ)യുടെ മുമ്പിൽ വെച്ച് പ്രസ്താവിച്ചിട്ടുള്ളത് കാണാം. എന്നിരിക്കെ, ഇവിടെയും 38,42 എന്നീ വചനങ്ങളിലും മുസ്‌ലിംകൾ എന്ന വാക്കിന് ഈ അർത്ഥം കൽപിക്കുവാനാണ് ന്യായമുള്ളത് (കൂടുതൽ വിവരം വഴിയെ വരും)

വിഭാഗം - 3

قَالَتۡ يَٰٓأَيُّهَا ٱلۡمَلَؤُاْ أَفۡتُونِي فِيٓ أَمۡرِي مَا كُنتُ قَاطِعَةً أَمۡرًا حَتَّىٰ تَشۡهَدُونِ ﴿٣٢﴾

﴿32﴾ **അവൾ പറഞ്ഞു: ഹേ പ്രധാനികളേ! എന്റെ കാര്യത്തിൽ (ഞാൻ എന്ത് വേണമെന്ന്) നിങ്ങൾ എനിക്ക് തീരുമാനം പറഞ്ഞു തരണം. നിങ്ങൾ എന്റെ അടുക്കൽ സന്നിഹിതരായിട്ടല്ലാതെ, ഞാൻ ഒരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ല.**

قَالُواْ نَحۡنُ أُوْلُواْ قُوَّةٖ وَأُوْلُواْ بَأۡسٖ شَدِيدٖ وَٱلۡأَمۡرُ إِلَيۡكِ فَٱنظُرِي مَاذَا تَأۡمُرِينَ ﴿٣٣﴾

﴿33﴾ **അവർ പറഞ്ഞു: നാം പ്രാബല്യമുള്ളവരും ശക്തിമത്തായ സമരവീര്യമുള്ളവരുമാകുന്നു; അധികാരം അവിടുത്തേക്കാകുന്നു; ആകയാൽ, എന്താണ് കല്പിച്ചരുളുന്നതെന്ന് അവിടുന്നു (തന്നെ ആലോചിച്ചു) നോക്കുക.**

﴿32﴾ قَالَتْ അവൾ പറഞ്ഞു يَاأَيُّهَا الْمَلأُ ഹേ പ്രധാനികളേ, പ്രമുഖസംഘമേ أَفْتُونِي നിങ്ങൾ എനിക്ക് തീരുമാനം പറഞ്ഞുതരണം فِي أَمْرِي എന്റെ കാര്യത്തിൽ مَا كُنتُ ഞാനല്ല, ഞാനായിട്ടില്ല قَاطِعَةً ഖണ്ഡിതമായി തീരുമാനിക്കുന്നവൾ, ഉറപ്പിച്ചു പറയുന്നവൾ أَمْرًا ഒരു കാര്യവും حَتَّى تَشْهَدُونِ നിങ്ങൾ എന്റെ അടുക്കൽ സന്നിഹിതരാവാതെ ﴿33﴾ قَالُوا അവർ

وَأُولُو بَأْسٍ പറഞ്ഞു نَحْنُ നാം, ഞങ്ങൾ أُولُو قُوَّةٍ പ്രാബല്യം (ശക്തി)ഉള്ളവരാണ് സമരവീര്യം(ആക്രമണശക്തി)ഉള്ളവരും شَدِيدٍ ശക്തിമത്തായ وَ الأَمْرُ അധികാരം, കാര്യം إِلَيْكِ അങ്ങേക്കാണ്, അങ്ങയുടെ അടുക്കലാണ് فَانْظُرِي അതുകൊണ്ട് അങ്ങുന്ന് (ആലോചിച്ച്)നോക്കുക مَاذَا എന്തൊന്നാണ് تَأْمُرِينَ അങ്ങുന്ന് കൽപിക്കുന്നത്.

വേണമെങ്കിൽ ഒരു യുദ്ധത്തിനുള്ള കഴിവും, കോപ്പും നമുക്കുണ്ട്. നാമെന്ത് ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് അവിടുന്ന് തന്നെയാണ്. അവിടുത്തെ കൽപന ഏതും നിറവേറ്റാൻ ഞങ്ങൾ തയ്യാറുമാണ്. എന്നത്രെ ഉപദേശകസമിതിയുടെ മറുപടി. ഇതിൽ ഒരു സമര സൂചനയുണ്ടെന്ന് റാണിക്ക് തോന്നിയിരിക്കാം.

قَالَتْ إِنَّ ٱلْمُلُوكَ إِذَا دَخَلُوا۟ قَرْيَةً أَفْسَدُوهَا وَجَعَلُوٓا۟ أَعِزَّةَ أَهْلِهَآ أَذِلَّةً ۖ وَكَذَٰلِكَ يَفْعَلُونَ ﴿٣٤﴾

وَإِنِّى مُرْسِلَةٌ إِلَيْهِم بِهَدِيَّةٍ فَنَاظِرَةٌۢ بِمَ يَرْجِعُ ٱلْمُرْسَلُونَ ﴿٣٥﴾

《34》 അവൾ പറഞ്ഞു: നിശ്ചയമായും, രാജാക്കൾ ഒരു രാജ്യത്ത് പ്രവേശിച്ചാൽ, അവരതിനെ നാശപ്പെടുത്തുകയും, അന്നാട്ടുകാരിലുള്ള പ്രതാപശാലികളെ നിന്ദ്യൻമാരാക്കുകയും ചെയ്യുന്നതാണ്. അങ്ങിനെയാണവർ പ്രവർത്തിക്കുക.

《35》 ഞാൻ അവരുടെ അടുക്കലേക്ക് ഒരു സമ്മാനവുംകൊണ്ട് ആളയക്കുകയാണ്: എന്നിട്ട് എന്ത് (വിവരവും) കൊണ്ടാണ് ദൂതൻമാർ മടങ്ങിവരുന്നതെന്ന് നോക്കുകയുമാണ്.

《34》 قَالَتْ അവൾ പറഞ്ഞു إِنَّ الْمُلُوكَ നിശ്ചയമായും രാജാക്കൾ إِذَا دَخَلُوا അവർ പ്രവേശിച്ചാൽ قَرْيَةً ഒരു രാജ്യത്ത്, നാട്ടിൽ أَفْسَدُوهَا അവരത് നശിപ്പിക്കും, കീഴ്പ്പെടുത്തും وَجَعَلُوا അവർ ആക്കുകയും ചെയ്യും أَعِزَّةَ أَهْلِهَا അതിലെ ആളുകളിൽ പ്രതാപശാലികളെ أَذِلَّةً നിന്ദ്യൻമാർ, നിസ്സാരൻമാർ وَكَذَٰلِكَ അപ്രകാരമത്രെ يَفْعَلُونَ അവർ ചെയ്യുക 《35》 وَإِنِّي നിശ്ചയമായും ഞാൻ مُرْسِلَةٌ അയക്കുന്നവളാണ്(അയക്കുകയാണ്) إِلَيْهِمْ അവരുടെ അടുക്കലേക്ക് بِهَدِيَّةٍ ഒരു സമ്മാനവും കൊണ്ട് فَنَاظِرَةٌ എന്നിട്ട് നോക്കുന്നവളാണ്(പരിശോധിക്കുകയാണ്) بِمَ يَرْجِعُ എന്തുംകൊണ്ട് മടങ്ങുന്നു എന്ന് الْمُرْسَلُونَ ദൂതൻമാർ, അയക്കപ്പെട്ടവർ

ഒരു നാട്ടിനെ അക്രമിക്കുമ്പോൾ അവിടെ പലവിധ നാശനഷ്ടങ്ങളും വരുത്തലും, അവിടെയുള്ള പ്രധാനികളുടെ നേരെ കയ്യേറ്റം നടത്തലും രാജാക്കളുടെ സാധാരണ പതിവാണ്. അതുകൊണ്ട് ഈ എഴുത്തയച്ചവർ നമ്മുടെ നാട്ടിനെ അങ്ങനെ നശിപ്പിക്കാൻ ഇടവരുത്തുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ എല്ലാ സ്ഥിതിഗതികളും മനസ്സിലാക്കിവരത്തക്കവണ്ണം തൽക്കാലം കുറെ സമ്മാനങ്ങളുമായി ഒരു ദൗത്യ സംഘത്തെ അയക്കാനും, അവർ മടങ്ങിവന്നശേഷം വേണ്ടത് ചെയ്വാനുമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇതായിരുന്നു

റാണിയുടെ അഭിപ്രായം. അനന്തരം, വളരെ വിലപിടിച്ച ഒരു രാജകീയ സമ്മാനവുമായി ഒരു സംഘത്തെ റാണി ശാമിന്റെ തലസ്ഥാനമായ ബൈത്തുൽ മുക്വദ്ദസിലേക്കയച്ചു (*)

فَلَمَّا جَآءَ سُلَيۡمَٰنَ قَالَ أَتُمِدُّونَنِ بِمَالٖ فَمَآ ءَاتَىٰنِۦَ ٱللَّهُ خَيۡرٞ مِّمَّآ ءَاتَىٰكُمۚ بَلۡ أَنتُم بِهَدِيَّتِكُمۡ تَفۡرَحُونَ ﴿٣٦﴾

﴿36﴾ അങ്ങനെ, അവൻ [ദൂതൻ] സുലൈമാന്റെ അടുക്കൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾ എനിക്ക് ധനം കൊണ്ട് സഹായം നൽകുക യാണോ?! എന്നാൽ, (അറിഞ്ഞേ ക്കുക) എനിക്ക് അല്ലാഹു നൽകി യിട്ടുള്ളത് നിങ്ങൾക്കവൻ നൽകി യിട്ടുള്ളതിനെക്കാൾ ഉത്തമമായി ട്ടുള്ളതാണ്. പക്ഷേ, നിങ്ങൾ നിങ്ങ ളുടെ സമ്മാനം മൂലം സന്തോഷം കൊള്ളുന്നു (എന്ന് മാത്രം)

ٱرۡجِعۡ إِلَيۡهِمۡ فَلَنَأۡتِيَنَّهُم بِجُنُودٖ لَّا قِبَلَ لَهُم بِهَا وَلَنُخۡرِجَنَّهُم مِّنۡهَآ أَذِلَّةٗ وَهُمۡ صَٰغِرُونَ ﴿٣٧﴾

﴿37﴾ നീ അവരുടെ [നിന്നെ അയച്ചവരുടെ] അടുക്കലേക്ക് മടങ്ങി ക്കൊള്ളുക; തീർച്ചയായും, നാം അവരുടെ അടുക്കൽ അവർക്ക് നേരിടുവാൻ കഴിവില്ലാത്ത സൈന്യ ങ്ങളുമായി വരുന്നതാണ്, നിസ്സാരൻ മാരായിക്കൊണ്ട് - നിന്ദ്യന്മാരായ നിലയിൽ - അവിടെ നിന്നും നാം അവരെ പുറത്താക്കുകതന്നെ ചെ യ്യും.

﴿36﴾ فَلَمَّا جَآءَ അങ്ങനെ അവൻ വന്നപ്പോൾ سُلَيۡمَٰنَ സുലൈമാന്റെ അടുക്കൽ قَالَ അദ്ദേഹം പറഞ്ഞു أَتُمِدُّونَنِ നിങ്ങൾ എനിക്ക് സഹായം നൽകുകയാണോ بِمَالٖ ധനംകൊണ്ട് فَمَآ ءَاتَىٰنِيَ ٱللَّهُ എന്നാൽ അല്ലാഹു എനിക്ക് നൽകിയിട്ടുള്ളത് خَيۡرٞ ഉത്തമമാകുന്നു, നല്ലതാണ് مِّمَّآ ءَاتَىٰكُم നിങ്ങൾക്കവൻ നൽകിയതിനെക്കാൾ بَلۡ പക്ഷേ, എങ്കിലും أَنتُم നിങ്ങൾ بِهَدِيَّتِكُمۡ നിങ്ങളുടെ സമ്മാനം കൊണ്ട് تَفۡرَحُونَ നിങ്ങൾ സന്തോഷിക്കുന്നു. ﴿37﴾ ٱرۡجِعۡ നീ മടങ്ങിപ്പോകുക إِلَيۡهِمۡ അവരുടെ അടുക്കലേക്ക് فَلَنَأۡتِيَنَّهُم എന്നാൽ തീർച്ചയായും നാമവരുടെ അടുക്കൽ വരും بِجُنُودٖ സൈന്യങ്ങളുമായി لَّا قِبَلَ നേരിടുവാൻ കഴിവില്ലാത്ത لَهُم അവർക്ക്

(*) റാണി സുലൈമാൻ നബി(അ)യുടെ കീർത്തികേട്ട് അദ്ദേഹത്തെ പരിശോധിക്കാൻ ചെന്നപ്പോൾ അനവധി സ്വർണവും, രത്നങ്ങളും, സുഗന്ധദ്രവ്യങ്ങളും ഒട്ടകങ്ങളിൽ കയറ്റിക്കൊണ്ടുവന്നിരുന്നുവെന്ന് ബൈബ്ളിൽ (1 രാജാക്കൾ 10-ലും മറ്റും പ്രസ്താവിച്ചത് കാണാം).

مِنۡهَا അതിനെ وَلَنُخۡرِجَنَّهُم നാമവരെ തീർച്ചയായും പുറത്താക്കുകയും ചെയ്യും بِهَا അവിടെനിന്ന് أَذِلَّةً നിന്ദ്യൻമാരായി وَهُمۡ അവർ صَاغِرُونَ നിസ്സാരൻമാർ(എളിയവർ)ആയിട്ട്.

കുറേ ധനം തന്നു തൃപ്തിപ്പെടുത്തി എന്നെ പാട്ടിലാക്കാമെന്ന് കരുതേണ്ട, നിങ്ങളെക്കാൾ എത്രയോ ഉന്നതമായ നിലയിൽ യശസ്സും സമ്പത്തുമെല്ലാം അല്ലാഹു എനിക്ക് നൽകിയിട്ടുണ്ട്. നിങ്ങളുടെ സമ്മാനങ്ങൾകൊണ്ട് നിങ്ങൾക്ക് സന്തോഷിക്കാമെങ്കിലും എനിക്കതിന് ആവശ്യമില്ല എന്നൊക്കെയാണ് ആദ്യത്തെ വചനത്തിൽ സുലൈമാൻ നബി(അ) പറഞ്ഞതിന്റെ സാരം.

സമ്മാനം കൊണ്ടുവന്ന ദൗത്യസംഘത്തിൽ നിന്നും, അവരുടെ കൈവശം റാണി സ്വഭാവികമായും ഏൽപിച്ചയച്ചിരിക്കാനിടയുള്ള ദൗത്യങ്ങളിൽ നിന്നും സബഉകാരെക്കുറിച്ച് അദ്ദേഹം ചില വസ്തുതകൾ മനസ്സിലാക്കിയിരിക്കുമല്ലോ. കൂടാതെ 33-ാം വചനത്തിൽ നാം പ്രാബല്യവും ശക്തിമത്തായ സമരവീര്യവും ഉള്ളവരാണെന്ന് റാണിയുടെ ഉപദേശകസമിതി അഭിമാനപൂർവ്വം റാണിയോട് പ്രസ്താവിച്ചതും, വേണ്ടിവന്നാൽ ഒരു യുദ്ധത്തിന് തങ്ങൾ ഒരുക്കമാണെന്ന് സൂചിപ്പിച്ചതും സുലൈമാൻ (അ)ഇതിനകം അറിഞ്ഞിരിക്കുകയും ചെയ്തിരിക്കും. കത്ത് കൊടുത്തയച്ചപ്പോൾ, കത്ത് കൊണ്ടുപോയി അവൾക്ക് ഇട്ടുകൊടുത്തശേഷം അവരിൽ നിന്ന് മാറി നിന്നു അവരുടെ മറുപടി എന്താണെന്ന് നോക്കിവരാൻ അദ്ദേഹം മരക്കൊത്തിയെ ഏൽപിച്ചതും സ്മരണീയമാണ്. ചുരുക്കത്തിൽ, തൗഹീദിന്റെ രാഷ്ട്രമായ അദ്ദേഹത്തിന്റെ സാമ്രാജ്യത്തോട് ശിർക്കിന്റെ സാമ്രാജ്യമായ സബഉ് രാഷ്ട്രം ഒരു സമരത്തിന് പുറപ്പെടുവാൻ ഭാവമുണ്ടെന്ന് അദ്ദേഹം കണ്ടു. ആ ഭാവം മുളയിൽതന്നെ അദ്ദേഹം നുള്ളിക്കളയുന്നതാണ് 37-ാം വചനത്തിൽ കാണുന്നത്. അങ്ങിനെ, ദൗത്യസംഘം തിരിച്ചുപോയി. ബിൽക്വീസും സൈന്യവും മുസ്‌ലിംകളായിക്കൊണ്ട് തന്റെ അടുക്കൽ വരുമെന്ന് വഹ്‌യ്മൂലമോ മറ്റോ അദ്ദേഹത്തിന് മനസ്സിലായി.

قَالَ يَٰٓأَيُّهَا ٱلۡمَلَؤُاْ أَيُّكُمۡ يَأۡتِينِي بِعَرۡشِهَا قَبۡلَ أَن يَأۡتُونِي مُسۡلِمِينَ ٣٨

《38》 അദ്ദേഹം (തന്റെ ആളുകളോട്)പറഞ്ഞു: ഹേ, പ്രധാനികളേ! നിങ്ങളിൽ ഏതൊരുവനാണ്, അവർ എന്റെ അടുക്കൽ മുസ്‌ലിംകളായി വരുന്നതിന് മുമ്പ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്നുതരിക?

قَالَ عِفۡرِيتٞ مِّنَ ٱلۡجِنِّ أَنَا۠ ءَاتِيكَ بِهِۦ قَبۡلَ أَن تَقُومَ مِن مَّقَامِكَۖ وَإِنِّي عَلَيۡهِ لَقَوِيٌّ أَمِينٞ ٣٩

《39》 ജിന്നുകളിൽപെട്ട ഒരു ഇഫ്‌രീത്ത് [മല്ലൻ] പറഞ്ഞു: അങ്ങയുടെ (ഈ) സ്ഥാനത്ത് നിന്നും അങ്ങുന്ന് എഴുന്നേൽക്കുന്നതിനു മുമ്പായി ഞാൻ അത് അങ്ങേക്ക് കൊണ്ടുവന്നുതരാം. നിശ്ചയമായും, ഞാൻ അതിന് കഴിവുള്ളവനും, വിശ്വസ്തനുമാണ്.

قَالَ ٱلَّذِى عِندَهُۥ عِلْمٌ مِّنَ ٱلْكِتَٰبِ أَنَا۠ ءَاتِيكَ بِهِۦ قَبْلَ أَن يَرْتَدَّ إِلَيْكَ طَرْفُكَ ۚ

﴾40﴿ തന്റെ പക്കൽ വേദഗ്രന്ഥ ത്തിൽ നിന്ന് ഒരു ജ്ഞാനം ഉണ്ടായിരുന്നവൻ പറഞ്ഞു: താങ്ക ളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചു വരും മുമ്പായി ഞാനത് താങ്കൾക്ക് കൊണ്ടുവന്നു തരാം.

فَلَمَّا رَءَاهُ مُسْتَقِرًّا عِندَهُۥ قَالَ هَٰذَا مِن فَضْلِ رَبِّى لِيَبْلُوَنِىٓ ءَأَشْكُرُ أَمْ أَكْفُرُ ۖ

അങ്ങനെ, അത് [സിംഹാസനം] തന്റെ അടുക്കൽ സ്ഥിതി ചെയ്യുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു : ഇത് എന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തിൽപെട്ടതാണ് ; ഞാൻ നന്ദി കാണിക്കുമോ, അതല്ല നന്ദികേട് കാണിക്കുമോ എന്ന് എന്നെ അവൻ പരീക്ഷിക്കുവാൻ വേണ്ടിയാണ് (ഇത്).

وَمَن شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهِۦ ۖ وَمَن كَفَرَ فَإِنَّ رَبِّى غَنِىٌّ كَرِيمٌ ﴿٤٠﴾

ആരെങ്കിലും നന്ദി കാണിക്കുന്നപക്ഷം, അവൻ തനിക്ക് തന്നെ വേണ്ടിയാണ് നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്നുവെങ്കിലോ, എന്നാൽ നിശ്ചയമായും, എന്റെ രക്ഷിതാവ് അനാശ്രയനാണ്; ഉൽകൃഷ്ടനുമാണ്.

﴾38﴿ قَالَ അദ്ദേഹം പറഞ്ഞു يَا أَيُّهَا الْمَلأُ ഹേ പ്രധാനികളേ أَيُّكُمْ നിങ്ങളിൽ ഏതാളാണ്, ആരാണ് يَأْتِينِي എനിക്ക് കൊണ്ടുവന്നുതരുക بِعَرْشِهَا അവളുടെ സിംഹസാനത്തെ قَبْلَ أَنْ يَأْتُونِي അവർ എന്റെ അടുക്കൽ വരുംമുമ്പ് مُسْلِمِينَ മുസ്ലിംകളായി, അനുസരണമുള്ളവരായി. ﴾39﴿ قَالَ عِفْرِيتٌ ഒരു മല്ലൻ(ഭൂതത്താൻ) പറഞ്ഞു مِنَ الْجِنِّ ജിന്നുകളിൽപെട്ട أَنَا آتِيكَ താങ്കൾക്ക് ഞാൻ വരാം بِهِ അതും കൊണ്ട് قَبْلَ أَنْ تَقُومَ താങ്കൾ എഴുന്നേൽക്കും മുമ്പ് مِنْ مَقَامِكَ താങ്കളുടെ സ്ഥാനത്തുനിന്നും وَإِنِّي നിശ്ചയമായും ഞാൻ അതിനു, അതിന്മേൽ عَلَيْهِ ശക്തൻ(കഴിവുള്ളവൻ) لَقَوِيٌّ തന്നെ أَمِين വിശ്വസ്തനായ, വിശ്വസ്തുമാണ് ﴾40﴿ قَالَ الَّذِي യാതൊരുവൻ പറഞ്ഞു عِنْدَهُ തന്റെ പക്കലുണ്ട് عِلْمٌ ഒരു അറിവ് مِنَ الْكِتَابِ വേദഗ്രന്ഥത്തിൽ നിന്ന്, ഗ്രന്ഥത്തിൽ നിന്ന് أَنَا آتِيكَ ഞാൻ താങ്കൾക്ക് കൊണ്ടുവരാം بِهِ അതിനെ قَبْلَ أَنْ يَرْتَدَّ മടങ്ങിവരും മുമ്പ്, തിരിച്ചുവരുംമുമ്പ് إِلَيْكَ താങ്കളിലേക്ക് طَرْفُكَ താങ്കളുടെ ദൃഷ്ടി, കണ്ണ് فَلَمَّا رَآهُ അങ്ങിനെ അതിനെ അദ്ദേഹം കണ്ടപ്പോൾ مُسْتَقِرًّا സ്ഥിതി ചെയ്യുന്നതായി عِنْدَهُ തന്റെ അടുക്കൽ قَالَ അദ്ദേഹം പറഞ്ഞു هَذَا

ഇത് مِن فَضْلِ അനുഗ്രഹത്തിൽപെട്ടതാണ് رَبِّي എന്റെ റബ്ബിന്റെ لِيَبْلُوَنِي എന്നെ പരീക്ഷണം ചെയ്യാൻവേണ്ടി أَأَشْكُرُ ഞാൻ നന്ദികാണിക്കുമോ أَمْ അഥവാ, അതല്ലെങ്കിൽ أَكْفُرُ ഞാൻ നന്ദികേട് കാണിക്കുമോ(എന്ന്) وَمَن شَكَرَ വല്ലവനും നന്ദികാണിച്ചാൽ فَإِنَّمَا يَشْكُرُ എന്നാൽ നിശ്ചയമായും അവൻ നന്ദി കാണിക്കുന്നു لِنَفْسِهِ തനിക്ക് വേണ്ടിതന്നെ وَمَن كَفَرَ വല്ലവനും നന്ദികേട് കാണിച്ചാൽ فَإِنَّ رَبِّي എന്നാൽ നിശ്ചയമായും എന്റെ റബ്ബ് غَنِيٌّ അനാശ്രയനാണ്, ധന്യനാണ് كَرِيمٌ മാന്യനാണ്, ഉൽകൃഷ്ടനാണ്.

ദുഃസ്സാമർത്ഥ്യക്കാരൻ, പോക്കിരി, ഊക്കൻ, മല്ലൻ, ദുഷ്ടൻ എന്നിങ്ങിനെ അർത്ഥങ്ങൾ വരാവുന്ന ഒരു വാക്കാണ് عِفْرِيت (ഇഫ്രീത്ത്). മനുഷ്യർക്ക് കഴിയാത്ത പല കാര്യങ്ങൾക്കും കഴിവുള്ളവരാണല്ലോ ജിന്നുവർഗം . ജിന്നുകളുടെ കൂട്ടത്തിൽ തന്നെ കൂടുതൽ ശക്തിയും , സാമർത്ഥ്യവുമുള്ള ഒരു മല്ലൻ–അഥവാ ഭൂതത്താൻ–എന്നത്രെ ഇവിടെ ഉദ്ദേശ്യം. അങ്ങയുടെ സ്ഥാനത്ത് നിന്ന് എഴുന്നേൽക്കും മുമ്പ് എന്ന് പറഞ്ഞതിന്റെ താൽപര്യം, അങ്ങുന്ന് പതിവ് പ്രകാരം രാജസഭയിൽ നിന്ന് പിരിഞ്ഞുപോകാറുള്ള സമയത്തിന് മുമ്പ് എന്നത്രെ മിക്ക വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ഇത്രയും വേഗത്തിൽ ആ സിംഹാസനം ഇവിടെ എത്തിക്കുവാൻ വേണ്ടുന്ന കഴിവുണ്ടെന്ന് മാത്രമല്ല, അതിൽ യാതൊരു ക്രമകേടും വഞ്ചനയും കൂടാതെ, തികച്ചും വിശ്വസ്തമായ നിലയിൽ അത് നിർവ്വഹിക്കുകയും ചെയ്തുകൊള്ളാമെന്നും അയാൾ സുലൈമാൻ നബി(അ)യെ ഉണർത്തി. പക്ഷേ, അതിനെക്കൾ വേഗത്തിൽ സിംഹാസനം തന്റെ മുമ്പിൽ എത്തിക്കാണണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അത് ഞാൻ നിർവ്വഹിച്ചുകൊള്ളാമെന്ന് രണ്ടാമതൊരാൾ ഏറ്റു പറയുന്നു.

ഈ രണ്ടാമൻ ആരാണെന്ന് ക്വുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. തന്റെ പക്കൽ വേദഗ്രന്ഥത്തിൽ നിന്ന് അഥവാ കിതാബിൽ നിന്ന് – ഒരു ജ്ഞാനം ഉണ്ടായിരുന്ന ആൾ എന്നാണ് ഇദ്ദേഹത്തെ അല്ലാഹു വിശേഷിച്ചിരിക്കുന്നത്. കിതാബ് എന്ന് പറഞ്ഞത് ഏതിനെ ഉദ്ദേശിച്ചാണ് ? അതിൽ നിന്നും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന ആ ജ്ഞാനം എന്തായിരുന്നു ? എന്നൊന്നും ഇവിടെ പറയുന്നില്ല. കിതാബ് കൊണ്ടുദ്ദേശ്യം പൊതുവിലുള്ള ദൈവിക വേദഗ്രന്ഥങ്ങൾ എന്നാണെന്നും, സുലൈമാൻ നബി(അ)ക്ക് പ്രത്യേകം നൽകപ്പെട്ടിരുന്ന ദൈവിക ഗ്രന്ഥമാണെന്നും പറയപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന ജ്ഞാനംകൊണ്ടുദ്ദേശ്യം, അതിവേഗത്തിൽ സിംഹാസനം കൊണ്ടുവരാൻ കഴിയത്തക്കവണ്ണമുള്ള ഒരാത്മീയകശക്തി സിദ്ധിക്കുവാനുപകരിക്കുന്ന ഏതെങ്കിലും വിജ്ഞാനമായിരിക്കാം അത്. ഒന്നും തീർത്തുപറയുവാൻ നമുക്ക് തെളിവുകളില്ല. അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചാൽ നിശ്ചയമായും ഉത്തരം കിട്ടുന്ന അവന്റെ അതിമഹത്തായ ചില തിരുനാമങ്ങൾ (اسم الله الاعظم) അവന്നുണ്ടെന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട്. അതാണ് ഇവിടെ ഈ പ്രത്യേകജ്ഞാനംകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നു. വാസ്തവം അല്ലാഹുവിനറിയാം. താങ്കളുടെ ദൃഷ്ടി താങ്കൾക്ക് തിരിച്ചു വരുംമുമ്പായി ഞാൻ കൊണ്ടുവരാം എന്നാണല്ലോ ഇദ്ദേഹം പറഞ്ഞത്. ഈ വാക്കിന്റെ താല്പര്യം, താങ്കൾ കണ്ണുചിമ്മി മിഴിക്കുന്നതിനിടക്ക് കൊണ്ടുവരാമെന്നാണെന്നും, താങ്കൾ ഏതെങ്കിലും ഒരു വസ്തുവിലേക്ക് ദൃഷ്ടിപതിച്ചശേഷം, അതിൽ നിന്ന് കണ്ണെടുക്കുമ്പോഴെക്കും – അഥവാ തുറന്ന

കണ്ണടക്കുമ്പോഴേക്കും-കൊണ്ടുവരാമെന്നാണെന്നും വരാം. ഇങ്ങിനെ ഒന്നിലധികം പ്രകാരത്തിൽ ഈ വാക്കിനും അർത്ഥം നൽകപ്പെട്ടിരിക്കുന്നു. ഏതർത്ഥമായിരുന്നാലും, ഒട്ടും താമസംകൂടാതെ – തൽക്ഷണം തന്നെ – കൊണ്ടുവരാമെന്നാണ് അതുകൊണ്ട് വിവക്ഷ.

ഇത് പറഞ്ഞ വ്യക്തി ഒരു പക്ഷേ, ആദ്യം മുമ്പോട്ട് വന്ന ഇഫ്‌രീത്തിനെക്കാൾ യോഗ്യനായ ഒരു ജിന്നോ മറ്റോ ആയിരിക്കാനിടയുണ്ട്. ഒരു മലക്കായിരുന്നുവെന്നും ജിബ്‌രീൽ (അ) എന്ന മലക്കായിരുന്നുവെന്നും, സുലൈമാൻ നബി(അ)യുടെ ഒരു മന്ത്രിയായിരുന്നുവെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഈ വക്താവ് സുലൈമാൻ നബി(അ)തന്നെയായിരുന്നുവെന്നും, അദ്ദേഹം ആദ്യം പറഞ്ഞ ഇഫ്‌രീത്തിനോട് അങ്ങോട്ട് പറഞ്ഞ വാക്കാണിതെന്നുമത്രെ ഇമാം റാസീ(റ)മുതലായ ചിലരുടെ ബലമായ അഭിപ്രായം. (الله اعلم) ഒരു രാജാവും പ്രവാചകവര്യനുംകൂടിയായ അദ്ദേഹത്തിന് മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത ചില ജ്ഞാനങ്ങൾ വേദഗ്രന്ഥത്തിൽ നിന്ന് ലഭിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എങ്കിലും, അദ്ദേഹത്തിന്റെ കൈക്ക് വെളിപ്പെട്ട ചില അസാധാരണ സംഭവങ്ങളെ വിവരിച്ചുകൊണ്ടുള്ള ഈ സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ പേർ-വ്യക്തമായോ, സൂചനയായോ – പ്രസ്താവിക്കാതിരിക്കാനും, വേദഗ്രന്ഥത്തിൽ നിന്നും ഒരു ജ്ഞാനമുണ്ടായിരുന്ന ആൾ എന്നിങ്ങിനെ അവ്യക്തമായ രൂപത്തിൽ അദ്ദേഹത്തെ പരിചയപ്പെടുത്തുവാനും കാരണം കാണുന്നില്ല *(*)*

എത്ര സമയംകൊണ്ടാണ്, ഏത് വിധേനയാണ് സിംഹാസനം കൊണ്ടുവരപ്പെട്ടതെന്ന് ക്വുർആൻ സ്പഷ്ടമാക്കിയിട്ടില്ല. എങ്കിലും കണ്ണടച്ചു മിഴിക്കുമ്പോഴേക്ക്-അഥവാ തുറന്ന കണ്ണ് അടക്കുമ്പോഴേക്ക്-തന്നെ അത് എത്തിക്കഴിഞ്ഞുവെന്നാണ് 'അങ്ങനെ അതു തന്റെ അടുക്കൽ സ്ഥിതിചെയ്യുന്നതായി കണ്ടപ്പോൾ' എന്ന വാചകത്തിൽ നിന്ന് വ്യക്തമാകുന്നത്. അല്ലാഹു സുലൈമാൻ നബി(അ)ക്ക് ചെയ്തുകൊടുത്തിട്ടുള്ള പ്രത്യേകാനുഗ്രഹങ്ങളിൽപെട്ട ഒന്നാണ് ഈ സംഭവമെന്ന് അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നു. മാത്രമല്ല, അതിൽ അദ്ദേഹത്തിന്റെ കൃതജ്ഞതയും, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് മനുഷ്യൻ നന്ദിയുള്ളവനായിരിക്കേണ്ടതിന്റെ ആവശ്യകതയും, നന്ദികേട് കാണിക്കുന്നതിന്റെ കെടുതിയും ആ പ്രസ്താവനയിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിരിക്കുന്നു.

സംഭവം വിവരിക്കുന്നത് അല്ലാഹു. വിവരണമാകട്ടെ, വ്യക്തമായ ഭാഷയിലും, സംഭവമാണെങ്കിൽ, അനിതര സാധാരണമായ അനേകം അനുഗ്രഹങ്ങളും, കഴിവുകളും നൽകപ്പെട്ട പ്രവാചകവര്യനും, മഹാരാജാവുമായ സുലൈമാൻനബി(അ) യെ സംബന്ധിക്കുന്നതും. ഒരു ചരിത്രവിവരണമെന്ന നിലക്കല്ല – കേവലം ഒറ്റപ്പെട്ട പ്രധാന സംഭവങ്ങളെന്നനിലക്കും അല്ലാഹുവിന്റെ ശക്തിമാഹാത്മ്യത്തിന്റെ ദൃഷ്ടാന്തമെന്നനിലക്കുമാണ് – അത് ഉദ്ധരിക്കുന്നതും. എന്നിരിക്കെ, ക്വുർആനിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും അതിന്റെ വ്യക്തമായ പ്രസ്താവനകളെ അന്യഥാ വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ലതന്നെ. ക്വുർആന്റെ വാചകങ്ങളെ അവയുടെ പാട്ടിന് വിട്ടാൽ ഗ്രാഹ്യമാകുന്നതെന്തോ അതപ്പടി സ്വീകരിക്കുക, ഇതാണ് ഓരോരുത്തന്റെയും കടമ.

(*) كما ذكره المرحوم الشيخ السيد قطب فى تفسيره «في ظلال القرأن»

قَالَ نَكِّرُوا۟ لَهَا عَرْشَهَا نَنظُرْ أَتَهْتَدِىٓ أَمْ تَكُونُ مِنَ ٱلَّذِينَ لَا يَهْتَدُونَ ﴿٤١﴾

﴾41﴿ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ അവൾക്ക് അവളുടെ സിംഹാസനം (രൂപ)മാറ്റം വരുത്തുവിൻ; അവൾ (യഥാർത്ഥം മനസ്സിലാക്കി) നേർ മാർഗം പ്രാപിക്കുമോ, അഥവാ (മനസ്സിലാകാതെ) നേർമാർഗം പ്രാപിക്കാത്തവരിൽ പെട്ടവളായിത്തീരുമോ എന്ന് നമുക്കുനോക്കാം'.

﴾41﴿ قَالَ അദ്ദേഹം പറഞ്ഞു | نَكِّرُوا നിങ്ങൾ മാറ്റം വരുത്തുവിൻ, അപരിചിതമാക്കുവിൻ لَهَا അവൾക്ക് عَرْشَهَا അവളുടെ സിംഹാസനം نَنْظُرْ നമുക്ക് നോക്കാം, നാം നോക്കുക أَتَهْتَدِي അവൾ നേർമാർഗം പ്രാപിക്കുമോ (യഥാർത്ഥംകണ്ടെത്തുമോ) أَمْ تَكُونُ അതല്ല (അഥവാ) അവൾ ആയിത്തീരുമോ مِنَ الَّذِينَ യാതൊരുകൂട്ടരിൽ പെട്ട(വൾ) لَا يَهْتَدُونَ നേർമാർഗം പ്രാപിക്കാത്ത(യഥാർത്ഥം കണ്ടെത്താത്ത)

ബിൽകീസ് രാജ്ഞി തന്റെ അടുക്കൽ വരുമ്പോൾ, അവളുടെ ബുദ്ധിശക്തി പരീക്ഷിക്കണമെന്നും, അല്ലാഹു തനിക്ക് നൽകിയിട്ടുള്ള പ്രവാചകത്വം തുടങ്ങിയ വമ്പിച്ച അനുഗ്രഹങ്ങളിലേക്ക് അവളുടെ ശ്രദ്ധതിരിക്കണമെന്നും സുലൈമാൻ നബി(അ) ഉദ്ദേശിച്ചു. അതിനായി, അവൾക്ക് വേഗത്തിൽ തിരിച്ചറിയാതിരിക്കത്തക്കവണ്ണം സിംഹാസനത്തിന്റെ ബാഹ്യരൂപത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹം തന്റെ സേവകൻമാരോടാവശ്യപ്പെട്ടു. ഒരു പക്ഷേ, സ്വാഭാവികമായും ആ സിംഹാസനത്തിൽ ഉണ്ടായേക്കാവുന്ന അനിസ്ലാമിക കലാവൈഭവത്തിന്റെ പ്രതീകങ്ങളായ വശങ്ങളിൽ മാറ്റം വരുത്തുകയായിരിക്കും ചെയ്തിരിക്കുക الله اعلم.

فَلَمَّا جَآءَتْ قِيلَ أَهَٰكَذَا عَرْشُكِ ۖ

﴾42﴿ എന്നിട്ട് അവൾ വന്നപ്പോൾ (അവളോട്) ചോദിക്കപ്പെട്ടു: നിങ്ങളുടെ സിംഹാസനം ഇത് പോലെയാണോ?

قَالَتْ كَأَنَّهُۥ هُوَ ۚ وَأُوتِينَا ٱلْعِلْمَ مِن قَبْلِهَا وَكُنَّا مُسْلِمِينَ ﴿٤٢﴾

അവൾ പറഞ്ഞു: ഇത് തന്നെയാണെന്ന് തോന്നുന്നു. ഇതിന് [ഈ സംഭവത്തിന്] മുമ്പ് തന്നെ ഞങ്ങൾക്ക് അറിവ് നൽകപ്പെട്ടി രിക്കുന്നു. ഞങ്ങൾ മുസ്ലിം കളാകുകയും ചെയ്തിരിക്കുന്നു.

﴾42﴿ فَلَمَّا جَاءَتْ എന്നിട്ട് അവൾ വന്നപ്പോൾ قِيلَ പറയപ്പെട്ടു أَهَكَذَا ഇപ്രകാരമാണോ عَرْشُكِ നിന്റ (നിങ്ങളുടെ)സിംഹാസനം قَالَتْ അവൾ പറഞ്ഞു كَأَنَّهُ ഇതാണെന്ന പോലെയുണ്ട്, ഇതാണെന്ന് തോന്നുന്നു هُوَ അത് وَأُوتِينَا ഞങ്ങൾക്ക് നൽകപ്പെടുകയും

ചെയ്തിരിക്കുന്നു الْعِلْمَ അറിവ്ജ്ഞാനം مِنْ قَبْلِهَا ഇതിനു മുമ്പ് തന്നെ وَ كُنَّا ഞങ്ങളാകുകയും ചെയ്തിരിക്കുന്നു مُسْلِمِينَ മുസ്‌ലിംകൾ, അനുസരണമുള്ളവർ

താൻ യമനിൽ തന്റെ കോട്ടക്കകത്ത് സൂക്ഷിച്ചിട്ടുള്ള അതേ സിംഹാസനംതന്നെയാണിതെന്ന് അവൾക്ക് ബോദ്ധ്യമായി. എങ്കിലും, ഒരു പക്ഷേ, ഏതാണ്ട് അതേ രൂപത്തിലുള്ള മറ്റൊന്നും ആവാൻ സാധ്യതയുണ്ടല്ലോ. ആകയാൽ, ഇത് അത് തന്നെ (انه هو) എന്ന് പറയാതെ, ഇത് അത് തന്നെയാണെന്ന് തോന്നുന്നു (كَأَنَّهُ هُوَ)എന്നുത്തരം പറഞ്ഞു. മാത്രമല്ല, അല്ലാഹുവിന്റെ അപാരമായ ശക്തി, സുലൈമാൻ നബി(അ)യുടെ പ്രവാചകത്വം, അദ്ദേഹത്തിന് അല്ലാഹു കൊടുത്തനുഗ്രഹിച്ചിട്ടുള്ള വമ്പിച്ച അനുഗ്രഹങ്ങൾ, അദ്ദേഹത്തിന്റെ ശക്തിപ്രതാപം എന്നിങ്ങിനെയുള്ള കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ഇവിടെ എത്തിച്ചേരുന്നതിന് മുമ്പ് തന്നെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും ഞങ്ങൾ ഞങ്ങളുടെ ബഹുദൈവ വിശ്വാസം ഉപേക്ഷിച്ചു മുസ്‌ലിംകളായിക്കഴിഞ്ഞിട്ടുണ്ടെന്നും, അറിയിക്കുകയും ചെയ്തു. (മുസ്‌ലിംകൾ എന്ന പ്രയോഗത്തെപ്പറ്റി ഇതിന് മുമ്പ് നാം സംസാരിച്ചു. കൂടുതൽ വിവരം 44-ാം വചനത്തിന്റെ വിവരണത്തിലും കാണാം)

സുലൈമാൻ നബി(അ)യുടെ കത്തിൽ നിന്നും, സമ്മാനവുമായി അയക്കപ്പെട്ട ദൗത്യസംഘത്തിന്റെ നേരിട്ടുള്ള അനുഭവങ്ങളിൽ നിന്നും ഏറെക്കുറെ സ്ഥിതിഗതികൾ അവൾക്ക് മുമ്പേ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ പരീക്ഷണത്തിൽ നിന്ന് രാജ്ഞി ബുദ്ധിമതിയും, സദ്വിചാരക്കാരിയുമാണെന്നും വ്യക്തമായി. എന്നാൽ, അവൾ ഇതേവരെ സത്യമാർഗം സ്വീകരിക്കാതെ കഴിഞ്ഞുകൂടുവാനുള്ള കാരണം എന്തായിരുന്നു ? ഇതിനെപ്പറ്റി അല്ലാഹു പ്രസ്താവിക്കുന്നു:

وَصَدَّهَا مَا كَانَت تَّعْبُدُ مِن دُونِ اللَّهِ ۖ

إِنَّهَا كَانَتْ مِن قَوْمٍ كَٰفِرِينَ ﴿٤٣﴾

﴾43﴿ അവൾ അല്ലാഹുവിനു പുറമെ (സൂര്യൻ മുതലായവയെ) ആരാധിച്ചുവന്നിരുന്നത് അവളെ തട ഞ്ഞുകളഞ്ഞു

(കാരണം) നിശ്ചയമായും അവൾ അവിശ്വാസികളായ ഒരു ജനതയിൽ പെട്ടവളായിരുന്നു.

﴾43﴿ وَصَدَّهَا അവളെ തടഞ്ഞുകളഞ്ഞു مَا كَانَتْ تَعْبُدُ അവൾ ആരാധിച്ചുവന്നിരുന്നത് مِنْ دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ (പുറമെ) إِنَّهَا كَانَتْ നിശ്ചയമായും അവളായിരുന്നു مِنْ قَوْمٍ ഒരു ജനതയിൽപെട്ട(വൾ) كَافِرِينَ അവിശ്വാസികളായ

ബിൽഖീസിനെ സ്വീകരിക്കുവാൻ സ്ഫടികംകൊണ്ടുള്ള ഒരു കൊട്ടാരം സുലൈമാൻ നബി(അ)തയ്യാറാക്കിയിരുന്നു. അതിന്റെ അടിഭാഗത്ത് വെള്ളം നിറച്ചു അതിൽ മത്സ്യങ്ങളും മറ്റും അടക്കം ചെയ്തു മീതെ സ്ഫടികം കൊണ്ട് വിതാനം ചെയ്തിരുന്നുവെന്ന് പറയപ്പെടുന്നു.

قِيلَ لَهَا ٱدْخُلِى ٱلصَّرْحَ ۖ فَلَمَّا رَأَتْهُ حَسِبَتْهُ لُجَّةً وَكَشَفَتْ عَن سَاقَيْهَا ۚ قَالَ إِنَّهُۥ صَرْحٌ مُّمَرَّدٌ مِّن قَوَارِيرَ ۗ

﴾44﴿ കൊട്ടാരത്തിൽ പ്രവേശിച്ചു കൊള്ളുക എന്ന് അവളോട് പറയപ്പെട്ടു. എന്നിട്ട് അവളത് കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് അവൾ കണക്കാക്കുകയും, അവളുടെ ഇരു കണങ്കാലുകളിൽ നിന്നും (വസ്ത്രം പൊക്കി) നീക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ഇത് പളുങ്കു കളാൽ മിനുക്കിയുണ്ടാക്കപ്പെട്ട ഒരു കൊട്ടാരമത്രെ.

قَالَتْ رَبِّ إِنِّى ظَلَمْتُ نَفْسِى وَأَسْلَمْتُ مَعَ سُلَيْمَـٰنَ لِلَّهِ رَبِّ ٱلْعَـٰلَمِينَ ﴿٤٤﴾

അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ! ഞാൻ എന്റെ ആത്മാവിനോട് (എന്നോട് തന്നെ) അക്രമം പ്രവർത്തി ച്ചിരിക്കുന്നു. (ഇതാ ഇപ്പോൾ) സുലൈമാ നോടൊപ്പം ലോക രക്ഷിതാവായ അല്ലാഹുവിന് ഞാൻ കീഴ്പ്പെടുകയും [മുസ്ലിമാവുകയും] ചെയ്തി രിക്കു ന്നു.

﴾44﴿ قِيلَ لَهَا അവളോട് പറയപ്പെട്ടു ادْخُلِي നീ പ്രവേശിക്കുക, കടക്കുക الصَّرْحَ കൊട്ടാരത്തിൽ فَلَمَّا رَأَتْهُ അവൾ അത് കണ്ടപ്പോൾ حَسِبَتْهُ അവളതിനെ കണക്കാക്കി, ധരിച്ചു لُجَّةً ഒരു ജലാശയമാണെന്ന് وَكَشَفَتْ അവൾ നീക്കുകയും (വെളിവാക്കുകയും)ചെയ്തു عَنْ سَاقَيْهَا അവളുടെ കണങ്കാലുകളിൽ നിന്ന് قَالَ അദ്ദേഹം പറഞ്ഞു إِنَّهُ صَرْحٌ നിശ്ചയമായും, അത് ഒരു കൊട്ടാരമാകുന്നു مُمَرَّدٌ മിനുസ്സമായുണ്ടാക്കപ്പെട്ട, മിനുക്കപ്പെട്ട مِنْ قَوَارِيرَ പളുങ്കുകളാൽ, സ്ഫടികങ്ങളാൽ قَالَتْ അവൾപറഞ്ഞു رَبِّ എന്റെ റബ്ബേ, രക്ഷിതാവേ إِنِّي ظَلَمْتُ നിശ്ചയമായും ഞാൻ അക്രമം പ്രവർത്തിച്ചിരിക്കുന്നു نَفْسِي എന്റെ ആത്മാവിനോട്, എന്നോട് തന്നെ وَأَسْلَمْتُ ഞാൻ കീഴ്പ്പെടുകയും ചെയ്തിരിക്കുന്നു مَعَ سُلَيْمَانَ സുലൈമാനോടൊപ്പം لِلَّهِ അല്ലാഹുവിന് رَبِّ الْعَالَمِينَ ലോകരക്ഷിതാവായ

മുമ്പ് തന്നെ ഞങ്ങൾക്ക് വിവരം ലഭിച്ചിട്ടുണ്ടെന്നും, ഞങ്ങൾ മുസ്ലിംകളായിട്ടുണ്ടെന്നും ബിൽക്വീസ് സന്ദർഭവശാൽ ആദ്യമേ (42-ാം വചനത്തിൽ) പ്രസ്താവിച്ചിരുന്നുവല്ലോ. അത് അവൾ സുലൈമാൻ നബി(അ)യുടെ അടുക്കൽ എത്തിയ ഉടനെയായിരുന്നു. സ്വീകരണം കഴിഞ്ഞു അതിഥിയുടെ ഔദ്യോഗിക വാസസ്ഥലത്ത്-അവൾക്കായി തയ്യാറാക്കപ്പെട്ട പളുങ്കുകൊട്ടാരത്തിൽ - പ്രവേശിച്ച ശേഷമുള്ള പ്രഖ്യാപനമാണ് ഈ ആയത്തിന്റെ അവസാനത്തിൽ കാണുന്നത്. താൻ ഇതിന് മുമ്പ് ശിർക്കിന്റെ മതം അനുഷ്ഠിച്ചു വന്നത് നിമിത്തം തന്നോട് തന്നെ അക്രമം പ്രവർത്തിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് തനിക്ക് ബോധ്യമാണ്. ഇപ്പോൾ ആ മതം വിട്ടേച്ചു സുലൈമാൻ(അ) ഏതൊരു മതത്തിലേക്ക്

ക്ഷണിക്കുന്നുവോ ആ മതം- ഇസ്‌ലാമാകുന്ന തൗഹീദിന്റെ മതം-സ്വീകരിച്ചു മുസ്‌ലിമായിക്കഴിഞ്ഞിട്ടുണ്ട്, എന്നൊക്കെയത്രെ ഈ പ്രഖ്യാപനത്തിൽ ബിൽക്വീസ് ചൂണ്ടിക്കാട്ടുന്നത്.

أَسْلَمْتُ (അസ്‌ലംതു) എന്ന വാക്കിന് ഞാൻ അനുസരിച്ചു, ഞാൻ കീഴൊതുങ്ങി എന്നിങ്ങിനെയാണ് വാക്കർത്ഥം. അല്ലാഹുവിന് കീഴൊതുങ്ങി എന്ന് വ്യക്തമാക്കിയിട്ടില്ലായിരുന്നുവെങ്കിൽ (لِلَّهِ എന്ന് കൂടി പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ) ആ വാക്കിന്റെ ഉദ്ദേശ്യം, സുലൈമാൻ നബി(അ)ക്ക് കീഴൊതുങ്ങി എന്നും ആകാമായിരുന്നു. അല്ലാഹുവിന് എന്ന് വ്യക്തമാക്കിയത് കൊണ്ട് ഞാൻ മുസ്‌ലിമായി-അഥവാ അല്ലാഹുവിന്റെ കല്പനകൾക്ക് കീഴൊതുങ്ങി - എന്ന് മാത്രമേ അതിന് വിവക്ഷ നൽകാവൂ. എന്നാൽ, ഇസ്‌ലാമിനെ അംഗീകരിക്കുന്നതോടൊപ്പം തന്നെ സുലൈമാൻ നബി (അ)യുടെ പ്രവാചകത്വത്തിൽ (നുബുവ്വത്തിൽ) വിശ്വസിക്കലും, അദ്ദേഹത്തിന്റെ ദിവ്യദൗത്യത്തെ(രിസാലത്തിനെ)അനുസരിക്കലും, അദ്ദേഹത്തിന്റെ ഭരണകൂടത്തിന് കീഴൊതുങ്ങലും സ്വാഭാവികമായി ഉണ്ടായിത്തീരുന്നു. مسلم(മുസ്‌ലിം) എന്ന പദം ഇതേ ക്രിയയിൽ നിന്നുള്ള കർത്തൃനാമം (اِسْمُ الفَاعِل) ആകുന്നു. അതുകൊണ്ടാണ് 38,42 എന്നീ വചനങ്ങളിലെ മുസ്‌ലിംകൾ എന്ന വാക്കിനും ഇതേ വിവക്ഷ നൽകേണ്ടതാണെന്ന് നാം അവിടെ പ്രസ്താവിച്ചത്.

പിന്നീട് തുടർന്നുണ്ടായ സംഭവങ്ങൾ എന്തൊക്കെയാണ്, ബിൽക്വീസ് സ്വരാജ്യത്തേക്ക് തിരിച്ചുപോയി രാജ്യഭരണം തുടർന്നു നടത്തിയോ, അല്ലെങ്കിൽ സുലൈമാൻ നബി(അ)യോ മറ്റോ അവളെ വിവാഹം കഴിച്ചിരുന്നുവോ, എന്നൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ല. അതിന് വിശ്വസനീയമായ ചരിത്രം കാണപ്പെടുന്നുമില്ല. ബൈബ്ളിൽ ബിൽക്വീസിന്റെ സംഭവത്തെക്കുറിച്ച് പറഞ്ഞുകാണുന്നതിന്റെ രത്നച്ചുരുക്കം ഇപ്രകാരമാണ് : ശേബാരാജ്ഞി (സബഇലെ രാജ്ഞി)യഹോവയുടെ നാമം സംബന്ധിച്ച് ശലോമോന്നുള്ള (സുലൈമാൻ നബിക്കുള്ള) കീർത്തി കേട്ടിട്ട് പരീക്ഷിക്കേണ്ടതിനായി വന്നു. മഹത്തായ പരിവാരത്തോടും, സുഗന്ധവർഗവും, പൊന്നും, രത്നവും ചുമന്ന ഒട്ടകങ്ങളോടും കൂടി യരൂശലേമിൽ(ബൈത്തുൽ മുക്വദ്ദസിൽ) വന്നു. തന്റെ മനോരഥമൊക്കെയും അവനോട് പ്രസ്താവിച്ചു. സകല ചോദ്യങ്ങൾക്കും ശലോമോൻ സമാധാനം പറഞ്ഞു. അവന്റെ ജ്ഞാനം, അരമന, ഭക്ഷണം, ഭൃത്യൻമാർ, അവരുടെ ഉടുപ്പ്, പാനപാത്രവാഹകൻമാർ, യഹോവയുടെ ആലയത്തിലേക്കുള്ള എഴുന്നള്ളത്ത് എന്നിവ കണ്ടിട്ട് അവൾ അമ്പരന്നു. അവൾ പറഞ്ഞു : ഞാൻ എന്റെ ദേശത്തുവെച്ച് കേട്ട വർത്തമാനം സത്യം തന്നെ. ഞാൻ വന്നു കാണുന്നതുവരെ അത് വിശ്വസിച്ചില്ല. പാതിപോലും ഞാൻ അറിഞ്ഞിരുന്നില്ല. കേട്ട കീർത്തിയേക്കാൾ അധികമാണ് ഉള്ളത്. നിന്റെ ഭാര്യമാരും നിന്റെ ജ്ഞാനം കേൾക്കുന്ന ഭൃത്യന്മാരും ഭാഗ്യവാൻമാർ. നിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവർ...ശലോമോൻ രാജാവ് സ്വമേധയാ ശേബാ രാജ്ഞിക്ക് രാജൌചിത്യംപോലെ കൊടുത്തത് കൂടാതെ അവൾ ആഗ്രഹിച്ചു ചോദിച്ചതുമെല്ലാം കൊടുത്തു. അങ്ങനെ അവൾ ഭൃത്യൻമാരുമായി സ്വദേശത്തേക്ക് മടങ്ങിപ്പോയി. (1 രാജാക്കൾ 10 ൽ 1-13 നോക്കുക) الله اعلم

വിഭാഗം – 4

وَلَقَدْ أَرْسَلْنَآ إِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا أَنِ ٱعْبُدُوا۟ ٱللَّهَ

《45》 ഥമൂദ് (ഗോത്രത്തി)ന്റെ അടുക്കലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ നാം അയക്കുകയുണ്ടായി; നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ എന്ന് (പറഞ്ഞുകൊണ്ട്)

فَإِذَا هُمْ فَرِيقَانِ يَخْتَصِمُونَ ﴿٤٥﴾

അപ്പോഴതാ, അവർ (അന്യോന്യം) വഴക്കടിച്ചുകൊണ്ടിരിക്കുന്ന രണ്ട് കക്ഷികളാകുന്നു!

قَالَ يَٰقَوْمِ لِمَ تَسْتَعْجِلُونَ بِٱلسَّيِّئَةِ قَبْلَ ٱلْحَسَنَةِ ۖ

《46》 അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ നന്മയുടെ മുമ്പായി തിന്മക്ക് ധൃതികൂട്ടുന്നത് എന്തിനായിട്ടാണ്?

لَوْلَا تَسْتَغْفِرُونَ ٱللَّهَ لَعَلَّكُمْ تُرْحَمُونَ ﴿٤٦﴾

അല്ലാഹുവിനോട് നിങ്ങൾക്ക് മാപ്പിന്നപേക്ഷിച്ചുകൂടേ? നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കുമല്ലോ!

قَالُوا۟ ٱطَّيَّرْنَا بِكَ وَبِمَن مَّعَكَ ۚ قَالَ طَٰٓئِرُكُمْ عِندَ ٱللَّهِ ۖ بَلْ أَنتُمْ قَوْمٌ تُفْتَنُونَ ﴿٤٧﴾

《47》 അവർ പറഞ്ഞു: (സ്വാലി ഹേ) നിന്നെക്കൊണ്ടും നിന്റെ കൂടെയുള്ളവരെ (വിശ്വാസികളെ) ക്കൊണ്ടും ഞങ്ങൾ ശകുനപ്പിഴവിലായിരിക്കുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ശകുനപ്പിഴവ് അല്ലാഹുവിങ്കലത്രെ. മാത്രമല്ല, നിങ്ങൾ പരീക്ഷണം ചെയ്യപ്പെടുന്ന ഒരു ജനതയാകുന്നു.

《45》 وَلَقَدْ أَرْسَلْنَا നാം അയക്കുകയുണ്ടായി, തീർച്ചയായും അയച്ചു إِلَىٰ ثَمُودَ ഥമൂദ് ഗോത്രത്തിലേക്ക് أَخَاهُمْ അവരുടെ സഹോദരനെ صَالِحًا സ്വാലിഹിനെ أَنِ اعْبُدُوا നിങ്ങൾ ആരാധിക്കുവിൻ എന്ന് اللَّهَ അല്ലാഹുവിനെ فَإِذَا അപ്പോഴതാ هُمْ അവർ فَرِيقَانِ രണ്ടുകക്ഷികൾ, വിഭാഗങ്ങൾ يَخْتَصِمُونَ കക്ഷി വഴക്കുകൂട്ടുന്ന, തർക്കിക്കുന്ന 《46》 قَالَ അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളേ لِمَ എന്തിന് تَسْتَعْجِلُونَ നിങ്ങൾ ധൃതികൂട്ടുന്നു, ബദ്ധപ്പെടുന്നു بِالسَّيِّئَةِ തിന്മക്ക് قَبْلَ الْحَسَنَةِ നന്മയുടെ മുമ്പ് لَوْلَا تَسْتَغْفِرُونَ നിങ്ങൾ പാപമോചനം

തേടാത്തതെന്താണ്, തേടിക്കൂടേ ٱللَّهَ അല്ലാഹുവിനോട് لَعَلَّكُمْ നിങ്ങളായേക്കാം, നിങ്ങളാകുവാൻ വേണ്ടി تُرْحَمُونَ കരുണ ചെയ്യപ്പെടുന്ന (വർ) ﴾47﴿ قَالُوا۟ അവർ പറഞ്ഞു ٱطَّيَّرْنَا ഞങ്ങൾ ശകുനപ്പിഴയിലായി, ഞങ്ങൾക്ക് ലക്ഷണക്കേട് ബാധിച്ചു بِكَ നിന്നെക്കൊണ്ട് وَبِمَن مَّعَكَ നിന്റെകൂടെ(ഒന്നിച്ച്)ഉള്ളവരെക്കൊണ്ടും قَالَ അദ്ദേഹം പറഞ്ഞു طَٰٓئِرُكُمْ നിങ്ങളുടെ ലക്ഷണക്കേട്, ശകുനപ്പിഴ عِندَ ٱللَّهِ അല്ലാഹുവിങ്കലാണ് بَلْ പക്ഷേ (അത്രയുമല്ല) أَنتُمْ നിങ്ങൾ قَوْمٌ ഒരു ജനതയാണ് تُفْتَنُونَ പരീക്ഷണം ചെയ്യപ്പെടുന്ന

സ്വാലിഹ് നബി(അ)യിൽ വിശ്വസിച്ചവരും, അദ്ദേഹത്തെ നിഷേധിച്ചവരുമാണ് രണ്ട് കക്ഷികൾ എന്ന് പറഞ്ഞത്. നിഷേധ വിഭാഗക്കാർ കടുത്ത അക്രമികളും, ധിക്കാര ബുദ്ധികളുമായിരുന്നുവെന്ന് ക്വുർആൻ പല സ്ഥലത്തും പ്രസ്താവിച്ചത് കാണാം. സ്വാലിഹ് നബി(അ)യും അവരും തമ്മിൽ നടന്നിട്ടുള്ള പല വാഗ്വാദങ്ങളുടെ കൂട്ടത്തിൽ ചിലതാണ് ഈ ആയത്തുകളിൽ കാണുന്നത്. അവർ അല്ലാഹുവിൽ വിശ്വസിക്കുകയും, അവനോട് പാപമോചനത്തിന് പ്രാർത്ഥിക്കുകയും ചെയ്യുന്ന പക്ഷം അവർക്ക് ലഭിക്കുവാനിരിക്കുന്ന ഇഹപര നൻമകൾക്ക് വേണ്ടി പരിശ്രമിക്കുന്നതിന് പകരം, 'ഹേ സ്വാലിഹേ! നീ ദൈവദൂതൻമാരിൽ പെട്ടവനാണങ്കിൽ, ഞങ്ങളോട് നീ താക്കീത് ചെയ്യുന്ന ആ ശിക്ഷ കൊണ്ടുവാ!' (يَا صَالِحُ ائْتِنَا بِمَا تَعِدُنَا إِن كُنتَ مِنَ الْمُرْسَلِينَ) എന്നും മറ്റും തിൻമക്ക് വേണ്ടി അവർ ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നതിനെ അദ്ദേഹം ആക്ഷേപിക്കുകയാണ്. അവരുടെ മറുപടിയാകട്ടെ, സ്വാലിഹ് നബി(അ)യും, അദ്ദേഹത്തിൽ വിശ്വസിച്ചവരും നിമിത്തം തങ്ങൾക്ക് ശകുനപ്പിഴ ബാധിച്ചിരിക്കയാണെന്നും, നിലവിലുള്ള ക്ഷാമം, വരൾച്ച, കക്ഷിത്തം ആദിയായവക്കെല്ലാം കാരണം അതാണെന്നുമായിരുന്നു. വാസ്തവം നേരെമറിച്ചാണെന്നും, അവരുടെ ദുഷ്ചെയ്തികൾ കാരണമായി അവർ അല്ലാഹുവിന്റെ പരീക്ഷണത്തിന് വിധേയരായിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞുനോക്കി. പക്ഷേ, അവരുടെ ധിക്കാരം വർദ്ധിക്കുകയാണുണ്ടായത്:-

وَكَانَ فِى ٱلْمَدِينَةِ تِسْعَةُ رَهْطٍ يُفْسِدُونَ فِى ٱلْأَرْضِ وَلَا يُصْلِحُونَ ﴿٤٨﴾

﴾48﴿ (ആ) നഗരത്തിൽ ഒമ്പതാളുകളുള്ള ഒരു സംഘം ഉണ്ടായിരുന്നു; അവർ നാട്ടിൽ നൻമയുണ്ടാക്കാതെ, കുഴപ്പമുണ്ടാക്കുകയായിരുന്നു.

قَالُوا۟ تَقَاسَمُوا۟ بِٱللَّهِ لَنُبَيِّتَنَّهُۥ وَأَهْلَهُۥ ثُمَّ لَنَقُولَنَّ لِوَلِيِّهِۦ مَا

﴾49﴿ അവർ (തമ്മിൽ) പറഞ്ഞു : നിങ്ങൾ പരസ്പരം അല്ലാഹുവിൽ ശപഥം ചെയ്തു (ഇങ്ങിനെ) പറയണം: നിശ്ചയമായും, ഇവനെ [സ്വാലിഹിനെ]യും, ഇവന്റെ ആൾ

شَهِدْنَا مَهْلِكَ أَهْلِهِۦ وَإِنَّا لَصَٰدِقُونَ ﴿٤٩﴾

ക്കാരെയും ഞങ്ങൾ രാക്കൊല നടത്തുന്നതാണ്, പിന്നീട് അവന്റെ അവകാശിയോട്: തന്റെ കുടുംബത്തിന്റെ നാശസംഭവത്തിങ്കൽ ഞങ്ങൾ ഹാജറുണ്ടായിട്ടില്ല എന്നും, ഞങ്ങൾ സത്യം പറയുന്നവർ തന്നെയാണ് എന്നും പറയുകയും ചെയ്യും.

﴿48﴾ وَكَانَ ഉണ്ടായിരുന്നു فِي الْمَدِينَةِ നഗരത്തിൽ, രാജ്യത്തിൽ تِسْعَةُ رَهْطٍ ഒരു സംഘത്തിലെ ഒമ്പതാളുകൾ(ഒമ്പതാളുള്ള ഒരു സംഘം) يُفْسِدُونَ അവർ കുഴപ്പമുണ്ടാക്കുന്നു فِي الْأَرْضِ ഭൂമിയിൽ(നാട്ടിൽ) وَلَا يُصْلِحُونَ അവർ നൻമയുണ്ടാക്കുകയുമില്ല (നൻമയുണ്ടാക്കാതെ) ﴿49﴾ قَالُوا അവർ പറഞ്ഞു تَقَاسَمُوا നിങ്ങൾ പരസ്പരം സത്യം ചെയ്തു പറയണം, ശപഥം ചെയ്യുവിൻ بِاللَّهِ അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ട് لَنُبَيِّتَنَّهُ നിശ്ചയമായും ഞങ്ങളവനെ രാക്കൊലചെയ്യും, രാത്രി ഏർപ്പാട് ചെയ്യും وَأَهْلَهُ അവന്റെ ആൾക്കാരെയും, സ്വന്തക്കാരെയും ثُمَّ لَنَقُولَنَّ പിന്നെ ഞങ്ങൾ പറയും لِوَلِيِّهِ അവന്റെ ബന്ധുവോട്(അവകാശിയോട്) مَا شَهِدْنَا ഞങ്ങൾ ഹാജറായിട്ടില്ല, കണ്ടിട്ടില്ല مَهْلِكَ أَهْلِهِ തന്റെ സ്വന്തക്കാരുടെ (കുടുംബത്തിന്റെ) നാശസംഭവത്തിൽ وَإِنَّا നിശ്ചയമായും ഞങ്ങൾ لَصَادِقُونَ സത്യം പറയുന്നവർ തന്നെയാണ്

ഥമൂദ് ഗോത്രത്തിന് പ്രത്യക്ഷ ദൃഷ്ടാന്തമായി നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടകത്തെ അവർ കുതികാൽവെട്ടി അറുത്തുകളയുകയുണ്ടായി. അതിനെത്തുടർന്ന് എനി അവർക്ക് മൂന്ന്ദിവസത്തെ അവധി മാത്രമേയുള്ളുവെന്ന് സ്വാലിഹ് (അ) അവർക്ക് അന്ത്യശാസനം നൽകിയിരുന്നു. (هود : ٦٥) ഈ അവസരത്തിലായിരുന്നു അദ്ദേഹത്തെയും കൂടെയുള്ള വിശ്വാസികളെയും രാക്കൊല നടത്തുവാൻ അവർ തമ്മിൽ ഗൂഢമായി പരിപാടിയിട്ടത്. അദ്ദേഹത്തിന്റെ എതിരാളികൾക്ക് നേതൃത്വം നൽകിയിരുന്ന ഏറ്റവും വലിയ ധിക്കാരികളെക്കുറിച്ചാണ് ഒമ്പത് പേരുള്ള ഒരു സംഘം എന്ന് പറഞ്ഞത്. ഇവരിൽ ഏറ്റവും നികൃഷ്ടനായ ഒരാളായിരുന്നു ഒട്ടകത്തിന്റെ നേരെ കയ്യേറ്റം നടത്താൻ ധൈര്യപൂർവ്വം മുമ്പോട്ട് വന്നത്. അങ്ങനെ, ഗൂഢമായി സ്വാലിഹ് നബി(അ)യെയും കൂട്ടുകാരെയും ഏകോപിച്ചു കൊലചെയ്വാനും, അദ്ദേഹത്തിന്റെ സ്വന്തക്കാരോട് കുറ്റം നിഷേധിക്കുവാനും അവർ പരസ്പരം ശപഥം ചെയ്തു തീരുമാനിച്ചു. പക്ഷേ, അല്ലാഹുവിന്റെ നിശ്ചയത്തിനെതിരിൽ ആരുടെ ഗൂഢതന്ത്രവും നടക്കുകയില്ലല്ലോ, അല്ലാഹു പറയുന്നു :

وَمَكَرُوا۟ مَكْرًا وَمَكَرْنَا مَكْرًا وَهُمْ لَا يَشْعُرُونَ ﴿٥٠﴾

﴿50﴾ അവർ ഒരു (ഗൂഢ) തന്ത്രം പ്രയോഗിച്ചു: അവർ അറിയാതെ നാമും ഒരു തന്ത്രം പ്രയോഗിച്ചു.

فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ مَكْرِهِمْ أَنَّا دَمَّرْنَـٰهُمْ وَقَوْمَهُمْ أَجْمَعِينَ ﴿٥١﴾

﴿51﴾ എന്നാൽ, നോക്കുക: അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങിനെയാണുണ്ടായതെന്ന്; അതായത്: അവരെയും അവരുടെ ജനതയെ മുഴുവനും നാം തകർത്തു കളഞ്ഞത് (എങ്ങിനെയാണെന്ന്)?!

فَتِلْكَ بُيُوتُهُمْ خَاوِيَةًۢ بِمَا ظَلَمُوٓا۟ ۗ إِنَّ فِى ذَٰلِكَ لَـَٔايَةً لِّقَوْمٍ يَعْلَمُونَ ﴿٥٢﴾

﴿52﴾ എന്നിട്ടതാ അവർ അക്രമം പ്രവർത്തിച്ചത് നിമിത്തം അവരുടെ വീടുകൾ വീണടിഞ്ഞു (ശൂന്യമായി) കിടക്കുന്നു! നിശ്ചയമായും, അതിൽ അറിയുന്ന ജനങ്ങൾക്ക് ഒരു (വമ്പിച്ച) ദൃഷ്ടാന്തമുണ്ട്.

وَأَنجَيْنَا ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٥٣﴾

﴿53﴾ വിശ്വസിക്കുകയും സൂക്ഷിച്ചുവരുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

﴿50﴾ وَمَكَرُوا അവർ തന്ത്രം നടത്തി, കുതന്ത്രം പ്രയോഗിച്ചു مَكْرًا ഒരു തന്ത്രം وَمَكَرْنَا നാമും തന്ത്രം നടത്തി مَكْرًا ഒരു തന്ത്രം وَهُمْ അവരാകട്ടെ لَا يَشْعُرُونَ അറിയാതെ, അറിഞ്ഞിരുന്നില്ല ﴿51﴾ فَانظُرْ എന്നാൽ നോക്കുക كَيْفَ كَانَ എങ്ങിനെയായി, എപ്രകാരമുണ്ടായി عَاقِبَةُ مَكْرِهِمْ അവരുടെ തന്ത്രത്തിന്റെ പര്യവസാനം أَنَّا دَمَّرْنَاهُمْ അതായത് നാം അവരെ തകർത്തു കളഞ്ഞത് وَقَوْمَهُمْ അവരുടെ ജനതയെയും أَجْمَعِينَ മുഴുവനും, എല്ലാവരെയും ﴿52﴾ فَتِلْكَ എന്നിട്ടതാ بُيُوتُهُمْ അവരുടെ വീടുകൾ خَاوِيَةً വീണടിഞ്ഞു കിടക്കുന്ന നിലയിൽ بِمَا ظَلَمُوا അവർ അക്രമം പ്രവർത്തിച്ചത് നിമിത്തം إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു ദൃഷ്ടാന്തം لِقَوْمٍ ഒരു ജനതക്ക് يَعْلَمُونَ അറിയുന്ന ﴿53﴾ وَأَنجَيْنَا നാം രക്ഷപ്പെടുത്തുകയും ചെയ്തു الَّذِينَ آمَنُوا വിശ്വസിച്ചവരെ وَكَانُوا يَتَّقُونَ സൂക്ഷിച്ചുവരുകയും ചെയ്ത

സൂ: ശുഅറാഇലും മറ്റും ഥമൂദിന്റെ സംഭവം വിവരിച്ചിട്ടുള്ളത്കൊണ്ട് ഇവിടെ ആവർത്തിക്കേണ്ടതില്ല. അടുത്ത ആയത്തിൽ ലൂത്ത് നബി(അ) യുടെ സംഭവം വിവരിക്കുന്നു:

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ أَتَأْتُونَ

﴿54﴾ ലൂത്വിനെയും (പ്രസ്താവിക്കുക): അതായത്, അദ്ദേഹം തന്റെ ജനങ്ങളോട് പറഞ്ഞപ്പോൾ: 'നിങ്ങൾ

ٱلْفَـٰحِشَةَ وَأَنتُمْ تُبْصِرُونَ ﴿٥٤﴾

കണ്ടുംകൊണ്ട് തന്നെ (ഈ) ദുഷ്ട പ്രവൃത്തി ചെയ്യുകയാണോ ?!'

﴾54﴿ وَلُوطًا ലൂത്വിനെയും (പ്രസ്താവിക്കുക) إِذْقَالَ അദ്ദേഹം പറഞ്ഞപ്പോൾ لِقَوْمِهِۦ തന്റെ ജനതയോട് أَتَأْتُونَ നിങ്ങൾ ചെല്ലുകയാണോ (ചെയ്യുകയാണോ) الْفَاحِشَةَ ദുഷ്ടപ്രവൃത്തി(നീചവൃത്തി)ക്ക് وَأَنْتُمْ നിങ്ങൾ, നിങ്ങളാകട്ടെ تُبْصِرُونَ കണ്ടുംകൊണ്ട്

'നിങ്ങൾ കണ്ടുകൊണ്ട് തന്നെ' എന്ന വാക്കിന് രണ്ട് പ്രകാരത്തിൽ വിവക്ഷ നൽകപ്പെട്ടിട്ടുണ്ട്. അതായത്, ദുഷ്ടതയും നീചത്വവുമാണെന്ന് കണ്ടറിഞ്ഞുംകൊണ്ട് എന്നും, പരസ്പരം ഗോപ്യമാക്കുവാൻപോലും ശ്രമിക്കാതെ പരസ്യമായി അന്യോന്യം നോക്കിക്കൊണ്ട് തന്നെ എന്നും. ദുഷ്കൃത്യങ്ങളുടെ കൊള്ളരുതായ്മയെപ്പറ്റി അറിയാതെ പ്രവർത്തിക്കുന്നതിനെക്കാൾ വമ്പിച്ച തെറ്റാണല്ലോ അറിഞ്ഞും കൊണ്ട് കൽപിച്ചുകൂട്ടി അതിന് മുതിരുന്നത്. അത് പോലെതന്നെ, പരസ്യമായും നിസ്സങ്കോചമായും ചെയ്യുന്ന അപരാധം, സ്വകാര്യമായും മറ്റുള്ളവർ അറിയുന്നതിൽ സങ്കോചപ്പെട്ടുകൊണ്ടും ചെയ്യുന്നതിനെക്കാളും വമ്പിച്ച ധിക്കാരമായിത്തീരുന്നു. മനുഷ്യന് ലജ്ജയില്ലാത്ത പക്ഷം ഏത് നിചകൃത്യവും ചെയ്‌വാൻ മടിയുണ്ടാവുകയില്ല. സൂ: അൻകബൂത്തിൽ ഇവരെ അഭിമുഖീകരിച്ചുകൊണ്ട് ലൂത്ത്നബി(അ) ഇങ്ങിനെ പറഞ്ഞതായി കാണാം: وَتَأْتُونَ فِي نَادِيكُمُ الْمُنكَرَ (നിങ്ങൾ നിങ്ങളുടെ സദസ്സിൽ വെച്ച് ദുഷ്പ്രവർത്തി ചെയ്യുകയും ചെയ്യുന്നു). ഇവിടെ ദുഷ്ടപ്രവൃത്തി (الْفَاحِشَةَ) കൊണ്ടുള്ള ഉദ്ദേശ്യം അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാം. ലൂത്വ് (അ) തുടർന്ന് പറയുന്നു:

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ تَجْهَلُونَ ﴿٥٥﴾

﴾55﴿ നിങ്ങൾ കാമ (നിവാരണ) ത്തിന് സ്ത്രീകളെ വിട്ടു പുരുഷൻ മാരുടെ അടുക്കൽതന്നെ ചെല്ലുക യാണോ (ചെയ്യുന്നത്)?! മാത്രമല്ല, നിങ്ങൾ വിഡ്ഢിത്തം പ്രവർത്തി ക്കുന്ന ഒരു ജനതയത്രെ.

ജുസ്ഉ് - 20

۞ فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوٓا۟ أَخْرِجُوٓا۟ ءَالَ لُوطٍ مِّن قَرْيَتِكُمْ ۖ إِنَّهُمْ أُنَاسٌ يَتَطَهَّرُونَ ﴿٥٦﴾

﴾56﴿ അപ്പോൾ, അദ്ദേഹത്തിന്റെ ജനതയുടെ മറുപടി (ഇപ്രകാരം) അവൻ പറയുകയല്ലാതെ (മറ്റൊന്നും) ആയി രുന്നില്ല: ലൂത്വിന്റെ ആൾക്കാരെ നിങ്ങളുടെ രാജ്യത്തു നിന്ന് പുറത്താക്കുക; അവർ പരിശു ദ്ധിയോടെ നടക്കുന്ന മനുഷ്യൻമാ രാണ്.

﴿55﴾ أَئِنَّكُمْ لَتَأْتُونَ നിങ്ങൾ ചെല്ലുക തന്നെയാണോ الرِّجَالَ പുരുഷൻമാരുടെ
അടുക്കൽ شَهْوَةً കാമത്താൽ, (കാമനിവാരണത്തിന്) مِنْ دُونِ النِّسَاءِ സ്ത്രീകളെ വിട്ട്,
സ്ത്രീകളെക്കൂടാതെ بَلْ എന്നാൽ (മാത്രമല്ല) أَنْتُمْ നിങ്ങൾ قَوْمٌ ഒരു ജനതയാണ് تَجْهَلُونَ
വിഡ്ഢിത്തം പ്രവർത്തിക്കുന്ന (മൂഢരായ) ﴿56﴾ فَمَا كَانَ അപ്പോൾ ആയിരുന്നില്ല جَوَابَ قَوْمِهِ
തന്റെ ജനതയുടെ മറുപടി إِلَّا أَنْ قَالُوا അവർ പറയുകയല്ലാതെ أَخْرِجُوا നിങ്ങൾ
പുറത്താക്കുക(ബഹിഷ്കരിക്കുക) آلَ لُوطٍ ലൂത്വിന്റെ ആൾക്കാരെ, കുടുംബത്തെ مِنْ قَرْيَتِكُمْ
നിങ്ങളുടെ രാജ്യത്ത് നിന്ന് إِنَّهُمْ നിശ്ചയമായും അവർ أُنَاسٌ ഒരു(തരം) മനുഷ്യരാണ്
يَتَطَهَّرُونَ പരിശുദ്ധിയോടെ നടക്കുന്ന, ശുദ്ധത നടിക്കുന്ന

നിസ്സങ്കോചം പരസ്യമായി നീചകൃത്യങ്ങളും അക്രമങ്ങളും പ്രവർത്തിക്കുക പതിവായിരുന്ന ആ ജനതയെ ലൂത്വ് (അ)എത്ര ഉപദേശിച്ചിട്ടും ഫലമുണ്ടായില്ല. ലൂത്വും, അവന്റെ ആളുകളും വളരെ പരിശുദ്ധരാണ്, കേവലം ദുഷ്ടൻമാരായ നമുക്കും അവർക്കും കൂടി ഒത്തിണങ്ങി രാജ്യത്ത് കഴിഞ്ഞുകൂടുക സാധ്യമല്ല. അതുകൊണ്ട് അവരെ നാട്ടിൽ നിന്നും ബഹിഷ്കരിക്കണം. ഇതായിരുന്നു ഒടുവിലത്തെ പ്രതികരണം. തോന്നിയവാസത്തിലും നീചപ്രവൃത്തികളിലും, മുഴുകിയ ആളുകൾക്ക് നാട്ടിൽ അൽപം കക്ഷിബലം കൂടിയുണ്ടാകുമ്പോൾ, പരിഹാസവും, ധിക്കാരവും കലർന്ന ഇത്തരം വാക്കുകൾ പ്രയോഗിക്കലും, അത് പ്രായോഗികമാക്കാൻ ശ്രമം നടത്തലും മുമ്പേയുള്ള പതിവാണ്.

فَأَنجَيْنَٰهُ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ قَدَّرْنَٰهَا مِنَ ٱلْغَٰبِرِينَ ﴿٥٧﴾

﴿57﴾ എന്നാൽ, അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കുടുംബത്തെയും നാം രക്ഷപ്പെടുത്തി – അദ്ദേഹത്തിന്റെ ഭാര്യ ഒഴികെ; അവളെ നാം കഴിഞ്ഞു പോയവരുടെ [ശിക്ഷയിൽ അകപ്പെട്ടവരുടെ] കൂട്ടത്തിൽ കണക്കാക്കുകയാണ് ചെയ്തത്!

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَسَآءَ مَطَرُ ٱلْمُنذَرِينَ ﴿٥٨﴾

﴿58﴾ അവരുടെ മേൽ നാം ഒരു (കൽ) മഴ വർഷിപ്പിക്കുകയയും ചെയ്തു. (ആ) മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ മഴ എത്ര ചീത്ത !

﴿57﴾ فَأَنْجَيْنَاهُ എന്നാൽ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി وَأَهْلَهُ തന്റെ
കുടുംബത്തെയും, സ്വന്തക്കാരെയും إِلَّا امْرَأَتَهُ തന്റെ ഭാര്യയെ ഒഴികെ قَدَّرْنَاهَا നാമവളെ
കണക്കാക്കി مِنَ الْغَابِرِينَ ശേഷിച്ചവരിൽ, കഴിഞ്ഞുപോയവരിൽ(ഉൾപ്പെട്ടുപോയവരുടെ കൂട്ടത്തിൽ)
﴿58﴾ وَأَمْطَرْنَا നാം വർഷിപ്പിക്കയും ചെയ്തു عَلَيْهِمْ അവരുടെ മേൽ مَطَرًا ഒരു മഴ فَسَاءَ
എന്നാൽ എത്ര ചീത്ത, വളരെ മോശം مَطَرُ الْمُنْذَرِينَ മുന്നറിയിപ്പു നൽകപ്പെട്ടവരുടെ മഴ

പ്രസ്തുത സംഭവത്തെപ്പറ്റി ഇതിനുമുമ്പ് കഴിഞ്ഞ സൂറത്തിൽ തന്നെ സവിസ്തരം പ്രസ്താവിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ അതാവർത്തിക്കുന്നില്ല. ചില പ്രവാചകൻമാരുടെയും, ജനങ്ങളുടെയും സംഭവങ്ങൾ വിവരിച്ച ശേഷം, തുടർന്നുകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യങ്ങളും, അവനെ മാത്രം ആരാധിക്കുന്നതിന്റെ ആവശ്യകതയും അടുത്ത വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നു. മേൽപറഞ്ഞ പ്രവാചകൻമാർക്കും, സത്യവിശ്വാസികൾക്കും രക്ഷ ലഭിച്ചതിന്റെയും, പ്രസ്തുത സംഭവങ്ങളിൽ നിന്ന് മനസ്സിലാക്കുവാനുള്ള ഗുണപാഠങ്ങളുടെയും പേരിൽ അല്ലാഹുവിനെ സ്തോത്രം ചെയ്വാൻ നബി ﷺ യോട് ഉപദേശിച്ചുകൊണ്ടാണ്, കനത്ത ചില ചോദ്യങ്ങളടങ്ങുന്ന ആ വചനങ്ങൾ തുടങ്ങുന്നത്.

വിഭാഗം - 5

قُلِ ٱلْحَمْدُ لِلَّهِ وَسَلَٰمٌ عَلَىٰ عِبَادِهِ ٱلَّذِينَ ٱصْطَفَىٰٓ ۗ ءَآللَّهُ خَيْرٌ أَمَّا يُشْرِكُونَ ﴿٥٩﴾

﴾59﴿ (നബിയേ) പറയുക: സർവ്വ സ്തുതിയും അല്ലാഹുവിനത്രെ! അവൻ തിരഞ്ഞെടുത്തിട്ടുള്ള അവന്റെ (നല്ല)അടിയാൻമാരിൽ സലാമും [സമാധാന ശാന്തിയും] ഉണ്ട്! അല്ലാഹുവാണോ ഉത്തമം, അഥവാ അവർ (അവനോട്) പങ്കു ചേർക്കുന്നവയോ?!

أَمَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَأَنزَلَ لَكُم مِّنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا بِهِۦ حَدَآئِقَ ذَاتَ بَهْجَةٍ مَّا كَانَ لَكُمْ أَن تُنۢبِتُوا۟ شَجَرَهَآ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ ﴿٦٠﴾

﴾60﴿ അഥവാ, ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, ആകാശത്ത് നിന്ന് നിങ്ങൾക്ക് ജലം ഇറക്കിത്തരുകയും ചെയ്തവനോ (-ആരാണ് ഉത്തമം)?! എന്നിട്ട് അതു [ജലം] കൊണ്ട് നാം [അല്ലാഹു] അഴകുള്ള തോപ്പുകൾ ഉൽപാദി പ്പിച്ചു.

അവയിലെ വൃക്ഷങ്ങൾ ഉൽപാദി പ്പിക്കുവാൻ നിങ്ങൾക്ക് ആകുന്നതല്ല, അല്ലാഹുവിന്റെ കൂടെ (വേറെ) വല്ല ആരാധ്യനും ഉണ്ടോ? (ചിന്തിച്ചു നോക്കുക!)

എന്നാൽ, അവർ (ഈ യാഥാർ ത്ഥ്യം വിട്ടു)തെറ്റിക്കളയുന്ന ഒരു ജനതയാകുന്നു!

﴾59﴿ قُلِ നീ പറയുക الْحَمْدُ സർവ്വ സ്തുതിയും لِلَّهِ അല്ലാഹുവിനാണ് وَسَلَامٌ സലാം,

സമാധാനശാന്തി عَلَىٰ عِبَادِهِ അവന്റെ അടിയാൻമാർക്ക് الَّذِينَ اصْطَفَىٰ അവൻ തിരഞ്ഞെടുത്തവരായ, തെളിയിച്ചെടുത്ത آللَّهُ അല്ലാഹുവാണോ خَيْرٌ ഉത്തമം, നല്ലവൻ, ഉൽകൃഷ്ടൻ أَمْ അതല്ല (അല്ലെങ്കിൽ, അഥവാ) مَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നത് ﴿60﴾
أَمَّنْ അഥവാ (അതല്ല, അല്ലെങ്കിൽ)യാതൊരുവനോ خَلَقَ السَّمَاوَاتِ അവൻ ആകാശങ്ങളെ സൃഷ്ടിച്ചു وَالْأَرْضَ ഭൂമിയെയും وَأَنزَلَ ഇറക്കുകയും ചെയ്തു لَكُم നിങ്ങൾക്ക് വേണ്ടി مِّنَ السَّمَاءِ ആകാശത്തു(ഉപരിഭാഗത്തു)നിന്ന് مَاءً ജലം (മഴ) فَأَنبَتْنَا എന്നിട്ട് നാം ഉൽപാദിപ്പിച്ചു, മുളപ്പിച്ചു بِهِ അതുകൊണ്ട് حَدَائِقَ തോപ്പുകൾ, തോട്ടങ്ങൾ ذَاتَ بَهْجَةٍ അഴകുള്ള(കിളുർത്ത) مَّا كَانَ لَكُمْ നിങ്ങൾക്ക് ആകുന്നതല്ല (സാധ്യമല്ല) أَن تُنبِتُوا നിങ്ങൾ ഉൽപാദിപ്പിക്കൽ شَجَرَهَا അവയിലെ വൃക്ഷങ്ങൾ أَإِلَٰهٌ വല്ല ഇലാഹും ഉണ്ടോ مَّعَ اللَّهِ അല്ലാഹുവോട് കൂടി بَلْ هُمْ എന്നാൽ(എങ്കിലും)അവർ قَوْمٌ ഒരു ജനതയാകുന്നു يَعْدِلُونَ സമപ്പെടുത്തുന്ന, തെറ്റിപ്പോകുന്ന

മേൽ ഉദ്ധരിച്ച മഹൽകൃത്യങ്ങളും, വമ്പിച്ച അനുഗ്രഹങ്ങളും ചെയ്തുവരുന്നവൻ അല്ലാഹുവല്ലാതെ മറ്റാരുമല്ലാത്ത സ്ഥിതിക്ക് അവനെക്കാൾ ഉത്തമനും ശ്രേഷ്ഠനുമായ–അല്ലെങ്കിൽ അവനോട് സമത്വം കൽപിക്കപ്പെടാവുന്ന–ഒരു ആരാധ്യൻ വേറെ ഉണ്ടാകുവാൻ യാതൊരു ന്യായവുമില്ല. പരമാർത്ഥം ഇതായിരുന്നിട്ടും അവർ ചില വസ്തുക്കളെ അല്ലാഹുവിന് സമമായി ഗണിക്കുകയും, അവരെ ദൈവങ്ങളാക്കുകയും ചെയ്തുവരുകയാണ്. അങ്ങിനെ, അവർ യഥാർത്ഥത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടിരിക്കുന്നു.

قَوْمٌ يَعْدِلُونَ എന്ന വാക്കിന് സമപ്പെടുത്തുന്ന ജനത എന്നും, തെറ്റിപ്പോകുന്ന ജനത എന്നും അർത്ഥം വരാം. ആദ്യത്തെ അർത്ഥപ്രകാരം, നേർവഴി വിട്ട് വക്രവഴിയിലേക്ക് തെറ്റിപ്പോകുന്ന ജനത എന്നും, രണ്ടാമത്തെ അർത്ഥ പ്രകാരം അല്ലാഹുവിനോട് മറ്റുള്ളവരെ സമപ്പെടുത്തുന്ന ജനത എന്നും താല്പര്യമായിരിക്കും.

أَمَّن جَعَلَ ٱلْأَرْضَ قَرَارًا وَجَعَلَ خِلَٰلَهَآ أَنْهَٰرًا وَجَعَلَ لَهَا رَوَٰسِىَ وَجَعَلَ بَيْنَ ٱلْبَحْرَيْنِ حَاجِزًا ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٦١﴾

﴿61﴾ അല്ലെങ്കിൽ, ഭൂമിയെ ഒരു ഭവനമാക്കുകയും, അതിനിടയിൽ കൂടി നദികളുണ്ടാക്കുകയും, അതിന് [ഭൂമിക്ക്] ആണികളെ [ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ] ഉണ്ടാ ക്കുകയും രണ്ട് സമുദ്രങ്ങൾക്കിടയിൽ ഒരു (തരം) തടസ്സം ഏർപ്പെടുത്തു കയും ചെയ്തവനോ (–ആരാണു ത്തമം)?! അല്ലാഹുവിന്റെ കൂടെ വല്ല ആരാധ്യനും ഉണ്ടോ?! (ആലോചിച്ചു നോക്കൂ)

എന്നാൽ, അവരിൽ അധികമാളുകളും അറിയുന്നില്ല!

أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ ٱلسُّوٓءَ وَيَجْعَلُكُمْ خُلَفَآءَ ٱلْأَرْضِ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٦٢﴾

﴾62﴿ അല്ലെങ്കിൽ, കഷ്ടപ്പെട്ടവൻ വിളി(ച്ചു പ്രാർത്ഥി)ച്ചാൽ അവന്ന് ഉത്തരം നൽകുകയും, തിൻമയെ (നീക്കി)തുറവിയാക്കുകയും, നിങ്ങളെ ഭൂമിയിലെ പ്രതിനിധി കളാക്കുകയും ചെയ്തുവരുന്നവനോ (-ആരാണുത്തമം)?! അല്ലാഹുവിനോട് കൂടി (വേറെ)വല്ല ആരാധ്യനും ഉണ്ടോ ?! (ഓർത്തുനോക്കൂ !)

വളരെക്കുറച്ചേ നിങ്ങൾ ആലോചിക്കുന്നുള്ളൂ.

﴾61﴿ أَمَّنْ جَعَلَ അല്ലെങ്കിൽ ആക്കിയവനോ الْأَرْضَ ഭൂമിയെ قَرَارًا ഭവനം, പാർപ്പിടം, താവളം وَجَعَلَ ആക്കുകയും, ഉണ്ടാക്കുകയും, ഏർപ്പെടുത്തുകയും (ചെയ്തു) خِلَالَهَا അതിന്റെ ഇടയിൽ കൂടി أَنْهَارًا നദികൾ, അരുവികൾ وَجَعَلَ ഉണ്ടാക്കുകയും, ഏർപ്പെടുത്തുകയും ചെയ്തു لَهَا അതിന് رَوَاسِيَ ആണികളെ, കുറ്റികളെ, ഉറച്ച പർവ്വതങ്ങളെ وَجَعَلَ ഉണ്ടാക്കുകയും ചെയ്തു بَيْنَ الْبَحْرَيْنِ രണ്ട് സമുദ്രങ്ങൾക്കിടയിൽ حَاجِزًا ഒരു തടസ്സം, തടവ്, മറ أَإِلَٰهٌ വല്ല ഇലാഹും ഉണ്ടോ مَعَ اللَّهِ അല്ലാഹുവിന്റെ കൂടെ بَلْ എന്നാൽ, എങ്കിലും أَكْثَرُهُمْ അവരിലധികവും لَا يَعْلَمُونَ അറിയുന്നില്ല. ﴾62﴿ أَمَّنْ يُجِيبُ അല്ലെങ്കിൽ(അഥവാ)ഉത്തരം ചെയ്യുന്നവനോ الْمُضْطَرَّ കഷ്ടപ്പെട്ടവന്, (ആപത്തിൽ കുടുങ്ങിയവന്) إِذَا دَعَاهُ അവൻ അവനോട് (അല്ലാഹുവിനോട്) പ്രാർത്ഥിച്ചാൽ, വിളിച്ചാൽ وَيَكْشِفُ നീക്കുകയും ചെയ്യുന്ന السُّوءَ തിന്മയെ, കെടുതിയെ وَيَجْعَلُكُمْ നിങ്ങളെ ആക്കുകയും ചെയ്യുന്നു خُلَفَاءَ الْأَرْضِ ഭൂമിയിലെ പ്രതിനിധികൾ أَإِلَٰهٌ വല്ല ഇലാഹുമുണ്ടോ مَعَ اللَّهِ അല്ലാഹുവിന്റെ കൂടെ قَلِيلًا مَا അൽപംമാത്രമേ تَذَكَّرُونَ നിങ്ങൾ ആലോചിക്കുന്നു(ള്ളൂ)

രണ്ട് സമുദ്രങ്ങൾ എന്ന് പറഞ്ഞത് ഉപ്പുജലവും, ശുദ്ധജലവുമാണെന്നും, അവ അന്യോന്യം ലയിക്കാതിരിക്കത്തക്കവണ്ണം അവയ്ക്കിടയിൽ അല്ലാഹു ഒരു തടസ്സം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സൂ:ഫുർക്വാൻ 53-ൽ വെച്ച് പ്രസ്താവിച്ചത് ഇവിടെയും ഓർക്കുക. ഏതെങ്കിലും ആപത്തുകളിൽപെട്ട് കഷ്ടപ്പെട്ടവന്റെ ദുആക്ക് പ്രത്യേകം ഉത്തരം ലഭിക്കുമെന്ന വസ്തുത അല്ലാഹു ആ വചനത്തിൽ ചൂണ്ടിക്കാട്ടുന്നു. പല ക്വുർആൻ വചനങ്ങളിൽ നിന്നും, നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടിട്ടുള്ളതാണിത്. രക്ഷാമാർഗം കാണാതെ കഷ്ടപ്പെട്ടു വലയുന്നവൻ മനസ്സാന്നിദ്ധ്യത്തോടും, വിശ്വാസത്തോടുംകൂടി അവന്റെ സങ്കടം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുന്ന പക്ഷം. നിശ്ചയമായും വിചാരിക്കാത്തവിധം അവന് അല്ലാഹുവിൽ നിന്ന് രക്ഷ ലഭിക്കുന്നതാകുന്നു-പ്രാർത്ഥിക്കുന്നവൻ കേവലം പാപിയാണെങ്കിൽപോലും.

യമനിലെ സക്കാത്ത് വസൂലാക്കുവാനും മറ്റും മുആദ്(مُعَاذ بْنُ جَبَل - رضـ)നെ

നിയോഗിച്ചയച്ചപ്പോൾ നബി അദ്ദേഹത്തോട് ഇങ്ങിനെ ഉപദേശിക്കുകയുണ്ടായി: **واتق دعوة المظلوم فإنه ليس بينها وبين الله حجاب – مسلم** (.... അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനയെ നീ സൂക്ഷിച്ചുകൊള്ളുകയും വേണം. കാരണം, അതിനും അല്ലാഹുവിനുമിടയിൽ യാതൊരു മറയും ഇല്ല). വേറൊരു ഹദീഥിൽ നബി പറയുന്നു: **ثلاث دعوات مستجابات لا شك فيهن دعوة الوالد ودعوة المسافر ودعوة المظلوم – الترمذى وابوداود** (മൂന്ന് പ്രാർത്ഥനകൾ ഉത്തരം ലഭിക്കുന്നവയാണ്. അവയുടെ കാര്യത്തിൽ സംശയമില്ല; മാതാപിതാക്കളുടെ (സന്താനങ്ങളെ സംബന്ധിച്ച) പ്രാർത്ഥനയും, യാത്രക്കാരന്റെ പ്രാർത്ഥനയും, അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനയും). അല്ലാഹു വീണ്ടും തുടർന്ന് ചോദിക്കുന്നു:

أَمَّن يَهْدِيكُمْ فِى ظُلُمَٰتِ ٱلْبَرِّ وَٱلْبَحْرِ

﴾63﴿ അല്ലെങ്കിൽ, കരയിലെയും കടലിലെയും (വിവിധ) അന്ധകാരങ്ങളിൽ നിങ്ങൾക്ക് മാർഗദർശനം നൽകുന്നവനും.

وَمَن يُرْسِلُ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦٓ ۗ

തന്റെ (മഴയാകുന്ന) കാരുണ്യത്തിന്റെ മുമ്പിൽ കാറ്റുകളെ സന്തോഷവാർത്തയായി അയക്കാറുള്ളവനുമാണോ (-ആരാണ് ഉത്തമം)?!

أَءِلَٰهٌ مَّعَ ٱللَّهِ ۚ

അല്ലാഹുവിന്റെ കൂടെ വല്ല ഇലാഹും ഉണ്ടോ?! (ഓർത്തു നോക്കൂ!)

تَعَٰلَى ٱللَّهُ عَمَّا يُشْرِكُونَ ﴿٦٣﴾

അവർ പങ്കുചേർക്കുന്നതിൽനിന്ന് (എല്ലാം തന്നെ) അല്ലാഹു അത്യുന്നതനാകുന്നു !

أَمَّن يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ وَمَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ

﴾64﴿ അല്ലെങ്കിൽ, സൃഷ്ടിയെ ആദ്യമായുണ്ടാക്കുകയും, പിന്നീടത് (നശിച്ചശേഷം) മടക്കി സൃഷ്ടിക്കുകയും ചെയ്യുന്നവനും, ആകാശത്ത് നിന്നും, ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവനുമാണോ (-ആരാണുത്തമം)?! അല്ലാഹുവിന്റെ കൂടെ വല്ല ഇലാഹും ഉണ്ടോ ?! (എങ്കിൽ പറയൂ!)

قُلْ هَاتُوا۟ بُرْهَٰنَكُمْ إِن كُنتُمْ صَٰدِقِينَ ﴿٦٤﴾

(നബിയേ) പറയുക: 'നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരുവിൻ, നിങ്ങൾ സത്യവാന്മാരാണെങ്കിൽ

﴾63﴿ أَمَّنْ يَهْدِيكُمْ അല്ലെങ്കിൽ നിങ്ങൾക്ക് മാർഗദർശനം നൽകുന്നവനോ فِي ظُلُمَاتِ അന്ധകാരങ്ങളിൽ, ഇരുട്ടിൽ الْبَرِّ وَالْبَحْرِ കരയുടെയും, കടലിന്റെയും وَمَنْ يُرْسِلُ അയക്കുന്നവനും الرِّيَاحَ കാറ്റുകളെ بُشْرًا സന്തോഷവാർത്തയായി بَيْنَ يَدَيْ മുമ്പിൽ, മുന്നിൽ رَحْمَتِهِ അവന്റെ കാരുണ്യത്തിന്റെ (അനുഗ്രഹത്തിന്റെ) أَإِلَٰهٌ വല്ല ഇലാഹുമുണ്ടോ مَعَ اللَّهِ അല്ലാഹുവിന്റെ കൂടെ تَعَالَى اللَّهُ അല്ലാഹു എത്രയോ മേലെയായിരിക്കുന്നു(ഉന്നതനാകുന്നു) عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽ നിന്ന് ﴾64﴿ أَمَّنْ يَبْدَأُ അല്ലെങ്കിൽ ആദ്യമായുണ്ടാക്കുന്നവനോ الْخَلْقَ സൃഷ്ടിയെ ثُمَّ يُعِيدُهُ പിന്നെ അതിനെ മടക്കുകയും ചെയ്യുന്നു وَمَنْ യാതൊരുവനും يَرْزُقُكُمْ നിങ്ങൾക്ക് ആഹാരം തരുന്നു, ഉപജീവനം നൽകുന്നു مِنَ السَّمَاءِ ആകാശത്ത് നിന്നും وَالْأَرْضِ ഭൂമിയിൽ നിന്നും أَإِلَٰهٌ വല്ല ഇലാഹുമുണ്ടോ مَعَ اللَّهِ അല്ലാഹുവിന്റെ കൂടെ قُلْ പറയുക هَاتُوا കൊണ്ടുവരുവിൻ بُرْهَانَكُمْ നിങ്ങളുടെ തെളിവ് إِنْ كُنْتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യവാൻമാർ.

പട്ടാപ്പകൽ പോലെ സുവ്യക്തവും, ശകലം ബുദ്ധിയും ചിന്തയും ഉള്ളവർക്കെല്ലാം അറിയാവുന്നതുമായ ചില നിത്യസത്യങ്ങൾ നിരത്തിവെച്ചുകൊണ്ട് അല്ലാഹുവിനോട് സമത്വം കൽപിക്കപ്പെടുവാൻ അർഹതയുള്ള വല്ലവരും ഉണ്ടോ എന്ന് ആവർത്തിച്ചാവർത്തിച്ച് ചോദിച്ചശേഷം, ഉണ്ടെന്ന് പറയുന്നവർ അതിന് തെളിവ് ഹാജറാക്കുവാൻ അവിശ്വാസികളെ അല്ലാഹു വെല്ലുവിളിക്കുകയാണ്. സകല വസ്തുക്കളുടെയും സ്രഷ്ടാവും, നിയന്താവും, ആരാധ്യനുമായുള്ളവൻ അല്ലാഹു മാത്രമാണ്. ഇതിന്റെ അനിവാര്യ ഫലമത്രെ, അദൃശ്യജ്ഞാനം അവന് മാത്രമാണെന്നുള്ള വസ്തുത. ആകയാൽ, അല്ലാഹു അല്ലാത്ത വല്ലവർക്കും അദൃശ്യകാര്യങ്ങളെക്കുറിച്ച് അറിയുമെന്ന് കരുതുന്നത് തനി വിഡ്ഢിത്തമാണെന്ന് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നു)

قُل لَّا يَعْلَمُ مَن فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ ۚ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٦٥﴾

﴾65﴿ (നബിയേ) പറയുക: അല്ലാഹു അല്ലാതെ, ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ (ആരും തന്നെ) അദൃശ്യകാര്യം അറിയുകയില്ല. തങ്ങൾ എപ്പോഴാണ് (മരണ ശേഷം) ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയെന്നും അവർക്ക് അറിയാവതല്ല.

﴾65﴿ قُلْ നീ പറയുക لَا يَعْلَمُ അറിയുകയില്ല مَنْ യാതൊരുവർ فِي السَّمَاوَاتِ ആകാശങ്ങളിലുള്ള وَالْأَرْضِ ഭൂമിയിലും الْغَيْبَ അദൃശ്യം, മറഞ്ഞകാര്യം إِلَّا اللَّهُ അല്ലാഹു അല്ലാതെ وَمَا يَشْعُرُونَ അവർ അറിയുന്നതുമല്ല (അവർക്ക് ബോധമില്ല) أَيَّانَ എപ്പോൾ يُبْعَثُونَ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടും (എന്ന്)

അദൃശ്യകാര്യങ്ങളെക്കുറിച്ച് അല്ലാഹുവിന്നല്ലാതെ മറ്റാർക്കും അറിവില്ലെന്ന് ക്വുർആൻ ഒന്നിലധികം സ്ഥലത്ത് ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നത് കാണാം. അവൻ അറിയിച്ചുകൊടുത്തതല്ലാതെ ഒരു പ്രവാചകനുപോലും അദൃശ്യത്തെക്കുറിച്ച് അറിയുവാൻ സാധ്യമല്ല. പിന്നെയുണ്ടോ മറ്റാരെങ്കിലും അറിയുന്നു?! ആഇശഃ(റ) ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി : 'നാളെ ഉണ്ടാകുന്ന കാര്യം നബിﷺ അറിയുമെന്ന് ആരെങ്കിലും ജൽപിക്കുന്ന പക്ഷം, അവൻ അല്ലാഹുവിന്റെമേൽ വമ്പിച്ച കളവ് പറഞ്ഞുപോയി. കാരണം അല്ലാഹു പറയുന്നു : അല്ലാഹു അല്ലാതെ, ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ അദൃശ്യകാര്യം അറിയുകയില്ല എന്ന്'. (من زعم ان النبي صلى الله عليه وسلم يعلم ما يكون في غدفقد اعظم الفرية على الله لان الله يقول قل لا يعلم من فى السموات والارض الغيب الاالله - ابن جرير وغيره)

بَلِ ٱدَّٰرَكَ عِلْمُهُمْ فِى ٱلْـَٔاخِرَةِ ۚ بَلْ هُمْ فِى شَكٍّ مِّنْهَا ۖ بَلْ هُم مِّنْهَا عَمُونَ ﴿٦٦﴾

﴾66﴿ എങ്കിലും, പരലോകവിഷയത്തിൽ അവരുടെ [അവിശ്വാസികളുടെ] അറിവ് പൂർണത പ്രാപിച്ചിരിക്കുന്നു: (അല്ല) എങ്കിലും അവർ അതിനെക്കുറിച്ച് സംശയത്തിലാണ്; (അല്ലാ) എങ്കിലും അവർ അതിനെക്കുറിച്ച് അന്ധന്മാരാകുന്നു.

﴾66﴿ بَلِ എങ്കിലും, എന്നാൽ ادَّارَكَ പൂർണത പ്രാപിച്ചിരിക്കുന്നു, തികഞ്ഞിരിക്കുന്നു عِلْمُهُمْ അവരുടെ അറിവ് فِي الآخِرَةِ പരലോകത്തിൽ بَلْ هُمْ എങ്കിലും അവർ فِي شَكٍّ സംശയത്തിലാണ് مِنْهَا അതിനെക്കുറിച്ച് بَلْ هُمْ എങ്കിലും അവർ مِنْهَا അതിനെപ്പറ്റി عَمُونَ അന്ധൻമാരാണ്.

മൂന്ന് വാക്യങ്ങൾ ഉൾകൊള്ളുന്ന ഈ വചനത്തിന്റെ താൽപര്യം വിവരിക്കുന്നതിൽ ക്വുർആൻ വ്യാഖ്യാതാക്കൾ ഒന്നിലധികം രൂപം കൈക്കൊണ്ടിട്ടുള്ളത് കാണാം.

1) അദൃശ്യകാര്യങ്ങൾ അറിയാവതല്ലെങ്കിലും, പരലോകത്തെക്കുറിച്ച് ഉറപ്പിക്കുവാൻ വേണ്ടുന്ന എല്ലാ മാർഗങ്ങളും അവിശ്വാസികൾക്ക് പൂർണമായും സിദ്ധിച്ചിട്ടുണ്ട്. എന്നിട്ടും അവരതിൽ സംശയിച്ചുകൊണ്ടിരിക്കുകയാണ്. അത്രയുമല്ല, അതിൽ സംശയംപോലും ജനിക്കാതിരിക്കത്തക്കവണ്ണം അതിനെക്കുറിച്ച് തീരെ അന്ധരും അശ്രദ്ധരുമാണ്.

2) ആദ്യത്തെ വാക്യം-പരലോക വിഷയത്തിൽ അവരുടെ അറിവ് പൂർണത പ്രാപിച്ചിരിക്കുന്നു എന്ന് പറഞ്ഞത് - അല്ലാഹു അവരെപ്പറ്റി പരിഹസിച്ചു പറഞ്ഞതാണ്. അതായത് : ദൃശ്യ കാര്യങ്ങൾ അല്ലാഹുവിനല്ലാതെ അറിയുകയില്ലെങ്കിലും, പരലോകത്തിന്റെ കാര്യത്തിൽ അവിശ്വാസികൾക്കുള്ള അറിവ് അങ്ങേയറ്റം പരിപൂർണമാണ് എന്ന് ആദ്യം പറഞ്ഞ ശേഷം, അവരുടെ യഥാർത്ഥനില ചൂണ്ടിക്കാണിച്ചിരിക്കുകയാണ് എന്ന് താൽപര്യം.

3) അവരുടെ അറിവ് പരിപൂർണത പ്രാപിച്ചു എന്ന് പറഞ്ഞതിന്റെ വിവക്ഷ അതിന് പുരോഗതിയില്ലാതെ വളർച്ചമുട്ടി നാശപ്രായമായിരിക്കുന്നു എന്നാണ്.

إِدَّارَكَ (ഇദ്ദാറക)എന്നതിന് പകരം أَدْرَكَ (അദ്റക) എന്നും ഇവിടെ വായനയുണ്ട്. ഈ വായന അനുസരിച്ചാണ് മൂന്നാമത് പറഞ്ഞ അഭിപ്രായം.

വിഭാഗം - 6

وَقَالَ ٱلَّذِينَ كَفَرُوٓاْ أَءِذَا كُنَّا تُرَٰبًا وَءَابَآؤُنَآ أَئِنَّا لَمُخْرَجُونَ ﴿٦٧﴾

﴾67﴿ അവിശ്വസിച്ചവര്‍ പറയും ഞങ്ങളും ഞങ്ങളുടെ പിതാക്കളും (മരിച്ചു)മണ്ണായാല്‍ (വീണ്ടും) ഞങ്ങള്‍ നിശ്ചയമായും പുറത്ത് കൊണ്ടുവരപ്പെടുന്നവരാണെന്നോ?! (അത് സംഭവ്യമല്ല).

لَقَدْ وُعِدْنَا هَٰذَا نَحْنُ وَءَابَآؤُنَا مِن قَبْلُ إِنْ هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ﴿٦٨﴾

﴾68﴿ ഇത് ഞങ്ങളോടും, മുമ്പ് ഞങ്ങളുടെ പിതാക്കളോടും വാഗ് ദാനം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഇത് പൂര്‍വ്വികന്‍മാരുടെ പുരാണേതിഹാസങ്ങളല്ലാതെ (മറ്റൊന്നും) അല്ല.

قُلْ سِيرُواْ فِى ٱلْأَرْضِ فَٱنظُرُواْ كَيْفَ كَانَ عَٰقِبَةُ ٱلْمُجْرِمِينَ ﴿٦٩﴾

﴾69﴿ പറയുക (നബിയേ): നിങ്ങള്‍ ഭൂമിയില്‍ക്കൂടി സഞ്ചരി ക്കുവിന്‍; എന്നിട്ട് കുറ്റവാളികളുടെ പര്യവസാനം എങ്ങിനെയാണു ണ്ടായിട്ടുള്ളതെന്ന് നോക്കുവിന്‍ !

﴾67﴿ وَقَالَ പറയുന്നു, പറഞ്ഞു الَّذِينَ كَفَرُوا അവിശ്വസിച്ചവര്‍ أَئِذَا كُنَّا ഞങ്ങള്‍(നാം)ആയാലോ تُرَابًا മണ്ണ് وَآبَاؤُنَا ഞങ്ങളുടെ(നമ്മുടെ) പിതാക്കളും أَئِنَّا നിശ്ചയമായും ഞങ്ങളാണോ لَمُخْرَجُونَ പുറത്ത് കൊണ്ടുവരപ്പെടുന്നവര്‍ ﴾68﴿ لَقَدْ وُعِدْنَا തീര്‍ച്ചയായും ഞങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട് هَذَا ഇത് نَحْنُ ഞങ്ങളോട് وَآبَاؤُنَا ഞങ്ങളുടെ പിതാക്കളോടും مِن قَبْلُ മുമ്പ്, മുമ്പേ إِنْ هَذَا ഇതല്ല إِلَّا أَسَاطِيرُ പുരാണകഥകളല്ലാതെ, ഇതിഹാസങ്ങളല്ലാതെ الْأَوَّلِينَ പൂര്‍വ്വികന്‍മാരുടെ, മുന്‍കാലക്കാരുടെ ﴾69﴿ قُلْ പറയുക, سِيرُوا നിങ്ങള്‍ സഞ്ചരിക്കുവിന്‍, നടക്കുവിന്‍ فِي الْأَرْضِ ഭൂമിയില്‍ فَانظُرُوا എന്നിട്ട് നോക്കുവിന്‍ كَيْفَ كَانَ എങ്ങിനെ ആയി എന്ന്, ഉണ്ടായെന്ന് عَاقِبَةُ പര്യവസാനം, കലാശം الْمُجْرِمِينَ കുറ്റവാളികളുടെ

മരണാന്തര ജീവിതത്തെ നിഷേധിക്കുകയും, പ്രവാചകന്‍മാരെ വ്യാജമാക്കുകയും ചെയ്ത പല സമുദായങ്ങളുടെയും ശിക്ഷാനുഭവങ്ങള്‍ അപ്പോള്‍ നിങ്ങള്‍ക്ക് കണ്ടറിയുവാന്‍ സാധിക്കും. അങ്ങിനെയുള്ള അനുഭവങ്ങള്‍ നിങ്ങള്‍ക്കും ബാധിച്ചേക്കുന്നത് സൂക്ഷിച്ചുകൊള്ളുക എന്ന് സാരം.

وَلَا تَحْزَنْ عَلَيْهِمْ وَلَا تَكُن فِي ضَيْقٍ مِّمَّا يَمْكُرُونَ ﴿٧٠﴾

《70》 (നബിയേ) അവരുടെ മേല്‍ നീ ദുഃഖിക്കേണ്ട, അവര്‍ കുതന്ത്രം നടത്തിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് നീ(മനസ്സ്)ഇടുക്കത്തിലാകുകയും വേണ്ട

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٧١﴾

《71》 അവര്‍ പറയുന്നു: എപ്പോഴാണ് ഈ വാഗ്ദാനം (നട പ്പില്‍ വരുക) - നിങ്ങള്‍ സത്യം പറയുന്നവരാണെങ്കില്‍?!

قُلْ عَسَىٰٓ أَن يَكُونَ رَدِفَ لَكُم بَعْضُ ٱلَّذِى تَسْتَعْجِلُونَ ﴿٧٢﴾

《72》 പറയുക: നിങ്ങള്‍ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതില്‍ ചിലത് (ഒരു പക്ഷേ)നിങ്ങള്‍ക്ക് അടുത്ത് (തന്നെ) വരുകയുണ്ടായേക്കാം.

《70》 وَلَاتَحْزَنْ നീ ദുഃഖിക്കേണ്ട, വ്യസനിക്കരുത് عَلَيْهِمْ അവരുടെ മേല്‍, അവരെപ്പറ്റി وَلَاتَكُنْ നീ ആകുകയും വേണ്ട فِيضَيْقٍ ഇടുക്കത്തില്‍(വിഷമത്തില്‍) مِمَّايَمْكُرُونَ അവര്‍ കുതന്ത്രം നടത്തുന്നതിനെപ്പറ്റി 《71》 وَيَقُولُونَ അവര്‍ പറയുന്നു, പറയും مَتَى എപ്പോഴാണ് هَذَاالْوَعْدُ ഈ വാഗ്ദാനം, കരാര്‍ إِنْكُنْتُمْ നിങ്ങളാണെങ്കില്‍ صَادِقِينَ സത്യം പറയുന്നവര്‍ 《72》 قُلْ പറയുക عَسَىأَنْيَكُونَ ആയേക്കാം, ഉണ്ടായേക്കാം رَدِفَلَكُمْ നിങ്ങള്‍ക്ക് തുടര്‍ന്നുവരുക, അടുത്ത്‌വരിക بَعْضُ ചിലത് الَّذِيتَسْتَعْجِلُونَ നിങ്ങള്‍ ധൃതികൂട്ടുന്നതില്‍

ഖിയാമത്ത്നാള്‍ വരുവാനിരിക്കുന്നു, മരണാനന്തരം എല്ലാവരും പുനര്‍ജ്ജീവിപ്പിക്കപ്പെടും, സത്യനിഷേധികള്‍ ഭയങ്കര ശിക്ഷക്ക് വിധേയരാകും എന്നിങ്ങിനെ പ്രവാചകന്‍മാരാല്‍ മുന്നറിയിപ്പ് നല്‍കപ്പെടുന്ന കാര്യങ്ങളാണ് ഈ വാഗ്ദാനം (هَذَاالْوَعْدُ) എന്നത്കൊണ്ടുദ്ദേശ്യം. ഇതെല്ലാം യഥാര്‍ത്ഥമാണെങ്കില്‍ അതൊന്ന് കാണട്ടെ എന്നും മറ്റും പരിഹാസപൂര്‍വ്വം ധൃതിപ്പെട്ടുകൊണ്ടിരിക്കുകയാണ് അവിശ്വാസികള്‍. വേണ്ട, ധൃതികൂട്ടുന്നത് നല്ലതിനല്ല; ഒരു പക്ഷേ, അവയില്‍ ചിലത് താമസംവിനാ നിങ്ങള്‍ക്ക് അനുഭവപ്പെട്ടുവെന്ന് വന്നേക്കും; അപ്പോള്‍ ഈ പരിഹാസവും, ധിക്കാരവും വേണ്ടിയിരുന്നില്ലെന്ന് നിങ്ങള്‍ക്ക് ശരിക്കും ബോധ്യപ്പെടും. എന്നൊക്കെ അവരോട് പറയുവാനാണ് അല്ലാഹു നബിﷺയെ ഉണര്‍ത്തുന്നത്. അവര്‍ പരിഹാസപൂര്‍വ്വം ധൃതികൂട്ടിയിട്ടും തല്‍ക്ഷണം ശിക്ഷ നല്‍കപ്പെടാതിരിക്കുവാനുള്ള കാരണം അടുത്ത വചനത്തില്‍ പ്രസ്താവിക്കുന്നു.

وَإِنَّ رَبَّكَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَهُمْ لَا يَشْكُرُونَ ﴿٧٣﴾

《73》 നിശ്ചയമായും, നിന്റെ റബ്ബ് മനുഷ്യരുടെ മേല്‍ അനുഗ്രഹമുള്ളവനത്രെ. പക്ഷേ, അവരില്‍ അധികമാളുകളും നന്ദികാണിക്കു

ന്നില്ല.

وَإِنَّ رَبَّكَ لَيَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا يُعْلِنُونَ ﴿٧٤﴾

《74》 നിശ്ചയമായും, നിന്റെ റബ്ബ് അവരുടെ ഹൃദയങ്ങൾ ഗോപ്യമാക്കി വെക്കുന്നതും, അവർ പരസ്യമാക്കുന്നതും അറിയുന്നു.

وَمَا مِنْ غَآئِبَةٍ فِى ٱلسَّمَآءِ وَٱلْأَرْضِ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٧٥﴾

《75》 ആകാശത്തും, ഭൂമിയിലും മറഞ്ഞു കിടക്കുന്ന യാതൊരു കാര്യവും തന്നെ, സ്പഷ്ടമായ ഒരു (രേഖാ) ഗ്രന്ഥത്തിൽ ഉൾപ്പെടാതെ യില്ല.

《73》 وَإِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَذُو فَضْلٍ അനുഗ്രഹമുള്ളവൻ തന്നെ عَلَى النَّاسِ മനുഷ്യരുടെ മേൽ وَلَـٰكِنَّ എങ്കിലും, പക്ഷേ أَكْثَرَهُمْ അവരിൽ അധികവും لَا يَشْكُرُونَ നന്ദികാണിക്കുന്നില്ല 《74》 وَإِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَيَعْلَمُ അറിയുന്നതാണ് مَا تُكِنُّ ഗോപ്യമാക്കി(മറച്ചു)വെക്കുന്നത് صُدُورُهُمْ അവരുടെ നെഞ്ചുകൾ(ഹൃദയങ്ങൾ) وَمَا يُعْلِنُونَ അവർ പരസ്യമാക്കുന്നതും 《75》 وَمَا مِنْ غَائِبَةٍ യാതൊരു മറഞ്ഞ കാര്യവുമില്ല فِي السَّمَاءِ ആകാശത്തിൽ وَالْأَرْضِ ഭൂമിയിലും إِلَّا فِي كِتَابٍ ഒരു ഗ്രന്ഥത്തിൽ ഇല്ലാതെ مُبِينٍ സ്പഷ്ടമായ, വ്യക്തമായ

വലുത്, ചെറുത്, പ്രധാനം, അപ്രധാനം എന്നിങ്ങനെയുള്ള വ്യത്യാസമൊന്നും കൂടാതെ, ആകാശഭൂമികളുടെ സൃഷ്ടിയുടെ ആരംഭംതൊട്ട് എന്നെന്നേക്കും ഉണ്ടാകുന്ന സകല കാര്യങ്ങളും, സവിസ്തരം, സസൂക്ഷ്മം അല്ലാഹു അറിയുന്നു: അതെല്ലാം അവന്റെ അടുക്കൽ രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്.

وَكُلُّ شَيْءٍ فَعَلُوهُ فِي الزُّبُرِ ○ وَكُلُّ صَغِيرٍ وَكَبِيرٍ مُسْتَطَرٌ - القمر: ٥٢، ٥٣

(അവർ പ്രവർത്തിക്കുന്ന എല്ലാ കാര്യങ്ങളും ഏടുകളിലുണ്ട്, എല്ലാ ചെറിയ കാര്യവും, വലിയ കാര്യവും രേഖപ്പെടുത്തിവെക്കപ്പെട്ടതുമാണ്)

إِنَّ هَـٰذَا ٱلْقُرْءَانَ يَقُصُّ عَلَىٰ بَنِىٓ إِسْرَٰٓءِيلَ أَكْثَرَ ٱلَّذِى هُمْ فِيهِ يَخْتَلِفُونَ ﴿٧٦﴾

《76》 നിശ്ചയമായും, ഈ ക്വുർആൻ ഇസ്റാഈൽ സന്തതി കൾക്ക്, അവർ ഏതൊരു വിഷയ ത്തിൽ ഭിന്നാഭിപ്രായം വെച്ചുകൊണ്ടിരിക്കുന്നുവോ അതിൽ മിക്കതും (യഥാർത്ഥ രൂപത്തിൽ) വിവരിച്ചു കൊടുക്കുന്നു.

وَإِنَّهُۥ لَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٧٧﴾

《77》 നിശ്ചയമായും ഇത് (ക്വുർആൻ) സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാ

കുന്നു.

إِنَّ رَبَّكَ يَقۡضِي بَيۡنَهُم بِحُكۡمِهِۦۚ وَهُوَ ٱلۡعَزِيزُ ٱلۡعَلِيمُ ﴿٧٨﴾

﴿78﴾ നിന്റെ റബ്ബ് അവർക്കിട യിൽ, തന്റെ വിധി (നിയമം)കൊണ്ട് തീർപ്പ് കല്പിക്കുന്നതാണ്. അവന ത്രെ സർവ്വജ്ഞനായ പ്രതാപശാലി.

فَتَوَكَّلۡ عَلَى ٱللَّهِۖ إِنَّكَ عَلَى ٱلۡحَقِّ ٱلۡمُبِينِ ﴿٧٩﴾

﴿79﴾ അതിനാൽ, നീ അല്ലാഹു വിന്റെ മേൽ ഭരമേൽപിച്ചു കൊ ള്ളുക, നിശ്ചയമായും നീ സ്പഷ്ട മായ പരമാർത്ഥത്തിൽ തന്നെയാണ് (നിലകൊള്ളുന്നത്)

﴿76﴾ إِنَّ هَٰذَا الْقُرْآنَ നിശ്ചയമായും ഈ ഖുർആൻ يَقُصُّ വിവരിച്ചുകൊടുക്കുന്നു, കഥനം ചെയ്യുന്നു عَلَىٰ بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികൾക്ക് أَكْثَرَ الَّذِي യാതൊന്നിൽ മിക്കഭാഗവും هُمْ അവർ فِيهِ അതിൽ يَخْتَلِفُونَ ഭിന്നാഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നു ﴿77﴾ وَإِنَّهُ നിശ്ചയമായും അത് هُدًى മാർഗദർശനംതന്നെ, وَرَحْمَةٌ കാരുണ്യവും, അനുഗ്രഹവും لِلْمُؤْمِنِينَ സത്യവിശ്വാസികൾക്ക് ﴿78﴾ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് يَقْضِي തീർപ്പ് കൽപിക്കുന്നു, വിധി നടത്തുന്നു بَيْنَهُمْ അവർക്കിടയിൽ بِحُكْمِهِ അവന്റെ വിധികൊണ്ട്, നിയമപ്രകാരം وَهُوَ അവനത്രെ الْعَزِيزُ പ്രതാപശാലി الْعَلِيمُ സർവ്വജ്ഞനായ ﴿79﴾ فَتَوَكَّلْ അതിനാൽ നീ ഭരമേൽപിക്കുക عَلَى اللَّهِ അല്ലാഹുവിന്റെ മേൽ إِنَّكَ നിശ്ചയമായും നീ عَلَى الْحَقِّ പരമാർത്ഥ(സത്യ-ന്യായ)ത്തിലാണ് الْمُبِينِ വ്യക്തമായ, സ്പഷ്ടമായ

വേദക്കാരാകുന്ന ഇസ്റാഈൽ സന്തതികൾക്കിടയിൽ എത്രയോ വിഷയങ്ങളിൽ ഭിന്നിപ്പുകളുള്ളതായിക്കാണാം. ജൂതരും, ക്രിസ്ത്യാനികളും ഒരു വശത്ത്. ക്രിസ്ത്യാനികളിൽ തന്നെയുള്ള വിഭാഗങ്ങൾ വേറൊരു വശത്തും. അങ്ങിനെയുള്ള മിക്ക വിഷയത്തിലും-പ്രധാന വിഷയങ്ങളിലെല്ലാം തന്നെ-പരമാർത്ഥം ഇന്ന പ്രകാരമാണെന്ന് ഖുർആൻ വിവരിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ മൂലസിദ്ധാന്തങ്ങളും, പല ശാഖാ വിഷയങ്ങളും, ചരിത്രസംഭവങ്ങളും അതിൽ ഉൾപ്പെടുന്നു. ഈ ഇനത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നത്രെ ഈസാ നബി(അ)യുടെ കാര്യം. യഹൂദികൾ അദ്ദേഹത്തെ വ്യഭിചാര പുത്രനും, ആഭിചാരിയുമായി കണക്കാക്കുന്നു. അതേ സമയത്ത് ക്രിസ്ത്യാനികൾ അദ്ദേഹത്തിന് കൽപിക്കുന്നത് ദിവ്യത്വമാണ്. സാക്ഷാൽ ദൈവമെന്നും, ദൈവപുത്രനെന്നും. ത്രിയേകദൈവമെന്നുമുള്ള വ്യത്യസ്ത വിശ്വാസക്കാർ ക്രിസ്ത്യാനികൾക്കിടയിൽത്തന്നെ വേറെയും. യഥാർത്ഥം അതൊന്നുമല്ല, അദ്ദേഹം അല്ലാഹുവിന്റെ അടിയാനും പ്രവാചകനുമാണ് എന്ന് ഖുർആൻ ശക്തമായ ഭാഷയിൽ തുറന്നുകാട്ടിയിരിക്കുന്നു. (ഇതിനെപ്പറ്റി നാം സൂ:മർയമിൽവെച്ച് വിശദമായി വിവരിച്ചിട്ടുണ്ട്) ഇതുപോലെത്തന്നെ, കുരിശുസംഭവത്തിലും, മറ്റു പലതിലും ഇതിന് ഉദാഹരണങ്ങൾ കാണാം.

ബഹുദൈവ വിശ്വാസികൾ നബി ﷺ യെയും ഖുർആനിനെയും സംബന്ധിച്ച് കൈക്കൊണ്ട നിലപാടുകളെ പുരസ്കരിച്ചായിരുന്നു മുൻആയത്തുകളിൽ

പ്രതിപാദിച്ചിരുന്നത്. ഈ ആയത്തുകൾ, ഖുർആന്റെ മറ്റൊരു ശത്രുവിഭാഗക്കാരായ വേദക്കാരുടെ ശ്രദ്ധക്ഷണിക്കുന്നവയാകുന്നു. അവരുടെ ഭിന്നിപ്പുകളും, ആശയക്കുഴപ്പങ്ങളും അവസാനിപ്പിച്ചു യഥാർത്ഥ സത്യത്തിലേക്ക് മടങ്ങുവാനുള്ള മാർഗം ഖുർആനിലുണ്ടെന്നും, അതിൽ വിശ്വസിക്കുന്നവരെ അത് സൻമാർഗത്തിലേക്കും, ദൈവകാരുണ്യത്തിലേക്കും നയിക്കുമെന്നും ഉണർത്തുന്നു. അതിനവർ തയ്യാറില്ലാത്ത പക്ഷം അവരെ സംബന്ധിച്ച് അല്ലാഹു അവന്റെ നിയമാനുസൃതമായ തീരുമാനം എടുത്തുകൊള്ളുമെന്ന് താക്കീതും നൽകുന്നു. 79-ാം വചനം നബിﷺക്ക് മനസ്സമാധാനവും, ധൈര്യവും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അടുത്ത വചനങ്ങളിൽ സത്യനിഷേധികളുടെ നിലപാട് എത്രമാത്രം അധഃപതനത്തിലെത്തിയിട്ടുണ്ടെന്ന് കാണിക്കുന്നു:

إِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٨٠﴾

﴿80﴾ (നബിയേ) നിശ്ചയമായും മരണപ്പെട്ടവരെ നീ കേൾപ്പിക്കു കയില്ല; ബധിരൻമാരെയും - അവർ പിന്നോക്കം തിരിഞ്ഞു മാറിപ്പോ യാൽ-നീ വിളികേൾപ്പിക്കുന്നതല്ല.

وَمَآ أَنتَ بِهَٰدِى ٱلْعُمْىِ عَن ضَلَٰلَتِهِمْ ۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَٰتِنَا فَهُم مُّسْلِمُونَ ﴿٨١﴾

﴿81﴾ അന്ധൻമാർക്ക് അവരുടെ വഴി പിഴവുവിട്ട് നേർമാർഗം കാട്ടിക്കൊടുക്കു(വാൻ കഴിയു)ന്നവനുമല്ല, നീ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും, അങ്ങനെ തങ്ങൾ 'മുസ്‌ലിം'കളായി (കീഴൊതുങ്ങിയവരായി) രിക്കയും ചെയ്യുന്നവരെയല്ലാതെ നീ കേൾപ്പിക്കുക യില്ല.

﴿80﴾ إِنَّكَ നിശ്ചയമായും നീ لَا تُسْمِعُ നീ കേൾപ്പിക്കുകയില്ല الْمَوْتَىٰ മരണപ്പെട്ടവർക്ക് وَلَا تُسْمِعُ നീ കേൾപ്പിക്കുന്നതുമല്ല الصُّمَّ ബധിരൻമാരെയും, കാത്കേൾക്കാത്തവരെയും الدُّعَاءَ വിളി إِذَا وَلَّوْا അവർ തിരിഞ്ഞു(മാറി)പോയാൽ مُدْبِرِينَ പിന്നോക്കം തിരിഞ്ഞുകൊണ്ട്, പിന്നിട്ടവരായി ﴿81﴾ وَمَا أَنتَ നീ അല്ലതാനും بِهَادِ الْعُمْيِ അന്ധൻമാർക്ക് നേർമാർഗം കാണിച്ചുകൊടുക്കുന്നവൻ عَن ضَلَالَتِهِمْ അവരുടെ വഴിപിഴവുവിട്ട്, വഴിതെറ്റിൽ നിന്ന് إِن تُسْمِعُ നീ കേൾപ്പിക്കുകയില്ല إِلَّا مَن يُؤْمِنُ വിശ്വസിക്കുന്നവരെയല്ലാതെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളിൽ, ലക്ഷ്യങ്ങളിൽ فَهُمْ അങ്ങനെ (എന്നിട്ട്) അവർ مُسْلِمُونَ മുസ്‌ലിംകളുമാണ്, കീഴൊതുങ്ങിയവരാണ്.

യഥാർത്ഥ്യത്തെപ്പറ്റി ചിന്തിച്ചുനോക്കുവാനും, ലക്ഷ്യങ്ങളും ന്യായങ്ങളും കണ്ടോ, കേട്ടോ ഗ്രഹിക്കുവാനും തയ്യാറില്ലാത്ത അവിശ്വാസികളെ മരണപ്പെട്ടു കിടക്കുന്ന ശവങ്ങളോടും, ബധിരൻമാരോടും, അന്ധൻമാരോടും സാദൃശ്യപ്പെടുത്തിയി രിക്കുകയാണ്. സത്യം അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുവാൻ നിവൃത്തിയില്ലാത്തവണ്ണം അത്

മരവിച്ചു നിർജ്ജീവമായിപ്പോയിരിക്കുന്നു. എനി അതിന്ന് ജീവചൈതന്യം ഉണ്ടാവാൻ വഴിയില്ല. സത്യത്തിലേക്ക് ശ്രദ്ധ കൊടുക്കുവാൻ അവരുടെ കാതിനും, ദൃഷ്ടാന്തങ്ങൾ കണ്ട് പാഠം പഠിക്കുവാൻ അവരുടെ കണ്ണിനും കഴിയാതായിരിക്കുന്നു. അതോടുകൂടി അവരുടെ ശ്രദ്ധയും, ദൃഷ്ടിയും മറുവശത്തേക്ക് മാത്രം തിരിയുകയും ചെയ്തിരിക്കയാണ്. എങ്കിൽ പിന്നെ, എങ്ങിനെയാണവരെ സത്യോപദേശവും ദൃഷ്ടാന്തങ്ങളും ഗ്രഹിപ്പിക്കുക ? ചുരുക്കത്തിൽ, അവരുടെ പ്രകൃതി തന്നെ അങ്ങേയറ്റം ദുഷിച്ചു പോയി. അതുകൊണ്ട് അവർ എനി, സത്യവിശ്വാസം സ്വീകരിക്കുവാൻ മുമ്പോട്ട് വരുമെന്ന് പ്രതീക്ഷിക്കുവാനില്ല. ഉപദേശിച്ചിട്ട് ഫലവുമില്ല. ലക്ഷ്യങ്ങളിൽ വിശ്വസിക്കുകയും, അത് പ്രാവർത്തികമാക്കി അല്ലാഹുവിന് കീഴൊതുങ്ങുവാൻ-ഇസ്ലാമിനെ അംഗീകരിക്കുവാൻ – തയ്യാറാകുകയും ചെയ്യുന്നവരെ മാത്രമേ ഉപദേശം കേൾപ്പിക്കുവാനും, അത് ഫലപ്രദമാക്കുവാനും സാധ്യമാകുകയുള്ളൂ.

ഏതെങ്കിലും വിഷയത്തിൽ ഒരു വസ്തുവെ മറ്റൊരു വസ്തുവോട് സാദൃശ്യപ്പെടുത്തി(التَّشْبِيه)പറയുമ്പോൾ, സാദൃശ്യത്തിന് നിദാനമാക്കപ്പെടുന്ന കാര്യം (الشبه وجه) അവ രണ്ടിലും ഉണ്ടായിരിക്കണം. ഏതിനോടാണോ സാദൃശ്യപ്പെടു ത്തുന്നതെങ്കിൽ അതിൽ (المشبه به യിൽ) അക്കാര്യം കൂടുതൽ വ്യക്തമായും പരിപൂർണമായും ഉണ്ടായിരിക്കണമെന്നും സ്പഷ്ടമത്രെ. അറബി സാഹിത്യശാസ്ത്ര(علم البلاغة)ത്തിൽ ഇതൊരു അംഗീകൃത തത്വമാകുന്നു. അപ്പോൾ, മേൽ പറഞ്ഞ വാക്യങ്ങളിൽ, മരണപ്പെട്ടുപോയവരെയും, ബധിരൻമാരേയും കേൾപ്പിക്കുവാൻ കഴിവില്ലെന്നും, അന്ധൻമാർക്ക് വഴികാണിക്കുവാൻ സാധ്യമല്ലെന്നും അല്ലാഹു നബിﷺയോട് പറഞ്ഞത്, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഉപമാലങ്കാര രൂപത്തിൽ പറഞ്ഞതാണെങ്കിലും യഥാർത്ഥത്തിൽ മരണമോ, അന്ധതയോ, ബധിരതയോ ബാധിച്ചിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം അത് അലങ്കാരാർത്ഥത്തിലല്ല – സാക്ഷാൽ അർത്ഥത്തിൽതന്നെയാണ് – ഉള്ളത്. മരണപ്പെട്ടവരേയും കാതുകേൾക്കാ ത്തവരേയും കേൾപ്പിക്കുവാനും, അന്ധൻമാർക്ക് വഴി കാണിച്ചു കൊടുക്കുവാനും നബി തിരുമേനിﷺക്കോ മറ്റോ കഴിയുമായിരുന്നുവെങ്കിൽ, ഈ ഉപമക്ക് വിശേഷിച്ച് അർത്ഥമൊന്നും ഉണ്ടാകുകയില്ലല്ലോ.

ഇത് മരണപ്പെട്ടവരും ബധിരൻമാരും കേൾക്കുകയില്ലെന്നും കാണുകയില്ലെന്നും പറഞ്ഞത് – ഈ പ്രകൃതിലോകത്തിലെ സാധാരണ നിയമമാകുന്നു. ഇതിനെതിരായി, വല്ല പ്രത്യേകസംഭവമോ, സന്ദർഭമോ ഉണ്ടാകുവാൻ ഒരിക്കലും പാടില്ലെന്ന് ധരിച്ചുകൂടാ. അങ്ങിനെ വല്ലതും സംഭവിച്ചതായോ, സംഭവിക്കുന്നതായോ ക്വുർആനിലോ ഹദീഥിലോ സ്ഥിരപ്പെട്ടു കാണുന്ന പക്ഷം നാമത് നിരുപാധികമായി വിശ്വസിക്കേണ്ടതുമാകുന്നു.

എന്നാൽ, മരിച്ചുപോയവരെക്കുറിച്ച് വല്ല സന്ദർഭത്തിലും അവർ കേൾക്കുമെന്നോ, കാണുമെന്നോ ക്വുർആനിലോ ഹദീഥിലോ പറയുമ്പോൾ അതിന്റെ താൽപര്യം, ജീവിച്ചിരിക്കുന്ന നമ്മെപ്പോലെത്തന്നെയുള്ള കേൾവിയും കാഴ്ചയും അവർക്കുണ്ടെന്നാണെന്ന് കരുതുന്നത് ശരിയല്ല. അങ്ങിനെയാണെങ്കിൽ, അവർ മരണപ്പെട്ടുവെന്ന് പറയുന്നത് നിരർത്ഥമായിരിക്കുമല്ലോ. മാത്രമല്ല, കാതും, കണ്ണും, ഗ്രഹണശക്തിയും അവശേഷിക്കുകയും വേണം. പക്ഷേ, ആത്മീയ ലോകത്ത് അവർക്ക് ഒരു തരം കാഴ്ചയും കേൾവിയുമെല്ലാം ഉണ്ടായിരിക്കുമെന്നാണതിന്റെ താൽപര്യം. അതെങ്ങിനെയുള്ളതാണെന്ന യാഥാർത്ഥ്യം നമുക്ക് ഇപ്പോൾ അറിയുക സാധ്യമല്ല. ശബ്ദം കേൾക്കാതെ ബധിരൻമാരും, വർണവും രൂപവും കാണാതെ അന്ധൻമാരും ഏറെക്കുറെ പലതിനെപ്പറ്റിയും മനസ്സിലാക്കാറുണ്ടല്ലോ. ചുരുക്കത്തിൽ,

ജഢം നശിക്കുകയോ, അത് നിർജ്ജീവമായിത്തീരുകയോ ചെയ്താലും ആത്മാക്കൾക്ക് ചില കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിച്ചേക്കും, അഥവാ അല്ലാഹു സാധിപ്പിക്കും. ഇതിന്റെ സാധ്യതക്ക് നമ്മുടെ ഉറക്കവും സ്വപ്നവും തന്നെ തെളിവാകുന്നു. الله اعلم

അല്ലാഹുവിന്റെ അപാരമായ ശക്തിമഹാത്മ്യങ്ങളെയും, അവൻ ഉദ്ദേശിക്കുന്നപക്ഷം ഈ ബാഹ്യപ്രകൃതി നിയമങ്ങൾക്കതീതമായ ചില സംഭവങ്ങളെ അവൻ വെളിപ്പെടുത്താറുള്ളതിനെയും സാക്ഷീകരിക്കുന്ന പല ചരിത്ര ദൃഷ്ടാന്തങ്ങളും ഇതിനുമുമ്പ് ഈ സൂറത്തിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. നബി തിരുമേനി ﷺ യുടെയും ക്വുർആന്റെയും സത്യത സ്ഥാപിച്ചുകൊണ്ടും, പരലോകം, അന്ത്യനാൾ, പുനഃരുത്ഥാനം ആദിയായവയെ പരാമർശിച്ചുകൊണ്ടും പലതും പ്രസ്താവിച്ചു. അടുത്ത ആയത്തിൽ, ക്വിയാത്ത്നാളിന് മുമ്പായി സംഭവിക്കുന്ന ഒരു അസാധാരണ അടയാളത്തെക്കുറിച്ചും, തുടർന്നുകൊണ്ട് അന്ത്യനാളിൽ സംഭവിക്കാനിക്കുന്ന പല സംഭവവികാ സങ്ങളെക്കുറിച്ചും പ്രസ്താവിക്കുന്നു. മിണ്ടാപ്രാണികളായ ചില ജീവികളുടെ സംസാരത്തെയും, കാര്യഗ്രഹണശക്തിയെയും സ്ഥാപിക്കുന്ന ചില സംഭവകഥകൾ വിവരിച്ചിട്ടുള്ള ഏക അദ്ധ്യായമാണ് ഈ സൂറത്ത്. ലോകാവസാനമടുക്കുമ്പോൾ സംഭവിക്കാനിരിക്കുന്ന അത്തരത്തിൽപെട്ട വേറൊരു സംഭവത്തെക്കുറിച്ചുള്ള പ്രസ്താവനയും ഈ സൂറത്തിൽ തന്നെ അല്ലാഹു ഉൾപ്പെടുത്തിയിരിക്കുകയാണ്, അല്ലാഹു പറയുന്നു:

۞ وَإِذَا وَقَعَ ٱلْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ دَآبَّةً مِّنَ ٱلْأَرْضِ تُكَلِّمُهُمْ أَنَّ ٱلنَّاسَ كَانُوا۟ بِـَٔايَٰتِنَا لَا يُوقِنُونَ ﴿٨٢﴾

﴾82﴿ അവരുടെ മേൽ (ആ)വാക്ക് സംഭവിക്കുമ്പോൾ, ഭൂമിയിൽ നിന്നും ഒരു ജീവിയെ (മൃഗത്തെ) നാം അവർക്ക് പുറപ്പെടുവിക്കുന്നതാണ്. മനുഷ്യർ നമ്മുടെ ലക്ഷ്യങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുക യാണെന്ന് അതവരോട് സംസാരിക്കു ന്നതാണ്.

﴾82﴿ وَإِذَا وَقَعَ സംഭവിച്ചാൽ, സംഭവിക്കുമ്പോൾ الْقَوْلُ വാക്ക് عَلَيْهِمْ അവരിൽ أَخْرَجْنَا നാം പുറപ്പെടുവിക്കും لَهُمْ അവർക്ക് دَابَّةً ഒരു ജീവിയെ , ജന്തുവെ, മൃഗത്തെ مِنَ الْأَرْضِ ഭൂമിയിൽ നിന്ന് تُكَلِّمُهُمْ അതവരോട് സംസാരിക്കും أَنَّ النَّاسَ ജനങ്ങൾ [മനുഷ്യർ] ആണെന്ന് كَانُوا അവരാകുന്നു بِآيَاتِنَا നമ്മുടെ ലക്ഷ്യങ്ങളിൽ, ദൃഷ്ടാന്തങ്ങളിൽ لَا يُوقِنُونَ ദൃഢമായി വിശ്വസിക്കുന്നില്ല.

ക്വിയാമത്തുനാളിന്റെ മുന്നോടിയായി പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ദൃഷ്ടാന്തങ്ങളിൽ ഒന്നാണിത്. 'വാക്ക് സംഭവിക്കുമ്പോൾ' (وَإِذَا وَقَعَ الْقَوْلُ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ക്വിയാമത്ത്നാൾ, പുനഃരുത്ഥാനം, ശിക്ഷ, എന്നിവയെക്കുറിച്ചുള്ള മുന്നറിയിപ്പുകളുടെ സമയം ആസന്നമാകുമ്പോൾ എന്നത്രെ. അല്ലാഹുവിന്റെ കല്പനകൾ ധിക്കരിച്ചുകൊണ്ട് ജനങ്ങൾ

തോന്നിയവാസത്തിൽ മുഴുകുന്ന ഒരവസരത്തിലായിരിക്കും അല്ലാഹു ഈ ജീവിയെ പ്രത്യക്ഷപ്പെടുത്തുക. മനുഷ്യൻ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ശരിക്ക് വിശ്വസിക്കുന്നില്ല-അവർ ദുർമാർഗത്തിൽ മുഴുകിയിരിക്കുകയാണ്-എന്ന് ആ ജീവി അവരോട് സംസാരിക്കും. ഈ മൃഗം എങ്ങനെയായിരിക്കും ? അതിന്റെ സംസാരം ഏത് ഭാഷയിൽ - അല്ലെങ്കിൽ ഏതു രൂപത്തിൽ - ആയിരിക്കും ? ജനങ്ങളെപ്പറ്റി അതെങ്ങിനെ അറിയും? ഇതൊന്നും സൂക്ഷ്മമായി പറയുവാൻ നമുക്ക് സാധ്യമല്ല. അതൊന്നും വിവരിച്ചു കാണിക്കുന്ന ബലവത്തായ ഹദീഥുകളും കാണപ്പെടുന്നില്ല. ഖിയാമത്തുനാളിന്റെ അടയാളങ്ങളിൽ ഒന്നായി ഈ ജീവിയെയും നബിﷺ എണ്ണിയിരിക്കുന്നു. ഒന്നിലധികം ബലവത്തായ ഹദീഥുകളിൽ ഇതിനെക്കുറിച്ച് നബിപ്രവചനം ചെയ്തിരിക്കുന്നു. ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാകുന്നു:

عن عبدالله بن عمر رضـ قال حفظت من رسول الله صلى الله عليه و سلم حديثا لم أنسه بعد سمعت رسول الله صلى الله عليه و سلم يقول إن أول الآيات خروجا طلوع الشمس من مغربها وخروج الدابة على الناس ضحى وأيهما ما كانت قبل صاحبتها فالأخرى على أثرها قريبا – مسلم

(അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നു : ഞാൻ റസൂൽ തിരുമേനിﷺയിൽ നിന്ന് ഒരു വർത്തമാനം പഠിച്ചുവെച്ചിട്ടുണ്ട്. പിന്നെ ഇതുവരെയും ഞാനത് വിസ്മരിച്ചിട്ടില്ല. റസൂൽﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: (അന്ത്യനാളിന്റെ അടയാളമായി) പ്രത്യക്ഷപ്പെടുന്ന ദൃഷ്ടാന്തങ്ങളിൽ ആദ്യമായുണ്ടാകുന്നത് സൂര്യൻ അതിന്റെ അസ്തമയദിക്കിൽനിന്ന് ഉദയം ചെയ്യലും, ഒരു പൂർവ്വാഹ്ന സമയത്ത് ജനങ്ങളിൽ മൃഗം - അഥവാ ജീവി പ്രത്യക്ഷപ്പെടലുമാകുന്നു. ഈ രണ്ടിൽവെച്ച് ഏതൊന്ന് അതിന്റെ തുണയുടെ മുമ്പുണ്ടായോ ഉടനെ അടുത്തു തന്നെ മറ്റേതും അതിനെത്തുടർന്നുണ്ടാകുന്നതാണ്.) ഈ രണ്ട് ദൃഷ്ടാന്തങ്ങൾക്കു പുറമെ വേറെയും ചില സംഭവങ്ങൾ ഖിയാമത്തിന്റെ ആസന്നതയുടെ അടയാളമായി ഹദീഥുകളിൽ വന്നിട്ടുണ്ട്.

ഈ സൂറത്തിൽ മുമ്പ് പ്രസ്താവിച്ച ഉറുമ്പിന്റെയും, മരക്കൊത്തിയുടെയും സംഭവങ്ങളെ നിഷേധിക്കുന്ന യുക്തിവാദക്കാർ ഈ ആയത്തിന്റെ അർത്ഥവ്യാഖ്യാനങ്ങളിലും അവരുടെതായ ചില പ്രസ്താവനകൾകൊണ്ട് തൃപ്തി അടയുവാനോ, അതിനെ കൂടുതൽ വ്യക്തമാക്കുന്ന ഹദീഥുകൾക്ക് അൽപമെങ്കിലും പരിഗണന നൽകുവാനോ അവർ തയ്യാറില്ല. ഒരിക്കൽ അതിനെപ്പറ്റി ജന്തു എന്നും വേറൊരിക്കൽ എന്തോ ഒരു ഭയങ്കര വസ്തു എന്നും പിന്നീട് അഗ്നിപർവ്വതം പൊട്ടിത്തെറിക്കൽ പോലെയുള്ള സംഭവം എന്നും മറ്റും പരസ്പര വിരുദ്ധമായ വാക്കുകൾ പ്രയോഗിച്ചുകൊണ്ട് അവർ അന്യഥാ വ്യാഖ്യാനം നൽകിയിരിക്കുകയാണ്. ഖുർആൻ ഉപയോഗിച്ച വാക്ക് ദാബ്ബത്ത് (**دابة**) എന്നത്രെ. ഭൂമിയിൽ കൂടി ചലിക്കുന്ന ജീവി-അല്ലെങ്കിൽ ജന്തു-എന്നാണതിന്റെ അർത്ഥം. എങ്കിലും സാധാരണമായി മൃഗം എന്ന അർത്ഥത്തിലും അത് ഉപയോഗിക്കപ്പെടും. ഏതായാലും, അത് ഭൂകമ്പമോ മറ്റോ അല്ല തന്നെ. *(*)* അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനെ അതേ രൂപത്തിൽ തന്നെ നമുക്ക് വിശ്വസിക്കുക. അതാണ് സത്യവിശ്വാസികളുടെ ചുമതലയും. സത്യവിശ്വാസത്തിന്റെ ലക്ഷണവും.

***(*)* الدابة مادب من الحيوان وغلب على ما يركب ويحمل (ദാബ്ബത്ത്) എന്നാൽ ചലിക്കുന്ന ജീവി എന്നാണ്. യാത്രക്കും, സാധനങ്ങൾ ചുമക്കുവാനും ഉപയോഗിക്കുന്ന ജീവിക്കാണ്** ▶▶

മേലുദ്ധരിച്ച ഹദീഥിൽ, ഭൂമിയിൽനിന്നുള്ള ഒരു മൃഗം പ്രത്യക്ഷപ്പെടുന്നതിന്റെ തുണയായിക്കൊണ്ട് പ്രസ്താവിച്ച മറ്റൊരു കാര്യം, സൂര്യൻ അസ്തമയ ദിക്കിൽ നിന്ന് ഉദയം ചെയ്യലാണല്ലോ. ഇതിനെപ്പറ്റി ബുഖാരി (റ) ഉദ്ധരിക്കുന്ന ഹദീഥിൽ നബി പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ ഓർക്കുന്നത് നന്നായിരിക്കും. തിരുമേനി ﷺ പറഞ്ഞതായി അബൂഹുറയ്റഃ(റ) പറയുന്നു : സൂര്യൻ അതിന്റെ അസ്തമയദിക്കിൽ നിന്ന് ഉദയം ചെയ്യുന്നത് വരെ അന്ത്യസമയം (ലോകാവസാനം)സംഭവിക്കുകയില്ല. അങ്ങനെ, അത് ഉദയം ചെയ്യുകയും ജനങ്ങൾ അത് കാണുകയും ചെയ്യുമ്പോൾ, അവർ എല്ലാവരും തന്നെ വിശ്വസിക്കും. അതാകട്ടെ, ഒരു ദേഹത്തിനും അതിന്റെ (അപ്പോഴുണ്ടാകുന്ന) വിശ്വാസം ഫലം ചെയ്യാത്ത സമയമായിരിക്കും. പിന്നീട് നബി ﷺ സൂ: അൻആമിലെ 158-ാം വചനം ഓതിക്കാണിക്കുകയും ചെയ്തു (ബു.) അല്ലാഹുവിന്റെ ചില ദൃഷ്ടാന്തങ്ങൾ വരുന്ന ദിവസം, അതിന് മുമ്പ് വിശ്വസിച്ചിട്ടില്ലാത്തതോ, അല്ലെങ്കിൽ ഒരു നൻമയും ചെയ്തിട്ടില്ലാത്തതോ ആയ ഒരു ദേഹത്തിനും അതിന്റെ വിശ്വാസം ഫലം ചെയ്കയില്ല എന്നത്രെ ആ ആയത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.(يَوْمَ يَأْتِي بَعْضُ آيَاتِ رَبِّكَ لَا يَنفَعُ نَفْسًا إِيمَانُهَا...الانعام) തുടർന്നുള്ള വചനങ്ങളിൽ കിയാമത്ത്നാളിൽ ഉണ്ടാകുന്ന ചില സംഭവവികാസ ങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു :

വിഭാഗം - 7

وَيَوْمَ نَحْشُرُ مِن كُلِّ أُمَّةٍ فَوْجًا مِّمَّن يُكَذِّبُ بِـَٔايَـٰتِنَا فَهُمْ يُوزَعُونَ ﴿٨٣﴾

﴾83﴿ എല്ലാ സമുദായത്തിൽനിന്നും, നമ്മുടെ ലക്ഷ്യങ്ങളെ വ്യാജമാക്കുന്ന ഓരോ സമൂഹത്തെ നാം ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക)! എന്നിട്ട്, അവർ തടഞ്ഞു നിയന്ത്രിക്കപ്പെടുന്നതാകുന്നു.

﴾83﴿ وَيَوْمَ نَحْشُرُ നാം ഒരു മിച്ചുകൂട്ടുന്ന ദിവസം مِن كُلِّ أُمَّةٍ എല്ലാ സമുദായത്തിൽ നിന്നും فَوْجًا ഓരോ സമൂഹത്തെ, കൂട്ടത്തെ مِّمَّن يُكَذِّبُ വ്യാജമാക്കുന്നവരിൽപെട്ട بِآيَاتِنَا നമ്മുടെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ فَهُمْ എന്നിട്ട് അവർ يُوزَعُونَ തടഞ്ഞു നിയന്ത്രിക്കപ്പെടും.

◀◀ അധികം ഉപയോഗിക്കാറുള്ളത് എന്ന് മുൻജിദിൽ കാണാം الساعة دابة الارض من اشراط *(ദാബ്ബത്തുൽ അർദ് എന്നത് കിയാമത്ത് നാളിന്റെ അടയാളങ്ങളിൽപെട്ടതാണ്) എന്ന് കാമൂസിൽ പ്രത്യേകം കാണിച്ചിട്ടുണ്ട്. ഇതേ പ്രകാരം തന്നെ അൽഫറാഇദുദ്ദുർരിയ്യഃ എന്ന അറബി-ഇംഗ്ലീഷ് നിഘണ്ടുവും രേഖപ്പെടുത്തുന്നു. അതിലെ വാചകം ഇതാണ് :The beast of the earth said to appear near the end of the world(ലോകാവസാനത്തിനടുത്ത കാലത്ത് പ്രത്യക്ഷപ്പെടുമെന്ന് പറയപ്പെടുന്ന ഭൂമിയിലെ മൃഗം.)*

അല്ലാഹുവിന്റെ ലക്ഷ്യങ്ങളിൽ വിശ്വസിക്കാത്ത ഓരോ സമൂഹത്തെയും തടഞ്ഞുവെച്ച് ഒരുമിച്ചു കൂട്ടി നിന്ദ്യമായ നിലയിൽ ഒന്നടങ്കം അന്ന് വിചാരണ നിലയത്തിലേക്ക് കൊണ്ടുവരുന്നതാണ്.

حَتَّىٰٓ إِذَا جَآءُو قَالَ أَكَذَّبْتُم بِـَٔايَـٰتِى وَلَمْ تُحِيطُوا۟ بِهَا عِلْمًا أَمَّاذَا كُنتُمْ تَعْمَلُونَ ﴿٨٤﴾

《84》 അങ്ങനെ, അവർ വന്നാൽ അവൻ [അല്ലാഹു] പറയും: എന്റെ ലക്ഷ്യങ്ങളെക്കുറിച്ച് സൂക്ഷ്മമമായ റിയാതെ നിങ്ങൾ അവയെ വ്യാജമാക്കിയോ?! അതല്ലെങ്കിൽ, നിങ്ങൾ എന്തായിരുന്നു പ്രവർത്തിച്ചുകൊണ്ടിരുന്നത് ?!

وَوَقَعَ ٱلْقَوْلُ عَلَيْهِم بِمَا ظَلَمُوا۟ فَهُمْ لَا يَنطِقُونَ ﴿٨٥﴾

《85》 അവർ അക്രമം പ്രവർത്തിച്ചത് നിമിത്തം അവരിൽ (ശിക്ഷയുടെ) വാക്ക് സംഭവിക്കുന്നതുമാണ്, അപ്പോൾ അവർ (ഒരക്ഷരവും) ഉരിയാടുകയില്ല.

《84》 حَتَّىٰٓ إِذَا جَآءُو അങ്ങനെ അവർ വന്നാൽ قَالَ അവൻ പറയും أَكَذَّبْتُم നിങ്ങൾ വ്യാജമാക്കിയോ بِـَٔايَـٰتِى എന്റെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ وَلَمْ تُحِيطُوا۟ بِهَا നിങ്ങൾ അവയെക്കുറിച്ച് സൂക്ഷ്മമാക്കാതെ عِلْمًا അറിവ് (സൂക്ഷ്മമമായറിയാതെ) أَمَّاذَا അതല്ലെങ്കിൽ എന്താണ് كُنتُمْ നിങ്ങളായിരുന്നത് تَعْمَلُونَ പ്രവർത്തിക്കുക 《85》 وَوَقَعَ സംഭവിക്കുകയും ചെയ്യുന്നതാണ് ٱلْقَوْلُ വാക്ക് عَلَيْهِم അവരിൽ, അവർക്ക് بِمَا ظَلَمُوا۟ അവർ അക്രമം പ്രവർത്തിച്ചതുകൊണ്ട് فَهُمْ അപ്പോൾ അവർ لَا يَنطِقُونَ മിണ്ടുകയില്ല, ഉരിയാടുകയില്ല.

അവരുടെ കൺമുമ്പിൽ തന്നെ സ്ഥിതിചെയ്തിരുന്ന അനേകം ലക്ഷ്യങ്ങളെപ്പറ്റി വേണ്ടത്പോലെ മനസ്സിലാക്കുവാനും, അതുവഴി അല്ലാഹുവിലും അവന്റെ നിർദ്ദേശങ്ങളിലും വിശ്വസിക്കുവാനും തയ്യാറാകാതെ, അവയെ അപ്പാടെ നിഷേധിച്ചു വന്നവരോട് അല്ലാഹു തന്റെ സന്നിധിയിൽ വെച്ച് സഗൗരവം ചോദിക്കുന്ന ചോദ്യങ്ങളാണത്. എന്ത് മറുപടിയാണവർക്ക് പറയുവാനുണ്ടാകുക ?! അതിഭയങ്കരമായ ആ വിപൽഘട്ടത്തിൽ ഒരക്ഷരം പോലും മിണ്ടുവാൻ അവർക്ക് സാധ്യമല്ല. അല്ലാഹു നമ്മെ കാക്കട്ടെ آمين

أَلَمْ يَرَوْا۟ أَنَّا جَعَلْنَا ٱلَّيْلَ لِيَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٨٦﴾

《86》 അവർക്ക് ശാന്തമായി (അടങ്ങി)യിരിക്കുവാൻ വേണ്ടി രാത്രിയെയും, കണ്ണ് കാണത്തക്കവിധത്തിൽ പകലിനെയും നാം ഉണ്ടാക്കിയിട്ടുള്ളത് അവർ കണ്ടി ട്ടില്ലേ?! നിശ്ചയമായും, അതിൽ വിശ്വസിക്കുന്ന

ജനങ്ങൾക്ക് (പല) ദൃഷ്ടാന്തങ്ങളുണ്ട്.

﴾86﴿ أَلَمْ يَرَوْا അവർ കണ്ടിട്ടില്ലേ أَنَّا جَعَلْنَا നാം ഉണ്ടാക്കിയിട്ടുണ്ടെന്ന് اللَّيْلَ രാത്രിയെ لِيَسْكُنُوا അവർ ശാന്തമായിരിക്കുവാൻ, അടങ്ങുവാൻ വേണ്ടി فِيهِ അതിൽ وَالنَّهَارَ പകലിനെയും مُبْصِرًا കാണാവുന്നതായി, കാണത്തക്കവണ്ണം إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ ദൃഷ്ടാന്തങ്ങൾ لِقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ അവർ വിശ്വസിക്കുന്നു.

ഉറങ്ങുവാനും, വിശ്രമിക്കുവാനും തക്കവണ്ണം രാത്രിയെ ശാന്തമയമായും, ജോലി ചെയ്‌വാനും, ഉപജീവനമാർഗമന്വേഷിക്കുവാനും ഉപയുക്തമായ നിലയിൽ പകലിനെ വെളിച്ചം നിറഞ്ഞതായും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് ഓരോരുവനും നിത്യം കണ്ടനുഭവിച്ചു വരുന്നതാണല്ലോ. ഇതെല്ലാം എങ്ങിനെ, ആർ, എന്തിനായി ഏർപ്പെടുത്തിയെന്നൊന്നും ചിന്തിക്കാത്തതിനെപ്പറ്റി അവരെ ആക്ഷേപിക്കുകയാണ്.

وَيَوْمَ يُنفَخُ فِي ٱلصُّورِ فَفَزِعَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ۚ

﴾87﴿ കാഹളത്തിൽ ഊതപ്പെടുന്ന ദിവസം (ഓർക്കുക)! അപ്പോൾ, അല്ലാഹു ഉദ്ദേശിക്കുന്നവരൊഴിച്ച് ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും (എല്ലാം തന്നെ) ഭയവിഹ്വലതയിലായിത്തീരുന്നതാണ്.

وَكُلٌّ أَتَوْهُ دَٰخِرِينَ ﴿٨٧﴾

എല്ലാവരും അവന്റെ അടുക്കൽ എളിയവരായ നിലയിൽ ചെല്ലുകയും ചെയ്യും.

﴾87﴿ وَيَوْمَ يُنفَخُ ഊതപ്പെടുന്ന ദിവസം فِي الصُّورِ കാഹളത്തിൽ, കൊമ്പിൽ فَفَزِعَ അപ്പോൾ ഭയവിഹ്വലതയിലാകും, പേടിച്ചു നടുങ്ങും مَن فِي السَّمَاوَاتِ ആകാശത്തിലുള്ളവർ وَمَن فِي الْأَرْضِ ഭൂമിയിലുള്ളവരും إِلَّا مَنْ യാതൊരു കൂട്ടരൊഴികെ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ച وَكُلٌّ എല്ലാവരും أَتَوْهُ അവന്റെ അടുക്കൽ വരുന്നതാണ്, ചെല്ലും دَاخِرِينَ എളിയവരായിട്ട്, നിസ്സാരൻമാരായിക്കൊണ്ട്

ക്വിയാമത്തുനാളിൽ ഉണ്ടാകുന്ന ഒന്നാമത്തെ കാഹളമൂത്താണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിനുശേഷം വീണ്ടും രണ്ടു പ്രാവശ്യം കൂടി കാഹളത്തിൽ ഊതപ്പെടുമെന്നും, അതില്ല-ഒരു പ്രാവശ്യം മാത്രമേ ഊതപ്പെടുകയുള്ളുവെന്നും മഹാൻമാർക്കിടയിൽ രണ്ട് പക്ഷം കാണാം. കാഹളത്തിൽ ഊതപ്പെടുന്ന സന്ദർഭത്തിൽ താഴെ പറയുന്ന സംഭവങ്ങൾ നടക്കുന്നതായി ക്വുർആന്റെ പ്രസ്താവനകളിൽ നിന്നും ഹദീഥുകളിൽ നിന്നും മനസ്സിലാക്കാം 1) അപ്പോൾ എല്ലാവരും ഭയവിഹ്വലരും, പരിഭ്രമചിത്തരുമായിത്തീരുന്നു. 2) അപ്പോൾ എല്ലാവരും നാശമടഞ്ഞുപോകുന്നു. 3) അപ്പോൾ എല്ലാവരും രണ്ടാമത്തെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. അഥവാ പുനരെഴുന്നേൽപിക്കപ്പെടുന്നു. ആകയാൽ, ഭയവിഹ്വലതയുടെ ഊത്ത് (نَفخَةُ الفزع) എന്നും,

മരണത്തിന്റെ ഊത്ത് (نَفخَة الصعق) എന്നും, എഴുന്നേൽപിന്റെ ഊത്ത് (نَفخَة القيام) എന്നും ഇങ്ങിനെ മൂന്ന് ഊത്തുകൾ ഉണ്ടാകുമെന്നാണ് പല മഹാൻമാരും പറയുന്നത്. മറ്റൊരു വിഭാഗം പറയുന്നത്: ഭയവിഹ്വലതയുടെയും, നാശത്തിന്റെയും ഊത്തുകൾ വെവ്വേറെയല്ല - രണ്ടും ഒന്നുതന്നെയാണ് - എന്നാകുന്നു. الله اعلم വാസ്തവം ഏതായിരുന്നാലും ശരി, ഈ ആയത്തിൽ പ്രസ്താവിച്ച ഊത്ത് ഒന്നാമത്തേതുതന്നെ. സൂറത്തു സുമറിൽ അല്ലാഹു പറയുന്നു:

وَنُفِخَ فِي الصُّورِ فَصَعِقَ مَن فِي السَّمَاوَاتِ وَمَن فِي الأَرْضِ إِلاَّ مَن شَاء اللَّهُ ثُمَّ نُفِخَ فِيهِ أُخْرَى فَإِذَا هُم قِيَامٌ يَنظُرُونَ– الزمر : 68

(കാഹളത്തിൽ ഊതപ്പെടും; അപ്പോൾ അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച് ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ബോധംകെട്ടു സ്തംഭിക്കുന്നതാണ്–അഥവാ നാശമടയുന്നതാണ്. എന്നിട്ട് മറ്റൊരു പ്രാവശ്യം അതിൽ ഊതപ്പെടും, അപ്പോഴതാ, അവർ എഴുന്നേറ്റു നോക്കുന്നവരായിരിക്കും) ഇടിമിന്നലോ മറ്റോ ഏറ്റു പെട്ടെന്ന് ബോധരഹിതമാകുന്നതിനും, മരണമടയുന്നതിനും ഉപയോഗിക്കുന്ന വാക്കാണ് صعق എന്നുള്ളത്. സൂ: സുമറിലെ ഈ ആയത്തിൽ പറഞ്ഞ ആദ്യത്തെ ഊത്തും, നാം വായിച്ചുകൊണ്ടിരിക്കുന്ന ആയത്തിൽ കാണുന്ന ഭയവിഹ്വലതയുടെ ഊത്തും ഓരോന്നും പ്രത്യേകം വെവ്വേറെ ഉണ്ടാകുന്നതാണോ അല്ലേ എന്നതിലാണ് അഭിപ്രായ വ്യത്യാസമുള്ളത്. ഏതായാലും അവസാനത്തെ ഊത്ത് പുനരെഴുന്നേൽപ്പിന്നുള്ളത് തന്നെ. സൂ:സുമറിൽ വെച്ച് കൂടുതൽ വിവരം കാണാം إن شاء الله

صُور (സ്വൂർ) എന്ന വാക്കിനാണ് കാഹളം എന്നർത്ഥം കൊടുത്തത്. കൊമ്പ് എന്നും അർത്ഥം ഉണ്ട്. ഇസ്റാഫീൽ (അ) എന്ന മലക്കാണ് കാഹളത്തിൽ ഊതുകയെന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട്. എന്നാൽ കാഹളം എങ്ങിനെയുള്ളതാണെന്നും മറ്റുമുള്ള വിവരങ്ങൾ നമുക്കറിഞ്ഞുകൂടാ. കാഹളത്തിൽ ഊതുമ്പോൾ, ഭയവിഹ്വലതയും നാശവും ബാധിക്കാത്ത ചിലരുണ്ടായിരിക്കുമെന്ന് ഈ രണ്ട് ആയത്തുകളിലും إِلاَّ مَن شَاءَ اللَّهُ (അല്ലാഹു ഉദ്ദേശിച്ചവരൊഴികെ) എന്ന് പറഞ്ഞതിൽ നിന്ന് വ്യക്തമാണ്. ഇവർ ആരായിരിക്കുമെന്നുള്ളതും തിട്ടപ്പെടുത്തിപ്പറയുവാൻ നമുക്ക് സാധ്യമല്ല. 89–ാം വചനത്തിൽ കാണുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്തിത്തന്ന് അന്നത്തെ ഭയങ്കരതകളിൽനിന്ന് അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ ആമീൻ. ഖിയാമത്തുനാളിൽ ഉണ്ടാകുന്ന മറ്റൊരു സംഭവവികാസത്തെപ്പറ്റി അടുത്ത ആയത്തിൽ പ്രസ്താവിക്കുന്നു.

وَتَرَى ٱلْجِبَالَ تَحْسَبُهَا جَامِدَةً وَهِىَ تَمُرُّ مَرَّ ٱلسَّحَابِ ۚ

﴿88﴾ പർവ്വതങ്ങളെ നിനക്ക് കാണാം - അവ നിശ്ചലങ്ങളാണെന്ന് നീ ധരിച്ചേക്കും; അവയാകട്ടെ, മേഘം ചലിക്കുന്ന പ്രകാരം ചലിക്കുന്നതാണ്.

صُنْعَ ٱللَّهِ ٱلَّذِىٓ أَتْقَنَ كُلَّ شَىْءٍ ۚ

എല്ലാ വസ്തുക്കളെയും വ്യവസ്ഥാപിതമായി (കൈകാര്യം) ചെയ്തിട്ടുള്ള അല്ലാഹുവിന്റെ പ്രവർത്തനം! നിശ്ചയമായും, അവൻ

നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞനാകുന്നു. إِنَّهُۥ خَبِيرُۢ بِمَا تَفۡعَلُونَ ﴿٨٨﴾

﴾88﴿ وَتَرَى നീ കാണും, നിനക്കു കാണാം, നീ കാണുന്നു الْجِبَالَ പർവ്വതങ്ങളെ تَحۡسَبُهَا നീ അവയെ ധരിച്ചേക്കും, ധരിക്കുന്നു,ഗണിക്കുന്നു, ഗണിക്കും جَامِدَةً നിശ്ചലമെന്ന്, ഇളകാത്തതായി وَهِيَ അവ, അവയാകട്ടെ تَمُرُّ ചലിക്കും, ചലിക്കുന്നു, നടക്കും مَرَّ السَّحَابِ മേഘത്തിന്റെ ചലനം (മേഘം ചലിക്കുമ്പോലെ) صُنۡعَ اللَّهِ അല്ലാഹുവിന്റെ പ്രവർത്തനം الَّذِي أَتۡقَنَ വ്യവസ്ഥാപിതമാക്കിയ كُلَّ شَيۡءٍ എല്ലാ വസ്തുവെയും إِنَّهُ നിശ്ചയമായും അവൻ خَبِيرٌ സൂക്ഷ്മമായറിയുന്നവനാണ് بِمَا تَفۡعَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെ

നിശ്ചലമായിക്കാണുന്ന ഈ വമ്പിച്ച പർവ്വതങ്ങൾ ഖിയാമത്ത്നാളിൽ അടിപുഴകി മേഘംപോലെ അതിവേഗത്തിൽ ഓടിക്കറങ്ങുന്നതാണ്. വളരെ വലിപ്പമുള്ള വസ്തുക്കൾ ഒരേ രേഖയിൽ അതിവേഗം നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, അവ ഒരിടത്ത് നിശ്ചലമായി നിലകൊള്ളുകയാണെന്ന് തോന്നുമല്ലോ. ഖിയാമത്തുനാളിൽ മലകളിൽ ഉണ്ടാകുന്ന ഈ സ്ഥിതിമാറ്റത്തെക്കുറിച്ച് ഖുർആൻ പല സ്ഥലത്തും പ്രസ്താവിച്ചിട്ടുള്ളതാണ് ١٠ وَيَوۡمَ نُسَيِّرُ الۡجِبَالَ (മലകൾ ഒരു നടത്തം നടക്കും) وَتَسِيرُ الۡجِبَالُ سَيۡرًا – الطور : ٤٧ الكهف – (മലകളെ നാം നടത്തുന്ന ദിവസം) ٢٠ : وَسُيِّرَتِ الۡجِبَالُ فَكَانَتۡ سَرَابًا – النبأ (മലകൾ നടത്തപ്പെടുകയും ചെയ്യും, എന്നിട്ട്, അവ കാനൽപോലെയാകുന്നതാണ്.) എന്നൊക്കെയുള്ള വചനങ്ങൾ ഇതിനെക്കുറിച്ചാകുന്നു. സൂ:ത്വാഹാ 105-107 ഉം അവയുടെ വ്യാഖ്യാനവും നോക്കുക. പർവ്വതങ്ങളടക്കമുള്ള എല്ലാ വസ്തുക്കളെയും അതിസമർത്ഥമാംവണ്ണം വ്യവസ്ഥാപിതമായി കൈകാര്യം ചെയ്യുന്ന അതേ ലോകനിയന്താവായ അല്ലാഹുവിന്റെ പ്രവർത്തനം തന്നെയാണ് അന്നത്തെ ദിവസം പർവ്വതങ്ങളിൽ ഈ വമ്പിച്ച മാറ്റം ഉണ്ടാക്കുന്നതും. അല്ലാതെ അവന്റെ പ്രവർത്തനത്തിലോ, വ്യവസ്ഥയിലോ എന്തെങ്കിലും ക്രമക്കേടോ, ന്യൂനതയോ സംഭവിക്കുന്നതുകൊണ്ടല്ല ഇത് ഉണ്ടാകുന്നത് എന്ന് കൂടി പ്രസ്താവിച്ചത് ശ്രദ്ധേയമാണ്.

മലകളുടെ ചലനത്തെപ്പറ്റി ഇവിടെ പ്രസ്താവിച്ചത് ഖിയാമത്ത് നാളിലെ സംഭവമെന്ന നിലക്കല്ലെന്നും, നിലവിലുള്ള അവസ്ഥ വിവരിച്ചതാണെന്നും ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്. അതായത്: ഭൂമി സദാ അതിവേഗത്തിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടിരിക്കുന്നു. അതിനെത്തുടർന്ന് ഭൂമിയിലുള്ള പർവ്വതങ്ങളും ഇതര വസ്തുക്കളെപ്പോലെത്തന്നെ അതോടൊപ്പം ചുറ്റിത്തിരിയുന്നതിനെയാണ് ഈ വചനം കുറിക്കുന്നതെന്ന് സാരം. അവയുടെ ഈ ചലനം കാഴ്ചയിൽ മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് അവ നിശ്ചലമാണെന്ന് തോന്നുമല്ലോ. ആയത്തിലെ ترى ، تحسب ، تمر എന്നീ ക്രിയാരൂപങ്ങൾ ഓരോന്നും ഭാവികാലത്തെയും, വർത്തമാനകാലത്തെയും (الحال و المستقبل ،)കുറിക്കുവാൻ ഉതകുന്ന രൂപത്തിൽ (مضارع) ആകകൊണ്ട് രണ്ടാമത് പറഞ്ഞ അഭിപ്രായം തെറ്റാണെന്ന് പറഞ്ഞുകൂടാത്തതാണ് . صُنۡعَ اللَّهِ الَّذِي أَتۡقَنَ كُلَّ شَيۡءٍ (എല്ലാ വസ്തുവെയും വ്യവസ്ഥാപിതമായി കൈകാര്യം ചെയ്തിട്ടുള്ള അല്ലാഹുവിന്റെ

(പ്രവർത്തനം)എന്ന വാക്യമാവട്ടെ, ഈ അഭിപ്രായത്തിനും എതിരാകുന്നുമില്ല. പക്ഷേ, മറ്റു ചില വസ്തുതകൾ വെച്ചുനോക്കുമ്പോൾ ഈ വചനം, ക്വിയാമത്ത് നാളിലുണ്ടാകുന്ന സ്ഥിതിമാറ്റത്തെത്തന്നെയാണ് ഉദ്ദേശിക്കുന്നതെന്ന് വെക്കുവാൻ നമ്മെ നിർബന്ധിക്കുന്നത് കാണാം.

ഒന്നാമതായി, ഇവിടത്തെ സന്ദർഭം അന്ത്യനാളിനെക്കുറിച്ചുള്ള വിവരണമാണ്. 82 മുതൽ 87 കൂടിയ ആയത്തുകളും, തുടർന്നുള്ള 89, 90 എന്നീ ആയത്തുകളും നോക്കുക. അപ്പോൾ ഇടക്ക് വെച്ചു ഈയൊരു വചനം അതിൽ നിന്ന് അടർത്തിയെടുക്കുവാൻ ന്യായം കാണുന്നില്ല. അതേ സമയത്ത് ക്വിയാമത്ത് നാളിൽ പർവ്വതങ്ങൾ തൽസ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യപ്പെടുമെന്നും, തട്ടിത്തകർത്തപ്പെടുമെന്നും, പൊടിപാറ്റപ്പെടുമെന്നും മറ്റുമുള്ള അനേകം വിവരങ്ങൾ ക്വുർആനിൽ ആവർത്തിച്ചു പറയാറുള്ളതുമാണ്.

2-ാമതായി ക്വുർആന്റെ അവതരണ കാലത്ത് ഭൂമിയുടെ ചലനത്തെക്കുറിച്ച് പൊതുവിൽ ആർക്കും അറിവില്ലായിരുന്ന സ്ഥിതിക്ക് പിന്നീട് സ്ഥാപിക്കപ്പെട്ട ഈ ശാസ്ത്രതത്വത്തെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നതെന്ന് അന്നുള്ളവർക്ക് മനസ്സിലാക്കുവാൻ വിഷമമുണ്ടാവുക സ്വാഭാവികമാണ്. മുമ്പുള്ള മഹാൻമാർ ആരും അങ്ങിനെ മനസ്സിലാക്കുകയോ, പറയുകയോ ചെയ്തതായി അറിയില്ല. പിൽകാലത്ത് മാത്രം കണ്ടുപിടിക്കപ്പെട്ട ചില ശാസ്ത്രീയ യാഥാർത്ഥ്യങ്ങളെ ക്വുർആൻ സൂചിപ്പിക്കുകയും അനുകൂലിക്കുകയും ചെയ്യാറുണ്ടെങ്കിലും ക്വുർആന്റെ അവതരണകാലത്തുള്ളവർക്ക് മനസ്സിലാക്കുവാൻ കഴിയാത്തതും, പിൽക്കാലക്കാർക്ക് മാത്രം ഗ്രഹിക്കുവാൻ സാധിക്കുന്നതുമായ പ്രസ്താവനകൾ ക്വുർആനിൽ കാണപ്പെടാറില്ല. അത് കേവലം യുക്തിവിരുദ്ധവുമാണ്. വിശദാംശം ഗ്രഹിക്കുന്നതിൽ ഏറ്റക്കുറവുണ്ടാകുന്നതാണെങ്കിലും, ക്വുർആൻ ഒന്നാമതായി അഭിമുഖീകരിക്കുന്ന ജനതക്ക് അതിലെ ആശയങ്ങൾ മുഴുവനും ഗ്രാഹ്യമാകണമല്ലോ.

3-ാമതായി ഭൂമി ചലിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം അതിനെത്തുടർന്ന് ചലിക്കുന്ന മലകൾ മാത്രമല്ല; ഭൂമിയൊന്നിച്ചു ചലിച്ചുകൊണ്ടിരിക്കുന്ന അതിലെ സകല വസ്തുക്കളും നമ്മുടെ ദൃഷ്ടിയിൽ നിശ്ചലമായിത്തന്നെയാണ് കാണപ്പെടുന്നത്. യഥാർത്ഥത്തിൽ, ഒരു മണിക്കൂറിൽ ഏറെക്കുറെ 1000 നാഴിക വേഗതയിൽ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന ഭൂമി തന്നെയും നമ്മുടെ ദൃഷ്ടിയിൽ നിശ്ചലമായിട്ടാണ് തോന്നുന്നത്. എന്നിരിക്കെ, അവയെക്കുറിച്ചൊന്നും പറയാതെ, ആപേക്ഷിക ചലനം ചെയ്യുന്ന മലകളെക്കുറിച്ച് മാത്രം എടുത്തുപറയുന്നതിൽ വലിയ പാഠമൊന്നും കാണപ്പെടുന്നില്ല. الله اعلم

مَن جَآءَ بِٱلْحَسَنَةِ فَلَهُۥ خَيْرٌ مِّنْهَا وَهُم مِّن فَزَعٍ يَوْمَئِذٍ ءَامِنُونَ ﴿٨٩﴾

﴾89﴿ ആർ നന്മയും കൊണ്ട് വന്നുവോ അവന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും, അവർ, അന്നത്തെ ദിവസം ഭയവിഹ്വലതയിൽ നിന്നും നിർഭയന്മാരു മായിരിക്കും.

وَمَن جَآءَ بِٱلسَّيِّئَةِ فَكُبَّتْ وُجُوهُهُمْ

﴾90﴿ ആർ തിന്മയും കൊണ്ട് വന്നുവോ അവരുടെ (മുഖങ്ങൾ (കുത്തിക്കൊണ്ട്) നരകത്തിൽ മറിച്ചിടപ്പെടുകയും ചെയ്യും. നിങ്ങൾ

فِي ٱلنَّارِ هَلۡ تُجۡزَوۡنَ إِلَّا مَا كُنتُمۡ تَعۡمَلُونَ ﴿٩٠﴾

പ്രവർത്തിച്ചിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽക പ്പെടുമോ?! (എന്ന് അവരോട് പറയപ്പെടും)

《89》 مَن جَآءَ ആർ വന്നുവോ, ആരെങ്കിലും വന്നാൽ بِٱلۡحَسَنَةِ നൻമയും കൊണ്ട് فَلَهُۥ എന്നാൽ അവന്നുണ്ട് خَيۡرٌ ഉത്തമമായത് مِّنۡهَا അതിനെക്കാൾ, അത്നിമിത്തം وَهُم അവർ, അവരാകട്ടെ مِّن فَزَعٍ ഭയവിഹ്വലതയിൽ നിന്ന്, പരിഭ്രമത്തെപ്പറ്റി يَوۡمَئِذٍ അന്ന് ആ ദിവസം ءَامِنُونَ നിർഭയമായിരിക്കും, വിശ്വസ്തരാണ് 《90》 وَمَن جَآءَ ആർ വന്നുവോ, ആരെങ്കിലും വന്നാൽ بِٱلسَّيِّئَةِ തിൻമയുമായി فَكُبَّتۡ എന്നാൽ മറിച്ചിടപ്പെടും, കമിഴ്ത്തിവീഴ്ത്തപ്പെടും وُجُوهُهُمۡ അവരുടെ മുഖങ്ങൾ فِي ٱلنَّارِ നരകത്തിൽ هَلۡ تُجۡزَوۡنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ إِلَّا مَا യാതൊന്നിന്നല്ലാതെ كُنتُمۡ നിങ്ങളായിരുന്നു تَعۡمَلُونَ (അത് പ്രവർത്തിച്ചിരുന്നു)

നൻമ (ٱلۡحَسَنَة) കൊണ്ടുദ്ദേശ്യം സൽകർമങ്ങളും, തിൻമ (ٱلسَّيِّئَة)കൊണ്ടുദ്ദേശ്യം ദുഷ്കർമങ്ങളുമാണെന്ന് സാമാന്യമായിപ്പറയാം. എന്നാൽ, അല്ലാഹുവിലും അവന്റെ ഏകത്വത്തിലും (തൗഹീദിലും) നിഷ്കളങ്കമായി വിശ്വസിക്കുന്നതാണ് എല്ലാ നൻമകളിലുംവെച്ച് ഏറ്റവും പ്രധാനമായത് എന്നും, അതില്ലാത്തപക്ഷം മറ്റുള്ള കാര്യങ്ങളൊന്നും തന്നെ അല്ലാഹുവിന്റെ അടുക്കൽ പരിഗണിക്കപ്പെടുകയില്ലെന്നും പറയേണ്ടതില്ല. (സൂ: ഫുർഖാൻ 23 പോലുള്ള സ്ഥലങ്ങളിൽ) ഖുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണിത്. തിൻമകളുടെ കൂട്ടത്തിൽ ഏറ്റവും വമ്പിച്ചത് ദൈവനിഷേധവും, ബഹുദൈവവിശ്വാസവുമാകുന്നു. ഇതുകൊണ്ടാണ് ചില മഹാൻമാർ ഇവിടെ നൻമയെ തൗഹീദിന്റെ വാക്യം (كلمة التوحيد)എന്നും, തിൻമയെ കുഫ്റിന്റെ വാക്യം (كلمة الكفر) എന്നും വ്യാഖ്യാനിച്ചിട്ടുള്ളത്. നൻമയുമായി വന്നിട്ടുള്ള സജ്ജനങ്ങൾക്ക് അവരുടെ സൽകർമങ്ങളുടെ അളവിൽ കവിഞ്ഞ തോതിലാണ് പ്രതിഫലം നൽകപ്പെടുന്നത്. മാത്രമല്ല, ആ ഭയങ്കര ദിവസത്തിൽ യാതൊരു പേടിയും പരിഭ്രമവും കൂടാതെ രക്ഷപ്പെടുന്നവരുമായിരിക്കും അവർ فَلَهُۥ خَيۡرٌ مِّنۡهَاഎന്ന വാക്യത്തിനാണ് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും, എന്ന് തർജ്ജമ കൊടുത്തത്. ഇതിൽ مِّنۡهَا എന്ന വാക്കിന് അതിനെക്കാൾ എന്നും അത് നിമിത്തം എന്നും അർത്ഥം വരാവുന്നതാണ്. പല വ്യാഖ്യാതാക്കളും രണ്ടാമത്തെ അർത്ഥമാണിവിടെ സ്വീകരിച്ചിട്ടുള്ളതും.

ഏതായാലും, നൻമയുടെ പ്രതിഫലം, അതിന്റെ തോതിൽ കവിഞ്ഞതായിരി ക്കുമെന്നും, തിൻമയുടെ ഫലം അതിന്റെ അളവനുസരിച്ചു മാത്രമായിരിക്കുമെന്നും അല്ലാഹു സ്പഷ്ടമാക്കിയിട്ടുള്ളതാകുന്നു. സൂ: അൻആമിൽ ഇപ്രകാരം പറയുന്നു:

مَن جَاء بِٱلۡحَسَنَةِ فَلَهُۥ عَشۡرُ أَمۡثَالِهَا وَمَن جَاء بِالسَّيِّئَةِفَلاَ يُجۡزَى إِلاَّ مِثۡلَهَا وَهُمۡ لاَ يُظۡلَمُونَ

(ആർ നൻമയും കൊണ്ട് വന്നുവോ അവന് അതിന്റെ പത്തിരട്ടിയുമുണ്ടായിരിക്കും. ആർ

തിൻമയുംകൊണ്ട് വന്നുവോ അവന് അതിന്റെ അത്രയല്ലാതെ പ്രതിഫലം നൽകപ്പെടുകയില്ല. അവർ അക്രമിക്കപ്പെടുന്നതുമല്ല) സൂ: ക്വസ്വസ് 84-ലും ഈ ആശയം കാണാം. ഈ പ്രസ്താവന പൊതുവിൽ എല്ലാവർക്കും ബാധകമാകുന്നു. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്ന ഭാഗ്യവാൻമാർക്ക് അവൻ കണക്കില്ലാതെ നൽകുന്നു (وَاللَّهُ يَرْزُقُ مَن يَشَاءُ بِغَيْرِ حِسَابٍ -النور)

ചരിത്രലക്ഷ്യങ്ങൾ, പ്രകൃതിദൃഷ്ടാന്തങ്ങൾ, ക്വിയാമത്ത് നാളിലെ സംഭവവികാസങ്ങൾ, സൻമാർഗികളുടെയും, ദുർമാർഗികളുടെയും സ്ഥിതിഗതികൾ എന്നിങ്ങിനെ വിവിധ വിഷയകമായി പ്രതിപാദിച്ചശേഷം സംസാരഗതി മറ്റൊരു രൂപത്തിലേക്ക് മാറ്റികൊണ്ട് അല്ലാഹു ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു. നബി തിരുമേനിﷺയുടെ പ്രബോധനത്തിന്റെ നയവും, മാർഗവും സംക്ഷിപ്തമായി അവസാനത്തെ വചനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. നബിﷺക്ക് മനസ്സമാധാനം നൽകുന്നതോടൊപ്പം ദുർമാർഗികൾക്ക് വളരെ കനത്ത ഒരു താക്കീതും അതിൽ കാണാം:

إِنَّمَآ أُمِرْتُ أَنْ أَعْبُدَ رَبَّ هَٰذِهِ ٱلْبَلْدَةِ ٱلَّذِى حَرَّمَهَا وَلَهُۥ كُلُّ شَىْءٍ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ ﴿٩١﴾

﴾91﴿ (നബിയേ, പറഞ്ഞേക്കുക:) ഈ രാജ്യത്തെ അലംഘനീയ [പരിപാവന] മാക്കിയിട്ടുള്ളവനായ അതിന്റെ റബ്ബിനെ ആരാധിക്കുവാൻ മാത്രമാണ് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്. എല്ലാ വസ്തുവും അവന്റേതത്രെ.

ഞാൻ മുസ്ലിംകളിൽ പെട്ടവനായിരിക്കുവാനും എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു.

وَأَنْ أَتْلُوَا۟ ٱلْقُرْءَانَ ۖ فَمَنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى لِنَفْسِهِۦ ۖ وَمَن ضَلَّ فَقُلْ إِنَّمَآ أَنَا۠ مِنَ ٱلْمُنذِرِينَ ﴿٩٢﴾

﴾92﴿ ഞാൻ ക്വുർആൻ പാരായണം ചെയ്യുവാനും (കല്പിക്കപ്പെട്ടിട്ടുണ്ട്). എന്നാൽ, ആരെങ്കിലും നേർമാർഗം സ്വീകരിക്കുന്നതായാൽ, അവൻ തനിക്ക് (ഗുണത്തിന്) വേണ്ടിത്തന്നെ നേർമാർഗം സ്വീകരിക്കുന്നു (നബിയേ) ആരെങ്കിലും വഴിപിഴച്ചു പോകുന്നതായാൽ, നീ പറഞ്ഞേക്കുക'ഞാൻ മുന്നറിയിപ്പു നൽകുന്നവരിൽ പെട്ടവൻ മാത്രമാണ്', എന്ന്

وَقُلِ ٱلْحَمْدُ لِلَّهِ سَيُرِيكُمْ ءَايَٰتِهِۦ فَتَعْرِفُونَهَا ۚ

﴾93﴿ (വീണ്ടും) പറയുക: അല്ലാഹുവിന് സർവ്വസ്തുതിയും! അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങ ൾക്കവൻ (അടുത്ത്) കാണിച്ചുതന്നേക്കുന്നതാണ് ; അപ്പോൾ നിങ്ങൾക്കത് മനസ്സിലായിക്കൊള്ളും!

وَمَا رَبُّكَ بِغَٰفِلٍ عَمَّا تَعْمَلُونَ ﴿٩٣﴾ **നിന്റെ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അശ്രദ്ധനല്ലതന്നെ.**

﴾91﴿ إِنَّمَا أُمِرْتُ നിശ്ചയമായും എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു أَنْ أَعْبُدَ ഞാൻ ആരാധിക്കുവാൻ(മാത്രം) رَبَّ هَٰذِهِ الْبَلْدَةِ ഈ രാജ്യത്തിന്റെ റബ്ബിനെ (നാഥനെ) الَّذِي യാതൊരുവൻ حَرَّمَهَا അതിനെ അലംഘനീയമാക്കിയ (ബഹുമാനപ്പെടുത്തിയ) وَلَهُ അവന്നുള്ളതാണ്, അവന്റെതാണ് كُلُّ شَيْءٍ എല്ലാ വസ്തുവും وَأُمِرْتُ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു أَنْ أَكُونَ ഞാൻ ആയിരിക്കുവാൻ مِنَ الْمُسْلِمِينَ മുസ്ലിംകളിൽ(പെട്ടവൻ) ﴾92﴿ وَأَنْ أَتْلُوَ ഞാൻ പാരായണം ചെയ്വാനും, ഓതുവാനും الْقُرْآنَ ക്വുർആൻ فَمَنِ എന്നാൽ ആർ, ആരെങ്കിലും اهْتَدَىٰ സൻമാർഗം പ്രാപിച്ചാൽ, നേർമാർഗം സ്വീകരിച്ചു(വെങ്കിൽ) فَإِنَّمَا يَهْتَدِي എന്നാൽ നിശ്ചയമായും അവൻ നേർമാർഗം സ്വീകരിക്കുന്നു لِنَفْسِهِ തനിക്കുവേണ്ടിത്തന്നെ وَمَنْ ضَلَّ ആർ വഴിപിഴച്ചുവോ فَقُلْ അപ്പോൾ നീ പറയുക إِنَّمَا أَنَا നിശ്ചയമായും ഞാൻ مِنَ الْمُنْذِرِينَ മുന്നറിയിപ്പു നൽകുന്നവരിൽ(പെട്ടവൻ)മാത്രമാണ് ﴾93﴿ وَقُلِ നീ പറയുകയും ചെയ്യുക الْحَمْدُ സർവ്വസ്തുതിയും لِلَّهِ അല്ലാഹുവിനാണ് سَيُرِيكُمْ അവൻ നിങ്ങൾക്ക് (അടുത്ത്)കാണിച്ചുതരും آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങൾ فَتَعْرِفُونَهَا അപ്പോൾ നിങ്ങൾക്കത് മനസ്സിലാകും, അതറിഞ്ഞുകൊള്ളും وَمَا رَبُّكَ നിന്റെ റബ്ബല്ല بِغَافِلٍ (ഒട്ടും) അശ്രദ്ധൻ عَمَّا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച്

'ഈ രാജ്യം' എന്ന് പറഞ്ഞത് മക്കയെ ഉദ്ദേശിച്ചാകുന്നു. അല്ലാഹുവിനെ ആരാധിക്കുവാൻ ഒന്നാമതായി സ്ഥാപിക്കപ്പെട്ട കഅ്ബഃ എന്ന വിശുദ്ധ ദേവാലയം മക്കയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സൂറത്ത് അവതരിക്കുന്ന കാലത്ത് നബി ﷺ വസിക്കുന്നതും അവിടെത്തന്നെ. അതിന്റെ ചുറ്റുപാടുമുള്ള ജനതയെ തൗഹീദിലേക്ക് തിരുമേനി ക്ഷണിച്ചുകൊണ്ടിരിക്കുന്ന കാലവുമാണത്. ഈ നിലക്കാണ് ഈ രാജ്യത്തിന്റെ റബ്ബ് എന്ന് പറഞ്ഞത്. അതിനെ അലംഘനീയമാക്കി (حرمها) എന്നതിന്റെ താൽപര്യം, അവിടെ വെച്ച് രക്തം ചിന്തുക, അക്രമം നടത്തുക, കയ്യേറ്റം ചെയ്യുക മുതലായവയെല്ലാം അതി കർശനമായി മുടക്കപ്പെടുകയും (ഹറാമാക്കുകയും) ഇതരരാജ്യങ്ങൾക്കില്ലാത്ത ബഹുമാനം കൽപിക്കപ്പെടുകയും (ഹുർമത്താക്കുകയും) ചെയ്തിരിക്കുന്നുവെന്നത്രെ. ഈ അർത്ഥത്തിൽ തന്നെയാണ് അതിന്ന് 'ഹറം'(الحَرَم) എന്ന് പറയുന്നത്.

ഞാൻ ക്വുർആൻ പാരായണം ചെയ്യുവാനും (وان اتلو القرآن) എന്നു പറഞ്ഞതിന് രണ്ടുതരത്തിൽ ഉദ്ദേശ്യം കൽപിക്കപ്പെട്ടുകാണാം. ഒന്ന് : ക്വുർആന്റെ സാരോദ്ദേശ്യങ്ങളും തത്വരഹസ്യങ്ങളും കൂടുതൽ കൂടുതൽ മനസ്സിലാക്കുവാൻ വേണ്ടി അത് എപ്പോഴും വായിക്കുവാൻ എന്നും, രണ്ട് പ്രബോധനമെന്ന നിലക്ക് ജനങ്ങളിൽ അത് ഓതിക്കേൾപ്പിക്കുവാൻ എന്നുമാണത്. ക്വുർആൻ നിത്യപാരായണം ചെയ്യുന്നതിന്റെ പ്രാധാന്യത്തെയും, ആവശ്യത്തെയും കുറിച്ച് നിരവധി ക്വുർആൻ വാക്യങ്ങളും നബിവചനങ്ങളും വന്നിട്ടുള്ളതാണ്.

ഈ സൂറത്തിലെ അവസാനത്തെ വാക്യം വളരെ ഗൗരവമേറിയ ഒരു വസ്തുത–എല്ലാവരും സദാസമയത്തും ഓർമിച്ചുകൊണ്ടിരിക്കേണ്ടുന്നതും, എല്ലാവരുടെയും നൻമതിൻമകളുടെ ഏറ്റക്കുറവിന് നിദാനമായിരിക്കുന്നതുമായ ഒരു യാഥാർത്ഥ്യം–ചൂണ്ടിക്കാട്ടുന്നു **وما ربك بغافل عما تعملون** (നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് നിന്റെ റബ്ബ് അശ്രദ്ധനല്ലതന്നെ) ഇമാം അഹ്മദുബ്നു ഹമ്പൽ (റ) സാധാരണ ചൊല്ലാറുണ്ടായിരുന്നതായി ഉദ്ധരിക്കപ്പെടുന്ന രണ്ട് മുറി പദ്യങ്ങൾ ഈ വാക്യത്തിന്റെ ഒരു വിവരണമത്രെ:

اِذَا مَا خَلَوْتَ الدَّهْرَ يَوْمًا فَلاَ تَقُلْ   خَلَوْتُ وَلَكِن قُلْ عَلَيَّ رَقِيبٌ

وَلاَ تَحْسَبَنَّ الله يَغْفُلُ سَاعَةً   وَلاَ اَنَّ مَا يَخْفِى عَلَيْهِ يَغِيبُ

സാരം: വല്ലവേളയിലും, ആരുമില്ലാതെ നീ തനിച്ചായിരുന്നാൽ ഞാൻ തനിച്ചാണെന്ന് നീ കരുതിപ്പോകരുത്. എന്നാൽ നിന്നെ മേൽനോട്ടം ചെയ്യുന്ന ഒരാളുണ്ടെന്ന് ഓർത്തുകൊള്ളണം. ഒരു വിനാഴിക നേരമെങ്കിലും അല്ലാഹു അശ്രദ്ധനായിരിക്കുമെന്നോ, ഒളിച്ചുവെക്കുന്ന ഏതെങ്കിലും കാര്യം അവൻ അറിയാതെ പോകുമെന്നോ ഒരിക്കലും നീ ധരിച്ചേക്കുകയുമരുത്.

അല്ലാഹു നമ്മെ സൽപാതയിൽ നടത്തിത്തരുകയും,നമ്മുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യട്ടെ – ആമീൻ

﴿كان الفراغ من تفسير هذه السورة بحمد الله يوم الثالث من ربيع الاول سنة ١٣٨١ هـ الموافق ١٦ - ٨ - ٦١ م﴾

വ്യാഖ്യാനക്കുറിപ്പ്:

സൂറതുന്നംലിൽ

സുലൈമാൻ നബി(അ)യുടെ കഥയും തൽപരകക്ഷികളുടെ ദുർവ്യാഖ്യാനങ്ങളും

വിശുദ്ധ ഖുർആനിൽ വിശ്വസിക്കാത്ത ആളുകൾ അതിലെ ഏത് ഭാഗവും നിഷേധിക്കുക സ്വാഭാവികമാണ്. അതിൽ ശരിക്ക് വിശ്വസിക്കുന്ന ഏവർക്കും അതിലെ ഏതു പ്രസ്താവനയും മുഖവിലക്കുതന്നെ സ്വീകരിക്കൽ നിർബന്ധവുമാണ്. എന്നാൽ, ഖുർആന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവരിൽ തന്നെ ഒരു തരക്കാരുണ്ട് : ഭൗതികശാസ്ത്രം, യുക്തിവാദം, നൂതനാശയം എന്നിത്യാദി ഏതെങ്കിലും ഒന്നിന്റെ ലഹരി നിമിത്തം അതിലെ ചില വശങ്ങൾ നേർക്കുനേരെ അനുകൂലിക്കുവാൻ അവർക്ക് സാധ്യമല്ല. അതിനാൽ തങ്ങളുടെ താൽപര്യത്തിനൊത്ത് അവയെ വ്യാഖ്യാനിക്കുവാൻ അവർ നിർബന്ധിതരാകും. തങ്ങളുടെ താല്പര്യം സംരക്ഷിക്കുവാൻ മാത്രമല്ല, തങ്ങളുടെ ആദർശങ്ങൾ ഖുർആന്റെ നാമത്തിൽ പ്രചരിപ്പിക്കുവാനും അവർ അത് ഉപയോഗപ്പെടുത്തുകയും ചെയ്യും. ഇസ്‌ലാമിക വിജ്ഞാനങ്ങളിലും, ഖുർആന്റെ ഭാഷാസാഹിത്യത്തിലും കുറെയെല്ലാം പരിചയമുള്ളവർ ഇവരുടെ ദുർവ്യാഖ്യാനങ്ങളിൽ കുടുങ്ങുകയില്ല. എങ്കിലും ശുദ്ധഗതിക്കാരായ സാധാരണക്കാരും, അല്പജ്ഞൻമാരും അതിൽ വഞ്ചിതരാകരുതെന്ന് കരുതി അത്തരം പല ദുർവ്യാഖ്യാനങ്ങളെക്കുറിച്ചും ഇതിന് മുമ്പ് നാം സംസാരിച്ചിട്ടുണ്ട്.

സൂറത്തുന്നംലിൽ സുലൈമാൻ നബി(അ)യുടെ കഥാവിവരണത്തിൽ ഇവർ നടത്തിയ പല വിക്രിയകളെക്കുറിച്ചും ഒരു നിരൂപണം നടത്തുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. സത്യം സ്വീകരിക്കുവാനുള്ള ഹൃദയവും, പറയുവാനുള്ള നാവും അല്ലാഹു നമുക്കെല്ലാവർക്കും പ്രദാനം ചെയ്യട്ടെ. آمين

വാദി-ന്നംല് (وَادِي النَّمْل)

സൂറത്തുന്നംല് 18-ാം വചനം (حَتَّى إِذَا أَتَوْا عَلَى وَادِي النَّمْلِ قَالَتْ نَمْلَةٌ....) നാം വായിച്ചുവല്ലോ. സുലൈമാൻ നബി(അ)യും സൈന്യവും ഒരു ഉറുമ്പിൻ താഴ്‌വരയിലൂടെ അടുത്ത് വന്നപ്പോൾ ഒരു ഉറുമ്പ് അതിന്റെ കൂട്ടുകാരോട് : പാർപ്പിടങ്ങളിൽ പ്രവേശിച്ചേക്കുക, അല്ലാത്തപക്ഷം സുലൈമാനും സൈന്യവും അറിയാതെ ചവിട്ടിച്ചതച്ചേക്കാം എന്ന് പറഞ്ഞതായി അതിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു ഉറുമ്പ് സംസാരിച്ചു, സൈന്യത്തിന്റെ വരവിനെക്കുറിച്ച് അത് മനസ്സിലാക്കി എന്നൊക്കെ സമ്മതിക്കുവാൻ ഇക്കൂട്ടർക്ക് സാധിക്കുകയില്ല. അതിനാൽ ക്വുർആനിലെ ചില വാക്കുകൾക്ക് അർത്ഥം മാറ്റുവാനും മറ്റും അവർ തയ്യാറായിരിക്കുകയാണ്.

അതിലൊന്ന് വാദിന്നംല് (وَادِي النَّمْل) 'ഉറുമ്പിന്റെ താഴ്‌വര' എന്നാണ് എല്ലാ മുസ്‌ലിംകളെയുംപോലെ നാമും അതിന് അർത്ഥം കൊടുത്തിരിക്കുന്നത്. (വാദീ=താഴ്‌വര; നംല് = ഉറുമ്പ്). ഉറുമ്പിൻ താഴ്‌വര എന്നല്ല ഇവിടെ ഉദ്ദേശ്യമെന്നും, അതൊരു പ്രദേശത്തിന്റെ പേരാണെന്നുമാണ് ഇവരുടെ വാദം. ഈ വാദിന്നംല് എവിടെയായിരുന്നുവെന്നതിൽ മുഫസ്സിറുകൾക്കിടയിൽ ഭിന്നാഭിപ്രായം കാണാം. (ശാമിലാണെന്നും, ത്വാഇഫിലാണെന്നും മറ്റും الله اعلم). അതൊരു പ്രദേശപേരാണ് എന്നതിന് ഇവർ കൊണ്ടുവരുന്ന ന്യായം ഈ അഭിപ്രായങ്ങളാണ്. വാസ്തവത്തിൽ ആ മുഫസ്സിറുകളാരുംതന്നെ അതൊരു പ്രദേശപ്പേരാണെന്ന് പറയുന്നില്ല. ഈ സൂറത്തിൽ പ്രസ്താവിച്ച ഉറുമ്പിൻ താഴ്‌വര എവിടെയായിരുന്നുവെന്ന് മാത്രമാണ് അവർ അഭിപ്രായം പറഞ്ഞത്. ആരെങ്കിലും അത് ഒരു പ്രദേശമാണെന്ന് പറഞ്ഞിരുന്നുവെങ്കിൽ ഇവരത് പൊക്കിക്കാട്ടുമായിരുന്നുവല്ലോ. അതെവിടെയായിരുന്നുവെന്ന് പറയുന്നതോടൊപ്പം ആ ഉറുമ്പിൻ കൂട്ടത്തെപ്പറ്റിയും ആ മഹാൻമാർ വിവരിക്കുന്നത് കാണാം : ഈച്ചയെപ്പോലുള്ളവ, ചിറകുള്ളവ, ഇന്നവർഗത്തിൽപെട്ടവ എന്നൊക്കെ അവർ തുടർന്നു രേഖപ്പെടുത്തിയിരിക്കും.

وادى النمل بين جيرين و عسقلان എന്ന് 'താജുൽഉറൂസിൽ' ഒരു വാചകമുണ്ട്. വാദിന്നംല് ജബ്‌റീനിന്നും അസ്ക്വലാനിന്നും ഇടയിലാണ് എന്നർത്ഥം. അതൊരു പ്രദേശത്തിന്റെ പേരാണെന്ന് ഈ വാക്യം കാണിക്കുന്നുപോൽ!

ഈ ന്യായം നമുക്ക് മനസ്സിലാകുന്നില്ല. വാസ്തവത്തിൽ അതിന്റെ ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നത് ക്വുർആനിൽ പ്രസ്താവിച്ച ഉറുമ്പിൻ താഴ്‌വര പ്രസ്തുത രാജ്യങ്ങൾക്കിടയിലാണെന്നാണ്. വാദിന്നംലിനെപ്പറ്റി ബൈദ്വാവി (റ) പറഞ്ഞ വാചകം: النمل وَادٍ بالشَام كَثير (ശാമിൽ ഉറുമ്പുകൾ അധികമുള്ള ഒരു താഴ്‌വരയാണ്)എന്നത്രെ. ജബ്‌റീനും, അസ്ക്വലാനും ശാമിൽപെട്ട രണ്ടു രാജ്യങ്ങളാണെന്ന് പ്രസ്താവ്യമാകുന്നു, അപ്പോൾ, താജുൽ ഉറൂസിന്റെയും, ബൈദ്വാവിയുടെയും വാചകങ്ങൾ പരസ്പരം ഭിന്നിപ്പില്ലെന്ന് മാത്രമല്ല, അവ അന്യോന്യം ഉദ്ദേശ്യം മനസ്സിലാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

ചില ജന്തുക്കളുടെ പേരുകൾ അറബികൾ തങ്ങളുടെ നാമങ്ങളായി സ്വീകരിക്കാറുണ്ട്. ഉദാഹരണമായി: അസദ് (സിംഹം), ഥഅ്‌ലബ് (കുറുക്കൻ) കൽബ് (നായ) എന്നൊക്കെ. പൂർവ്വപിതാക്കളുടെ നാമങ്ങളിലാണ് അറബിഗോത്രങ്ങൾ അറിയപ്പെട്ടിരുന്നതും. അതിൽപെട്ട ഒന്നാണ് നംലും. അപ്പോൾ വാദിന്നംല് എന്നാൽ നംല് ഗോത്രക്കാരുടെ താഴ്‌വര

എന്നായിരിക്കും ഉദ്ദേശ്യം. ഇതാണ് ഇവരുടെ മറ്റൊരു ന്യായവാദം. ജന്തുക്കളുടെ പേരുകൾ അറബികൾ ഉപയോഗിക്കാറുണ്ടെന്നുള്ളത് ശരിതന്നെ. പക്ഷേ, ഏതെങ്കിലും ഒരു ജന്തുവിന് ഉപയോഗിക്കുന്ന പദം കാണുമ്പോഴേക്ക് - പ്രത്യേകം തെളിവില്ലാതെ - അത് വ്യക്തിയുടെയോ, ഗോത്രത്തിന്റെയോ പേരാണെന്ന് പറയാമോ?! ഇവിടെയാണെങ്കിൽ മറിച്ചാണ് തെളിവുള്ളതും. നോക്കുക:

ഗോത്രനാമങ്ങൾ സ്ത്രീലിംഗവും, പ്രത്യേകനാമവും (المؤنث المعرفة) ആയിട്ടാണ് അറബിയിൽ ഉപയോഗിക്കുക. സാമാന്യനാമത്തെ (النكرة) പ്രത്യേകനാമം(المعرفة) ആക്കുവാനുള്ള അൽ (ال) എന്ന അവ്യയം അവയിൽ പ്രവേശിക്കാറില്ല. ഉദാഹരണമായി ഖുറയ്ശ്, അസദ് മുതലായ ഗോത്രനാമങ്ങളിലും, മുഹമ്മദ് , ഉമർ മുതലായ വ്യക്തിനാമങ്ങളിലും അൽ പ്രവേശിക്കാറില്ല. ഇതനുസരിച്ചാണ് ഈ സൂറത്തിൽതന്നെ സബഉ് ഗോത്രത്തെപ്പറ്റി പറഞ്ഞപ്പോൾ അൽ കൂടാതെ من سبأ എന്ന് പറഞ്ഞത്. അപ്പോൾ നംല് ഗോത്രത്തിന്റെ താഴ്‌വര എന്ന് അർത്ഥം വരേണമെങ്കിൽ വാദിനംല് (وَادِى نمل) എന്നേ പറയാവൂ എന്ന് ചുരുക്കം. വാദിന്നംല് (വാദി+അൽ+നംല്= വാദിന്നംല്) എന്നും, വാദിൽഅസദ് എന്നും പറഞ്ഞാൽ ക്രമപ്രകാരം ഉറുമ്പിന്റെ താഴ്‌വര എന്നും സിംഹത്തിന്റെ താഴ്‌വര എന്നും തന്നെയാണർത്ഥം.

സ്ത്രീലിംഗമായ നാമങ്ങളെ വിളിക്കുന്നതി(نداء)ന് ചേർക്കുന്ന അവ്യയം യാ അയ്യുഹ (ياايها) എന്നാണെങ്കിൽ സ്ത്രീലിംഗത്തിന്റെ ചിഹ്നമായ ഹാതാഉം (ة) ഉണ്ടായിരിക്കണം. അൽ പ്രവേശിച്ചിട്ടുള്ള നാമങ്ങളെ വിളിക്കുവാനേ ഈ അവ്യയം ഉപയോഗിക്കയുമുള്ളൂ. ഇതരനാമങ്ങളെ വിളിക്കാൻ യാ (يا) എന്നോ മറ്റോ ആണ് ചേർക്കേണ്ടത്. അപ്പോൾ നംല് ഒരു ഗോത്രപ്പേരാണെങ്കിൽ യാ നംല് (يَا نَمْل) എന്നല്ലാതെ, ആയത്തിൽ കാണുന്നത് പോലെ യാ അയ്യുഹന്നംല് (يَاأَيُهَا النَمْل) എന്ന് പറയാവതല്ല. ഇപ്പോൾ നംല് എന്ന് ഈ ആയത്തിൽ പറഞ്ഞത് ഗോത്രപ്പേരോ സ്ഥലപ്പേരോ അല്ലെന്ന് വ്യക്തമായല്ലോ. യഥാർത്ഥത്തിൽ നംല് എന്ന് ഒരു ഗോത്രത്തിനോ, സ്ഥലത്തിനോ പേരുണ്ടെന്ന് തെളിഞ്ഞാൽ പോലും, ഇവിടത്തെ ഉദ്ദേശ്യം ഉറുമ്പ് എന്ന് തന്നെയാണെന്ന് അറബി വ്യാകരണത്തിൽ അല്പപരിചയമുള്ള ആർക്കും മനസ്സിലാകുന്നതാണ്. ഇക്കൂട്ടർക്കും തന്നെ മിക്കവാറും ഇതൊന്നും അറിയാഞ്ഞിട്ടല്ല-കല്പിച്ചുകൂട്ടി മൂടിവെക്കുകയാണെന്നാണ് മനസ്സിലാകുന്നത്.

നംലതുൻ (نَمْلَة)

അതേ ആയത്തിൽ ഇവർ അർത്ഥം മാറ്റിയ പദമാണ് قَالَت نَمْلَة എന്ന വാക്യത്തിലെ നംലത്ത്. ഈ വാക്കിന് ഒരു ഉറുമ്പ് പറഞ്ഞു എന്നേ അറബി ഭാഷയിൽ അർത്ഥമുള്ളൂവെന്ന് ഇവർക്കും അറിയാം. പക്ഷേ, ഉറുമ്പെങ്ങിനെ പറയും?! തങ്ങളുടെ ശാസ്ത്രവും യുക്തിയും അത് സമ്മതിക്കുമോ?! അതുകൊണ്ട് നംല് ഗോത്രക്കാരിയായ ഒരു സ്ത്രീ പറഞ്ഞു എന്ന് ഒരു പുതിയ അർത്ഥം ഇവർ പടച്ചുണ്ടാക്കി. പ്രാഥമിക അറബിവ്യാകരണ പാഠങ്ങളെങ്കിലും പഠിച്ചവർ ഇതു കണ്ടേക്കുമെന്ന് ഇവർ കരുതാത്തത് അത്ഭുതം തന്നെ. നംല് എന്ന് ഒരു ആൾക്കോ, ഗോത്രത്തിനോ, പ്രദേശത്തിനോ പേരുണ്ടെന്ന് വെച്ചാൽ തന്നെ, ഈ ആർത്ഥം തികച്ചും തെറ്റാണ്. കാരണം, ഏതെങ്കിലും ഒന്നിനോട് ബന്ധപ്പെടുത്തി (نسبة ചെയ്തു) പറയപ്പെടുമ്പോൾ അതിൽ ബന്ധ പ്പെടുത്തുവാനുള്ള 'യ്യ' (ياء النسبة) എന്ന അക്ഷരം ചേർക്കൽ

നിർബന്ധമാണ്. സ്ത്രീലിംഗമാണെങ്കിൽ 'ഹാതാഉം'(ة) ഉണ്ടായിരിക്കും. ഉദാഹരണമായി നംല് ഗോത്രക്കാരൻ എന്നർത്ഥം വരുവാൻ 'നംലിയ്യുൻ'(نملي) എന്നും നംല് ഗോത്രക്കാരിയായ സ്ത്രീ എന്നർത്ഥം വരുവാൻ 'നംലിയ്യത്തുൻ' (نملية) എന്നും, അസദുഗോത്രക്കാരി എന്ന് വരുവാൻ അസദിയ്യത്തുൻ എന്നും തന്നെ ഉപയോഗിക്കണം.

ഈ 'ഹാതാഉ്' ചിലപ്പോൾ ഏകവചനത്തെ കുറിക്കുന്നതും ആയിരിക്കാനിടയുണ്ട്: ഉദാ: شَجَرَة (ശജറതുൻ=ഒരു വൃക്ഷം) سَمَكَة (സമകതുൻ = ഒരു മത്സ്യം). വൃക്ഷത്തിലും മത്സ്യത്തിലും ആണും പെണ്ണും പരിഗണിക്കപ്പെടാറില്ലല്ലോ. എന്നാൽ كَلْبَة (കൽബതുൻ) എന്ന് പറയുന്ന പക്ഷം പെൺനായ (പട്ടി) എന്നർത്ഥം. ഒരു നായ എന്നും അർത്ഥം വരാം. ഇതനുസരിച്ചാണ് ആയത്തിലെ നംലതുൻ എന്ന പദത്തിന് ഒരു ഉറുമ്പ് എന്ന് അർത്ഥം നൽകുന്നത്. കൽബ് ഗോത്രക്കാരിയായ ഒരു അറബി സ്ത്രീയെ 'യാ കൽബിയ്യത്' (يَا كَلْبِيَة) എന്ന് വല്ലവരും വിളിച്ചാൽ അവൾ, എന്ത്വേണം എന്ന് ചോദിച്ചേക്കും. പക്ഷേ യാ കൽബത് (يَا كَلْبَة) എന്നെങ്ങാനും വിളിച്ചുവെങ്കിൽ അവളിൽ നിന്ന് വിളിച്ച ആൾക്ക് നല്ല ഒരു പ്രഹരമായിരിക്കും ലഭിക്കുക. എന്തുകൊണ്ടെന്നാൽ : അവൾ ഈ വാക്കിന് ഹേ, പട്ടീ എന്നേ അർത്ഥം കാണുകയുള്ളൂ!

'നംല്' എന്ന പേരിലൊരു ഗോത്രമുണ്ടാകാൻ ഇവർ സമർപ്പിക്കുന്ന രസാവഹമായ ഒരു തെളിവ് الابرقة من مياه نَمْلَة എന്ന ക്വാമൂസിലെ ഒരു വാചകമാണ്. അൽഅബ്റക്വഃ എന്നത് നംലത്തിലെ ജലാശയങ്ങളിൽ പെട്ടതാണ്. എന്നത്രെ ഈ വാചകത്തിന്റെ ശരിയായ അർത്ഥം. ഇവർ അതിന് നൽകുന്ന അർത്ഥമാകട്ടെ, അബ്റക്വത്ത് എന്നത് നംല് ഗോത്രക്കാരുടെ ജലാശയങ്ങളിൽ ഒന്നാണ് എന്നാകുന്നു. വാസ്തവത്തിൽ നംലത്തിന് നംലഗോത്രക്കാരി എന്നർത്ഥം പറഞ്ഞതിനെക്കാൾ വഷളായതാണ് ഈ അർത്ഥം. അതിലെ കൃതിമം മനസ്സിലാക്കുവാൻ വ്യാകരണത്തിന്റെ ആദ്യപാഠമെങ്കിലും അറിയണം. ഇതിലെ കൃതിമം മനസ്സിലാക്കുവാൻ അറബി അക്ഷരങ്ങൾ വായിക്കുവാനും എണ്ണിനോക്കുവാനും അറിഞ്ഞാൽ മാത്രം മതി. നോക്കുക : ക്വാമൂസിലെ വാചകത്തിൽ നംലത് (نَمْلَة) എന്ന നാലക്ഷരമുള്ള പദമാണുള്ളത്. അപ്പോൾ 'നംലത് ഗോത്രക്കാരുടെ....' എന്നല്ലാതെ, മൂന്നക്ഷരമുള്ള 'നംല് ഗോത്രക്കാരുടെ....' എന്ന് വരുന്നതെങ്ങിനെ?! അതേ ക്വാമൂസിൽ തന്നെ وَسَمُّوا نَمْلَة(അറബികൾ നംലത് എന്ന് പേർ സ്വീകരിച്ചിട്ടുണ്ട്) എന്ന് കാണാം. ഇതു പൊക്കിപ്പിടിച്ചുകൊണ്ട് قَالت نملة എന്ന വാക്യത്തിന് നംലത് എന്ന സ്ത്രീ പറഞ്ഞു എന്ന് ഇവർക്ക് അർത്ഥം പറയാമായിരുന്നു. അതായിരുന്നു ഇതിലും ഭേദം പക്ഷേ, ഈ വാചകം ഇവർ കണ്ടില്ലായിരിക്കും? പിന്നെ, അക്ഷരവ്യത്യാസത്തിന്റെ കാര്യമാണുള്ളത്. എന്നാൽ, ഒന്നോ രണ്ടോ അക്ഷരത്തിലോ ഹർകതിലോ (അകാര ഇകാരത്തിലോ) വ്യത്യാസമുണ്ടായതുകൊണ്ടൊന്നും പദങ്ങൾക്കിടയിൽ അർത്ഥവ്യത്യാസം ഉണ്ടാവാനില്ല. എന്നാണ് ഇവർ ധരിച്ചിട്ടുള്ളതെന്ന് വേണം കരുതുവാൻ. നംല്, നംലത്, നംലിയ്യത് എന്നീ പദങ്ങൾ സ്ഥാനം നോക്കാതെ ഇവർ തിരിച്ചും മറിച്ചും ഉപയോഗിച്ചു കാണുന്നത് കൊണ്ടാണ് നാമിത് പറഞ്ഞത്. കാണുക:

ക്വാമൂസിലെ വാചകത്തിന് വികൃതമായ അർത്ഥം കൊടുത്ത ശേഷം ഇവർ പറയുന്നു: വിളിച്ചുപറഞ്ഞതായി ഇവിടെ പറയുന്ന നംലതുകാരി യുടെ പേർ ഹർസ് എന്നായിരുന്നുവെന്നും, അവൾ ബനൂശീസ്വാൻ ഗോത്രത്തിലെ ഒരംഗമായി രുന്നുവെന്നും

ഇമാം ഹസൻ പറഞ്ഞതായി ഇബ്നുകഥീർ തന്റെ തഫ്സീറിൽ ഉദ്ധരിച്ചിട്ടുണ്ട്. അതിൽ നിന്നും വിഷയം കൂടുതൽ വ്യക്തമാകുന്നു. ഇബ്നുകഥീറിന്റെ വാചകം ഇതാണ്:لهم بنو الشيصان عن الحسن ان اسم هذه النملة حرس وانها من قبيلة يقال ഈ പ്രസ്താവനയിൽ ഇവർ ഒന്നിലധികം കൃതിമങ്ങൾ നടത്തിയിട്ടുണ്ട്. ഇതുവരെ نملة ന് 'നംല്ഗോത്രക്കാരിയായ സ്ത്രീ' എന്നും മറ്റും അർത്ഥം കൽപിച്ചിരുന്നവർ ഈ വാചകത്തിൽ അതേ പദത്തിന് 'നംലത്തുകാരി' എന്നാക്കി, ഇവരുടെ സങ്കൽപ്പത്തിലുള്ള ആ ഗോത്രത്തിന്റെ പേർ 'നംലോ' 'നംലത്തോ?' എനിയും അത് തിരുമാനിക്കപ്പെട്ട് കഴിഞ്ഞിട്ടില്ലെന്ന് തോന്നുന്നു . നമ്മുടെ രാജ്യങ്ങളിൽ 'പറമ്പൻ' എന്ന് കുടുംബപ്പേരും, 'പറമ്പത്ത്' എന്ന് പ്രദേശപ്പേരും ഉണ്ട്. 'കരിമ്പ്' എന്ന് ഒരു ചെടിക്കും കരിമ്പ എന്ന് ഒരു പ്രദേശത്തിന്നും പേരുണ്ട്. ഇവ തമ്മിലുള്ള അൽപമാത്ര വ്യത്യാസം അവഗണിച്ചു 'പറമ്പനും പറമ്പത്തും' ഒന്നാണെന്നും കരിമ്പും കരിമ്പയും ഒന്നാണെന്നും സമർത്ഥിക്കാമോ?!

ഹസൻ (റ) പറഞ്ഞതായി ഇബ്നു കഥീർ(റ) ഉദ്ധരിച്ച വാചകത്തിന്റെ ആദ്യഭാഗം മാത്രം മുറിച്ചെടുത്തു പൊക്കിക്കാട്ടുകയാണ് ഇവർ ചെയ്തത്. ബാക്കിഭാഗം ഇവർക്ക് എതിരായ തെളിവ് നൽകുന്നത് കൊണ്ട് മൂടിവെച്ചിരിക്കുകയാണ്. അതിലെ هذه اسم النملة എന്ന വാക്കിന് ഈ നംലതുകാരിയുടെ പേർ എന്ന് അർത്ഥമാക്കിയത് തെറ്റാണ് . ഈ ഉറുമ്പിന്റെ പേർ എന്നാണ് ആ മഹാൻമാർ ഉദ്ദേശിക്കുന്ന ശരിയായ അർത്ഥം. ഹസനാകട്ടെ, ഇബ്നുകഥീറാകട്ടെ (റ) നംലിനും നംലതിനും ഇവരുടെ അർത്ഥം സ്വീകരിക്കുന്നവരല്ല. പ്രസ്തുത വാചകത്തിൽ ഇവർ പൂഴ്ത്തിവെച്ച ബാക്കിഭാഗം തന്നെ അതന് തെളിവാണ്. വാചകത്തിന്റെ പൂർണരൂപം ഇതാണ്: وكانت بقدر الذئب عن الحسن ان اسم هذه النملة حرس وانها من قبيلة يقال لهم بنو الشيصان وانها كانت عرجاء (ഈ ഉറുമ്പിന്റെ പേർ ഹറസ് എന്നാണെന്നും, അത് ബനൂ ശീസ്വാൻ - ശീസ്വാൻ സന്തതികൾ എന്ന് പറയപ്പെടുന്ന ഒരു ഖബീലഃയിൽ-ഇനത്തിൽ-പെട്ടതാണെന്നും *(*)* അതൊരു മുടന്തയായിരുന്നുവെന്നും, ചെന്നായയുടെ *(**)* വലിപ്പത്തിലുള്ളതായിരുന്നുവെന്നും ഹസനിൽ നിന്നും നിവേദനം വന്നിട്ടുണ്ട്) ഇബ്നുകഥീർ (റ) ഇങ്ങിനെ തുടരുന്നു: الى مساكنهم ففهم ذلك سليمان أي عليه السلام منها خافت على النمل ان تحطهم الخيول بحوافرها فامرتهم بالدخول (എന്നുവെച്ചാൽ : കുതിരകൾ അവയുടെ കുളമ്പ്കൊണ്ട് ആ ഉറുമ്പുകളെ ചവിട്ടിച്ചതക്കുമെന്ന് ആ ഉറുമ്പ് ഭയപ്പെട്ടു. അതിനാൽ അതവരോട് തങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിക്കുവാൻ കൽപിച്ചു. ഇത് സുലൈമാൻ (അ) ആ ഉറുമ്പിൽ നിന്ന് മനസ്സിലാക്കി). കുതിരകൾ കുളമ്പുകൊണ്ട് ചവിട്ടിച്ചതക്കുമെന്ന ഭയം ഉറുമ്പുകളെക്കുറിച്ചാണെന്നും, മനുഷ്യരെക്കുറിച്ചല്ലെന്നും വ്യക്തമാണ്. പിന്നീട് ഇബുനുകഥീർ (റ) പറയുന്നു:

(*)* 'ഖബീലഃ' (القَبِيلَة) എന്നാൽ 'ഗോത്രം, വർഗം, കൂട്ടം, ഇനം, വിഭാഗം' എന്നിങ്ങിനെ അർത്ഥം വരുന്ന പദമാണ്. ഉദാഹരണമായി മനുഷ്യനെക്കുറിച്ച് പറയുമ്പോൾ അതിന് ഗോത്രം എന്ന് അർത്ഥമാകുന്നു. പക്ഷികളുടെ ഖബീലകൾ (قبائل الطير) എന്ന് പറഞ്ഞാൽ അതിലെ ഇനങ്ങളും, വൃക്ഷത്തിന്റെ ഖബീലകൾ (قبائل الشجرة) എന്ന് പറഞ്ഞാൽ അതിന്റെ ഭാഗങ്ങളുമാണുദ്ദേശ്യം.

(**)* ചെന്നായയുടെ വലുപ്പത്തിൽ എന്ന് പറഞ്ഞതിനെക്കുറിച്ച് താഴെ പ്രസ്താവിക്കുന്നുണ്ട്.

ومن قال من المفسرين ان هذا الوادى كان بارض الشام او بغيره وان هذه النملة كانت ذات جناحين كالذباب او غير ذلك من الاقاويل فلا حاصل لها (ഈ താഴ്‌വര ശാം നാട്ടിലോ മറ്റോ ആയിരുന്നുവെന്നും, ഈ ഉറുമ്പ് ഈച്ചകളെപ്പോലെ രണ്ട് ചിറകുള്ളതായിരുന്നുവെന്നും മറ്റും ചില ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുള്ളതിലൊന്നും ഒരു സാരവുമില്ല.) നാമും തന്നെ ഈ വിശദീകരണങ്ങൾക്കൊന്നും ഒരു പ്രസക്തിയും നൽകുന്നില്ല. പക്ഷേ, ഈ പ്രസ്താവനകളെല്ലാം തന്നെ ഉറുമ്പ്‌വർഗങ്ങളെക്കുറിച്ചാണെന്നും, മനുഷ്യഗോത്രങ്ങളെക്കുറിച്ചല്ലെന്നും സ്പഷ്ടമാണല്ലോ. വിളിച്ചു പറഞ്ഞ വക്താവും, വിളിക്കപ്പെട്ട ശ്രോതാക്കളും ഉറുമ്പുകളാണെന്ന് മാത്രമേ ഈ മഹാൻമാർ കരുതിയിട്ടുള്ളൂവെന്നും സ്പഷ്ടമാണ്.

ചെന്നായയുടെ വലുപ്പത്തിലുള്ളതെന്നും, മുടന്തയായിരുന്നുവെന്നുമുള്ള വിവരണം മനുഷ്യനെക്കുറിച്ചുതന്നെ ആയിക്കൂടെ എന്നൊരു സംശയത്തിന് ഇവിടെ അവകാശമുണ്ട്. ഇബ്നു കഥീർ (റ) പിന്നീട് തുടർന്നു ചെയ്ത ഒരു പ്രസ്താവന ഈ സംശയത്തിന് മറുപടി നൽകുന്നു. അദ്ദേഹം പറയുന്നു: وذلك تصحيف من وعن نوف البكالى انه قال نمل والله اعلم سليمان امثال الذباب هكذا رأيته مضبوطا بالياء المثناة تحت وانما هو بالباء الموحدة (സുലൈമാൻ നബിയുടെ ഉറുമ്പുകൾ ദിയാബ് (ചെന്നായകൾ) പോലെയായിരുന്നുവെന്ന് നൗഫുൽബികാലിയിൽ നിന്നും നിവേദനം ചെയ്യപ്പെടുന്നു. അടിയിൽ രണ്ട് പുള്ളിയുള്ള 'യാഉ്' (الياء) എന്ന അക്ഷരത്തിലാണ് (الذياب എന്നാണ്) ഈ നിവേദനത്തിൽ ഞാനത് കണ്ടത്. യഥാർത്ഥത്തിൽ ഒരു പുള്ളിയുള്ള 'ബാഉ്' (الباء) എന്ന അക്ഷരത്തിലാണ് (الذباب എന്നാണ്)അതുള്ളത്. അക്ഷരപ്പിഴവ് പറ്റിപ്പോയതാണിത്)(*) മേപ്പടി സംശയം അസ്ഥാനത്താണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാമല്ലോ.

മറ്റൊരു സംശയം: മേൽകണ്ട പ്രസ്താവനയിൽ അവ ബനൂശീസ്വാൻ എന്ന ക്വബീലഃയിൽപെട്ടതാണെന്നും വിളിച്ചു പറഞ്ഞ ഉറുമ്പിന് പേർ ഹറസ് എന്നായിരുന്നുവെന്നും പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉറുമ്പുകളിൽ എങ്ങിനെയാണ് പേരും ക്വബീലഃയും ഉണ്ടാകുന്നത്? ഈ സംശയത്തെ ചൂഷണം ചെയ്തുകൊണ്ടാണ് പുത്തൻ വ്യാഖ്യാനക്കാർ ഈ പ്രസ്താവനകളെ തങ്ങൾക്കനുകൂലമാക്കുവാൻ ശ്രമിക്കുന്നത്. ചിലർ ഉറുമ്പിന്റെ പേരും ക്വബീലഃയും പറഞ്ഞത് ശരിയാണ്. ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയപോലെ, അതിലൊന്നും പ്രയോജനമില്ലെങ്കിലും ചിലരൊക്കെ അങ്ങിനെ ചില പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. അത്രയുമല്ല, വിളിച്ചു പറഞ്ഞ ഉറുമ്പിന്റെ പേർ 'ജുർമാ' (جُرْمَى) എന്നാണെന്നും ചിലർ പറയുന്നു. ക്വാമൂസിൽ പറയുന്നത് نَمْلَة كلمت سُلَيْمَان – ع وَطَاخِية(ത്വാഖിയഃ എന്നത് സുലൈമാൻ നബിയോട് സംസാരിച്ച ഉറുമ്പാണ്)എന്നത്രെ. പക്ഷേ, ഇതുകൊണ്ടൊന്നും ക്വുർആനിൽ ഈ പറഞ്ഞ 'നംലും നംലത്തും' മനുഷ്യനാകുവാൻ പോകുന്നില്ല. മനുഷ്യേതര ജീവികളിൽ – നിർജ്ജീവ വസ്തുക്കളിൽപോലും

(*) ഈച്ച എന്നർത്ഥമുള്ള 'ദുബാബ്' (ذُبَاب) എന്ന പദവും, ചെന്നായ എന്നർത്ഥമുള്ള 'ദിയാബ്' (ذِيَاب) എന്ന പദവും അറബിയിൽ ഹർക്കത്ത് കൂടാതെ എഴുതുമ്പോൾ അവ തമ്മിൽ, താഴെ ഒരു പുള്ളിയെന്നും, രണ്ടു പുള്ളിയെന്നുമുള്ള വ്യത്യാസം മാത്രമാണുള്ളത്. ഇതിൽ നിവേദകൻമാർക്ക് അക്ഷരത്തെറ്റു പിണഞ്ഞു ഈച്ചയുടെ സ്ഥാനത്ത് ചെന്നായ വന്നതാണെന്ന് സാരം.

- ഉൾപ്പെട്ട പലതിനും അറബി ഭാഷയിൽ പേരുകളും വർഗപേരുകളും കാണപ്പെടുക സാധാരണമാണ്.

ഉദാഹരണമായി: തേളിന് 'ഉമ്മുഇർയത്' (اُم عِرِيَط) എന്നും, ചെന്നായക്ക് 'അബൂജഅ്ദഃ' (اَبُو جَعْدَة) എന്നും വർഗപ്പേരുണ്ട്. 'വാശിക്' (وَاشِق) എന്നൊരു നായക്കും 'ലാഹിക്' (لَاحِق) എന്നൊരു കുതിരക്കും പേരുണ്ട്. ഒരു പ്രത്യേകതരം കൂൺവർഗത്തിന് بنات الاوبر(ഔബറിന്റെ പെൺമക്കൾ) എന്നും കുറുനരികൾക്ക് بنات آوى ('ആവാ'യുടെ പെൺമക്കൾ) എന്നും കീരികൾക്ക് بنات عرس(ഇർസിന്റെ പെൺമക്കൾ) എന്നും പേരുകളുണ്ട്. ഒരു കുറുനരിയാകുമ്പോൾ ابن آوى ('ആവാ'യുടെ മകൻ) എന്നും, ഒരു കീരിയാകുമ്പോൾ ابن عرس('ഇർസി'ന്റെ മകൻ)എന്നുമാണ് പറയുക ഈ പേരുകളെല്ലാം കാണുമ്പോൾ അവ മനുഷ്യനെ ഉദ്ദേശിച്ചാണെന്ന് സമർത്ഥിക്കുന്നത് അബദ്ധമാണല്ലോ. അറബിയല്ലാത്ത ഭാഷകളിലും ഇങ്ങിനെയുള്ള വിവിധ പേരുകൾ കണ്ടേക്കും. മലയാള ഭാഷയിൽ തന്നെ, ഉറുമ്പുകൾക്ക് എത്രയോ പേരുകൾ ഉപയോഗത്തിലുണ്ട്. 'ചോണൻ, കുനിയൻ, കട്ടുറമ്പ്, നെയ്യുറുമ്പ്, പാമ്പുറുമ്പ്, പാറ്റ ഉറുമ്പ്....' അങ്ങിനെ പലതും. വാസ്തവത്തിൽ 'ഹറസ്', 'ശീസ്വാൻ' എന്നീ പേരുകൾ ഇത്തരത്തിൽ പെട്ടതാണ്. ഇത്രയും പറഞ്ഞതിൽ നിന്ന് സൂ: നംല് 18-ൽ കാണുന്ന 'നംലും, നംലതും' മനുഷ്യരല്ല-ഉറുമ്പുകളാണ് - എന്ന് വ്യക്തമായല്ലോ.

അൽഹുദ്ഹുദ് (الهدهد)

ഈ സൂറത്തിൽ ഇവർ അർത്ഥം മാറ്റിയ മറ്റൊരു പദമാണ് അൽഹുദ്ഹുദ് (**الهدهد**). സുലൈമാൻ നബി(അ) സൈന്യത്തിലെ പക്ഷി വിഭാഗത്തെ പരിശോധിച്ചു, അതിൽ മരംക്കൊത്തിയെ കണ്ടില്ല, തക്കതായ കാരണമില്ലാതെ ഹാജരാ വാതിരുന്നതാണെങ്കിൽ അതിനെ ശിക്ഷിക്കുമെന്ന് അദ്ദേഹം പറഞ്ഞു. താമസിയാതെ സബഇൽ നിന്നുമുള്ള ഒരു ദൃഢമായ വാർത്തയും കൊണ്ട് മരക്കൊത്തി വന്നു, സബഇലെ റാണിയെക്കുറിച്ചും മറ്റും അത് ഒരു പ്രസ്താവന ചെയ്തു. പിന്നീട് അതിന്റെ പക്കൽ തന്നെ അദ്ദേഹം ഒരെഴുത്ത് റാണിക്ക് കൊടുത്തയച്ചു എന്നൊക്കെയാണ് സൂ: നംല് 20-28 വചനങ്ങളിൽ അല്ലാഹു പറയുന്നത്. ഇതിൽ പക്ഷി സംസാരിച്ചുവെന്നും, ചില ഗൗരവമേറിയ കാര്യങ്ങൾ അത് മനസ്സിലാക്കിയെന്നും സുലൈമാൻ നബി(അ)യെ അതറിയിച്ചുവെന്നും പറയുന്നത് ഇവർക്ക് സ്വീകരിക്കുവാൻ നിവൃത്തിയില്ലല്ലോ. അങ്ങനെ, ഉറുമ്പിനെ സ്ത്രീയാക്കിയ ഇവർ മരക്കൊത്തിയെ പട്ടാള നേതാവാക്കുകയാണ് ചെയ്യുന്നത്.

മരക്കൊത്തിപ്പക്ഷി എന്നതിന് അല്ലാഹു (20-ാം വചനത്തിൽ) ഉപയോഗിച്ച പദം **الهدهد**(അൽഹുദ്ഹുദ്) എന്നത്രെ. അതാണതിന്റെ ഭാഷാർത്ഥം. പക്ഷേ, സൈന്യത്തിലെ രഹസ്യവാർത്താന്വേഷണ വകുപ്പിലെ ഒരു പ്രധാന ഉദ്യോഗസ്ഥന്റെ പേരാണത് എന്നത്രെ ഇവർ സമർത്ഥിക്കുന്നത്. കേൾക്കുവാൻ കൗതുകം തോന്നുന്ന ഈ വാദത്തിന് ഇവർ പല ന്യയീകരണങ്ങളും കൊണ്ടുവന്നിട്ടുണ്ട്. അതിൽ പ്രധാനമായത് രണ്ടെണ്ണമാണ്. ആദ്യം അവയെക്കുറിച്ച് നമുക്ക് പരിശോധിക്കാം :

1-ാമത്തേത്: ഹദദ്, ഹദാഹിദ്' എന്നൊക്കെ മുൻകാലത്ത് മനുഷ്യർക്ക് പേരുണ്ടായിരുന്നു. ഈ പേരുകൾക്ക് രൂപഭേദം വന്നതായിരിക്കും ഹുദ്ഹുദ്. മാത്രമല്ല,

സബഇലെ റാണിയുടെ പിതാവിന്റെ പേർ തന്നെ ഹുദ്ഹുദ് എന്നാണെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ട്. അപ്പോൾ അത് ഒരു മനുഷ്യന്റെ പേരാണെന്ന് മനസ്സിലാക്കാം. ഇതാണ് ന്യായത്തിന്റെ ചുരുക്കം. അക്കാലത്ത് ഹുദ്ഹുദ് എന്ന് പേരുള്ളവർ ഉണ്ടായിരുന്നതുകൊണ്ട് ആയത്തിൽ പ്രസ്താവിക്കപ്പെട്ട അൽ ഹുദ്ഹുദ് ഒരാളുടെ പേരായിരുന്നുവെന്ന് തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. അതിന് വേറെ തെളിവ് വേണം.

നാം മുമ്പ് ചൂണ്ടിക്കാട്ടിയത് പോലെ ഹുദ്ഹുദ് ഒരു മനുഷ്യന്റെ പേരാണ് (اسم العلم) എന്ന്വെക്കുന്ന പക്ഷം, അതിൽ വ്യാകരണമുറയനുസരിച്ച് അൽ (ال) ചേർക്കാതെയാണ് ഉപയോഗിക്കേണ്ടത്. അഥവാ هدهدا എന്ന് പറയേണ്ടിയിരുന്നു. അൽ ചേർത്ത് (الهدهدا എന്ന്) പറഞ്ഞത് കൊണ്ട് ഒന്നുകിൽ അത് മരക്കൊത്തികളുടെ വർഗപ്പേർ (اسم الجنس) എന്ന നിലക്കായിരിക്കണം, അല്ലെങ്കിൽ ഒരു പ്രത്യേക മരക്കൊത്തിയെ ഉദ്ദേശിച്ചായിരിക്കണം എന്ന് തീർച്ചയാണ് *(*)* വർഗപ്പേർ എന്ന നിലക്കാണെങ്കിൽ مَالِيَ لَآ أَرَى ٱلْهُدْهُدَ എന്ന (20-ാം ആയത്തിലെ)വാചകത്തിന്റെ താൽപര്യം എന്തുകൊണ്ട് മരക്കൊത്തി വർഗത്തെ കാണുന്നില്ല എന്നും ഒരു പ്രത്യേക മരക്കൊത്തിയെ ഉദ്ദേശിച്ചാണെങ്കിൽ എന്തുകൊണ്ട് ആ പ്രത്യേക മരക്കൊത്തിയെ കാണുന്നില്ല എന്നുമായിരിക്കും താൽപര്യം. ഇവർ വാദിക്കുന്ന പട്ടാള ഉദ്യോഗസ്ഥന്റെ പേർ അൽ ഹുദ് ഹുദ് എന്നാണെന്ന് ഇവർ തന്നെയും വാദിക്കുന്നുമില്ല. അതേ സമയത്ത് ഈ മരക്കൊത്തിക്ക് അൻബർ (عنبر الكَلْب) എന്നായിരുന്നു പേരെന്ന് ചിലർ പ്രസ്താവിച്ചു കാണുന്നുമുണ്ട് الله اعلم *(**)*

അറബികളിൽ كَلْب (കൽബ്) എന്ന പേരിൽ ഒരു ഗോത്രമുണ്ടായിരുന്നു. അതവരുടെ പൂർവ്വപിതാവിന്റെ പേരാണ്. നായ എന്നാണ് വാക്കിന്റെ അർത്ഥം. അപ്പോൾ, എവിടെയെങ്കിലും غَزَى كَلْب(ഗസാ കൽബുൻ) എന്ന് കണ്ടാൽ *(***)* അതിന് നായ യുദ്ധം ചെയ്തു എന്നർത്ഥം കൽപിച്ചാലത്തെ സ്ഥിതി എന്താണ്? എന്നിങ്ങിനെ ഇക്കൂട്ടർ പരിഹാസപൂർവ്വം ചോദിക്കുന്നു. ഈ ചോദ്യത്തിലടങ്ങിയ വിഡ്ഢിത്തം ആരും ഗൗനിക്കുകയില്ലെന്ന് ഇവർ കരുതിയിരിക്കണം. غَزَى كَلْبٌ(ഗസാ കൽബുൻ) എന്ന് പറയുമ്പോൾ 'കൽബ് ഗോത്രം യുദ്ധം ചെയ്തു' എന്നർത്ഥമായിരിക്കാമെന്നു നാമും സമ്മതിക്കുന്നു. പക്ഷേ, 'അൽഹുദ്ഹുദ്' പോലെ 'അൽ' ചേർത്തുകൊണ്ട് غَزَى الكَلْب (ഗസൽ കൽബ്) എന്ന് പറയുമ്പോൾ 'നായ യുദ്ധം ചെയ്തു' എന്ന് തന്നെയാണ് ആ വാക്കിന്നർത്ഥം. നായ യുദ്ധം ചെയ്യുമോ, ഇല്ലേ എന്നത് വേറെ പ്രശ്നമാണ്. ആയത്തിലും ഇതുപോലെ അൽ കൂടാതെ ഹുദ്ഹുദൻ (هُدْهُدًا) എന്നാണ് പറഞ്ഞിരുന്നതെങ്കിൽ ഈ ചോദ്യത്തിന് തെല്ലൊരു കഴമ്പുഴണ്ടാകുമായിരുന്നു.

(*) لان ال اما ان يكون هنا للجنس او للعهد لا غير كما يعرفه من له ادنى معرفة فى علم النحو

(**) كما حكاه ابن كثير فى تفسيره عن ابن ابى حاتم

(***) കൽബ് എന്നത് ഗോത്രപ്പേരായിരിക്കുമ്പോൾ അത് സ്ത്രീലിംഗമായി ഉപയോഗിക്കപ്പെടുന്നത് കൊണ്ട് ക്രിയയിലും സ്ത്രീലിംഗത്തിന്റെ അടയാളം കൊടുത്തുകൊണ്ട് غَزَى كَلْب എന്ന് പറയുകയായിരുന്നു നല്ലത്. ഇക്കാര്യം ഇവർ വിസ്മരിച്ചതായിരിക്കാം.

ഇതിനെല്ലാം പുറമെ, ആയത്തിൽ മരക്കൊത്തിയെയാണ് ഉദ്ദേശിച്ചിട്ടുള്ള തെന്നുള്ളതിന് ആയത്തിലെ വാക്കുകളും സന്ദർഭവും സാക്ഷ്യം വഹിക്കുന്നുണ്ട് താനും. സുലൈമാൻ (അ) പക്ഷികളെ പരിശോധിച്ചപ്പോഴാണല്ലോ അദ്ദേഹം ഞാൻ ഹുദ്ഹുദിനെ കാണുന്നില്ല (لَا أَرَى الْهُدْهُدَ) എന്ന് പറഞ്ഞത്. അപ്പോൾ പക്ഷികളിൽപെട്ട ഒന്നായിരിക്കണ്ടേ ഹുദ്ഹുദ് ?!. ഒരാൾ പെട്ടിയിലെ സാധനം പരിശോധിക്കുമ്പോൾ ഇതിൽ പൊന്ന് കാണുന്നില്ല എന്ന് പറയുന്നുവെങ്കിൽ പൊന്ന് എന്ന് പേരുള്ള അയൽപക്കത്തെ തട്ടാനെയാണ് അയാൾ ഉദ്ദേശിച്ചതെന്ന് ആരെങ്കിലും പറയുമോ ?! അല്ലെങ്കിൽ, ഒരു അദ്ധ്യാപകൻ വിദ്യാർത്ഥിയുടെ പാഠക്കുറിപ്പ് നോക്കിക്കൊണ്ട് ഇതിൽ വള്ളിയും പുള്ളിയും കാണുന്നില്ല എന്ന് പറഞ്ഞാൽ അർത്ഥം വള്ളി എന്നു പേരുള്ള ഈഴവസ്ത്രീയും, തടവുകാരനെ *(*)*യും കാണുന്നില്ല എന്നാണെന്ന് കരുതാമോ.?! ആദ്യത്തേതിൽ സ്വർണവും, രണ്ടാമത്തെതിൽ അക്ഷരങ്ങളിൽ കൊടുക്കേണ്ടതുള്ള ചില ചിഹ്നങ്ങളും തന്നെയാണുദ്ദേശ്യം എന്നു വ്യക്തമാണ് . പക്ഷികളെ പരിശോധിക്കുമ്പോൾ ഹുദ്ഹുദിനെ കാണുന്നില്ലെന്ന് പറയുമ്പോഴത്തെ സ്ഥിതിയും ഇത് തന്നെ. ഇതെല്ലാം സാഹിത്യശാസ്ത്രത്തിൽ (علم البلاغة)പരിചയമുള്ളവർക്കറിയാവുന്നതാണ്.

നബിമാർ മുഖേന അല്ലാഹു വെളിപ്പെടുത്താറുള്ള ചില അസാധാരണ സംഭവങ്ങളെക്കുറിച്ച് ക്വുർആനിലോ ഹദീഥിലോ കണ്ടാൽ സാധാരണ സംഭവങ്ങളാക്കി തരംതാഴ്ത്തുവാൻ ഇക്കൂട്ടർ നടത്തുന്ന പരിശ്രമങ്ങൾ പരസ്പരം ഒരു ഗൂഢാലോചനപോലും നടത്തിക്കൊണ്ടാണ് ചെയ്യുന്നതെന്ന് ഇവരുടെ ചില പ്രസ്താവനകളിൽ നിന്ന് തന്നെ മനസ്സിലാകുന്നു. ഇവരിൽ ഇന്ന് നമ്മുടെ രാജ്യങ്ങളിൽ തലയെടുപ്പുള്ള ഒരാൾ അല്പം കൊല്ലങ്ങൾക്ക് മുമ്പ് തനിക്ക് ക്വുർആൻ വ്യാഖ്യാനവിഷയത്തിൽ പല ഉപദേശ നിർദ്ദേശങ്ങളും നൽകിയ ഒരു 'മൗലാന'യെപ്പറ്റി പ്രസ്താവിക്കുന്ന മദ്ധ്യെ ഇങ്ങിനെ പറയുന്നു : എനിക്ക് വിശദീകരിക്കുവാൻ പ്രയാസം തോന്നിയ ചില ഭാഗങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചപ്പോൾ അദ്ദേഹത്തിനവിടെ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. കാരണം, അതെല്ലാം അദ്ദേഹം ദീർഘകാലത്തെ പരിശോധനകൾ കഴിച്ചു സ്വരൂപിച്ചുവെച്ച തീരുമാനങ്ങളായിരുന്നു....എനിക്ക് തെറ്റുപറ്റിപ്പോയെങ്കിലോ എന്നോർത്തു ഞാൻ ചോദിക്കാത്ത ചില വശങ്ങളും എടുത്തു എന്നെ അദ്ദേഹം ഓർമപ്പെടുത്തി. 'ഹുദ്ഹുദ്', 'നംലത്ത്' ഇവയെല്ലാം അതിൽപെട്ടതാണ്.

ആലോചിച്ചു നോക്കുക: അടുത്തകാലംവരെ നടപ്പിലില്ലാത്ത ഇമ്മാതിരി വ്യാഖ്യാനങ്ങൾ, ഇപ്പോൾ ചില ആളുകൾ തങ്ങളുടെ താല്പര്യങ്ങൾക്കൊത്തവണ്ണം തല കാഞ്ഞാലോചിച്ചു സ്വരൂപിച്ചുണ്ടാക്കിയതാണെന്നും, അവരത് പ്രചരിപ്പിക്കുവാൻ കൂട്ടുശ്രമം നടത്തിവരുന്നുവെന്നുമല്ലേ ഈ പ്രസ്താവനയിൽ കാണുന്നത്?! അതെ, ആധുനിക ഭ്രമം പിടിപെട്ടവരും, ഖാദിയാനി എന്ന അഹ്മദിയ്യാ മതക്കാരും മറ്റും ഉടലെടുത്തു തുടങ്ങിയതുമുതൽ പുറത്തിറങ്ങുന്നതാണ് ഈ വക അർത്ഥ വ്യാഖ്യാനങ്ങൾ. താഴെ കാണുന്നതുപോലുള്ള ചില ക്വുർആൻ വചനങ്ങൾ ഓർമവരികയാണ്:

1. ഹൃദയത്തിൽ വക്രതയുള്ളവർ, കുഴപ്പമുണ്ടാക്കുവാനും, വ്യാഖ്യാന മുണ്ടാക്കുവാനും ഉദ്ദേശിച്ചുകൊണ്ട് ക്വുർആനിലെ മുതശാബിഹ് *(*)* കളുടെ (പരസ്പര സാദൃശ്യമുള്ളവയുടെ) പിന്നാലെ കൂടുന്നതാണ്. (ആലു-ഇംറാൻ :7)

2. എല്ലാ നബിമാർക്കും മനുഷ്യരിലും ജിന്നുകളിലുംപെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കി

(*) പുള്ളി എന്ന വാക്കിന് തടവുകാരൻ എന്നർത്ഥമുണ്ട്.

വെച്ചിട്ടുണ്ട്. അവരിൽ ചിലർ ചിലരോട് കൃത്രിമമായി അലങ്കാരവാക്കുകൾ സ്വകാര്യഭാഷണം നടത്തുന്നതാണ് (അൻആം :112)

3. നിങ്ങളോട് തർക്കം നടത്തുവാനായി പിശാചുക്കൾ തങ്ങളുടെ ബന്ധുക്കളോട് സ്വകാര്യഭാഷണം നടത്തുന്നതാണ്. നിങ്ങൾ അവരെ അനുസരിക്കുന്ന പക്ഷം നിങ്ങൾ മുശ്‌രിക്കുകളായിരിക്കും. (അൻആം :121) അല്ലാഹു നമ്മെ കാക്കട്ടെ, ആമീൻ.

എനി 2-ാമത്തെ ന്യായം ഇതാണ് : അല്ലാഹു ഓരോതരം സൃഷ്ടികളെ ഓരോതരം സ്വഭാവങ്ങളോടുകൂടി സൃഷ്ടിച്ചിട്ടുണ്ടെന്നും അതിന് അല്ലാഹു മാറ്റം വരുത്തുകയില്ലെന്നും അല്ലാഹു തന്നെ ക്വുർആനിൽ (30:30-ൽ) പ്രഖ്യാപിച്ചിട്ടുണ്ട് لاتبديل لخلق الله എന്ന വാക്കിന്റെ അർത്ഥം അതാണ്. ഇതാണതിന്റെ ചുരുക്കം. അല്ലാഹു ഓരോ വസ്തുവിനും നൽകിയിട്ടുള്ള സ്വഭാവത്തിലൊന്നും അവൻ ഒരിക്കലും മാറ്റം വരുത്തുകയില്ലെന്നല്ല വാസ്തവത്തിൽ ഈ വാക്യത്തിന്റെ താൽപര്യം. 'അല്ലാഹു മാറ്റം വരുത്തുകയില്ല' എന്ന് ഈ ആയത്തിൽ പറഞ്ഞിട്ടുമില്ല 'അല്ലാഹുവിന്റെ സൃഷ്ടിപ്പിന് യാതൊരു മാറ്റവുമില്ല'. എന്നാണ് ഈ വാക്യത്തിന്റെ ശരിയായ അർത്ഥം. ഈ അർത്ഥം നാം മാത്രം പറഞ്ഞതല്ല, ഇവർ തന്നെയും തങ്ങളുടെ കൃതികളിൽ തൽസ്ഥാനത്ത് (സൂ:റൂമിൽ) വെച്ച് ഇതേ അർത്ഥമാണ് അതിന് കൊടുത്തിട്ടുള്ളതും. അല്ലാഹുവിന്റെ സൃഷ്ടിപ്പിന്-അഥവാ ഓരോന്നിനും അവൻ നൽകിയ രൂപം, സ്വഭാവം മുതലായ പ്രകൃതി വിശേഷങ്ങൾക്ക് മാറ്റം വരുത്തുവാൻ ആർക്കും സാധ്യമല്ല; അവയൊന്നും മാറ്റത്തിരുത്തങ്ങൾ സ്വീകരിക്കുന്നതുമല്ല എന്നൊക്കെയാണിതിന്റെ സാരം.

ഓരോ വസ്തുക്കളിലും സാധാരണ നാം കണ്ടുവരാറുള്ള സ്വഭാവ പ്രകൃതികളിൽ അല്ലാഹു ഒരിക്കലും മാറ്റം വരുത്തുകയില്ലെന്ന് സ്ഥാപിച്ചുകിട്ടിയാൽ അതുവഴി ഇവർക്ക് പല നേട്ടങ്ങളും ലഭിക്കാനുണ്ട്. തീയിന്ന് ഒരിക്കലും തണുപ്പുണ്ടാകയില്ല എന്ന് പറഞ്ഞു ഇബ്‌റാഹീം നബി (അ) അഗ്നിയിൽ നിന്നും രക്ഷപ്പെട്ട സംഭവത്തെ നിഷേധിക്കാം. മരക്കൊത്തിയും ഉറുമ്പും സംസാരിക്കയില്ലെന്ന് പറഞ്ഞു ആ സംഭവങ്ങളെയും തള്ളിക്കളയാം. വടികൊണ്ടടിച്ചാൽ സമുദ്രം പിളരുകയില്ലെന്ന്‌വെച്ച് മൂസാ നബി(അ)യും ഇസ്‌റാഈല്യരും അസാധരണ രൂപത്തിൽ ചെങ്കടൽ കടന്ന സംഭവത്തെയും ഖണ്ഡിക്കാം. അങ്ങിനെ പലതും لاتبديل لخلق الله എന്നതിന്റെ താൽപര്യം ഇവർ കാണിച്ച മാതിരിയാണെങ്കിൽ, ഈസാ (അ) പിതാവില്ലാതെ ജനിച്ചതെങ്ങിനെയാണ്? മരണപ്പെട്ടവരെ ജനിപ്പിക്കുക, കളിമണ്ണുകൊണ്ട് കുരുവികളെ ഉണ്ടാക്കി വിടുക മുതലായ (സൂ:ആലുഇംറാൻ 49-ൽ പ്രസ്താവിച്ച) അമാനുഷിക കൃത്യങ്ങൾ അദ്ദേഹത്തിന്റെ കൈക്ക് എങ്ങനെ നടക്കും? മൂസാ നബി(അ)യുടെ വടി ഒരു പെരുമ്പാമ്പായി മാറുകയും, ജാലവിദ്യക്കാരുടെ വടികളും കയറുകളും വിഴുങ്ങുകയും ചെയ്തതെങ്ങിനെ? ആലോചിച്ചു നോക്കുക.

ഓരോ വസ്തുവിന്നും ചില പ്രത്യേക സ്വഭാവ പ്രകൃതികൾ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. അതിൽ മറ്റാർക്കും യാതൊരു മാറ്റവും വരുത്തുക സാധ്യമല്ല. പക്ഷേ, അല്ലാഹു ഉദ്ദേശിക്കുമ്പോൾ, അവൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ അതിൽ വരുത്തിക്കൂടാ എന്നില്ലതാനും. നമ്മുടെ നിത്യപരിചയത്തെ അടിസ്ഥാനമാക്കി ചില വസ്തുക്കളുടെ പ്രകൃതിയായി നാം ചില കാര്യങ്ങളെ ഗണിച്ചുവരുന്നു. അതിന്നെതിരിൽ വല്ലതും സംഭവിച്ചു കാണുമ്പോൾ നാമതിന് പ്രകൃതി വിരുദ്ധമെന്നോ, അസാധാരണമെന്നോ വിധി കൽപിക്കുന്നു. അത്രമാത്രം. ഒരു പക്ഷേ, നാം കണ്ടുവരുന്ന ഈ പ്രകൃതി നിയമങ്ങൾക്കെല്ലാം നിദാനമായ മറ്റൊരു പ്രകൃതി

(*) മുതശാബിഹിനെക്കുറിച്ച് മുഖവുരയിൽ വിവരിച്ചിട്ടുണ്ട്.

നിയമം, അല്ലെങ്കിൽ കാരണങ്ങൾക്കെല്ലാം കാരണമാകുന്ന മറ്റൊരു വ്യവസ്ഥ, അതുമല്ലെങ്കിൽ, ഭൗതിക പ്രകൃതിക്കതീതമായ ഒരു അഖിലാണ്ഡ വ്യവസ്ഥ അല്ലാഹുവിങ്കൽ ഉണ്ടായിരിക്കും الله اعلم.

എനി, لاتبديل لخلق الله എന്ന വാക്യത്തിന്റെ താൽപര്യം ഇവർ പറഞ്ഞ പോലെയാണെന്ന് വെച്ചാൽപോലും, നമ്മുടെ ഉറുമ്പിന്റെയും, മരക്കൊത്തിയുടെയും സംഭവങ്ങൾ അതിന് വിരുദ്ധമാകുന്നില്ല. അവ മനുഷ്യഭാഷയിൽ സംസാരിച്ചുവെന്നും, മനുഷ്യൻ ഗ്രഹിക്കുന്ന അതേ രൂപത്തിൽ തന്നെ ഗ്രഹിച്ചുവെന്നും വന്നാൽ മാത്രമേ പ്രത്യക്ഷത്തിലെങ്കിലും അത് ആ വാക്യത്തിന് എതിരാവുകയുള്ളൂ. 16-ാം വചനത്തിൽ علمنا منطق الطير(പക്ഷികളുടെ സംസാരം നമുക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു) എന്ന് സുലൈമാൻ നബി (അ) പറഞ്ഞുവല്ലോ. 'ഇതിന്റെ വ്യാഖ്യാനത്തിൽ ഇമാം ബൈദ്വാവിയുടെ വിവരണം ശരിവെച്ചുകൊണ്ട് ഇവർ തന്നെ പ്രസ്താവിക്കുന്നത് നോക്കുക : ഇതിന്റെ വ്യാഖ്യാനത്തിൽ പലരും പലതും എഴുതിയിട്ടുണ്ട്. എല്ലാ ജീവികൾക്കും അവയുടെ വിചാരങ്ങളും, വികാരങ്ങളും പ്രകടിപ്പിക്കുവാൻ ചില ശബ്ദങ്ങളുണ്ടെന്നും ആ ശബ്ദങ്ങളുടെ അർത്ഥം മനസ്സിലാക്കുവാനുള്ള കഴിവ് ദൈവികമായി സുലൈമാൻ നബി(അ)ക്ക് ലഭിച്ചിരിക്കാമെന്നുമാണ് ഇമാം ബൈദ്വാവി അദ്ദേഹത്തിന്റെ തഫ്സീറിൽ പറയുന്നത്. ആ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. സുലൈമാൻ നബി(അ) യുടെ സേനാ വിഭാഗങ്ങളിൽ ഒരു വിഭാഗം പക്ഷികളായിരുന്നുവെന്ന് 17-ാം വാക്യത്തിൽ പറയുന്നുണ്ടല്ലോ. സൈന്യത്തിൽ പക്ഷികളുടെ ഉപയോഗം എന്തെന്ന് എല്ലാവർക്കും അറിയാം. വാർത്തകൾ അങ്ങോട്ടും ഇങ്ങോട്ടും എത്തിക്കുക, വല്ല വിശേഷങ്ങളും കണ്ടാൽ അവയുടെ ഭാഷയിൽ അവരുടെ നാഥന്മാരെ അറിയിക്കുക ഇവയെല്ലാമാണ് അവയുടെ ജോലി. അപ്പോൾ ആ നിലക്ക് ഇവയെ ഉപയോഗപ്പെടുത്തുമ്പോൾ അവയുടെ റിപ്പോർട്ടുകളും, അവ നൽകുന്ന സൂചനകളും അവയുടെ നാഥൻമാർ ശരിക്ക് പഠിച്ചിരിക്കണം, അത് ഞങ്ങൾ പരിചയിച്ചു വെച്ചിട്ടുണ്ടെന്നാണ് സുലൈമാൻ നബി (അ) പറയുന്നത്'.

അൽപമൊന്ന് ആലോചിച്ചു നോക്കുക! നാം ഇപ്പോൾ വായിച്ച ഈ പ്രസ്താവന - അതിൽ അൽപം ചില നീക്കുപോക്കുകൾ ഉണ്ടെങ്കിലും - പുറപ്പെടുവിച്ച അതേ ആളുകൾ പിന്നീട് രണ്ട് ആയത്തുകൾ കഴിഞ്ഞപ്പോഴേക്കും ഇതെല്ലാം മറന്നുകൊണ്ട് അതൊക്കെ അല്ലാഹു നൽകിയ പ്രകൃതിക്ക് വിരുദ്ധമാണെന്നും لاتبديل لخلق الله എന്ന ഖുർആൻ വാക്യത്തിന് എതിരാണെന്നും സമർത്ഥിക്കുന്നതും മറ്റും കാണുമ്പോൾ ആർക്കാണ് ആശ്ചര്യം തോന്നാത്തത്?! ഈ പ്രസ്താവന മനഃപൂർവ്വം ചെയ്ത ഒരാൾ, പിന്നെയും ഉറുമ്പിനെയും,മരക്കൊത്തിയെയും മനുഷ്യനാക്കുവാൻ ശ്രമിക്കുന്നതെന്തിനാണ്?! പുത്തൻ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിലും വേണ്ടേ ഒരു സ്ഥിരതയും മനസ്സാക്ഷിയും?!

ചില മുട്ടുചോദ്യങ്ങൾ

ഇക്കൂട്ടർ ചില മുട്ടുചോദ്യങ്ങൾ ചോദിക്കുന്നു: സുലൈമാൻ നബി (അ) ഫലസ്തീനിൽ നിന്നും യമനിലേക്കാണ് പോകുന്നത്. ഏതാണ്ട് 1500 നാഴിക അകലെയാണത്. ഇതിനിടക്ക് ഒരു ഉറുമ്പിന്റെ സംസാരം മാത്രമേ അദ്ദേഹം കേട്ടിട്ടുള്ളൂ? സുലൈമാൻ നബിയെ ഉറുമ്പ് എങ്ങിനെ അറിഞ്ഞു? മുമ്പ് കണ്ടിട്ടുണ്ടോ? വമ്പിച്ച ആ പട്ടാളത്തിന്റെ വലിപ്പം അതെങ്ങിനെ നോക്കിക്കണ്ടു? എന്നൊക്കെയാണ് ഉറുമ്പിനെക്കുറിച്ചുള്ള ചോദ്യങ്ങൾ. ഇവക്ക് മറുപടി പറയുവാൻ ഒരിക്കലും സാധ്യമല്ല എന്ന് ഇവർ സ്വയം വിധി കൽപിക്കുകയും ചെയ്യുന്നു. മരക്കൊത്തിയെ

സംബന്ധിക്കുന്ന ചോദ്യാവലിയുടെ ചുരുക്കം ഇതാണ് : ഒരു മനുഷ്യന്റെ ബുദ്ധിയല്ലേ മരക്കൊത്തിയിൽ കാണുന്നത്? അല്ലാഹുവിന്റെ ഏകത്വത്തെയും, ബിൽക്വീസിന്റെ സിംഹാസനത്തെയുംകുറിച്ചു അതെങ്ങിനെ അറിഞ്ഞു? സൂര്യനെ ആരാധിച്ചുകൂടാ എന്നും, പിശാചാണ് സബഉകാരെ വഴിപിഴപ്പിച്ചതെന്നും എങ്ങിനെ മനസ്സിലാക്കി ?.....ഇതൊക്കെ മനസ്സിലാക്കുവാൻ അതിന്നെവിടെയാണ് ബുദ്ധിയും ചിന്താശീലവും? ദിവസം 100 നാഴികയിലേറെ പറക്കാൻ മരക്കൊത്തിക്ക് കഴിവില്ല. അപ്പോൾ 1500 നാഴിക ദൂരത്തേക്കൊരു കത്ത് കൊണ്ടുപോയി മടങ്ങാൻ അതിന് ഒരു മാസം വേണ്ടേ? അപ്പോഴേക്കും ഒരു പ്രബലരാഷ്ട്രത്തോട് യുദ്ധത്തിന് പുറപ്പെട്ട ആ പട്ടാളത്തിന്റെ നില അപകടത്തിലാവുകയില്ലേ...?

കൂടാതെ-മറ്റു പല സംഭവങ്ങളിലെന്ന പോലെ-ഈ കഥയിലും ജനമദ്ധ്യേ പ്രചാരത്തിലുള്ള ഊഹാപോഹങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ടുള്ള പരിഹാസ ചോദ്യങ്ങൾ വേറെയും കാണാം. അതിലേക്ക് നാമിപ്പോൾ തിരിയുന്നില്ല. കണ്ടതും കേട്ടതുമെല്ലാം അപ്പടി രേഖപ്പെടുത്താറുള്ള ചില ഗ്രന്ഥകാരൻമാരുടെ കൃതിയിൽ സ്ഥലം പിടിച്ചിരിക്കുന്ന അത്തരം കഥാവിസ്തീർണങ്ങളെയും, പാമരൻമാരുടെ ഇടയിൽ പ്രചാരത്തിലുണ്ടാകുന്ന ഇതിഹാസങ്ങളെയും ആദ്യം കൂട്ടിയിണക്കി ഒരു കഥാരൂപം ഉണ്ടാക്കുക, പിന്നീട് അതാണ് പൊതുവിൽ മുസ്‌ലിംകൾ വിശ്വസിച്ചു വരുന്നതെന്ന് വരുത്തിത്തീർക്കുക, തുടർന്നുകൊണ്ട് സംഭവം അപ്പാടെ ഖണ്ഡിക്കുക, പകരം ഒരു പുതിയ രൂപം അവതരിപ്പിക്കുക, ഇതെല്ലാം ഇവരുടെ പതിവാണെന്ന് നാം മുമ്പേ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

ഇവർ 1500 നാഴിക കണക്കാക്കിയത് ഫലസ്തീനിൽ നിന്ന് യമനിലേ ക്കായിരിക്കുമല്ലോ? *(*)* അന്ന് ഫലസ്തീൻ രാഷ്ട്രത്തിന്റെ തെക്കേ അതിരും, യമൻ രാഷ്ട്രത്തിന്റെ വടക്കേ അതിരും എവിടെയായിരുന്നു? സുലൈമാൻ നബി(അ)യും പട്ടാളവും ഉന്നംവെച്ചുപോകുന്നത് എങ്ങോട്ടായിരുന്നു? ഉറുമ്പിനെ കണ്ടതും, മരക്കൊത്തിയുടെ സംഭവം നടന്നതും എവിടെ എത്തിയപ്പോഴാണ്? ഇതൊന്നും ഉറപ്പിച്ചു പറയുവാൻ യാതൊരു തെളിവും ഇല്ല. അത്പോലെത്തന്നെ, മരക്കൊത്തി അറിയിച്ച വാർത്തകൾ-ഇവരുടെ ഭാഷയിൽ പറഞ്ഞാൽ പട്ടാള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്-കിട്ടുന്നതിന് മുമ്പ് സബഇലെ രാജ്ഞിയെക്കുറിച്ച് സുലൈമാൻ നബി(അ)ക്ക് കാര്യമായ വല്ല വിവരങ്ങളും ലഭിച്ചിരുന്നുവെന്ന് കാണിക്കുന്ന തെളിവും ക്വുർആനിൽ ഇല്ല. വേണമെങ്കിൽ ക്വുർആനിൽ തെളിവു കാണുന്നത് മറിച്ചാണ് താനും. (ഇതിനെപ്പറ്റി വഴിയെ പ്രസ്താവിക്കാം) എന്നിരിക്കെ, സബഇലെ രാജ്ഞി യുദ്ധത്തിന്ന് പുറപ്പെടുന്നുണ്ടെന്ന് എങ്ങിനെയോ കേട്ടത് നിമിത്തം അവരോടങ്ങോട്ട് ചെന്നു യുദ്ധം ചെയ്‌വാനാണ് സുലൈമാൻ നബി(അ)യും സൈന്യവും യമനിലേക്ക് പുറപ്പെട്ടിരുന്നത് എന്ന് ഇവർ സ്വയം സങ്കൽപ്പിച്ചു രൂപപ്പെടുത്തിയത് മാത്രമാണ്.

ഏതായാലും, അദ്ദേഹം പോകുന്ന വഴിക്ക് ഒന്നല്ല, വളരെ ഉറുമ്പിൻ കൂട്ടങ്ങൾ തന്നെ കണ്ടിരിക്കാം. പക്ഷേ, ഒരു കൂട്ടത്തെയും, ഒരു ഉറുമ്പിന്റെ സംസാരത്തെയും സംബന്ധിച്ച് മാത്രമേ അല്ലാഹു നമുക്ക് പറഞ്ഞുതന്നിട്ടുള്ളൂ. അസാധാരണമായ ഒരു പ്രത്യേക സംഭവമായതുകൊണ്ടാണ് അല്ലാഹു അത്മാത്രം പ്രസ്താവിച്ചതെന്നത്രെ നാം കരുതുന്നത്. ഈ സൂറത്തിലെ 15 മുതൽ 19 കൂടിയ വചനങ്ങൾ തുറന്ന ഹൃദയത്തോടെ-മുൻകൂട്ടിയുള്ള യാതൊരു തീരുമാനവും ആഗ്രഹവും

(*) രണ്ടു രാജ്യങ്ങളുടെ പടം 8-ലും 10-ലും കാണാം

മനസ്സിൽവെക്കാതെ-വായിച്ചു നോക്കുന്ന ഏതൊരു സത്യവിശ്വാസിക്കും അതാണ് മനസ്സിലാവുക. അപ്പോൾ കോടിക്കണക്കിലുള്ള ഉറുമ്പുകളെപ്പറ്റി ക്വുർആൻ മൗനമവലംബിച്ചതിൽ പരിഭവിക്കുവാനൊന്നും വക കാണുന്നില്ല. ഒരാൾ തന്റെ ഒരു നീണ്ട യാത്രാവിവരണത്തിൽ വഴിക്ക് വെച്ച് ഒരാളുമായുണ്ടായ വല്ല സംഭാഷണമോ സംഭവമോ പറഞ്ഞുകണ്ടാൽ, അയാൾ ആ യാത്രയിൽ മറ്റാരെയും കണ്ടില്ലെന്ന് എങ്ങിനെ ഊഹിക്കാം ?!

സുലൈമാൻ നബി(അ)യുടെ സൈന്യത്തിൽ പക്ഷിവിഭാഗവും ഉണ്ടായിരുന്നുവെന്നും, വാർത്തകൾ അങ്ങുമിങ്ങും എത്തിക്കലും, വിശേഷ വർത്തമാനം അവയുടെ നായകൻമാർക്ക് എത്തിച്ചുകൊടുക്കലുമാണവയുടെ ജോലിയെന്നും ഇക്കൂട്ടർ തന്നെ പ്രസ്താവിച്ചുവല്ലോ. അപ്പോൾ മരക്കൊത്തി ബിൽക്വീസിന് കത്ത് കൊണ്ടുപോയതിൽ ഇവർ അത്ഭുതപ്പെടുവാൻ ന്യായം കാണുന്നില്ല. പിന്നെ, വഴിദൂരത്തിന്റെ കാര്യമാണുള്ളത്. 1500 നാഴിക പോയി മടങ്ങാൻ മരക്കൊത്തിക്ക് ചുരുങ്ങിയത് ഒരു മാസം പിടിക്കുമെന്നും, അപ്പോഴേക്കും പട്ടാളത്തിന്റെ കാര്യം കുഴപ്പത്തിലാകുമെന്നുമാണ് ഇവർ തട്ടിവിടുന്നത്. ഇത് ഒട്ടും പ്രസക്തമല്ലാത്ത ഒരു ജൽപനമാണ്. കാരണം ഹുദ്ഹുദ് എന്ന് പേരുള്ള ഒരു ഉദ്യോഗസ്ഥനാണ് കത്തു കൊണ്ടുപോയതെങ്കിൽ അവന്നും വേണ്ടേ ആ 1500 നാഴികക്ക് ഒരുമാസക്കാലം ? അല്ല അധിലധികം തന്നെ കാലം വേണ്ടതില്ലേ എന്നാണ് നമുക്ക് ചോദിക്കാനുള്ളത്. ഒരു മരക്കൊത്തിപ്പക്ഷി വായുവിൽ കൂടി യാതൊരു വളവും തിരിവുമില്ലാതെ, ഒരേ നേർരേഖ പിടിച്ചു അതിവേഗത്തിൽ പറന്നുപോകുന്നതിനെക്കാൾ എളുപ്പത്തിൽ ഇവരുടെ ഉദ്യോഗസ്ഥന് യമനിൽ പോയിവരുവാൻ കഴിയുമെന്നോ ?! കഴിയുമെന്ന് പറയുവാൻ ഇവർക്ക് മാത്രമേ ധൈര്യം വരികയുള്ളൂ. കാടും മലയും ചുറ്റി, തരിശും മരുഭൂമിയും തരണം ചെയ്തു വളഞ്ഞുപുളഞ്ഞ മാർഗങ്ങളിൽകൂടിവേണം അന്നവിടങ്ങളിൽ യാത്ര ചെയ്വാൻ. ഇന്നത്തെപ്പോലെയുള്ള പരിഷ്കൃത വാഹനങ്ങളും നിരത്തുകളും അന്നില്ല. (ക്രിസ്ത്വാബ്ദത്തിന് ഏറെക്കുറെ 1000 കൊല്ലം മുമ്പാണ് ഈ സംഭവം നടക്കുന്നത്) ഒട്ടകമോ, കുതിരയോ ആണ് അന്ന് വാഹനങ്ങൾ. അതേ സമയത്ത് കരമാർഗത്തിലൂടെയുള്ള ദൂരത്തെക്കാൾ എത്രയോ കുറവായിരിക്കും ആകാശമാർഗത്തിലൂടെയുള്ള ദൂരമെന്നും വ്യക്തമാണ്. (1500 നാഴികയുടെ മതിപ്പ് അപ്പടി സ്വീകാര്യമല്ലെന്ന് നാം ഇതിന് മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്) ചില പക്ഷികളെ വാർത്തകൾ എത്തിക്കുന്നതിന് ഉപയോഗിക്കുന്ന പതിവ് അന്നും ഇന്നും ഉള്ളതാണ്. സുലൈമാൻ നബി(അ)ക്കാകട്ടെ, അല്ലാഹു പക്ഷികളെ പ്രത്യേകം കീഴ്പ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ, ആ കത്ത് കൊടുത്തയക്കുവാൻ പല നിലക്കും മരക്കൊത്തിയാണ് കൂടുതൽ അനുയോജ്യമായത്.

ഓരോ ജീവിക്കും ഓരോ തരത്തിലുള്ള ബോധങ്ങളും ഇംഗിതങ്ങളുമുണ്ട്, അതതിന്റെ വികാരവിചാരങ്ങൾ പ്രകടിപ്പിക്കുവാനും, അതതിനാവശ്യമായ കാര്യങ്ങൾ ഗ്രഹിക്കുവാനും അവയ്ക്ക് അല്ലാഹു പ്രകൃത്യാ ചില കഴിവുകൾ നൽകിയിട്ടുണ്ട് എന്നീ വസ്തുതകൾ പരക്കെ അറിയപ്പെട്ടതാണ് . ഇന്നത്തെ ജന്തുശാസ്ത്രവിദഗ്ധന്മാർക്ക് ഈ തുറയിൽ കൂടുതൽ പുരോഗതി ലഭിച്ചിട്ടുണ്ടെന്ന് വേണം പറയുവാൻ. അവരത് വർദ്ധിപ്പിക്കുവാനായി ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തിവരികയാണ്. ചില ചെടികൾക്കുപോലും ചില വികാരങ്ങൾ ഉണ്ടെന്ന് കൂടി ശാസ്ത്രജ്ഞൻമാർ സിദ്ധാന്തിക്കുന്നത് കാണാം. ഉറുമ്പിനെപ്പോലെയുള്ള ചില ജീവികളുടെ ഗ്രഹണസാമർത്ഥ്യത്തെയും, വ്യവസ്ഥാബോധത്തെയും കുറിച്ച് പല ശാസ്ത്രവിദഗ്ദന്മാരും അത്ഭുതാവഹമായ വിവരങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. (ചുരുക്കം ചിലത് സൂറത്തിന്റെ വിവരണത്തിൽ നാം ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്) എന്നാൽ, ക്വുർആനിൽ പ്രസ്താവിക്കുന്ന സംഭവങ്ങളുടെ സത്യതയും, സംഭവ്യതയും സ്ഥാപിക്കുവാൻ ആരുടെ അഭിപ്രായവും ആരായേണ്ടതില്ല. അതിന്റെ തന്നെ

പ്രസ്താവനകളും അതിന്റെ ഏറ്റവും അംഗീകൃതവ്യാഖ്യാനമായ നബി വചനങ്ങളും മാത്രം മതി. ഇത് രണ്ടും പരിശോധിച്ചാൽ സാധ്യതയുടെ വൃത്തം കൂടുതൽ വിശാലമായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയകമായി വന്നിട്ടുള്ള ചില ക്വുർആൻ വചനങ്ങളും, ചില നബി വചനങ്ങളും ഇവിടെ ഉദ്ധരിക്കുന്നത് നന്നായിക്കും. ഉറുമ്പിന്റെയും, മരക്കൊത്തിയുടെയും കഥയിലേക്ക് മാത്രമല്ല, മറ്റു പലതിലേക്കും വെളിച്ചം നൽകുവാനും, നിഷ്പക്ഷഹൃദയരായ സത്യവിശ്വാസികൾക്ക് മനോവികാസം വരുത്തുവാനും അവ ഉപകരിക്കുന്നതാണ്. കൂടാതെ, ഇവരുടെ മേൽ കണ്ട മിക്ക ചോദ്യങ്ങൾക്കുമുള്ള സമാധാനവും അവയിൽ നിന്നും ലഭിക്കുന്നതാണ്. إِنْ شَاء الله

(1) അല്ലാഹു പറയുന്നു: وَمَا مِن دَآبَّةٍ فِي الأَرْضِ وَلاَ طَائِرٍ يَطِيرُ بِجَنَاحَيْهِ إِلاَّ أُمَمٌ أَمْثَالُكُم – الانعام : ٣٧ (ഭൂമിയിലുള്ള ഏതൊരു പ്രാണി-അഥവാ ജീവി-യാകട്ടെ, രണ്ട് ചിറക്കൊണ്ട് പറക്കുന്ന പക്ഷിയാകട്ടെ, നിങ്ങളെപ്പോലെയുള്ള ചില സമുദായങ്ങളല്ലാതെ മറ്റൊന്നുമല്ല (സൂ:അൻആം.) അപ്പോൾ, ഓരോ ജന്തുവർഗവും ഓരോ സമുദായമാണ്. അതത് സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള സാമൂഹ്യബന്ധവും, ജീവിതാഭിലാഷവും വിചാര വികാരങ്ങൾ പ്രകടിപ്പിക്കുവാനുള്ള ചില നിശ്ചിത ഭാഷകളും അനിവാര്യമാണ്. ഈ തുറയിൽ അങ്ങേയറ്റം പരിമിതമായ അറിവേ മനുഷ്യന് ഇത്വരെയും ലഭിച്ചിട്ടുള്ളൂ. കൂടുതൽ അറിയുവാൻ ഗവേഷണങ്ങൾ നടത്തപ്പെടുന്നുവെങ്കിലും, അവ ഒരിക്കലും പരിപൂർണമോ, ഖണ്ഡിതമോ ആയിരിക്കയില്ല. സുലൈമാൻ നബി (അ)ക്ക് ഈ തുറയിൽ സിദ്ധിച്ച അറിവാകട്ടെ, ഗവേഷണപരമോ നിരീക്ഷണപരമോ അല്ല. അല്ലാഹു അദ്ദേഹത്തിന് നൽകിയ ഒരു പ്രത്യേക അനുഗ്രഹമായിരുന്നു. ക്വുർആനിൽ നിന്ന് തന്നെ സ്പഷ്ടമായി മനസ്സിലാക്കാവുന്നതാണിത്. എന്നിരിക്കെ, അതിനെ നമ്മുടെ അറിവിന്റെ മാനദണ്ഡംകൊണ്ടളന്നു കണക്കാക്കുന്നത് ശരിയല്ല.

സൂറത്തുന്നൂർ 41ൽ അല്ലാഹു പറയുന്നു: أَلَمْ تَرَ أَنَّ اللَّهَ يُسَبِّحُ لَهُ-الي قوله يفعلون (ആകാശങ്ങളിലും, ഭൂമിയിലും ഉള്ളവരും അണിനിരന്നു-വായുവിൽ ചിറകു വിടർത്തി-കൊണ്ടുള്ള പറവകളും അല്ലാഹുവിന് തസ്ബീഹ് -പ്രകീർത്തനം -നടത്തുന്നുണ്ടെന്ന് നീ കാണുന്നില്ലേ?! എല്ലാറ്റിനും തന്നെ അതതിന്റെ നമസ്കാരവും തസ്ബീഹും അറിയാവുന്നതാണ്. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നതാണ്) സൂ:ഇസ്റാഉ് 44-ൽ അല്ലാഹു പറയുന്നു: وَإِن مِّن شَيْءٍ إِلاَّ يُسَبِّحُ بِحَمْدَهِ وَلَـكِن لاَّ تَفْقَهُونَ تَسْبِيحَهُمْ – الاسراء : ٤٤ (ഒരു വസ്തുവും തന്നെ അല്ലാഹുവിനെ സ്തോത്രം ചെയ്തുകൊണ്ട് പ്രകീർത്തനം ചെയ്യാതെയില്ല. പക്ഷേ, നിങ്ങൾക്ക് അവരുടെ പ്രകീർത്തനം ഗ്രാഹ്യമാകുന്നതല്ല.) എല്ലാ ജീവികൾക്കും ചില അന്തർബോധ ങ്ങളുണ്ടെന്നും അവ അത് പ്രകടമാക്കുമെന്നും, മനുഷ്യന് അത് ഗ്രഹിക്കുവാൻ കഴിയാത്തതാണെന്നും ഈ വചനങ്ങളിൽനിന്നു സ്പഷ്ടമാണല്ലോ. ഈ ഒടുവിലത്തെ വചനത്തിൽ ജീവികൾ മാത്രമല്ല, നിർജ്ജീവ വസ്തുക്കളും ഉൾപ്പെടുന്നുവെന്ന് കാണാം. സൂ: അൽബക്വറഃ 74-ൽ കല്ലുകളെക്കുറിച്ച് പ്രത്യേകം അല്ലാഹു ഇങ്ങിനെ പറയുന്നു: وَإِنَّ مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ اللَّهِ – البقرة : ٧٤ (നിശ്ചയമായും അവയിൽ ചിലത് അല്ലാഹുവിനെ ഭയന്നു കീഴ്പോട്ട് ഇറങ്ങുന്നവയുണ്ട്) അല്ലാഹുവിന്റെ ഈ പ്രസ്താവനകളിൽ ശരിക്ക് വിശ്വസിക്കുവാൻ സാധിക്കുന്ന ഏവർക്കും, ഉറുമ്പിന്റെയും മരക്കൊത്തിയുടെയും കാര്യത്തിൽ ഇത്ര സംശയങ്ങളൊന്നും തോന്നേണ്ടതായിട്ടില്ല.

സുലൈമാൻ നബി (അ) ഒരിക്കൽ മഴക്ക് വേണ്ടി പ്രാർത്ഥന നടത്തുവാനായി പുറപ്പെട്ടപ്പോൾ ഒരു ഉറുമ്പ് മലർന്നുകിടന്ന് മഴക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് കണ്ടുവെന്നും, നമുക്ക് വെള്ളം കിട്ടിപ്പോയി, എനി നിങ്ങൾക്ക് മടങ്ങിപ്പോകാം എന്ന് കൂടെയുള്ളവരോട് പറഞ്ഞുവെന്നും ഹാകിം(റ) ഉദ്ധരിച്ച ഒരു ഹദീഥ് 19-ാം വചനത്തിന്റെ വിവരണത്തിൽ നാം ഉദ്ധരിച്ചിട്ടുണ്ട്. പ്രസ്തുത ഹദീഥിനെക്കുറിച്ച് സംസാരിക്കുന്ന കൂട്ടത്തിൽ അല്ലാമാസ്വൻആനീ(റ) പ്രസ്താവിച്ചിട്ടുള്ള ചില വാക്യങ്ങൾ ശ്രദ്ധേയമാകുന്നു. അദ്ദേഹം പറയുന്നു : മഴക്ക് വേണ്ടി പ്രാർത്ഥന നടത്തലും, അതിനായി വെളിസ്ഥലത്ത് (മൈതാനത്തിൽ)പോകലും, പണ്ടേയുള്ള നടപടിയാണെന്നും മഴക്ക് വേണ്ടിയുള്ള പ്രാർത്ഥനാസ്ഥലത്ത് കാലികളെയും കൊണ്ടുപോകുന്നത് നല്ലതാണെന്നും ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹുവിനെക്കുറിച്ചുള്ള അറിവ്, ദിക്ർ (സ്മരണ)എന്നിവയിൽ അവയ്ക്ക് ഒരുതര ബോധമുണ്ട് എന്നും ഇതിൽ നിന്ന് സിദ്ധിക്കുന്നു. ഇത് സംബന്ധമായി പലതും ഉദ്ധരിക്കുവാനുണ്ട്. പക്ഷേ ദീർഘിച്ചുപോകും. അല്ലാഹുവിന്റെ കിത്താബിലെ പല ആയത്തുകളും ഇതിനെപ്പറ്റി മനസ്സിലാക്കിത്തരുന്നുണ്ട്. അതൊക്കെ ദുർവ്യാഖ്യാനം ചെയ്യുന്നവരുടെ വ്യാഖ്യാനങ്ങൾ യാതൊരു അവലംബവും ഇല്ലാത്തവയാണ്.

നബിﷺക്കു പ്രവാചകത്വം സിദ്ധിക്കുന്നതിന് മുമ്പ് തിരുമേനിക്ക് മക്കഃയിലെ ഒരു കല്ല് സലാം പറഞ്ഞിരുന്നതായും, ആ കല്ലിനെ ഞാൻ ഇപ്പോഴും അറിയുമെന്ന് അവിടുന്ന് പറഞ്ഞതായും ഇമാം മുസ്‌ലിം (റ) ഉദ്ധരിക്കുന്നു. തിരുമേനിക്ക് പ്രസംഗിക്കുവാൻ വേണ്ടി മിമ്പർ (പ്രസംഗപീഠം) ഉണ്ടാക്കപ്പെടുന്നതിന് മുമ്പ് പ്രസംഗവേളയിൽ അവിടുന്ന് ചാരിനിൽക്കാറുണ്ടായിരുന്ന ഒരു ഈന്തത്തടി-തിരുമേനി മിമ്പറിൽ കയറി പ്രസംഗിക്കുവാൻ തുടങ്ങിയ അവസരത്തിൽ - അത് പൊട്ടിപ്പിളരുമാറ് അട്ടഹസിക്കുകയും, ശിശുക്കളെപ്പോലെ തേങ്ങിക്കരയുകയും ഉണ്ടായി. തിരുമേനി ഇറങ്ങിവന്നു അതിനെ അണച്ചു കൂട്ടിപ്പിടിച്ചു സമാധാനിപ്പിച്ചപ്പോഴാണ് അത് അടങ്ങിയത്. മുമ്പ് ദിക്ർ കേട്ടുവന്നിരുന്നത് (നഷ്ടപ്പെട്ടുപോയത്)കൊണ്ടാണ് അത് കരഞ്ഞതെന്ന് നബി പറയുകയും ചെയ്തു. ഈ പ്രസിദ്ധ സംഭവം ഇമാം ബുഖാരി (റ)ഉദ്ധരിച്ചിട്ടുള്ളതാണ്.

ഇങ്ങനെ, നമുക്ക് അജ്ഞാതമായ എത്രയോ രഹസ്യങ്ങൾ മനുഷ്യേതര വസ്തുക്കളിൽ ഒളിഞ്ഞുകിടപ്പുണ്ട്. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവന്റെ പ്രവാചകൻമാർക്ക് അവയിൽ ചിലത് അവൻ അറിയിച്ചുകൊടുക്കുന്നു. അവർ മുഖേന മാത്രം നാം അതിൽ ചിലത് കേൾക്കുകയും, അതിൽ വിശ്വസിക്കുകയും ചെയ്യുന്നു. മനുഷ്യസഹജമായ അറിവിനും കഴിവിനും അതീതമായതുകൊണ്ട് നാം അതിനെ അമാനുഷിക സംഭവങ്ങളെന്നും, സാധാരണ ലൗകീക നടപടി ക്രമങ്ങൾക്ക തീതമായതുകൊണ്ട് അസാധാരണ സംഭവങ്ങളെന്നും പറഞ്ഞുവരുന്നു.

ഉറുമ്പിനെക്കുറിച്ച് ചോദിച്ചത് പോലെ മരക്കൊത്തിയെക്കുറിച്ചും ഇവർ ചോദിക്കുന്നു: ആ പട്ടാളത്തിൽ ഒരൊറ്റ മരക്കൊത്തിയാണോ ഉണ്ടായിരുന്നത് ? അതിനെ ആസ്പദമാക്കിയാണോ സൈന്യകാര്യങ്ങൾ നടത്തപ്പെട്ടിരുന്നത് ? എന്നൊക്കെ. നമുക്ക് പറയുവാനുള്ളത് ഇത്രമാത്രമാണ്: അതിൽ പക്ഷിവിഭാഗമുണ്ടായിരുന്നതായി അല്ലാഹു നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഏതെല്ലാം പക്ഷികളാണ്, മരക്കൊത്തി എത്രയാണ് എന്നൊന്നും പറഞ്ഞുതന്നിട്ടില്ല. ഒരു മരക്കൊത്തിയുടെ കഥ മാത്രം അവൻ വിവരിക്കുകയും ചെയ്തിരിക്കുന്നു. ഒരു പക്ഷേ, ആ മരക്കൊത്തി പക്ഷിവിഭാഗത്തിലെ -അല്ലെങ്കിൽ മരക്കൊത്തി വിഭാഗത്തിലെ - നേതാവായിരുന്നുവെന്നും, മറ്റു മരക്കൊത്തികൾക്കില്ലാത്ത വല്ല വിശേഷതയും അതിനുണ്ടായിരുന്നുവെന്നും വരാം. വാസ്തവം അല്ലാഹുവിനറിയാം. ഏതായലും ഈ

മരക്കൊത്തിയെ ആസ്പദമാക്കിയല്ല ആ പട്ടാളത്തിന്റെ കാര്യങ്ങൾ നടത്തപ്പെട്ടിരുന്നതെന്ന് നമുക്കും അറിയാം. മറ്റനേകം കാര്യങ്ങളുള്ളതിൽ അതും ഒന്നായിരുന്നുവെന്ന് മാത്രം. സൈന്യത്തിന്റെ മേലധികാരവും, കൈകാര്യവും സുലൈമാൻ നബി(അ)യുടെ കയ്യിലാണെന്നിരിക്കെ ഈ ചോദ്യത്തിന് വലിയ പ്രസക്തിയൊന്നുമില്ല.

18-ാം വചനത്തിന്റെ വിവരണത്തിൽ നാം ഉദ്ധരിച്ചത് പോലെ, ഇബ്നു അബ്ബാസ് (റ) ന്റെ ഒരു പ്രസ്താവനയിൽ പ്രസ്തുത മരക്കൊത്തി ഭൂമിയുടെ അടിയിൽ വെള്ളം സ്ഥിതി ചെയ്യുന്ന സ്ഥാനം സുലൈമാൻ നബി(അ)ക്ക് അറിയിച്ചുകൊടുക്കുമെന്നും, അദ്ദേഹം ആ സ്ഥലത്ത് കുഴിപ്പിച്ചു വെള്ളമെടുക്കുമെന്നും വന്നിട്ടുണ്ട്. ഇതൊന്നും നമ്മുടെ യുക്തിവാദക്കാർക്ക് ഒരിക്കലും സ്വീകരിപ്പാൻ നിവൃത്തിയില്ലല്ലോ. അതുകൊണ്ടാണ് അവർ പരിഹാസപൂർവ്വം മേൽപറഞ്ഞ ചോദ്യം ഉന്നയിക്കുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, ഇത് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമായിരുന്നുവെന്ന് ഉറപ്പിച്ചു പറയത്തക്ക തെളിവുകളൊന്നും നമുക്കില്ല. എങ്കിലും, ഈ മരക്കൊത്തിയെക്കുറിച്ച് ഇതിനെക്കാൾ വലിയ സംഭവങ്ങൾ, വ്യക്തമായ ഭാഷയിൽ ക്വുർആൻ പ്രതിപാദിച്ചിട്ടുള്ള സ്ഥിതിക്ക് ഈ പ്രസ്താവനയെ ശരിയായ കാരണം കൂടാതെ തള്ളിക്കളയുന്നത് ശരിയല്ല *(*)* അതേ സമയത്ത് കഥാകാരൻമാരുടെ നീണ്ട വിശദീകരണങ്ങൾക്ക് നാമൊട്ടും വില കൽപിക്കുന്നുമില്ല.

സുലൈമാൻ നബി(അ) സബഉകാരോട് യുദ്ധത്തിന് പുറപ്പെട്ടതായിരുന്നുവോ?

സുലൈമാൻ നബി(അ)യുടെ ഭരണത്തെക്കുറിച്ച് കേട്ടറിഞ്ഞപ്പോൾ അവർക്കുണ്ടായ അഹംഭാവവും, അസൂയയും നിമിത്തം അവർ അദ്ദേഹത്തോട് യുദ്ധം ചെയ്തു രാജ്യം ആക്രമിക്കുവാൻ പരിപാടി ഇട്ടിരുന്നു. ആ വിവരം അദ്ദേഹം എങ്ങിനെയോ അറിഞ്ഞു. അതിനാൽ അങ്ങോട്ട് ചെന്നു യുദ്ധം ചെയ്വാൻ സർവ്വ സൈന്യവിഭാഗങ്ങളെയും ശേഖരിച്ചു ഒരുക്കം നടത്തുകയായിരുന്നു. ഈ അവസരത്തിലാണ് കൂടുതൽ വിവരം അറിയുവാനായി ഹുദ്ഹുദ് എന്ന് പേരുള്ള രഹസ്യ വകുപ്പിലെ ഉദ്യോഗസ്ഥൻ യമനിലേക്ക് പോകുന്നത്. എന്നൊക്കെയാണ് നമ്മുടെ കൂട്ടർ സമർത്ഥിക്കുന്നത്. ഇപ്പറഞ്ഞതെല്ലാം തന്നെ, സംഭവത്തിനൊരു പുതിയരൂപം നൽകുവാൻ പറ്റിയ കണ്ടുപിടുത്തം മാത്രമാകുന്നു. ഇതിന് ഏക തെളിവായി ഇവർ ഉദ്ധരിക്കുന്നത് ഈ സൂറത്തിലെ 31-ാം വചനമാണ്. പോരാത്തത് കുറെ യുക്തിവാദങ്ങളും. ആ വചനത്തിന് ഇവർ കൽപിക്കുന്ന അർത്ഥം വകവെച്ചു കൊടുത്താൽ പോലും, ആ വാക്യം യുദ്ധത്തിന്റെ മൂലകാരണത്തെ വ്യക്തമായി ചൂണ്ടിക്കാട്ടുന്നു എന്ന ഇവരുടെ വാദം ശരിയാകുന്നില്ല. അദ്ദേഹത്തിന്റെ സൈന്യസമേതമുള്ള യാത്രോദ്ദേശ്യം എന്തായിരുന്നുവെന്ന് ക്വുർആനിൽ നിന്ന് വ്യക്തമല്ലാത്തതുകൊണ്ട് നാം അതിൽ മൗനമവലംബിക്കുകയാണ് ചെയ്യുന്നത്. എങ്കിലും ഇവർ സമർത്ഥിച്ച പ്രസ്തുത കാരണവും, ആ അടിസ്ഥാനത്തിലുള്ള വിശദീകരണവും വിമർശനാർഹമാകുന്നു :

31-ാം വചനമെന്ന് പറഞ്ഞത് സുലൈമാൻ നബി(അ) രാജ്ഞിക്കയച്ച കത്തിലെ വാചകമാകുന്നു أَلَّا تَعْلُوا عَلَيَّ وَأْتُونِي مُسْلِمِينَ(നിങ്ങൾ എന്നോട് ഔന്നിത്യം കാണിക്കരുത്. നിങ്ങൾ മുസ്‌ലിംകളായി-അഥവാ കീഴൊതുങ്ങിയവരായി-എന്റെ അടുക്കൽ വരണം)

ഇതാണ് ആ വചനം. ഇതിന് ഇവർ കൊടുക്കുന്ന അർത്ഥം: നിങ്ങൾ എന്നെ കീഴ്പെടുത്തുവാൻ ഒരുങ്ങേണ്ടാ, (എനിക്ക്) കീഴൊതുങ്ങിയും കൊണ്ട് എന്റെ അടുക്കലേക്ക് വരിക എന്നാകുന്നു. ഇവർ സ്വയം നിർണയിച്ച ആ മൂലകാരണത്തിന്റെ വിവരണത്തിലേക്ക് ഖുർആനെ യോജിപ്പിക്കുവാൻ വേണ്ടുന്ന ഒരു മുൻകരുതലായിട്ടാണ് ഈ വചനത്തിന് ഈ അർത്ഥം ഇവർ കൊടുത്തിട്ടുള്ളത്. അൽപം അറബി അറിയാവുന്ന ഏവർക്കും ഇത് മനസ്സിലാക്കാം. لَا تَعْلُوا عَلَيَّ (ലാ-തഅ്ലൂ-അലയ്യ) എന്ന വാക്കിന്റെ അർത്ഥമെന്ന നിലക്കാണല്ലോ, നിങ്ങൾ എന്നെ കീഴ്പെടുത്തുവാൻ ഒരുങ്ങേണ്ടാ എന്ന് പറഞ്ഞത്. ഇതിൽ ഒരുങ്ങേണ്ടാ എന്നു കൂട്ടിച്ചേർത്തത് ഇവരുടെ ഒരു അലങ്കാരപദമാണെന്ന് സമ്മതിച്ചു കൊടുത്തേക്കുക. പക്ഷേ, കീഴ്പെടുത്തുകയെന്ന് തഅ്ലൂ എന്ന ക്രിയക്ക് അർത്ഥമാക്കിയത് അറബിഭാഷാ മുറപ്രകാരം ശരിയല്ല. കാരണം:

عَلَا(അലാ) എന്നതിന്റെ നിരോധക്രിയ (نَهي) രൂപമാണ് لَا تَعْلُوا എന്നത്. ഈ ക്രിയ അകർമകക്രിയ(لازم)യായും, സകർമകക്രിയ(متعدى)യായും ഉപയോഗിക്കപ്പെടും. അകർമകക്രിയയായി വരുമ്പോൾ, അതോട് ബന്ധപ്പെട്ടു നിൽക്കുന്ന അവ്യയങ്ങളുടെ തോതനുസരിച്ച് ഉയർന്നു, പൊന്തി, ഗർവ്വ് കാണിച്ചു, മേന്മ നടിച്ചു, ഔന്നത്യം നടിച്ചു മേലെയായി, പ്രത്യക്ഷപ്പെട്ടു (ارتفع ، استكبر ، تكبر ، تَجبَّر ، ظهر ، ونَحوَهَا) എന്നിങ്ങിനെയുള്ള അർത്ഥങ്ങളാണ് അതിനുണ്ടാവുക. സകർമകക്രിയ യാകുമ്പോൾ-അഥവാ നേർക്കുനേരെയുള്ള കർമം(المفعول به) ഉണ്ടാകുമ്പോൾ മാത്രമേ കീഴൊതുങ്ങി, ജയിച്ചടക്കി, കീഴൊതുക്കി, കയറി, വെട്ടി എന്നൊക്കെയുള്ള അർത്ഥങ്ങൾ അതിനുണ്ടാവുകയുള്ളൂ. നിഘണ്ടുക്കളിൽ കാണാവുന്ന ചില ഉദാഹരണങ്ങൾ നോക്കുക:

'അലാ' അകർമക ക്രിയയാകുമ്പോൾ (علا اللازم)

1. علا النهار : ارتفع = പകൽ (സൂര്യൻ): ഉയർന്നു
2. علا فى الارض : تجبر وتكبر = ഭൂമിയിൽ: ഗർവ്വ് കാട്ടി, പൊങ്ങച്ചം നടിച്ചു
3. علا بعضهم على بعض : تكبر = ചിലർ ചിലരോട്: അഹംഭാവം നടിച്ചു
4. علا فى المكارم : شرف = ഉൽകൃഷ്ട സ്വഭാവത്തിൽ: ഉയർന്നു, യോഗ്യനായി

(*) ആഫ്രിക്കയിലെ ഒരു സ്കൂൾ കുട്ടിയെപ്പറ്റി പ്രസിദ്ധീകരിക്കപ്പെട്ട വാർത്ത ഒരു നിലക്ക് ഇതിലേറെ ആശ്ചര്യകരമാണ്: ഭൂമിക്കടിയിൽ കിടപ്പുള്ള പല വസ്തുക്കളും ആ കുട്ടിക്ക് സ്വന്തം കണ്ണുകൾകൊണ്ട് കാണാമായിരുന്നുവത്രെ. ഇന്ന സ്ഥലത്ത് എണ്ണയുണ്ട്, വെള്ളമുണ്ട്, സ്വർണമുണ്ട്, കൽക്കരിയുണ്ട് എന്നൊക്കെ അവൻ കുറേനേരം നോക്കിയാൽ അറിയാമായിരുന്നു. വെള്ളത്തെപ്പറ്റി അവൻ സൗജന്യമായി പറഞ്ഞുകൊടുക്കും. മറ്റുള്ളവയെക്കുറിച്ചു പറയണമെങ്കിൽ തക്ക പ്രതിഫലം തന്നെ അവന് ലഭിക്കണം. ഇതായിരുന്നു കുട്ടിയുടെ നില. (എ.ആർ.പി. നിഘണ്ടു: 3-ാം പതിപ്പ്, പേ. 1518 നോക്കുക) മൂന്ന് ദിവസത്തെ യാത്രാദൂരത്തിൽ സ്ഥിതിചെയ്യുന്ന വസ്തുക്കളെ തിരിച്ചറിയുമാറ് കണ്ണിന് മൂർച്ച (കാഴ്ച ശക്തി)യുള്ള ഒരു സ്ത്രീയുടെ പേർ അറബി സാഹിത്യങ്ങളിൽ പ്രസിദ്ധമാണ്. സർകാഉൽ യമാമഃ (زرقاء اليمامة)

'അലാ' സകർമക ക്രിയയാകുമ്പോൾ (علا المتعدى)

5. علا الرجال : قهره وغلبه = പുരുഷനെ: കീഴ്പെടുത്തി, ജയിച്ചടക്കി

6. علا بالسيف :ضربه به = അവനെ വാളുകൊണ്ട്: വെട്ടി

7. علا الجبل : صعده = മല: കയറി

8. علا الدابة : ركبها = മൃഗത്തെ: സവാരി ചെയ്തു (പുറത്തുകയറി)

ഈ ആയത്തിലാകട്ടെ, കർമമില്ലാത്ത രൂപത്തിലാണ് ഈ ക്രിയ വന്നിട്ടുള്ളത്. തൊട്ടുനിൽക്കുന്ന അവ്യയം 3-ാം ഉദാഹരണത്തിലുള്ളത് പോലെ عَلَى എന്നുമാകുന്നു. അപ്പോൾ അതിന് കീഴ്പെടുത്തുക എന്നർത്ഥം വരികയില്ല. ഔന്നിത്യം നടിക്കുക, അഹംഭാവം കാണിക്കുക എന്നിങ്ങിനെയാണ് അർത്ഥമാകുക. കീഴ്പെടുത്തുക എന്ന് അർത്ഥം വരണമെങ്കിൽ 5-ാം ഉദാഹരണത്തിലേത് പോലെയുള്ള കർമം ഉണ്ടായിരിക്കണം.

ആ ആയത്തിലെ 2-ാം വാക്യത്തിന് ഇവർ കൊടുത്ത അർത്ഥത്തിലും സ്വല്പം ആലോചിക്കേണ്ടതുണ്ട്. وَأْتُونِي مُسْلِمِينَ എന്ന വാക്യത്തിന് '(എനിക്ക്) കീഴൊതുങ്ങിയും കൊണ്ട് എന്റെ അടുക്കലേക്ക് വരിക' എന്നാണല്ലോ ഇവർ അർത്ഥം കൊടുത്തത്. ഇതിൽ 'എനിക്ക്' എന്ന് ചേർത്തത് താല്പര്യപൂർവ്വം ചെയ്തതാണ്. മുസ്‌ലിമീൻ (مُسْلِمِينَ) എന്ന വാക്കിനാണ് 'കീഴൊതുങ്ങിയും കൊണ്ട്' എന്ന് അർത്ഥം കൊടുക്കുന്നത്. സുലൈമാൻ നബി(അ)ക്ക് കീഴൊതുങ്ങിക്കൊണ്ട് എന്നോ, അല്ലാഹുവിന് കീഴൊതുങ്ങിക്കൊണ്ട് എന്നോ ആയത്തിൽ വ്യക്തമാക്കിയിട്ടില്ല. അപ്പോൾ, രണ്ടുതരത്തിലും അതിനെ വ്യാഖ്യാനിക്കാമെന്ന് വരാം. രണ്ടിലൊന്ന് നിർണയിക്കുവാൻ എന്തെങ്കിലും തെളിവ് വേണം. മുസ്‌ലിമിന്റെ ബഹുവചനമാണ് മുസ്‌ലിമീൻ എന്ന വാക്ക്. ഈ വാക്ക് സാധാരണമായി ക്വുർആനിലും ഹദീഥിലുമെല്ലാം നിരുപാധികമായി ഉപയോഗിച്ചുവരുന്നത് അല്ലാഹുവിന് കീഴൊതുങ്ങിയവർ-അഥവാ ഇസ്‌ലാമിനെ അംഗീകരിച്ചവർ - എന്ന അർത്ഥത്തിലാണ് هو سمكم المسلمين(അവൻ - അല്ലാഹു - നിങ്ങൾക്ക് മുസ്‌ലിംകൾ എന്ന പേർ വെച്ചിരിക്കുന്നു) എന്ന് ക്വുർആനിൽ അല്ലാഹു തന്നെ പ്രസ്താവിച്ചതാണ്. ഈ ആയത്തിലും അതേഅർത്ഥത്തിലാണുള്ളതെന്ന് ഇതേ സംഭവത്തെക്കുറിച്ച് പ്രസ്താവിക്കുന്ന ഒടുവിലത്തെ ആയത്ത് (44-ാം വചനം) കാണിച്ചു തരുന്നു. ബിൽക്വീസ് സുലൈമാൻ നബി(അ)യുടെ അടുക്കൽ വന്ന് സത്യവിശ്വാസം സ്വീകരിച്ചു മുസ്‌ലിമായതിനെക്കുറിച്ച് അവളുടെ പ്രസ്താവനയാണ് അതിലുള്ളത്. അതിലെ വാചകം ഇതാണ്: قَالَتْ رَبِّ إِنِّي ظَلَمْتُ نَفْسِي وَأَسْلَمْتُ مَعَ سُلَيْمَانَ لِلَّهِ رَبِّ الْعَالَمِينَ (അവൾ പറഞ്ഞു: റബ്ബേ! ഞാൻ എന്നോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. ഞാൻ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴൊതുങ്ങുകയും ചെയ്തിരിക്കുന്നു) സുലൈമാൻ (അ) അവൾക്കയച്ചിരുന്ന കത്തിൽ മുസ്‌ലിമായും കൊണ്ട് വരണം എന്ന് ആവശ്യപ്പെട്ടതിന്റെ താൽപര്യം ഇതാണെന്ന് ഈ വാക്യത്തിൽ നിന്നും സ്പഷ്ടമായല്ലോ. അല്ലാത്ത പക്ഷം ഞാൻ സുലൈമാന്ന് കീഴൊതുങ്ങി എന്നായിരുന്നു അവൾ പറയേണ്ടിയിരുന്നത്. മനസ്സാക്ഷിയോടെ ആലോചിച്ചു നോക്കുക. (കൂടുതൽ വിവരം യഥാസ്ഥലത്ത് വെച്ച് നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്)

ചുരുക്കത്തിൽ, ബിൽക്വീസ് ഒരു യുദ്ധത്തിന് പ്ലാനിട്ട വിവരം അറിഞ്ഞിട്ടാണ് സുലൈമാൻ നബി(അ) പട്ടാളസമേതം മാർച്ച് ചെയ്തതെന്ന് നിശ്ചയിക്കുവാൻ യാതൊരു തെളിവും ആയത്തിലില്ല. അവളെ ഇസ്‌ലാമിലേക്ക് -തൗഹീദിലേക്ക് -ക്ഷണിച്ചുകൊണ്ടും, തന്റെ ഇസ്‌ലാമിക രാഷ്ട്രത്തോട് അഹങ്കാരവും, ഔന്നത്യവും പ്രദർശിപ്പിക്കുവാൻ ശ്രമിക്കരുതെന്ന് സബഉകാരെ താക്കീത് ചെയ്തുകൊണ്ടുമായിരുന്നു അദ്ദേഹം കത്തയച്ചത്. അഥവാ, മുസ്‌ലിമാവണം, ഇല്ലെങ്കിൽ യുദ്ധം ചെയ്യും എന്നുള്ള ഒരു ഭീഷണിയായിരുന്നില്ല. ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള ഇത്തരം ക്ഷണങ്ങൾ പ്രവാചകൻമാരുടെ ദൗത്യനിർവ്വഹണത്തിൽപെട്ടതാണ് താനും. നബിപല രാജാക്കൾക്കും, നാടുവാഴികൾക്കും ഇങ്ങിനെ കത്തുകളയച്ചത് പ്രസിദ്ധമാണ്.

ബിൽക്വീസ് രാജ്ഞി ഒരു യുദ്ധത്തിന് വട്ടം കൂട്ടുന്നുണ്ടെന്ന് കേട്ടു പുറപ്പെട്ടതായിരുന്നില്ല സുലൈമാൻ നബി(അ) എന്നാണ് ക്വുർആനിൽ നിന്ന് മനസ്സിലാകുന്നത്. അത്രയുമല്ല, ക്വുർആന്റെ പല പ്രസ്താവനകളും കാണുമ്പോൾ, സബഉ് രാഷ്ട്രത്തിന്റെ സ്ഥിതിഗതികളെക്കുറിച്ച് അധിക വിവരമൊന്നും സുലൈമാൻ നബിക്ക് മുമ്പ് സിദ്ധിച്ചിരുന്നില്ലെന്നും, ഹുദ്ഹുദിന്റെ (മരക്കൊത്തിയുടെ -ഇവരുടെ അഭിപ്രായപ്രകാരം ഹുദ്ഹുദ് എന്ന ഉദ്യോഗസ്ഥന്റെ) പ്രസ്താവന മുതൽക്കാണ് ആ വിവരം ലഭിച്ചു തുടങ്ങിയതെന്നും കരുതുവാനാണ് ന്യായമുള്ളത്. സബഇനെപ്പറ്റി ഹുദ്ഹുദ് ആദ്യമായി പറഞ്ഞത് أَحَطتُ بِمَا لَمۡ تُحِطۡ بِهِۦ (അങ്ങ് സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ സൂക്ഷ്മമായി അറിഞ്ഞിരിക്കുന്നു) എന്നാകുന്നു. തുടർന്ന് പറഞ്ഞ വിവരമൊന്നും അതിന് മുമ്പ് അദ്ദേഹം അറിഞ്ഞിരുന്നില്ലെന്നാണല്ലോ ഈ വാക്ക് കാണിക്കുന്നത് وَجِئۡتُكَ مِن سَبَإِۭ بِنَبَإٖ يَقِينٍ (സബഇൽ നിന്ന് ദൃഢമായ ഒരു വർത്തമാനവും കൊണ്ട് ഞാൻ അങ്ങയുടെ അടുക്കൽ വന്നിരിക്കുകയാണ്) എന്നത്രെ അടുത്ത വാക്യം. ഇതിൽ 'ഒരു വർത്തമാനം' (نَبَأٍ) എന്ന പ്രയോഗത്തിൽ നിന്ന് ആ വിവരം മുമ്പ് സുലൈമാൻ നബി(അ)ക്ക് അറിയാത്തതാണെന്നും, അദ്ദേഹം ആ വർത്തമാനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നില്ലെന്നും വരുന്നു. ദൃഢമായ (يَقِينٍ) എന്ന വിശേഷണം, തന്റെ പ്രസ്താവനയിൽ സംശയത്തിനവകാശമില്ലെന്ന് ബോധ്യപ്പെടുത്തുവാൻ വേണ്ടിയാണ്. അദ്ദേഹം ഏറെക്കുറെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന, അല്ലെങ്കിൽ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒരു വർത്തമാനമായിരുന്നു അതെങ്കിൽ, بِالنبإاليقين (ദൃഢമായ വർത്തമാനവുംകൊണ്ട്)എന്നായിരുന്നു പറയേണ്ടത്. (അഥവാ ال ചേർത്തു معرفة ആക്കുമായിരുന്നു.) ഇങ്ങിനെയൊക്കെയാണ് അറബി ഭാഷ പ്രയോഗ സമ്പ്രദായം.

ഈ മുഖവുര കഴിഞ്ഞ ശേഷം, സുലൈമാൻ നബി(അ)ക്ക് അജ്ഞാതമായിരുന്ന ആ വർത്തമാനം ഹുദ്ഹുദ് ഇങ്ങിനെ വിവരിക്കുന്നു: إِنِّي وَجَدتُّ ٱمۡرَأَةٗ تَمۡلِكُهُمۡ(അവരെ ഭരിച്ചു വരുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു) ഒരു സ്ത്രീ എന്ന പ്രയോഗത്തിൽ നിന്ന് മനസ്സിലാക്കേണ്ടത് സബഉ് രാഷ്ട്രത്തിന്റെ ആധിപത്യം വഹിക്കുന്ന ആൾ ഒരു സ്ത്രീയാണെന്ന് സുലൈമാൻ (അ) ഇപ്പോൾ നടാടെ അറിയുകയാണെന്നാകുന്നു. അല്ലായിരുന്നുവെങ്കിൽ അവരെ ഭരിച്ചുവരുന്ന സ്ത്രീയെ ഞാൻ കണ്ടു എന്നാണല്ലോ പറയേണ്ടത്. (امرأة എന്നതിനെ معرفة ആകുമായിരുന്നു എന്ന് സാരം)അനന്തരം അവൾക്ക് വേണ്ടതെല്ലാം നൽകപ്പെട്ടിട്ടുണ്ട്. അവൾക്ക് വമ്പിച്ച ഒരു സിംഹാസനവുമുണ്ട്, അവളും ജനതയും സൂര്യാരാധകൻമാരാണ്, എന്നിങ്ങിനെയുള്ള വിവരങ്ങൾ അത് പറയുന്നു. (23 – 26 നോക്കുക) ഇപ്പറഞ്ഞതെല്ലാം സുലൈമാൻ നബി(അ)ക്ക് ഇതിനുമുമ്പ് ശരിക്കറിയാത്ത ആ

'വർത്തമാനത്തി'ന്റെ വിശദീകരണമാണല്ലോ. ഇതിൽ എവിടെയെങ്കിലും ഒരു യുദ്ധഭീഷണിയുടെയോ, യുദ്ധസന്നാഹത്തിന്റെയോ സൂചനപോലും കാണപ്പെടുന്നില്ല. ഈ വാർത്ത ലഭിക്കുന്നതിന് മുമ്പ് സുലൈമാൻ (അ) സബഇനെക്കുറിച്ച് വല്ല അന്വേഷണവും നടത്തിയതായും ക്വുർആൻ സൂചിപ്പിച്ചിട്ടില്ല. ഇപ്പോഴാകട്ടെ, മരക്കൊത്തിയിൽ നിന്ന് കേട്ടവിവരം – സബഇനെ ഭരിക്കുന്നത് ഒരു സ്ത്രീയാണെന്ന് തുടങ്ങിയ വാർത്തകൾ – സത്യമോ അസത്യമോ എന്ന് ഞാൻ പരീക്ഷിച്ചു നോക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് അതിന്റെ വശം തന്നെ അദ്ദേഹം ഒരെഴുത്ത് കൊടുത്തയക്കുകയാണ് ചെയ്യുന്നത്. (27-ാം വചനം നോക്കുക) ഹുദ് ഹുദ് പ്രസ്താവിച്ച അത്രയും കാര്യങ്ങളെങ്കിലും സബഇനെപ്പറ്റി അദ്ദേഹത്തിന് മുമ്പ് അറിയുമായിരുന്നുവെങ്കിൽ ഈ പരിശോധനക്ക് എന്താണർത്ഥം?!

പ്രസ്തുത കത്തിലെ വാചകമാണ് 31-ാം വചനത്തിലുള്ളത്. അതാകട്ടെ, ഇസ്‌ലാമിലേക്കുള്ള ക്ഷണവും. കത്തുവായിച്ചപ്പോൾ അതയച്ച സുലൈമാൻ നബി(അ) ഒരു സാധാരണമട്ടിലുള്ള രാജാവോ, അതല്ല പ്രവാചകനോ എന്നൊന്നും ബിൽക്വീസിന് മനസ്സിലായില്ല. അതിനാൽ കത്തിനെത്തുടർന്ന് എന്ത് ചെയ്യണമെന്നറിയാതെ രാജ്ഞി വിഷമിച്ചു. അങ്ങനെയാണ് വിഷയം കാര്യാലോചന സഭയുടെ മുമ്പിൽ ചർച്ചക്ക് വെച്ചത്. വേണ്ടിവന്നാൽ നമുക്കൊരു യുദ്ധത്തിനാവശ്യമായ ശക്തിയുണ്ടെന്നും രാജ്ഞിയുടെ യുക്തംപോലെ ചെയ്യാമെന്നും സഭക്കാർ മറുപടിയും പറഞ്ഞു. യുദ്ധത്തിന് ഇടയാക്കുന്നത് നാട്ടിന് ദോഷം ചെയ്യുമെന്ന കാരണത്താൽ, കുറെ സമ്മാനവുംകൊണ്ട് ഈ കത്തയച്ച സുലൈമാന്റെ അടുക്കലേക്ക് ആളയച്ചു നോക്കാമെന്നും, അതിന്റെ പ്രതികരണം അറിഞ്ഞുവേണ്ടത് ചെയ്യാമെന്നുമാണ് ഒടുക്കം തീരുമാനിച്ചത്. ഈ ചർച്ചയിൽ സഭാംഗങ്ങൾ നേരിയ ഒരു യുദ്ധധ്വനി പുറപ്പെടുവിക്കുകയുണ്ടായെങ്കിലും, അത് രാജ്ഞിയും അവരും തമ്മിൽ നടന്ന സംഭാഷണത്തിൽ മാത്രമായിരുന്നുവെന്നും, സുലൈമാൻ നബി(അ)യുടെ എഴുത്ത് കിട്ടിയ ശേഷമായിരുന്നു അതെന്നും പറയേണ്ടതില്ല. ഇത്രയും സംഭവങ്ങൾ വിവരിക്കുന്നതിനിടക്ക് എവിടെയെങ്കിലും ഇവരുടെ വാദത്തിന് – സബഉകാർ യുദ്ധത്തിനൊരുങ്ങുന്നുണ്ടെന്ന് അറിഞ്ഞതുകൊണ്ട് സുലൈമാൻ (അ)അങ്ങോട്ട് യുദ്ധത്തിന് പുറപ്പെട്ടതാണ് എന്നുള്ളതിന്-ഒരു നേരിയ സൂചന പോലും ക്വുർആൻ നൽകുന്നില്ല. ഇതിനെതിരിൽ പലതും നാം കാണുകയും ചെയ്തു. സബഉകാർക്ക് ഇതിന് മുമ്പ് സുലൈമാൻ നബി(അ)യോട് വല്ല അസൂയയും പിടിപെട്ടിട്ടുണ്ടായിരുന്നുവെങ്കിൽ, അവരുടെ സ്വകാര്യ ചർച്ചാവേളയിൽ ഒരു വാക്കെങ്കിലും അതിനെപ്പറ്റി കേൾക്കേണ്ടിയിരുന്നു. അതുമില്ല. സുലൈമാൻ നബി(അ)യുടെ രാഷ്ട്രത്തിന്റെ സ്വഭാവത്തെപ്പറ്റി അവർക്ക് കാര്യമായ വിവരമൊന്നും ഉണ്ടായിരുന്നില്ല എന്നാണ് അവരുടെ സംഭാഷണവും തെളിയിക്കുന്നത് (29-34 വചനങ്ങൾ വായിച്ചു നോക്കുക)

എങ്ങിനെയോ അറിഞ്ഞപ്പോൾ എന്ന് പറഞ്ഞതിൽ വമ്പിച്ച ഒരബദ്ധം ഇവർക്ക് പിണഞ്ഞിട്ടുള്ളത് ഇവർ ഗൗനിച്ചിട്ടില്ലെന്ന് തോന്നുന്നു. കാരണം : ഇവരുടെ വാദപ്രകാരം, ഹുദ്ഹുദ് എന്നുപേരുള്ള സ്വകാര്യവകുപ്പിലെ തലവൻ നേരിൽ തന്നെ യമനിൽപോയി അവിടത്തെ വർത്തമാനങ്ങൾ ഗൂഢമായി അറിഞ്ഞു വന്നിരിക്കയാണല്ലോ. അപ്പോൾ പിന്നെ എങ്ങിനെയോ അറിഞ്ഞപ്പോൾ എന്ന വാക്കിന് സ്ഥാനമില്ല ഇതേ ഉദ്യോഗസ്ഥന്റെ (ഹുദ്ഹുദിന്റെ)പക്കൽ തന്നെയാണ് നീ പറഞ്ഞത് സത്യമോ കളവോ എന്ന് പരിശോധിക്കുവാൻ സുലൈമാൻ നബി (അ) ബിൽക്വീസിന് കത്ത് കൊടുത്തയക്കുന്നതും ! ഒരു മരക്കൊത്തിയിലുള്ള അത്ര വിശ്വാസവും ഈ പട്ടാളത്തലവനിൽ സുലൈമാൻ നബി (അ)ക്കില്ലെന്നോ ?! ബുദ്ധിയുള്ളവർ ആലോചിച്ചുനോക്കുക ! കഥ കെട്ടുന്നതിനും വേണ്ടേ ഒരതിര് ?!

കത്ത് കൊണ്ടുപോയത് മരക്കൊത്തിയല്ല-പട്ടാള ഉദ്യോഗസ്ഥനാണ് - എന്ന വാദം ശരിയല്ലെന്ന് നാം ഇത്വരെ സംസാരിച്ചതിൽ നിന്ന് തന്നെ ധാരാളം വ്യക്തമായിട്ടുണ്ട്. കത്തിനെപ്പറ്റി സുലൈമാൻ നബി(അ)യും ബിൽക്വീസും പ്രസ്താവിച്ച ചിലവാക്കുകളും കൂടി പരിശോധിക്കുന്നത് നന്നായിരിക്കും. സുലൈമാൻ(അ) കത്ത് കൊടുത്തയച്ചപ്പോൾ, അത് കൊടുത്തേൽപിച്ച ആളോട് പറഞ്ഞത് اذْهَب بِّكِتَابِي هَٰذَا فَأَلْقِهْ إِلَيْهِمْ ثُمَّ تَوَلَّ عَنْهُمْ فَانظُرْ مَاذَا يَرْجِعُونَ എന്നാണ്. എന്റെ ഈ എഴുത്തും കൊണ്ടു പോകുക, എന്നിട്ട് അതവർക്ക് ഇട്ടുകൊടുക്കുക, പിന്നെ നീ അവരിൽ നിന്ന് മാറി നിന്ന് അവർ എന്ത് മറുപടി പറയുന്നുവെന്ന് നോക്കുക എന്നാണിതിന്റെ അർത്ഥം. ഇവിടെ ഇട്ടുകൊടുക്കുക എന്ന് അർത്ഥം പറഞ്ഞത് اَلْقِ (അൽകി) എന്ന ആജ്ഞക്രിയക്കാണ്. ഇതിന് സന്ദർഭമനുസരിച്ച് മലയാള വിവർത്തനം ചെയ്യുമ്പോൾ പല അർത്ഥവും പറയാമെങ്കിലും, സാക്ഷാൽ അർത്ഥം 'ഇടുക' (اطرح) എന്നത്രെ. ക്വുർആനിൽ വളരെ സ്ഥലങ്ങളിൽ ഇതേ അർത്ഥത്തിൽ ആ ക്രിയയുടെ വിവിധ രൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഒരു മനുഷ്യനോട് കത്ത് കൊടുക്കുവാൻ ഏൽപ്പിക്കുമ്പോഴും ഈ വാക്ക് ഉപയോഗിക്കുന്നതിന് വിരോധമില്ലെങ്കിലും ബാഹ്യത്തിൽ ആ പ്രയോഗം കാണിക്കുന്നതും കത്ത് കൊണ്ടുപോകുന്ന ദൂതൻ മനുഷ്യനല്ല-മരക്കൊത്തിയാണ്-എന്നാകുന്നു. പിന്നീടവരിൽ നിന്ന് മാറിനിൽക്കുക (ثُمَّ تَوَلَّ عَنْهُمْ ف) എന്നും എന്നിട്ട് അവരെന്ത് മറുപടി പറയുന്നുവെന്ന് നോക്കുക (فَانظُرْ مَاذَا يَرْجِعُونَ) എന്നുമുള്ള കൽപനയും ഇത് തന്നെയാണ് കാണിക്കുന്നത്. ഇവർ പറയും പോലെ അതൊരു രാജകീയ ദൂതനായിരുന്നുവെങ്കിൽ മാറിനിൽക്കുവാൻ പറയുന്നതെന്തിനാണ്?! അതെ, കത്തുകൊണ്ടുപോയ മരക്കൊത്തി കത്ത് എങ്ങിനെയോ രാജ്ഞിക്ക് ഇട്ടുകൊടുത്തതിന് ശേഷം അവരറിയാതെ ഒരിടത്ത് മാറിനിന്നു അവിടെ നടക്കുന്ന സംസാരങ്ങളും പ്രതികരണങ്ങളും മനസ്സിലാക്കുവാനാണ് അദ്ദേഹം പറഞ്ഞത്. കത്ത് കിട്ടിയ ശേഷം അവിടെ നടന്ന സംഗതികളും സംസാരങ്ങളും മരക്കൊത്തി ഗൂഢമായി മനസ്സിലാക്കുകയും, തിരിച്ചുവന്നു അതെല്ലാം യജമാനനെ അറിയിക്കുകയും ചെയ്തിരിക്കുമെന്ന് തീർച്ചയാണ്. കാരണം: ഇതിനെപ്പറ്റി ക്വുർആൻ ഒന്നും പ്രസ്താവിച്ചിട്ടില്ലെങ്കിലും യജമാനന്റെ കൽപന അതനുസരിക്കാതിരിക്കുവാൻ വഴിയില്ലല്ലോ. ബിൽക്വീസും കൂട്ടുകാരും തന്റെയടുക്കൽ മുസ്‌ലിംകളായികൊണ്ട് വരുമെന്ന് സുലൈമാൻ നബി(അ)ക്ക് മുൻകൂട്ടിത്തന്നെ അറിവുണ്ടായിരുന്നുവെന്ന് 38-ാം വചനത്തിൽ കാണുന്ന സൂചനയും ഇവിടെ ശ്രദ്ധേയമാണ്. കത്തുമായി പോയത് ഒരു മനുഷ്യനാണെങ്കിൽ, ആ കത്തിനെക്കുറിച്ച് രാജ്ഞിയും, രാജ്ഞിയുടെ ആൾക്കാരും തമ്മിൽ നടക്കുന്ന സ്വകാര്യ ചർച്ചകളും മറ്റും കേൾക്കുവാൻ അവർ അയാളെ അനുവദിക്കുമോ?!

കത്ത് കൊണ്ടുചെന്നത് ഒരു ഔദ്യോഗിക മനുഷ്യനായിരുന്നില്ല എന്ന് തന്നെയാണ് ബിൽക്വീസിന്റെ വാക്കും കാണിക്കുന്നത്. എനിക്ക് മാന്യമായ ഒരു കത്ത് ഇട്ടുതരപ്പെട്ടിരിക്കുന്നു (أُلْقِيَ إِلَيَّ كِتَاب)എന്നാണവൾ അതിനെക്കുറിച്ച് പറഞ്ഞത്. ആരാണ് അത് കൊണ്ടുവന്നത് എന്നും, എങ്ങിനെയാണവിടെ എത്തിയതെന്നും അറിയാത്തത് കൊണ്ടായിരിക്കണം കർത്താവറിയാത്ത രൂപത്തിൽ (مجهول ആയികൊണ്ട്) ഇട്ടുതരപ്പെട്ടു എന്ന് പറയുന്നത്. ഏതായലും, ആ കത്ത് ഒരു മാന്യസ്ഥാനത്തുനിന്നുള്ളതും, അധികൃതമായിട്ടുള്ളതുമാണെന്ന് അവൾക്ക് ബോധ്യമായിരുന്നു. അതുകൊണ്ടാണവൾ കത്തിന് മാന്യമായ എന്ന് വിശേഷിപ്പിച്ചത് الله اعلم

ബിൽക്വീസിന്റെ സമ്മാനം സുലൈമാൻ

നബി (അ) സ്വീകരിച്ചുവോ?

മരക്കൊത്തിയുടെ ആദ്യത്തെ പ്രസ്താവനയിൽ നിന്ന് സബഉ് രാഷ്ട്രത്തിന്റെ സ്വഭാവം സുലൈമാൻ (അ) ഏതാണ്ടൊക്കെ മനസ്സിലാക്കിയിട്ടുണ്ട്. പിന്നീട്, കത്ത് കൊണ്ടുപോയപ്പോൾ അദ്ദേഹം ആജ്ഞാപിച്ച പ്രകാരം അതിനുശേഷമുണ്ടായ സ്ഥിതിഗതികൾ മടങ്ങിവന്നശേഷം മരക്കൊത്തി അറിയിക്കുകയും ചെയ്തിരിക്കും. ഈ രണ്ടാമത്തെ വാർത്തയിൽ നിന്ന് ε (ഭിവന്നാൽ യുദ്ധം ചെയ്വാൻ സബഉകാർക്കുള്ള സന്നദ്ധതയും, ഒരു ദൗത്യ സംഘത്തെ പരീക്ഷണാർത്ഥം അയക്കാമെന്ന തീരുമാനവും സുലൈമാൻ (അ) മനസ്സിലാക്കിയിരിക്കുക സ്വാഭാവികമാണ്. എനി, സമ്മാനവുംകൊണ്ട് രാജ്ഞിയുടെ ആൾക്കാർ വരുമ്പോൾ അദ്ദേഹം എന്ത് നയം സ്വീകരിക്കണം ? സമ്മാനം സ്വീകരിക്കുകയും, ദൂതൻമാരെ ആദരിക്കുകയും, സബഉ് രാഷ്ട്രത്തോട് സൗഹാർദ്ദം രേഖപ്പെടുത്തുകയും ചെയ്യുന്നപക്ഷം അത് ഒരു തരത്തിൽ അദ്ദേഹത്തിന്റെ ദൗർബല്യമാണ്. അതിന് പുറമെ, അദ്ദേഹം അയച്ച കത്തിന്റെ താൽപര്യത്തിന് യോജിക്കുന്നതുമല്ല. സമ്മാനം വാങ്ങിവെക്കുന്നതോടൊപ്പം അവരോട് കീഴൊതുങ്ങിവരണമെന്ന് നിർബന്ധിക്കുന്ന പക്ഷം അത് മര്യാദയുമല്ല. അദ്ദേഹം ധനമോഹിയായ ഒരു രാജാവല്ല. നീതിമാനായ രാജാവും ഒരു പ്രവാചകവര്യനുകൂടിയാകുന്നു. മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത വമ്പിച്ച അനുഗ്രഹങ്ങളാൽ അനുഗൃഹീതനുമാണ്. എന്നിരിക്കെ, താൻ ഇസ്ലാമിലേക്ക് ക്ഷണിച്ചപ്പോൾ, സ്വന്തം ശക്തിയിൽ അഭിമാനം കൊള്ളുകയും, തന്നെ പരീക്ഷിക്കുവാനും, വശപ്പെടുത്തുവാനും ശ്രമം നടത്തുകയും ചെയ്യുന്ന ഒരു രാജ്ഞിയുടെ പാരിതോഷികങ്ങൾ സ്വീകരിക്കാതെ മടക്കി അയക്കുകയാണ് അദ്ദേഹത്തിന്റെ മാനത്തിനും, സ്ഥാനത്തിനും യോജിച്ചത്. അത് തന്നെയാണ് അദ്ദേഹം ചെയ്തതും. 36 ഉം 37 ഉം വചനങ്ങൾ നോക്കുക.

നമ്മുടെ പുത്തൻ വ്യാഖ്യാനക്കാർ, തങ്ങളുടെ പുത്തൻ അഭിപ്രായങ്ങൾക്ക് കളമൊരുക്കുന്ന കൂട്ടത്തിൽ, ബിൽഖീസ് കൊടുത്തയച്ച സമ്മാനങ്ങളെ സുലൈമാൻ (അ)സ്വീകരിച്ചിട്ടുണ്ടെന്നാണ് സമർത്ഥിച്ചുകാണുന്നത്. ഖുർആന്റെ പ്രസ്താവനകൾക്ക് ഒട്ടും നിരക്കാത്തതും, എല്ലാ ഖുർആൻ വ്യാഖ്യാതാക്കൾക്കും, എതിരായിട്ടുള്ളതുമായ ഈ വാദത്തിന് ഇവർ മുതിർന്നതിന്റെ രഹസ്യം നമുക്ക് വഴിയെ മനസ്സിലാക്കാം. ആ സമ്മാനം അദ്ദേഹം സ്വീകരിക്കാതെ മടക്കി അയച്ചുവെന്ന് തുറന്ന ഭാഷയിൽ ഖുർആൻ പ്രസ്താവിച്ചിട്ടില്ല എന്നത് ശരിതന്നെ. പക്ഷേ 36, 37 വചനങ്ങൾ നിഷ്കളങ്ക ഹൃദയത്തോടെ വായിക്കുന്ന ഏതൊരുവന്നും അദ്ദേഹം ആ സമ്മാനം സ്വീകരിച്ചിട്ടില്ല എന്നേ മനസ്സിലാകുകയുള്ളൂ. സമ്മാനം കൊണ്ടുവന്നവനോട് അദ്ദേഹം പറഞ്ഞ ഓരോ വാക്യവും ഇതിനു തെളിവാണ്.

ആ വാക്യങ്ങൾ നോക്കുക 1. أَتُمِدُّونَنِ بِمَالٍ(നിങ്ങൾ എന്നെ ധനംകൊണ്ട് സഹായിക്കുകയോ ?!) 2. فَمَا آتَانِيَ اللَّهُ خَيْرٌ مِمَّا آتَاكُمْ (എന്നാൽ അല്ലാഹു എനിക്ക് നൽകിയിട്ടുള്ളത് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിനെക്കാൾ ഉത്തമമായതാണ്, 3. بَلْ أَنْتُمْ بِهَدِيَّتِكُمْ تَفْرَحُونَ (പക്ഷേ, നിങ്ങൾ നിങ്ങളുടെ സമ്മാനം മൂലം സന്തോഷമടയുന്നു) 4. ارْجِعْ إِلَيْهِمْ (നീ അവരുടെ -നിന്നെ അയച്ചവരുടെ-അടുക്കലേക്ക് മടങ്ങിക്കൊള്ളുക) 5. فَلَنَأْتِيَنَّهُمْ بِجُنُودٍ لَا قِبَلَ لَهُمْ (അവർക്ക് നേരിടുവാൻ കഴിയാത്ത സൈന്യ

ങ്ങളുമായി നാം അവരുടെ അടുക്കൽ വരുന്നതാണ്)
6. وَلَنُخْرِجَنَّهُم مِّنْهَا أَذِلَّةً وَهُمْ صَاغِرُونَ (നിസ്സാരന്മാരായ നിലയിലൽ നിന്ദ്യരായി കൊണ്ട് നാമവരെ അവിടെനിന്ന് പുറത്താക്കുക തന്നെ ചെയ്യും.) സമ്മാനം കൊണ്ടുവന്ന ദൂതരോട് സുലൈമാൻ (അ) പറഞ്ഞ വാക്യങ്ങളാണിവ. ഇതെല്ലാം പറഞ്ഞ – അല്ല, ഇതിൽ ഏതെങ്കിലും ഒരു വാക്ക് പറഞ്ഞ – സുലൈമാൻ നബി (അ) ആ സമ്മാനം വാങ്ങിവെച്ചുവെന്ന് പറയുവാൻ ഇക്കൂട്ടർക്കല്ലാതെ ആർക്കാണ് നാവോടുക?!

ഒരു രാഷ്ട്രത്തലവൻ കാഴ്ചവെച്ച സമ്മാനങ്ങളെല്ലാം സ്വീകരിച്ചു ഏറ്റുവാങ്ങിയ ശേഷം, അത് കൊണ്ടുവന്ന ദൂതനോട്: ഞാനിതാ യുദ്ധത്തിന് പുറപ്പെടുന്നു, നിങ്ങളെയെല്ലാം ഞാൻ നാട്ടിൽ നിന്ന് പുറത്താക്കും. എന്നൊക്കെ പറഞ്ഞയക്കുവാൻ ഒരു നെറികെട്ട രാജാവ് പോലും മുതിരുമെന്ന് തോന്നുന്നില്ല. ഇതാലോചിച്ചപ്പോൾ നമ്മുടെ കൂട്ടർക്കും ഒരു വല്ലായ്മ തോന്നിയിട്ടുണ്ടെന്ന് മനസ്സിലാകുന്നു. അത് കൊണ്ടായിരിക്കാം അവർ ഇങ്ങിനെ പറഞ്ഞു കാണുന്നത്: സുലൈമാൻ നബിയെ യുദ്ധം ചെയ്ത് കീഴടക്കുവാൻ പ്ലാനിട്ടവരാണവർ. രഹസ്യം പുറത്തായപ്പോൾ വശീകരിക്കാനായി ശ്രമം. അദ്ദേഹത്തിന്റെ കത്ത് കിട്ടിയപ്പോഴാണ് അദ്ദേഹത്തിന്റെ യഥാർത്ഥ നില മനസ്സിലായത്. അപ്പോഴാണ് സമ്മാനവുംകൊണ്ട് ആളയച്ചത്. ആ സമ്മാനങ്ങൾ വാങ്ങിവെച്ചു അവരെ വെറുതെയങ്ങ് വിട്ടയക്കുവാൻ പാടുണ്ടോ ? ഇല്ല. അത്തരക്കാരെ ഒതുക്കി നിറുത്തുക തന്നെ വേണം. അത് കൊണ്ടാണ് സമ്മാനം കൊണ്ടുവന്ന ദൂതനോട് ഇത്ര പരുഷമായ സ്വരത്തിൽ സംസാരിക്കുന്നത്. ഈ സമർത്ഥനം എത്രകണ്ട് യുക്തമാണെന്ന് ബുദ്ധിയുള്ളവർ ചിന്തിച്ചുനോക്കുക ! സമ്മാനം വാങ്ങിവെച്ചാൽ അതുകൊണ്ടുവന്നവരെ വെറുതെ വിടാൻ പാടില്ലെന്ന് നാമും പറയുന്നു. അതെ, അവരെ ആദരിക്കുകയും, അവർക്ക് വല്ല പാരിതോഷികവും കൊടുക്കുകയും അവരെ അയച്ച രാജാവിനെ താൽക്കാലികമായെങ്കിലും തൃപ്തിപ്പെടുത്തുകയും വേണ്ടതാണ്. അല്ലാതെ, കിട്ടിയതെല്ലാം വാങ്ങിവെച്ചു യുദ്ധത്തിനൊരുങ്ങുകയല്ല വേണ്ടത്.

بَلْ أَنتُم بِهَدِيَّتِكُمْ تَفْرَحُونَ (പക്ഷേ, നിങ്ങൾ നിങ്ങളുടെ സമ്മാനംകൊണ്ട് സന്തോഷംകൊള്ളുന്നു) എന്നാണല്ലോ സുലൈമാൻ (അ)ദൂതനോട് പറഞ്ഞ ഒരു വാചകം. ഇതിന്റെ താൽപര്യം എന്താണെന്ന് അതിന്റെ മുമ്പും പിമ്പുമുള്ള വാക്യങ്ങൾ നോക്കിയാൽ ആർക്കും വ്യക്തമാകും. നിങ്ങളുടെ സമ്മാനം എനിക്കാവശ്യമില്ല, എനിക്കതിൽ സന്തോഷവുമില്ല എന്നാണത് കാണിക്കുന്നത്. ഈ വാസ്തവം മൂടിവെക്കുവാനായി ഇക്കൂട്ടർ ആ വാചകത്തിന് കൽപിക്കുന്ന അർത്ഥം വളരെ വിചിത്രം തന്നെ ! നിങ്ങളുടെ സമ്മാനത്തിൽ (എനിക്കല്ല) നിങ്ങൾക്കാണ് വലിയ അഭിമാനമുള്ളത്. ചെരുപ്പിനൊപ്പിച്ച് കാൽ മുറിക്കുകയാണ് ഈ അർത്ഥം വഴി ഇവർ ചെയ്യുന്നത്. സുലൈമാൻ (അ) ആ സമ്മാനം സ്വീകരിച്ചിട്ടുണ്ടെന്നും, അതിൽ ഏറെക്കുറെ അഭിമാനം കൊണ്ടിട്ടുണ്ടെന്നും വരുത്തിത്തീർക്കുവാൻ ചെയ്ത വിദ്യയാണ് ഈ അർത്ഥത്തിൽ മുഴച്ചുകാണുന്നത് . ഇതിൽ എനിക്കല്ല എന്ന് ധ്വനിപ്പിച്ചതും, വലിയ എന്ന വിശേഷണം കൂട്ടിച്ചേർത്തതും തനി കുതന്ത്രമാണെന്ന് അറബിഭാഷ അറിയുന്നവർക്കറിയാം. ഇങ്ങിനെയുള്ള അതിസാമർത്ഥ്യങ്ങളെല്ലാം നടത്തി ഖുർആൻ ആയത്തുകളെ അന്യഥാ വ്യാഖ്യാനിക്കുവാൻ മുതിരുന്നതിനെക്കാൾ ഭേദം, ഇന്നിന്ന ആയത്തുകളിൽ പ്രസ്താവിച്ച ഇന്നിന്ന കാര്യങ്ങൾ ഞങ്ങളുടെ അഭിപ്രായത്തിന് യോജിക്കുന്നില്ലെന്ന് തുറന്നു പറയുകയായിരുന്നു ! (معاذ الله)

ബിൽക്വീസിന്റെ സമ്മാനങ്ങളിൽ സിംഹാസനം ഉണ്ടായിരുന്നുവോ?

സുലൈമാൻ നബി(അ)ക്ക് ബിൽക്വീസ് കൊടുത്തയച്ച സമ്മാനങ്ങൾ അദ്ദേഹം സ്വീകരിച്ചിട്ടുണ്ടെന്ന് ഇവർ വാദിച്ചതിലടങ്ങിയ ഗൂഢരഹസ്യം 38-ാം വചനത്തിലേക്ക് കടക്കുമ്പോഴാണ് നമുക്ക് കാണാൻ കഴിയുക. അവർ മുസ്‌ലിംകളായും കൊണ്ട് തന്റെ അടുക്കൽ വരുന്നതിന് മുമ്പ് ആരാണ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്നു തരുക എന്ന് സുലൈമാൻ (അ) തന്റെ ആൾക്കാരോട് ചോദിച്ചു (أَيُّكُمْ يَأْتِينِي بِعَرْشِهَا...) എന്നാണ് ആ വചനത്തിലുള്ളത്. യമനിൽ സ്ഥിതി ചെയ്യുന്നതും, ഒരു വമ്പിച്ച സിംഹാസനം (عَرْشٌ عَظِيمٌ) എന്ന് മരക്കൊത്തി വിശേഷിപ്പിച്ചതുമായ ആ സിംഹാസനമാണ് ഇവിടെ അവളുടെ സിംഹാസനം (عَرْشِهَا)കൊണ്ട് വിവക്ഷ. സുലൈമാൻ (അ)തന്റെ സ്ഥാനത്ത് നിന്ന് എഴുന്നേറ്റുപോകുംമുമ്പ് താനത് കൊണ്ടുവന്നു തരാമെന്ന് ഒരു ജിന്ന് പറഞ്ഞുവെന്നും, കണ്ണടച്ചു മിഴിക്കുമ്പോഴേക്ക് കൊണ്ടുവരാമെന്ന് വേറൊരാൾ പറഞ്ഞുവെന്നും, അങ്ങനെ അത് തന്റെ മുമ്പിൽ എത്തിക്കണ്ടപ്പോൾ അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചു വെന്നുമാണ് 39 ഉം 40 ഉം വചനങ്ങളുടെ ചുരുക്കം. ഇത് സമ്മതിക്കുവാൻ തക്കംവണ്ണം ഇവരുടെ ശാസ്ത്രവും, യുക്തിയും പുരോഗമിച്ചിട്ടില്ലല്ലോ. ഇതിന് പരിഹാരമായി ഇവർ താഴെ കാണുന്ന രണ്ട് ന്യായങ്ങളാണ് കണ്ടുപിടിച്ചത്:

(1) രാജ്ഞിയുടെ സമ്മാനങ്ങൾ സുലൈമാൻ (അ) സ്വീകരിച്ചിരുന്നു. അതിൽ ഒരു സിംഹാസനവും ഉണ്ടായിരുന്നു. അതദ്ദേഹം ഫലസ്തീനിൽ സൂക്ഷിച്ചിരുന്നു. രാജ്ഞി വരുമ്പോൾ സ്വീകരിക്കാനായി അദ്ദേഹം ഒരു പളുങ്കുകൊട്ടാരം നിർമിച്ചത് വഴിമദ്ധ്യേ വെച്ചായിരുന്നു. അപ്പോഴാണ് രാജ്ഞിവന്നാൽ യോജിച്ച ഒരു സീറ്റ് കൊടുക്കേണ്ട കാര്യം ആലോചിച്ചത്. ഉടനെ ആ സിംഹാസനം കൊണ്ടുവരണമെന്നായി. സൂര്യാരാധകൻമാരായ യമൻകാർ നിർമിച്ച ആ സിംഹാസനത്തിൽ പല ദേവീ ദേവൻമാരുടെ ചിത്രങ്ങളും ഉണ്ടായെന്നുവരും. അതൊക്കെ ഒന്ന് ഭേദപ്പെടുത്തിയാൽ തൽക്കാലം അവളെ അതിൻമേൽ ഇരുത്താമെന്ന് അദ്ദേഹം കരുതി. കണ്ണടച്ചു മിഴിക്കുമ്പോഴേക്ക് എന്ന് പറഞ്ഞതിന് വളരെ വേഗം എന്നേ അർത്ഥമുള്ളൂ. ഇതാണ് ഒന്നാമത്തെ ന്യായത്തിന്റെ പോക്ക്. ഈ പ്രസ്താവന വളരെ സമർത്ഥം തന്നെ ! എന്നാൽ യഥാർത്ഥവിരുദ്ധവും, യുക്തിഹീനവുമായിപ്പോയി!

(2) രാജ്ഞിയും കൂട്ടരും യമനിൽ നിന്ന് പുറപ്പെട്ടുപോന്നശേഷം, അവർ കോട്ടക്കകത്ത് വെച്ചു പൂട്ടിപ്പോന്ന സിംഹാസനം എങ്ങിനെയാണ് ഒരു നബി മോഷ്ടിച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെടുക? ആകയാൽ അവളുടെ സിംഹാസനം എന്ന് പറഞ്ഞത് യമനിൽ സ്ഥിതിചെയ്യുന്ന അതേ സിംഹാസനമായിരിക്കുവാൻ നിവൃത്തിയില്ല ; സമ്മാനങ്ങളുടെ കൂട്ടത്തിൽ മുമ്പ് വാങ്ങിവെച്ചതും, ഫലസ്തീനിൽ സൂക്ഷിച്ചതുമായ ആ സിംഹാസനം തന്നെയാണ്. ഇതാണ് രണ്ടാമത്തെ ന്യായം. സ്വന്തം യുക്തിവാദങ്ങളല്ലാതെ ഈ രണ്ട് ന്യായങ്ങൾക്കും ഇവർ ഒരു തെളിവും കൊണ്ടുവരുന്നില്ല.

ബിൽക്വീസ് കൊടുത്തയച്ചിരുന്ന സമ്മാനം സ്വർണം, രത്നം മുതലായവയായിരുന്നുവെന്നാണ് മുഫസ്സിറുകൾ പറഞ്ഞുകാണുന്നത്. സ്വർണപ്പാത്രങ്ങളായിരുന്നുവെന്നതാണ് ഇബ്നുകഥീർ (റ) ബലപ്പെടുത്തിയിട്ടുള്ളത് (*) അല്ലാഹുവിനറിയാം. ഏതായാലും, ആ സമ്മാനത്തിൽ ഒരു സിംഹാസനമുണ്ടാ

യിരുന്നതായി ആരും പ്രസ്താവിക്കുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ ഇവർ തന്നെ അത് തേടിപ്പിടിക്കുമായിരുന്നു. സമ്മാനവസ്തുക്കൾ എന്ത് തന്നെആയിരുന്നാലും, അതു സ്വീകരിക്കാതെ നിരസിക്കുകയാണ് സുലൈമാൻ നബി(അ) ചെയ്തതെന്ന് നാം ഇതിനു മുമ്പ് കണ്ടുകഴിഞ്ഞതാണ്. യമനിൽ സ്ഥിതി ചെയ്യുന്ന ഒരു സിംഹാസനം, കേവലം സാധാരണ മനുഷ്യസാധ്യമല്ലാത്ത മാർഗേണ പെട്ടന്ന് സുലൈമാൻ നബി(അ)യുടെ അടുക്കൽ എത്തിച്ചേർന്നുവെന്ന് വരാതിരിക്കുവാൻ വേണ്ടി സംഭവത്തിനൊരു പുതിയ രൂപം ഇവർ നിർമിച്ചുണ്ടാക്കി എന്നേ 1-ാം ന്യായത്തെപ്പറ്റി പറയുവാനുള്ളൂ.

രാജ്ഞിയുടെ കൊട്ടാരത്തിലിരിക്കുന്ന സിംഹാസനമായിരുന്നു സുലൈമാൻ നബി(അ)യുടെ അടുക്കൽ കൊണ്ടുവരപ്പെട്ടതെങ്കിൽ, അതൊരു മോഷണമോ, കൊള്ളയോ ആയി ഗണിക്കപ്പെടുമോ എന്നാണെനി ആലോചിക്കുവാനുള്ളത്. ഒന്നുകിൽ വഹ്‌യ്മൂലം, അല്ലെങ്കിൽ ബിൽക്വീസ് നേരത്തെക്കൂട്ടി വിവരമറിയിച്ചതുനിമിത്തം, അതുമല്ലെങ്കിൽ മരക്കൊത്തി കത്ത് കൊടുത്തു മടങ്ങിവന്നപ്പോൾ അറിയിച്ച പ്രകാരം - ഇങ്ങിനെ ഏതെങ്കിലും വിധേന-ബിൽക്വീസും കൂട്ടരും മുസ്‌ലിംകളായികൊണ്ടും, കീഴൊതുങ്ങിക്കൊണ്ടും, തന്റെ അടുക്കൽ വരുവാൻ പോകുന്നുണ്ടെന്ന വിവരം സുലൈമാൻ (അ) മുൻകൂട്ടി അറിഞ്ഞിരുന്നുവെന്ന് തീർച്ചയാണ്. അവർ മുസ്‌ലിംകളായിക്കൊണ്ട് എന്റെ അടുക്കൽ വരുംമുമ്പ് ആരാണവളുടെ സിംഹാസനം കൊണ്ട്‌വന്നു തരുക ? (أَيُّكُمْ يَأْتِينِي بِعَرْشِهَا قَبْلَ أَن يَأْتُونِي مُسْلِمِينَ) എന്നാണല്ലോ അദ്ദേഹം പറഞ്ഞത്. അത് പോലെത്തന്നെ, സുലൈമാൻ നബി(അ)യുടെ സ്ഥിതിഗതികൾ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുന്നതിന് മുമ്പുതന്നെ ബിൽക്വീസും ഏറെക്കുറെ മനസ്സിലാക്കിയിരുന്നു. സമ്മാനം കൊണ്ടുപോയിരുന്ന ദൂതൻമാർ മുഖാന്തരമായിരിക്കാം അത്. 42-ാം വചനത്തിൽ ഞങ്ങൾക്ക് ഇതിന് മുമ്പുതന്നെ അറിവ് നൽകപ്പെട്ടിരിക്കുന്നു ഞങ്ങൾ മുസ്‌ലിംകളാകുകയും ചെയ്തിരിക്കുന്നു (وَأُوتِينَا الْعِلْمَ مِن قَبْلِهَا وَكُنَّا مُسْلِمِينَ) എന്ന് ബിൽക്വീസും പ്രസ്താവിക്കുന്നത് അതുകൊണ്ടാകുന്നു. രണ്ടാളുടെ വാക്കിലും മുസ്‌ലിംകളായിക്കൊണ്ട് എന്നു പറഞ്ഞതിന്റെ താൽപര്യം, ഇസ്‌ലാമിനെ അംഗീകരിക്കുകവഴിഅല്ലാഹുവിന് കീഴൊതുങ്ങിയവരായിക്കൊണ്ട് എന്നാണെന്ന് നാം ഇതിന്മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുസ്‌ലിമായിക്കഴിയുന്നതോടൊപ്പം സുലൈമാൻ നബി (അ)യിൽ വിശ്വസിക്കലും, അദ്ദേഹത്തിന് കീഴൊതുങ്ങലും അനിവാര്യമാണ് താനും. ചുരുക്കത്തിൽ, ബിൽക്വീസും കൂട്ടരും വരുന്നത് മുസ്‌ലിംകളായിക്കൊണ്ടും, സുലൈമാൻ നബി(അ)യുടെ മഹത്വം മനസ്സിലാക്കിക്കൊണ്ടുമാണ് ഈ വിവരം അദ്ദേഹം മുൻകൂട്ടി അറിയുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, താൻ യമനിൽ സൂക്ഷിച്ചുപോന്ന ആ സിംഹാസനം അവൾ ഫലസ്തീനിൽ വരുമ്പോൾ അവിടെ എത്തിക്കണ്ടാൽ അത് സുലൈമാൻ (അ) മോഷ്ടിച്ചതോ കവർന്നെടുത്തതോ ആണെന്ന് പറയുമോ ? ഊഹിക്കുമോ ? ഒരിക്കലുമില്ല. മറിച്ച് അദ്ദേഹം അല്ലാഹുവിനാൽ പ്രത്യേകം അനുഗ്രഹിക്കപ്പെട്ട ഒരു പ്രവാചകൻ തന്നെയാണ്,

(*) ബിൽക്വീസ് സമ്മാനം കൊടുത്തയച്ച സംഭവം ബൈബ്ളിൽ കാണുന്നില്ലെങ്കിലും, അവൾ സുലൈമാൻ നബി (അ)യുടെ കീർത്തികേട്ട് നേരിൽ സന്ദർശിക്കുവാൻ ചെന്നുവെന്നും, അനവധി സ്വർണവും, രത്നങ്ങളും, സുഗന്ധദ്രവ്യങ്ങളും കൊണ്ടുപോയിരുന്നുവെന്നും അതിലും കാണുന്നു . (1 രാജാക്കൾ : 10)

അദ്ദേഹത്തിന് അല്ലാഹു സാധിപ്പിച്ചുകൊടുത്ത ഒരു അമാനുഷിക ദൃഷ്ടാന്തമാണത്. തങ്ങൾ അനുമാനിച്ചതിനെക്കാൾ കവിഞ്ഞ നിലപാടാണ് അദ്ദേഹത്തിനുള്ളത് എന്നൊക്കെ അവൾക്ക് ബോധ്യപ്പെടുകയും, അത് പ്രഖ്യാപിക്കുകയുമായിരിക്കും ഉണ്ടാവുക. അദ്ദേഹത്തിന്റെ പേരിൽ അവൾക്ക് അതിന് മുമ്പുണ്ടായിരുന്ന മതിപ്പ് വർദ്ധിക്കുകയും ചെയ്യും. (*)സംശയമില്ല. എനി, അവൾ സുലൈമാൻ നബി(അ)യോട് : താങ്കൾ എന്റെ സിംഹാസനം ഇവിടെ വരുത്തിച്ചതിൽ താങ്കൾക്കുള്ള ദിവ്യസഹായം ഞാൻ മനസ്സിലാക്കി; എങ്കിലും, ഇതെന്റെ സിംഹാസനമല്ലേ-ഇതെനിക്ക് തന്നെ തിരിച്ചുകിട്ടണം എന്ന് പറഞ്ഞുവെന്നുവെക്കുക; അപ്പോൾ, തീർച്ചയായും അദ്ദേഹം അതവൾക്കുതന്നെ-ഒരു പക്ഷേ, അവളുടെ കണ്ണടച്ചു മിഴിക്കുമ്പോഴേക്ക് തന്നെ -തിരിച്ചെത്തിച്ചുകൊടുക്കുകയും ചെയ്തിരിക്കാം. പിന്നീട് എന്ത് സംഭവിച്ചുവെന്ന് അല്ലാഹുവിനറിയാം.

രാജ്ഞി വരുന്നതിന് മുമ്പ് ആ സിംഹാസനം അവിടെ കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കും? അവൾക്ക് യോജിച്ച ഒരു സീറ്റ് കൊടുക്കുവാനാണെന്ന് ഇവർ പറഞ്ഞത് ഒരിക്കലും ശരിയല്ല. രാജ്ഞിയെ സ്വീകരിക്കുവാൻ പെട്ടന്ന് വഴി മദ്ധ്യെവെച്ച് ഒരു വമ്പിച്ച പളുങ്കുകൊട്ടാരം തയ്യാറാക്കിയ സുലൈമാൻ നബി(അ)ക്ക് അവൾക്ക് വന്നിരിക്കുവാൻ അനുയോജ്യമായ ഒരു ഇരിപ്പിടം തയ്യാറാക്കാൻ കഴിഞ്ഞില്ലെന്നോ, അതിന്റെ ഓർമവന്നില്ലെന്നോ കരുതുവാനും, അത് പറയുവാനും ഇവർക്കേ സാധിക്കുകയുള്ളൂ. അതിന്റെ നിവാരണാർത്ഥം-ഇവരുടെ വാദപ്രകാരം-അവൾ മുമ്പ് സമ്മാനിച്ച അതേ ഇരിപ്പടം തന്നെ കൊടുക്കുകയും, അതവൾ അറിയുകയും ചെയ്യുക, ഇതെത്രമാത്രം അപമാനവും, പോരായ്മയുമാണെന്ന് ആലോചിച്ചു നോക്കുക ! സാധാരണക്കാരനായ ഒരാൾക്ക് പോലും അതിന്ന് മനസ്സ് സമ്മതിക്കുമോ ?! പിന്നെയുണ്ടോ സുലൈമാൻ നബി (അ)ക്ക് ?! അല്ലാഹുവിന്റെ സ്പഷ്ടമായ പ്രസ്താവനകൾ പോലും വികൃതമാക്കി ചിത്രീകരിക്കുവാൻ ധൈര്യപ്പെടുന്ന വർക്ക് സുലൈമാൻ നബി (അ) യുടെ മാന്യതയും മഹത്വവും പരിഗണിക്കാത്തതിൽ ആശ്ചര്യപ്പെടുവാനില്ല. സിംഹാസനം കൊണ്ടുവന്നതിന്റെ രഹസ്യത്തെപ്പറ്റി മുഫസ്സിറുകൾ പലവിധത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും യുക്തമായിത്തോന്നുന്നത് അല്ലാമാ സയ്യിദ് ക്വുത്ബ് അവർകൾ അദ്ദേഹത്തിന്റെ തഫ്സീറിൽ പറഞ്ഞതാണ്. അതിപ്രകാരമാകുന്നു:

نرجح ان هذه كانت وسيلة لعرض مظاهر القوة الخارقة التى تؤيده لتؤثر في قلب الملكة وتقودها الى الايمان بالله والاذعان لدعوته (فى ظلال القرأن)

(സാരം: രാജ്ഞിയുടെ ഹൃദയത്തിൽ പതിയേണ്ടതും, അല്ലാഹുവിൽ വിശ്വസിക്കുവാനും, തന്റെ-സുലൈമാൻ നബി(അ)യുടെ -ക്ഷണം സ്വീകരിക്കുവാനും അവളെ പ്രേരിപ്പിക്കുന്നതിനും വേണ്ടി അദ്ദേഹ(ത്തിന്റെ പ്രവാചകത്വ)ത്തെ ശക്തിപ്പെടുത്തുന്ന അസാധാരണ ശക്തിയുടെ രംഗങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു മാർഗമായിരുന്നു അത് (സിംഹാസനം വരുത്തിയത്) എന്നത്രെ നാം ബലമായി അഭിപ്രായപ്പെടുന്നത്. الله اعلم

സിംഹാസനം കൊണ്ടുവന്നതെങ്ങിനെ?

ബിൽക്വീസും കൂട്ടരും വരുന്നതിന് മുമ്പ് അവളുടെ സിംഹാസനം ആരാണ് കൊണ്ടുവരുക എന്ന് സുലൈമാൻ (അ)ചോദിച്ചപ്പോൾ, അങ്ങുന്ന് ഈ സ്ഥലത്ത് നിന്നെഴുന്നേൽക്കും മുമ്പ് ഞാൻ കൊണ്ടുവരാമെന്ന് ജിന്ന് വർഗത്തിൽപെട്ട ഒരു ഇഫ്രീത്ത് പറഞ്ഞു. (39-ാം വചനം) അദ്ദേഹത്തിന്റെ പട്ടാളത്തിൽ ജിന്ന് വർഗമുള്ളതും, ജിന്നുകൾക്ക്

മനുഷ്യസാധ്യമല്ലാത്ത പലതിനും കഴിവുണ്ടെന്നതും അനിഷേധ്യമത്രെ. എന്നാൽ, അതിനെക്കാൾ വേഗത്തിൽ കൊണ്ടുവരണമെന്നായിരുന്നു സുലൈമാൻ നബി(അ)യുടെ ആവശ്യം. അപ്പോൾ, കിതാബിൽ നിന്നുള്ള ഒരു അറിവ് കൈവശമുണ്ടായിരുന്ന ഒരാൾ (الَّذِي عِندَهُ عِلْمٌ مِّنَ الْكِتَابِ) പറഞ്ഞു: അടച്ച കണ്ണു തുറക്കുമ്പോഴേക്ക് - അഥവാ കണ്ണു ചിമ്മിമിഴിക്കുമ്പോഴേക്ക് - ഞാനത് കൊണ്ടുവരാമെന്ന്. അങ്ങനെ, അത് തന്റെ അടുക്കൽ എത്തിക്കണ്ടപ്പോൾ അദ്ദേഹം അല്ലഹുവിന് സ്തോത്രവും നന്ദിയും അരുളുകയും ചെയ്തു. (40-ാം വചനം നോക്കുക) ഇതാണ് സിംഹാസനം കൊണ്ടുവന്നതിനെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചത്.

'കിതാബ്' കൊണ്ടുദ്ദേശ്യം ഏതാണ്? ഒരു അറിവ് എന്ന് പറഞ്ഞത് ഏത് തരത്തിലുള്ളതാണ് ? ഈ അറിവ് നേടിയ ആൾ ആരായിരുന്നു? അയാൾ സിംഹാസനം എങ്ങിനെ എത്തിച്ചു? ഇതൊന്നും തീർത്തു പറയത്തക്ക യാതൊരു ലക്ഷ്യവുമില്ല. അല്ലാഹു പറഞ്ഞു തന്നത് അതേ രൂപത്തിൽ വിശ്വസിക്കുക മാത്രമാണ് നമ്മുടെ കടമ. കൂടുതൽ വിശദമായി അറിയൽ ആവശ്യമായിരുന്നുവെങ്കിൽ അല്ലാഹു തന്നെ വിശദീകരിച്ചു പറയുമായിരുന്നു. കിതാബ് കൊണ്ടുദ്ദേശ്യം തൗറാത്താണെന്നും, പൊതുവിലുള്ള വേദഗ്രന്ഥങ്ങളാണെന്നും, സുലൈമാൻ നബി(അ)ക്ക് ലഭിച്ചിരുന്ന പ്രത്യേക ദൈവീക സന്ദേശങ്ങളാണെന്നും മുഫസ്സിറുകൾ അഭിപ്രായപ്പെട്ടു കാണുന്നുണ്ട്. ഇതെല്ലാം തന്നെ കിതാബിന്റെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുമെന്നല്ലാതെ ഒന്നും സ്ഥിരീകരിക്കുവാൻ തെളിവുകളില്ല. 28, 29 വചനങ്ങളിൽ സുലൈമാൻ നബി(അ)യുടെ കത്തിനെക്കുറിച്ച് കിതാബ് എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് അതാവാം ഇവിടെ ഉദ്ദേശ്യമെന്നും ചിലർ പറയുന്നു. പല കാരണങ്ങൾ കൊണ്ട് ഈ അഭിപ്രായവും സ്വീകരിക്കുവാൻ വഴി കാണുന്നില്ല. എഴുത്ത്, ഗ്രന്ഥം, രേഖ എന്നൊക്കെ ആ വാക്കിന് അർത്ഥമുണ്ടെങ്കിലും ഇവിടെ അതുകൊണ്ട് എന്താണുദ്ദേശ്യം എന്ന് നിർണയിക്കുവാൻ വല്ല തെളിവും വേണം. തെളിവൊന്നുമില്ലാത്തപ്പോൾ വേദഗ്രന്ഥം എന്ന അർത്ഥത്തിലാണ് ആ വാക്ക് ക്വുർആൻ ഉപയോഗിച്ചു കാണാറുള്ളത്.

നമ്മുടെ പുതിയ വ്യാഖ്യാനക്കാർ പറയുന്നത് ശാസ്ത്ര ഗ്രന്ഥങ്ങളെയാണ് കിതാബ് കൊണ്ടുദ്ദേശ്യമെന്നും ശാസ്ത്രജ്ഞാനമാണ് അറിവ് കൊണ്ടു ദ്ദേശ്യമെന്നുമാകുന്നു. ഈ ഉദ്ദേശ്യത്തിൽ കിതാബ് എന്ന പദം ക്വുർആനിൽ എവിടെയും ഉപയോഗിച്ചിട്ടില്ല. കാര്യപ്പെട്ട ഒരു മുഫസ്സിറും അങ്ങിനെ അഭിപ്രായപ്പെട്ടിട്ടുമില്ല. ശാസ്ത്ര നേട്ടവും യാന്ത്രികശക്തിയും ഇന്ന് അങ്ങേയറ്റം പുരോഗമിച്ചിരിക്കുകയാണല്ലോ. എന്നിട്ട് പോലും ഇക്കാലംവരെ സിംഹാസനം പോലെയുള്ള ഒരു വലിയ വസ്തു നൊടിയിടകൊണ്ട് നൂറുക്കണക്കിന് നാഴിക ദൂരത്തേക്ക് നീക്കം ചെയ്വാൻ മനുഷ്യന് കഴിഞ്ഞതായി അറിയില്ല. അൽപം മുമ്പ് റഷ്യയിലെ ചരിത്ര പ്രസിദ്ധമായ ഒരു കോട്ട തൽസ്ഥാനത്ത് നിന്ന് കുറച്ചകലത്തേക്ക് അടിയോടെ നീക്കം ചെയ്ത വാർത്ത പത്രങ്ങളിൽ കണ്ടിരുന്നു. പക്ഷേ, എത്രയോ വിദഗ്ധൻമാരുടെയും പല യന്ത്രങ്ങളുടെയും വമ്പിച്ച പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് നിർവ്വഹിക്കപ്പെട്ട ആ കൃത്യം പ്രായോഗികമാകുവാൻ കുറെ നാളുകൾ വേണ്ടിവന്നിട്ടുണ്ടെന്നത്

(*) സുലൈമാൻ നബി(അ)യുടെ അടുക്കൽ നേരിൽ വന്നുകണ്ടപ്പോൾ, താൻ അദ്ദേഹത്തെപ്പറ്റി മുമ്പ് കേട്ടിരുന്നതെല്ലാം സത്യമാണെന്ന് ബോധ്യപ്പെട്ടുവെന്നും, കേട്ട കീർത്തിയെക്കാൾ എത്രയോ അധികമുള്ളതായിട്ടാണ് അനുഭവത്തിൽ കണ്ടതെന്നും രാജ്ഞി പ്രസ്താവിച്ചതായി ബൈബ്ളിൽ (1 രാജാക്കൾ : 10) പറഞ്ഞിട്ടുള്ളതും സ്മരണീയമാണ്.

സ്മരണീയമാണ്. ശാസ്ത്രീയ വീക്ഷണത്തിന്റെ പരിധിക്കപ്പുറത്ത് യാതൊന്നും നോക്കിക്കാണുവാൻ തയ്യാറില്ലാത്തവർക്കും, ബാഹ്യമായ ഈ ഭൗതിക പ്രകൃതിനിയമങ്ങൾക്കതീതമായി സ്ഥിതി ചെയ്യുന്ന സാധ്യതയുടെ വൃത്തവിശാലതയെക്കുറിച്ച് മനസ്സിലാക്കാത്തവർക്കും യമനിൽ ഇരിക്കുന്ന സിംഹാസനം ഫലസ്തീനിൽ കൊണ്ടുവരാൻ ശാസ്ത്ര വിജ്ഞാനമല്ലാതെ മറ്റൊരു വിജ്ഞാനവും ഉള്ളതായി ഊഹിക്കുവാനോ സമ്മതിക്കുവാനോ സാധ്യമല്ല തന്നെ.

വേദഗ്രന്ഥം പഠിച്ചത്കൊണ്ട് ഇത്തരം കാര്യങ്ങൾക്ക് സാധിക്കുകയില്ല എന്നാണ് ഇവരതിന് ന്യായം കാണുന്നത്. വേദഗ്രന്ഥം പഠിച്ചവരിൽ തന്നെ തോന്നിയവാസികളെയും ദുഷ്ടൻമാരെയും കാണപ്പെടാറുണ്ട്. അവരിൽ അല്ലാഹുവിന്റെ കാരുണ്യത്തിനും, പ്രീതിക്കും പാത്രവാൻമാരായ പുണ്യാത്മാക്കളെയും കാണാം. അപ്പോൾ, വേദഗ്രന്ഥം പഠിച്ചത് മാത്രം ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള അർഹതയായി നാമും ഗണിക്കുന്നില്ല. പക്ഷേ, വേദഗ്രന്ഥത്തിൽ നിന്ന് ലഭിക്കുന്ന അറിവും, അറിവ് കൊണ്ടുള്ള പ്രയോജനവും എല്ലാവർക്കും ഒരുപോലെയല്ല. വിശുദ്ധ ക്വുർആനിൽ നിന്ന് നബി ﷺ തിരുമേനിക്കും അബൂബക്കർ, ഉമർ (റ) മുതലായവർക്കും, നമ്മെപ്പോലെയുള്ള സാധാരണക്കാർക്കും ലഭിക്കുന്ന അറിവുകളും, ക്വുർആന്റെ ബദ്ധവൈരികളായ ചിലർക്ക് അതിൽ നിന്ന് കിട്ടുന്ന അറിവും എല്ലാം തന്നെ ഒരേ കിടയിലുള്ളതാണെന്ന് ആരും കരുതുമെന്ന് തോന്നുന്നില്ല. *(*)* അതേസമയത്ത് വേദഗ്രന്ഥം പഠിച്ചറിഞ്ഞ ഒരാൾ എന്നല്ല അല്ലാഹു ഇവിടെ പറഞ്ഞിട്ടുള്ളത്. ٱلَّذِي عِندَهُۥ عِلْمٌ مِّنَ ٱلْكِتَٰبِ (വേദഗ്രന്ഥത്തിൽ നിന്നുമുള്ള ഒരു അറിവ് തന്റെ പക്കലുണ്ടായിരുന്ന ഒരാൾ) എന്നത്രെ അല്ലാഹു പറഞ്ഞ വാക്ക്. വേദഗ്രന്ഥത്തിൽ നിന്ന് എല്ലാവർക്കും ലഭിക്കാറില്ലാത്ത ഏതോ ഒരു പ്രത്യേക വിജ്ഞാനം അയാളുടെ പക്കൽ ഉണ്ടായിരുന്നുവെന്നാണ് ഈ പ്രയോഗത്തിൽ നിന്ന് മനസ്സിലാക്കേണ്ടത്. ഇതേത് തരം ജ്ഞാനമായിരുന്നുവെന്ന് നമുക്കറിഞ്ഞുകൂടാ. എങ്കിലും ഒരു യാഥാർത്ഥ്യം അനിഷേധ്യമാണ്. പല മഹാൻമാരും അതാണിവിടെ ചൂണ്ടിക്കാട്ടുന്നതും: അല്ലാഹുവിന്റെ അപാരമായ കഴിവ്, പ്രവാചകൻമാരുടെ കൈക്ക് ചിലപ്പോൾ അവൻ വെളിപ്പെടുത്താറുള്ള അമാനുഷിക ദൃഷ്ടാന്തങ്ങൾ, അല്ലാഹുവിന്റെ സാമീപ്യവും പ്രീതിയും ലഭിച്ചവരുടെ പ്രാർത്ഥനക്കുള്ള ശക്തി, മഹാത്മാക്കളായ ചിലർക്ക് അല്ലാഹു കൊടുത്തരുളുന്ന അനുഗ്രഹസിദ്ധി ആദിയായവയുടെ മുമ്പിൽ ഈ ശാസ്ത്രീയ വീക്ഷണങ്ങൾക്കും, ന്യായവാദങ്ങൾക്കും സ്ഥാനമില്ലാത്തതാണ്.

'കിതാബ്' കൊണ്ട് ഇവിടെ ഉദ്ദേശ്യം അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന ലൗഹുൽ മഹ്ഫൂള് (اللوح المحفوظ) ആണെന്നും ചില മഹാൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്പോൾ, അല്ലാഹുവിൽനിന്നുള്ള വഹ്‌യ് മൂലം നൊടിയിടകൊണ്ട് സിംഹാസനം എത്തിക്കുവാനുള്ള ഒരു രഹസ്യമാർഗം സുലൈമാൻ നബി(അ)ക്കോ, അദ്ദേഹം വഴി അദ്ദേഹത്തിന് വേണ്ടി അദ്ദേഹത്തിന്റെ ആൾക്കാരിൽ ഒരാൾക്കോ തുറന്നുകിട്ടിയെങ്കിൽ അതിലൊട്ടും അസാംഗത്യമില്ല. വേദഗ്രന്ഥത്തിൽനിന്നുള്ള ആ അറിവ് നേടിയിരുന്ന ആൾ ആദ്യത്തെ ജിന്നിനെക്കാൾ ഉന്നതനായിരുന്ന മറ്റൊരു ജിന്നാണെന്നും, അതല്ല, ഒരു മനുഷ്യനായിരുന്നുവെന്നും അഭിപ്രായങ്ങളുണ്ട്. സുലൈമാൻ നബി(അ) തന്നെയായിരുന്നു ആ ആളെന്നാണ് ഇമാം റാസീ (റ) മുതലായ ചിലർ പറയുന്നത്. പക്ഷേ, ക്വുർആന്റെ വാക്യങ്ങളുടെ പ്രത്യക്ഷ സ്വഭാവം നോക്കുമ്പോൾ അത് സുലൈമാൻ (അ) ആയിരിക്കുകയില്ലെന്നാണ് മനസ്സിലാകുന്നത്. അല്ലാഹുവിനറിയാം.

വേദഗ്രന്ഥത്തിൽ നിന്നുള്ള അറിവ് (عِلْمٌ مِّنَ ٱلْكِتَٰبِ) എന്ന് പറഞ്ഞതിന്റെ താൽപര്യം,

ഇസ്മുൽ അഅ്ളം (**اسم الله الاعظم**) അഥവാ അല്ലാഹുവിന്റെ ഏറ്റവും മഹത്തായ തിരുനാമം) ആണെന്നത്രെ ചില മഹാൻമാർ പ്രസ്താവിച്ചുകാണുന്ന വേറൊരഭിപ്രായം. നാം ഈ അഭിപ്രായത്തെ ശരിവെക്കുവാനോ, നിഷേധിക്കുവാനോ തയ്യാറില്ല. രണ്ടിനും തെളിവ് കാണുന്നില്ല. എന്നാൽ, നമ്മുടെ ശാസ്ത്രീയക്കാർ ഈ അഭിപ്രായത്തെയും പരിഹസിച്ചുതള്ളുന്ന രീതി വിചിത്രമാണ്. അസ്മാഇന്റെ പണിയാകട്ടെ, അത് അനിസ്ലാമികമാണ്. അതിലുള്ള വിശ്വാസം ഇസ്ലാമിന് നിരക്കാത്തതുമാണ്, ഇതാണ് ന്യായം. 'അഞ്ജനം നമുക്കറിയാം, മഞ്ഞൾപോലെ വെളുത്തിട്ട്' എന്നൊരു പഴഞ്ചൊല്ലുണ്ട്. അത്പോലെയാണീ ന്യായം. ഇസ്മുൽ അഅ്ളമിനെക്കുറിച്ചുള്ള അറിവും അസ്മാഇന്റെ പണിയും ഒന്നാണ് പോൽ! സ്വന്തം ആശയങ്ങൾക്കെതിരായ ഹദീഥുകളെ പരിഹാസപൂർവ്വം പുറംതള്ളിക്കളയുന്ന ഇവർക്ക് ഹദീഥ് ഉദ്ധരിച്ചു കാര്യം മനസ്സിലാക്കാമെന്ന ധാരണ നമുക്കില്ല. എങ്കിലും, സത്യാന്വേഷികൾക്ക് യഥാർത്ഥം മനസ്സിലാക്കാൻ വേണ്ടിയും, ഇവരുടെ ആശയങ്ങൾ ക്വുർആനിൽ ഉൾക്കൊള്ളിക്കുന്നതിന് ഇവർ നടത്തുന്ന ഉപായങ്ങൾ സാധാരണക്കാർ ഗ്രഹിക്കുവാൻ വേണ്ടിയും നബി ﷺ അരുളിച്ചെയ്ത ഒരു ഹദീഥ് ഇവിടെ ഉദ്ധരിക്കാം: അല്ലാഹുവിന്റെ തിരുനാമങ്ങളിൽപെട്ട ചില നാമങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാർത്ഥനചെയ്ത ഒരാളെപ്പറ്റി അവിടുന്ന് പറഞ്ഞവാക്ക് ഇപ്രകാരമാണ്: دعا الله باسمه الاغظم الذى اذا دعى به اجاب واذا سئل به اعطى رواه الترمذى وابوداودو النسائى وابن ماجة (അല്ലാഹുവോട് പ്രാർത്ഥിച്ചാൽ അവൻ ഉത്തരം നൽകുകയും അവനോട് ചോദിച്ചാൽ അവൻ കൊടുക്കുകയും ചെയ്യുന്നതായ അവന്റെ അതിമഹത്തായ നാമത്തിലാണ് അവൻ പ്രാർത്ഥിച്ചത്. (തി: അബൂ: ന: ഇ.) ഇത്പോലെയുള്ള ഹദീഥുകൾ വേറെയും കാണാം. എന്നാൽ, ഏതാണ് ഈ നാമങ്ങളെന്ന് ഹദീഥുകളിൽ ഖണ്ഡിതമായി പ്രസ്താവിക്കപ്പെട്ടു കാണുന്നില്ല. ഇതിൽ ചില യുക്തികൾ അടങ്ങിയിരിക്കാം. സ്ഥലദൈർഘ്യം ഭയന്നു ഇവിടെ ആ ഭാഗത്തേക്കു തിരിയുന്നില്ല.

ശാസ്ത്രീയമായ അറിവ് ഉപയോഗപ്പെടുത്തിയാണ് കണ്ണടച്ചു മിഴിക്കുമ്പോഴേക്ക് സിംഹാസനം കൊണ്ടുവന്നതെന്ന് വാദിച്ചപ്പോൾ ഇവർക്കൊരു സംശയം! അത്ര വേഗത്തിൽ കൊണ്ടുവരാൻ ശാസ്ത്രജ്ഞാനത്തിന് സാധിക്കുകയില്ലല്ലോ എന്ന്. അതിനൊരു സൂത്രവും ഇവർ കണ്ടെത്തി: വേഗം എന്നേ ആ പറഞ്ഞ തിനർത്ഥമുള്ളൂവെന്ന്! ഇത് ഒരർത്ഥത്തിൽ നാമും സമ്മതിക്കാം. പക്ഷേ, ദൈവികമായ പ്രത്യേക സഹായങ്ങളൊന്നും കൂടാതെ, ശാസ്ത്രീയജ്ഞാനം മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് സിംഹാസനം അവിടെ എത്തിക്കുവാൻ വേണ്ടുന്ന ചുരുങ്ങിയ സമയം എന്നാണ് ഇവർ ഉദ്ദേശിക്കുന്നതെങ്കിൽ -അതാണിവരുടെ ഉദ്ദേശ്യമെന്ന് വ്യക്തമാണ് - അത് ശരിയല്ല. കാരണം, സുലൈമാൻ നബി(അ)തന്റെ സ്ഥാനത്ത് നിന്ന് എഴുന്നേൽക്കുംമുമ്പായി താനത് കൊണ്ടുവരാമെന്ന് ഒരു ജിന്ന് പറഞ്ഞത് പോരാഞ്ഞിട്ടാണല്ലോ, കണ്ണടച്ചു മിഴിക്കുമ്പോഴേക്ക് കൊണ്ടുവരാൻ ഞാൻ തയ്യാറാണെന്ന് വേറൊരാൾ പറഞ്ഞത്. ആ നിലക്ക് കുറെ മാസങ്ങളോ, ദിവസങ്ങളോ - മണിക്കൂറുകൾ തന്നെയോ-പിടിക്കുന്ന ആ വേഗത്തിന് ഇവിടെ സ്ഥാനമില്ല.

അതെല്ലാം സുലൈമാൻ നബി(അ)ക്ക്

(*) നബി തിരുമേനി ﷺ ക്കും മറ്റെല്ലാവരെപ്പോലെയല്ലാതെ ക്വുർആൻ മനസ്സിലാക്കുവാൻ കഴിയുകയില്ലെന്ന് പരോക്ഷമായിട്ടെങ്കിലും വാദിക്കുന്ന ചില കക്ഷികളും ഇപ്പോൾ ഉടലെടുത്തിട്ടുണ്ട്. ഇസ്ലാമിന്റെ പേരിൽ എനി ഏതെല്ലാം കക്ഷികളാണ് ഉണ്ടാവുക എന്ന് അല്ലാഹുവിനറിയാം.

സിദ്ധിച്ച പ്രത്യേകാനുഗ്രഹങ്ങളായിരുന്നു.

പ്രവാചകൻമാരെല്ലാം ഒരേ നിലക്കാരല്ല, അവരിൽ ചിലർക്ക് ചിലരെക്കാൾ ശ്രേഷ്ഠതയുണ്ടായിരിക്കുമെന്ന് അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചതാണ്. (2: 253; 17: 55.)മുഹമ്മദ് നബി ﷺ തിരുമേനിയാണ് പൊതുവിൽ എല്ലാ പ്രവാചകൻമാരിലും വെച്ച് കൂടുതൽ ശ്രേഷ്ഠനെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. എങ്കിലും ചില പ്രവാചകൻമാർക്ക് മറ്റുള്ളവർക്ക് സിദ്ധിക്കാത്ത ചില പ്രത്യേകാനുഗ്രഹങ്ങൾ നൽകപ്പെട്ടിരിക്കാം. വിരോധമില്ല. ഉദാഹരണമായി: അല്ലാഹുവിന്റെ സംസാരം കേൾക്കുകയെന്ന മഹാഭാഗ്യം സിദ്ധിച്ച പ്രവാചകനാണ് മൂസാ നബി (അ). അല്ലാഹുവിന്റെ സുഹൃത്ത് (خليل الله) എന്ന സ്ഥാനം ലഭിച്ചത് ഇബ്റാഹീം നബി(അ)ക്കാണ്. ഇത്പോലെ, നബിമാരുടെ കൈക്ക് വെളിപ്പെടുന്ന അമാനുഷിക ദൃഷ്ടാന്തങ്ങളി(المعجزات) ലും വ്യത്യാസം കാണും. മൂസാ നബി(അ)യുടെ ദൃഷ്ടാന്തങ്ങളും, ഈസാ നബി(അ)യുടെ ദൃഷ്ടാന്തങ്ങളും ഇതിനുദാഹരണമാണ്. ദാവൂദ് നബി(അ)ക്ക് പ്രത്യേകമായും, അദ്ദേഹത്തിന്റെ പുത്രനായ സുലൈമാൻ നബി(അ)ക്ക് പ്രത്യേകമായും, രണ്ടാൾക്കും കൂട്ടായും മാത്രം സിദ്ധിച്ചതായി ഖുർആനിൽ ചില കാര്യങ്ങൾ എടുത്തുപറഞ്ഞിട്ടുണ്ട്

തന്നോടൊന്നിച്ച് രാവിലെയും വൈകുന്നേരവും തസ്ബീഹ് നടത്തുമാറ് പർവ്വതങ്ങളും പക്ഷികളും വിധേയമാക്കിക്കൊടുക്കപ്പെട്ടതും (38:18, 19; 34:10) ഇരുമ്പ് മിനുസപ്പെടുത്തിക്കൊടുത്തതും(34:10) മറ്റും ദാവൂദ് നബി(അ)യുടെ പ്രത്യേകതയായി പ്രസ്താവിച്ചിരിക്കുന്നു. കാറ്റ് കീഴ്പ്പെടുത്തികൊടുത്തതും (21:81, 34:12) ജിന്നുകളെ വശപ്പെടുത്തിക്കൊടുത്തതും (34:12) ചെമ്പുദ്രാവകത്തിന്റെ ഉറവ് ഒഴുക്കിക്കൊടുത്തതും (34:12) പിശാചുക്കളെ കീഴ്പ്പെടുത്തിക്കൊടുത്തതും(38:37, 21:82) മറ്റും സുലൈമാൻ നബി(അ)യുടെ പ്രത്യേകതയായും പ്രസ്താവിച്ചു കാണാം. രാജത്വം (الملك) നൽകപ്പെട്ടതായി പ്രവാചകൻമാരുടെ കൂട്ടത്തിൽ ഈ രണ്ടു പ്രവാചകൻമാരെപ്പറ്റി മാത്രമേ ഖുർആനിൽ പ്രസ്താവിച്ചിട്ടുള്ളൂ. പക്ഷികളുടെ സംസാരവും മറ്റാർക്കും അറിയിച്ചുകൊടുക്കപ്പെട്ടതായി പ്രസ്താവിച്ചിട്ടില്ല. ഇതിൽ രണ്ടുപേരും പങ്കുണ്ടായിരു ന്നുവെന്നാണ് 38:19 21:79 എന്നീ വചനങ്ങളും,ഈ സൂറത്തിലെ 16 ഉം 19 ഉം വചനങ്ങളും പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ഈ പ്രത്യേകതകളിൽ രാജത്വം ഒഴിച്ച് മറ്റുള്ള ഓരോന്നിലും, ഖുർആൻ വാക്യങ്ങളിൽനിന്ന് നേർക്കുനേരെ സ്പഷ്ടമാകുന്ന അർത്ഥോദ്ദേശ്യങ്ങൾക്ക് പകരം ഇവർക്ക് ഇവരുടേതായ വ്യാഖ്യാനങ്ങളാണ് മിക്കവാറും ഉള്ളത്.

15-ാം വചനം മുതൽക്കാണ് ഈ സൂറത്തിൽ സുലൈമാൻ നബി (അ)യുടെ കഥ തുടങ്ങുന്നത്. അതിൽ ആദ്യത്തെ വാചകം ദാവൂദിനും സുലൈമാനും നാം ജ്ഞാനം നൽകുകയുണ്ടായി (وَلَقَدْ آتَيْنَا دَاوُودَ وَسُلَيْمَانَ عِلْمًا) എന്നാണ്. വേറെ ചില നബിമാരെക്കുറിച്ചും ഇത്പോലെ അല്ലാഹു പ്രസ്താവിച്ചു കാണാം. (ഖസ്വസ്വ് 14, അൻബിയാഅ് 74 മുതലായവ നോക്കുക)അവിടെയൊന്നും പതിവില്ലാത്ത – അവയിൽ നിന്നെല്ലാം വ്യത്യസ്തമായ – ഒരു കാര്യമാണ് ഈ ആയത്തിൽ പ്രസ്താവിക്കുന്നത്. സത്യവിശ്വാസികളായ തന്റെ അടിയാൻമാരിൽ മിക്കവരെക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയ അല്ലാഹുവിന് സർവ്വസ്തുതിയും! എന്ന് അവർ രണ്ട്പേരും പറയുകയും ചെയ്തു. (وَقَالَا الْحَمْدُ لِلَّهِ الَّذِي فَضَّلَنَا عَلَىٰ كَثِيرٍ مِّنْ عِبَادِهِ الْمُؤْمِنِينَ) ഇതാണാ വാചകം. അപ്പോൾ അവർക്ക് നൽകപ്പെട്ടിരുന്ന അറിവിൽ, മറ്റുള്ള മിക്ക ആളുകളെക്കാളും തങ്ങൾക്ക് ശ്രേഷ്ഠത

കൈവരുത്തുന്ന തരത്തിലുള്ള എന്തോ അറിവും ഉണ്ടായിരിക്കണമല്ലോ. ഇതിന് ഉപോൽബലമായി വേറെയും ഉദ്ധരിക്കുവാനുണ്ടെങ്കിലും ദീർഘിപ്പിക്കുന്നില്ല.

16-ാം വചനത്തിൽ സുലൈമാൻ (അ) ദാവൂദി(അ)നെ അനന്തരമെടുത്തു (وَوَرِثَ سُلَيْمَانُ دَاوُودَ) എന്ന് പറഞ്ഞുവല്ലോ, വെറും സ്വത്തിന് മാത്രം അവകാശിയായി എന്നല്ല ഇതിന്റെ താൽപര്യം. അങ്ങനെയാണെങ്കിൽ അതിൽ സാധാരണയിൽ കവിഞ്ഞ വലിയ ഒരു തത്വമൊന്നും അടങ്ങുന്നില്ല. ദാവൂദ് നബി(അ)ക്ക് നൽകപ്പെട്ടിട്ടുള്ളതായി ഖുർആനിൽ പ്രത്യേകം എടുത്തു പറയപ്പെടാറുള്ള മറ്റു അനുഗ്രഹങ്ങൾ അദ്ദേഹത്തിനും പൈതൃകമായി സിദ്ധിച്ചുവെന്നായിരിക്കും ഇതിന്റെ താൽപര്യം. അനന്തരമെടുത്തു എന്ന് പറഞ്ഞതിനെത്തുടർന്നു സുലൈമാൻ നബി(അ)യുടെ മൂന്ന് വാചകങ്ങളാണ് അല്ലാഹു ഉദ്ധരിച്ചിരിക്കുന്നത്. അതിൽ നിന്ന് നമുക്ക് ചിലതൊക്കെ ഇവിടെ മനസ്സിലാക്കുവാൻ കഴിയും. അതിൽ ഒന്നാമത്തെത് ഹേ, മനുഷ്യരേ, നമുക്ക് പക്ഷികളുടെ സംസാരം പഠിപ്പിച്ചുതരപ്പെട്ടിരിക്കുന്നു يَا أَيُّهَا النَّاسُ عُلِّمْنَا مَنطِقَ الطَّيْرِ എന്നാണ്. രണ്ടാമത്തെ വാചകം: നമുക്ക് എല്ലാ വസ്തുവിൽ നിന്നും നൽകപ്പെട്ടിരിക്കുന്നു (وَأُوتِينَا مِن كُلِّ شَيْءٍ) എന്നും മൂന്നാമത്തെത്: നിശ്ചയമായും ഇത് തന്നെയാണ് സ്പഷ്ടമായ ശ്രേഷ്ഠത - അഥവാ അനുഗ്രഹം (إِنَّ هَٰذَا لَهُوَ الْفَضْلُ الْمُبِينُ) എന്നുമാകുന്നു. ഈ ഓരോ വാചകത്തിലും പ്രകടമായിക്കാണുന്ന അഭിമാനത്തോടും, കൃതജ്ഞതയോടുംകൂടി ജനമദ്ധ്യേ പ്രഖ്യാപിക്കുവാൻ പോരുന്ന നേട്ടങ്ങളായിരിക്കണം അദ്ദേഹത്തിന് പിതാവിൽ നിന്ന് ലഭിച്ച ആ പിൻതുടർച്ചാവകാശം. അതെ, രണ്ടുപേർക്കും പ്രത്യേകമായി സിദ്ധിച്ച അനുഗ്രഹങ്ങളെയാണ് ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത്.

17-ാം വചനത്തിൽ അദ്ദേഹത്തിന്റെ സൈന്യത്തിൽ ജിന്നുകളും പക്ഷികളും ഉണ്ടായിരുന്നതായും പ്രസ്താവിക്കുന്നു. ഇതും മറ്റാർക്കും സിദ്ധിക്കാത്ത അനുഗ്രഹമത്രെ. 19-ാം വചനത്തിൽ നംലത്തിന്റെ (ഉറുമ്പിന്റെ) സംസാരം കേട്ടു മനസ്സിലായതിനെത്തുടർന്ന് അദ്ദേഹം പറഞ്ഞ വാക്യങ്ങൾ നോക്കുക : എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്ന അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്‌വാൻ എനിക്ക് സാധിപ്പിക്കണേ എന്ന് തുടങ്ങുന്ന ആ പ്രാർത്ഥനയും ഇതേ യാഥാർത്ഥ്യം ചൂണ്ടിക്കാട്ടുന്നു. സൂഃസ്വാദ് അൻബിയാഉ് 78-82 മുതലായ സ്ഥലങ്ങൾ പരിശോധിച്ചാൽ എനിയും കൂടുതൽ വിവരം കാണാം. ദീർഘിക്കുമെന്ന് കരുതി ഉദ്ധരിക്കുന്നില്ല.

സൂഃ സ്വാദ് 35ൽ സുലൈമാൻ നബി(അ)യെക്കുറിച്ച് ഇങ്ങിനെ പറയുന്നു: قَالَ رَبِّ اغْفِرْ لِي وَهَبْ لِي مُلْكًا لَّا يَنبَغِي لِأَحَدٍ مِّن بَعْدِي إِنَّكَ أَنتَ الْوَهَّابُ (അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് പൊറുത്തുതരേണമേ! എന്റെ മരണശേഷം ഒരാൾക്കും സൗകര്യപ്പെടാത്ത *(*)* ഒരു ഭരണാധിപത്യം നീ എനിക്ക് പ്രദാനം ചെയ്യുകയും വേണമേ ! നിശ്ചയമായും നീയത്രെ വളരെ പ്രദാനം ചെയ്യുന്നവൻ). ഈ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചിരിക്കുമെന്ന് തീർച്ചയാണ്. ഇതിന്റെ മുമ്പും പിമ്പുമുള്ള വചനങ്ങൾ തന്നെ അത് കാട്ടിത്തരുന്നു. അദ്ദേഹം ഭരണവിഷയകമായ ഒരു പരീക്ഷണത്തിന് വിധേയമായതിനെത്തുടർന്ന് ചെയ്തതാണ് ഈ പ്രാർത്ഥന എന്ന് ഇതിന്റെ മുമ്പത്തെ വചനം കാണിക്കുന്നു. ഈ പ്രാർത്ഥന ഉദ്ധരിച്ച ശേഷം അല്ലാഹു പ്രസ്താവിക്കുന്നത് : അപ്പോൾ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ കല്പന പ്രകാരം സഞ്ചരിക്കുന്ന വിധം കാറ്റിനെയും, കെട്ടിട നിർമാണം, മുങ്ങൽജോലി എന്നിവയെല്ലാം നിർവ്വഹിക്കുന്ന പിശാചുക്കളെയും നാം കീഴ്പെടുത്തിക്കൊടുത്തു എന്നുമത്രെ. ഈ പ്രാർത്ഥനയുടെ

ഫലമാണിതെന്ന് വ്യക്തമാണ്. മാത്രമല്ല, ഇതൊക്കെ നമ്മുടെ ദാനമാണെന്നും, അദ്ദേഹത്തിന് നമ്മുടെ അടുക്കൽ അടുത്ത സ്ഥാനവും, നല്ല പര്യവസാന വുമുണ്ടെന്നുകൂടി അല്ലാഹു തുടർന്നു പ്രസ്താവിക്കുന്നു. (സൂഃ സ്വാദ് : 34 മുതൽ 40 കൂടിയ വചനങ്ങൾ നോക്കുക) ഇതെല്ലാം ദുർവ്യാഖ്യാനം ചെയ്യാത്ത പക്ഷം അദ്ദേഹത്തിന്റെ ഭരണത്തിന്റെ സവിശേഷതയാകുന്ന ഇത്തരം പ്രത്യേകാനുഗ്രഹങ്ങളിൽ മറ്റാർക്കും, പങ്കുണ്ടായിരിക്കുവാൻ അവകാശമില്ലല്ലോ. അതുകൊണ്ട് തന്നെയാണ്, ഒരു ഉറുമ്പിന്റെ വർത്തമാനം കേട്ടത്, അപ്പോൾ പുഞ്ചിരിതൂകിയത്, മരക്കൊത്തിയെ കാണാതായത്, അത് ചില വിവരങ്ങൾ അറിയിച്ചത്, എഴുത്ത് കൊണ്ടുപോയത്, സിംഹാസനം കൊണ്ടുവന്നത് എന്നീ വിഷയങ്ങളെല്ലാം ഇത്രമേൽ പരിഗണനയോടുകൂടി അല്ലാഹു ക്വുർആനിൽ വിവരിക്കുന്നതും.

ഇക്കൂട്ടർ ഈ ആയത്തും തങ്ങളുടെ ആശയത്തിനൊപ്പിക്കുവാൻ മറന്നുപോയിട്ടില്ല. ഈ ആയത്തിന് ഇവർ നൽകുന്ന അർത്ഥം: 'എനിക്ക് ശേഷം ഒരാൾക്കും (പിടിച്ചടക്കുക) ക്ഷിപ്രസാധ്യമല്ലാത്ത ഒരാധിപത്യം എനിക്ക് പ്രദാനം ചെയ്യേണമേ' എന്നാകുന്നു. 'പിടിച്ചടക്കുക' എന്ന് ഇടക്ക് ചേർത്തത് ഇവരുടെ സ്വന്തം വകയാണ്. ഈ ഒരൊറ്റ വാക്ക്കൊണ്ട് സുലൈമാൻ നബി(അ)യുടെ ഭരണാധിപത്യത്തിന്റെ പ്രത്യേകതകളും, സവിശേഷതകളുമെല്ലാം ഇവർ എടുത്തുകളഞ്ഞു അതിനെ കേവലം ഒരു സാധാരണ 'പ്രബലരാഷ്ട്രം' മാത്രമാക്കി തരംതാഴ്ത്തിയിരിക്കുന്നു. വാസ്തവത്തിൽ ആർക്കും പിടിച്ചടക്കുവാൻ സാധ്യമല്ലാത്ത ഒരു പ്രബല ഭരണത്തെയല്ല – ആർക്കും ഉണ്ടായിരിക്കുവാനിടയില്ലാത്ത വിധത്തിലുള്ള ഒരു സവിശേഷ ഭരണത്തെയാണ് – അദ്ദേഹം പ്രാർത്ഥനയിൽ ഉദ്ദേശിച്ചിരിക്കുന്നത്. അത്കൊണ്ടുതന്നെയാണ് സുലൈമാൻ നബി(അ)യുടെയും പിതാവ് ദാവൂദ് നബി(അ)യുടെയും ചരിത്രത്തിൽ മറ്റെവിടെയും കാണപ്പെടാത്തതും, യുക്തിവാദക്കാർക്ക് കൂടുതൽ തലവേദനയുണ്ടാക്കുന്നതുമായ സംഭവങ്ങൾ പലതും ക്വുർആനിൽ കാണപ്പെടുന്നതും. ഈ ആയത്തിന് നബി ﷺ തിരുമേനി മനസ്സിലാക്കിയ അർത്ഥവും നാം ചൂണ്ടിക്കാട്ടിയ അർത്ഥം തന്നെയായിരുന്നുവെന്ന് താഴെ കാണുന്ന ഹദീഥിൽ നിന്നും വ്യക്തമാകും.

ബുഖാരീ, മുസ്‌ലിം (റ) മുതലായവർ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. നബി ﷺ പറഞ്ഞു: 'ജിന്നുകളിൽ പെട്ട ഒരു ഭൂതത്താൻ (عِفْرِيتٌ) ഇന്നലെ രാത്രി എന്റെമേൽ കുതറിച്ചാടുവാൻ ശ്രമിക്കുകയുണ്ടായി. അവനെ പിടിക്കുവാൻ അല്ലാഹു എനിക്ക് സാധിപ്പിച്ചുതന്നു. നേരം പുലരുവോളം പള്ളിയുടെ ഒരു തൂണിൻമേൽ കെട്ടിയിടുവാൻ ഞാൻ ഉദ്ദേശിച്ചു. അപ്പോൾ എന്റെ സഹോദരൻ സുലൈമാൻ (അ) رَبِّ اغْفِرْ لِي وَهَبْ لِي مُلْكًا لَّا يَنبَغِي لِأَحَدٍ مِّنْ بَعْدِي എന്ന് പറഞ്ഞിരുന്നത് ഞാൻ ഓർത്തു, അങ്ങനെ ഞാനവനെ വിട്ടയച്ചു'.

പിശാചുക്കളെ കീഴ്പ്പെടുത്തുവാനും, ബന്ധത്തിലാക്കുവാനും മറ്റും സുലൈമാൻ നബി(അ)ക്ക് സാധ്യമായിരുന്നത് പോലെയുള്ള കാര്യങ്ങളിൽ, അദ്ദേഹത്തിന്റെ ഭരണം ഇണയില്ലാത്തതായിരിക്കണമെന്നാണ് ആ പ്രാർത്ഥനക്ക് നബി ﷺ യും മനസ്സിലാക്കിയ അർത്ഥമെന്ന് ഇതിൽ നിന്ന് സ്പഷ്ടമാണല്ലോ. തന്റെ കാലശേഷം ഒരാൾക്കും പിടിച്ചടക്കുവാൻ കഴിയാത്ത ഒരു രാഷ്ട്രം എന്നാണദ്ദേഹം ഉദ്ദേശിച്ചിരുന്നതെങ്കിൽ നബി ﷺ യുടെ ഈ പ്രസ്താവനക്ക് അർത്ഥമില്ല. കൂടാതെ സുലൈമാൻ നബി(അ)യുടെ ആ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചിട്ടില്ലെന്ന് സമ്മതിക്കേണ്ടിയും വരും. കാരണം,

(*) لاينبغى اى لايتيسر ولا يتسهل (مفردات الراغب)

അദ്ദേഹത്തിന്റെ രാഷ്ട്രമായിരുന്ന ഫലസ്തീനും പരിസരപ്രദേശങ്ങളും, അദ്ദേഹം ചരമമടഞ്ഞു ഏറെത്താമസിയാതെ അന്യാധീനപ്പെട്ടുപോയിട്ടുള്ളത് ചരിത്ര പ്രസിദ്ധമാണ്. എന്റെ ശേഷം ഒരാൾക്കും പിടിച്ചടക്കുക സാധ്യമല്ലാത്ത എന്ന വാക്ക് അർത്ഥവത്താകണമെങ്കിൽ ലോകവസാനം വരെ ആ ഭരണം അതേ നിലയിൽ തന്നെ തുടരേണ്ടതാണല്ലോ !

ഈ സൂറത്തിലെ 19-ാം വചനത്തിൽ പ്രസ്താവിച്ച ഉറുമ്പ് അതിന്റെ കൂട്ടുകാരോട് ചെയ്ത താക്കീതിന്റെ സാരം : സുലൈമാനും കൂട്ടുകാരും വരുന്നുണ്ട്, വേഗം മാളത്തിൽ പ്രവേശിക്കണം. ഇല്ലെങ്കിൽ അവർ അറിയാതെ നമ്മെ ചവിട്ടിച്ചതക്കുവാൻ ഇടവന്നേക്കും എന്നാണല്ലോ. ഈ ഉറുമ്പിനെ ഒരു നംല് ഗോത്രക്കാരിയാക്കിയ ഇവർ ഈ താക്കീതിന് നൽകുന്ന വിവരണം ഇങ്ങിനെയാണ് : 'നമുക്ക് സുലൈമാൻ നബി(അ)യോട് ശത്രുതയൊന്നുമില്ല ; നമ്മെ ശത്രുപക്ഷക്കാരായിട്ടാണവർ ഗണിക്കുക ; അതുനിമിത്തം നമ്മെ ചവിട്ടിത്തേച്ചുംകൊണ്ട് അവർ മുന്നോട്ട് പോകും ; അതിനിടവരുത്തരുത് ; നാം നമ്മുടെ വീടുകളിൽ കടന്നിരുന്നാൽ ശത്രുപക്ഷക്കാരല്ലെന്ന് അവർക്ക് വ്യക്തമാകും'. ആലോചിച്ചുനോക്കുക ! യാതൊരു ദ്രോഹത്തിനും മുതിരാതെ സ്വന്തം ജോലികളിൽ വ്യാപൃതരായിക്കൊണ്ടിരിക്കുന്ന ഒരു ജനതയെ-ഇവരുടെ ഭാഷയിൽ ഒരു ഗ്രാമക്കാരെ-സുലൈമാൻ നബി(അ)പോകട്ടെ, അൽപം നീതിബോധവും, മാനമര്യാദയുമുള്ള ഒരു രാജാവും, തന്റെ നേതൃത്വത്തിലുള്ള സൈന്യവും വെറുതെയങ്ങ് ചവിട്ടിത്തേക്കുവാൻ ഒരുമ്പെടുമെന്ന് ആരാണ് ഊഹിക്കുക ? ഏതായാലും താക്കീത് കേട്ടപ്പോൾ സുലൈമാൻ നബി (അ) : ഓ ! നംല് ഗോത്രക്കാരിയായ സ്ത്രീ ! ഞങ്ങൾ നിങ്ങളെ ചവിട്ടിച്ചതക്കുവാൻ വന്നവരല്ല, നിങ്ങൾ ഭയപ്പെടേണ്ടതില്ല, എന്നു പറഞ്ഞു അവളെ സമാധാനിപ്പിക്കയല്ല ചെയ്തത്. നിങ്ങളാരും ഈ പാവപ്പെട്ട ഗ്രാമീണരെ ഉപദ്രവിക്കരുത് എന്ന് പട്ടാളത്തോടും പറഞ്ഞില്ല. പിന്നെയോ ? ഒന്ന് പുഞ്ചിരിതൂകിക്കൊണ്ട് റബ്ബേ ! എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്‌വാൻ സാധിപ്പിച്ചുതരേണമേ ! എന്നും മറ്റും പ്രാർത്ഥിക്കയാണ് ചെയ്തത്. നംല് ഗോത്രക്കാരിയുടെ വാക്ക് കേട്ടത് കൊണ്ടായിരിക്കുമോ അതല്ല, മറ്റുള്ളവർക്ക് ഗ്രഹിക്കുവാൻ സാധിക്കാത്ത ഉറുമ്പിന്റെ സംസാരം തനിക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞതിന്റെ പേരിലായിരിക്കുമോ ഈ പ്രാർത്ഥന ? ആലോചിച്ചുനോക്കുക ! ഉറുമ്പിന്റെ ഈ സംഭവം തന്റെ കുടുംബത്തിന് ലഭിച്ച ഒരു പ്രത്യേകാനുഗ്രഹമാണെന്നല്ലേ ആ പ്രാർത്ഥന കാണിക്കുന്നത് ?!

ഇത് പോലെത്തന്നെ, കണ്ണ് ചിമ്മി മിഴിച്ചപ്പോഴേക്ക് സിംഹാസനം തന്റെ മുമ്പിലെത്തിയത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞ വാക്കും (40-ാം വചനത്തിൽ) ഒന്ന് പരിശോധിക്കുക ! ഇത് എന്റെ റബ്ബ് നല്കിയ അനുഗ്രഹമാണ്, ഞാൻ നന്ദി കാണിക്കുമോ ഇല്ലേ എന്ന് പരീക്ഷിക്കുവാൻ വേണ്ടി അവൻ ചെയ്തതാണ്. നന്ദി ചെയ്താൽ ചെയ്തവനുതന്നെയാണതിന്റെ ഗുണം. എന്നിങ്ങനെയുള്ള ആ പ്രസ്താവനതന്നെ, അല്ലാഹു അദ്ദേഹത്തിന് സാധിപ്പിച്ചുകൊടുത്ത ഒരു പ്രത്യേകനുഗ്രഹമായിരുന്നു അതും എന്ന് കാണിക്കുന്നു. ഇങ്ങിനെയുള്ളതൊന്നും കണക്കിലെടുക്കാതെ തോന്നിയത് പോലെ ഖുർആനെ വിവരിക്കുവാനും, വ്യാഖ്യാനിക്കുവാനും ഒരുമ്പെടുന്ന പക്ഷം ആർക്കും എന്തും ഖുർആന്റെ പേരിൽ വെളിക്കിറക്കുവാൻ സാധിക്കുന്നതാണ്.

ഇതെല്ലാം പഴഞ്ചനാണ്

ഇവരുടെ പല ചോദ്യങ്ങളും, മുട്ടുതർക്കങ്ങളും നാം കണ്ടുവല്ലോ. വാസ്തവത്തിൽ,

ഇതൊക്കെ ഇവരുടെ വക പുത്തനോ, മുമ്പാരും കാണാത്ത പുതിയ കണ്ടുപിടുത്തങ്ങളോ അല്ല. നൂറ്റാണ്ടുകൾ പഴക്കമുണ്ട് ആ ചോദ്യങ്ങൾക്ക്. മണ്ണടിഞ്ഞുകിടന്നിരുന്ന ആ ചോദ്യങ്ങൾക്ക് ഇവർ ആധുനിക വർണപ്പകിട്ട് നൽകിയെന്നേയുള്ളൂ. ഇമാം റാസി (റ)അദ്ദേഹത്തിന്റെ പ്രസിദ്ധ തഫ്സീർ രചിച്ചിട്ട് ഏതാണ്ട് എട്ടു നൂറ്റാണ്ട് കഴിഞ്ഞു. അദ്ദേഹം അതിൽ പ്രസ്താവിച്ച ചില വരികളുടെ ചുരുക്കം കാണുക. ഈ കഥയെക്കുറിച്ച് നിർമതവാദികൾ (الملحدة) പല ആക്ഷേപങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(1) വിശേഷബുദ്ധിയുള്ളവരിൽനിന്നല്ലാതെ ഉണ്ടാവതല്ലാത്ത സംസാരങ്ങൾ ഉറുമ്പും മരക്കൊത്തിയും സംസാരിച്ചുവെന്ന് ആ വചനങ്ങളിൽ നിന്ന് വരുന്നു. ഇതൊരുതരം മിരട്ടുവാദമാണ്, അങ്ങനെയാണെങ്കിൽ , ഇതരജീവികളിലും ഇത്തരം അറിവുണ്ടായിരിക്കേണ്ടതും, അവയ്ക്കിടയിൽ പ്രവാചകൻമാരും മതശാസനകളും മറ്റും ഉണ്ടായിരിക്കാവുന്നതുമാണ്. ഇതൊരുതരം ഭ്രാന്തായിരിക്കുമല്ലോ ?!

(2) സുലൈമാൻ നബി(അ) ശാമിലായിരുന്നു, എന്നിരിക്കെ, ചുരുങ്ങിയ സമയംകൊണ്ട് മരക്കൊത്തി എങ്ങിനെ യമനിൽ പോയിവന്നു ?!

(3) സുലൈമാൻ നബി(അ)യുടെ ആധിപത്യവും പ്രതാപവും വളരെ വമ്പിച്ചതായിരുന്നു. ജിന്നും, മനുഷ്യരുമെല്ലാം അദ്ദേഹത്തിന്റെ പട്ടാളത്തിലുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. ബിൽഖീസിന്റെ ഭരണകൂടമാണെങ്കിൽ അതും വളരെ വമ്പിച്ചതാണെന്ന് പറയപ്പെടുന്നു. രണ്ട് രാഷ്ട്രങ്ങൾക്കുമിടയിലുള്ള ദൂരം മൂന്നു ദിവസത്തെ അകലമാണെന്നും കാണുന്നു. എന്നിട്ടും, ബിൽഖീസിനെക്കുറിച്ചുള്ള വിവരം അദ്ദേഹത്തിന് എങ്ങിനെ അജ്ഞാതമായിരിക്കും ?!

(4) അല്ലാഹുവിനെക്കുറിച്ചും, അവന് മാത്രമേ സുജൂദ് ചെയ്യാൻ പാടുള്ളൂ, സൂര്യന് സുജൂദ് ചെയ്യാൻ പാടില്ല, അത് പിശാചിന്റെ പ്രേരണയാണ് എന്നതിനെക്കുറിച്ചുമെല്ലാം മരക്കൊത്തിക്ക് എവിടെ നിന്നാണ് അറിവുണ്ടായത് ?! എട്ട് നൂറ്റാണ്ടുകൾക്കുമുമ്പ് ക്വുർആന്റെ നേരെ തൊടുത്തുവിടപ്പെട്ട ചോദ്യങ്ങളാണിവ.

ഈ ചോദ്യകർത്താക്കൾക്ക് ഇരു രാഷ്ട്രങ്ങൾക്കുമിടയിലുള്ള അകലം കുറച്ചു കാണിക്കേണ്ടി വന്നത് കൊണ്ട് അവർ മൂന്ന് ദിവസത്തെ യാത്രാദൂരം കണക്കാക്കി. നമ്മുടെ വ്യാഖ്യാനക്കാർക്ക് ഇത് വർദ്ധിപ്പിച്ചു കാണിക്കേണ്ടിവന്നു. അവർ 1500 നാഴികയാക്കി വർദ്ധിപ്പിച്ചു. ഇതൊഴിച്ചാൽ, ബാക്കി ഭാഗങ്ങളെല്ലാം ഇവരും ചോദിക്കുന്ന ചോദ്യങ്ങളാണ്. أَتَوَاصَوْا بِهِ بَلْ هُمْ قَوْمٌ طَاغُونَ (അവർ അന്യോന്യം ഇതിനെപ്പറ്റി വസിയ്യത്തു ചെയ്തിരിക്കുകയാണോ ? അതല്ല, ഇവർ ധിക്കാരികളായ ഒരു ജനതയാണോ ?!) എന്ന ക്വുർആൻ വചനം ഓർമവരികയാണ്. ഇങ്ങിനെയുള്ള ആരോപണങ്ങൾക്ക് തത്വശാസ്ത്രത്തിന്റെയും, യുക്തിയുടെയും അടിസ്ഥാനത്തിൽ, താർക്കികമായ സ്വഭാവത്തിൽ നീണ്ട മറുപടി കൊടുക്കുന്ന സമ്പ്രദായക്കാരാണ് ഇമാം റാസി(റ). എങ്കിലും, ഇവിടെ അദ്ദേഹം അതിന് മിനക്കെട്ടില്ല. വളരെ ചുരുങ്ങിയതും, എന്നാൽ കനത്തതുമായ രണ്ടു വാചകങ്ങളിലാണദ്ദേഹം ഇതിന് മറുപടി പറയുന്നത്. 1-ാമത്തെ ചോദ്യത്തിന്റെ മറുപടി : പ്രാഥമിക ബുദ്ധിക്കൊണ്ട് ആലോചിക്കുമ്പോൾ അങ്ങനെ സംശയം തോന്നാം. പക്ഷേ, വാസ്തവം അങ്ങനെയല്ല എന്നുള്ളതിൽ മുസ്ലിംകൾക്കിടയിൽ ഭിന്നാഭിപ്രായമില്ലാത്തതാണെന്ന വസ്തുത ഈ സംശയത്തെ തള്ളിക്കളയുന്നതാണ്. *(*)* പിന്നീടുള്ള ചോദ്യങ്ങൾക്കെല്ലാംകൂടി അദ്ദേഹത്തിന്റെ മറുപടി ഇതാണ് : ഇച്ഛിച്ചത് പോലെ പ്രവർത്തിക്കുന്നവനും സർവ്വശക്തനു(القادر المختار)മായുള്ള ഒരുവനെ - അല്ലാഹുവിനെ - അപേക്ഷിച്ചുകൊണ്ടാണ്

ലോകം നിലകൊള്ളുന്നതെന്ന വിശ്വാസം ഈ സംശയങ്ങളെയെല്ലാം തന്നെ തള്ളിക്കളയുന്നു. (٤٠ ج – ٦ راجع تفسير الرازى ص)

ഹിജ്റ 1-ാം നൂറ്റാണ്ടിൽ തന്നെ ഇത്തരം ചില മിരട്ടുചോദ്യങ്ങളും, ആശയക്കുഴപ്പങ്ങളും ഖുർആന്റെ നേരെ കൊണ്ടുവരപ്പെട്ടിട്ടുണ്ടെന്ന് കാണിക്കുന്ന ഒരു സംഭവം മുജാഹിദ്(റ), സഈദുബ്നുൽ മുസയ്യബ്(റ)എന്നീ മഹാൻമാരിൽ നിന്ന് ഇബ്നു കഥീറും (റ)ഉദ്ധരിക്കുന്നു: ആ മരക്കൊത്തി സുലൈമാൻ നബി(അ)ക്ക് വെള്ളത്തെക്കുറിച്ച് അറിവ് നൽകുന്ന നിപുണനായിരുന്നു; ഭൂമിയുടെ അടിയിൽ വെള്ളം സ്ഥിതിചെയ്യുന്ന സ്ഥാനം അതിനറിയാമായിരുന്നു. അദ്ദേഹം മരുഭൂമിയി ലായിരിക്കുമ്പോൾ അത് വെള്ളത്തിന്റെ സ്ഥാനം അറിയിച്ചുകൊടുക്കും; ജിന്നുകൾ അവിടെ കുഴിച്ചു വെള്ളമെടുക്കും. ഒരു ദിവസം മരുഭൂമിയിൽ അദ്ദേഹം ഇറങ്ങി മരക്കൊത്തിയെ കാണുവാനായി പക്ഷികളെ പരിശോധിച്ചപ്പോൾ അതിനെകണ്ടില്ല; അപ്പോഴാണദ്ദേഹം എന്താണ് മരക്കൊത്തിയെ കാണാത്തത് (الهدهد مالى لاارى) എന്ന് പറഞ്ഞത്. എന്നിങ്ങിനെ ഇബ്നുഅബ്ബാസ് (റ) ഒരു ദിവസം സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, ഖവാരിജി *(**)* ൽപെട്ട നാഫിഉ് (نافع ابن الازرق) എന്ന് പേരായ ഒരാൾ – ഇദ്ദേഹം ഇബ്നു അബ്ബാസ് (റ) നോട് പല തർക്കവാദങ്ങളും പുറപ്പെടുവിക്കുക പതിവായിരുന്നു–ഇങ്ങിനെ പറഞ്ഞു : ഇബ്നുഅബ്ബാസ്! നിൽക്കൂ ! ഇന്ന് നിങ്ങൾക്ക് പരാജയം പിണഞ്ഞിരിക്കുന്നു. മരക്കൊത്തി ഭൂമിയുടെ അടിയിലുള്ള വെള്ളം കാണുമെന്നും അതേ സമയത്ത് ഒരു കുട്ടി ഒരു കെണിക്കൂട്ടിൽ ഒരു ധാന്യമണി വെച്ചു അതിനുമീതെ അൽപം മണ്ണും വാരിയിട്ടു പോന്നാൽ അത് വന്നു കുട്ടിയുടെ കെണിയിൽ അകപ്പെടുമെന്നുമാണോ താങ്കൾ പറയുന്നത്?! ഇത്കേട്ടപ്പോൾ ഇബ്നുഅബ്ബാസ് (റ)പറഞ്ഞു : ഇയാൾ പുറത്തിറങ്ങി ഇബ്നു അബ്ബാസിനെ ഞാൻ ഖണ്ഡിച്ചിരിക്കുന്നുവെന്ന് പറയുവാനിടവരുമായിരുന്നില്ലെങ്കിൽ, ഞാനിതിന് മറുപടി പറയുമായിരുന്നില്ല. പിന്നീടദ്ദേഹം പറഞ്ഞു : ഹേ, മൂപ്പരേ!കൽപന (വിധി) വരുമ്പോൾ കണ്ണിന് അന്ധത ബാധിക്കുകയും, ജാഗ്രത വിട്ടുപോകുകയും ചെയ്തേക്കുന്നു (الحذر انه اذا نزل القدر عمى البصر وذهب) അപ്പോൾ, നാഫിഉ് പറഞ്ഞു : *(*)* അല്ലാഹുവാണ! എനി, ഖുർആനിൽപെട്ട ഒന്നിനെക്കുറിച്ച് ഞാൻ നിങ്ങളോട് ഒരിക്കലും തർക്കത്തിന് വരികയില്ല (كثير ابن)

സുലൈമാൻ നബി(അ)യുടെ കഥകളിൽ ഇക്കൂട്ടരുടെ വക പ്രസ്താവനകൾ എനിയും ചിലതൊക്കെ കാണാം. അവ ആകമാനം പരിശോധിച്ചാൽ ഈ രണ്ടിലൊരു പ്രകാരത്തിലുള്ളതായിരിക്കും

(1) കണ്ടതും കേട്ടതുമെല്ലാം രേഖപ്പെടുത്താറുള്ള കഥാകാരൻമാർക്കിടയിൽ പ്രചാരത്തിലിരിക്കുന്ന ഭാഗങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ട് ഇതാണ് ഖുർആന്റെ വ്യാഖ്യാനമായി പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്ന ഭാവേന യഥാർത്ഥസംഭവങ്ങളെ ഖണ്ഡിക്കുവാനുള്ള ശ്രമം

(2) അല്ലെങ്കിൽ തങ്ങൾ സ്വയം രൂപപ്പെടുത്തിയ സംഭവരൂപങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന വിശദീകരണം. ഈ നിരൂപണം ഇത്രയും നീണ്ടുപോയ സ്ഥിതിക്ക് അവയെക്കുറിച്ച് എനി സംസാരിച്ചു ദീർഘിപ്പിക്കേണ്ടതില്ല. ഖുർആൻ വ്യാഖ്യാനത്തിന് ആരംഭിക്കുമ്പോൾ തന്നെ അതിൽ കാണുന്ന അമാനുഷികദൃഷ്ടാന്തങ്ങൾ(....) കൊണ്ട് വിഷമം അനുഭവപ്പെടുന്നവർക്ക് അവയെപ്പറ്റി സംസാരിക്കുമ്പോൾ അങ്ങനെ പലതും ആവശ്യമായി വരുമെന്ന് നമുക്ക് സമാധാനിക്കുക. ഏതായാലും, കഥാകാരൻമാർ യഥാർത്ഥ

സംഭവങ്ങളിൽ അതിശയോക്തിയും, ഇല്ലാത്ത വിശദീകരണങ്ങളും കൂട്ടിച്ചേർക്കലാണ് ചെയ്യുന്നതെങ്കിൽ, ഇവർ യഥാർത്ഥങ്ങളെ അടിയോടെ നിഷേധിച്ചു ഇല്ലാത്തത് സൃഷ്ടിക്കലാണ് പതിവ്.

فَوَيْلٌ لِلَّذِينَ يَكْتُبُونَ الْكِتَابَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَذَا مِنْ عِنْدِ اللَّهِ لِيَشْتَرُوا بِهِ ثَمَنًا قَلِيلًا فَوَيْلٌ لَهُمْ مِمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَهُمْ مِمَّا يَكْسِبُونَ - البقرة: 79

(തങ്ങളുടെ കരങ്ങൾകൊണ്ട് ഗ്രന്ഥം എഴുതുകയും എന്നിട്ടത് മൂലം അല്പമായ വില വാങ്ങുവാനായി ഇത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് പറയുകയും ചെയ്യുന്നവർക്ക് നാശം! അവരുടെ കരങ്ങൾ എഴുതിയുണ്ടാക്കിയതിനാൽ അവർക്ക് നാശം ! അവർ സമ്പാദിച്ചുണ്ടാക്കുന്നതിനാലും അവർക്ക് നാശം !) ജൂതൻമാരെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചതാണിത്. ഈ ദുരവസ്ഥ നമ്മിൽ വന്നുചേരാതെ അല്ലാഹു നമ്മെ കാക്കട്ടെ ആമീൻ. كَذَٰلِكَ يُضِلُّ اللَّهُ مَنْ هُوَ مُسْرِفٌ مُرْتَابٌ ○ الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ بِغَيْرِ سُلْطَانٍ أَتَاهُمْ كَبُرَ مَقْتًا عِنْدَ اللَّهِ وَعِنْدَ الَّذِينَ آمَنُوا ... -المؤمن :٣٤، ٣٥ (അപ്രകാരം, അതിര് കവിഞ്ഞവനും, സംശയാലുവുമായുള്ളവനെ അല്ലാഹു വഴിപിഴപ്പിക്കുന്നു. അതായത്: തങ്ങൾക്ക് വന്നു കിട്ടിയ ലക്ഷ്യ പ്രമാണമൊന്നും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവരെ, അല്ലാഹുവിങ്കലും വിശ്വസിച്ചവരുടെ അടുക്കലും ഇത് ക്രോധത്തിൽ വളരെ വമ്പിച്ചതത്രെ) എന്നുള്ള താക്കീതിന് നാമാരും പാത്രമാകാതിരിക്കട്ടെ, ആമീൻ. നമ്മുടെ തെറ്റുകുറ്റങ്ങളെല്ലാം അല്ലാഹു പൊറുത്തു തരുകയും ചെയ്യട്ടെ. آمين

﴿آمَنَّا بِهِ كُلٌّ مِّنْ عِندِ رَبِّنَا وَمَا يَذَّكَّرُ إِلاَّ أُوْلُواْ الأَلْبَابِ﴾

﴿كان الفراغ من تقييد هذه المقالة للثامن من جمادى الاولى سنة ١٣٨٤ هـ الموافق ١٥-٩-٦٤ م﴾

(*)നബിയുടെ കാലംതൊട്ട് ഇതേവരെയും മുസ്ലിംകൾക്കിടയിൽ ഭിന്നാഭിപ്രായമില്ലാത്ത പല കാര്യങ്ങളും ഇന്നത്തെ പുത്തൻ വ്യാഖ്യാനക്കാർ ക്കിടയിൽ പുനഃപ്പരിശോധനക്കും, പുതിയ അഭിപ്രായരൂപീകരണങ്ങൾക്കും വിധേയമാകുന്നത് സാധാരണമാണ്. അത്രയുമല്ല, നാളിതുവരെ ആരാലും ചോദ്യം ചെയ്യപ്പെടാതെ സ്ഥിരീകരിക്കപ്പെട്ടുവന്നിട്ടുള്ള പല ഇസ്ലാമിക സിദ്ധാന്തങ്ങളും, നിയമങ്ങളും തങ്ങളുടെ ഹിതത്തിനനുസരിച്ചവണ്ണം ഒരു പൊളിച്ചെഴുത്തു നടത്തി കാലോചിതമാക്കേണ്ടതാണെന്നും ഇന്ന് ചിലർ അഭിപ്രായപ്പെട്ടു കാണാം. والعياذ بالله

(**) ഇസ്ലാമിലെ ഖിലാഫത്തിനെതിരിൽ പ്രവർത്തിച്ചിരുന്ന ഒരു ഭീകരപ്രസ്ഥാനമായിരുന്ന ഖവാരിജ് (الخوارج) . അലി(റ)ന്റെ കാലത്താണ് ഈ കക്ഷി ഉടലെടുത്തത്. ഇബ്നു അബ്ബാസ് (റ) ഖവാരിജുമായി പലപ്പോഴും വാദപ്രതിവാദം നടത്തിയിരുന്നു. വളരെ കാലത്തോളം ഇവർ മൂലം ഇസ്ലാമിക ഭരണത്തിന് ശല്യം ഉണ്ടായിക്കൊണ്ടിരുന്നു. ഇപ്പോൾ ആ കക്ഷി നിലവിലില്ല. എങ്കിലും, അവരിൽ നിന്ന് പകർത്തിയെടുത്ത ചില ആശയങ്ങളും വാദങ്ങളും ഇന്നും ചില ആളുകളിൽ പ്രകടമാകാറുണ്ട്.

(*) നാഫിഉ് അല്ലാഹുവിന്റെ വിധി (القدر)യിൽ വിശ്വസിച്ചിരുന്നത് കൊണ്ടാണ് ഈ മറുപടിക്ക് വഴങ്ങിയതെന്ന് വ്യക്തമാണ്. എന്നാൽ നമ്മുടെ വ്യാഖ്യാനക്കാർ വിധിയെയും നിഷേധിക്കുന്നവരാണ്. മുഅ്തസിലഃ (المعتزلة)വിഭാഗക്കാരുടെ യുക്തിവാദങ്ങളും ക്വദ്‌രിയ്യത്തി (القدرية)ന്റെ ആശയങ്ങളുമാണ് ഇക്കാര്യത്തിൽ ഇവരുടെ മാതൃക. അതുകൊണ്ട് ഈ മറുപടി അവരെ തൃപ്തിപ്പെടു ത്തുകയില്ലെങ്കിലും യഥാർത്ഥ വിശ്വാസികൾക്ക് അതിൽ വളരെ ചിന്തിക്കുവാനുണ്ട്.

سورة القصص

28. സൂറതുൽ ക്വസ്വസ്വ്

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 88 - വിഭാഗം (റുകൂഉ്) 9

(52 മുതൽ 55 വരെ ആയത്തുകൾ മദീനഃയിൽ അവതരിച്ചതാണെന്നും 85-ാം വചനം മദീനഃയിലേക്കുള്ള ഹിജ്റഃ മദ്ധ്യേ ജുഹ്ഫഃയിൽ അവതരിച്ചതാണെന്നും മുക്വാത്തിൽ (റ) പ്രസ്താവിച്ചിരിക്കുന്നു.)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

طسٓمٓ ﴿١﴾

《1》 'ത്വാ- സീൻ- മീം' (*)

تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾

《2》 ഇവ സ്പഷ്ടമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാകുന്നു.

نَتۡلُواْ عَلَيۡكَ مِن نَّبَإِ مُوسَىٰ وَفِرۡعَوۡنَ بِٱلۡحَقِّ لِقَوۡمٖ يُؤۡمِنُونَ ﴿٣﴾

《3》 വിശ്വസിക്കുന്ന ജനങ്ങൾക്ക്വേണ്ടി, മൂസായുടെയും, ഫിർഔനിന്റെയും വൃത്താന്തത്തിൽനിന്ന് (ചിലത്) യഥാർത്ഥനിലയിൽ നിനക്ക് നാം ഓതിത്തരുന്നു.

إِنَّ فِرۡعَوۡنَ عَلَا فِي ٱلۡأَرۡضِ وَجَعَلَ أَهۡلَهَا شِيَعٗا يَسۡتَضۡعِفُ

《4》 നിശ്ചയമായും, ഫിർഔൻ നാട്ടിൽ പൊങ്ങച്ചം കാണിച്ചു. അതിലെ ആളുകളെ അവൻ (പല) കക്ഷികളാക്കുകയും ചെയ്തു. അവരിൽ ഒരു വിഭാഗത്തെ- അവരുടെ ആൺകുട്ടികളെ അറുകൊല നടത്തുകയും, അവരുടെ പെണ്ണുങ്ങളെ

(*) ഇത്തരം അക്ഷരങ്ങളെക്കുറിച്ച് ഇതിന്മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്.

طَآئِفَةً مِّنۡهُمۡ يُذَبِّحُ أَبۡنَآءَهُمۡ وَيَسۡتَحۡيِۦ نِسَآءَهُمۡۚ إِنَّهُۥ كَانَ مِنَ ٱلۡمُفۡسِدِينَ ﴿٤﴾

[പെൺകുട്ടികളെ] ജീവിക്കുവാൻ വിടുകയും ചെയ്തുകൊണ്ട് അവൻ ബലഹീനമാക്കിയിരുന്നു. നിശ്ചയമായും, അവൻ കുഴപ്പമുണ്ടാക്കുന്നവരിൽ പെട്ടവനായിരുന്നു.

﴾1﴿ طسم 'ത്വാ- സീൻ- മീം' ﴾2﴿ تِلْكَ ഇവ, അവ آيَاتُ الْكِتَابِ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണ്, ലക്ഷ്യങ്ങളാണ് الْمُبِينِ സ്പഷ്ടമായ, വ്യക്തമായ ﴾3﴿ نَتْلُوا നാം ഓതിത്തരുന്നു عَلَيْكَ നിനക്ക് مِن نَّبَإِ مُوسَىٰ മൂസായുടെ വൃത്താന്തത്തിൽ നിന്ന് وَفِرْعَوْنَ ഫിർഔന്റെയും بِالْحَقِّ യഥാർത്ഥനിലയിൽ, മുറപ്രകാരം لِقَوْمٍ ഒരു ജനതക്ക് വേണ്ടി يُؤْمِنُونَ അവർ വിശ്വസിക്കുന്നു ﴾4﴿ إِنَّ فِرْعَوْنَ നിശ്ചയമായും ഫിർഔൻ عَلَا പൊങ്ങച്ചം കാണിച്ചു, ഔന്നത്യംകാണിച്ചു فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) وَجَعَلَ അവൻ ആക്കുകയും ചെയ്തു أَهْلَهَا അതിലെ ആളുകളെ شِيَعًا പല കക്ഷികൾ يَسْتَضْعِفُ അവൻ ബലഹീനമാക്കിയിരുന്നു, അവശരാക്കിയിരുന്നു, ദുർബ്ബലമാക്കിയിരുന്നു طَائِفَةً مِّنْهُمْ അവരിൽനിന്നൊരു വിഭാഗത്തെ يُذَبِّحُ അറുകൊലചെയ്തുകൊണ്ട് أَبْنَاءَهُمْ അവരുടെ ആൺമക്കളെ وَيَسْتَحْيِي ജീവിക്കാൻ വിടുകയും (ബാക്കിയാക്കുകയും) ചെയ്തിരുന്നു نِسَاءَهُمْ അവരുടെ പെണ്ണുങ്ങളെ إِنَّهُ كَانَ നിശ്ചയമായും അവനായിരുന്നു مِنَ الْمُفْسِدِينَ കുഴപ്പക്കാരിൽ, നാശമുണ്ടാക്കുന്നവരിൽ (പെട്ടവൻ)

ഉപദേശം കേട്ടു ഗ്രഹിക്കുവാനും, ദൃഷ്ടാന്തങ്ങൾ ചിന്തിച്ചു പാഠം പഠിക്കുവാനും മുന്നോട്ട് വരുന്നത് വിശ്വാസികളായ ആളുകളായിരിക്കുന്നത് കൊണ്ടാണ് 'വിശ്വസിക്കുന്ന ജനങ്ങൾക്ക് വേണ്ടി ഓതിത്തരുന്നു' എന്ന് പറഞ്ഞത്. വിശ്വസിക്കുവാൻ തയ്യാറില്ലാത്തവർക്ക് അതുകൊണ്ട് പ്രയോജനമുണ്ടാകുകയില്ലല്ലോ.

പ്രജാധിപത്യത്തിന്റെയും, ജനാധിപത്യത്തിന്റെയും യുഗമെന്ന് ഘോഷിക്കപ്പെടുന്ന ഇക്കാലത്ത് പോലും സ്വജനപക്ഷപാതവും സാധുമർദ്ദനവും നടമാടുന്നത് സാധാരണമാണല്ലോ. എന്നിരിക്കെ, സ്വേച്ഛാധിപതിയായ ഫിർഔന്റെ ഏകാധിപത്യ ഭരണത്തെപ്പറ്റി പറയേണ്ടതുണ്ടോ?! ഈജിപ്തിലെ പൂർവ്വനിവാസികളായ ക്വിബ്ത്വി (കൊപ്ത്തി)കൾ ഭരണകക്ഷിയായ ഉന്നതവർഗമെന്നും, യൂസുഫ് നബി (അ)യുടെ കാലം മുതൽ അവിടെ കുടിയേറിപ്പാർത്തുവന്ന ഇസ്‌റാഈല്യർ കേവലം അടിമകളായ അധമവർഗമെന്നും വിഭജിക്കപ്പെട്ടിരുന്നു. ഇസ്‌റാഈല്യർ കാലാന്തരത്തിൽ തങ്ങളുടെ പൂർവ്വപിതാക്കളായ യഅ്ക്വൂബ് നബി (അ)യുടെയും, യൂസുഫ് നബി (അ)യുടെയും മാർഗത്തിൽ നിന്ന് വളരെ അധികം വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിലും ക്വിബ്ത്വികളിൽ നിന്നും ഏറെക്കുറെ വ്യത്യസ്തമായ മതാചാരങ്ങളും സംസ്കാരപാരമ്പര്യവുമായിരുന്നു അവർക്കുള്ളത്. വർഗവിവേചനത്തിന് ഇതും കാരണമായിരുന്നു. അങ്ങനെ, ഇസ്‌റാഈല്യർ വെറും മൃഗതുല്യരായി ഗണിക്കപ്പെടുകയും, അനേകം അക്രമ മർദ്ദനങ്ങൾക്ക് അവർ വിധേയരാവുകയും ചെയ്തു. അതേ സമയത്ത് ഇസ്‌റാഈല്യരുടെ സംഖ്യാ വർദ്ധനവ് ക്വിബ്ത്വികളിൽ അസൂയയും ഭയവും

ഉളവാക്കി. ഭാവിയിൽ തങ്ങളുടെ ഭരണം തന്നെ നഷ്ടപ്പെടുവാൻ അത് കാരണമായേക്കുമോ എന്നായി. ഒടുക്കം ഇസ്റഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെയെല്ലാം അറുകൊലചെയ്യാൻ ഫിർഔൻ കൽപിച്ചു.

ബൈബ്ൾ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: 'യോസേഫും സഹോദരൻമാരെല്ലാവരും ആ തലമുറ ഒക്കെയും മരിച്ചു. യിസ്റായേൽ മക്കൾ സന്താനസമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ടു; ദേശം അവരെക്കൊണ്ട് നിറഞ്ഞു. അനന്തരം യോസേഫിനെ അറിയാത്ത പുതിയൊരു രാജാവ് മിസ്റായീമിൽ ഉണ്ടായി. അവൻ തന്റെ ജനത്തോട്; യിസ്റായേൽ ജനം നമ്മെക്കാൾ ബാഹുല്യവും ശക്തിയുമുള്ളവരാകുന്നു. അവർ പെരുകീട്ട് ഒരു യുദ്ധം ഉണ്ടാകുന്നപക്ഷം നമ്മുടെ ശത്രുക്കളോട് ചേർന്ന് നമ്മോട് പൊരുതി ഈ രാജ്യം വിട്ടുപൊയ്ക്കളവാൻ സംഗതി വരാതിരിക്കേണ്ടതിന്ന് നാം അവരോട് ബുദ്ധിയായി പെരുമാറുക. അങ്ങനെ, കഠിനവേലകളാൽ അവരെ പീഡിപ്പിക്കേണ്ടതിന് അവരുടെമേൽ ഊഴിയവിചാരകൻമാരെ ആക്കി... എന്നാൽ അവർ പീഡിപ്പിക്കുംതോറും ജനം പെരുകി വർദ്ധിച്ചു... സൂതികർമിണികളോട് എബ്രായ സ്ത്രീകളുടെ അടുക്കൽ നിങ്ങൾ സൂതികർമത്തിന് ചെന്നുപ്രസവശയ്യയിൽ അവരെ കാണുമ്പോൾ കുട്ടി ആണാകുന്നു എങ്കിൽ നിങ്ങൾ അതിനെ കൊല്ലേണം. പെണ്ണാകുന്നു എങ്കിൽ ജീവനോടിരിക്കട്ടെ എന്ന് കൽപിച്ചു...' (പുറപ്പാട്, അദ്ധ്യായം 1)

എന്നാൽ അല്ലാഹുവിന്റെ ഉദ്ദേശ്യം നേരെ മറിച്ചായിരുന്നു:-

وَنُرِيدُ أَن نَّمُنَّ عَلَى ٱلَّذِينَ ٱسْتُضْعِفُوا۟ فِى ٱلْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ ٱلْوَٰرِثِينَ ﴿٥﴾

﴾5﴿ നാട്ടിൽ ബലഹീനരായി ഗണിക്കപ്പെടുന്നവർക്ക് ദാക്ഷിണ്യം ചെയ്യണമെന്ന് നാമും ഉദ്ദേശിക്കുന്നു; അവരെ നേതാക്കൻമാരാക്കുകയും, അവരെ അനന്തരാവകാശികളാക്കുകയും ചെയ്യാനും (നാം ഉദ്ദേശിക്കുന്നു);

وَنُمَكِّنَ لَهُمْ فِى ٱلْأَرْضِ وَنُرِىَ فِرْعَوْنَ وَهَٰمَٰنَ وَجُنُودَهُمَا مِنْهُم مَّا كَانُوا۟ يَحْذَرُونَ ﴿٦﴾

﴾6﴿ നാട്ടിൽ അവർക്ക് സ്വാധീനം നൽകുകയും, ഫിർഔന്നിനും, ഹാമാന്നും അവരുടെ സൈന്യങ്ങൾക്കും തങ്ങൾ അവരിൽനിന്ന് ഏതൊന്നിനെക്കുറിച്ച് ജാഗരൂകരായിരുന്നുവോ ആ കാര്യം (അനുഭവത്തിൽ) കാണിച്ചുകൊടുവാനും (നാം ഉദ്ദേശിക്കുന്നു).

﴾5﴿ وَنُرِيدُ നാം ഉദ്ദേശിക്കുകയും ചെയ്യുന്നു أَن نَّمُنَّ നാം ദാക്ഷിണ്യം (ഉപകാരം, നന്മ) ചെയ്യാൻ عَلَى الَّذِينَ യാതൊരു കൂട്ടർക്ക് اسْتُضْعِفُوا അവർ ബലഹീനമാക്കപ്പെട്ടു, അവശരാക്കപ്പെട്ടു فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) وَنَجْعَلَهُمْ അവരെ നാം ആക്കുവാനും أَئِمَّةً മുമ്പൻമാർ, നേതാക്കൾ وَنَجْعَلَهُمُ അവരെ നാം ആക്കുവാനും الْوَارِثِينَ അനന്തരാവകാശികൾ ﴾6﴿ وَنُمَكِّنَ

وَنُرِيَ നാം സ്വാധീനം (സൗകര്യം, സ്ഥാനം) നൽകുവാനും لَهُمْ അവർക്ക് فِي الْأَرْضِ ഭൂമിയിൽ وَنُرِيَ
നാം കാട്ടിക്കൊടുക്കുവാനും فِرْعَوْنَ ഫിർഔന് وَهَامَانَ ഹാമാന്നും وَجُنُودَهُمَا അവർ രണ്ടാളുടെയും സൈന്യങ്ങൾക്കും مِنْهُمْ അവരിൽനിന്ന് مَا യാതൊന്ന് (ഒരു കാര്യം) كَانُوا يَحْذَرُونَ അവർ ജാഗരൂകരായിരുന്ന, ഭയന്നിരുന്ന, ജാഗ്രതയായിരുന്ന

അല്ലാഹു ലോകത്ത് നടത്താറുള്ള ഒരു പൊതുനടപടിക്രമമാണ് ഇവിടെ ചൂണ്ടിക്കാട്ടുന്നത്. അതായത്, അക്രമവും, ധിക്കാരവും അതിരുകവിഞ്ഞ ജനതയെ നശിപ്പിച്ചു മർദ്ദിതരും പാവപ്പെട്ടവരുമായി കഴിയുന്ന ജനതക്ക് പ്രതാപവും സ്വാധീനവും നൽകുക. ഇതിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങൾ കാണാവുന്നതാണ്. ഫിർഔന്റെ മന്ത്രിയായിരുന്നു ഹാമാൻ.

وَأَوْحَيْنَآ إِلَىٰٓ أُمِّ مُوسَىٰٓ أَنْ أَرْضِعِيهِ ۖ فَإِذَا خِفْتِ عَلَيْهِ فَأَلْقِيهِ فِى ٱلْيَمِّ وَلَا تَخَافِى وَلَا تَحْزَنِىٓ ۖ إِنَّا رَآدُّوهُ إِلَيْكِ وَجَاعِلُوهُ مِنَ ٱلْمُرْسَلِينَ ﴿٧﴾

《7》 മൂസായുടെ മാതാവിന് നാം ബോധനം നൽകി:

'അവന് മുലകൊടുത്തുകൊള്ളുക; എന്നിട്ട് അവനെക്കുറിച്ച് നിനക്ക് പേടിയുണ്ടായാൽ അവനെ നദിയിൽ ഇട്ടേക്കുക. നീ പേടിക്കുകയും വേണ്ടാ, വ്യസനിക്കുകയും വേണ്ടാ! നിശ്ചയമായും, നാം അവനെ നിന്റെ അടുക്കലേക്ക് തിരിച്ചുകൊണ്ട് വരുന്നതും, അവനെ 'മുർസലു' കളിൽ (ദൈവദൂതൻമാരിൽ) പെട്ടവനാക്കുന്നതുമാകുന്നു.'

《7》 وَأَوْحَيْنَا നാം ബോധനം (സ്വകാര്യസന്ദേശം) നൽകി إِلَىٰ أُمِّ مُوسَىٰ മൂസായുടെ മാതാവിന് أَنْ أَرْضِعِيهِ നീ അവന് മുലകൊടുക്കുക എന്ന് فَإِذَا خِفْتِ എന്നിട്ട് നീ പേടിച്ചാൽ عَلَيْهِ അവനെക്കുറിച്ച് فَأَلْقِيهِ അപ്പോൾ നീ ഇടുക فِي الْيَمِّ നദിയിൽ, ജലാശയത്തിൽ, സമുദ്രത്തിൽ وَلَا تَخَافِي നീ ഭയപ്പെടരുത് وَلَا تَحْزَنِي നീ വ്യസനിക്കയും അരുത് إِنَّا നിശ്ചയമായും നാം رَادُّوهُ അവനെ മടക്കിക്കൊണ്ടുവരുന്നവരാണ് (തിരിച്ചുതരുന്നതാണ്) إِلَيْكِ നിനക്ക്, നിന്നിലേക്ക് وَجَاعِلُوهُ അവനെ ആക്കുന്നവരുമാണ് مِنَ الْمُرْسَلِينَ മുർസലുകളിൽ പെട്ട(വൻ)

ഇസ്റാഈല്യരുടെ ആൺകുട്ടികളെ കണ്ടമാനം കൊന്നൊടുക്കിയിരുന്ന കാലത്താണ് മൂസാ നബി (അ)യുടെ ജനനം. മാതാവിന് തന്റെ കുഞ്ഞിനെപ്പറ്റി കഠിന ഭയമുണ്ടായിരിക്കുമെന്ന് പറയേണ്ടതില്ല. ഈ സന്ദർഭത്തിലാണ് അല്ലാഹു മേൽകണ്ടപ്രകാരം തോന്നിപ്പിച്ചുകൊണ്ട് അവർക്ക് മനസ്സമാധാനം നൽകുന്നത്. അവർ കുട്ടിയെ ഒരു പെട്ടിയിലാക്കി നൈൽ നദിയിലിട്ടു.

فَٱلْتَقَطَهُۥٓ ءَالُ فِرْعَوْنَ لِيَكُونَ لَهُمْ عَدُوًّا وَحَزَنًا ۗ إِنَّ فِرْعَوْنَ وَهَـٰمَـٰنَ وَجُنُودَهُمَا كَانُوا۟ خَـٰطِـِٔينَ ﴿٨﴾

﴿8﴾ എന്നിട്ട്, തങ്ങള്‍ക്ക് ശത്രുവും, വ്യസനകരവും ആയിത്തീരുവാന്‍വേണ്ടി, ഫിര്‍ഔന്റെ ആള്‍ക്കാര്‍ അവനെ (നദിയില്‍നിന്ന്) കണ്ടെടുത്തു.

നിശ്ചയമായും, ഫിര്‍ഔനും, ഹാമാനും, അവരുടെ സൈന്യങ്ങളും അബദ്ധം പിണഞ്ഞവരായിരുന്നു.

﴿8﴾ فَٱلْتَقَطَهُ എന്നിട്ട് അവനെ കണ്ടെടുത്തു آلُ فِرْعَوْنَ ഫിര്‍ഔന്റെ ആള്‍ക്കാര്‍ لِيَكُونَ അവന്‍ ആയിരിക്കുവാന്‍ لَهُمْ അവര്‍ക്ക് عَدُوًّا ശത്രു وَحَزَنًا വ്യസനവും, ദുഃഖവും إِنَّ فِرْعَوْنَ നിശ്ചയമായും ഫിര്‍ഔന്‍ وَهَامَانَ ഹാമാനും وَجُنُودَهُمَا അവരുടെ സൈന്യങ്ങളും كَانُوا അവരായിരുന്നു خَاطِئِينَ പിഴച്ചവര്‍, അബദ്ധം പിണഞ്ഞവര്‍

അവരും അവരുടെ സര്‍വസ്വവും നശിക്കുവാനും, അവരെ തീരാദുഃഖത്തിലാഴ്ത്തുവാനും കാരണഭൂതനായി കലാശിക്കുന്ന ആ കുഞ്ഞിനെ അവരുടെ കൈക്ക് തന്നെ അല്ലാഹു രക്ഷപ്പെടുത്തി. നൈല്‍നദിയിലൂടെ ഒഴുകിപ്പോകുകയായിരുന്ന ആ കുട്ടിയെ എടുത്തു രക്ഷപ്പെടുത്തുകവഴി അവര്‍ തങ്ങള്‍ക്ക് തന്നെ വമ്പിച്ച ആപത്ത് വലിച്ചിടുകയാണ് ചെയ്തത്. ആ കുട്ടി ഇസ്റാഈല്യരില്‍ പെട്ടവനായിരിക്കാമെന്നും, അവനെ കൊലപ്പെടുത്തണമെന്നും ഫിര്‍ഔന്‍ ഉത്തരവിടാതിരുന്നില്ല. പക്ഷേ, അല്ലാഹു ഉദ്ദേശിച്ചത് ഫിര്‍ഔന്റെ ലാളനയില്‍ തന്നെ കുട്ടി വളരണമെന്നായിരുന്നു.

وَقَالَتِ ٱمْرَأَتُ فِرْعَوْنَ قُرَّتُ عَيْنٍ لِّى وَلَكَ ۖ لَا تَقْتُلُوهُ عَسَىٰٓ أَن يَنفَعَنَآ أَوْ نَتَّخِذَهُۥ وَلَدًا وَهُمْ لَا يَشْعُرُونَ ﴿٩﴾

﴿9﴾ ഫിര്‍ഔന്റെ ഭാര്യ പറഞ്ഞു: (ഈ കുട്ടി) എനിക്കും, അങ്ങേക്കും ഒരു കണ്‍കുളിര്‍മയായിരിക്കും- ഇവനെ നിങ്ങള്‍ കൊലപ്പെടുത്തരുത്;

'ഇവന്‍ നമുക്ക് ഉപകരിച്ചേക്കാം, അല്ലെങ്കില്‍ നമുക്കിവനെ ഒരു സന്താനമായി സ്വീകരിക്കാം.' അവരാകട്ടെ, (യാഥാര്‍ത്ഥ്യം) അറിഞ്ഞിരുന്നില്ല.

﴿9﴾ وَقَالَتِ പറഞ്ഞു امْرَأَةُ فِرْعَوْنَ ഫിര്‍ഔന്റെ സ്ത്രീ (ഭാര്യ) قُرَّةُ عَيْنٍ കണ്‍കുളിര്‍മയാണ് (മനസ്സന്തോഷമാണ്) لِي എനിക്ക് وَلَكَ അങ്ങേക്കും, നിനക്കും لَا تَقْتُلُوهُ നിങ്ങളവനെ കൊലപ്പെടുത്തരുത് عَسَى أَن يَنفَعَنَا അവന്‍ നമുക്ക് ഉപകരിച്ചേക്കാം, പ്രയോജനം ചെയ്തേക്കാം أَوْ نَتَّخِذَهُ അല്ലെങ്കില്‍ നമുക്കവനെ ആക്കാം, സ്വീകരിക്കാം وَلَدًا സന്താനമായി, കുട്ടിയായി وَهُمْ അവരാകട്ടെ لَا يَشْعُرُونَ അറിഞ്ഞിരുന്നില്ല

കുട്ടിയെ കണ്ടപ്പോൾ ഫിർഔന്റെ ഭാര്യക്ക് അലിവും ആവേശവും തോന്നി. തങ്ങൾക്ക് അവനെ ലാളിച്ചും ഓമനിച്ചും കൊണ്ടിരിക്കാം, ഒരു പോറ്റുകുട്ടിയായി വളർത്താം. അവൻ മുഖാന്തരം ഭാവിയിൽ വല്ല ഗുണവും കിട്ടിയേക്കാം, ഏതായാലും അവനെ വധിച്ചുകൂടാ എന്നൊക്കെയായിരുന്നു രാജ്ഞിയുടെ പക്ഷം. അങ്ങനെ മൂസാ (അ) വധത്തിൽനിന്ന് രക്ഷപ്പെട്ടു. സംഭവിക്കാനിരിക്കുന്ന യാഥാർത്ഥ്യങ്ങളെക്കുറിച്ച അവർക്കാർക്കും അറിഞ്ഞുകൂടല്ലോ!

وَأَصْبَحَ فُؤَادُ أُمِّ مُوسَىٰ فَـٰرِغًا ۖ إِن كَادَتْ لَتُبْدِى بِهِۦ لَوْلَآ أَن رَّبَطْنَا عَلَىٰ قَلْبِهَا لِتَكُونَ مِنَ ٱلْمُؤْمِنِينَ ﴿١٠﴾

《10》 മൂസായുടെ മാതാവിന്റെ ഹൃദയം (അസ്വാസ്ഥ്യം നിമിത്തം) ശൂന്യമായിത്തീർന്നു. അവളുടെ മനസ്സിന് നാം ദാർഢ്യം നൽകിയിട്ടില്ലായിരുന്നുവെങ്കിൽ, നിശ്ചയമായും അവൾ അത് [ആ രഹസ്യം] വെളിപ്പെടുത്തിയേക്കുമായിരുന്നു! അവൾ വിശ്വസിക്കുന്നവരിൽപെട്ടവളാകുവാൻ വേണ്ടിയത്രെ (നാം അങ്ങനെ ചെയ്തത്).

وَقَالَتْ لِأُخْتِهِۦ قُصِّيهِ ۖ

《11》 അവൾ അവന്റെ [മൂസായുടെ] സഹോദരിയോട്; 'നീ അവന് പിന്നാലെ ചെന്നന്വേഷിക്കുക' എന്ന് പറഞ്ഞു

فَبَصُرَتْ بِهِۦ عَن جُنُبٍ وَهُمْ لَا يَشْعُرُونَ ﴿١١﴾

എന്നിട്ട്, അവൾ അവനെപ്പറ്റി അകലെനിന്ന് കണ്ടുമനസ്സിലാക്കി; അവരാകട്ടെ അറിഞ്ഞിരുന്നിതുമില്ല.

۞ وَحَرَّمْنَا عَلَيْهِ ٱلْمَرَاضِعَ مِن قَبْلُ فَقَالَتْ هَلْ أَدُلُّكُمْ عَلَىٰٓ أَهْلِ بَيْتٍ يَكْفُلُونَهُۥ لَكُمْ وَهُمْ لَهُۥ نَـٰصِحُونَ ﴿١٢﴾

《12》 (സഹോദരി വരുന്നതിന്) മുമ്പ് മുലകൊടുക്കുന്ന സ്ത്രീകളെ നാം അവന് നിരോധിക്കുകയും ചെയ്തു. അപ്പോൾ, അവൾ പറഞ്ഞു: 'നിങ്ങൾക്കുവേണ്ടി ഇവനെ ഏറ്റെടുക്കുന്ന ഒരു വീട്ടുകാരെക്കുറിച്ച് നിങ്ങൾക്ക് ഞാൻ അറിവ് തരട്ടെയോ? അവർ ഇവന് ഗുണകാംക്ഷികളായിരിക്കുന്നതുമാണ്.

《10》 وَأَصْبَحَ ആയിത്തീർന്നു فُؤَادُأُمِّ مُوسَى മൂസായുടെ മാതാവിന്റെ ഹൃദയം فَارِغًا ഒഴിഞ്ഞത്, ശൂന്യമായത് إِنْ كَادَتْ നിശ്ചയമായും അവൾ ആയേക്കുമായിരുന്നു لَتُبْدِي بِهِ അത്

വെളിപ്പെടുത്തുക തന്നെ لَوْلَآ أَن رَّبَطْنَا നാം ദാർഢ്യം നൽകിയിട്ടില്ലായിരുന്നുവെങ്കിൽ عَلَىٰ قَلْبِهَا അവളുടെ മനസ്സിന് لِتَكُونَ അവൾ ആകുവാൻ വേണ്ടി مِنَ ٱلْمُؤْمِنِينَ സത്യവിശ്വാസികളിൽപെട്ട (വൾ) ﴾11﴿ وَقَالَتْ അവൾ പറഞ്ഞു لِأُخْتِهِۦ അവന്റെ സഹോദരിയോട് قُصِّيهِ നീ അവന് പിന്നാലെ ചെന്നന്വേഷിക്കുക, فَبَصُرَتْ എന്നിട്ടവൾ കണ്ടറിഞ്ഞു بِهِۦ അവനെപ്പറ്റി عَن جُنُبٍ അകലെനിന്ന്, ദൂരത്തായിക്കൊണ്ട് وَهُمْ അവർ لَا يَشْعُرُونَ അറിഞ്ഞിരുന്നതുമില്ല ﴾12﴿ وَحَرَّمْنَا നാം നിരോധിക്കയും (മുടക്കം ചെയ്കയും) ചെയ്തു عَلَيْهِ അവന്ന്, അവന്റെമേൽ ٱلْمَرَاضِعَ മുലകൊടുക്കുന്ന സ്ത്രീകളെ مِن قَبْلُ മുമ്പ് فَقَالَتْ അപ്പോൾ അവൾ പറഞ്ഞു هَلْ أَدُلُّكُمْ നിങ്ങൾക്ക് ഞാൻ അറിയിച്ചുതരട്ടെയോ عَلَىٰٓ أَهْلِ بَيْتٍ ഒരു വീട്ടുകാരെക്കുറിച്ച് يَكْفُلُونَهُۥ അവനെ ഏറ്റെടുക്കുന്ന لَكُمْ നിങ്ങൾക്കുവേണ്ടി وَهُمْ അവരാകട്ടെ لَهُۥ അവന്ന് نَٰصِحُونَ ഗുണകാംക്ഷികളുമായിരിക്കും.

കുട്ടിയെ നദിയിലിട്ടത് മുതൽ മാതാവിന് എത്രമാത്രം അസ്വാസ്ഥ്യം ഉണ്ടാകുമെന്ന് പറയേണ്ടതില്ല. ഫിർഔന്റെ ആൾക്കാർ കുട്ടിയെ കണ്ടെടുത്തിട്ടുണ്ടെന്നുകൂടി അറിയുമ്പോൾ അത് കൂടുതൽ വർദ്ധിക്കുകയും ചെയ്യുമല്ലോ. അങ്ങനെ, കുഞ്ഞിനെ സംബന്ധിച്ച ഏക വിചാരമല്ലാതെ മറ്റൊന്നും ആ ഹൃദയത്തിൽ പ്രവേശിക്കാതായി. അല്ലാഹു അവരുടെ ഹൃദയത്തിന് ദൃഢതയും ശക്തിയും നൽകിയിരുന്നില്ലെങ്കിൽ അവരിൽനിന്ന് രഹസ്യം പുറത്തായേക്കുമായിരുന്നു. പക്ഷേ, അല്ലാഹു കാത്തുസൂക്ഷിച്ചു. അവൻ അവർക്ക് നൽകിയിരുന്ന വാഗ്ദാനം സത്യമാണെന്ന് അനന്തര സംഭവങ്ങൾ തെളിയിക്കുകയും ചെയ്തു.

കുട്ടിയുടെ സ്ഥിതിയെപ്പറ്റി ഗൂഢമായി അന്വേഷിക്കാൻ മൂസാ നബി (അ)യുടെ മൂത്തസഹോദരിയെ മാതാവ് ഏർപ്പാട് ചെയ്തിരുന്നു. കുട്ടി രാജകൊട്ടാരത്തിലെത്തിയ വിവരം അവൾക്കറിയാൻ കഴിഞ്ഞു. മാത്രമല്ല, കുട്ടി ആരുടെയും മുലകുടിക്കുവാൻ കൂട്ടാക്കാതെ കൊട്ടാരവാസികൾ വിഷമിക്കുന്നതായി കാണുകയും, ആ സന്ദർഭം സാമർത്ഥ്യപൂർവ്വം അവൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. ആ കൊട്ടാരകുഞ്ഞിനെ ഏറ്റുവാങ്ങി വേണ്ടത്ര പരിഗണനയോടുകൂടി വളർത്തുവാൻ പറ്റിയ ഒരുവീട്ടുകാർ തന്റെ അറിവിലുണ്ടെന്ന് ഉണർത്തിച്ചു. ഈ നിർദ്ദേശം അംഗീകരിക്കപ്പെടുകയും ചെയ്തു. ഇതോട് കൂടി കുട്ടിയെ മാതാവിന് തിരിച്ചു കിട്ടുക മാത്രമല്ല സംഭവിക്കുന്നത് കൊട്ടാരത്തിൽനിന്നുള്ള പല ആനുകൂല്യങ്ങളും, നല്ല വേതനവും മാതാവിന് ലഭിക്കുകകൂടി ചെയ്യുമല്ലോ.

فَرَدَدْنَٰهُ إِلَىٰٓ أُمِّهِۦ كَىْ تَقَرَّ عَيْنُهَا وَلَا تَحْزَنَ وَلِتَعْلَمَ أَنَّ وَعْدَ ٱللَّهِ حَقٌّ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿١٣﴾

﴾13﴿ അങ്ങനെ, അവന്റെ മാതാവിന്റെ കൺകുളിർക്കുകയും, അവൾ വ്യസനിക്കാതിരിക്കുകയും ചെയ്യാൻ വേണ്ടിയും, അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥം തന്നെയാണെന്ന് അവൾ അറിയേണ്ടതിനായും അവനെ നാം അവൾക്ക് തിരിച്ചുകൊടുത്തു. എങ്കിലും, അവരിൽ അധികമാളുകളും അറിയുമായിരുന്നില്ല

﴾13﴿ فَرَدَدْنَاهُ അങ്ങനെ അവനെ നാം മടക്കി, തിരിച്ചുകൊടുത്തു إِلَىٰ أُمِّهِ അവന്റെ മാതാവിലേക്ക്, كَيْ تَقَرَّ കുളിർക്കുവാൻവേണ്ടി عَيْنُهَا അവളുടെ കണ്ണ് وَلَا تَحْزَنَ അവൾ വ്യസനിക്കാതിരിക്കുവാനും وَلِتَعْلَمَ അവൾ അറിയുവാനും أَنَّ وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദാനമാണെന്ന് حَقٌّ യഥാർത്ഥം, സത്യം وَلَٰكِنَّ أَكْثَرَهُمْ എങ്കിലും അവരിലധികമാളുകളും لَا يَعْلَمُونَ അറിഞ്ഞിരുന്നില്ല

സഹോദരിയുടെ നിർദ്ദേശം അംഗീകരിക്കപ്പെട്ടതനുസരിച്ച് കുട്ടിയെ മാതാവിന് തന്നെ തിരിച്ചുകിട്ടുവാൻ അവസരമുണ്ടാകുകയും, അങ്ങനെ, അല്ലാഹു അവരോട് ചെയ്ത വാഗ്ദാനം യഥാർത്ഥമായിത്തീരുകയും ചെയ്തു. സൃഷ്ടികൾ അറിയുകയോ അനുമാനിക്കുകയോ ചെയ്യാത്ത മാർഗങ്ങളിൽകൂടി അല്ലാഹു ഉദ്ദേശിച്ച കാര്യങ്ങൾ അവൻ നടപ്പിലാക്കുന്നു. അവ നടപ്പിൽ വന്നു കാണുമ്പോഴേ മനുഷ്യന് അവ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ

വിഭാഗം - 2

وَلَمَّا بَلَغَ أَشُدَّهُۥ وَٱسْتَوَىٰٓ ءَاتَيْنَٰهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿١٤﴾

﴾14﴿ അദ്ദേഹം [മൂസാ] തന്റെ ശക്തി പ്രാപിക്കുകയും, പാകതയെത്തുകയും ചെയ്തപ്പോൾ നാം അദ്ദേഹത്തിന് വിജ്ഞാനവും (അഥവാ വിധികർതൃത്വവും) അറിവും നല്കി. അപ്രകാരമാണ് സൽഗുണവാൻമാർക്ക് നാം പ്രതിഫലം കൊടുക്കുന്നത്.

﴾14﴿ وَلَمَّا بَلَغَ അദ്ദേഹം എത്തിയപ്പോൾ, പ്രാപിച്ചപ്പോൾ أَشُدَّهُ തന്റെ ശക്തിയിൽ, (യൗവനദശയിൽ) وَاسْتَوَىٰ ശരിയായ നിലക്കെത്തുകയും, പാകത വരുകയും آتَيْنَاهُ അദ്ദേഹത്തിന് നാം നൽകി حُكْمًا വിധി, വിജ്ഞാനം وَعِلْمًا അറിവും وَكَذَٰلِكَ അപ്രകാരം نَجْزِي നാം പ്രതിഫലം നൽകുന്നു الْمُحْسِنِينَ നന്മ ചെയ്യുന്നവർക്ക്, സൽഗുണവാൻമാർക്ക്

ഒരാളുടെ ശാരീരികമായ ശക്തിയും വളർച്ചയും പൂർത്തിയാകുമ്പോൾ -അഥവാ യൗവനപ്രായത്തിങ്കലെത്തുമ്പോൾ بَلَغَ أَشُدَّهُ (അവൻ തന്റെ ശക്തി പ്രാപിച്ചു) എന്നും, ബുദ്ധിക്ക് പക്വതയും, പാകതയും വരുമ്പോൾ اسْتَوَىٰ (ശരിയായ നിലയിലെത്തി) എന്നും പറയുന്നു. പരിതഃസ്ഥിതികൾക്കനുസരിച്ച് രണ്ടിനും വയസ്സ് വ്യത്യാസപ്പെട്ടേക്കാം. بَلَغَ أَشُدَّهُ എന്ന് പറയപ്പെടുക 18 നും 30 നും ഇടയ്ക്കാണെന്ന് ചിലരും 30 നും 40 നും ഇടയ്ക്കാണെന്ന് ചിലരും പ്രസ്താവിച്ചു കാണാം. حُكْم (ഹുക്മ്) എന്ന വാക്കിന് വിജ്ഞാനം, വിധി, വിധികർതൃത്വം, വിധിക്കുവാനുള്ള അധികാരം എന്നൊക്കെ അർത്ഥം വരാം. മൂസാ നബി (അ)ക്ക് പ്രവാചകത്വം ലഭിക്കുന്നത് എനിയും കുറെ കഴിഞ്ഞ ശേഷമാണെന്ന് താഴെ വചനങ്ങളിൽനിന്നും മറ്റും മനസ്സിലാക്കാം. എന്നിരിക്കെ, പ്രവാചകനെന്ന നിലക്കുള്ള അറിവും, വിധികർതൃത്വവും ആയിരിക്കുകയില്ല ഇവിടെ ഉദ്ദേശ്യം എന്നാണ്

കരുതേണ്ടത്. ഭാവിയിൽ ലഭിക്കുവാനിരിക്കുന്ന പ്രവാചകത്വമാണിവിടെ ഉദ്ദേശ്യമെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ട്. الله اعلم പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പുണ്ടായ ഒരു സംഭവമാണ് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നത്.

وَدَخَلَ ٱلْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِّنْ أَهْلِهَا فَوَجَدَ فِيهَا رَجُلَيْنِ يَقْتَتِلَانِ هَـٰذَا مِن شِيعَتِهِۦ وَهَـٰذَا مِنْ عَدُوِّهِۦ ۖ

《15》 പട്ടണവാസികളുടെ ഒരശ്രദ്ധയുടെ നേരത്ത് അദ്ദേഹം അതിൽ [പട്ടണത്തിൽ] പ്രവേശിച്ചു; അപ്പോൾ, അവിടെ രണ്ട് പുരുഷൻമാർ ശണ്ഠ കൂടുന്നതായി അദ്ദേഹം കണ്ടെത്തി: ഇയാൾ [രണ്ടിലൊരുവൻ] തന്റെ കക്ഷിയിൽ പെട്ടവനും, ഇയാൾ [മറ്റവൻ] തന്റെ ശത്രുക്കളിൽപെട്ടവനുമാണ്.

فَٱسْتَغَـٰثَهُ ٱلَّذِى مِن شِيعَتِهِۦ عَلَى ٱلَّذِى مِنْ عَدُوِّهِۦ

അങ്ങനെ, തന്റെ കക്ഷിയിൽപെട്ടവൻ, ശത്രുക്കളിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി.

فَوَكَزَهُۥ مُوسَىٰ فَقَضَىٰ عَلَيْهِ ۖ قَالَ هَـٰذَا مِنْ عَمَلِ ٱلشَّيْطَـٰنِ ۖ إِنَّهُۥ عَدُوٌّ مُّضِلٌّ مُّبِينٌ ﴿١٥﴾

അപ്പോൾ, മൂസാ അവനെ (മുഷ്ടി ചുരുട്ടി) ഇടിച്ചു, അങ്ങനെ, അവന്റെ പണിതീർത്തു [കഥ കഴിച്ചു!] അദ്ദേഹം പറഞ്ഞു: 'ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാണ്; നിശ്ചയമായും, അവൻ വഴി പിഴപ്പിക്കുന്ന പ്രത്യക്ഷ ശത്രുവാകുന്നു!'

《15》 وَدَخَلَ അദ്ദേഹം പ്രവേശിച്ചു الْمَدِينَةَ പട്ടണത്തിൽ عَلَىٰ حِينِ غَفْلَةٍ ഒരു അശ്രദ്ധയുടെ നേരത്ത്, അശ്രദ്ധാവേളയിൽ مِنْ أَهْلِهَا അതിലെ ആൾക്കാരിൽ (നിവാസികളിൽ)നിന്നുള്ള فَوَجَدَ അപ്പോൾ അദ്ദേഹം കണ്ടെത്തി فِيهَا അതിൽ رَجُلَيْنِ രണ്ട് പുരുഷൻമാരെ يَقْتَتِلَانِ അവർ ശണ്ഠ കൂടുന്നതായി هَٰذَا ഇവൻ مِن شِيعَتِهِ തന്റെ കക്ഷിയിൽ പെട്ടവനാണ് وَهَٰذَا ഇവൻ (മറ്റവൻ) مِنْ عَدُوِّهِ തന്റെ ശത്രുക്കളിൽ പെട്ടവനുമാണ് فَاسْتَغَاثَهُ അപ്പോൾ അദ്ദേഹത്തോട് സഹായം തേടി الَّذِي യാതൊരുവൻ مِن شِيعَتِهِ തന്റെ കക്ഷിയിൽപെട്ട عَلَى الَّذِي യാതൊരുവന്റെ മേൽ (എതിരിൽ) مِنْ عَدُوِّهِ തന്റെ ശത്രുക്കളിൽപ്പെട്ട فَوَكَزَهُ അപ്പോൾ അവനെ ഇടിച്ചു مُوسَىٰ മൂസാ فَقَضَىٰ عَلَيْهِ അങ്ങനെ അദ്ദേഹം അവന്റെ കഥ കഴിച്ചു, അവന്റെ പണിതീർത്തു قَالَ അദ്ദേഹം പറഞ്ഞു هَٰذَا ഇത് مِنْ عَمَلِ الشَّيْطَانِ പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാണ് إِنَّهُ നിശ്ചയമായും അവൻ عَدُوٌّ ശത്രുവാണ് مُضِلٌّ

വഴിപിഴപ്പിക്കുന്ന مُّبِينٌ വ്യക്തമായ, പ്രത്യക്ഷമായ

ഇസ്റാഈല്യരുടെ വാസസ്ഥലം പട്ടണത്തിൽ നിന്ന് അൽപം അകലെയായിരുന്നു. മൂസാ നബി (അ) ഒരിക്കൽ പട്ടണത്തിൽ വന്നപ്പോഴാണ് യാദൃശ്ചികമായി ആ സംഭവമുണ്ടായത്. പട്ടണവാസികളുടെ ശ്രദ്ധ പതിയാൻ ഇടയാകാത്ത ഒരവസരമായിരുന്നു അത്. ഉച്ചസമയത്തെ ഉഷ്ണാവസ്ഥയാണതിന് കാരണമെന്നും, അതല്ല സന്ധ്യാ സമയത്തെ ഇരുട്ടാണെന്നും പറയപ്പെടുന്നു. ഇസ്റാഈൽക്കാരനെക്കൊണ്ട് ക്വിബ്ത്വി വർഗക്കാരൻ കഠിനജോലി ചെയ്യിക്കാൻ ശ്രമിച്ചതിനെത്തുടർന്നാണ് ശണ്ഠ ഉത്ഭവിച്ചതെന്നും ചിലർ പറഞ്ഞുകാണുന്നു. അല്ലാഹുവിനറിയാം. ഏതായാലും ഇസ്റാഈൽക്കാരന്റെ സഹായാർത്ഥനയനുസരിച്ച് ആരോഗ്യഗാത്രനായ മൂസാ (അ) ക്വിബ്ത്വിയെ ശക്തിയായൊന്നുകൊടുത്തു. അതിലവന്റെ കഥ കഴിഞ്ഞുപോയി. അവിചാരിതമായിട്ടാണെങ്കിലും, അവിവേകമായിത്തീർന്ന ആ കൃത്യത്തെപ്പറ്റി അദ്ദേഹം വളരെ ഖേദിച്ചു.

قَالَ رَبِّ إِنِّي ظَلَمْتُ نَفْسِي فَٱغْفِرْ لِي فَغَفَرَ لَهُۥٓ ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿١٦﴾

﴿16﴾ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! ഞാൻ എന്നോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ട് എനിക്ക് നീ പൊറുത്തു തരേണമേ!' ആകയാൽ, അവൻ [റബ്ബ്] അദ്ദേഹത്തിന് പൊറുത്തുകൊടുത്തു. നിശ്ചയമായും,അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയുമത്രെ.

قَالَ رَبِّ بِمَآ أَنْعَمْتَ عَلَيَّ فَلَنْ أَكُونَ ظَهِيرًا لِّلْمُجْرِمِينَ ﴿١٧﴾

﴿17﴾ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! നീ എന്റെ മേൽ അനുഗ്രഹം ചെയ്തു തന്നിട്ടുള്ളതുകൊണ്ട് എനി ഞാൻ കുറ്റവാളികൾക്ക് പിൻതുണ നൽകുന്നവനായിരിക്കുന്നതേയല്ല.'

﴿16﴾ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ إِنِّي നിശ്ചയമായും ഞാൻ ظَلَمْتُ ഞാൻ അക്രമം, (അനീതി) ചെയ്തിരിക്കുന്നു نَفْسِي എന്നോട്, എന്റെ ആത്മാവിനോട് فَاغْفِرْلِي അതുകൊണ്ട് എനിക്ക് നീ പൊറുത്തുതരേണമേ فَغَفَرَ അപ്പോൾ അവൻ പൊറുത്തു لَهُ അദ്ദേഹത്തിന് إِنَّهُ നിശ്ചയമായും അവൻ هُوَالْغَفُورُ അവൻ വളരെ പൊറുക്കുന്നവനത്രെ الرَّحِيمُ കരുണാനിധിയായ ﴿17﴾ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ بِمَاأَنْعَمْتَ നീ അനുഗ്രഹം ചെയ്തിരിക്കകൊണ്ട് عَلَيَّ എന്റെ മേൽ, എനിക്ക് فَلَنْ أَكُونَ എനി ഞാൻ ആയിരിക്കുകയേ ഇല്ല ظَهِيرًا പിൻതുണ നൽകുന്നവൻ, സഹായി لِلْمُجْرِمِينَ കുറ്റവാളികൾക്ക്, പാപികൾക്ക്

അദ്ദേഹം ഖേദിച്ചുമടങ്ങുകയും, പാപമോചനം തേടുകയും ചെയ്തു. മേലിൽ ഇത്തരം അബദ്ധത്തിൽ കുടുങ്ങുകയില്ലെന്ന് ദൃഢനിശ്ചയവും ചെയ്തു. ഏതായാലും, സംഭവം വെളിക്ക് വന്നാൽ വമ്പിച്ച പ്രത്യാഘാതമുണ്ടാകും. കൊല്ലപ്പെട്ടവൻ ഭരണകക്ഷിയിൽ പെട്ടവനും കൊലചെയ്തവൻ ഇസ്റാഈലിയുമാണല്ലോ.

فَأَصْبَحَ فِي ٱلْمَدِينَةِ خَآئِفًا يَتَرَقَّبُ فَإِذَا ٱلَّذِى ٱسْتَنصَرَهُۥ بِٱلْأَمْسِ يَسْتَصْرِخُهُۥ ۚ

﴿18﴾ അങ്ങനെ, അദ്ദേഹം പട്ടണത്തിൽ പേടിച്ചു (ഭവിഷ്യത്തിനെപ്പറ്റി) വീക്ഷിച്ചുംകൊണ്ടിരിക്കുകയായി. അപ്പോഴതാ, തലേദിവസം സഹായമർത്ഥിച്ചവൻ (പിറ്റേദിവസം വീണ്ടും) അദ്ദേഹത്തോട് (സഹായത്തിന്) നിലവിളി കൂട്ടുന്നു.

قَالَ لَهُۥ مُوسَىٰٓ إِنَّكَ لَغَوِىٌّ مُّبِينٌ ﴿١٨﴾

മൂസാ അവനോട് പറഞ്ഞു: 'നിശ്ചയമായും നീ ഒരു പ്രത്യക്ഷ ദുർമാർഗി തന്നെയാണ്.'

فَلَمَّآ أَنْ أَرَادَ أَن يَبْطِشَ بِٱلَّذِى هُوَ عَدُوٌّ لَّهُمَا

﴿19﴾ എന്നിട്ട്, അദ്ദേഹം അവർ രണ്ടാളുടെയും ശത്രുവായുള്ളവനിൽ കയ്യൂക്ക് നടത്തുവാൻ ഉദ്ദേശിച്ചപ്പോൾ,-

قَالَ يَـٰمُوسَىٰٓ أَتُرِيدُ أَن تَقْتُلَنِى كَمَا قَتَلْتَ نَفْسًۢا بِٱلْأَمْسِ ۖ إِن تُرِيدُ إِلَّآ أَن تَكُونَ جَبَّارًا فِى ٱلْأَرْضِ وَمَا تُرِيدُ أَن تَكُونَ مِنَ ٱلْمُصْلِحِينَ ﴿١٩﴾

അവൻ പറഞ്ഞു: 'മൂസാ! താൻ ഇന്നലെ ഒരാളെ കൊന്നത് പോലെ (ഇന്ന്) എന്നെ കൊല്ലുവാൻ നീ ഉദ്ദേശിക്കുകയാണോ?! നീ നാട്ടിൽ ഒരു സ്വേച്ഛാധികാരിയായിത്തീരുവാനല്ലാതെ ഉദ്ദേശിക്കുന്നില്ല; നന്മയുണ്ടാക്കുന്നവരുടെ കൂട്ടത്തിലായിത്തീരുവാൻ നീ ഉദ്ദേശിക്കുന്നില്ലതാനും.

﴿18﴾ فَأَصْبَحَ അങ്ങനെ അദ്ദേഹം ആയി فِي الْمَدِينَةِ പട്ടണത്തിൽ خَائِفًا പേടിച്ചവൻ يَتَرَقَّبُ പ്രതീക്ഷിച്ചു (വീക്ഷിച്ചു- കാത്തു)കൊണ്ട് فَإِذَا അപ്പോഴതാ الَّذِي اسْتَنْصَرَهُ തന്നോട് സഹായത്തിനർത്ഥിച്ചവൻ بِالْأَمْسِ ഇന്നലെ, തലേദിവസം يَسْتَصْرِخُهُ അദ്ദേഹത്തോട് നിലവിളികൂട്ടുന്നു, സഹായത്തിന് വിളിക്കുന്നു قَالَ لَهُ അവനോട് പറഞ്ഞു مُوسَى മൂസാ إِنَّكَ നിശ്ചയമായും നീ لَغَوِيٌّ ഒരു ദുർമാർഗി തന്നെ, തോന്നിയവാസിതന്നെ مُبِينٌ സ്പഷ്ടമായ, പ്രത്യക്ഷമായ ﴿19﴾ فَلَمَّا أَنْ أَرَادَ എന്നിട്ടദ്ദേഹം ഉദ്ദേശിച്ചപ്പോൾ أَنْ يَبْطِشَ കയ്യൂക്ക് (കൈബലം) നടത്തുവാൻ, പിടികൂടുവാൻ بِالَّذِي യാതൊരുവനിൽ هُوَ عَدُوٌّ അവൻ ശത്രുവാണ് لَهُمَا അവർക്ക്രണ്ടാൾക്കും قَالَ അവൻപറഞ്ഞു يَا مُوسَى ഹേ മൂസാ أَتُرِيدُ നീ ഉദ്ദേശിക്കുന്നുവോ أَنْ تَقْتُلَنِي എന്നെ കൊല്ലുവാൻ كَمَا قَتَلْتَ നീ കൊന്നത് പോലെ نَفْسًا ഒരാളെ, ആത്മാവിനെ بِالْأَمْسِ ഇന്നലെ إِنْ تُرِيدُ നീ ഉദ്ദേശിക്കുന്നില്ല إِلَّا أَنْ تَكُونَ നീ ആകുവാനല്ലാതെ جَبَّارًا ഒരു

أَن تَكُونَ നീ ഉദ്ദേശിക്കുന്നുമില്ല وَمَا تُرِيدُ സ്വേച്ഛാധികാരി (ധിക്കാരി) فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ)
നീ ആകുവാൻ مِنَ الْمُصْلِحِينَ നന്മയുണ്ടാക്കുന്നവരുടെ കൂട്ടത്തിൽ

ഇന്നലത്തെ സംഭവം തന്റെ പക്കൽ കൈതെറ്റ് വന്നുപോയതാണെങ്കിലും, അതൊരു കൊലപാതകമാണല്ലോ. എന്തൊക്കെയാണ് അത്മൂലം നേരിടാനിരിക്കുന്നതെന്നറിയാതെ അദ്ദേഹം ഭയത്തിലും, ആശങ്കയിലും കഴിയുകയാണ്. ഈ അവസരത്തിലാണ് വീണ്ടും അതേ മാതിരി വേറൊരു ഘട്ടവും തന്നെ അഭിമുഖീകരിക്കുന്നത്. തലേ ദിവസം സഹായ ത്തിനപേക്ഷിച്ചവൻ ഇന്നും അതാ വിളിച്ചു നിലവിളിക്കുന്നു! ഇന്ന് അവനും മറ്റൊരു ക്വിബ്ത്വിയും കൂടി ശണ്ഠകൂടുകയാണ്. രണ്ടാളുടെയും ശത്രുവെന്ന് പറഞ്ഞത് ക്വിബ്ത്വിയെ ഉദ്ദേശിച്ചാകുന്നു. ഇന്നലെ ഒരു കൊലപാതകത്തിലേക്ക് തന്നെ എത്തിക്കുകയും, അതേ മാതിരി ഒരു രംഗം ഇന്നും ആവർത്തിക്കുകയും ചെയ്തതുകൊണ്ടാണ് മൂസാ (അ) അവ നോട്: 'നീ ഒരു ദുർമാർഗിതന്നെയാണ്' എന്ന് പറയുന്നത്. അതേസമയത്ത് ക്വിബ്ത്വി യാണെങ്കിൽ രണ്ടാളുടെയും ശത്രുവും. ഇസ്റാഈല്യരെ താൽപര്യ പൂർവ്വം മർദ്ദിക്കുന്നവ രാണല്ലോ ക്വിബ്ത്വികൾ. അതുകൊണ്ട് ഏതായാലും ക്വിബ്ത്വികളെ നിലക്ക്നിറുത്തുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. ഈ അവസരത്തിലാണ് 'മൂസാ, ഇന്നലെ ഒരാളെ കൊന്ന ത്പോലെ ഇന്ന് എന്നെയും കൊല്ലുവാനാണോ ഉദ്ദേശ്യം?' എന്നും മറ്റും അദ്ദേഹത്തോട് പറയപ്പെട്ടത്.

ഇത് പറഞ്ഞ ആൾ- അഥവാ قَالَ (പറഞ്ഞു) എന്ന ക്രിയയുടെ കർത്താവായ സർവ്വനാമം (ضَمِير) കൊണ്ടുദ്ദേശിക്കപ്പെട്ട ആൾ- ക്വിബ്ത്വിയോ ഇസ്റാഈലിയോ എന്നതിൽ വ്യാഖ്യാ താക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇസ്റാഈൽക്കാരനാണെന്നാണ് അധികമാളും പറയുന്നത്. തലേദിവസത്തെ ഘാതകൻ മൂസാ (അ) ആണെന്ന് മറ്റാരും അറിഞ്ഞിരുന്നില്ല; 'നീ ദുർമാർഗിതന്നെ' എന്ന് ഇസ്റാഈലിയോട് കയർത്തുകൊണ്ട് മൂസാ (അ) ക്വിബ്ത്വി യുടെ നേരെ തിരിയുവാനുള്ള ശ്രമം കണ്ടപ്പോൾ, അദ്ദേഹം തന്റെ നേർക്ക് തിരിയുവാനാണ് ഭാവമെന്ന് അവൻ തെറ്റിദ്ധരിച്ചു; അപ്പോഴാണ് അവൻ ആ വാക്ക് പറഞ്ഞത് എന്നാണ് അവർ പ്രസ്താവിക്കുന്നത്. മറ്റൊരു വിഭാഗക്കാർ പറയുന്നത് ക്വിബ്ത്വിയാണ് ആ വാക്കുകളുടെ വക്താവ് എന്നത്രെ. വാചകത്തിന്റെ സ്വഭാവം നോക്കുമ്പോൾ ഈ അഭിപ്രായത്തിനാണ് കൂടുതൽ വ്യക്തത കാണുന്നത്. തലേദിവസത്തെ ഘാതകൻ മൂസാ നബി (അ)യാണെന്ന് വെളിപ്പെട്ടുകഴിഞ്ഞിട്ടില്ലെങ്കിലും, വല്ല കിംവദന്തിയെയോ ഊഹത്തെയോ അടിസ്ഥാനമാക്കി അവ നത് പറഞ്ഞതായിരിക്കാമല്ലോ. الله اعلم ഏതായാലും മൂസാ നബി (അ)യുടെ ഭയം ഈ വാക്ക് മൂലം വർദ്ധിച്ചിരിക്കുക സ്വാഭാവികമാണ്. വാസ്തവത്തിൽ അണിയറയിൽ ഗൂഢാലോചന കൾ നടക്കുന്നുണ്ടായിരുന്നുതാനും.

وَجَآءَ رَجُلٌ مِّنْ أَقْصَا ٱلْمَدِينَةِ يَسْعَىٰ قَالَ يَـٰمُوسَىٰٓ إِنَّ ٱلْمَلَأَ

﴾20﴿ പട്ടണത്തിന്റെ അങ്ങേഅറ്റത്തുനിന്ന് ഒരു പുരുഷൻ ഓടിവന്നു. അയാൾ (മൂസായോട്) പറഞ്ഞു: 'മൂസാ! നിന്നെ കൊല്ലുവാനായി പ്രധാനികൾ നിന്നെപ്പറ്റി ആലോചന നടത്തിവരുന്നുണ്ട്. അതുകൊണ്ട് നീ (രാജ്യത്ത്

يَأْتَمِرُونَ بِكَ لِيَقْتُلُوكَ فَٱخْرُجْ إِنِّي لَكَ مِنَ ٱلنَّـٰصِحِينَ ﴿٢٠﴾

നിന്നും) പുറത്തുപോയിക്കൊള്ളുക! നിശ്ചയമായും, ഞാൻ നിനക്ക് ഗുണം കാംക്ഷിക്കുന്നവരിൽപെട്ടവനാണ്.'

فَخَرَجَ مِنْهَا خَآئِفًا يَتَرَقَّبُ ۖ قَالَ رَبِّ نَجِّنِى مِنَ ٱلْقَوْمِ ٱلظَّـٰلِمِينَ ﴿٢١﴾

﴾21﴿ അങ്ങനെ, അദ്ദേഹം പേടിച്ചു വീക്ഷിച്ചുംകൊണ്ട് അവിടെനിന്നും പുറപ്പെട്ടുപോയി. അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബേ! അക്രമികളായ ജനങ്ങളിൽനിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ!'

﴾20﴿ وَجَاءَ വന്നു رَجُلٌ ഒരു പുരുഷൻ مِنْ أَقْصَى الْمَدِينَةِ പട്ടണത്തിന്റെ അങ്ങേഅറ്റത്തുനിന്ന് يَسْعَى ഓടിക്കൊണ്ട് قَالَ അവൻ പറഞ്ഞു يَامُوسَى ഹേ മൂസാ إِنَّ الْمَلَأَ നിശ്ചയമായും പ്രധാനികൾ يَأْتَمِرُونَ അവർ ആലോചന നടത്തുന്നു بِكَ നിന്നെപ്പറ്റി لِيَقْتُلُوكَ നിന്നെ അവർ കൊല്ലുവാൻ فَاخْرُجْ അതുകൊണ്ട് നീ പുറത്തുപോയിക്കൊള്ളുക إِنِّي നിശ്ചയമായും ഞാൻ لَكَ നിനക്ക് مِنَ النَّاصِحِينَ ഗുണകാംക്ഷയുള്ളവരിൽപ്പെട്ടവനാണ് ﴾21﴿ فَخَرَجَ അപ്പോൾ അദ്ദേഹം പുറപ്പെട്ടുപോയി مِنْهَا അവിടെനിന്ന് خَائِفًا പേടിച്ചവനായി يَتَرَقَّبُ വീക്ഷിച്ചുകൊണ്ട്, പ്രതീക്ഷിച്ചുകൊണ്ട് قَالَ അദ്ദേഹം പറഞ്ഞു رَبِّ نَجِّنِي എന്റെ റബ്ബേ എന്നെ രക്ഷപ്പെടുത്തേണമേ مِنَ الْقَوْمِ ജനതയിൽനിന്ന് الظَّالِمِينَ അക്രമികളായ

ആപത്തുകളിൽ നേരിട്ടേക്കാനിടയുള്ള സാഹചര്യങ്ങളിൽ അവനവൻ കഴിയുന്ന രക്ഷാമാർഗങ്ങൾ സ്വീകരിക്കുകയും, അതോടൊപ്പം രക്ഷക്ക് വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യുകയും വേണമെന്നുള്ളതിന് ഇതിൽ മാതൃകയുണ്ട്. ഒരു നിലക്ക് ഭവിഷ്യത്തിനെക്കുറിച്ച് മൂസാ നബി (അ)ക്ക് ഭയപ്പാടുണ്ടായിരുന്നുവെങ്കിലും, അല്ലാഹുവിന്റെ സഹായത്തിൽ അദ്ദേഹത്തിന് തികച്ചും പ്രതീക്ഷയുമുണ്ടായിരുന്നു എന്ന് അടുത്ത വചനത്തിൽ നിന്ന് വ്യക്തമാണ്.

വിഭാഗം - 3

وَلَمَّا تَوَجَّهَ تِلْقَآءَ مَدْيَنَ قَالَ عَسَىٰ رَبِّىٓ أَن يَهْدِيَنِى سَوَآءَ ٱلسَّبِيلِ ﴿٢٢﴾

﴾22﴿ അദ്ദേഹം മദ്‌യന്റെ നേരെ യാത്ര തിരിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബ് എന്നെ ശരിയായ മാർഗത്തിൽ നയിച്ചുതന്നേക്കാം.

وَلَمَّا وَرَدَ مَآءَ مَدْيَنَ وَجَدَ عَلَيْهِ

﴾23﴿ മദ്‌യനിലെ വെള്ള(ത്താവള)ത്തിങ്കൽ അദ്ദേഹം വന്നുചേർന്നപ്പോൾ അതിനടുക്കൽ ഒരു കൂട്ടം മനുഷ്യർ (കന്നുകാലികൾക്ക്) വെള്ളം കൊടുക്കുന്നതാ

أُمَّةً مِّنَ ٱلنَّاسِ يَسْقُونَ وَوَجَدَ مِن دُونِهِمُ ٱمْرَأَتَيْنِ تَذُودَانِ ۖ

യിക്കണ്ടെത്തി. അവരുടെ ഇപ്പുറത്തായി രണ്ട് സ്ത്രീകൾ (തങ്ങളുടെ ആടുകളെ) തടഞ്ഞുവെച്ചുകൊണ്ടിരിക്കുന്നതായും അദ്ദേഹം കണ്ടു.

قَالَ مَا خَطْبُكُمَا ۖ

അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ കാര്യം (വിശേഷം) എന്താണ്?'

قَالَتَا لَا نَسْقِى حَتَّىٰ يُصْدِرَ ٱلرِّعَآءُ ۖ وَأَبُونَا شَيْخٌ كَبِيرٌ ﴿٢٣﴾

അവർ പറഞ്ഞു: 'ഇടയന്മാർ വെള്ളം കൊടുത്തു തിരിച്ചുകൊണ്ടുപോകുന്നത് വരേക്കും ഞങ്ങൾ (ആടുകൾക്ക്) വെള്ളം കൊടുക്കാറില്ല. ഞങ്ങളുടെ പിതാവാകട്ടെ, ഒരു വലിയ വൃദ്ധനുമാകുന്നു.

﴾22﴿ وَلَمَّاتَوَجَّهَ അദ്ദേഹം തിരിഞ്ഞ (യാത്രതിരിച്ച)പ്പോൾ تِلْقَاءَمَدْيَنَ മദ്‌യന്റെ നേരെ (ഭാഗത്തേക്ക്) قَالَ അദ്ദേഹം പറഞ്ഞു عَسَىٰ رَبِّي എന്റെ റബ്ബ് ആയേക്കാം أَنْ يَهْدِيَنِي എന്നെ നയിച്ചു തന്നേക്കുമാറ് سَوَاءَالسَّبِيلِ ശരിയായ മാർഗത്തിൽ, ചൊവ്വായ വഴിക്ക് ﴾23﴿ وَلَمَّاوَرَدَ അദ്ദേഹം വന്നുചേർന്നപ്പോൾ مَاءَمَدْيَنَ മദ്‌യനിലെ വെള്ളത്തിങ്കൽ وَجَدَعَلَيْهِ അതിനടുത്ത് അദ്ദേഹം കണ്ടെത്തി أُمَّةً ഒരു സമൂഹത്തെ, ഒരു കൂട്ടം مِنَ النَّاسِ മനുഷ്യരിൽ നിന്ന് يَسْقُونَ അവർ വെള്ളം കൊടുക്കുന്നതായി, കുടിപ്പിക്കുന്നതായി وَوَجَدَ കണ്ടെത്തുകയും ചെയ്തു مِنْ دُونِهِمُ അവരുടെ ഇപ്പുറത്ത്, അവർക്ക് പുറമെ امْرَأَتَيْنِ രണ്ട് സ്ത്രീകളെ تَذُودَانِ രണ്ടാളും തടഞ്ഞുകൊണ്ടിരിക്കുന്നതായി قَالَ അദ്ദേഹം പറഞ്ഞു مَاخَطْبُكُمَا നിങ്ങളുടെ കാര്യം (വിശേഷം) എന്താണ് قَالَتَا അവർ രണ്ടാളും പറഞ്ഞു لَانَسْقِي ഞങ്ങൾ വെള്ളം കൊടുക്കാറില്ല حَتَّىٰ يُصْدِرَ തിരിച്ചുകൊണ്ടുപോകുന്നതുവരെ الرِّعَاءُ ഇടയൻമാർ وَأَبُونَا ഞങ്ങളുടെ പിതാവ് شَيْخٌ كَبِير ഒരു വലിയ വൃദ്ധനാണ് (കാരണവരാണ്)

മൂസാ (അ) യാത്രതിരിച്ചത് മദ്‌യനിലേക്കായിരുന്നു. *(*)* ഏറെക്കുറെ ഒരാഴ്ചക്കാലത്തെ യാത്രകൊണ്ടാണ് അദ്ദേഹം അവിടെ എത്തുക. അഭയാർത്ഥിയായി ഒളിച്ചുപോകുന്ന അദ്ദേഹം– അക്കാലത്തെ ചുറ്റുപാടുകളിൽ വിശേഷിച്ചും –വളരെയേറെ ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടായിരിക്കും മദ്‌യനിൽ എത്തിയിരിക്കുക എന്ന് പറയേണ്ടതില്ല. മദ്‌യനിലെത്തിയപ്പോൾ അനുഭവപ്പെട്ട ഒരു കാഴ്ചയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. ഒരു വെള്ളത്താവളത്തിങ്കൽ ആളുകൾ തങ്ങളുടെ ആടുകൾക്ക് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നു. രണ്ട് സ്ത്രീകൾ മാത്രം അവരുടെ ആടുകളെ മുമ്പോട്ട് വരാനനുവദിക്കാതെ തടുത്തു

(*) മദ്‌യന്റെ പേർ 'മിദിയൻ' എന്നും 'മിദ്യാൻ' എന്നും ചരിത്രഭൂപടത്തിൽ എഴുതിക്കാണാം. ഭൂപടം 4 ഉം മറ്റും നോക്കുക.

കൊണ്ടിരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് അനുകമ്പ തോന്നി. വിവരം അന്വേഷിച്ചു. മറ്റുള്ളവർ അവരുടെ ആടുകൾക്ക് വെള്ളംകാട്ടി തിരിച്ചുകൊണ്ടുപോയതിന് ശേഷമേ തങ്ങൾ ആടുകൾക്ക് വെള്ളം കൊടുക്കാറുള്ളുവെന്നും, അതിന് കാത്തുനിൽക്കുകയാണെന്നും അവർ അറിയിച്ചു. മാത്രമല്ല, തങ്ങളുടെ വീട്ടിൽനിന്ന് ആടുകളെയും കൊണ്ട് പോരുവാൻ പറ്റിയ ആൾ വേറെയില്ലെന്നും, തങ്ങൾക്കൊരു പിതാവുണ്ടെങ്കിലും അദ്ദേഹം വലിയൊരു വൃദ്ധനാണെന്നും അവർ തെര്യപ്പെടുത്തി.

فَسَقَىٰ لَهُمَا

﴾24﴿ അപ്പോൾ അദ്ദേഹം ആ രണ്ട് സ്ത്രീകൾക്ക് വേണ്ടി (അവരുടെ കാലികൾക്ക്) വെള്ളം കൊടുത്തു.

ثُمَّ تَوَلَّىٰٓ إِلَى ٱلظِّلِّ فَقَالَ رَبِّ إِنِّي لِمَآ أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ ﴿٢٤﴾

പിന്നീടദ്ദേഹം തണലിലേക്ക് മാറിനിന്നു (ഇങ്ങനെ) പറഞ്ഞു: 'എന്റെ രക്ഷിതാവേ! എന്റെ നേരെ ഗുണമായിട്ടുള്ള വല്ലതും നീ ഇറക്കിത്തരുന്നതിന് നിശ്ചയമായും ഞാൻ ആവശ്യക്കാരനാണേ!'

﴾24﴿ فَسَقَىٰ അപ്പോൾ അദ്ദേഹം വെള്ളം കൊടുത്തു, കുടിപ്പിച്ചു لَهُمَا അവർക്കുരണ്ടാൾക്ക് വേണ്ടി ثُمَّ تَوَلَّىٰ പിന്നെ അദ്ദേഹം മാറിനിന്നു, തിരിഞ്ഞുപോയി إِلَى الظِّلِّ തണലിലേക്ക് فَقَالَ എന്നിട്ട് പറഞ്ഞു رَبِّ എന്റെ റബ്ബേ إِنِّي നിശ്ചയമായും ഞാൻ لِمَا أَنزَلْتَ നീ ഇറക്കിത്തരുന്നതിന് إِلَيَّ എനിക്ക്, എന്റെ നേരെ مِنْ خَيْرٍ നന്മയായിട്ട്, ഗുണമായ വല്ലതും فَقِيرٌ ആവശ്യക്കാരനാണ്

ആ പാവപ്പെട്ട സ്ത്രീകളുടെ ആടുകൾക്ക് വെള്ളം കോരിക്കൊടുത്തു അദ്ദേഹം അവരെ സഹായിച്ചു. പക്ഷേ, അദ്ദേഹം ക്ഷീണിതനും നിരാശ്രയനുമാണ്. എവിടെയാണ്, എങ്ങനെയാണ് തനിക്കൊരു അവലംബം ലഭിക്കുക എന്നൊന്നും നിശ്ചയമില്ല. ഒരു തണലിൽ ചെന്ന് വിശ്രമിച്ചുകൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയായി: 'റബ്ബേ! ഏതെങ്കിലും വിധേന നിന്റെ അനുഗ്രഹം ലഭിക്കേണ്ടുന്ന അടിയന്തിരഘട്ടത്തിലാണ് ഞാൻ ഇപ്പോഴുള്ളത്.' അക്ഷമയുടെയും, നിരാശയുടെയും കണികപോലുമില്ലാതെ ഹൃദയം സ്പർശിച്ചുകൊണ്ടുള്ള ആ ദുആ അല്ലാഹു സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഭാവി സുരക്ഷിതവും, സമാധാനപരവുമായിത്തീരത്തക്ക ഒരു മാർഗം അല്ലാഹു തുറന്നുകൊടുത്തു.

فَجَآءَتْهُ إِحْدَىٰهُمَا تَمْشِي عَلَى ٱسْتِحْيَآءٍ قَالَتْ إِنَّ أَبِي يَدْعُوكَ لِيَجْزِيَكَ أَجْرَ مَا سَقَيْتَ لَنَا ۚ

﴾25﴿ അങ്ങനെയിരിക്കെ, ആ രണ്ടിൽ ഒരുവൾ ലജ്ജാഭാവത്തിൽ നടന്നുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അവൾ പറഞ്ഞു: 'ഞങ്ങൾക്ക്വേണ്ടി താങ്കൾ (ഞങ്ങളുടെ കാലികൾക്ക്) വെള്ളം കൊടുത്തതിന്റെ പ്രതിഫലം താങ്കൾക്ക് നൽകുന്നതിനായി എന്റെ പിതാവ് താങ്കളെ

വിളിക്കുന്നുണ്ട്.'

فَلَمَّا جَآءَهُۥ وَقَصَّ عَلَيۡهِ ٱلۡقَصَصَ قَالَ لَا تَخَفۡۖ نَجَوۡتَ مِنَ ٱلۡقَوۡمِ ٱلظَّٰلِمِينَ ﴿٢٥﴾

അങ്ങനെ, അദ്ദേഹത്തിന്റെ അടുക്കൽ വരികയും, അദ്ദേഹത്തിന് (തന്റെ) കഥ വിവരിച്ചുകൊടുക്കുകയും ചെയ്തപ്പോൾ അദ്ദേഹം (മൂസായോട്) പറഞ്ഞു: 'ഭയപ്പെടേണ്ട- അക്രമികളായ (ആ) ജനങ്ങളിൽനിന്ന് താങ്കൾ രക്ഷപ്പെട്ടിരിക്കുന്നു!'

﴾25﴿ فَجَاءَتْهُ അപ്പോൾ (അങ്ങനെയിരിക്കെ) അദ്ദേഹത്തിനടുത്ത് വന്നു إِحْدَاهُمَا ആ രണ്ടിൽ ഒരുവൾ تَمْشِي നടന്നുകൊണ്ട് عَلَى اسْتِحْيَاءٍ ലജ്ജയോടെ, സങ്കോചപ്പെട്ടുകൊണ്ട് قَالَتْ അവൾ പറഞ്ഞു إِنَّ أَبِي നിശ്ചയമായും എന്റെ പിതാവ്, ബാപ്പ يَدْعُوكَ താങ്കളെ ക്ഷണിക്കുന്നു, വിളിക്കുന്നു لِيَجْزِيَكَ താങ്കൾക്ക് പ്രതിഫലം നൽകുവാനായി أَجْرَ കൂലി, പ്രതിഫലം مَا سَقَيْتَ താങ്കൾ വെള്ളം കൊടുത്തതിന്റെ لَنَا ഞങ്ങൾക്ക് വേണ്ടി فَلَمَّا جَاءَهُ അങ്ങനെ അദ്ദേഹത്തിനടുക്കൽ വന്നപ്പോൾ وَقَصَّ عَلَيْهِ അദ്ദേഹത്തിന് വിവരിച്ചുകൊടുക്കയും الْقَصَصَ കഥ, വിവരം قَالَ അദ്ദേഹം പറഞ്ഞു لَا تَخَفْ താൻ ഭയപ്പെടേണ്ട, പേടിക്കേണ്ട نَجَوْتَ താൻ രക്ഷപ്പെട്ടിരിക്കുന്നു مِنَ الْقَوْمِ ജനതയിൽനിന്ന് الظَّالِمِينَ അക്രമികളായ

സ്ത്രീകൾ രണ്ടാളും വീട്ടിൽ ചെന്നശേഷം അപരിചിതനായ ആ യുവാവ് തങ്ങൾക്ക് ചെയ്തുതന്ന ഉപകാരം പിതാവിനെ അറിയിച്ചു. പ്രസ്തുത മാന്യനെ വെറുതെ വിട്ടുകൂടാ എന്ന് അദ്ദേഹത്തിന് തോന്നി. മൂസാ (അ)നെ വിളിക്കുവാൻ അവരിൽ ഒരുവളെതന്നെ അയച്ചു. അപരിചിതനായ ഒരു യുവാവിന്റെ അടുക്കൽ മാന്യയും സുശീലയുമായ ഒരു യുവതി ചെല്ലേണ്ടിവരുമ്പോൾ ഉണ്ടാകുന്നതും, ഉണ്ടായിരിക്കേണ്ടതുമായ ലജ്ജാശീലവും അച്ചടക്കവും അവളിൽ പ്രകടമായിരുന്നു. മൂസാ (അ) ക്ഷണം സ്വീകരിച്ചു വൃദ്ധന്റെ അടുക്കൽ വന്നു. സംഭാഷണത്തിൽ മൂസാ (അ)തന്റെ ചരിത്രം വിവരിച്ചു. ഫിർഔൻമാരുടെ അക്രമമൊന്നും ഇവിടെ ഭയപ്പെടുവാനില്ല; അവരുടെ അധികാരം ഈ നാട്ടിൽ നടക്കുന്നുമില്ല എന്നൊക്കെപ്പറഞ്ഞു വൃദ്ധൻ അദ്ദേഹത്തെ സമാശ്വസിപ്പിച്ചു.

ഈ മാന്യവൃദ്ധൻ ആരായിരുന്നു? ശുഅയ്ബ് നബി (شُعَيْب ع)യാണെന്ന് പലരും പറയുന്നു. ശുഅയ്ബ് (അ) മദ്‌യനിലെ റസൂലായിരുന്നുവെന്നും, അദ്ദേഹത്തിന്റെ കാലം ലൂത്വ് നബി (അ)യുടെ ശേഷമായിരുന്നുവെന്നും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. സൂ: ഹൂദ് 89 ൽ ശുഅയ്ബ് (അ) മദ്‌യൻ നിവാസികളോട് 'ലൂത്വിന്റെ ജനത നിങ്ങളിൽനിന്ന് വിദൂരമായതല്ലല്ലോ' (وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ) എന്ന് പ്രസ്താവിച്ചിട്ടുള്ളത് കാണാം. ഇബ്‌റാഹീം നബി (അ)യുടെ സമകാലീനനായിരുന്നു ലൂത്വ് നബി (അ). മൂസാ നബി (അ)ക്കും അവർക്കുമിടയിൽ ഏകദേശം 400 ൽ പരം കൊല്ലം ഉണ്ടെന്നാണ് അറിയപ്പെടുന്നത്. ഈ കാലഘട്ടത്തിൽ എപ്പോഴായിരുന്നു ശുഅയ്ബ് നബി (അ)യുടെ ജീവിതകാലം

എന്ന് പറയത്തക്ക തെളിവുകളൊന്നും കാണുന്നില്ല. എന്നിരിക്കെ, പ്രസ്തുത മാന്യവൃദ്ധൻ ശുഅയ്ബ് (അ) തന്നെയാണെന്നോ അല്ലെന്നോ, തീർത്തുപറയുക സാധ്യമല്ല. അതേ സമയത്ത് വൃദ്ധന്റെ പേർ യഥ്‌റൂൻ *(*)* എന്നാണെന്നും, ഇദ്ദേഹം ശുഅയ്ബ് നബി (അ)യുടെ കുടുംബത്തിൽപെട്ടവനാണെന്നുമാണ് വേറെ ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നത്. വാസ്തവം അല്ലാഹുവിനറിയാം. ഏതായാലും ഈ വൃദ്ധൻ ഒരു സാധാരണക്കാരൻ മാത്രമല്ല, ഒരു മഹാനും ഭക്തനുമായിരുന്നുവെന്ന് ക്വുർആന്റെ പ്രസ്താവനകളിൽനിന്ന് മനസ്സിലാക്കാം.

ബൈബ്ളിൽ ഈ സംഭവം വിവരിക്കുന്നത് ഇപ്രകാരമാകുന്നു:- 'മോശെ ഫറവോന്റെ സന്നിധിയിൽനിന്ന് ഓടിപ്പോയി, മിദ്യാൻദേശത്ത് ചെന്ന് പാർത്തു; അവൻ ഒരു കിണറ്റിനരികെ ഇരുന്നു. മിദ്യാനിലെ പുരോഹിതന് ഏഴ് പുത്രിമാരുണ്ടായിരുന്നു. അവർ വന്ന് അപ്പന്റെ ആടുകൾക്ക് കുടിപ്പാൻ വെള്ളം കോരി തൊട്ടികൾ നിറച്ചു. എന്നാൽ ഇടയൻമാർ അവരെ ആട്ടിക്കളഞ്ഞു. അപ്പോൾ മോശെ എഴുന്നേറ്റ് അവരെ സഹായിച്ചു അവരുടെ ആടുകളെ കുടിപ്പിച്ചു. അവർ തങ്ങളുടെ അപ്പനായ *(**)* റെഗുവേലിന്റെ അടുക്കൽ വന്നപ്പോൾ നിങ്ങൾ ഇന്ന് ഇത്രവേഗം വന്നത് എങ്ങനെ എന്ന് അവൻ ചോദിച്ചു.... അവൻ പുത്രിമാരോട്: അവൻ എവിടെ?.... ഭക്ഷണം കഴിപ്പാൻ അവനെ വിളിപ്പിൻ എന്ന് പറഞ്ഞു. മോശെക്ക് അവനോടുകൂടെ പാർപ്പാൻ സമ്മതമായി. അവൻ മോശെക്ക് തന്റെ മകൾ സിപ്പോറ *(***)*യെ കൊടുത്തു.... മോശെ മിദ്യാനിലെ പുരോഹിതനും തന്റെ അമ്മായപ്പനുമായ യിത്രോ *(****)*വിന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്നു.....' (പുറപ്പാട്: അദ്ധ്യായം 2, 3.)

രണ്ട് സ്ത്രീകളായിരുന്നു ആടുകൾക്ക് വെള്ളം കൊടുക്കാൻ വന്നതെന്ന് ക്വുർആൻ വ്യക്തമായിപ്പറഞ്ഞ സ്ഥിതിക്ക് ഏഴ് പുത്രിമാർ വന്നിരിന്നുവെന്ന് ബൈബ്ളിൽ കാണുന്നത് സ്വീകാര്യമല്ല. ഇത്പോലെത്തന്നെ, രണ്ടാമത്തെ ദിവസം ശണ്ഠകൂടിയത് രണ്ട് എബ്രേയർ (ഇസ്റാഈല്യർ) തമ്മിലാണെന്നാണ് ബൈബ്ൾ പറയുന്നത്. ഇതും ക്വുർആന്റെ പ്രസ്താവനക്ക് യോജിക്കുന്നതല്ല. ഇത്പോലെ എത്രയോ വിഷയങ്ങളിൽ ബൈബ്ൾ ക്വുർആന്റെ പ്രസ്താവനക്ക് യോജിക്കാത്തതായി കാണാം. അതുകൊണ്ട് തന്നെയാണ് അതിനെ ആസ്പദമാക്കി സംഭവങ്ങളെ സ്ഥിരപ്പെടുത്തുവാൻ പാടില്ലാതെ വന്നതും. എന്നിരിക്കെ, നമ്മുടെ മാന്യവൃദ്ധന്റെ പേരും മറ്റും ഈ ഉദ്ധരണിയെ ആസ്പദമാക്കി തീരുമാനിക്കുവാൻ നമുക്ക് നിവൃത്തിയില്ല. വേറെ തെളിവുകളും നമ്മുടെ മുമ്പിലില്ല. അതറിയുന്നതിൽ പ്രത്യേകം വല്ല ഗുണവുമുണ്ടായിരുന്നുവെങ്കിൽ ക്വുർആൻ തന്നെ അത് വ്യക്തമാക്കുമായിരുന്നു.

قَالَتْ إِحْدَىٰهُمَا يَٰٓأَبَتِ ٱسْتَـْٔجِرْهُ ۖ إِنَّ خَيْرَ مَنِ ٱسْتَـْٔجَرْتَ ٱلْقَوِىُّ ٱلْأَمِينُ ﴿٢٦﴾

﴿26﴾ ആ രണ്ട് സ്ത്രീകളിൽ ഒരുവൾ (പിതാവിനോട്) പറഞ്ഞു: 'പിതാവേ, ഇദ്ദേഹത്തെ നിങ്ങൾ (നമുക്ക്) കൂലിക്ക് വിളിച്ചേക്കുക. നിശ്ചയമായും നിങ്ങൾ, കൂലിക്ക് വിളിക്കുന്നവരിൽവെച്ച് നല്ലവൻ, ശക്തിമാനും വിശ്വസ്തനുമായുള്ളവനാണ്.'

(*) يثرو - او يثرون (**) رعوائيل (***) صفوراء (****) يثرى

﴾26﴿ قَالَتۡ إِحۡدَىٰهُمَا അവർ രണ്ടിൽ ഒരുവൾ പറഞ്ഞു يَٰٓأَبَتِ എന്റെ ബാപ്പാ, പിതാവേ ٱسۡتَـٔۡجِرۡهُۖ ഇദ്ദേഹത്തെ കൂലിക്ക് വിളിക്കുക, കൂലിവേലക്ക് വെക്കുക إِنَّ خَيۡرَ നിശ്ചയമായും നല്ലവൻ, ഉത്തമൻ مَنِ ٱسۡتَـٔۡجَرۡتَ നിങ്ങൾ കൂലിക്ക് വിളിക്കുന്നവരിൽ ٱلۡقَوِيُّ ശക്തിമാനാണ്, കഴിവുള്ളവനാണ് ٱلۡأَمِينُ വിശ്വസ്തനായ, വിശ്വസ്തനാണ്

തങ്ങളുടെ കാലികളെ മേയ്ക്കാൻ കൊള്ളാവുന്ന ഒരു കൂലിക്കാരനെ കിട്ടുന്നത് ആ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസമായിരിക്കുമല്ലോ. അൽപമാത്രമായ പരിചയത്തിൽനിന്ന് മൂസാ (അ) ആ ജോലിക്ക് കൊള്ളാവുന്ന ആളാണെന്നും, ആരോഗ്യവാനും സത്യസന്ധനുമാണെന്നും അവൾക്ക് മനസ്സിലായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ കൂലിക്കാരനായി നിശ്ചയിക്കുവാൻ അവൾ പിതാവിനോട് ശുപാർശ ചെയ്യുന്നത്.

കൂലിക്കാരനുണ്ടായിരിക്കേണ്ടുന്ന രണ്ട് പ്രധാന ഗുണങ്ങൾ ആ സ്ത്രീ രത്നം ചൂണ്ടിക്കാട്ടിയത് ശ്രദ്ധേയമാണ്. കൂലിവേലക്കാരന് മാത്രമല്ല, ഏത് വിഭാഗത്തിൽപെട്ട ഉദ്യോഗസ്ഥൻമാർക്കും, ശമ്പളക്കാർക്കും- വാസ്തവത്തിൽ ഇവരെല്ലാം കൂലിവേലക്കാർ തന്നെയാണുതാനും - ആ രണ്ട് ഗുണങ്ങളും അനിവാര്യമാണ്. കൂലിക്കാരാകട്ടെ, ശമ്പളക്കാരാകട്ടെ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥമേധാവികളാകട്ടെ- ആരായിരുന്നാലും- അഴിമതിയുടെയും, കൊള്ളരുതായ്മയുടെയും, സ്വാർത്ഥതാൽപര്യങ്ങളുടെയും സങ്കേതങ്ങളാണവരിൽ മിക്കവരും എന്ന് മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലമാണല്ലോ ഇന്ന്. ഇതിന്കാരണം പരിശോധിക്കുന്നപക്ഷം, എല്ലാറ്റിന്റെയും യഥാർത്ഥകാരണം ഒന്നായിരിക്കും. അതെ, ആ സ്ത്രീ ചൂണ്ടിക്കാട്ടിയ രണ്ട് വാക്കുകളുടെ അഭാവം തന്നെ. 'കൂലിക്ക് വിളിക്കുന്നവരിൽവെച്ച് നല്ലവൻ മിടുക്കനും വിശ്വസ്തനുമാണ്' എന്ന അവളുടെ തത്വശാസ്ത്രം ഇന്ന് അവഗണിക്കപ്പെട്ടിരിക്കുകയാണ്. തൽസ്ഥാനത്ത് ജോലികൾക്കും തസ്തികകൾക്കുമുള്ള യോഗ്യത ഇക്കാലത്ത് സ്വാധീനം, ശുപാർശ, കക്ഷിതാൽപര്യം എന്നിവയും, സാങ്കേതിക സാക്ഷ്യപത്രങ്ങളുമായിക്കലാശിച്ചിരിക്കുന്നു! ഒരാളെ ഒരു ജോലിക്ക് ഏൽപിക്കുമ്പോൾ ആ ജോലിക്ക് അയാൾ യഥാർത്ഥത്തിൽ കഴിവും, പ്രാപ്തിയും ഉള്ളവനാണോ എന്ന് ഒന്നാമതായി പരിശോധിക്കണം. അയാൾക്ക് ബിരുദമോ, സാക്ഷ്യപത്രമോ ഉണ്ടായിക്കൊള്ളട്ടെ, ഇല്ലാതിരിക്കട്ടെ. രണ്ടാമതായി അയാൾ വിശ്വസ്തനും നിഷ്കളങ്കനുമാണോ എന്നാണ് ആലോചിക്കേണ്ടത്. അയാളുടെ കക്ഷിയോ, സ്വാധീനമോ അല്ല. വിശ്വസ്തനല്ലെങ്കിൽ ശക്തിയും പ്രാപ്തിയുമുണ്ടായിട്ട് കാര്യമില്ലെന്ന് മാത്രമല്ല, പലപ്പോഴും അവനെക്കൊണ്ട് ദോഷം സംഭവിക്കുകയും ചെയ്യും. പ്രാപ്തനല്ലെങ്കിൽ വിശ്വസ്തതകൊണ്ടും വലിയഗുണമൊന്നും ലഭിക്കാനില്ല.

ജോലിക്കാരൻ കഴിവുള്ളവനും, വിശ്വസ്തനും (ٱلۡقَوِيُّ ٱلۡأَمِينُ) ആയിരിക്കുക എന്ന തത്വം ഇത്രയും പ്രാധാന്യമർഹിക്കുന്നതുകൊണ്ട് തന്നെയാണ് കേവലം ഒരു സ്ത്രീയുടെ ആ വാക്ക് അല്ലാഹു ഇവിടെ ഉദ്ധരിച്ചതും. സുലൈമാൻ നബി (അ) ബിൽക്വീസിന്റെ സിംഹാസനം ആരാണ് വേഗം കൊണ്ടുവരിക എന്നന്വേഷിച്ചപ്പോൾ, അങ്ങുന്ന് ഈ സ്ഥനത്തുനിന്ന് എഴുന്നേറ്റുപോകും മുമ്പ് ഞാൻ കൊണ്ടുവരാമെന്ന് പറഞ്ഞ ജിന്നും പറയുകയുണ്ടായി: وَإِنِّي عَلَيۡهِ لَقَوِيٌّ أَمِينٞ (ഞാൻ അതിന് കഴിവുള്ളവനും വിശ്വസ്തനുമാണ്) എന്ന്. നാം മനസ്സിരുത്തേണ്ടതിനും, അനുഷ്ഠാനത്തിൽ കൊണ്ടുവരേണ്ടതിനും വേണ്ടി പലരുടെയും വാക്കുകൾ ഇത്പോലെ ക്വുർആനിൽ ഓരോ സന്ദർഭങ്ങളിൽ അല്ലാഹു ഉദ്ധരിച്ചുകാണാം.

പിതാവ് മകളുടെ ശുപാർശ സ്വീകരിച്ചുവെന്ന് മാത്രമല്ല, അതിനെക്കാൾ ഉപരിയായ

ഒരു സ്ഥാനം കൂടി മൂസാ (അ)ക്ക് നൽകുവാനാണ് ആഗ്രഹിച്ചത്.

قَالَ إِنِّيٓ أُرِيدُ أَنۡ أُنكِحَكَ إِحۡدَى ٱبۡنَتَيَّ هَٰتَيۡنِ عَلَىٰٓ أَن تَأۡجُرَنِي ثَمَٰنِيَ حِجَجٖۖ فَإِنۡ أَتۡمَمۡتَ عَشۡرٗا فَمِنۡ عِندِكَۖ وَمَآ أُرِيدُ أَنۡ أَشُقَّ عَلَيۡكَۚ سَتَجِدُنِيٓ إِن شَآءَ ٱللَّهُ مِنَ ٱلصَّٰلِحِينَ ﴿٢٧﴾

﴿27﴾ അദ്ദേഹം [വൃദ്ധൻ] പറഞ്ഞു: 'താങ്കൾ എട്ട് വർഷം എനിക്ക് കൂലി വേല ചെയ്യുമെന്നതിന്റെ പേരിൽ എന്റെ ഈ രണ്ട് പുത്രിമാരിൽ ഒരുവളെ താങ്കൾക്ക് വിവാഹം ചെയ്തുതരുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ട്.' എന്നി, പത്ത് വർഷം താങ്കൾ പൂർത്തിയാക്കുകയാണെങ്കിൽ (അത്) താങ്കളുടെ വക (ഔദാര്യം) ആയിരിക്കുന്നതാണ്. താങ്കൾക്ക് വിഷമമുണ്ടാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

അല്ലാഹു ഉദ്ദേശിച്ചാൽ സജ്ജനങ്ങളിൽ പെട്ടവനായി എന്നെ താങ്കൾക്ക് കാണാവുന്നതാണ്.

قَالَ ذَٰلِكَ بَيۡنِي وَبَيۡنَكَۖ أَيَّمَا ٱلۡأَجَلَيۡنِ قَضَيۡتُ فَلَا عُدۡوَٰنَ عَلَيَّۖ وَٱللَّهُ عَلَىٰ مَا نَقُولُ وَكِيلٞ ﴿٢٨﴾

﴿28﴾ അദ്ദേഹം [മൂസാ] പറഞ്ഞു: 'അത് എന്റെയും നിങ്ങളുടെയും ഇടയിലുള്ളതത്രെ.' [നാം തമ്മിലുള്ള നിശ്ചയമാണത്.] (ഈ പറഞ്ഞ) രണ്ട് കാലാവധികളിൽ ഞാൻ ഏതൊന്ന് നിറവേറ്റിയാലും എന്റെ പേരിൽ യാതൊരു അതിക്രമവും ഉണ്ടാകാവതല്ല. നാം പറയുന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നവനാകുന്നു.'

﴿27﴾ قَالَ അദ്ദേഹം പറഞ്ഞു إِنِّي നിശ്ചയമായും ഞാൻ أُرِيدُ ഞാൻ ഉദ്ദേശിക്കുന്നു أَنۡ أُنكِحَكَ താങ്കൾക്ക് വിവാഹം ചെയ്തുതരുവാൻ إِحۡدَى ٱبۡنَتَيَّ എന്റെ രണ്ട് പെൺമക്കളിൽ ഒരുവളെ هَٰتَيۡنِ ഈരണ്ട് عَلَىٰٓ أَن تَأۡجُرَنِي താങ്കളെനിക്ക് കൂലിവേല ചെയ്യുന്നതിന്റെ പേരിൽ (നിശ്ചയത്തോടെ) ثَمَٰنِيَ حِجَجٖ എട്ട് വർഷം فَإِنۡ أَتۡمَمۡتَ എന്നി താങ്കൾ പൂർത്തിയാക്കിയാൽ عَشۡرٗا പത്ത് (കൊല്ലം) فَمِنۡ عِندِكَ എന്നാൽ (അത്) താങ്കളുടെ പക്കൽ നിന്നാണ് (തന്റെ വകയാണ്) وَمَآ أُرِيدُ ഞാൻ ഉദ്ദേശിക്കുന്നില്ല أَنۡ أَشُقَّ ഞാൻ ബുദ്ധിമുട്ടുണ്ടാക്കാൻ, വിഷമമുണ്ടാക്കാൻ عَلَيۡكَ താങ്കളുടെ മേൽ سَتَجِدُنِي എന്നെ താങ്കൾക്ക് കാണാം, കണ്ടെത്താം إِن شَآءَ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചാൽ مِنَ ٱلصَّٰلِحِينَ സദ്വൃത്തൻമാരുടെ കൂട്ടത്തിൽ, നല്ലവരിൽ പെട്ട(വനാ

യി) ﴿28﴾ قَالَ അദ്ദേഹം പറഞ്ഞു ذَٰلِكَ അത് بَيْنِي وَبَيْنَكَ എന്റെയും താങ്കളുടെയും ഇടയി
ലുള്ളതത്രെ (നമ്മുടെ നിശ്ചയമാണ്) أَيَّمَا الْأَجَلَيْنِ രണ്ട് കാലാവധികളിൽ ഏതൊന്നും قَضَيْتُ
ഞാൻ നിർവ്വഹിക്കുന്നതായാൽ, തീർത്താൽ فَلَا عُدْوَانَ ഒരതിക്രമവും ഇല്ല (ഉണ്ടായിക്കൂടാ) عَلَيَّ എന്റെ മേൽ وَاللَّهُ അല്ലാഹു عَلَىٰ مَا نَقُولُ നാം പറയുന്നതിന്റെ മേൽ, പറയുന്നതിന് وَكِيلٌ സാക്ഷ്യം വഹിക്കുന്നവനാണ്.

അങ്ങനെ, ചുരുങ്ങിയത് എട്ട്കൊല്ലം- അധികരിച്ചാൽ പത്ത്കൊല്ലം കൂലിവേലചെയ്തുകൊടുക്കാമെന്ന നിശ്ചയത്തിൻമേൽ മൂസാ നബി (അ) വിവാഹിതനായി.

വിഭാഗം - 4

۞ فَلَمَّا قَضَىٰ مُوسَى ٱلْأَجَلَ وَسَارَ بِأَهْلِهِۦٓ ءَانَسَ مِن جَانِبِ ٱلطُّورِ نَارًا قَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا بِخَبَرٍ أَوْ جَذْوَةٍ مِّنَ ٱلنَّارِ لَعَلَّكُمْ تَصْطَلُونَ ﴿٢٩﴾

﴿29﴾ എന്നിട്ട്, മൂസാ കാലാവധി നിറവേറ്റുകയും, തന്റെ വീട്ടുകാരുമായി (സ്വരാജ്യത്തേക്ക്) പോകുകയും ചെയ്തപ്പോൾ, 'ത്വൂർ' (പർവ്വതത്തി)ന്റെ ഭാഗത്ത്നിന്ന് അദ്ദേഹം ഒരു തീ ദർശിച്ചു.

അദ്ദേഹം തന്റെ വീട്ടുകാരോട് പറഞ്ഞു: 'നിങ്ങൾ (ഇവിടെ) നിൽക്കുക- ഞാൻ ഒരു തീ ദർശിച്ചിരിക്കുന്നു! അവിടെനിന്ന് നിങ്ങൾക്ക് വല്ല വർത്തമാനമോ, അല്ലെങ്കിൽ ഒരു തീക്കൊള്ളിയോ ഞാൻ കൊണ്ടുവന്നേക്കാം, നിങ്ങൾക്ക് തീക്കായാമല്ലോ!'

﴿29﴾ فَلَمَّا قَضَىٰ എന്നിട്ട് നിർവ്വഹിച്ചപ്പോൾ مُوسَىٰ മൂസാ الْأَجَلَ കാലാവധി وَسَارَ നടക്കുക(പോകുക)യും بِأَهْلِهِ തന്റെ വീട്ടുകാരുമായി, കുടുംബസമേതം آنَسَ അദ്ദേഹം ദർശിച്ചു, കണ്ട് സന്തോഷിച്ചു مِن جَانِبِ الطُّورِ 'ത്വൂറി' ന്റെ ഭാഗത്തുനിന്ന് نَارًا ഒരു തീ, അഗ്നി قَالَ لِأَهْلِهِ അദ്ദേഹം തന്റെ വീട്ടുകാരോട് പറഞ്ഞു امْكُثُوا നിങ്ങൾ നിൽക്കുവിൻ (താമസിക്കുവിൻ) തങ്ങുവിൻ إِنِّي آنَسْتُ ഞാൻ കണ്ടിരിക്കുന്നു نَارًا ഒരു തീ لَعَلِّي آتِيكُم ഞാൻ നിങ്ങൾക്ക് വന്നേക്കാം مِنْهَا അതിൽനിന്ന് بِخَبَرٍ വല്ല വർത്തമാനവുംകൊണ്ട് أَوْ جَذْوَةٍ അല്ലെങ്കിൽ ഒരു കനൽ (കൊള്ളി) مِنَ النَّارِ തീയിൽനിന്നുള്ള لَعَلَّكُمْ تَصْطَلُونَ നിങ്ങൾക്ക് തീ കായാം, തീ കായുവാൻ വേണ്ടി

ഇരുട്ടിയ രാത്രി, അതിശൈത്യം, വഴി അറിയായ്മ, എല്ലാംകൂടി ഗതിമുട്ടിയ അവസരത്തിലാണദ്ദേഹം അകലെ ഒരു തീ കണ്ടാനന്ദിക്കുന്നത്. വീട്ടുകാരെ പറഞ്ഞാശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം അങ്ങോട്ടുപോയി.

فَلَمَّآ أَتَىٰهَا نُودِىَ مِن شَـٰطِىِٕ ٱلْوَادِ ٱلْأَيْمَنِ فِى ٱلْبُقْعَةِ ٱلْمُبَـٰرَكَةِ مِنَ ٱلشَّجَرَةِ أَن يَـٰمُوسَىٰٓ إِنِّىٓ أَنَا ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٣٠﴾

﴾30﴿ അങ്ങനെ, അദ്ദേഹം അതിനടുത്ത് ചെന്നപ്പോൾ, അനുഗൃഹീതമായ (ആ) പ്രദേശത്തുള്ള താഴ്‌വരയുടെ വലത്തെ തീരത്തുനിന്ന് -വൃക്ഷത്തിൽനിന്ന് -അദ്ദേഹത്തോട് വിളിച്ചുപറയപ്പെട്ടു: 'ഹേ, മൂസാ! നിശ്ചയമായും ഞാൻ ലോകരുടെ രക്ഷിതാവായ അല്ലാഹുവത്രെ' എന്ന്.

وَأَنْ أَلْقِ عَصَاكَ ۖ فَلَمَّا رَءَاهَا تَهْتَزُّ كَأَنَّهَا جَآنٌّ وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ

﴾31﴿ 'നിന്റെ വടി (നിലത്ത്) നീ ഇടുക' എന്നും (പറയപ്പെട്ടു). എന്നിട്ടത് ഒരു (ചെറു) സർപ്പമെന്നോണം പിടഞ്ഞു നടക്കുന്നതായി കണ്ടപ്പോൾ അദ്ദേഹം പിന്നോക്കം തിരിഞ്ഞു പോന്നു; പിമ്പോട്ട് നോക്കിയതു(പോലു)മില്ല.

يَـٰمُوسَىٰٓ أَقْبِلْ وَلَا تَخَفْ ۖ إِنَّكَ مِنَ ٱلْـَٔامِنِينَ ﴿٣١﴾

(അല്ലാഹു പറഞ്ഞു:) 'ഹേ, മൂസാ! നീ മുന്നോട്ട് വരുക, പേടിക്കുകയും വേണ്ട! നിശ്ചയമായും, നീ നിർഭയൻമാരിൽ [സുരക്ഷിതരിൽ] പെട്ടവനാകുന്നു.'

﴾30﴿ فَلَمَّا أَتَاهَا അങ്ങനെ അതിനടുക്കൽ ചെന്നപ്പോൾ نُودِيَ അദ്ദേഹം വിളിക്കപ്പെട്ടു (വിളിച്ചുപറയപ്പെട്ടു) مِن شَاطِئِ الْوَادِ താഴ്‌വരയുടെ തീരത്തുനിന്ന്, ഓരത്തുനിന്ന് الْأَيْمَنِ വലത്തേ فِي الْبُقْعَةِ പ്രദേശത്തിലുള്ള, സ്ഥലത്തിലുള്ള الْمُبَارَكَةِ അനുഗൃഹീതമായ, ആശീർവദിക്കപ്പെട്ട مِنَ الشَّجَرَةِ വൃക്ഷത്തിൽ നിന്ന് أَن يَا مُوسَىٰ ഹേ മൂസാ എന്ന് إِنِّي നിശ്ചയമായും ഞാൻ أَنَا اللَّهُ ഞാൻ അല്ലാഹുവത്രെ رَبُّ الْعَالَمِينَ ലോകരുടെ രക്ഷിതാവായ ﴾31﴿ وَأَنْ أَلْقِ നീ ഇടുക എന്നും عَصَاكَ നിന്റെ വടി فَلَمَّا رَآهَا എന്നിട്ടതിനെ അദ്ദേഹം കണ്ടപ്പോൾ تَهْتَزُّ പിടഞ്ഞു നടക്കുന്നതായി, പിടയുന്നതായി كَأَنَّهَا جَانٌّ അതൊരു ചെറുസർപ്പമെന്നോണം وَلَّىٰ അദ്ദേഹം തിരിഞ്ഞു مُدْبِرًا പിന്നിട്ടുകൊണ്ട് (പിന്നോക്കം) وَلَمْ يُعَقِّبْ പിമ്പോട്ട് നോക്കിയ

തുമില്ല, തിരിഞ്ഞുനോക്കിയതുമില്ല يَامُوسَى ഹേ മൂസാ أَقْبِلْ നീ മുന്നോട്ടുവരുക وَلَاتَخَفْ നീ പേടിക്കേണ്ട إِنَّكَ നിശ്ചയമായും നീ مِنَ الْآمِنِينَ നിർഭയൻമാരിൽ (സുരക്ഷിതരിൽ) പെട്ടവ നാണ്

തീ പ്രകാശിച്ചു കണ്ട ആ വൃക്ഷത്തെപ്പറ്റി 'ഒരു മുൾപ്പടർപ്പ്' എന്ന് ബൈബ്ളിലും, (*) ഒരു മുള്ളുമരം എന്നും മറ്റും ചില വ്യാഖ്യാതാക്കളും പറഞ്ഞുകാണാം. വാസ്തവം അല്ലാഹുവിനറിയാം. അതിന്റെ പേരറിയുന്നതിൽ പ്രത്യേക പ്രയോജനമൊന്നും ഇല്ലല്ലോ. മൂസാ (അ) അവിടെ ദർശിച്ച തീയാകട്ടെ, അത് സാധാരണ അറിയപ്പെടുന്ന തീയല്ലായിരുന്നു. അതിന്റെ യാഥാർത്ഥ്യം അല്ലാഹുവിനേ അറിയുകയുള്ളൂ. അവിടെവെച്ചാണ് മറ്റാർക്കും ലഭിക്കാത്ത ആ ഭാഗ്യം- അല്ലാഹുവിന്റെ സംസാരം കേട്ടാസ്വദിക്കുവാനുള്ള മഹാഭാഗ്യം- മൂസാ നബി (അ)ക്ക് സിദ്ധിച്ചത് എന്ന് മാത്രമേ നാം മനസ്സിലാക്കേണ്ടതുള്ളൂ. മൂസാ നബി (അ)യെ ഇപ്രകാരം അഭിമുഖീകരിച്ചു സൂ: അഅ്റാഫ് 144 ൽ അല്ലാഹുപ്രസ്താവിച്ചിരിക്കുന്നു: يَا مُوسَى إِنِّي اصْطَفَيْتُكَ عَلَى النَّاسِ بِرِسَالَاتِي وَبِكَلَامِي – الاعراف (മൂസാ, എന്റെ ദൗത്യങ്ങൾകൊണ്ടും, എന്റെ സംസാരംകൊണ്ടും ഞാൻ നിന്നെ മനുഷ്യരെക്കാൾ ശ്രേഷ്ഠമാക്കിയിരിക്കുന്നു.) സൂ: മർയം 52 ലും ഇതിനെക്കുറിച്ച് സൂചനയുണ്ട്. തന്റെ അപേക്ഷപ്രകാരം സ്വസഹോദരൻ ഹാറൂൻ നബി (അ)യെ തനിക്ക് സഹായകനെന്ന നിലയിൽ റസൂലായി നിയോഗിച്ചതും മൂസാ നബി (അ)ക്ക് സിദ്ധിച്ച ഒരു പ്രത്യേക ഭാഗ്യം തന്നെയാണ്. ഇവിടേക്കാവശ്യമായ പല വിവരവും സൂ: ത്വാഹയിൽ കഴിഞ്ഞുപോയിട്ടുള്ളത് കൊണ്ട് ഇവിടെ ആവർത്തിക്കേണ്ടതില്ല. വടി സർപ്പമായി മാറുന്നത് കാണിച്ചശേഷം അല്ലാഹു മൂസാ നബി (അ)യോട് പറയുന്നു:-

اَسْلُكْ يَدَكَ فِي جَيْبِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوٓءٍ وَاضْمُمْ إِلَيْكَ جَنَاحَكَ مِنَ الرَّهْبِ ۖ فَذَانِكَ بُرْهَانَانِ مِن رَّبِّكَ إِلَىٰ فِرْعَوْنَ وَمَلَإِيْهِۦٓ ۚ إِنَّهُمْ كَانُوا قَوْمًا فَاسِقِينَ ﴿٣٢﴾

《32》 'നിന്റെ കൈ നിന്റെ കുപ്പായത്തിന്റെ മാറിൽ കടത്തുക; യാതൊരു ദൂഷ്യവും കൂടാതെ അത് വെളുത്തതായി പുറത്തുവരുന്നതാണ്. ഭയപ്പാടിന് (പരിഹാരമായി) നീ നിന്റെ പാർശ്വത്തെ നിന്നിലേക്ക് കൂട്ടിപ്പിടിക്കുകയും ചെയ്തുകൊള്ളുക. അങ്ങനെ, അത്രണ്ടും, [വടിയും, കൈയും] ഫിർഔന്റെയും, അവന്റെ പ്രധാനികളുടെയും അടുക്കലേക്ക് നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള രണ്ട് തെളിവുകളാകുന്നു. നിശ്ചയമായും, അവർ തോന്നിയവാസികളായ ഒരു ജനതയായിരിക്കുന്നു.'

《32》 اسْلُكْ നീ കടത്തുക, പ്രവേശിപ്പിക്കുക يَدَكَ നിന്റെ കൈ فِي جَيْبِكَ നിന്റെ (കുപ്പായത്തിന്റെ) മാറിൽ تَخْرُجْ അത് പുറത്തുവരും, പ്രത്യക്ഷപ്പെടും بَيْضَاءَ വെള്ളനിറമുള്ളതായി مِنْ غَيْرِ سُوءٍ ഒരു ദൂഷ്യവും (കെടുതലും) കൂടാതെ وَاضْمُمْ നീ ചേർക്കുകയും (കൂട്ടിപ്പിടിക്കു

(*) *പുറപ്പാട് 3: 2*

കയും) ചെയ്യുക إِلَيْكَ നിന്നിലേക്ക് جَنَاحَكَ നിന്റെ പാർശ്വത്തെ, പക്ഷത്തെ مِنَ الرَّهْبِ ഭയപ്പാടിന്, ഭയപ്പാടിനാൽ فَذَانِكَ അങ്ങനെ അത് രണ്ടും بُرْهَانَانِ രണ്ട് തെളിവുകളാണ്, ലക്ഷ്യങ്ങളാണ് مِن رَّبِّكَ നിന്റെ രക്ഷിതാവിങ്കൽനിന്ന് إِلَىٰ فِرْعَوْنَ ഫിർഔന്റെ അടുക്കലേക്ക് وَمَلَإِيْهِ അവന്റെ പ്രധാനികളുടെയും, സംഘക്കാരുടെയും إِنَّهُمْ നിശ്ചയമായും അവർ كَانُوا ആയിരിക്കുന്നു, ആകുന്നു قَوْمًا ഒരു ജനത فَاسِقِينَ തോന്നിയവാസികളായ, ദുർനടപ്പുകാരായ

'ഭയപ്പാടിന് നീ നിന്റെ പാർശ്വത്തെ നിന്നിലേക്ക് കൂട്ടിപ്പിടിക്കുക' എന്ന് പറഞ്ഞതിന്റെ താൽപര്യം ഇതാണ്: വടി പാമ്പായിത്തീരുമ്പോഴോ, കൈ വെള്ളനിറം പൂണ്ടു പ്രത്യക്ഷപ്പെടുമ്പോഴോ, ഫിർഔന്റെ അടുക്കൽ ചെല്ലുമ്പോഴോ ഒന്നും തന്നെ നീ ഭയപ്പെടേണ്ടതില്ല. ഭയം തോന്നുന്നപക്ഷം, അതിന് പരിഹാരമായി നീ നിന്റെ പാർശ്വം- അഥവാ കൈ- നിന്റെ നെഞ്ചിൽ ചേർത്തുവെച്ച് കൂട്ടിപ്പിടിക്കുക. എന്നാൽ ആ ഭയം നീങ്ങിക്കൊള്ളും. വടി പാമ്പായി മാറിയപ്പോൾ മൂസാ നബി (അ)ക്ക് വലിയ ഭയം അനുഭവപ്പെട്ടുവല്ലോ. മേലിൽ അങ്ങനെ സംഭവിക്കുന്നപക്ഷം ഇപ്രകാരം ചെയ്താൽ മതിയെന്ന് അല്ലാഹു ഉപദേശിക്കുകയാണ്. ഈ ഉപദേശം മൂസാ നബി (അ)യെ സംബന്ധിച്ചിടത്തോളം പ്രത്യേകം ഫലവത്തായിരിക്കുമെന്ന് പറയേണ്ടതില്ല. അല്ലാഹു സഹായിച്ചു ഭയവേളയിൽ, ഹൃദയത്തിനുമീതെ കൈവച്ചുകൊണ്ട്- ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയത് പോലെ- നമുക്കും ഇത് ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്മൂലം ഭയത്തിന് അൽപമെങ്കിലും ലാഘവം കൂടുമെന്നത് ഏറെക്കുറേ അനുഭവങ്ങൾ കൊണ്ടുതന്നെ മനസ്സിലാക്കാവുന്നതുമാണ്.

قَالَ رَبِّ إِنِّي قَتَلْتُ مِنْهُمْ نَفْسًا فَأَخَافُ أَن يَقْتُلُونِ ﴿٣٣﴾

《33》 അദ്ദേഹം [മൂസാ] പറഞ്ഞു: 'എന്റെ രക്ഷിതാവേ! അവരിൽപെട്ട ഒരാളെ ഞാൻ കൊന്നിട്ടുണ്ട്; അതിനാൽ അവരെന്നെ കൊല്ലുമെന്ന് ഞാൻ ഭയപ്പെടുന്നു.

وَأَخِي هَارُونُ هُوَ أَفْصَحُ مِنِّي لِسَانًا فَأَرْسِلْهُ مَعِيَ رِدْءًا يُصَدِّقُنِيٓ إِنِّيٓ أَخَافُ أَن يُكَذِّبُونِ ﴿٣٤﴾

《34》 'എന്റെ സഹോദരൻ ഹാറൂനാകട്ടെ, എന്നെക്കാൾ വ്യക്തമായി സംസാരിക്കുന്നവനാകുന്നു. അതുകൊണ്ട് അദ്ദേഹത്തെ എന്റെ സത്യത സ്ഥാപിക്കുന്ന ഒരു സഹായകനായി എന്നോടൊപ്പം (നിയോഗിച്ചു) അയച്ചു തരേണമേ! നിശ്ചയമായും, അവരെന്നെ വ്യാജ്യമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.'

《33》 قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ, രക്ഷിതാവേ إِنِّي قَتَلْتُ ഞാൻ കൊന്നിട്ടുണ്ട് مِنْهُمْ അവരിൽനിന്ന് نَفْسًا ഒരാളെ فَأَخَافُ അതിനാൽ ഞാൻ ഭയപ്പെടുന്നു أَن يَقْتُلُونِ അവരെന്നെ കൊല്ലുമെന്ന് 《34》 وَأَخِي هَارُونُ എന്റെ സഹോദരൻ ഹാറൂനാകട്ടെ هُوَ

അവൻ, അദ്ദേഹം أَفْصَحُ مِنِّي എന്നെക്കാൾ ചാതുര്യം (വടിവ്, വ്യക്തത) ഉള്ളവനാണ് لِسَانًا സംസാരം, ഭാഷ, നാവ് فَأَرْسِلْهُ അതുകൊണ്ട് അദ്ദേഹത്തെ അയക്കണേ, നിയോഗിക്കണേ مَعِيَ എന്നോടൊപ്പം رِدْءًا സഹായകനായിട്ട്, ഉതവിയായി يُصَدِّقُنِي അവൻ എന്നെ സത്യപ്പെടുത്തും (എന്റെ സത്യത സ്ഥാപിക്കും) إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു أَن يُكَذِّبُونِ അവർ എന്നെ വ്യാജമാക്കുമെന്ന്

വാക്ചാതുര്യം, അഥവാ സംസാരവൈഭവം തന്നെക്കാൾ സഹോദരന് കൂടുതലുള്ളത് കൊണ്ട് താൻ പ്രബോധനം ചെയ്യുന്ന തത്വങ്ങളും, തെളിവുകളും കൂടുതൽ വ്യക്തവും യുക്തവുമായ നിലയിൽ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാനും, അത്വഴി തന്റെ സത്യതക്ക് കൂടുതൽ ദൃഢീകരണം ലഭിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് മൂസാ നബി (അ) സഹോദരനെക്കൂടി റസൂലായി നിയോഗിച്ചയച്ചുകൊടുക്കുവാൻ അപേക്ഷിക്കുന്നത്. മൂസാ നബി (അ)ക്ക് സംസാരത്തിൽ അൽപം വിഷമം ഉണ്ടായിരുന്നതിനെക്കുറിച്ച് സൂ: ത്വാഹായിലും, ശുഅറാ ഇലും പ്രസ്താവിച്ചിട്ടുണ്ട്. ഫിർഔൻ ഒരിക്കൽ മൂസാ നബി (അ)യെ പരിഹസിച്ചു പറയുന്ന മദ്ധ്യെ ഇങ്ങനെ പറഞ്ഞതായി സൂ: സുഖ്റുഫ് 52ൽ കാണാം: وَلَا يَكَادُ يُبِينُ- الزخرف (അവൻ വ്യക്തമായി സംസാരിച്ചേക്കുന്നതുമല്ല.) ഇതിനും പുറമെ, ഈജിപ്തുകാരുടെ ദൃഷ്ടിയിൽ ഒരു പഴയ കൊലപാതകിയുമാണല്ലോ മൂസാ നബി (അ). ആ നിലക്കും സഹോദരന്റെ സഹായവും വാചാലതയും പ്രയോജനപ്പെടുമല്ലോ.

قَالَ سَنَشُدُّ عَضُدَكَ بِأَخِيكَ وَنَجْعَلُ لَكُمَا سُلْطَـٰنًا فَلَا يَصِلُونَ إِلَيْكُمَا ۚ بِـَٔايَـٰتِنَآ أَنتُمَا وَمَنِ ٱتَّبَعَكُمَا ٱلْغَـٰلِبُونَ ﴿٣٥﴾

《35》 അവൻ [അല്ലാഹു] പറഞ്ഞു: 'നിന്റെ സഹോദരനെക്കൊണ്ട് നിന്റെ തോൾ കൈക്ക് നാം ബലം കൂട്ടിത്തരാം. നിങ്ങൾക്ക് രണ്ടാൾക്കും നാം ഒരധികൃത ശക്തി ഉണ്ടാക്കിത്തരുകയും ചെയ്യാം. അതിനാൽ, അവർ നിങ്ങളിലേക്ക് വന്നെത്തുന്നതല്ല. നമ്മുടെ ദൃഷ്ടാന്തങ്ങൾ മുഖേന \n§ Äcït]cpw നിങ്ങളെ പിൻതുടർന്നവരും ആയിരിക്കും വിജയികൾ

《35》 قَالَ അവൻ പറഞ്ഞു سَنَشُدُّ നാം ബലം കൂട്ടിത്തരാം, ശക്തിപ്പെടുത്താം عَضُدَكَ നിന്റെ തോൾകൈക്ക്, (കരങ്ങൾക്ക്) بِأَخِيكَ നിന്റെ സഹോദരനെക്കൊണ്ട് وَنَجْعَلُ നാം ഉണ്ടാക്കുകയും (ഏർപ്പെടുത്തുകയും) ചെയ്യാം لَكُمَا നിങ്ങൾക്ക് രണ്ടാൾക്കും سُلْطَانًا ഒരു പ്രാബല്യം, ശക്തി, തെളിവ്, പ്രമാണം, അധികാരം, സ്വാധീനം فَلَا يَصِلُونَ അതിനാൽ അവർ വന്നെത്തുകയില്ല, ചേരുകയില്ല, എത്തുകയില്ല إِلَيْكُمَا നിങ്ങളിലേക്ക് بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങൾ നിമിത്തം, (കൊണ്ട്) أَنْتُمَا നിങ്ങൾ രണ്ടാളുമാണ് وَمَنِ اتَّبَعَكُمَا നിങ്ങളെ പിൻതുടർന്നുവരും الْغَالِبُونَ വിജയികൾ, പ്രബലർ

സഹോദരൻ മുഖേന നിന്റെ കരങ്ങൾക്ക് -അഥവാ പ്രവർത്തനങ്ങൾക്ക് -നാം ശക്തിയും ബലവും നൽകുകയും, ശത്രുക്കൾക്കെതിരിൽ നിങ്ങളുടെ പക്ഷത്ത് തെളിവും പ്രാബല്യവും തന്നു നിങ്ങളെ സഹായിക്കുകയും ചെയ്യും. അവർക്ക് നിങ്ങളെ കയ്യേറ്റം ചെയ്യാനും, നിങ്ങളെ

പരാജയപ്പെടുത്തുവാനും സാധിക്കുന്നതല്ല. നാം കല്പിച്ചു തന്ന ദൃഷ്ടാന്തങ്ങളുമായി പോയിക്കൊള്ളുക. അത്‌വഴി, നിങ്ങളും നിങ്ങളുടെ അനുയായികളും തന്നെയായിരിക്കും വിജയം വരിക്കുക. ശത്രുക്കൾ പരാജയമടയുകതന്നെ ചെയ്യും എന്ന് സാരം.

ഈ വാഗ്ദാനങ്ങൾ അല്ലാഹു അവർക്ക് തികച്ചും നിറവേറ്റിക്കൊടുത്തിട്ടുമുണ്ട്. അധികാരപ്രമത്തതയുടെയും ധിക്കാരഭരണത്തിന്റെയും പരമകാഷ്ഠയിലെത്തിയ ഫിർഔന്റെ ഭരണാതിർത്തിക്കുള്ളിൽവെച്ച്- ഞാനാണ് നിങ്ങളുടെ ഏറ്റവും ഉന്നതനായ റബ്ബ് എന്നും, ഞാനല്ലാതെ നിങ്ങൾക്കൊരു ഇലാഹും ഉള്ളതായി എനിക്കറിവില്ല എന്നും നിസ്സങ്കോചം വീരവാദം ചെയ്ത ആ ഏകാധിപതിയുടെ മുമ്പിൽവെച്ച്- തരിമ്പ് പോലും തലകുനിക്കാതെ, അണുഅളവും പതറാതെ, തൗഹീദിന്റെ പ്രബോധനം അവർ നടത്തി. പതിനായിരക്കണക്കിലോ, ലക്ഷക്കണക്കിലോ ജനസംഖ്യ വരുന്ന ഇസ്റാഈൽ ജനതയെ അത്യത്ഭുതകരമാം വിധം അവർ രക്ഷപ്പെടുത്തി. ആ വമ്പിച്ച ജനതക്ക് ഒരു പുതിയ ജീവിതവും ജീവിതക്രമവും നൽകി. ഇതെല്ലാം അല്ലാഹുവിന്റെ ആ വാഗ്ദാനത്തിന്റെ പൂർത്തീകരണം ഒന്നുമാത്രമാണ്.

فَلَمَّا جَآءَهُم مُّوسَىٰ بِـَٔايَـٰتِنَا بَيِّنَـٰتٍ قَالُوا۟ مَا هَـٰذَآ إِلَّا سِحْرٌ مُّفْتَرًى وَمَا سَمِعْنَا بِهَـٰذَا فِىٓ ءَابَآئِنَا ٱلْأَوَّلِينَ ﴿٣٦﴾

﴾36﴿ അങ്ങനെ, മൂസാ അവരുടെ അടുക്കൽ വ്യക്തമായ തെളിവുകളായി നമ്മുടെ ദൃഷ്ടാന്തങ്ങളും കൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു: 'ഇത് വ്യാജനിർമിതമായ ഒരു ജാലവിദ്യയല്ലാതെ (മറ്റൊന്നുംതന്നെ) അല്ല; നമ്മുടെ പൂർവ്വപിതാക്കളിൽ നാം ഇതിനെപ്പറ്റി കേട്ടിട്ടുമില്ല.'

وَقَالَ مُوسَىٰ رَبِّىٓ أَعْلَمُ بِمَن جَآءَ بِٱلْهُدَىٰ مِنْ عِندِهِۦ وَمَن تَكُونُ لَهُۥ عَـٰقِبَةُ ٱلدَّارِ ۖ إِنَّهُۥ لَا يُفْلِحُ ٱلظَّـٰلِمُونَ ﴿٣٧﴾

﴾37﴿ മൂസാ പറഞ്ഞു: 'എന്റെ റബ്ബ് നല്ലവണ്ണം അറിയുന്നവനാണ്: അവന്റെ പക്കൽനിന്നുള്ള സൻമാർഗവും കൊണ്ടു വന്നിട്ടുള്ളവൻ ആരാണെന്നും, ഈ (ഇഹലോകമാകുന്ന) ഭവനത്തിന്റെ (ശുഭ) പര്യവസാനം ആർക്കാണുണ്ടായിരിക്കുകയെന്നുമുള്ളതിനെ സംബന്ധിച്ച്. കാര്യം, അക്രമികൾ നിശ്ചയമായും വിജയിക്കുകയില്ല.'

﴾36﴿ فَلَمَّا جَاءَهُمْ അങ്ങനെ അവരുടെ അടുക്കൽചെന്നപ്പോൾ مُوسَى മൂസാ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളും കൊണ്ട് بَيِّنَاتٍ വ്യക്തങ്ങളായ നിലയിൽ, തെളിവുകളായിട്ട് قَالُوا അവർ പറഞ്ഞു مَاهَذَا ഇതല്ല إِلَّا سِحْرٌ ജാലവിദ്യയല്ലാതെ مُفْتَرًى വ്യാജനിർമിതമായ, കെട്ടിച്ചമക്ക

പ്പെട്ട وَمَاسَمِعۡنَا നാം (ഞങ്ങൾ) കേട്ടിട്ടുമില്ല بِهَٰذَا ഇതിനെക്കുറിച്ച് فِيٓ ءَابَآئِنَا നമ്മുടെ പിതാക്കളിൽ ٱلۡأَوَّلِينَ പൂർവ്വൻമാരായ, മുൻകഴിഞ്ഞ ﴾37﴿ وَقَالَ مُوسَىٰ മൂസാ പറഞ്ഞു رَبِّيٓ എന്റെ റബ്ബ് أَعۡلَمُ നല്ലവണ്ണം (ഏറ്റവും) അറിയുന്നവനാണ് بِمَن جَآءَ വന്നവനെപ്പറ്റി, ആരാണ് വന്നതെന്ന് بِٱلۡهُدَىٰ സൻമാർഗം കൊണ്ട് مِنۡ عِندِهِۦ അവന്റെ പക്കൽനിന്ന് وَمَن ഒരുവനെപ്പറ്റിയും, ആരാണെന്നും تَكُونُ لَهُۥ അവന്നുണ്ടായിരിക്കും عَٰقِبَةُ (ശുഭമായ)പര്യവസാനം ٱلدَّارِ ഭവനത്തിന്റെ (ഈ ലോകത്തിന്റെ) إِنَّهُۥ നിശ്ചയമായും കാര്യം لَا يُفۡلِحُ വിജയിക്കുകയില്ല, ഭാഗ്യം പ്രാപിക്കയില്ല ٱلظَّٰلِمُونَ അക്രമികൾ

ഇതൊന്നും ചിന്തിക്കുവാൻ ശ്രമിക്കുകയല്ല ഫിർഔൻ ചെയ്തത്. അവന്റെ അഹങ്കാരവും ധിക്കാരവും അങ്ങേഅറ്റം മുഴക്കുകയാണുണ്ടായത്.

وَقَالَ فِرۡعَوۡنُ يَٰٓأَيُّهَا ٱلۡمَلَأُ مَا عَلِمۡتُ لَكُم مِّنۡ إِلَٰهٍ غَيۡرِي فَأَوۡقِدۡ لِي يَٰهَٰمَٰنُ عَلَى ٱلطِّينِ فَٱجۡعَل لِّي صَرۡحًا لَّعَلِّيٓ أَطَّلِعُ إِلَىٰٓ إِلَٰهِ مُوسَىٰ وَإِنِّي لَأَظُنُّهُۥ مِنَ ٱلۡكَٰذِبِينَ ﴿٣٨﴾

﴾38﴿ ഫിർഔൻ പറഞ്ഞു: 'പ്രധാനികളേ, ഞാനല്ലാതെ യാതൊരു ഇലാഹും [ആരാധ്യനും] നിങ്ങൾക്കുള്ളതായി ഞാൻ അറിയുന്നില്ല.

അതുകൊണ്ട് ഓ, ഹാമാൻ! എനിക്ക്‌വേണ്ടി നീ കളിമണ്ണിൽ നെരിപ്പൂട്ടുക. [ഇഷ്ടികയുണ്ടാക്കി ചൂളവെക്കുക] എന്നിട്ട് എനിക്കൊരു ഉന്നത സൗധമുണ്ടാക്കിതരുക- മൂസായുടെ ഇലാഹിങ്കലേക്ക് എനിക്ക് ചെന്ന് നോക്കാമല്ലോ! നിശ്ചയമായും, അവനെ വ്യാജം പറയുന്നവരിൽ പെട്ടവനെന്നത്രെ ഞാൻ ധരിക്കുന്നത്.'

﴾38﴿ وَقَالَ فِرۡعَوۡنُ ഫിർഔൻ പറഞ്ഞു يَٰٓأَيُّهَا ٱلۡمَلَأُ ഹേ പ്രധാനികളേ مَا عَلِمۡتُ ഞാനറിഞ്ഞിട്ടില്ല എനിക്കറിവില്ല لَكُم നിങ്ങൾക്ക് مِّنۡ إِلَٰهٍ ഒരു ഇലാഹിനെയും غَيۡرِي ഞാനല്ലാതെ, ഞാനൊഴികെ فَأَوۡقِدۡ അതുകൊണ്ട് നീ കത്തിക്കുക, നെരിപ്പൂട്ടുക لِي എനിക്ക് വേണ്ടി يَٰهَٰمَٰنُ ഓ ഹാമാനേ! عَلَى ٱلطِّينِ കളിമണ്ണിൽ, മണ്ണിൻമേൽ فَٱجۡعَل لِّي എന്നിട്ട് എനിക്കുണ്ടാക്കുക صَرۡحًا ഒരു ഉന്നതസൗധം, കൊത്തളം, സ്തംഭം لَّعَلِّيٓ أَطَّلِعُ ഞാൻ എത്തിനോക്കാം, എനിക്ക് ചെന്നു നോക്കുവാൻ إِلَىٰٓ إِلَٰهِ مُوسَىٰ മൂസായുടെ ഇലാഹിങ്കലേക്ക് وَإِنِّي നിശ്ചയമായും ഞാൻ لَأَظُنُّهُۥ അവനെ ഞാൻ ധരിക്കുന്നു, വിചാരിക്കുന്നു مِنَ ٱلۡكَٰذِبِينَ വ്യാജം (കളവ്) പറയുന്നവരിൽ പെട്ടവനാണെന്ന്

ഞാനല്ലാതെ നിങ്ങൾക്കൊരു ഇലാഹും ഉള്ളതായി ഞാൻ അറിയുന്നില്ലെന്നും, (79: 24ൽ പറയുന്നത്പോലെ) ഞാൻ നിങ്ങളുടെ അത്യുന്നതനായ റബ്ബാണെന്നും ഫിർഔൻ പ്രഖ്യാപിച്ചത് കൊണ്ട് ഈ ആകാശഭൂമികൾ സൃഷ്ടിച്ചു നിയന്ത്രിച്ചു വരുന്നവൻ താൻ തന്നെ

യാണെന്ന് ഫിർഔൻ വാദിക്കുന്നതായി കരുതേണ്ടതില്ല. ഇമാംറാസീ (റ)യും മറ്റും ചൂണ്ടിക്കാട്ടിയത് പോലെ, ആ വാദം പുറപ്പെടുവിക്കുവാൻ മാത്രം ഭോഷനല്ലായിരുന്നു ഫിർഔനെന്നും, ഒരു പക്ഷേ, അതവൻ പറഞ്ഞാൽ തന്നെയും അൽപം ബുദ്ധിയുള്ള ഏവരും അത് സമ്മതിക്കുകയില്ലെന്നും വ്യക്തമാണ്. നാട്ടിനെയും, പ്രജകളെയും സ്വേച്ഛയനുസരിച്ച് ഭരിച്ചു നിയന്ത്രിച്ചുപോരുന്ന ഏറ്റവും വലിയ രക്ഷിതാവും, അവരുടെ എല്ലാവിധ ആരാധനാ വണക്കങ്ങൾക്കും അവകാശിയായ ഏകാരാധ്യനും താനാണെന്നും അതിനാൽ വേറൊരു റബ്ബിനെയും, ഇലാഹിനെയും (രക്ഷിതാവിനെയും ആരാധ്യനെയും) അവിടെ അവതരിപ്പിക്കുവാൻ പാടില്ലെന്നുമാണ് അവന്റെ വാദം. രാജാക്കൾ ആരാധ്യപുരുഷൻമാരായി ഗണിക്കപ്പെടുകയും, അവരിൽ ദിവ്യത്വം കൽപിക്കപ്പെടുകയും ചെയ്യുന്ന പതിവ് അടുത്ത കാലം വരെ പല നാട്ടിലും നടപ്പുള്ളതായിരുന്നു. ഫിർഔനെ സംബന്ധിച്ചിടത്തോളം ഈ നില കൂടുതൽ മൂർദ്ധന്യത്തിലെത്തിയിരുന്നുവെന്ന് മാത്രം.

ജനമദ്ധ്യെ മൂസാ നബി (അ)യെ പരിഹസിക്കുവാനും, തൗഹീദിന്റെ പ്രബോധനത്തിൽ ജനങ്ങൾക്ക് ആശയക്കുഴപ്പവും, സംശയവും ഉളവാക്കാനും വേണ്ടി ഫിർഔൻ പ്രയോഗിക്കുന്ന ഒരു സൂത്രമത്രെ തന്റെ മന്ത്രി ഹാമാനെ വിളിച്ചുകൊണ്ടുള്ള ആ കൽപന. കളിമണ്ണ്കൊണ്ട് ഇഷ്ടികയുണ്ടാക്കി ചൂളവെച്ചു ചുട്ടെടുത്താണല്ലോ മിക്ക നാട്ടിലും കെട്ടിടങ്ങളുണ്ടാക്കുന്നത്. വേഗം കുറെ ഇഷ്ടികയുണ്ടാക്കി ഒരു ഉന്നതമായ സൗധം കെട്ടിപ്പൊക്കണം. ഭൂമിയിലെവിടെയും ഞാനല്ലാതെ ഒരു ഇലാഹില്ലാത്ത സ്ഥിതിക്ക് മൂസായുടെ പുതിയ ഇലാഹിനെ ആകാശത്തൊന്ന് പരിശോധിച്ചുനോക്കണം എന്നാണവൻ പറയുന്നത്. ഇങ്ങനെ ഒരു സൗധം ഫിർഔൻ ഉണ്ടാക്കിയതായോ അതിൽ കേറി നോക്കിയതായോ യാതൊരു തെളിവുമില്ല. വേറൊരു ഇലാഹും ഉള്ളതായി താൻ അറിയുന്നില്ല എന്നും, മൂസാ കളവ് പറയുന്നവനാണെന്നാണ് താൻ ധരിക്കുന്നതെന്നും പറഞ്ഞത് താനൊരു നിഷ്പക്ഷവാദിയും സത്യാമ്വേഷിയുമാണെന്ന് വരുത്തിത്തീർക്കുവാനാകുന്നു. വാസ്തവത്തിൽ ഇത്രയും കടുത്ത ധിക്കാരത്തിനും, നിഷേധത്തിനും ഫിർഔനും കക്ഷിയും ഒരുമ്പെടുവാനുള്ള കാരണമെന്താണെന്ന് അല്ലാഹു വ്യക്തമാക്കുന്നു:-

وَٱسْتَكْبَرَ هُوَ وَجُنُودُهُۥ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ

《39》 അവനും അവന്റെ സൈന്യങ്ങളും നാട്ടിൽ ന്യായരഹിതരായി അഹങ്കാരം നടിച്ചു;

وَظَنُّوٓا۟ أَنَّهُمْ إِلَيْنَا لَا يُرْجَعُونَ ﴿٣٩﴾

നമ്മുടെ അടുക്കലേക്ക് അവർ മടക്കപ്പെടുകയില്ലെന്ന് അവർ ധരിക്കുകയും ചെയ്തു.

فَأَخَذْنَٰهُ وَجُنُودَهُۥ فَنَبَذْنَٰهُمْ فِى ٱلْيَمِّ ۖ

《40》 അതിനാൽ, അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടിച്ചു; എന്നിട്ട് സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞു

فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلظَّـٰلِمِينَ ﴿٤٠﴾

അപ്പോൾ, (ആ) അക്രമികളുടെ പര്യവസാനം എങ്ങനെയാണുണ്ടായതെന്ന് നോക്കുക!

وَجَعَلْنَـٰهُمْ أَئِمَّةً يَدْعُونَ إِلَى ٱلنَّارِ ۖ وَيَوْمَ ٱلْقِيَـٰمَةِ لَا يُنصَرُونَ ﴿٤١﴾

《41》 നാം അവരെ നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കളാക്കി; ഖിയാമത്ത് നാളിൽ അവർക്ക് സഹായം നൽകപ്പെടുന്നതുമല്ല.

وَأَتْبَعْنَـٰهُمْ فِى هَـٰذِهِ ٱلدُّنْيَا لَعْنَةً ۖ وَيَوْمَ ٱلْقِيَـٰمَةِ هُم مِّنَ ٱلْمَقْبُوحِينَ ﴿٤٢﴾

《42》 ഈ ഐഹികലോകത്ത് നാം അവർക്ക് (പിന്നാലെ) ശാപം തുടർത്തുകയും ചെയ്തു. ഖിയാമത്ത് നാളിലാകട്ടെ, അവർ വഷളാക്കപ്പെട്ട [ശപിക്കപ്പെട്ട]വരുടെ കൂട്ടത്തിലുമായിരിക്കും.

《39》 وَاسْتَكْبَرَ അവൻ അഹങ്കാരം (ഗർവ്) നടിച്ചു هُوَ അവൻ وَجُنُودُهُ അവന്റെ സൈന്യങ്ങളും فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) بِغَيْرِ الْحَقِّ ന്യായം കൂടാതെ, ന്യായരഹിതമായി وَظَنُّوا അവർ ധരിക്കുകയും ചെയ്തു أَنَّهُمْ നിശ്ചയമായും അവർ إِلَيْنَا നമ്മുടെ അടുക്കലേക്ക് لَا يُرْجَعُونَ മടക്കപ്പെടുകയില്ല (എന്ന്) 《40》 فَأَخَذْنَاهُ അതിനാൽ നാം അവനെ പിടിച്ചു وَجُنُودَهُ തന്റെ സൈന്യങ്ങളേയും فَنَبَذْنَاهُمْ എന്നിട്ട് അവരെ നാം എറിഞ്ഞു فِي الْيَمِّ സമുദ്രത്തിൽ فَانْظُرْ അപ്പോൾ നോക്കുക كَيْفَ كَانَ എങ്ങനെ ഉണ്ടായെന്ന്, ആയെന്ന് عَاقِبَةُ الظَّالِمِينَ അക്രമികളുടെ പര്യവസാനം, അന്ത്യഫലം 《41》 وَجَعَلْنَاهُمْ അവരെ നാം ആക്കി أَئِمَّةً നേതാക്കൻമാർ, മുമ്പൻമാർ يَدْعُونَ ക്ഷണിക്കുന്ന, വിളിക്കുന്ന إِلَى النَّارِ നരകത്തിലേക്ക് وَيَوْمَ الْقِيَامَةِ ഖിയാമത്ത് നാളിൽ لَا يُنْصَرُونَ അവർ സഹായിക്കപ്പെടുന്നതുമല്ല 《42》 وَأَتْبَعْنَاهُمْ നാം അവരെ അനുഗമിച്ചു, പിൻതുടർത്തുകയും ചെയ്തു فِي هَٰذِهِ الدُّنْيَا ഈ ഐഹികലോകത്ത് لَعْنَةً ശാപം وَيَوْمَ الْقِيَامَةِ ഖിയാമത്ത് നാളിലാകട്ടെ هُمْ അവർ مِنَ الْمَقْبُوحِينَ വഷളാക്കപ്പെട്ട (ചീത്തപ്പെടുത്തപ്പെട്ട)വരിലായിരിക്കും

അവനെയും, അവന്റെ സൈന്യങ്ങളെയും പിടിച്ചു കടലിൽ എറിഞ്ഞു എന്ന പ്രയോഗത്തിൽ, ആ സംഭവം അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരമായ ഒരു നടപടിയായിരുന്നുവെന്ന് സൂചന കാണാം. 6-ാം വചനത്തിൽ ദുർബ്ബലരായ ഇസ്റാഈല്യരെപ്പറ്റി അവരെ നേതാക്കൻമാരാക്കുവാൻ നാം ഉദ്ദേശിക്കുന്നുവെന്നും മറ്റും അല്ലാഹു പറഞ്ഞുവല്ലോ. എന്നാൽ ഇതേവരെയും നേതാക്കളായി ഗണിക്കപ്പെട്ടിരുന്നവർ ഫിർഔനും അവന്റെ

ആൾക്കാരും തന്നെയായിരുന്നു. അവരുടെ നേതൃത്വത്തിന്റെ സ്വഭാവമാണ് 41-ാം വചനത്തിൽ നാം കാണുന്നത്. അതെ, അവർ നേതാക്കളായിരുന്നു. പക്ഷേ, നരകത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിലായിരുന്നു അവരുടെ നേതൃത്വം. അധികാരപ്രമത്തതയിലും ഭൗതികമായ നേട്ടങ്ങളിലും അഹങ്കരിച്ചുകൊണ്ട് അല്ലാഹുവിനെ ധിക്കരിച്ചുവരുന്ന എല്ലാവരും ഫിർഔനെയും, അവന്റെ ആൾക്കാരെയും മാതൃകയാക്കുകയാണ് ചെയ്യുന്നതെന്ന സൂചനയും ഈ വചനത്തിൽ കാണാവുന്നതാണ്.

വിഭാഗം - 5

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ مِنۢ بَعْدِ مَآ أَهْلَكْنَا ٱلْقُرُونَ ٱلْأُولَىٰ بَصَآئِرَ لِلنَّاسِ وَهُدًى وَرَحْمَةً لَّعَلَّهُمْ يَتَذَكَّرُونَ ﴿٤٣﴾

﴾43﴿ പൂർവ്വ തലമുറകളെ നശിപ്പിച്ചതിന് ശേഷം, ജനങ്ങൾക്ക് ഉൾക്കാഴ്ചകളായും, മാർഗദർശനമായും, കാരുണ്യമായുംകൊണ്ട് നാം മൂസാക്ക് വേദഗ്രന്ഥം നൽകുകയുണ്ടായി; അവർ ഉറ്റാലോചിക്കുവാൻവേണ്ടി.

﴾43﴿ وَلَقَدْ آتَيْنَا നാം കൊടുക്കുകയുണ്ടായി, നൽകിയിട്ടുണ്ട് مُوسَى മൂസാക്ക് الْكِتَابَ വേദഗ്രന്ഥം مِنْ بَعْدِ ശേഷമായി مَا أَهْلَكْنَا നാം നശിപ്പിച്ചതിന്റെ الْقُرُونَ തലമുറകളെ, കാലക്കാരെ الْأُولَى പൂർവ്വ, ആദ്യത്തെ, മുൻകഴിഞ്ഞ بَصَائِرَ ഉൾക്കാഴ്ചകളായി, അന്തർബോധങ്ങളായിട്ട് لِلنَّاسِ മനുഷ്യർക്ക് وَهُدًى മാർഗദർശനമായും وَرَحْمَةً കാരുണ്യമായും لَعَلَّهُمْ അവരായേക്കാം يَتَذَكَّرُونَ ചിന്തിക്കുന്ന, ഉറ്റാലോചിക്കുന്ന

മൂസാ നബി (അ)ക്ക് മുമ്പും എത്രയോ പ്രവാചകൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. ആ പ്രവാചകൻമാരുടെ സമുദായങ്ങൾക്കാവശ്യമായ ദൈവികസന്ദേശങ്ങളും, മാർഗദർശനങ്ങളും ആ പ്രവാചകൻമാർ മുഖാന്തരം നൽകപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിനുമുമ്പുള്ള ഒരു സമുദായത്തിനും 'ശരീഅത്താ'കുന്ന നിയമസംഹിത (الشَّرِيعَة) എന്ന നിലക്ക് ഒരു വേദഗ്രന്ഥം നൽകപ്പെട്ടതായി അറിയപ്പെടുന്നില്ല. അദ്ദേഹത്തിന് മുമ്പ് ഇസ്‌ലാമിന്റെ പേരിൽ ധർമസമരം (ജിഹാദ്) നടന്നിരുന്നതായും അറിയപ്പെടുന്നില്ല. അറിയപ്പെട്ടിടത്തോളം, ഒന്നാമത്തെ ശരീഅത്ത് നിയമഗ്രന്ഥമത്രെ തൗറാത്ത്. അത് മുതൽക്കാണ് ജിഹാദ് ആരംഭിച്ചിട്ടുള്ളതും. മുൻസമുദായങ്ങളിൽ ഉണ്ടായത് പോലെ പ്രവാചകനെ ധിക്കരിക്കുകമൂലം ഒരു സമുദായം ആകമാനം നാശമടയത്തക്ക ഉൻമൂലശിക്ഷ (عذاب الاستئصال) തൗറാത്തിന് ശേഷം സംഭവിക്കുകയും ഉണ്ടായിട്ടില്ല.

വേദഗ്രന്ഥം അവതരിച്ചതിന്റെ ഉദ്ദേശ്യങ്ങളായി മൂന്ന് കാര്യങ്ങൾ അല്ലാഹു ഇവിടെ ഉണർത്തിയിരിക്കുന്നു:

1) അത് മനുഷ്യന് ഉൾക്കാഴ്ച- അഥവാ അന്തർബോധം- നൽകുന്നു. അതായത്: ഹൃദയമാകുന്ന കണ്ണുകൊണ്ട് നോക്കി (ചിന്തിച്ചു) യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ ഉതകുന്നതാണ്.

2) അത് മാർഗദർശനമാണ്. അതായത്: സത്യാസത്യങ്ങൾ ഇന്നതാണെന്ന് അത് കാട്ടിക്കൊടുക്കുന്നു.

3) അത് അല്ലാഹുവിന്റെ കാരുണ്യമാകുന്നു. മനുഷ്യന് അവന്റെ സ്രഷ്ടാവായ അല്ലാഹുവിനെക്കുറിച്ച് അറിയുവാൻ പര്യാപ്തമായ ദൃഷ്ടാന്തങ്ങൾ അവന്റെ മുമ്പിൽ പലതുണ്ട്. അവന് വിശേഷബുദ്ധിയും, വിവേചന ശക്തിയും നൽകപ്പെട്ടിട്ടുമുണ്ട്. എന്നിരിക്കെ അതിന് പുറമെ മനുഷ്യന്റെ ജയാപജയമാർഗങ്ങളും ഗുണദോഷഫലങ്ങളും സ്പഷ്ടമായി തുറന്ന് കാണിച്ചുകൊടുക്കുന്ന ഒരു പ്രമാണംകൂടി അവന് നൽകുകയെന്നത് അല്ലാഹുവിന്റെ മഹത്തായ കാരുണ്യവും വമ്പിച്ച അനുഗ്രഹവും തന്നെ. സംശയമില്ല.

وَمَا كُنتَ بِجَانِبِ ٱلْغَرْبِىِّ إِذْ قَضَيْنَآ إِلَىٰ مُوسَى ٱلْأَمْرَ وَمَا كُنتَ مِنَ ٱلشَّـٰهِدِينَ ﴿٤٤﴾

《44》 (നബിയേ) മൂസാക്ക് നാം (ആ) കാര്യം നിർവ്വഹിച്ചുകൊടുത്തപ്പോൾ (ത്വൂർ പർവ്വതത്തിന്റെ) പടിഞ്ഞാറുവശത്തെ പാർശ്വത്തിൽ നീയുണ്ടായിരുന്നില്ല; നീ (അതിന്) സാക്ഷികളിൽപെട്ടവനുമായിരുന്നില്ല.

وَلَـٰكِنَّآ أَنشَأْنَا قُرُونًا فَتَطَاوَلَ عَلَيْهِمُ ٱلْعُمُرُ ۚ وَمَا كُنتَ ثَاوِيًا فِىٓ أَهْلِ مَدْيَنَ تَتْلُوا۟ عَلَيْهِمْ ءَايَـٰتِنَا وَلَـٰكِنَّا كُنَّا مُرْسِلِينَ ﴿٤٥﴾

《45》 എങ്കിലും നാം (പിന്നീട്) പല തലമുറകളെയും ഉണ്ടാക്കി; എന്നിട്ട് അവരിൽ ആയുഷ്കാലം ദീർഘമായിക്കഴിഞ്ഞു.

മദ്‌യൻകാർക്ക് നമ്മുടെ ലക്ഷ്യങ്ങൾ ഓതിക്കേൾപ്പിച്ചുകൊണ്ട് നീ അവരിൽ നിവസിക്കുന്ന ആളുമായിരുന്നില്ല. എങ്കിലും, നാം ദൗത്യം നൽകുന്ന [റസൂലുകളെ നിയോഗിക്കുന്ന]വരാകുന്നു.

وَمَا كُنتَ بِجَانِبِ ٱلطُّورِ إِذْ نَادَيْنَا وَلَـٰكِن رَّحْمَةً مِّن رَّبِّكَ لِتُنذِرَ قَوْمًا مَّآ أَتَىٰهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَتَذَكَّرُونَ ﴿٤٦﴾

《46》 ത്വൂർ (പർവ്വതത്തി)ന്റെ പാർശ്വത്തിൽ, നാം (മൂസായെ) വിളിച്ചപ്പോഴും നീ ഉണ്ടായിരുന്നില്ല; എങ്കിലും, നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു (വമ്പിച്ച) അനുഗ്രഹമായിട്ടത്രെ (ഇതൊക്കെ നിനക്ക് അറിയിച്ചുതന്നത്.) നിനക്ക് മുമ്പ് ഒരു താക്കീതുകാരനും ചെന്നിട്ടില്ലാത്ത ഒരു ജനതക്ക് നീ താക്കീത് നൽകുവാനായിട്ടാകുന്നു (അത്); അവർ ഉറ്റാലോചിച്ചേക്കാമല്ലോ.

﴿44﴾ وَمَا كُنتَ നീ ഉണ്ടായിരുന്നില്ല, നീ ആയിരുന്നില്ല بِجَانِبِ الْغَرْبِيِّ പടിഞ്ഞാറുവശ
ത്തിന്റെ പാർശ്വത്തിൽ, ഓരത്തിൽ إِذْ قَضَيْنَا നാം നിർവ്വഹിച്ചപ്പോൾ, നിറവേറ്റിയപ്പോൾ إِلَىٰ مُوسَى
മൂസാക്ക് الْأَمْرَ (ആ) കാര്യം, കല്പന وَمَا كُنتَ നീ ആയിരുന്നതുമില്ല مِنَ الشَّاهِدِينَ സാക്ഷി
കളിൽ, ഹാജരുള്ളവരിൽ (പെട്ടവൻ) ﴿45﴾ وَلَٰكِنَّا എങ്കിലും നാം أَنشَأْنَا നാം ഉണ്ടാക്കി,
ഉത്ഭവിപ്പിച്ചു قُرُونًا പല തലമുറകളെ, കാലക്കാരെ فَتَطَاوَلَ എന്നിട്ട് ദീർഘമായി, നീണ്ടു
നിന്നു عَلَيْهِمُ അവരിൽ, അവർക്ക് الْعُمُرُ ആയുഷ്കാലം, ആയുസ്സ് وَمَا كُنتَ നീ ആയിരുന്ന
തുമില്ല ثَاوِيًا നിവസിക്കുന്നവൻ, പാർക്കുന്നവൻ فِي أَهْلِ مَدْيَنَ മദ്‌യൻകാരിൽ تَتْلُو നീ ഓതി
ക്കൊടുത്തുകൊണ്ട് عَلَيْهِمْ അവർക്ക്, അവരിൽ آيَاتِنَا നമ്മുടെ ലക്ഷ്യങ്ങൾ, ദൃഷ്ടാന്തങ്ങൾ
وَلَٰكِنَّا എങ്കിലും നാം كُنَّا നാം ആകുന്നു مُرْسِلِينَ ദൗത്യം നൽകുന്നവർ, അയക്കുന്നവർ
﴿46﴾ وَمَا كُنتَ നീ ഉണ്ടായിരുന്നില്ല, ആയിരുന്നില്ല بِجَانِبِ الطُّورِ ത്വൂറിന്റെ പാർശ്വത്തിൽ,
അരികിൽ إِذْ نَادَيْنَا നാം വിളിച്ചപ്പോൾ وَلَٰكِن എങ്കിലും, പക്ഷേ رَحْمَةً കാരുണ്യമായിട്ട്,
അനുഗ്രഹമായിട്ട് مِّن رَّبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്നുള്ള لِتُنذِرَ നീ താക്കീത് (മുന്നറിയിപ്പ്
നൽകുവാൻ) قَوْمًا ഒരു ജനതക്ക് مَّا أَتَاهُم അവർക്ക് വന്നിട്ടില്ല مِّن نَّذِيرٍ ഒരു താക്കീതുകാരനും,
മുന്നറിയിപ്പുകാരനും مِّن قَبْلِكَ നിനക്ക് മുമ്പ് لَعَلَّهُمْ അവർ ആയേക്കാം, ആകുവാൻ വേണ്ടി
يَتَذَكَّرُونَ ഉറ്റാലോചിക്കും.

ത്വൂർ മലയുടെ പടിഞ്ഞാറുഭാഗത്ത് വെച്ച് മൂസാ നബി (അ)യെ അല്ലാഹു വിളിച്ചു സംഭാഷണം നടത്തുകയും, അദ്ദേഹത്തെ റസൂലായി നിയോഗിക്കുകയും മറ്റും ഉണ്ടായപ്പോൾ നബി തിരുമേനിﷺ അവിടെ ഉണ്ടായിരുന്നത്കൊണ്ടോ, പ്രസ്തുത സംഭവങ്ങൾക്ക് ദൃക്സാക്ഷിയായിരുന്നത്കൊണ്ടോ ഒന്നുമല്ല ആ സംഭവങ്ങൾ ഇത്രയും സൂക്ഷ്മമായും, വ്യക്തമായും അവിടുന്ന് വിവരിക്കുന്നത്. അത്പോലെത്തന്നെ, മദ്‌യനിലെ സംഭവങ്ങൾ വിവരിക്കുവാൻ സാധിച്ചത് അന്നവിടെ- ഇന്ന് മക്കയിലെന്നത് പോലെ- ആ രാജ്യക്കാർക്ക് അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ പ്രബോധനം ചെയ്തുകൊണ്ട് അവർക്കിടയിൽ നബിﷺ താമസിച്ചു വന്നിരുന്നത്കൊണ്ടും അല്ല. ചുരുക്കത്തിൽ നബിﷺയുടെ എത്രയോ മുമ്പ് കഴിഞ്ഞ മേൽപ്രസ്താവിച്ച സംഭവങ്ങൾ അവിടുന്ന് വിവരിക്കുന്നത് ആ സംഭവങ്ങളൊന്നും അവിടുന്ന് കണ്ടറിഞ്ഞത് കൊണ്ടല്ല.

പക്ഷേ, മൂസാ നബി (അ)ക്ക് ശേഷം പല തലമുറകളും ഉൽഭവിക്കുകയും നശിക്കുകയും ചെയ്തു. ദീർഘമായ കാലവും കഴിഞ്ഞുപോയി. കാലപ്പഴക്കത്തിൽ അദ്ദേഹത്തിന്റെ ചരിത്ര യാഥാർത്ഥ്യങ്ങളും, അദ്ദേഹത്തിന്റെ അധ്യാപന തത്വങ്ങളും ജനങ്ങൾക്കിടയിൽ വിസ്മരിക്കപ്പെട്ടു. കേട്ടുകേൾവിയും ഊഹാപോഹങ്ങളുമായി അവ അവശേഷിച്ചു. ഈ തലമുറയുടെ റസൂലായി നബിﷺ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. ഇടക്കിടെ റസൂലുകളെ അയക്കുന്നത് അല്ലാഹുവിന്റെ പതിവുമായിരുന്നു. അങ്ങനെ, അല്ലാഹുവിന്റെ കാരുണ്യംകൊണ്ട് വഹ്‌യ്മൂലം നബിﷺക്ക് അറിയിച്ചുകൊടുക്കുന്നതാണ് ഈ വിവരങ്ങളെല്ലാം. നബിﷺയുടെ ജനതയാകുന്ന ഖുറൈശി അറബികളാകട്ടെ, യഹൂദരെയും, ക്രിസ്ത്യാനികളെയുംപോലെ- വേദഗ്രന്ഥങ്ങളുമായോ, പ്രവാചകൻമാരുമായോ പരിചയപ്പെടാത്തവരാണ്. വേദക്കാരെ സംബന്ധിച്ചിടത്തോളം- അനേകം നീക്കുപോക്കുകളോടുകൂടിയാണെങ്കിലും- ഇത്തരം കാര്യ

ങ്ങളെക്കുറിച്ച് അവരുടെ മുൻപ്രവാചകൻമാരുടെയും, അവരുടെ ജനതകളുടെയും ചരിത്രങ്ങൾ അവയ്ക്ക് ദൃക്സാക്ഷിയായിരുന്ന ഒരാളെപ്പോലെ ശരിക്ക് വിവരിച്ചുകൊടുത്ത് അവരെ താക്കീത് ചെയ്യുവാൻവേണ്ടിയാണ് ഇതെല്ലാം നബിﷺക്ക് അല്ലാഹു അറിയിച്ചുകൊടുത്തിട്ടുള്ളത്. ഇത്തരം സംഭവങ്ങൾ കേട്ടറിയുമ്പോൾ അവർക്ക് ചിന്തിക്കുവാനും, തങ്ങളുടെ കാര്യത്തിൽ ഉറ്റാലോചിക്കുവാനും അത് കാരണമായിത്തീരുമല്ലോ. ഇതാണ് ഈ വചനങ്ങളുടെ താൽപര്യം. അടുത്ത ആയത്തിൽ നബി തിരുമേനിﷺയെ ഈ സമുദായത്തിലേക്ക് റസൂലായി നിയോഗിക്കുവാനുള്ള കാരണം ചൂണ്ടിക്കാട്ടുന്നു:-

وَلَوْلَآ أَن تُصِيبَهُم مُّصِيبَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ فَيَقُولُوا۟ رَبَّنَا لَوْلَآ أَرْسَلْتَ إِلَيْنَا رَسُولًا فَنَتَّبِعَ ءَايَٰتِكَ وَنَكُونَ مِنَ ٱلْمُؤْمِنِينَ ﴿٤٧﴾

﴿47﴾ അവരുടെ കരങ്ങൾ മുൻ ചെയ്തിട്ടുള്ളതിന്റെ ഫലമായി അവർക്ക് വല്ല വിപത്തും ബാധിക്കുകയും, അപ്പോൾ അവർ (ഇങ്ങനെ) പറഞ്ഞേക്കുകയും ചെയ്യുകയില്ലായിരുന്നുവെങ്കിൽ (നിന്നെ നാം അവരിലേക്ക് അയക്കുമായിരുന്നില്ല): 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ ഒരു റസൂലിനെ അയച്ചുതന്നുകൂടായിരുന്നോ, എന്നാൽ ഞങ്ങൾ നിന്റെ ലക്ഷ്യങ്ങളെ പിൻപറ്റുകയും, ഞങ്ങൾ സത്യവിശ്വാസികളിൽപെട്ടവരാകുകയും ചെയ്യുമായിരുന്നുവല്ലോ!'

﴿47﴾ وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ أَن تُصِيبَهُم അവർക്ക് ബാധിക്കുക مُّصِيبَةٌ വല്ല വിപത്തും, ബാധയും بِمَا قَدَّمَتْ മുൻചെയ്തത് (മുമ്പ് പ്രവർത്തിച്ചത്) നിമിത്തം أَيْدِيهِمْ അവരുടെ കരങ്ങൾ, കൈകൾ فَيَقُولُوا അപ്പോൾ അവർ പറയുകയും رَبَّنَا ഞങ്ങളുടെ രക്ഷിതാവേ لَوْلَا أَرْسَلْتَ നീ അയച്ചു കൂടായിരുന്നോ, എന്തുകൊണ്ട് അയച്ചുതന്നില്ല إِلَيْنَا ഞങ്ങളിലേക്ക് رَسُولًا ഒരു റസൂലിനെ, ദൈവദൂതനെ فَنَتَّبِعَ എന്നാൽ ഞങ്ങൾ പിൻപറ്റുമായിരുന്നു, തുടരുമായിരുന്നു آيَاتِكَ നിന്റെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ وَنَكُونَ ഞങ്ങളാകുകയും ചെയ്യുമായിരുന്നു مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽപെട്ട (വർ)

അവിശ്വാസം, ദുർന്നടപ്പ് മുതലായവ നിമിത്തം പല വിപത്തുകളും അനുഭവിക്കുവാൻ അവകാശപ്പെട്ടവരാണ് വാസ്തവത്തിൽ അവർ. അങ്ങനെ വല്ലതും അനുഭവപ്പെടുമ്പോൾ, തങ്ങളിലേക്ക് ഒരു റസൂലിനെ- ദൈവദൂതനെ- അയച്ച് തരാത്തത് കൊണ്ടാണ് തങ്ങൾ ഈ ശിക്ഷക്ക് അർഹരാകേണ്ടി വന്നതെന്നും, ഒരു റസൂൽ തങ്ങളിൽ വന്നിരുന്നുവെങ്കിൽ തങ്ങൾ സത്യ വിശ്വാസികളാകുമായിരുന്നുവെന്നും ന്യായവാദം ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് അവരിലേക്ക് റസൂലിനെ അയച്ചത് എന്ന് സാരം. എന്നാൽ, അവർക്കൊരു റസൂൽ വന്നപ്പോൾ അവർ ചെയ്തതെന്താണ്?-

فَلَمَّا جَآءَهُمُ ٱلْحَقُّ مِنْ عِندِنَا قَالُوا۟ لَوْلَآ أُوتِىَ مِثْلَ مَآ أُوتِىَ مُوسَىٰٓ ۚ أَوَلَمْ يَكْفُرُوا۟ بِمَآ أُوتِىَ مُوسَىٰ مِن قَبْلُ ۖ قَالُوا۟ سِحْرَانِ تَظَٰهَرَا وَقَالُوٓا۟ إِنَّا بِكُلٍّ كَٰفِرُونَ ﴿٤٨﴾

《48》 എന്നാൽ, നമ്മുടെ പക്കൽനിന്ന് യഥാർത്ഥം അവർക്ക് വന്നപ്പോഴോ, അവർ പറയുകയാണ്; 'മൂസാക്ക് നൽകപ്പെട്ടത് പോലെയുള്ളത് [ദൃഷ്ടാന്തങ്ങൾ] ഇവന് നൽകപ്പെടാത്തതെന്താണ്?!' എന്ന്.

മുമ്പ് മൂസാക്ക് നൽകപ്പെട്ടതിലും അവർ അവിശ്വസിക്കുകയുണ്ടായില്ലേ?! അവർ പറഞ്ഞു: 'പരസ്പരം പിന്തുണ നൽകുന്ന രണ്ട് ജാലവിദ്യകളാണ്' എന്ന്. 'നിശ്ചയമായും, ഞങ്ങൾ എല്ലാറ്റിലും അവിശ്വസിക്കുന്നവരാണ്' എന്നും അവർ പറയുകയും ചെയ്തു!

《48》 فَلَمَّا جَاءَهُمُ അങ്ങനെ അവർക്ക് വന്നപ്പോൾ الْحَقُّ യഥാർത്ഥം, സത്യം مِنْ عِندِنَا നമ്മുടെ പക്കൽ നിന്ന് قَالُوا അവർ പറഞ്ഞു لَوْلَا أُوتِيَ അവന് നൽകപ്പെടാത്തതെന്ത്, കൊടുക്കപ്പെടരുതോ مِثْلَ مَا أُوتِيَ നൽകപ്പെട്ടതുപോലെ مُوسَى മൂസാക്ക് أَوَلَمْ يَكْفُرُوا അവർ അവിശ്വസിക്കുകയും ചെയ്തില്ലേ بِمَا أُوتِيَ നൽകപ്പെട്ടതിൽ مُوسَى മൂസാക്ക് مِن قَبْلُ മുമ്പ് قَالُوا അവർ പറഞ്ഞു سِحْرَانِ രണ്ട് ജാലവിദ്യകൾ تَظَاهَرَا രണ്ടും പരസ്പരം പിന്തുണ നൽകുന്നു وَقَالُوا അവർ പറയുകയും ചെയ്തു إِنَّا നിശ്ചയമായും ഞങ്ങൾ بِكُلٍّ എല്ലാറ്റിലും كَافِرُونَ അവിശ്വസിക്കുന്നവരാണ്

കഴിഞ്ഞ ആയത്തിൽ പ്രസ്താവിച്ച കാരണത്താലാണ് അല്ലാഹുവിങ്കൽനിന്നുള്ള യഥാർത്ഥ സത്യമാകുന്ന ക്വുർആനുംകൊണ്ട് നബിﷺ നിയുക്തനായത്. അപ്പോഴത്തെ ആക്ഷേപം; മൂസാനബിക്ക് വടി, കൈ, മുതലായ ദൃഷ്ടാന്തങ്ങൾ ലഭിച്ചത് പോലെ 'എന്തുകൊണ്ട് മുഹമ്മദിന്നുണ്ടായില്ല' എന്നായിരുന്നു! എന്നാൽ, അതേ മൂസാനബിയിൽ ഇവരും ഇവരുടെ മുൻഗാമികളും വിശ്വസിച്ചിരുന്നുവോ? അതുമില്ല. മൂസായും ഹാറൂനും പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്ന രണ്ട് ജാലവിദ്യക്കാരാണെന്ന് ഇവരുടെ പൂർവ്വികൻമാർ അന്ന് പറഞ്ഞു. മൂസായും മുഹമ്മദും രണ്ടുപേരും ഒരേ തരത്തിലുള്ള രണ്ട് ജാലവിദ്യക്കാരാണ്. രണ്ടാളും കൊണ്ടുവന്നിട്ടുള്ളതും, ജാലവിദ്യയാണ്. രണ്ടിലും വിശ്വസിക്കുവാൻ ഞങ്ങൾ തയ്യാറില്ല എന്ന് ഇപ്പോൾ ഇവരും പറയുന്നു.

سِحْرَانِ എന്നതിന് പകരം سَاحِرَانِ എന്നും വായനയുണ്ട്. അപ്പോൾ ساحران تظاهرا എന്നതിന് 'പരസ്പരം പിന്തുണ നൽകുന്ന രണ്ട് ജാലവിദ്യക്കാർ' എന്നർത്ഥമായിരിക്കും. രണ്ടായാലും ഉദ്ദേശ്യം ഒന്നുതന്നെ.

قُلْ فَأْتُوا۟ بِكِتَٰبٍ مِّنْ عِندِ ٱللَّهِ هُوَ

《49》 (നബിയേ) പറയുക: 'എന്നാൽ, അല്ലാഹുവിങ്കൽ നിന്നുമുള്ള

أَهْدَىٰ مِنْهُمَآ أَتَّبِعْهُ إِن كُنتُمْ صَٰدِقِينَ ﴿٤٩﴾

ഒരു വേദഗ്രന്ഥം- അത് അവ രണ്ടിനെക്കാളും കൂടുതൽ മാർഗദർശകമായിക്കൊണ്ട്- നിങ്ങൾ കൊണ്ടുവരുക, ഞാൻ അത് പിൻപറ്റിക്കൊള്ളാം; നിങ്ങൾ സത്യവാൻമാരാണെങ്കിൽ (കാണട്ടെ)!'

﴾49﴿ قُلْ നീ പറയുക فَأْتُوا എന്നാൽ നിങ്ങൾ വരുവിൻ بِكِتَابٍ ഒരു വേദഗ്രന്ഥംകൊണ്ട് مِنْ عِندِ اللَّهِ അല്ലാഹുവിന്റെ പക്കൽനിന്ന് هُوَ അത് أَهْدَىٰ കൂടുതൽ മാർഗദർശകമാണ് مِنْهُمَا അത് രണ്ടിനെക്കാൾ أَتَّبِعْهُ (എന്നാൽ) ഞാനതിനെ പിൻപറ്റാം إِن كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യവാൻമാർ, സത്യവാദികൾ

'അവ രണ്ടും' എന്ന് പറഞ്ഞത് രണ്ട് നബിമാരും കൊണ്ടുവന്ന വേദഗ്രന്ഥങ്ങളെ- ക്വുർആനെയും തൗറാത്തിനെയും- ഉദ്ദേശിച്ചാകുന്നു. മാർഗദർശനത്തിൽ രണ്ടിനെയും കവച്ചുവെക്കുന്ന ഒരു ദൈവികഗ്രന്ഥം കൊണ്ടുവന്നു തങ്ങളുടെ വാദം സ്ഥാപിക്കുവാൻ അവരെ അല്ലാഹു വെല്ലുവിളിക്കുകയാണ്.

فَإِن لَّمْ يَسْتَجِيبُوا۟ لَكَ فَٱعْلَمْ أَنَّمَا يَتَّبِعُونَ أَهْوَآءَهُمْ ۚ وَمَنْ أَضَلُّ مِمَّنِ ٱتَّبَعَ هَوَىٰهُ بِغَيْرِ هُدًى مِّنَ ٱللَّهِ ۚ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٥٠﴾

﴾50﴿ എന്നിട്ട് അവർ നിനക്ക് (അതിന്) ഉത്തരം തന്നില്ലെങ്കിൽ, അവർ തങ്ങളുടെ ഇച്ഛകളെമാത്രം പിൻപറ്റിക്കൊണ്ടിരിക്കുകയാണെന്ന് നീ അറിഞ്ഞുകൊള്ളുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ, തന്റെ ഇച്ഛയെ പിൻപറ്റുന്നവനെക്കാൾ വഴിപിഴച്ചവൻ ആരാണുള്ളത്?! നിശ്ചയമായും, അല്ലാഹു അക്രമികളായ ജനതയെ നേർമാർഗത്തിലാക്കുകയില്ല.

വിഭാഗം - 6

۞ وَلَقَدْ وَصَّلْنَا لَهُمُ ٱلْقَوْلَ لَعَلَّهُمْ يَتَذَكَّرُونَ ﴿٥١﴾

﴾51﴿ തീർച്ചയായും, (ഈ) വചനം നാം അവർക്ക് (ഒന്നിന് ശേഷം മറ്റൊന്നായി) ചേർത്തു വിവരിച്ചിട്ടുണ്ട്- അവർ ഉറ്റാലോചിക്കുവാൻവേണ്ടി.

﴾50﴿ فَإِن لَّمْ يَسْتَجِيبُوا എന്നിട്ടവർ മറുപടി (ഉത്തരം) തന്നില്ലെങ്കിൽ لَكَ നിനക്ക് فَاعْلَمْ എന്നാൽ നീ അറിയുക أَنَّمَا يَتَّبِعُونَ നിശ്ചയമായും അവർ പിൻപറ്റുന്നു എന്ന് أَهْوَاءَهُمْ അവ

രുടെ ഇച്ഛകളെ (മാത്രം) وَمَنْ أَضَلُّ ആരാണ് അധികം വഴി തെറ്റിയവൻ مِمَّنِ اتَّبَعَ പിൻപറ്റി
യവനെക്കാൾ, തുടർന്നവനെക്കാൾ هَوَاهُ തന്റെ ഇച്ഛയെ بِغَيْرِ هُدًى ഒരു മാർഗദർശനവും
കൂടാതെ مِنَ اللَّهِ അല്ലാഹുവിങ്കൽനിന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَهْدِي അവൻ മാർഗ
ദർശനം നൽകുകയില്ല, വഴി കാട്ടുകയില്ല الْقَوْمَ الظَّالِمِينَ അക്രമികളായ ജനതക്ക് ﴾51﴿
وَلَقَدْ وَصَّلْنَا (ഒന്നിന് ശേഷം ഒന്നായി) നാം ചേർത്തിട്ടുണ്ട്, വിവരിച്ചുകൊടുത്തിട്ടുണ്ട്
لَهُمُ അവർക്ക് الْقَوْلَ വചനം, വാക്ക് لَعَلَّهُمْ അവരായേക്കാം, ആകുവാൻവേണ്ടി يَتَذَكَّرُونَ ഉറ്റാ
ലോചിക്കുന്ന (വർ)

'വചനം' (الْقَوْلَ)കൊണ്ടുദ്ദേശ്യം ക്വുർആനാകുന്നു. ക്വുർആന്റെ അവതരണം ഒരു പ്രാവശ്യമായിട്ടല്ല, അനേകം ഗഡുക്കളിലായിട്ടാണുള്ളത്. അതിലെ വിഷയങ്ങളാകട്ടെ, വിവിധ രൂപത്തിൽ വിവരിച്ചു വിശദീകരിക്കുകയും, ആവർത്തിച്ചു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ, ഗ്രഹിക്കുവാനും, ചിന്തിക്കുവാനും വേണ്ടുന്ന മാർഗങ്ങളെല്ലാം അതിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

ٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ مِن قَبْلِهِۦ هُم بِهِۦ يُؤْمِنُونَ ﴿٥٢﴾

﴾52﴿ **ഇതിനുമുമ്പ് നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർതന്നെയും ഇതിൽ [ക്വുർആനിൽ] വിശ്വസിക്കുന്നു.**

وَإِذَا يُتْلَىٰ عَلَيْهِمْ قَالُوٓا۟ ءَامَنَّا بِهِۦٓ إِنَّهُ ٱلْحَقُّ مِن رَّبِّنَآ إِنَّا كُنَّا مِن قَبْلِهِۦ مُسْلِمِينَ ﴿٥٣﴾

﴾53﴿ **ഇതവർക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ അവർ പറയും: 'ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു; നിശ്ചയമായും, ഇത് നമ്മുടെ രക്ഷിതാവിങ്കൽനിന്നുള്ള യഥാർത്ഥമാകുന്നു; ഞങ്ങൾ ഇതിനുമുമ്പേ 'മുസ്‌ലിം' കളായി [അനുസരണമുള്ളവരായിരിക്കുന്നു].'**

أُو۟لَـٰٓئِكَ يُؤْتَوْنَ أَجْرَهُم مَّرَّتَيْنِ بِمَا صَبَرُوا۟ وَيَدْرَءُونَ بِٱلْحَسَنَةِ ٱلسَّيِّئَةَ وَمِمَّا رَزَقْنَـٰهُمْ يُنفِقُونَ ﴿٥٤﴾

﴾54﴿ **അക്കൂട്ടർക്ക്- അവർ ക്ഷമിച്ചത് നിമിത്തം -അവരുടെ പ്രതിഫലം രണ്ട് പ്രാവശ്യം [ഇരട്ടിയായി] നൽകപ്പെടുന്നതാകുന്നു. അവർ, നന്മ കൊണ്ട് തിന്മയെ തടുക്കുന്നു; നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് അവർ ചിലവഴിക്കുകയും ചെയ്യുന്നു.**

وَإِذَا سَمِعُوا۟ ٱللَّغْوَ أَعْرَضُوا۟ عَنْهُ

﴾55﴿ **വ്യർത്ഥമായുള്ളത് കേട്ടാൽ, അവർ അതിൽനിന്നും തിരിഞ്ഞുകളയുകയും (ഇങ്ങനെ) പറയുകയും ചെയ്യു**

وَقَالُوا لَنَآ أَعۡمَٰلُنَا وَلَكُمۡ أَعۡمَٰلُكُمۡ سَلَٰمٌ عَلَيۡكُمۡ لَا نَبۡتَغِي ٱلۡجَٰهِلِينَ ﴿٥٥﴾

ന്നതാണ്: 'ഞങ്ങൾക്ക് ഞങ്ങളുടെ കർമ ങ്ങൾ; നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങ ളും. നിങ്ങൾക്ക് 'സലാം!' ഞങ്ങൾ മൂഢൻമാരെ ആവശ്യപ്പെടുന്നില്ല.'

﴿52﴾ الَّذِينَ യാതൊരു കൂട്ടർ آتَيْنَاهُمُ നാം അവർക്ക് നൽകിയിരിക്കുന്നു الْكِتَابَ വേദ ഗ്രന്ഥം مِن قَبْلِهِ ഇതിന് മുമ്പ് هُم അവരാകട്ടെ (അവർതന്നെ) بِهِ അതിൽ يُؤْمِنُونَ വിശ്വസിക്കു ന്നു, വിശ്വസിച്ചുവരുന്നു ﴿53﴾ وَإِذَا يُتْلَىٰ ഇത് ഓതിക്കൊടുക്കപ്പെടുന്നതായാൽ عَلَيْهِمْ അവർക്ക് قَالُوا അവർ പറയും آمَنَّا بِهِ ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു إِنَّهُ നിശ്ചയമായും ഇത് الْحَقُّ യഥാർത്ഥമാണ് مِن رَّبِّنَا നമ്മുടെ റബ്ബിങ്കൽ നിന്നുള്ള إِنَّا كُنَّا നിശ്ചയമായും ഞങ്ങളായിരി ക്കുന്നു مِن قَبْلِهِ ഇതിന് മുമ്പായി مُسْلِمِينَ മുസ്‌ലിംകൾ ﴿54﴾ أُولَٰئِكَ അക്കൂട്ടർ يُؤْتَوْنَ അവർക്ക് കൊടുക്കപ്പെടും أَجْرَهُم അവരുടെ പ്രതിഫലം مَّرَّتَيْنِ രണ്ട് പ്രാവശ്യം بِمَا صَبَرُوا അവർ സഹിച്ചതുകൊണ്ട്, ക്ഷമിച്ചത് നിമിത്തം وَيَدْرَءُونَ അവർ തടുക്കുന്നു بِالْحَسَنَةِ നന്മകൊണ്ട് السَّيِّئَةَ തിന്മയെ وَمِمَّا رَزَقْنَاهُمْ നാമവർക്ക് നൽകിയതിൽനിന്ന് يُنفِقُونَ അവർ ചിലവഴിക്കു കയും ചെയ്യും ﴿55﴾ وَإِذَا سَمِعُوا അവർ കേട്ടാൽ اللَّغْوَ വ്യർത്ഥമായത്, അനാവശ്യം أَعْرَضُوا അവർ തിരിഞ്ഞുകളയും, അശ്രദ്ധകാണിക്കും عَنْهُ അതിൽ നിന്ന് وَقَالُوا അവർ പറയുകയും ചെയ്യും لَنَا ഞങ്ങൾക്ക് أَعْمَالُنَا ഞങ്ങളുടെ കർമങ്ങൾ وَلَكُمْ നിങ്ങൾക്ക് أَعْمَالُكُمْ നിങ്ങ ളുടെ കർമങ്ങളും سَلَامٌ സലാം, ശാന്തി, സമാധാനം عَلَيْكُمْ നിങ്ങൾക്ക്, നിങ്ങൾക്കുണ്ടാ വട്ടെ لَا نَبْتَغِي ഞങ്ങൾ ആവശ്യപ്പെടുന്നില്ല, (വേണ്ടതില്ല) الْجَاهِلِينَ അജ്ഞൻമാരെ, മൂഢൻമാരെ

ഒരു നിലക്ക് വേദക്കാരായ യഹൂദൻമാരെയും, ക്രിസ്ത്യാനികളെയും അപേക്ഷിച്ച് ക്വുർആനിൽ വിശ്വസിക്കുവാൻ വേഗം മുമ്പോട്ട് വരേണ്ടത് ക്വുറൈശീ അറബികളാണ്. കാരണം, വേദക്കാരുടെ കയ്യിൽ നാമമാത്രമാണെങ്കിലും വേദഗ്രന്ഥം– തൗറാത്തും ഇൻജീലും– ഉണ്ട്. ക്വുർആനാണെങ്കിൽ അവർക്ക് പ്രത്യേകമായി അവതരിച്ചതുമല്ല. എന്നിട്ടും ക്വുർആൻ കേട്ടമാത്രയിൽ അതിൽ വിശ്വസിക്കുവാൻ– അതിന്റെ സത്യസാക്ഷ്യങ്ങളുടെ ബഹുലതയും വ്യക്തതയും കാരണമായി– അവരിൽ പലരും മുന്നോട്ടുവരുന്നു. അബ്സീനിയാ, ശാം മുതലായ രാജ്യങ്ങളിൽ നിന്ന് പോലും വേദക്കാരായ പലരും വന്നു നബിﷺയിൽ വിശ്വസിക്കയുണ്ടായി. ഇവരിൽ പലരും മതപുരോഹിതന്മാരും പണ്ഡിതൻമാരുമായിരുന്നു. അബ്സീനിയായിലെ ചക്രവർത്തിയായ നജ്ജാശീ (നെഗാശീ) എഴുപത് പേരടങ്ങിയ ഒരു നിവേദക സംഘത്തെ അയക്കുകയും, റസൂൽﷺ അവർക്ക് സൂറത്തുയാസീൻ ഓതിക്കേൾപ്പിച്ചപ്പോൾ അവർ കരഞ്ഞുകൊണ്ട് ഇസ്‌ലാമിനെ ആശ്ലേഷിക്കുകയും ചെയ്തു. ഇങ്ങനെയുള്ളവരെപ്പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. അല്ലാഹു പറയുന്നു:-

وَإِنَّ مِنْ أَهْلِ الْكِتَابِ لَمَن يُؤْمِنُ بِاللَّهِ وَمَا أُنزِلَ إِلَيْكُمْ وَمَا أُنزِلَ إِلَيْهِمْ خَاشِعِينَ لِلَّهِ لَا يَشْتَرُونَ بِآيَاتِ اللَّهِ ثَمَنًا قَلِيلًا أُولَٰئِكَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ – آل عمران

(നിശ്ചയമായും വേദക്കാരിലുണ്ട് ചിലർ, അവർ അല്ലാഹുവിലും, നിങ്ങൾക്ക് ഇറക്കപ്പെട്ട

തിലും, അവർക്ക് ഇറക്കപ്പെട്ടതിലും അല്ലാഹുവിന് ഭക്തി അർപ്പിച്ചുകൊണ്ട് വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ആയത്തുകൾക്ക് അവർ അൽപമായ വില വാങ്ങുന്നില്ല. അക്കൂട്ടർക്ക് തങ്ങളുടെ റബ്ബിന്റെ അടുക്കൽ തങ്ങളുടെ പ്രതിഫലമുണ്ട്. (ആലു ഇംറാൻ- 199)

തങ്ങളുടെ വേദഗ്രന്ഥത്തിൽനിന്നും അവർ നബിﷺയെക്കുറിച്ച് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് നബിﷺയുടെ നിയോഗവാർത്ത അറിഞ്ഞ ഉടനെ അവർ വിശ്വസിക്കുകയും ചെയ്തു. അങ്ങനെ, നേരത്തെത്തന്നെ അവർ മുസ്‌ലിംകളായിത്തീർന്നിരുന്നു. ആദ്യത്തിൽ അവരുടെ വേദത്തിലും, അനന്തരം ക്വുർആനിലും വിശ്വസിച്ചതിനാൽ അല്ലാഹു അവർക്ക് ഇരട്ടി പ്രതിഫലം നൽകുന്നതാണ്. രണ്ട് ഗ്രന്ഥവും സ്വീകരിക്കുവാനും, അനുഷ്ഠാനത്തിൽ വരുത്തുവാനും, അതിന്റെ പേരിൽ ശത്രുക്കളിൽനിന്നുണ്ടാകുന്ന മർദ്ദനങ്ങൾ അവഗണിക്കുവാനുമുള്ള അവരുടെ സഹനവും, ക്ഷമയുമാണതിന് കാരണം. നബിﷺ പ്രസ്താവിച്ചതായി അബൂമൂസൽ അശ്അരീ (റ) പറയുന്നു:-

ثلاثة يؤتون اجرهم مرتين رجل من اهل الكتاب امن بنبيه ثم امن بى وعبد مملوك ادى حق الله وحق مواليه ورجل كانت له امة فادبها فاحسن تأديبها ثم اعتقها فتزوجها - متفق عليه

സാരം: മൂന്നാളുകൾക്ക് അവരുടെ പ്രതിഫലം രണ്ടുപ്രാവശ്യം നൽകപ്പെടുന്നതാണ്. ഒന്ന്: തന്റെ പ്രവാചകനിൽ (ആദ്യം) വിശ്വസിക്കുകയും പിന്നീട് എന്നിൽ വിശ്വസിക്കുകയും ചെയ്ത വേദക്കാരനായ മനുഷ്യൻ. മറ്റൊന്ന്: അല്ലാഹുവിനോടുള്ള ബാദ്ധ്യതയും, തന്റെ യജമാനൻമാരോടുള്ള ബാധ്യതയും നിറവേറ്റിയ അടിമ. വേറൊന്ന്: ഒരു അടിമസ്ത്രീ ഉണ്ടായിരുന്നിട്ട് അവൾക്ക് നല്ലപോലെ മര്യാദ പഠിപ്പിക്കുക (ശിക്ഷണം നൽകുക)യും, പിന്നീട് അവളെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ചു അവളെ വിവാഹം കഴിക്കുകയും ചെയ്ത മനുഷ്യൻ. (ബു. മു.)

മേൽ പ്രസ്താവിച്ച ഭാഗ്യവാൻമാരായ വേദക്കാരുടെ ഗുണങ്ങളായി മൂന്ന് കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്തുകാട്ടുന്നു. ഓരോ ഗുണവും നമുക്ക് മാതൃകയായിരിക്കേണ്ടതാകുന്നു.

(1) അവർ തിന്മകളെ നന്മകൊണ്ട് തടുക്കുന്നു. അഥവാ തിൻമയെ തടുക്കുവാൻ തിന്മ ഉപയോഗിക്കുകയില്ല. സഹനം, ക്ഷമ, മാപ്പ്, ഉപകാരം, വിട്ടുവീഴ്ച ഇത്യാദി ഗുണങ്ങളായിരിക്കും അവരുടെ ആയുധങ്ങൾ. മുസ്‌ലിം (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥ് ഇപ്രകാരമാകുന്നു: നബിﷺയോട് ഒരാൾ ഇങ്ങിനെ പറയുകയുണ്ടായി: 'അല്ലാഹുവിന്റെ റസൂലേ, എനിക്ക് ചില കുടുംബങ്ങളുണ്ട്: ഞാനവരോട് കുടുംബബന്ധം പാലിക്കുന്നു. അവർ ബന്ധം മുറിക്കുകയും ചെയ്യുന്നു: ഞാൻ അവർക്ക് നന്മചെയ്യുന്നു, അവർ എന്നോട് തിന്മ ചെയ്യുന്നു; ഞാൻ അവരെക്കുറിച്ച് സഹനമവലംബിക്കുന്നു, അവരെന്നോട് വിഡ്ഢിത്തം പ്രവർത്തിക്കുന്നു (ഞാൻ എന്തുചെയ്യണം)?' നബിﷺ മറുപടി പറഞ്ഞു: 'താൻ പറഞ്ഞപ്രകാരമാണ് തന്റെ സ്ഥിതിയെങ്കിൽ, അവർക്ക് താൻ ചുടുവെണ്ണീർ തീറ്റുന്ന *(*)* മാതിരിയുണ്ടല്ലോ! താൻ അതേ സ്ഥിതിയിൽ നിലകൊള്ളുമ്പോഴെല്ലാം അവർക്കെതിരിൽ (തന്നെ സഹായിക്കുവാൻ) അല്ലാഹുവിങ്കൽ നിന്നുള്ള ഒരു പിന്തുണ തന്നോടൊപ്പം ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്.'

(فقال لئن كنت كما قلت فكأنما تسفهم المل ولا يزال

***(*)** ചുടുവെണ്ണീർ തിന്നുന്നവർക്ക് വേദന അനുഭവിക്കേണ്ടിവരുന്നത് പോലെ, അവർക്ക് നിന്റെ ഉപകാരം മൂലം പാപം അനുഭവിക്കേണ്ടി വരുമല്ലോ എന്ന് സാരം. (الصالحين رياض)*

معك من الله ظهير عليهم ما دمت على ذلك – رواه مسلم)

(2) അവർക്ക് അല്ലാഹു നൽകിയ കഴിവുകളിൽനിന്ന് (നല്ലകാര്യങ്ങളിൽ) അവർ ചിലവഴിക്കുന്നു. അഥവാ സക്കാത്ത് പോലെയുള്ള നിർബന്ധ കടമകൾ മാത്രമല്ല, സാധുക്കൾക്കും കഷ്ടപ്പെട്ടവർക്കും സഹായം നൽകുക, അല്ലാഹുവിന്റെ മാർഗങ്ങളിൽ വിനിയോഗിക്കുക മുതലായവയും അവർ ചെയ്യുന്നു.

(3) വ്യർത്ഥമായ വല്ലതും കേട്ടാൽ അതിൽ ശ്രദ്ധപതിക്കുകയോ, പങ്കെടുക്കുകയോ ചെയ്യാതെ അവർ തിരിഞ്ഞുപോകും. ഇസ്‌ലാമിന്റെ വീക്ഷണത്തിൽ അനാവശ്യവും, അനഭിലഷണീയവുമായ എല്ലാ കാര്യവും വ്യർത്ഥത്തിൽ ഉൾപ്പെടുന്നു. പരദൂഷണം, വ്യാജം, നിരർത്ഥമായ സംസാരം, ചീത്ത വാക്ക് മുതലായവയും, ക്വുർആനെയോ, നബിﷺയെയോ, ഇസ്‌ലാമിക സിദ്ധാന്തങ്ങളെയോ സംബന്ധിച്ച് പഴിവാക്കുകൾ പറയുന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇങ്ങനെയുള്ള വല്ല രംഗങ്ങളും അവരെ അഭിമുഖീകരിക്കുന്നപക്ഷം അവർ; ഞങ്ങൾക്ക് ഞങ്ങളുടെ കർമം, നിങ്ങൾക്ക് നിങ്ങളുടെ കർമം' (لنا اعمالنا ولكم اعمالكم) എന്നും 'ഞങ്ങൾക്ക് മൂഢജനങ്ങളുടെ ആവശ്യമില്ല' (لا نبتغي الجاهلين) എന്നും പറഞ്ഞു 'സലാം' കൊടുത്തു പിരിഞ്ഞുപോകുകയാണവർ ചെയ്യുക. ഹാ! എത്ര അനുകരണീയമായ സ്വഭാവങ്ങൾ!

വേദക്കാരായ ആളുകൾ, ഒറ്റയായും, കൂട്ടായും– ദൂരദേശങ്ങളിൽനിന്ന് പോലും– വന്നു നബിﷺയിൽ വിശ്വസിക്കുന്ന വസ്തുത വിവരിച്ചശേഷം, സ്വജനതയിൽനിന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന നിഷേധത്തിലും, കടുത്ത ശത്രുതയിലും വ്യാകുലപ്പെടേണ്ടതില്ലെന്ന് നബിﷺയെ സമാധാനിപ്പിക്കുന്നതാണ് അടുത്ത വചനം.

إِنَّكَ لَا تَهْدِى مَنْ أَحْبَبْتَ وَلَٰكِنَّ ٱللَّهَ يَهْدِى مَن يَشَآءُ ۚ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿٥٦﴾

﴾56﴿ (നബിയേ) നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗത്തിലാക്കുകയില്ല; എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർമാർഗത്തിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെക്കുറിച്ച് അവൻ നല്ലവണ്ണം അറിയുന്നവനുമത്രെ.

﴾56﴿ إِنَّكَ നിശ്ചയമായും നീ لَا تَهْدِي നീ നേർമാർഗത്തിലാക്കുകയില്ല مَنْ أَحْبَبْتَ നീ ഇഷ്ടപ്പെട്ടവരെ وَلَٰكِنَّ اللَّهَ എങ്കിലും അല്ലാഹു يَهْدِي അവൻ നേർമാർഗത്തിലാക്കുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَهُوَ അവൻ, അവനാകട്ടെ أَعْلَمُ നല്ലവണ്ണം (ഏറ്റവും) അറിയുന്നവനാണ് بِالْمُهْتَدِينَ സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി

നബി തിരുമേനിﷺയുടെ ഏറ്റവും പ്രിയപ്പെട്ട പിതൃവ്യനും, സ്വന്തം പിതാവിന്റെ സ്ഥാനം ഏറ്റെടുത്തു പോറ്റിവളർത്തിയ പിതാവുമായ അബൂത്വാലിബിന്റെ സംഭവമാണ് ഈ ആയത്തിന്റെ അവതരണത്തിന് സന്ദർഭമായിരുന്നതെന്ന് ബുഖാരീ (റ), മുസ്‌ലിം (റ) മുതലായ പലരും ഉദ്ധരിക്കുന്ന ഹദീഥുകളിൽ നിന്ന് സ്പഷ്ടമാകുന്നു. അദ്ദേഹത്തിന് മരണം

ആസന്നമായപ്പോൾ, തിരുമേനി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു 'എന്റെ പിതൃവ്യരേ! അല്ലാഹുവിന്റെ അടുക്കൽ താങ്കൾക്ക് വേണ്ടി ഞാൻ സാക്ഷ്യം വഹിക്കത്തക്കവണ്ണം ഒരു വാക്ക് (لاإله إلا الله എന്ന തൗഹീദിന്റെ കലിമഃ) താങ്കൾ ഉച്ചരിക്കണം!' എന്നിങ്ങനെ അപാരമായ വികാരാവേശത്തോടുകൂടി പറയുകയുണ്ടായി. പക്ഷേ, ക്വുറയ്ശികളിൽ നിന്നുണ്ടായേക്കാവുന്ന പരിഹാസത്തിനാണദ്ദേഹം മുൻഗണന നൽകിയത്. തിരുമേനിയെ സംബന്ധിച്ചിടത്തോളം ഇതെത്രത്തോളം ഖേദകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഈ സംഭവത്തെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്ന് വരുമ്പോൾ അതിന്റെ ഉള്ളടക്കത്തിന്റെ ഗൗരവവും, അഗാധതയും ഏറെക്കുറെ നമുക്ക് ഊഹിക്കാവുന്നതാണ്.

ചില ആളുകൾ നബി ﷺ യോട്: 'താങ്കൾ സത്യത്തിലാണെന്ന് ഞങ്ങൾക്കറിയാം; പക്ഷേ, താങ്കളെ പിൻപറ്റിയാൽ അറബികൾ ഞങ്ങളെ റാഞ്ചിക്കൊണ്ടു പോയ്ക്കളഞ്ഞേക്കും. (ബഹിഷ്കരിക്കും)' എന്ന് പറയുകയുണ്ടായതിനെ സൂചിപ്പിച്ചുകൊണ്ടും, ഇതുപോലെ ജനഭയം മുൻനിറുത്തി ഇസ്‌ലാമിനെ കൈവെടിയുന്നവരെ താക്കീത് ചെയ്തുകൊണ്ടും അല്ലാഹു പറയുന്നു:-

وَقَالُوٓا۟ إِن نَّتَّبِعِ ٱلْهُدَىٰ مَعَكَ نُتَخَطَّفْ مِنْ أَرْضِنَآ ۚ أَوَلَمْ نُمَكِّن لَّهُمْ حَرَمًا ءَامِنًا يُجْبَىٰٓ إِلَيْهِ ثَمَرَٰتُ كُلِّ شَىْءٍ رِّزْقًا مِّن لَّدُنَّا وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ٥٧

﴾57﴿ അവർ പറയുന്നു: '(മുഹമ്മദേ) തന്റെ കൂടെ ഞങ്ങൾ (ഈ) സൻമാർഗം പിൻതുടർന്നാൽ, ഞങ്ങൾ ഞങ്ങളുടെ നാട്ടിൽനിന്ന് റാഞ്ചി എടുക്കപ്പെടും.' എന്ന്!

നാം [അല്ലാഹു] ഒരു നിർഭയമായ 'ഹറം' [അലംഘനീയമായ പവിത്ര സ്ഥലം] അവർക്ക് സൗകര്യപ്പെടുത്തിക്കൊടുത്തിട്ടില്ലേ?! നമ്മുടെ പക്കൽനിന്നുള്ള ആഹാരമായി എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ചുകൊണ്ടുവരപ്പെടുന്നു. എങ്കിലും, അവരിൽ അധികമാളുകളും അറിയുന്നില്ല.

﴾57﴿ وَقَالُوا അവർ പറയുന്നു إِن نَّتَّبِعِ ഞങ്ങൾ പിൻപറ്റിയാൽ الْهُدَىٰ സന്മാർഗം, നേർവഴി, മാർഗദർശനം مَعَكَ താങ്കളുടെ കൂടെ نُتَخَطَّفْ ഞങ്ങൾ റാഞ്ചി എടുക്കപ്പെടും, പറ്റിച്ചെടുക്കപ്പെടും مِنْ أَرْضِنَا ഞങ്ങളുടെ ഭൂമിയിൽ (നാട്ടിൽ) നിന്ന് أَوَلَمْ نُمَكِّن നാം സൗകര്യം ചെയ്തുകൊടുത്തിട്ടില്ലേ, സ്വാധീനം നൽകിയിട്ടില്ലേ لَّهُمْ അവർക്ക് حَرَمًا ഒരു ഹറമിനെ (പവിത്രസ്ഥലത്തെ, അലംഘനീയമായ സ്ഥാനത്തെ) آمِنًا നിർഭയമായ, സ്വസ്ഥമായ, വിശ്വസനീയമായ, സുരക്ഷിതമായ يُجْبَىٰ ശേഖരിച്ചു കൊണ്ടുവരപ്പെടുന്നു إِلَيْهِ അതിലേക്ക് ثَمَرَاتُ ഫലങ്ങൾ كُلِّ شَيْءٍ എല്ലാ വസ്തുക്കളുടെയും رِّزْقًا ആഹാരമായിട്ട്, ഉപജീവനമായിട്ട് مِّن لَّدُنَّا നമ്മുടെ പക്കൽനിന്നുള്ള وَلَٰكِنَّ أَكْثَرَهُمْ എങ്കിലും അവരിൽ അധികമാളും لَا يَعْلَمُونَ അവർ

അറിയുന്നില്ല.

മക്കഃ ഹറമിൽവെച്ച് യുദ്ധം രക്തച്ചൊരിച്ചൽ തുടങ്ങിയ യാതൊന്നും പാടില്ലാത്തതാകുന്നു. അവിടെ അഭയം പ്രാപിച്ചവരുടെ നേരെ കയ്യേറ്റം ചെയ്യാനും പാടില്ല. ഈ നിയമം ഇസ്‌ലാമിലും, ഇസ്‌ലാമിനുമുമ്പ് അറബികൾക്കിടയിലും അംഗീകരിക്കപ്പെട്ടതാണ്. എന്നിരിക്കെ, നബിﷺയിൽ വിശ്വസിക്കുകയും, അവിടുത്തെ പിൻപറ്റുകയും ചെയ്തത് നിമിത്തം അവിടെ നിവസിക്കുന്നവരെ ആരെങ്കിലും പുറത്താക്കുമെന്നോ കയ്യേറ്റം നടത്തുമെന്നോ പറയുന്നതിൽ ന്യായമില്ല. മക്കാ പരിസരങ്ങൾ കേവലം ഭക്ഷ്യോൽപാദക കേന്ദ്രമല്ലെങ്കിലും നാനാഭാഗങ്ങളിൽ നിന്നുമായി- പ്രത്യേകിച്ച് ത്വാഇഫിൽനിന്ന്- എല്ലാ ആവശ്യ വസ്തുക്കളും അവിടെ ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. അന്നും ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമത്രെ ഇത്. എന്നിരിക്കെ, ശത്രുക്കളുടെ ആക്രമണവും, ഉപരോധവും ക്വുറൈശികൾക്ക് ഭയപ്പെടേണ്ടതായിട്ടുമില്ല. പക്ഷേ, മിക്കവരും തങ്ങളുടെ ഭാവിനന്മയും വിജയമാർഗവും മനസ്സിലാക്കാതിരിക്കുകയാണ്.

وَكَمْ أَهْلَكْنَا مِن قَرْيَةٍۭ بَطِرَتْ مَعِيشَتَهَا ۖ

﴾58﴿ ജീവിതരീതിയിൽ അഹങ്കരിച്ച എത്രയോ രാജ്യങ്ങളെ നാം നശിപ്പിച്ചിട്ടുണ്ട്;-

فَتِلْكَ مَسَٰكِنُهُمْ لَمْ تُسْكَن مِّنۢ بَعْدِهِمْ إِلَّا قَلِيلًا ۖ وَكُنَّا نَحْنُ ٱلْوَٰرِثِينَ ﴿٥٨﴾

എന്നിട്ടതാ, അവരുടെ [ആ രാജ്യക്കാരുടെ] വാസസ്ഥലങ്ങൾ! അവർക്ക് ശേഷം ദുർല്ലഭമായിട്ടല്ലാതെ അവയിൽ നിവസിക്കപ്പെടുകയുണ്ടായിട്ടില്ല. നാം തന്നെ അവയ്ക്ക് അവകാശികളായിത്തീരുകയും ചെയ്തു.

﴾58﴿ وَكَمْ എത്രയോ, എത്രയാണ് أَهْلَكْنَا നാം നശിപ്പിച്ചിരിക്കുന്നു مِن قَرْيَةٍ രാജ്യത്തിൽനിന്ന് بَطِرَتْ അഹങ്കരിച്ചു, ഗർവ്വ് കാണിച്ചു مَعِيشَتَهَا അതിന്റെ ജീവിതരീതിയിൽ, ഉപജീവനക്രമത്തിൽ فَتِلْكَ എന്നിട്ടതാ مَسَاكِنُهُمْ അവരുടെ വാസസ്ഥലങ്ങൾ لَمْ تُسْكَنْ അവ നിവസിക്കപ്പെട്ടിട്ടില്ല, പാർപ്പുണ്ടായിട്ടില്ല. مِنۢ بَعْدِهِمْ അവരുടെ ശമനം إِلَّا قَلِيلًا അല്പമല്ലാതെ, ദുർല്ലഭമായിട്ടല്ലാതെ وَكُنَّا നാമായിത്തീരുകയും ചെയ്തു, نَحْنُ നാം തന്നെ الْوَارِثِينَ അനന്തരാവകാശികൾ

ജനങ്ങൾ ഐഹിക സുഖങ്ങളിൽ മതിമറന്നുപോകുക നിമിത്തം അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരാകുകയും, അങ്ങനെ ശിക്ഷമൂലം രാജ്യക്കാർ മുഴുവനും നശിപ്പിക്കപ്പെടുകയും ചെയ്ത സംഭവങ്ങൾ പലതും മുമ്പ് ഉണ്ടായിട്ടുണ്ട്. നശിപ്പിക്കപ്പെട്ട രാജ്യങ്ങൾ ഇന്നുവരെ- ചുരുങ്ങിയ തോതിലൊഴികെ- ജനവാസമില്ലാതെ ശൂന്യമായി കിടക്കുകയാണ്. അല്ലാഹുവല്ലാതെ അവയ്ക്കൊന്നും അവകാശപ്പെടുവാൻ പിൻഗാമികളില്ലാതെ അവ ശൂന്യമായിത്തീർന്നു. എന്നാൽ, അങ്ങനെ പല രാജ്യങ്ങളും നശിപ്പിക്കപ്പെട്ടിരിക്കുന്നത് തക്കതായ ന്യായം കൂടാതെയാണോ? ഒരിക്കലുമല്ല. കാരണം:-

وَمَا كَانَ رَبُّكَ مُهْلِكَ ٱلْقُرَىٰ حَتَّىٰ يَبْعَثَ فِىٓ أُمِّهَا رَسُولًا يَتْلُوا۟ عَلَيْهِمْ ءَايَـٰتِنَا ۚ وَمَا كُنَّا مُهْلِكِى ٱلْقُرَىٰٓ إِلَّا وَأَهْلُهَا ظَـٰلِمُونَ ﴿٥٩﴾

《59》 (നബിയേ) നിന്റെ റബ്ബ്, രാജ്യങ്ങളുടെ കേന്ദ്രത്തിൽ അവർക്ക് നമ്മുടെ ലക്ഷ്യങ്ങൾ ഓതിക്കേൾപ്പിക്കുന്ന ഒരു റസൂലിനെ നിയോഗിക്കുന്നത് വരേക്കും അവയെ [രാജ്യങ്ങളെ] നശിപ്പിക്കുന്നവനല്ല; രാജ്യക്കാർ അക്രമികളായിരിക്കവെ അല്ലാതെ നാം [അല്ലാഹു] അവയെ നശിപ്പിക്കുന്നവരുമല്ല.

وَمَآ أُوتِيتُم مِّن شَىْءٍ فَمَتَـٰعُ ٱلْحَيَوٰةِ ٱلدُّنْيَا وَزِينَتُهَا ۚ وَمَا عِندَ ٱللَّهِ خَيْرٌ وَأَبْقَىٰٓ ۚ أَفَلَا تَعْقِلُونَ ﴿٦٠﴾

《60》 വസ്തുവഹകളായി നിങ്ങൾക്ക് എന്തൊന്ന് നൽകപ്പെട്ടിട്ടുണ്ടെങ്കിലും അത് ഐഹികജീവിതത്തിന്റെ സുഖഭോഗവും, അതിന്റെ അലങ്കാരവും (മാത്രം) ആകുന്നു. അല്ലാഹുവിങ്കലുള്ളത് ഉത്തമമായതും കൂടുതൽ ശേഷിക്കുന്നതുമാണ്. എന്നിരിക്കെ, നിങ്ങൾ ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്നില്ലേ?!

《59》 وَمَا كَانَ رَبُّكَ നിന്റെ റബ്ബല്ല مُهْلِكَ الْقُرَى രാജ്യങ്ങളെ നശിപ്പിക്കുന്നവൻ حَتَّى يَبْعَثَ അവൻ നിയോഗിക്കുന്നത് വരെ, അയക്കാതെ فِي أُمِّهَا അവയുടെ കേന്ദ്രത്തിൽ, മർമസ്ഥാനത്ത് رَسُولًا ദൈവദൂതനെ, റസൂലിനെ يَتْلُو عَلَيْهِمْ അവർക്ക് അദ്ദേഹം ഓതിക്കൊടുക്കും آيَاتِنَا നമ്മുടെ ലക്ഷ്യങ്ങളെ وَمَا كُنَّا നാം അല്ലതാനും مُهْلِكِي الْقُرَى രാജ്യങ്ങളെ നശിപ്പിക്കുന്നവർ إِلَّا وَأَهْلُهَا അവയിൽ ആളുകൾആയിട്ടില്ലാതെ ظَالِمُونَ അക്രമികൾ 《60》 وَمَا أُوتِيتُمْ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളത് (എന്തും) مِنْ شَيْءٍ വസ്തുവായിട്ട്, ഏത് വസ്തുവിൽനിന്നും فَمَتَاعُ الْحَيَاةِ ജീവിതത്തിന്റെ സുഖഭോഗമാണ്, ഉപകരണമാണ് الدُّنْيَا ഐഹികമായ, ദുനിയാവിന്റെ وَزِينَتُهَا അതിന്റെ അലങ്കാരവും, മോടിയും وَمَا عِنْدَ اللَّهِ അല്ലാഹുവിന്റെ അടുക്കലുള്ളത് خَيْرٌ ഉത്തമമാണ്, കൂടുതൽ നല്ലതാണ് وَأَبْقَى ഏറ്റവും ശേഷിക്കുന്നതുമാണ് أَفَلَا تَعْقِلُونَ എന്നിരിക്കെ നിങ്ങൾ ബുദ്ധികൊടുക്കുന്നില്ലേ

ഭൗതികമായ സുഖസൗകര്യങ്ങൾ വേണ്ടത്ര ലഭിക്കുന്നത് തങ്ങളുടെ ഏറ്റവും വലിയ നേട്ടമായും, തങ്ങൾക്ക് അല്ലാഹുവിങ്കൽ വലിയ സ്ഥാനമുണ്ടെന്നുള്ളതിന്റെ നാന്ദിയായും പലരും കരുതാറുണ്ട്. ഈ ധാരണ തികച്ചും തെറ്റാണ്. ഈ ജീവിതത്തിൽ വെച്ച് ലഭിക്കുന്ന ഏത് സുഖഭോഗമാർഗങ്ങളും– അവ എത്രതന്നെ ഉന്നത തരമായിരുന്നാലും ശരി– നശ്വരമായ ഈ ജീവിതത്തിൽമാത്രം ഉപയോഗപ്പെടുന്നതും, വെറും താല്ക്കാലികങ്ങളുമാകുന്നു, പരലോകത്തുവെച്ച് ലഭിക്കുവാനിരിക്കുന്ന സുഖഭോഗങ്ങളാകട്ടെ, ഏത് നിലക്കും അവയെക്കാൾ എത്രയോ ഉന്നതവും, ഉൽകൃഷ്ടവുമായിരിക്കും. അവ നാശത്തിന് വിധേയമാകാതെ എന്നെന്നും നിലനിൽക്കുന്നതുമായിരിക്കും.

വിഭാഗം - 7

أَفَمَن وَعَدْنَٰهُ وَعْدًا حَسَنًا فَهُوَ لَٰقِيهِ كَمَن مَّتَّعْنَٰهُ مَتَٰعَ ٱلْحَيَوٰةِ ٱلدُّنْيَا ثُمَّ هُوَ يَوْمَ ٱلْقِيَٰمَةِ مِنَ ٱلْمُحْضَرِينَ ﴿٦١﴾

﴿61﴾ അപ്പോൾ, ഏതൊരുവനോട് നാം നല്ലൊരു വാഗ്ദാനം ചെയ്യുകയും, എന്നിട്ട് അവനത് കണ്ടെത്തി (അനുഭവി)ക്കുന്നവനായിരിക്കുകയും ചെയ്യുന്നുവോ അവൻ, ഐഹിക ജീവിതത്തിന്റെ സുഖഭോഗം നാം അനുഭവിപ്പിച്ചുകൊടുക്കുകയും, പിന്നീട് ക്വിയാമത്ത് നാളിൽ താൻ (ശിക്ഷക്ക്) ഹാജറാക്കപ്പെടുന്നവരിൽ ഉൾപ്പെടുകയും ചെയ്യുന്നവനെപ്പോലെയാണോ?!

﴿61﴾ أَفَمَنْ അപ്പോൾ ഒരുവനാണോ, ആരാണോ وَعَدْنَاهُ നാം അവനോട് വാഗ്ദാനം ചെയ്തു وَعْدًا حَسَنًا നല്ലൊരു വാഗ്ദാനം فَهُوَ എന്നിട്ടവൻ لاَقِيهِ അതിനെ കാണുന്നവനാണ്, അനുഭവിക്കുന്നവനാണ് كَمَنْ ഒരുവനെപ്പോലെ مَتَّعْنَاهُ നാമവന് സുഖഭോഗം നൽകി, അനുഭവിപ്പിച്ചു مَتَاعَ الْحَيَاةِ ജീവിതത്തിന്റെ സുഖഭോഗം الدُّنْيَا ഐഹികമായ ثُمَّ هُوَ പിന്നെ അവൻ يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ مِنَ الْمُحْضَرِينَ ഹാജരാക്കപ്പെടുന്നവരിൽ പെട്ടവനുമാണ്

സൻമാർഗത്തിൽ ചരിക്കുന്ന സത്യവിശ്വാസികൾക്ക് അല്ലാഹു ഏറ്റിട്ടുള്ള മഹത്തായ വാഗ്ദാനങ്ങളിൽ വിശ്വസിക്കുകയും, അതിനർഹരായിത്തീരുകയും, അങ്ങനെ അത് ലഭിക്കുവാൻ ഭാഗ്യമുണ്ടായിരിക്കുകയും ചെയ്യുന്നവരും– ക്ഷണികമായ ഐഹിക സൗഖ്യങ്ങളിൽ അവരുടെ നില കേവലം മോശമായിരുന്നാലും ശരി– ഐഹികജീവിതത്തിൽ എല്ലാവിധ സുഖസൗകര്യങ്ങളും ലഭിച്ചിട്ടുണ്ടെങ്കിലും പരലോകത്ത് ശിക്ഷാർഹരായിത്തീരുന്ന കേഡികളും ഒരിക്കലും സമമല്ല. സുഖസമ്പൂർണമായ ഐഹികജീവിതം അവസാനിച്ചതിനെത്തുടർന്ന് യാതൊരുതരത്തിലുള്ള ശിക്ഷാനടപടികളും ഭാവിയിൽ അനുഭവപ്പെടുവാനില്ലെന്ന് സങ്കൽപ്പിച്ചാൽപോലും ഒരുക്കമില്ലാത്ത പരലോകജീവിതത്തിലെ സുഖാനുഭവങ്ങൾക്ക് വേണ്ടി മനുഷ്യൻ യത്നിക്കേണ്ടതുണ്ട്. എന്നിരിക്കെ, അവിടെവെച്ച് ശാശ്വതവും കഠിനകഠോരവുമായ ശിക്ഷാനടപടികൂടി നേരിടാനിരിക്കുന്ന സ്ഥിതിക്ക് തീർച്ചയായും അവൻ അതിനുള്ള മാർഗം അവലംബിക്കേണ്ടതല്ലേ?! പരലോകത്തിൽ ശിക്ഷാർഹരായുള്ളവർ നേരിടേണ്ടി വരുന്ന ചില സന്ദർഭങ്ങൾ ചുവടെ വിവരിക്കുന്നു:-

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَآءِىَ ٱلَّذِينَ كُنتُمْ تَزْعُمُونَ ﴿٦٢﴾

﴿62﴾ അവരെ അവൻ [അല്ലാഹു] വിളിച്ചു (ഇങ്ങനെ) പറയുന്ന ദിവസം (ഓർക്കുക); 'നിങ്ങൾ ജല്പിച്ചുകൊണ്ടിരുന്നതായ എന്റെ പങ്കുകാർ എവിടെ?!'

قَالَ ٱلَّذِينَ حَقَّ عَلَيۡهِمُ ٱلۡقَوۡلُ رَبَّنَا هَٰٓؤُلَآءِ ٱلَّذِينَ أَغۡوَيۡنَآ أَغۡوَيۡنَٰهُمۡ كَمَا غَوَيۡنَاۖ تَبَرَّأۡنَآ إِلَيۡكَۖ مَا كَانُوٓاْ إِيَّانَا يَعۡبُدُونَ ﴿٦٣﴾

《63》 (അന്ന്) ഏതൊരുത്തരുടെ മേല്‍ (ശിക്ഷയുടെ) വാക്ക് അവകാശപ്പെട്ടിരിക്കുന്നുവോ അവര്‍ പറയുന്നതാണ്; 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങള്‍ വഴി തെറ്റിച്ചിട്ടുള്ളവര്‍ (ഇതാ) ഇക്കൂട്ടരാണ്. ഞങ്ങള്‍ സ്വയം വഴി തെറ്റിയതുപോലെ, ഞങ്ങള്‍ അവരെയും വഴിതെറ്റിച്ചതാണ്. (അവരെ സംബന്ധിച്ച്) നിങ്കലേക്ക് ഞങ്ങള്‍ (ഇതാ) ഉത്തരവാദമൊഴിഞ്ഞുതന്നു; ഞങ്ങളെ അവര്‍ ആരാധിച്ചുവരികയായിരുന്നില്ല.'

وَقِيلَ ٱدۡعُواْ شُرَكَآءَكُمۡ فَدَعَوۡهُمۡ فَلَمۡ يَسۡتَجِيبُواْ لَهُمۡ وَرَأَوُاْ ٱلۡعَذَابَۚ لَوۡ أَنَّهُمۡ كَانُواْ يَهۡتَدُونَ ﴿٦٤﴾

《64》 'നിങ്ങളുടെ (ആരാധ്യന്‍മാരായ) പങ്കുകാരെ വിളിക്കുവിന്‍!' എന്ന് പറയപ്പെടുകയും ചെയ്യും; അപ്പോള്‍ അവര്‍ വിളി(ച്ചു നോ)ക്കും, എന്നാലവര്‍ തങ്ങള്‍ക്ക് ഉത്തരം നല്‍കുന്നതല്ല; ശിക്ഷയെ അവര്‍ (അനുഭവത്തില്‍) കാണുകയും ചെയ്യുന്നതാണ്. 'തങ്ങള്‍ സന്‍മാര്‍ഗം പ്രാപിച്ചിരുന്നുവെങ്കില്‍ കൊള്ളാമായിരുന്നു.' (എന്നവര്‍ കൊതിക്കും)!

《62》 وَيَوْمَ يُنَادِيهِمْ അവരെ അവന്‍ വിളിക്കുന്ന ദിവസം فَيَقُولُ എന്നിട്ടവന്‍ പറയും أَيْنَ شُرَكَائِيَ എന്റെ പങ്കുകാര്‍ എവിടെ الَّذِينَ كُنتُمْ تَزْعُمُونَ നിങ്ങള്‍ ജല്‍പിച്ചിരുന്ന 《63》 قَالَ الَّذِينَ യാതൊരു കൂട്ടര്‍ പറയുന്നതാണ് حَقَّ عَلَيْهِمُ അവരില്‍ അവകാശപ്പെട്ടു, സ്ഥിരപ്പെട്ടിരിക്കുന്നു الْقَوْلُ വാക്ക്, വാക്യം رَبَّنَا ഞങ്ങളുടെ റബ്ബേ هَٰؤُلَاءِ ഇക്കൂട്ടരാണ് الَّذِينَ أَغْوَيْنَا ഞങ്ങള്‍ വഴിതെറ്റിച്ചവര്‍ أَغْوَيْنَاهُمْ അവരെ ഞങ്ങള്‍ വഴിതെറ്റിച്ചു كَمَا غَوَيْنَا ഞങ്ങള്‍ വഴി തെറ്റിയതുപോലെ تَبَرَّأْنَا ഞങ്ങള്‍ ഉത്തരവാദിത്വം ഒഴിഞ്ഞു, കുറ്റം ഒഴിഞ്ഞു إِلَيْكَ നിങ്കലേക്ക്, നിന്റെ അടുക്കല്‍ । مَا كَانُوا അവരായിരുന്നില്ല إِيَّانَا ഞങ്ങളെ يَعْبُدُونَ ആരാധിക്കും 《64》 وَقِيلَ പറയപ്പെടുകയും ചെയ്യും । ادْعُوا നിങ്ങള്‍ വിളിക്കുവിന്‍, പ്രാര്‍ത്ഥിക്കുവിന്‍ شُرَكَاءَكُمْ നിങ്ങളുടെ പങ്കാളികളെ فَدَعَوْهُمْ അപ്പോള്‍ അവര്‍ അവരെ വിളിക്കും । فَلَمْ يَسْتَجِيبُوا അപ്പോഴവര്‍ ഉത്തരം നല്‍കുകയില്ല لَهُمْ അവര്‍ക്ക് । وَرَأَوُا അവര്‍ കാണുകയും ചെയ്യും الْعَذَابَ ശിക്ഷ । لَوْ أَنَّهُمْ كَانُوا അവരായിരുന്നെങ്കില്‍ (കൊള്ളാമായിരുന്നു) يَهْتَدُونَ നേര്‍മാര്‍ഗം പ്രാപിച്ചിരുന്നു (എങ്കില്‍)

അല്ലാഹുവിന്റെ ശിക്ഷക്ക് ബാധ്യസ്ഥരായ ശിര്‍ക്കിന്റെ നേതാക്കളും, പ്രചാരകന്‍മാരുമാണ് 'വാക്കിന്നവകാശപ്പെട്ടവര്‍' (الَّذِينَ حَقَّ عَلَيْهِمُ الْقَوْلُ) എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം. ശിര്‍ക്കിന്റെ നേതാക്കളെയും, നീതന്‍മാരെയും വഷളാക്കുവാനായി, ആരാധകന്‍മാരോട് ചോദിക്കുന്ന

ചോദ്യമാണ് 62-ാം വചനത്തിൽ കാണുന്നത്. ഈ ചോദ്യം തന്നെ അവർക്കൊരു അസഹ്യമായ ശിക്ഷയായിരിക്കുമെന്ന് പറയേണ്ടതില്ല. ഈ അവസരത്തിൽ തങ്ങളുടെ കുറ്റത്തിൽ വല്ല ഇളവും ലഭിച്ചെങ്കിലോ എന്ന ഭാവേന നേതാക്കളായ ആരാധ്യൻമാർ അല്ലാഹുവിന്റെ മുമ്പിൽ ബോധിപ്പിക്കുന്ന മറുപടിയാണ് 63-ാം വചനത്തിലുള്ളത്. 'ഞങ്ങൾ ഏതായാലും സ്വയം പിഴച്ചുപോയി, അപ്രകാരം അവരും ആയിത്തീരട്ടെ എന്നുവെച്ച് അവരെയും ആ പിഴവിലേക്ക് പ്രേരിപ്പിച്ചു. അതിൽ കവിഞ്ഞു ഞങ്ങളൊന്നും ചെയ്തിട്ടില്ല. അവർ ഞങ്ങളുടെ നിർബന്ധംകൊണ്ടും ശക്തികൊണ്ടും വഴിപിഴച്ചതല്ല, വാസ്തവത്തിൽ അവർ ഞങ്ങളെ ആരാധിച്ചു വന്നിട്ടുമില്ല. അവർ തങ്ങളുടെ തന്നിഷ്ടപ്രകാരം വിഗ്രഹങ്ങൾ തുടങ്ങിയ മറ്റ് പലതിനെയുമാണ് ആരാധിച്ചിരുന്നത്, അത്കൊണ്ട് അവരുടെ കുറ്റത്തിന് ഞങ്ങൾ ഉത്തരവാദപ്പെട്ടവരല്ല. ഞങ്ങളുടെ നിരപരാധിത്വം ഞങ്ങളിതാ ബോധിപ്പിക്കുന്നു.' എന്നൊക്കെയാണ് അവരുടെ മറുപടിയുടെ സാരം.

പരദൈവാരാധകൻമാരുടെ നിസ്സഹായതയും, വഷളത്തവും കൂടുതൽ സ്പഷ്ടമാക്കത്തക്കവണ്ണം അവരുടെ ആരാധ്യവസ്തുക്കളെ വിളിച്ചപേക്ഷിക്കുവാൻ അവരോട് കൽപിക്കപ്പെടുമെന്നും, അതിരില്ലാത്ത പരിഭ്രമത്തിലും ദുഃഖത്തിലും മുഴുകിയ അവർ അവയെ വിളിച്ചുനോക്കുമ്പോൾ അവ ഉത്തരം നൽകുകപോലും ചെയ്കയില്ലെന്നുമാണ് 64-ാം വചനം കാണിക്കുന്നത്. ഇവിടെ വെച്ച് ഇരുകൂട്ടരും- ആരാധകരും നീതരുമായുള്ളവരും, നേതാക്കളും ആരാധ്യൻമാരുമായുള്ളവരും എല്ലാം തന്നെ- കൊതിച്ചുപോകും; ഹാ! തങ്ങൾ സൻമാർഗം പ്രാപിച്ചിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്ന്.

അല്ലാഹുവിന്റെ തിരുസന്നിധിയിൽ വിചാരണക്കായി എല്ലാവരും ഹാജരാക്കപ്പെടുന്ന അതിഗുരുതരമായ ഘട്ടത്തിൽ- സജ്ജനങ്ങൾ, ദുർജ്ജനങ്ങൾ, വിശ്വാസികൾ, അവിശ്വാസികൾ എന്നിങ്ങനെയുള്ള എല്ലാ വിഭാഗക്കാരും, പ്രവാചകൻമാരും, സാക്ഷികളും ഒന്നടങ്കം സമ്മേളിപ്പിക്കപ്പെടുന്ന ആ വമ്പിച്ച മഹാസദസ്സിൽ -അല്ലാഹു ചോദിക്കുന്ന മറ്റൊരു ചോദ്യം തുടർന്നു പറയുന്നു:

وَيَوْمَ يُنَادِيهِمْ فَيَقُولُ مَاذَآ أَجَبْتُمُ ٱلْمُرْسَلِينَ ﴿٦٥﴾

﴿65﴾ അവരെ വിളിച്ചു 'എന്താണ് നിങ്ങൾ മുർസലുകൾക്ക് ഉത്തരം നൽകിയത്?' എന്ന് അവൻ [അല്ലാഹു] പറയുന്ന ദിവസം (ഓർക്കുക)!-

فَعَمِيَتْ عَلَيْهِمُ ٱلْأَنۢبَآءُ يَوْمَئِذٍ فَهُمْ لَا يَتَسَآءَلُونَ ﴿٦٦﴾

﴿66﴾ അന്നത്തെ ദിവസം, വർത്തമാനങ്ങൾ അവർക്ക് അന്ധമായിരിക്കുന്നതാണ്; അതിനാൽ, അവർ അന്യോന്യം (യാതൊന്നും) ചോദിച്ചറിയുകയില്ല.

فَأَمَّا مَن تَابَ وَءَامَنَ وَعَمِلَ صَـٰلِحًا فَعَسَىٰٓ أَن يَكُونَ مِنَ

﴿67﴾ എന്നാൽ, ആർ പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമം പ്രവർത്തിക്കുകയും ചെയ്തിരിക്കുന്നുവോ അവൻ, വിജയികളിൽ പെട്ടവനായേക്കാവുന്നതാണ്.

ٱلْمُفْلِحِينَ ﴿٦٧﴾

وَيَوْمَ يُنَادِيهِمْ ﴿65﴾ അവൻ അവരെ വിളിക്കുന്ന ദിവസം فَيَقُولُ എന്നിട്ട് പറയും مَاذَآ എന്താണ്, എന്തൊന്നാണ് أَجَبْتُمُ നിങ്ങൾ ഉത്തരം (മറുപടി) നൽകി ٱلْمُرْسَلِينَ മുർസലുകൾക്ക്﴿66﴾ فَعَمِيَتْ അപ്പോൾ അന്ധമായിരിക്കുന്നതാണ് عَلَيْهِمُ അവർക്ക്, അവരിൽ ٱلْأَنۢبَآءُ വർത്തമാനങ്ങൾ يَوْمَئِذٍ അന്ന്, ആ ദിവസം فَهُمْ അതിനാൽ അവർ لَا يَتَسَآءَلُونَ അവരന്യോന്യം ചോദിച്ചറിയുകയില്ല ﴿67﴾ فَأَمَّا مَن تَابَ എന്നാൽ ആർ പശ്ചാത്തപിച്ചുവോ, പശ്ചാത്തപിച്ചവൻ وَءَامَنَ വിശ്വസിക്കുകയും وَعَمِلَ പ്രവർത്തിക്കുകയും صَٰلِحًا സൽക്കർമ്മം, നല്ലത് فَعَسَىٰٓ أَن يَكُونَ അവനായേക്കാം مِنَ ٱلْمُفْلِحِينَ വിജയികളിൽ, ഭാഗ്യവാൻമാരിൽ (പെട്ടവൻ)

പ്രവാചകൻമാരെ നിഷേധിച്ച് വന്ന അവർക്ക് അല്ലാഹുവിന്റെ ഭാഗത്ത്നിന്നുള്ള ഈ ചോദ്യത്തിന് ഉത്തരമായി ഒരക്ഷരം ഉരിയാടുവാനാകട്ടെ, തങ്ങൾ അനുവർത്തിച്ചുവന്ന നയത്തിന് എന്തെങ്കിലും ന്യായീകരണമോ, ഒഴികഴിവോ സമർപ്പിക്കുവാനാകട്ടെ സാധ്യമാകുന്നതല്ല. എന്താണ് പറയേണ്ടതെന്ന് ഒരെത്തും പിടിയും കിട്ടാതെ അവർ കുഴങ്ങുന്നതാണ്. ഐഹികജീവിതത്തിലെ പതിവനുസരിച്ച് ആരോടെങ്കിലും വല്ലതും ചോദിക്കുവാനോ, അന്വേഷിക്കുവാനോ, അപേക്ഷിക്കുവാനോ സാധ്യമാകുമോ? അതും സാധ്യമല്ല. അല്ലാഹുവിന്റെ സൃഷ്ടികളിൽവെച്ച് ഏറ്റവും ഉൽകൃഷ്ടരായ പ്രവാചകൻമാർപോലും വമ്പിച്ച പരിഭ്രമത്തിലായിത്തീരുന്ന ആ ഘട്ടത്തിൽ, സൃഷ്ടികളിൽവെച്ച് ഏറ്റവും നികൃഷ്ടരായ ആ മഹാപാപികൾക്ക് വല്ല മനസ്സമാധാനത്തിനും അവകാശമുണ്ടാകുന്നതെങ്ങനെ?! പ്രവാചകൻമാരുടെ അന്നത്തെ നിലയെ സംബന്ധിച്ച് അല്ലാഹു സൂറത്തുൽ മാഇദഃയിൽ ഇപ്രകാരം പറയുന്നു:-

يَوْمَ يَجْمَعُ ٱللَّهُ ٱلرُّسُلَ فَيَقُولُ مَاذَآ أُجِبْتُمْ قَالُوا۟ لَا عِلْمَ لَنَآ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ – المائدة : ١٠٩

(അല്ലാഹു റസൂലുകളെ ഒരുമിച്ചുകൂട്ടുന്ന ദിവസം! എന്നിട്ടവരോട് അവൻ പറയും; 'നിങ്ങൾക്ക് എന്താണ് ഉത്തരം നൽകപ്പെട്ടത്?' അവർ പറയുന്നതാണ്: 'ഞങ്ങൾക്ക് അറിവില്ല. നിശ്ചയമായും നീ തന്നെയാണ് അദൃശ്യകാര്യങ്ങളെ ധാരാളം അറിയുന്നവൻ) എന്നിരിക്കെ മറ്റുള്ളവരുടെ പരിഭ്രമത്തെക്കുറിച്ച് പറയേണ്ടതുണ്ടോ?!

ഏത് ഭയങ്കര കുറ്റം ചെയ്തവനാകട്ടെ, പശ്ചാത്തപിച്ചു മടങ്ങുകയും, സത്യവിശ്വാസം കൈകൊള്ളുകയും, നല്ല കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അവർക്ക് രക്ഷയുണ്ട്. അങ്ങനെയുള്ളവർ സൽഭാഗ്യവാന്മാരാണ്, വിജയികളാണ്. പരമകാരുണികനും അത്യുദാരനുമായ അല്ലാഹു 'ആയേക്കാം' (عَسَىٰٓ أَن يَكُونَ) എന്ന് പറഞ്ഞാൽ അക്കാര്യം സുദൃഢം തന്നെയാണെന്ന് ഉറപ്പിക്കാവുന്നതാണ്. അന്നത്തെ ദിവസം അവൻ നമുക്കെല്ലാം വിജയവും, രക്ഷയും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

وَرَبُّكَ يَخْلُقُ مَا يَشَآءُ وَيَخْتَارُ ۗ مَا كَانَ لَهُمُ ٱلْخِيَرَةُ ۚ

﴿68﴾ നിന്റെ റബ്ബ്, അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് [സൃഷ്ടികൾക്ക്] തിരഞ്ഞെടുപ്പിനവകാശമില്ല.

سُبۡحَـٰنَ ٱللَّهِ وَتَعَـٰلَىٰ عَمَّا يُشۡرِكُونَ ﴿٦٨﴾

അവർ പങ്ക് ചേർക്കുന്നതിൽനിന്ന് അല്ലാഹു മഹാ പരിശുദ്ധനും, അത്യുന്നതനായുള്ളവനുമത്രെ!

﴾68﴿ وَرَبُّكَ നിന്റെ റബ്ബ്, രക്ഷിതാവ് يَخۡلُقُ സൃഷ്ടിക്കുന്നു مَايَشَاءُ അവൻ ഉദ്ദേശിക്കുന്നത് وَيَخۡتَارُ തിരഞ്ഞെടുക്കുകയും ചെയ്യുന്നു مَا كَانَ لَهُمُ അവർക്കില്ല, അവർക്ക് ആകാവതല്ല (അവകാശമില്ല) الۡخِيَرَةُ തിരഞ്ഞെടുക്കൽ سُبۡحَانَ اللّٰهِ അല്ലാഹു മഹാപരിശുദ്ധൻ وَتَعَالَى അവൻ അത്യുന്നതനുമാകുന്നു, അതീതനാകുകയും ചെയ്തിരിക്കുന്നു عَمَّايُشۡرِكُونَ അവർ പങ്കുചേർക്കുന്നതിൽനിന്ന്

എന്തെല്ലാമാണ് സൃഷ്ടിക്കേണ്ടത്, എങ്ങനെയെല്ലാമാണത് സൃഷ്ടിക്കേണ്ടത്, ഏതെല്ലാം കാര്യങ്ങളാണ് നടപ്പിൽ വരുത്തേണ്ടത്, ഏതിനൊക്കെയാണ് മുൻഗണന നൽകേണ്ടത്, എന്നിങ്ങനെയുള്ള ഒന്നിലുംതന്നെ, അവന്റെ ഉദ്ദേശമനുസരിച്ച് അവൻ പ്രവർത്തിക്കുകയല്ലാതെ, അതിൽ മറ്റാരുടെയെങ്കിലും ഇഷ്ടത്തിനോ, അഭിപ്രായത്തിനോ യാതൊരുവിധ പങ്കുമില്ല തന്നെ. എന്നിരിക്കെ, അവനെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തിൽ മറ്റൊരാളെ പങ്കാളിയായി ഗണിക്കുന്ന പ്രശ്നമേ ഇല്ല. അങ്ങനെയുള്ള ഏത് സങ്കൽപ്പത്തിനും അവൻ അതീതനാകുന്നു, പരിശുദ്ധനാകുന്നു, അത്യുന്നതനാകുന്നു. ഒരു അറബിക്കവി പറഞ്ഞതെത്ര വാസ്തവം!

اَلْعَبْدُ ذُوضجرٍ وَالرَّبُّ ذُوقَدرٍ وَالدَّهْرُ ذُودُولٍ وَالرِّزْق مقْشُومٌ
وَالخيرُ اَجْمَعُ فِيمَا اخْتَارَ خَالِقُنَا وَفِي اخْتِيَارِ سِوَاهُ اللَّوْمُ وَالشُّؤمُ

(സാരം:- അടിയാൻ മടുപ്പ് ബാധിക്കുന്നവനത്രെ; റബ്ബാകട്ടെ, എല്ലാം നിർണയിക്കുന്നവനും! കാലം മാറിക്കൊണ്ടിരിക്കുന്നതും, ആഹാരം ഭാഗിച്ചുകൊടുക്കപ്പെടുന്നതുമാണ്. നന്മ മുഴുവനും സ്ഥിതിചെയ്യുന്നത് നമ്മുടെ സ്രഷ്ടാവ് തിരഞ്ഞെടുക്കുന്നതിലത്രെ. മറ്റുള്ളവർ തിരഞ്ഞെടുക്കുന്നതിലാണ് ആക്ഷേപവും ദുശ്ശകുനവുമുള്ളത്.)

68-ാം ആയത്തിന്റെ വെളിച്ചത്തിൽ അൽപം ചിന്തിച്ചുനോക്കുക. വരാനിരിക്കുന്ന കാര്യങ്ങളെയോ, മറഞ്ഞ സംഗതികളെയോ അറിയേണ്ടതിനും, കാര്യകാരണബന്ധങ്ങൾക്കതീതമായ മാർഗങ്ങളിൽകൂടി ഉദ്ദേശങ്ങൾ സാധിക്കേണ്ടതിനുംവേണ്ടി, പലതരം പ്രശ്നക്കാരെ-- അവർ ഏതുപേരിൽ അറിയപ്പെട്ടാലും ശരി- സമീപിക്കുന്നതും, അവരിൽ വിശ്വാസമർപ്പിക്കുന്നതും വമ്പിച്ച വിഡ്ഢിത്തം മാത്രമല്ല, മഹാപാപംകൂടിയാണെന്ന് കാണാം. 'അവർ പങ്ക് ചേർക്കുന്നതിൽനിന്നും അല്ലാഹു മഹാപരിശുദ്ധനും പരമോന്നതനുമാണ്' എന്ന് ആയത്തിന്റെ അവസാനത്തിൽ പറഞ്ഞത് നോക്കുമ്പോൾ, ഇത്തരം പ്രവൃത്തികൾ ശിർക്കിന്റെ ഇനത്തിൽ ഉൾപ്പെട്ടേക്കുമെന്നുകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് പ്രശ്നക്കാരെ സംബന്ധിച്ച് നബി ﷺ വളരെ താക്കീതുകൾ നല്കുന്നതും.

مَن اتى عرافا فسأله عن شيء لم يقبل له صلوة اربعين ليلة ـ مسلم

(ആരെങ്കിലും ഒരു 'അർറാഫി' ന്റെ -അഥവാ പ്രശ്നക്കാരന്റെ -അടുക്കൽ ചെന്നു അവനോട് വല്ല കാര്യത്തെക്കുറിച്ചും ചോദിക്കുന്നപക്ഷം നാൽപത് ദിവസത്തെ നമസ്കാരം അവന് സ്വീകരിക്കപ്പെടുന്നതല്ല.) മറഞ്ഞ കാര്യങ്ങളോ, ഭാവികാര്യങ്ങളോ ഏതെങ്കിലും പ്രകാരത്തിൽ ഗണിച്ചുപറയുന്ന എല്ലാവർക്കും ഉപയോഗിക്കുന്ന പേരാണ് 'അർറാഫ്' (**عراف**). മറഞ്ഞ കാര്യങ്ങൾ അറിയാമെന്ന് കരുതപ്പെടുന്ന പുരോഹിതൻമാരായ ഗണിതക്കാർക്ക് 'കാഹിൻ' (**كاهن**) എന്നും പറയപ്പെടും. 'കാഹിനി'ന്റെ അടുക്കൽ പോകുകയും, അവൻ പറഞ്ഞത് വിശ്വസിക്കുകയും ചെയ്യുന്നവൻ മുഹമ്മദ് നബിﷺക്ക് അവതരിക്കപ്പെട്ടതിൽനിന്നും ബന്ധമറ്റുപോകുന്നതാണ്' എന്ന് ഇമാം അഹ്മദും (റ) അബൂദാവൂദും (റ) രിവായത്ത് ചെയ്തിട്ടുള്ള ഒരു ഹദീഥിൽ വന്നിട്ടുണ്ട്.

വല്ല പ്രധാനപ്പെട്ട കാര്യങ്ങളിലും ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നവൻ, അക്കാര്യം തനിക്ക് ഗുണകരമായിരിക്കുമോ, ദോഷകരമായിരിക്കുമോ എന്നറിയാതെ വിഷമിക്കുന്നപക്ഷം, അവന് മനസ്സമാധാനം ലഭിക്കുവാൻ നബിﷺ നിർദ്ദേശിച്ചിട്ടുള്ള മാർഗമാണ് 'ഇസ്തിഖാറത്ത്' (**الاسخارة**). ഗുണകരമായത് കാണിച്ചുതരുവാൻ അല്ലാഹുവിനോട് തേടുക എന്നത്രെ ഈ വാക്കിന്റെ വിവക്ഷ. ഇസ്തിഖാറത്തിന്റെ ഏറ്റവും നല്ല രൂപം ഇമാം ബുഖാരീ (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബിﷺ നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നു. അതിപ്രകാരമാണ്:-

عن جابر بن عبد الله رضي الله عنهما قال كان رسول الله صلى الله عليه وسلم يعلمنا الإستخارة في الأمور كما يعلمنا السورة من القرآن يقول إذا هم أحدكم بالأمر فليركع ركعتين من غير الفريضة ثم ليقل اللهم إنى أستخيرك بعلمك وأستقدرك بقدرتك وأسألك من فضلك العظيم فإنك تقدر ولا أقدر وتعلم ولا أعلم وأنت علام الغيوب اللهم إن كنت تعلم أن هذا الأمر خير لي في دينى ومعاشي وعاقبة أمري فاقدره لى ويسره لى ثم بارك لى فيه وإن كنت تعلم أن هذا الأمر شر لى في دينى ومعاشي وعاقبة أمرى فاصرفه عنى واصرفنى عنه واقدر لى الخير حيث كان ثم رضني به قال ويسمى حاجته – رواه البخارى

(സാരം: ജാബിർ (റ) പറയുന്നു: ക്വുർആനിലെ സൂറത്ത് പഠിപ്പിച്ചു തരുന്നത് പോലെ- അത്ര പ്രാധാന്യം കൽപിച്ചുകൊണ്ട്- എല്ലാ കാര്യങ്ങളിലും 'ഇസ്തിഖാറത്ത്' -നല്ലതിനെ തേടൽ- ചെയ്യേണ്ട ക്രമം നബിﷺ ഞങ്ങൾക്ക് പഠിപ്പിച്ചുതന്നിരുന്നു. അവിടുന്ന് ഇങ്ങനെ പറഞ്ഞിരുന്നു: 'നിങ്ങളിൽ ഒരാൾ ഒരു കാര്യത്തിന് ഉദ്ദേശിച്ചാൽ അവൻ 'ഫർദ്' (നിർബന്ധ) നമസ്കാരമല്ലാത്ത രണ്ട് റക്അത്ത് നമസ്കരിച്ചുകൊള്ളട്ടെ. പിന്നീട് **اللّهم انى** . . . **استخيرك** എന്ന് (തുടങ്ങി അവസാനംവരെയുള്ള ദുആ) പറഞ്ഞുകൊള്ളുകയും ചെയ്യട്ടെ. അതോടുകൂടി അവന്റെ ആവശ്യം എടുത്തുപറയുകയും വേണം.' (ബു.) ഈ പ്രാർത്ഥന എല്ലാവരും പഠിക്കേണ്ടതും അർത്ഥം ഗ്രഹിച്ചിരിക്കേണ്ടതും ആവശ്യമാകുന്നു.

പ്രാർത്ഥനയുടെ അർത്ഥം:- 'അല്ലാഹുവേ, നിന്റെ അറിവ് നിമിത്തം ഞാൻ നിന്നോട് ഗുണത്തിനപേക്ഷിക്കുന്നു. നിന്റെ കഴിവ് നിമിത്തം ഞാൻ നിന്നോട് ചോദിക്കുന്നു. കാരണം, നിശ്ചയമായും നിനക്ക് കഴിവുണ്ട്. എനിക്ക് കഴിവില്ല; നിനക്കറിയാം, എനിക്കറിയുകയില്ല; നീ അദൃശ്യകാര്യങ്ങളെ നന്നായി അറിയുന്നവനാണല്ലോ. അല്ലാഹുവേ! (എന്റെ

ഉദ്ദേശ്യത്തിലിരിക്കുന്ന) ഇക്കാര്യം, എന്റെ മതത്തിലും, എന്റെ ജീവിതത്തിലും, എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും (ഭാവിയിലും) എനിക്ക് ഗുണകരമാണെന്ന് നീ അറിയുന്നുവെങ്കിൽ അത് എനിക്ക് നീ സാധിപ്പിച്ചുതരികയും, അതെനിക്ക് നിഷ്പ്രയാസമാക്കിത്തരുകയും ചെയ്യേണമേ! അനന്തരം അതിൽ എനിക്ക് 'ബർക്കത്തും' (അഭിവൃദ്ധിയും) നൽകേണമേ! അല്ലാഹുവേ! ഇക്കാര്യം എന്റെ മതത്തിലും, എന്റെ ജീവിതത്തിലും, എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും എനിക്ക് ദോഷകരമാണെന്ന് നീ അറിയുന്നുവെങ്കിൽ അത് എന്നിൽ നിന്ന് തിരിച്ചുവിടേണമേ! എന്നെ അതിൽനിന്നും തിരിച്ചുതരേണമേ! നന്മ സ്ഥിതി ചെയ്യുന്നത് എവിടെയായിരുന്നാലും നീ അതെനിക്ക് നിശ്ചയിച്ചുതരുകയും, പിന്നീട് എനിക്കതിൽ തൃപ്തി വരുത്തിത്തരുകയും വേണമേ!'

ഈ പ്രാർത്ഥനയിൽ 'എന്റെ ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും' (ومعاشي وعاقبة امرى) എന്നതിന്റെ സ്ഥാനത്ത് 'എന്റെ കാര്യത്തിന്റെ താൽക്കാലികാവസ്ഥയിലും, ഭാവിയിലും' (في عاجل امرى واجله) എന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. പ്രാർത്ഥിക്കുന്നവന്റെ യുക്തം പോലെ രണ്ടിലൊന്ന് ഉപയോഗിക്കാവുന്നതാണ്.

وَرَبُّكَ يَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا يُعْلِنُونَ ﴿٦٩﴾

﴾69﴿ നിന്റെ രക്ഷിതാവ് അവരുടെ നെഞ്ചുകൾ [ഹൃദയങ്ങൾ] ഗോപ്യമാക്കിവെക്കുന്നതും, അവർ പരസ്യമാക്കുന്നതും അറിയുന്നതാണ്.

وَهُوَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ لَهُ ٱلْحَمْدُ فِى ٱلْأُولَىٰ وَٱلْءَاخِرَةِ ۖ وَلَهُ ٱلْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٧٠﴾

﴾70﴿ അവനത്രെ അല്ലാഹു; അവനല്ലാതെ ആരാധ്യനേയില്ല. ആദ്യലോകത്തും, അവസാനലോകത്തും [ഇഹത്തിലും, പരത്തിലും] സ്തുതികീർത്തനം അവന്നാകുന്നു. അവന്ന് തന്നെയാണ് വിധികർതൃത്വവും; അവങ്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

﴾69﴿ وَرَبُّكَ നിന്റെ രക്ഷിതാവ്, റബ്ബ് يَعْلَمُ അറിയുന്നതാണ് مَاتُكِنُّ ഗോപ്യമാക്കുന്നത്, ഒളിച്ചുവെക്കുന്നത് صُدُورُهُمْ അവരുടെ നെഞ്ചുകൾ (ഹൃദയങ്ങൾ) وَمَايُعْلِنُونَ അവർ പരസ്യമാക്കുന്നതും, വെളിവാക്കുന്നതും ﴾70﴿ وَهُوَ അവനത്രെ, അവനാണ് اللهُ അല്ലാഹു لاإِلَٰهَ ഒരു ഇലാഹുമില്ല إِلاهُوَ അവനല്ലാതെ لَهُ അവന്നാണ് الْحَمْدُ സ്തുതികീർത്തനം, പുകഴ്ച്ച فِيالأُولَىٰ ആദ്യത്തേതിൽ (ഇഹത്തിൽ) وَالآخِرَةِ അവസാനത്തേതിലും (പരത്തിലും) وَلَهُ അവന്ന് തന്നെയാണ് الْحُكْمُ വിധി കർതൃത്വം, അധികാരം وَإِلَيْهِ അവങ്കലേക്ക് തന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു

ഈ വചനത്തിൽ പ്രസ്താവിച്ച നാല് യാഥാർത്ഥ്യങ്ങൾക്ക് ആസ്പദങ്ങളായ ചില ഉദാഹരണങ്ങൾ തുടർന്നുള്ള വചനങ്ങളിൽ കാണാം:-

قُلْ أَرَءَيْتُمْ إِن جَعَلَ ٱللَّهُ عَلَيْكُمُ ٱلَّيْلَ سَرْمَدًا إِلَىٰ يَوْمِ ٱلْقِيَـٰمَةِ مَنْ إِلَـٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِضِيَآءٍ ۖ أَفَلَا تَسْمَعُونَ ﴿٧١﴾

《71》 (നബിയേ) പറയുക: 'നിങ്ങൾ കണ്ടുവോ [മനസ്സിലാക്കിയിട്ടുണ്ടോ]? ക്വിയാമത്ത് നാൾ വരെ സദാസമയത്തും നിങ്ങളുടെ മേൽ അല്ലാഹു രാത്രി (തന്നെ) ആക്കുകയാണെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു ഇലാഹാണ് നിങ്ങൾക്ക് ഒരു വെളിച്ചം കൊണ്ടുവന്നുതരുക?! എന്നിരിക്കേ, നിങ്ങൾ കേട്ടറിയുന്നില്ലേ?!'

قُلْ أَرَءَيْتُمْ إِن جَعَلَ ٱللَّهُ عَلَيْكُمُ ٱلنَّهَارَ سَرْمَدًا إِلَىٰ يَوْمِ ٱلْقِيَـٰمَةِ مَنْ إِلَـٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِلَيْلٍ تَسْكُنُونَ فِيهِ ۖ أَفَلَا تُبْصِرُونَ ﴿٧٢﴾

《72》 പറയുക: 'നിങ്ങൾ കണ്ടുവോ [മനസ്സിലാക്കുന്നുവോ]? ക്വിയാമത്ത്നാൾ വരെ സദാസമയത്തും നിങ്ങളുടെ മേൽ അല്ലാഹു പകൽ (തന്നെ) ആക്കുകയാണെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു ഇലാഹാണ് നിങ്ങൾക്ക് ശാന്തമായിരിക്കാവുന്ന ഒരു രാത്രി നിങ്ങൾക്ക് കൊണ്ടുവന്നുതരിക?! എന്നിരിക്കെ, നിങ്ങൾ കണ്ടറിയുന്നില്ലേ?!'

وَمِن رَّحْمَتِهِۦ جَعَلَ لَكُمُ ٱلَّيْلَ وَٱلنَّهَارَ لِتَسْكُنُوا۟ فِيهِ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿٧٣﴾

《73》 അവന്റെ കാരുണ്യത്താലത്രെ അവൻ നിങ്ങൾക്ക് രാവും പകലും ഉണ്ടാക്കിത്തന്നിരിക്കുന്നത്; നിങ്ങൾക്കതിൽ ശാന്തമായിരിക്കുവാനും, അവന്റെ അനുഗ്രഹത്തിൽ നിന്ന് (ജീവിതമാർഗം) അന്വേഷിച്ചുണ്ടാക്കുവാനും വേണ്ടി. (മാത്രമല്ല) നിങ്ങൾ നന്ദിചെയ്യുവാൻ വേണ്ടിയും

《71》 قُلْ നീ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ إِنْ جَعَلَ اللهُ അല്ലാഹു ആക്കിയാൽ

عَلَيْكُمُ നിങ്ങളുടെമേൽ, നിങ്ങളിൽ اللَّيْلَ രാത്രിയെ سَرْمَدًا സദാസമയത്തും, നിത്യ മായും إِلَىٰ يَوْمِ الْقِيَامَةِ ഖിയാമത്ത്നാൾവരെ مَنْ إِلَٰهٌ ഏതൊരു ഇലാഹാണ് غَيْرُ اللَّهِ അല്ലാഹു അല്ലാത്ത يَأْتِيكُم നിങ്ങൾക്ക് കൊണ്ടുവരുന്നത് بِضِيَاءٍ ഒരു വെളിച്ചം, പ്രഭ أَفَلَا تَسْمَعُونَ എന്നിരിക്കെ നിങ്ങൾ കേൾക്കുന്നില്ലേ ﴾72﴿ قُلْ നീ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ إِنْ جَعَلَ اللَّهُ അല്ലാഹു ആക്കിയാൽ عَلَيْكُمُ നിങ്ങളുടെ മേൽ النَّهَارَ പകലിനെ سَرْمَدًا സദാ സമയത്തും, നിത്യം إِلَىٰ يَوْمِ الْقِيَامَةِ ഖിയാമത്ത്നാൾവരെ مَنْ إِلَٰهٌ ഏതൊരു ഇലാഹാണ് غَيْرُ اللَّهِ അല്ലാഹു അല്ലാത്ത يَأْتِيكُم നിങ്ങൾക്ക് കൊണ്ടുവരിക بِلَيْلٍ ഒരു രാത്രിയെ تَسْكُنُونَ നിങ്ങൾ ശാന്തമായിരിക്കും, അടങ്ങിയിരിക്കാവുന്ന فِيهِ അതിൽ أَفَلَا تُبْصِرُونَ അപ്പോൾ നിങ്ങൾ കാണുന്നില്ലേ ﴾73﴿ وَمِن رَّحْمَتِهِ അവന്റെ കാരുണ്യത്താലാണ് جَعَلَ അവൻ ഉണ്ടാക്കിയത്, ഏർപ്പെടുത്തിയത് لَكُمُ നിങ്ങൾക്ക് اللَّيْلَ രാത്രി وَالنَّهَارَ പകലും لِتَسْكُنُوا നിങ്ങൾ ശാന്തമായിരിക്കുവാൻ, അടങ്ങിയിരിക്കുവാൻ فِيهِ അതിൽ وَلِتَبْتَغُوا നിങ്ങൾ അന്വേഷിക്കുവാനും, തേടുവാനും مِن فَضْلِهِ അവന്റെ അനുഗ്രഹത്തിൽ നിന്ന് وَلَعَلَّكُمْ تَشْكُرُونَ നിങ്ങൾ നന്ദി ചെയ്യാനും

അൽപമൊന്ന് ചിന്തിച്ചുനോക്കുക! മുഴുവൻ സമയത്തും ഭൂലോകമാകെ രാത്രിയായിരുന്നുവെങ്കിൽ, അല്ലെങ്കിൽ മുഴുവൻ സമയവും പകലായിരുന്നുവെങ്കിൽ എന്തായിരിക്കും അവസ്ഥ?! പകൽവെളിച്ചത്തിൽ വിവിധ രംഗങ്ങളിൽ വ്യാപരിച്ചും, അത്യദ്ധ്വാനം ചെയ്തും പോരുന്ന മനുഷ്യന് സ്വൈര്യപൂർവ്വം വിശ്രമംകൊള്ളുവാൻ ഉതകുന്ന- അല്ല, അതിന് നിർബന്ധിതനാകുന്ന -രാത്രിയും, ശാന്തമായ വിശ്രമത്തിന്ശേഷം തിരിച്ചുകിട്ടിയ ഉണർവ്വും, ഉന്മേഷവും ഉപയോഗപ്പെടുത്തിക്കൊണ്ട് ആയിരമായിരം കാര്യങ്ങളിൽ വിഹരിക്കേണ്ടതിന് അനിവാര്യമായ പകലും മാറിമാറി ലഭിക്കാത്ത ഒരു ഭൂലോകത്തെപ്പറ്റി സങ്കൽപിച്ചുനോക്കുക! മനുഷ്യനെന്നുവേണ്ടാ, ഇതരജീവികൾക്ക് പോലും ഇവിടെ ജീവിക്കുവാൻ സാദ്ധ്യമാകുമോ? ഒരിക്കലുമില്ല! ഈ ഒരേ ഒരു അനുഗ്രഹത്തിന്റെ പേരിൽ മാത്രം രാവും പകലും മനുഷ്യൻ അല്ലാഹുവിനെ സ്തുതിക്കുവാനും അവനോട് നന്ദിയുള്ളവനായിരിക്കുവാനും കടപ്പെട്ടവനത്രെ.

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَاءِيَ الَّذِينَ كُنتُمْ تَزْعُمُونَ ﴿٧٤﴾

﴾74﴿ അവൻ [അല്ലാഹു] അവരെ വിളിപ്പിച്ചു 'നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്ന എന്റെ പങ്കുകാർ എവിടെ?' എന്ന് ചോദിക്കുന്ന ദിവസം (ഓർക്കുക)!

وَنَزَعْنَا مِن كُلِّ أُمَّةٍ شَهِيدًا فَقُلْنَا هَاتُوا بُرْهَانَكُمْ فَعَلِمُوا أَنَّ الْحَقَّ لِلَّهِ

﴾75﴿ എല്ലാ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം പുറത്തു കൊണ്ടുവരുന്നതാണ്; എന്നിട്ട് നാം പറയും: 'നിങ്ങളുടെ തെളിവ് കൊണ്ടുവരുവിൻ' എന്ന്! അപ്പോൾ അവർക്കറിയാം, ന്യായം അല്ലാഹുവിനാണ് ഉള്ളതെന്ന്.

وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٧٥﴾

അവർ കെട്ടിച്ചമച്ചുകൊണ്ടിരുന്നത് (മുഴുക്കെ) അവരെ വിട്ടുമാറി (മറഞ്ഞു) പോകുന്നതുമാണ്.

《74》 وَيَوْمَ يُنَادِيهِمْ അവൻ അവരെ വിളിക്കുന്ന ദിവസം فَيَقُولُ എന്നിട്ട് പറയുകയും أَيْنَ
شُرَكَآءِيَ എന്റെ പങ്കുകാർ الَّذِينَ യാതൊരു കൂട്ടരായ كُنتُمْ تَزْعُمُونَ എവിടെയാണ്
നിങ്ങൾ ജൽപിച്ചുവന്നിരുന്നു, വാദിച്ചിരുന്നു, ധരിച്ചിരുന്നു 《75》 وَنَزَعْنَا നാം പുറത്തു
കൊണ്ടുവരുന്നതാണ്, നീക്കിയെടുക്കും مِن كُلِّ أُمَّةٍ എല്ലാ സമുദായത്തിൽനിന്നും شَهِيدًا ഒരു
സാക്ഷിയെ فَقُلْنَا എന്നിട്ട് നാം പറയും هَاتُوا നിങ്ങൾ കൊണ്ടുവരുവിൻ بُرْهَانَكُمْ
നിങ്ങളുടെ തെളിവ് فَعَلِمُوا അപ്പോൾ അവർ അറിയുന്നതാണ് أَنَّ الْحَقَّ നിശ്ചയമായും ന്യായം
لِلَّهِ അല്ലാഹുവിനാണ് (എന്ന്) وَضَلَّ വഴി മാറിപ്പോകയും ചെയ്യും, മറഞ്ഞുപോകും, തെറ്റി
പ്പോകും عَنْهُم അവരെവിട്ട്, അവരിൽനിന്ന് مَا كَانُوا അവരായിരുന്നത് يَفْتَرُونَ കെട്ടിച്ചമ
ച്ചിരുന്ന, കളവ് കെട്ടിയിരുന്ന

ഓരോ സമുദായത്തിലേക്കും നിയോഗിക്കപ്പെട്ട പ്രവാചകൻമാരാണ് ഇവിടെ സാക്ഷി കൊണ്ടുദ്ദേശ്യം. ഓരോ സമുദായവും അവരവരുടെ പ്രബോധനത്തിൽ എന്ത് നില കൈക്കൊണ്ടുവെന്ന് അവരുടെ മുമ്പാകെ വെച്ച് തെളിവ് കൊടുക്കുന്നതിനാണ് അവരെ സാക്ഷികളായി കൊണ്ടുവരുന്നത്. അല്ലാഹു എല്ലാം അറിയുന്നവനാണെങ്കിലും, അവന്റെ നീതിന്യായപാലനം അവരെ ബോദ്ധ്യപ്പെടുത്തുവാനായിട്ടത്രെ സാക്ഷികളും, തെളിവുകളും ഹാജരാക്കപ്പെടുന്നത്. തങ്ങളുടെ നിലപാട് ന്യായീകരിക്കുവാനുള്ള തെളിവുകൾ സമർപ്പിക്കുവാൻ അല്ലാഹു അവിശ്വാസികളെ ആഹ്വാനം ചെയ്യുമെങ്കിലും അവർക്കുണ്ടോ അതിന്ന് സാദ്ധ്യമാകുന്നു?! അപ്പോൾ ഏക ഇലാഹായിരിക്കുവാനുള്ള അവകാശവും, അർഹതയും എല്ലാം തന്നെ അല്ലാഹുവിന്നാണുള്ളതെന്ന് അവർക്ക് തികച്ചും ബോദ്ധ്യപ്പെടും.

സമ്പൽസമൃദ്ധിയും, സുഖസൗകര്യങ്ങളും വാസ്തവത്തിൽ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹമാണ്. പക്ഷേ, അവ ദുരുപയോഗപ്പെടുത്തുന്ന പക്ഷം, അവ മനുഷ്യനെ ഉൻമത്തനും ധിക്കാരിയുമാക്കിത്തീർക്കുന്നു. അങ്ങനെ, അവൻ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് അവകാശിയാകുകയും ചെയ്യുന്നു. ഇങ്ങനെ അല്ലാഹുവിന്റെ ശാപകോപത്തിന് ഇരയായ ഒരു മുഴുത്ത ധിക്കാരിയായിരുന്നു ഖാറൂൻ. അവന്റെ കഥയാണ് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നത്:-

വിഭാഗം - 8

۞ إِنَّ قَٰرُونَ كَانَ مِن قَوْمِ

《76》 നിശ്ചയമായും, ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനാനായിരുന്നു.

مُوسَىٰ فَبَغَىٰ عَلَيْهِمْ ۖ وَءَاتَيْنَٰهُ مِنَ
ٱلْكُنُوزِ مَآ إِنَّ مَفَاتِحَهُۥ لَتَنُوٓأُ
بِٱلْعُصْبَةِ أُو۟لِى ٱلْقُوَّةِ إِذْ قَالَ لَهُۥ
قَوْمُهُۥ لَا تَفْرَحْ ۖ إِنَّ ٱللَّهَ لَا يُحِبُّ
ٱلْفَرِحِينَ ﴿٧٦﴾

എന്നിട്ട് അവൻ അവരുടെ മേൽ ധിക്കാരം കാണിച്ചു. അവന്റെ താക്കോലുകൾ തന്നെ, ശക്തന്മാരായ ഒരു സംഘത്തിന് (പേറാൻ കഴിയാത്ത) ഭാരമായിരിക്കത്തക്കവണ്ണം നിക്ഷേപങ്ങളെ നാം അവന് നൽകുകയും ചെയ്തിരിക്കുന്നു. അങ്ങനെയിരിക്കെ, അവന്റെ ജനങ്ങൾ അവനോട് പറഞ്ഞു; 'നീ പുളകം കൊള്ളേണ്ടാ- നിശ്ചയമായും പുളകം കൊള്ളുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല!

وَٱبْتَغِ فِيمَآ ءَاتَىٰكَ ٱللَّهُ ٱلدَّارَ
ٱلْءَاخِرَةَ ۖ وَلَا تَنسَ نَصِيبَكَ
مِنَ ٱلدُّنْيَا ۖ وَأَحْسِن كَمَآ
أَحْسَنَ ٱللَّهُ إِلَيْكَ ۖ وَلَا تَبْغِ ٱلْفَسَادَ
فِى ٱلْأَرْضِ ۖ إِنَّ ٱللَّهَ لَا يُحِبُّ
ٱلْمُفْسِدِينَ ﴿٧٧﴾

《77》 'അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിൽ നീ പരലോക (ഗുണ)ത്തെ തേടിക്കൊള്ളുക; ഇഹത്തിൽനിന്നുമുള്ള നിന്റെ പങ്ക് നീ വിസ്മരിക്കുകയും വേണ്ട! നിനക്ക് അല്ലാഹു നന്മ ചെയ്തുതന്ന പ്രകാരം നീയും നന്മ ചെയ്യുക; നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. നിശ്ചയമായും, കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'

《76》 إِنَّ قَارُونَ നിശ്ചയമായും ക്വാറൂൻ كَانَ അവനായിരുന്നു مِنْ قَوْمِ مُوسَى മൂസായുടെ ജനതയിൽ പെട്ട(വൻ) فَبَغَى എന്നിട്ടവൻ ധിക്കാരം കാണിച്ചു عَلَيْهِمْ അവരുടെമേൽ وَآتَيْنَاهُ നാം അവന് കൊടുക്കയും ചെയ്തിരുന്നു مِنَ الْكُنُوزِ നിക്ഷേപങ്ങളിൽ (നിധികളിൽ, ഭണ്ഡാരങ്ങളിൽ) നിന്ന് مَا യാതൊന്ന് إِنَّ مَفَاتِحَهُ നിശ്ചയമായും അതിന്റെ താക്കോലുകൾ لَتَنُوءُ അത് (പേറാൻ കഴിയാത്ത) ഭാരമായിരുന്നു بِالْعُصْبَةِ ഒരു സംഘത്തിന്, കൂട്ടത്തിന് أُولِي الْقُوَّةِ ശക്തൻമാരായ إِذْ അങ്ങനെയിരിക്കെ, അപ്പോൾ قَالَ لَهُ അവനോട് പറഞ്ഞു قَوْمُهُ അവന്റെ ജനങ്ങൾ لَا تَفْرَحْ നീ പുളകം കൊള്ളേണ്ട, ആഹ്ളാദിക്കരുത് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ അവൻ ഇഷ്ടപ്പെടുകയില്ല الْفَرِحِينَ പുളകം (ആഹ്ലാദം) കൊള്ളുന്നവരെ 《77》 وَابْتَغِ നീ തേടുക, അന്വേഷിക്കുക فِيمَا آتَاكَ നിനക്ക് നൽകിയിട്ടുള്ളതിൽ اللَّهُ അല്ലാഹു الدَّارَ الْآخِرَةَ പരലോകത്തെ, പരലോകഭവനം وَلَا تَنْسَ നീ വിസ്മരിക്കുകയും വേണ്ട نَصِيبَكَ

كَمَا أَحْسَنَ اللَّهُ നിന്റെ പങ്ക്, ഓഹരി مِنَ الدُّنْيَا ഇഹത്തിൽനിന്ന് وَأَحْسِنْ നീയും നന്മ ചെയ്യുക
അല്ലാഹു നന്മ ചെയ്തതുപോലെ إِلَيْكَ നിനക്ക് وَلَا تَبْغِ നീ മുതിരരുത്, തേടരുത്, ശ്രമം
നടത്തരുത് الْفَسَادَ കുഴപ്പത്തിന്, നാശത്തിന് فِي الْأَرْضِ ഭൂമിയിൽ, (നാട്ടിൽ) إِنَّ اللَّهَ നിശ്ചയ
മായും അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുകയില്ല الْمُفْسِدِينَ കുഴപ്പമുണ്ടാക്കുന്നവരെ

قَالَ إِنَّمَآ أُوتِيتُهُۥ عَلَىٰ عِلْمٍ عِندِىٓ ۚ أَوَلَمْ يَعْلَمْ أَنَّ ٱللَّهَ قَدْ أَهْلَكَ مِن قَبْلِهِۦ مِنَ ٱلْقُرُونِ مَنْ هُوَ أَشَدُّ مِنْهُ قُوَّةً وَأَكْثَرُ جَمْعًا ۚ وَلَا يُسْـَٔلُ عَن ذُنُوبِهِمُ ٱلْمُجْرِمُونَ ﴿٧٨﴾

﴿78﴾ അവൻ പറഞ്ഞു: 'എന്റെ അടുക്കൽ (തക്ക) അറിവുള്ളതിന്റെ പേരിൽ തന്നെയാണ് എനിക്കിത് നൽകപ്പെട്ടിരിക്കുന്നത്.'

അവന്റെ മുമ്പ് അവനെക്കാൾ കടുത്ത ശക്തിയുള്ളവരും കൂടുതൽ സംഘബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിക്കുകയുണ്ടായിട്ടുണ്ടെന്നത് അവൻ അറിഞ്ഞിട്ടില്ലേ?!

കുറ്റവാളികളോട് തങ്ങളുടെ പാപങ്ങളെക്കുറിച്ച് ചോദിക്കപ്പെടുകയില്ല.

﴿78﴾ قَالَ അവൻപറഞ്ഞു إِنَّمَا أُوتِيتُهُ നിശ്ചയമായും എനിക്കത് നൽകപ്പെട്ടിരിക്കുന്നു عَلَىٰ عِلْمٍ
അറിവിന്റെ പേരിൽ, അറിവുള്ളതോടെത്തന്നെ عِندِي എന്റെ പക്കൽ أَوَلَمْ يَعْلَمْ അവൻ അറി
ഞ്ഞിട്ടില്ലേ أَنَّ اللَّهَ നിശ്ചയമായും അല്ലാഹു قَدْ أَهْلَكَ നശിപ്പിച്ചിട്ടുണ്ടെന്ന് مِن قَبْلِهِ അവന്റെ മുമ്പ്
مِنَ الْقُرُونِ തലമുറകളിൽ നിന്ന് مَنْ هُوَ أَشَدُّ കൂടുതൽ കടുത്തവരെ مِنْهُ അവനെക്കാൾ قُوَّةً
ശക്തി, ശക്തിയാൽ وَأَكْثَرُ കൂടുതൽ അധികമുള്ളവരും جَمْعًا സംഘം, കൂട്ടം وَلَا يُسْأَلُ ചോദി
ക്കപ്പെടുകയില്ല عَن ذُنُوبِهِمُ തങ്ങളുടെ പാപങ്ങളെപ്പറ്റി الْمُجْرِمُونَ കുറ്റവാളികളോട്, മഹാ
പാപികളോട്

ഖാറൂനെക്കുറിച്ച് ഈ ആയത്തുകളിലും, തുടർന്നുള്ള ചില ആയത്തുകളിലും പ്രസ്താവിച്ചതല്ലാതെ ഖുർആനിൽ അധിക വിവരങ്ങളൊന്നും പ്രസ്താവിച്ചിട്ടില്ല. 76-ാം വചനത്തിൽ ഖാറൂൻ മൂസാ നബി (അ)യുടെ ജനങ്ങളിൽ പെട്ടവനായിരുന്നുവെന്ന് പറഞ്ഞിട്ടുള്ളതിൽനിന്നും മറ്റ് ചില പ്രസ്താവനകളിൽ നിന്നുമായി അവൻ ഇസ്റാഈൽ വിഭാഗത്തിൽപെട്ടവനായിരുന്നുവെന്ന് അനുമാനിക്കാം. അടുത്ത സൂറ: 39 ൽ وَقَارُونَ وَفِرْعَوْنَ وَهَامَانَ (ഖാറൂനെയും, ഫിർഔനെയും, ഹാമാനെയും (ഓർക്കുക) എന്ന് പ്രസ്താവിക്കുന്നുണ്ട്. മൂസാ നബി (അ)യുടെ കടുത്ത ശത്രുക്കളിൽ ഒരു പ്രധാനിയായിരുന്നു അവൻ എന്നാണ് ഈ

മൂന്ന് പേരെയും ഒന്നിച്ച് പറഞ്ഞതിൽനിന്ന് മനസ്സിലാക്കേണ്ടത്. അവൻ മൂസാ (അ)ന്റെ പിതൃവ്യപുത്രനായിരുന്നുവെന്നും, ആദ്യം അദ്ദേഹത്തെ പിൻപറ്റിയിരുന്നുവെന്നും, പിന്നീട് സമ്പത്തും, ആഢംബരശേഷിയും വർദ്ധിച്ചതോടെ അസൂയയും ധിക്കാരവും മുഴുത്തു കപടവിശ്വാസിയും ശത്രുവുമായിത്തീർന്നുവെന്നും പല മുഫസ്സിറുകളും പ്രസ്താവിച്ചു കാണാം. ഈ പ്രസ്താവനകൾ മിക്കവാറും ശരിയായിരിക്കുമെന്നാണ് 76-ാം വചനത്തിൽനിന്നും മനസ്സിലാകുന്നത്.

ബൈബ്ളിൽ ക്വാറൂന്റെ കഥ ഏറെക്കുറെ വിവരിച്ചിട്ടുണ്ട്. അതിൽ ചില ഭാഗം ക്വുർആന്റെ പ്രസ്താവനക്ക് എതിരില്ലാത്തതാണ്. കോരഹ് എന്ന പേരിലാണ് അതിൽ ക്വാറൂനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. അതിൽ ഇങ്ങനെ കാണാം: 'എന്നാൽ ലേവിയുടെ മകനായ കെഹാത്തിന്റെ മകൻ യിസ്ഹാറിന്റെ മകൻ കോരഹ്, *(*)* .....ദാഥാൻ, അബീരാം..... ഓൻ എന്നിവർ യിസ്റായേൽ മക്കളിൽ സദാ പ്രമാണികളും സംഘസദസ്യൻമാരും പ്രമാണികളുമായ ഇരുന്നൂറ്റിഅമ്പത് പുരുഷന്മാരെ കൂട്ടി മോശെയോടുമത്സരിച്ചു. അവൻ മോശെക്കും അഹറോന്നും വിരോധമായി കൂട്ടംകൂടി അവരോട്: മതി, മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധൻമാരാകുന്നു; യഹോവ (ദൈവം) അവരുടെ മദ്ധ്യ ഉണ്ട്. പിന്നെ നിങ്ങൾ യഹോവയുടെ സഭക്കുമീതെ നിങ്ങളെത്തന്നെ ഉയർത്തുന്നതെന്താണ്? എന്ന് പറഞ്ഞു.........' (സംഖ്യാ പുസ്തകം, അദ്ധ്യായം: 16.) മോശെ *(**)*യുടെ പിതാവായ അംറാം കഹാത്തി *(***)*ന്റെ മകനാണെന്നും ബൈബിൾ (പുറപ്പാട്, അ:6) പറയുന്നു. ബൈബ്ളിന്റെ ഈ പ്രസ്താവനകളും മേൽപറഞ്ഞതിനെ അനുകൂലിക്കുന്നവയാണ്. അസൂയയും, ധിക്കാരവും, നേതൃത്വമോഹവും കാരണമാണ് അവൻ മൂസാ നബി (അ)ക്കും, ഹാറൂൻ നബി (അ)ക്കും എതിരായി പുറപ്പെട്ടതെന്നാണ് ഈ പ്രസ്താവനയുടെ സാരം.

ക്വാറൂന്റെ ധനനിക്ഷേപങ്ങളുടെ താക്കോലുകൾപോലും ശക്തന്മാരായ ഒരു കൂട്ടം *(****)* ആളുകൾക്ക് ഞെരുങ്ങി എടുക്കുവാൻ മാത്രം ഉണ്ടായിരുന്നുവെന്ന് അല്ലാഹു പ്രസ്താവിച്ചതിൽനിന്ന് അവന്റെ ധനത്തിന്റെ ആധിക്യം മനസ്സിലാക്കാമല്ലോ. مَفَاتِح ('മഫാതിഹ്') എന്ന വാക്കിന് താക്കോലുകൾ എന്നർത്ഥം. താക്കോലല്ല ഇവിടെ ഉദ്ദേശ്യമെന്നും സ്വർണം, വെള്ളി, മുതലായവ സൂക്ഷിച്ചിട്ടുള്ള ഖജാനകൾ കുറെ ആളുകൾക്ക് വഹിക്കുവാൻ തക്കവണ്ണം വളരെയുണ്ടായിരുന്നുവെന്നാണുദ്ദേശ്യമെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അല്ലാഹുവിനറിയാം. രണ്ടായാലും അവന്റെ ധനാധിക്യത്തെയാണത് കുറിക്കുന്നത്. അവൻ അതിൽ അഹങ്കാരം കൊള്ളുകയും പുളകംകൊള്ളുകയും ചെയ്തു. മൂസാ (അ) മാത്രമല്ല, ജനങ്ങളും അവനെ ഉപദേശിച്ചുനോക്കി. അല്ലാഹു നിനക്ക് തന്നരുളിയ ഈ വമ്പിച്ച അനുഗ്രഹങ്ങൾ നിന്റെ പരലോകഗുണത്തിനും നല്ല കാര്യങ്ങൾക്കും വേണ്ടി നീ വിനിയോഗിക്കണം, അതേ സമയത്ത് ഭൗതികമായ നിന്റെ ആവശ്യങ്ങളും സുഖജീവിതവും നീ പാടെ ഉപേക്ഷിക്കേണ്ടതുമില്ല, പക്ഷേ, അതിന് ഒരതിരുണ്ടായിരിക്കണം, ധിക്കാരത്തിനും നാട്ടിൽ കുഴപ്പമുണ്ടാക്കാനും അത് കാരണമാകരുത്. ഈ നില തുടർന്നാൽ അല്ലാഹുവിന്റെ കോപത്തിന് നീ വിധേയനായേക്കും എന്നൊക്കെ അവർ ഉപദേശിച്ചു. ഇതൊന്നും അവൻ സ്വീകരിച്ചില്ലെന്ന്

(*)* بن قاهث (او يصهر) بن يصهب *(**)* قارون بن قاهث *(***)* موسى بن عمران بن قاهث *(***)* കെഹാത്ത്, കഹാത്ത് എന്നീ രണ്ട് പ്രയോഗങ്ങളും ഒരാളെക്കുറിച്ച് തന്നെയാണെന്ന് വേദപുസ്തകനിഘണ്ടുവിൽ കാണാം.

(****)* عُصْبَةٌ (ഉസ്ബത്) എന്ന വാക്ക് അൽപം ആളുകൾമാത്രം ഉൾക്കൊള്ളുന്ന സംഘത്തിനാണ് ഉപയോഗിക്കുകയെന്ന് സൂ: നൂറിൽവെച്ച് നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മാത്രമല്ല, തനിക്ക് വേണ്ടുന്ന അറിവും, ത്രാണിയും തനിക്കുതന്നെയുണ്ട്. അതുകൊണ്ട് തന്നെയാണ് ഇതെല്ലാം തനിക്ക് ലഭിച്ചതും. മറ്റുള്ളവരുടെ മാർഗദർശനമോ ഉപദേശമോ തനിക്കാവശ്യമില്ല, എന്നിങ്ങനെ പൊങ്ങച്ചം നടിക്കയാണ് അവൻ ചെയ്തത്.

പക്ഷേ, ക്വാറൂനെക്കാൾ വമ്പിച്ച ശക്തിയും സ്വാധീനവുമുള്ള എത്രയോ ആളുകൾ ഇത് പോലെ ധിക്കാരവും അനുസരണക്കേടും പ്രവർത്തിച്ചത് നിമിത്തം അല്ലാഹുവിന്റെ ശിക്ഷക്കും ശാപകോപത്തിനും പാത്രമായിത്തീർന്നിട്ടുണ്ടെന്ന വസ്തുത അവൻ ഓർത്തില്ല. ഫിർഔന്റെ ചരിത്രവും, അവനും സൈന്യങ്ങളും ഭൂമിയിൽവെച്ച് തന്നെ അനുഭവിച്ച ദൈവിക ശിക്ഷയും ക്വാറൂൻ ഇതിനകം കണ്ടുകഴിഞ്ഞതാണല്ലോ. അക്രമവും, ധിക്കാരവും അതിരുകവിയുമ്പോൾ അല്ലാഹു ഈ ലോകത്ത് വെച്ചുതന്നെ ചില നടപടികൾ എടുക്കുന്നു, പരലോകശിക്ഷ അതിന് പുറമെയും, അല്ലാഹു സർവ്വജ്ഞനും, സൂക്ഷ്മജ്ഞനുമാകകൊണ്ട് ശിക്ഷ നടത്തേണ്ടതിന് കുറ്റവാളികളെക്കുറിച്ച് അവന് ഒരന്വേഷണം നടത്തുകയോ അവരുടെ കുറ്റങ്ങളെക്കുറിച്ച് അവരോട് ചോദിച്ചറിയുകയോ ചെയ്യേണ്ടുന്ന ആവശ്യമില്ല. അത് പതിവുമില്ല

ക്വാറൂനെക്കുറിച്ച് പ്രസ്താവിച്ച ഈ വചനങ്ങളിൽനിന്ന് നമുക്ക് അവനെപ്പറ്റി ചുരുക്കത്തിൽ ഇത്രയും കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്:- അവൻ വളരെ വമ്പിച്ച ഒരു ധനികനായിരുന്നു: അതോട്കൂടി

(1) അവൻ ജനങ്ങളോട് വളരെ ധിക്കാരം പ്രവർത്തിച്ചിരുന്നു.

2) തനിക്ക് ലഭിച്ച സമ്പൽസമൃദ്ധിയിൽ അവൻ പുളകംകൊള്ളുകയും അഹങ്കരിക്കുകയും ചെയ്തിരുന്നു.

3) പരലോക കാര്യങ്ങളിൽ അവൻ ശ്രദ്ധ പതിപ്പിച്ചതേയില്ല. അവന്റെ ധനവും കഴിവും പരലോക ഗുണത്തിനായി വിനിയോഗിക്കാൻ ശ്രമിച്ചതുമില്ല.

4) മറ്റുള്ളവർക്ക് നന്മയും ഉപകാരവും ചെയ്തതുമില്ല.

5) നാട്ടിൽ പലതരം കുഴപ്പമുണ്ടാക്കുകയും ചെയ്തിരുന്നു.

6) തനിക്ക് ലഭിച്ച സമ്പത്തും, ഭാഗ്യവുമെല്ലാം തന്റെ യോഗ്യതകൊണ്ട് ലഭിച്ചതാണെന്നായിരുന്നു അവന്റെ വിചാരം.

7) തനിക്ക് മുമ്പ് തന്നെക്കാൾ വമ്പിച്ച ശക്തിയും പ്രതാപവും ഉണ്ടായിരുന്ന പലരും അല്ലാഹുവിനെ ധിക്കരിച്ചു ജീവിച്ചതുമൂലം, അവന്റെ ശിക്ഷക്ക് വിധേയരായിട്ടുണ്ടെന്ന പരമാർത്ഥം അവൻ വിസ്മരിച്ചു കളഞ്ഞു. അഥവാ താൻ അല്ലാഹുവിന്റെ ശിക്ഷാനടപടിക്ക് വിധേയനായേക്കാമെന്ന ബോധം അവന്നുണ്ടായില്ല.

8) സദുപദേശം നൽകിയവരുടെ ഉപദേശം സ്വീകരിക്കുവാൻ തയ്യാറില്ലെന്ന് മാത്രമല്ല, അവരോട് അഹങ്കാരപൂർവ്വം താൻ സ്വീകരിച്ച നിലപാടും തന്റെ പ്രവൃത്തിയും ന്യായീകരിക്കുകയാണ് ചെയ്തത്.

ഇതിനെല്ലാം പുറമെ അസൂയ, അധികാരപ്രമത്തത, നേതൃത്വമോഹം, ധനപരമായ കടമകളെ നിഷേധിക്കൽ എന്നിവയും അവന്റെ ദുഃസ്വഭാവങ്ങളിൽ പണ്ഡിതൻമാർ രേഖപ്പെടുത്തിക്കാണുന്നു. മൂസാ നബി (അ)യുടെ പേരിൽ ചില ആരോപണങ്ങൾ അവൻ നടത്തിയതായും ചിലർ പ്രസ്താവിക്കുന്നു. അല്ലാഹുവിനറിയാം. ഏതായാലും, കണക്കിലേറെ ധനവും, വേണ്ടത്ര സുഖസൗകര്യങ്ങളും ലഭിച്ചിട്ടുള്ളവരിൽ- അല്ലാഹു കാത്തുരക്ഷിച്ചവ

രിലൊഴികെ- പലപ്പോഴും കാണപ്പെടുന്ന സമ്പ്രദായങ്ങളാണിവ. ഇങ്ങനെയുള്ളവർക്ക് ഒരു പാഠമായിരിക്കുവാൻ വേണ്ടിതന്നെയാണ് ക്വാറൂന്റെ ചരിത്രവും, അവന്റെ പര്യവസാനവും അല്ലാഹു ക്വുർആനിൽ പ്രസ്താവിച്ചതും.

فَخَرَجَ عَلَىٰ قَوْمِهِۦ فِى زِينَتِهِۦ ۖ قَالَ ٱلَّذِينَ يُرِيدُونَ ٱلْحَيَوٰةَ ٱلدُّنْيَا يَـٰلَيْتَ لَنَا مِثْلَ مَآ أُوتِىَ قَـٰرُونُ إِنَّهُۥ لَذُو حَظٍّ عَظِيمٍ ﴿٧٩﴾

﴾79﴿ അങ്ങനെ, അവൻ തന്റെ ആഡംബരത്തിലായുംകൊണ്ട് തന്റെ ജനങ്ങളിൽ പ്രത്യക്ഷപ്പെട്ടു. (ഇതുകണ്ട്) ഐഹികജീവിതത്തെ ഉദ്ദേശിക്കുന്നവർ പറഞ്ഞു: 'ഹാ! ക്വാറൂന്ന് നൽകപ്പെട്ടത് പോലെ ഞങ്ങൾക്കുമുണ്ടായിരുന്നുവെങ്കിൽ നന്നായേനേ! നിശ്ചയമായും അവൻ ഒരു വമ്പിച്ച ഭാഗ്യവാൻ തന്നെയാണ്!'

وَقَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ وَيْلَكُمْ ثَوَابُ ٱللَّهِ خَيْرٌ لِّمَنْ ءَامَنَ وَعَمِلَ صَـٰلِحًا وَلَا يُلَقَّىٰهَآ إِلَّا ٱلصَّـٰبِرُونَ ﴿٨٠﴾

﴾80﴿ അറിവ് നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു: 'നിങ്ങളുടെ നാശം! വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെ (പക്കൽനിന്നുള്ള) പ്രതിഫലം കൂടുതൽ ഉത്തമമായിരിക്കും, സഹനശീലൻമാർക്കല്ലാതെ അത് (സാധിച്ചു) കിട്ടുന്നതുമല്ല'

﴾79﴿ فَخَرَجَ അങ്ങനെ അവൻ പ്രത്യക്ഷപ്പെട്ടു عَلَىٰ قَوْمِهِ തന്റെ ജനങ്ങളിൽ فِي زِينَتِهِ തന്റെ ആഡംബരത്തിൽ, അലങ്കാരത്തിൽ, മോടിയിൽ قَالَ പറഞ്ഞു الَّذِينَ يُرِيدُونَ ഉദ്ദേശിക്കുന്നവർ الْحَيَاةَ الدُّنْيَا ഐഹിക ജീവിതത്തെ يَا لَيْتَ ഹാ, ഉണ്ടായിരുന്നെങ്കിൽ നന്നായേനേ لَنَا ഞങ്ങൾക്ക് مِثْلَ مَا യാതൊന്ന് പോലെ أُوتِيَ قَارُونُ ക്വാറൂന്ന് നൽകപ്പെട്ട إِنَّهُ നിശ്ചയമായും അവൻ لَذُو حَظٍّ ഒരു ഭാഗ്യവാൻതന്നെ عَظِيمٍ വമ്പിച്ച ﴾80﴿ وَقَالَ പറഞ്ഞു الَّذِينَ أُوتُوا നൽകപ്പെട്ടവർ الْعِلْمَ അറിവ് وَيْلَكُمْ നിങ്ങളുടെ കഷ്ടം, നാശം ثَوَابُ اللَّهِ അല്ലാഹുവിന്റെ പ്രതിഫലം, കൂലി خَيْرٌ ഉത്തമമാണ് لِمَنْ യാതൊരു കൂട്ടർക്ക് آمَنَ വിശ്വസിച്ച وَعَمِلَ صَالِحًا സൽക്കർമം പ്രവർത്തിക്കയും ചെയ്ത وَلَا يُلَقَّاهَا അത് സാധിച്ചു കൊടുക്കപ്പെടുകയില്ല, കിട്ടുകയില്ല إِلَّا الصَّابِرُونَ ക്ഷമാലുക്കൾക്കല്ലാതെ, സഹനശീലൻമാർക്കല്ലാതെ

ക്വാറൂൻ തന്റെ ആർഭാടസാമഗ്രികൾ സഹിതം ആഡംബരപൂർവ്വം പുറത്ത് വരുന്നത്

കാണുമ്പോൾ കാണികളിൽ അതിന്റെ പ്രതിഫലം രണ്ട് തരത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ഒരു തരക്കാർ അതിൽ ആകൃഷ്ടരാകുന്നു. അവരെ സംബന്ധിച്ചിടത്തോളം ക്വാറൂൻ ഒരു മഹാഭാഗ്യവാനും അത്യുൽകൃഷ്ടനുമാണ്. ഹാ! തങ്ങൾക്കും അത് പോലെയുള്ള നിലപാട് ലഭിച്ചിരുന്നുവെങ്കിൽ നന്നായേനേ! എന്ന് അവർ വ്യാമോഹിക്കുന്നു. ഐഹിക സുഖവും, ഭൗതിക നേട്ടങ്ങളുമാണ് ജീവിതലക്ഷ്യമെന്ന് കരുതുന്നവരാണിവർ. മറ്റൊരുതരം ആളുകളാകട്ടെ, യാതൊരു നിലയും വിലയും അതിന് കൽപിക്കുന്നില്ല. അവരുടെ ദൃഷ്ടിയിൽ അതെല്ലാം നിസ്സാരമാണ്. അല്ലാഹുവിലും പരലോകത്തിലും വിശ്വസിച്ചുകൊണ്ട് പ്രസ്തുത കഴിവുകൾ യഥാവിധി വിനിയോഗിക്കുന്നപക്ഷം അതിനെക്കാൾ എത്രയോ ഉപരിയായ നേട്ടങ്ങൾ ലഭിക്കുവാനിരിക്കുന്നുണ്ടെന്നും, അല്ലാത്തപക്ഷം നശ്വരമായ ഈ നേട്ടങ്ങളെല്ലാം ഭാവിയിൽ ആപത്തായിട്ടാണ് കലാശിക്കുവാനിരിക്കുന്നതെന്നും, അതെല്ലാം കേവലം പരീക്ഷണം മാത്രമാണെന്നും അവർക്കറിയാം. ആകയാൽ അവർക്ക് അതിലൊന്നും യാതൊരു മതിപ്പും തോന്നുന്നില്ല. ഐഹികസുഖം ജീവിതാധാരമായി കരുതുന്ന ധനാഢ്യൻമാരിലും, അതേ ലക്ഷ്യംവെച്ചുകൊണ്ട് അതിനായി അയവിറക്കി കാലം കഴിച്ചുകൂട്ടുന്ന നിർധനൻമാരിലും സാധാരണ കാണപ്പെടാറുള്ള അവസ്ഥ തന്നെയാണിത്. അതെ, ക്വാറൂന്റെയും അനുയായികളുടെയും സ്വഭാവം. അവരുടെ അറിവിന്റെ ആകെത്തുകയും അത് തന്നെയായിരിക്കും. അല്ലാഹു നബിﷺയോട് പറയുന്നത് നോക്കുക:

فَأَعۡرِضۡ عَن مَّن تَوَلَّىٰ عَن ذِكۡرِنَا وَلَمۡ يُرِدۡ إِلَّا ٱلۡحَيَوٰةَ ٱلدُّنۡيَا ذَٰلِكَ مَبۡلَغُهُم مِّنَ ٱلۡعِلۡمِ - النجم

(നമ്മുടെ സ്മരണ വിട്ടുതിരിഞ്ഞുകളയുകയും, ഐഹികജീവിതത്തെയല്ലാതെ ഉദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നവരിൽനിന്ന് നീ ശ്രദ്ധ തിരിച്ചുകൊള്ളുക; അറിവിൽനിന്നുള്ള അവരുടെ ആകെത്തുകയത്രെ അത്.)

നബിﷺ പ്രസ്താവിച്ചതായി അബൂകബ്ശത്തൽ അൻമാരീ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിന്റെ അർദ്ധഭാഗം ഈ സന്ദർഭത്തിൽ ഓർമിക്കുന്നത് നന്നായിരിക്കും. അതിന്റെ സാരം ഇതാണ്: 'ഇഹലോകം നാല് കൂട്ടരുടേതുമാണ്. അഥവാ നാല് തരക്കാരെ അതിൽ കാണാം. ഒന്ന്: അല്ലാഹു ധനവും അറിവും നൽകിയിട്ടുള്ള മനുഷ്യൻ. അവൻ അത് മൂലം തന്റെ റബ്ബിനെ സൂക്ഷിക്കുകയും, അതിൽ അവന്റെ കുടുംബബന്ധം പാലിക്കുകയും ചെയ്യുന്നു. അതിൽ അല്ലാഹുവിന് ചില അവകാശങ്ങളുണ്ടെന്നും അവന്ന് അറിയാം. ഇങ്ങനെയുള്ളവൻ ഏറ്റവും ശ്രേഷ്ഠമായ പദവിയിലുള്ളവനത്രെ. വേറൊരുവൻ; അല്ലാഹു അവന്ന് അറിവ് നൽകിയിട്ടുണ്ട്, ധനം കൊടുത്തിട്ടില്ല; എന്നാലവൻ നല്ല വിചാരക്കാരനാണ്; എനിക്ക് കുറെ ധനമുണ്ടായിരുന്നുവെങ്കിൽ, ഇന്ന ആൾ (ആദ്യം പറഞ്ഞ തരത്തിലുള്ള ആൾ) പ്രവർത്തിക്കുന്നത് പോലെ എനിക്കും പ്രവർത്തിക്കാമായിരുന്നു എന്ന് അവൻ കരുതും. അതാണവന്റെ ഉദ്ദേശ്യം. അതിനാൽ, ഈ രണ്ടുപേരുടെയും പ്രതിഫലം ഒരുപോലെയായിരിക്കും. മറ്റൊരുവൻ: അവന്ന് അല്ലാഹു ധനം നൽകി, അറിവ് നൽകിയിട്ടില്ല; അങ്ങനെ അവൻ തന്റെ ധനത്തിൽ തപ്പിവീണു (അനിയന്ത്രിതമായി കൈകാര്യം ചെയ്തു)കൊണ്ടിരിക്കും; അതിലവൻ തന്റെ റബ്ബിനെ സൂക്ഷിക്കുകയും തന്റെ കുടുംബബന്ധം പാലിക്കുകയും ചെയ്കയില്ല; അതിൽ അല്ലാഹുവിന് അവകാശമുണ്ടെന്ന് അറിയുകയുമില്ല. അതിനാൽ ഇവനത്രെ ഏറ്റവും ദുഷിച്ച പദവിക്കാരൻ. ഇനിയൊരാൾ: ഇവന്ന് അല്ലാഹു ധനവും നൽകിയിട്ടില്ല, അറിവും നൽകിയിട്ടില്ല; എന്നിട്ട് ഇവൻ പറയും: എനിക്ക് കുറെ ധനമുണ്ടായിരുന്നുവെങ്കിൽ ഞാൻ ഇന്ന ആൾ (മൂന്നാമത്തെവൻ) പ്രവർത്തിക്കുന്നപ്രകാരം പ്രവർത്തിക്കുമായിരുന്നു എന്ന്. അതാണവന്റെ ഉദ്ദേശ്യം. അതിനാൽ ഈ രണ്ട് പേരുടെയും കുറ്റം ഒരുപോലെയാകുന്നു.' (തിർമദീ)

80-ാം ആയത്തിന്റെ അവസാനം 'സഹനശീലൻമാർക്കല്ലാതെ അത് സാധിച്ചുകിട്ടുകയില്ല' (وَلا يُلَقَّاهَا إِلا الصَّابِرُونَ) എന്ന് പറഞ്ഞ വാക്യം അറിവ് നൽകപ്പെട്ട ആ ജനങ്ങളുടെ പ്രസ്താവനയുടെ ഭാഗമായിരിക്കുവാനും, അല്ലാഹുവിന്റെ പ്രസ്താവനയായിരിക്കുവാനും സാധ്യതയുണ്ട്. ജനങ്ങളുടെ വാക്യമായിരിക്കുമ്പോൾ, അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലം ലഭിക്കുവാൻ സഹനശീലൻമാർക്കേ ഭാഗ്യം ലഭിക്കുകയുള്ളുവെന്ന് സാരം. അല്ലാഹുവിന്റെ വാക്യമായിരിക്കുമ്പോൾ, ഇങ്ങനെ പറയുവാനുള്ള മനഃസ്ഥിതിയും ഭാഗ്യവും സഹനശീലൻമാർക്കല്ലാതെ സിദ്ധിക്കുകയില്ല എന്നും സാരമായിരിക്കും.

فَخَسَفْنَا بِهِۦ وَبِدَارِهِ ٱلْأَرْضَ فَمَا كَانَ لَهُۥ مِن فِئَةٍ يَنصُرُونَهُۥ مِن دُونِ ٱللَّهِ وَمَا كَانَ مِنَ ٱلْمُنتَصِرِينَ ﴿٨١﴾

﴾81﴿ അങ്ങനെ, അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ, അല്ലാഹുവിനെക്കൂടാതെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല; അവൻ (സ്വയം) രക്ഷാനടപടിയെടുക്കുന്നവരിൽ പെട്ടവനുമായില്ല.

﴾81﴿ فَخَسَفْنَا بِهِ അങ്ങനെ നാം അവനെ ആഴ്ത്തി, വിഴുങ്ങിച്ചു وَبِدَارِهِ അവന്റെ ഭവനത്തെയും, വീടിനെയും الْأَرْضَ ഭൂമിയിൽ, ഭൂമിയെ(ക്കൊണ്ട്) فَمَا كَانَ അപ്പോൾ ഉണ്ടായില്ല لَهُ അവന്ന് مِنْ فِئَةٍ ഒരു കക്ഷിയും, കൂട്ടരും يَنْصُرُونَهُ അവനെ സഹായിക്കുന്ന, രക്ഷിക്കുന്ന مِنْ دُونِ اللَّهِ അല്ലാഹുവിനെ കൂടാതെ, പുറമെ وَمَا كَانَ അവൻ ആയതുമില്ല مِنَ الْمُنْتَصِرِينَ സ്വയരക്ഷ പ്രാപിക്കുന്നവരിൽ, രക്ഷാനടപടിയെടുക്കുന്നവരിൽ

ഇതായിരുന്നു ക്വാറൂന്റെ ജീവിതത്തിന്റെ അന്ത്യം. ക്വുർആൻ ആ സംഭവം ഒറ്റവാക്യത്തിൽ ചുരുക്കി പറഞ്ഞിരിക്കുകയാണ്. മൂസാ (അ) ക്വാറൂന്നും കൂട്ടുകാർക്കും നൽകിയ ചില മുന്നറിയിപ്പുകൾ ഉദ്ധരിച്ചുകൊണ്ട് ബൈബ്ൾ ഈ സംഭവത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞുകാണുന്നു: 'അവൻ ഈ വാക്കുകളെല്ലാം പറഞ്ഞുതീർന്നപ്പോൾ, അവരുടെ കീഴെ ഭൂമി പിളർന്നു. ഭൂമി വായ് തുറന്നു അവരെയും, അവരുടെ കുടുംബങ്ങളെയും കോരഹിനോട് ചേർന്നിട്ടുള്ള എല്ലാവരെയും അവരുടെ സർവ്വ സമ്പത്തിനെയും വിഴുങ്ങിക്കളഞ്ഞു. അവരും അവരോട് ചേർന്നിട്ടുള്ള എല്ലാവരും ജീവനോടെ പാതാളത്തിലേക്കിറങ്ങി; ഭൂമി അവരുടെ മേൽ അടയുകയും അവർ സഭയുടെ ഇടയിൽനിന്ന് നശിക്കയും ചെയ്തു.' (സംഖ്യ അ: 16) ചില ഗ്രന്ഥങ്ങളിൽ ഈ സംഭവത്തെക്കുറിച്ച് പല വിശദീകരണങ്ങളും കാണാവുന്നതാണ്. പക്ഷേ, ക്വുർആൻ പലപ്പോഴും ചെയ്യാറുള്ളത് പോലെ ഇവിടെയും കൂടുതലൊന്നും പ്രസ്താവിച്ചിട്ടില്ല. എന്നിരിക്കെ- ഇബ്നുകഥീർ (റ) പറഞ്ഞത് പോലെ- കേവലം 'ഇസ്റാഈലിയ്യാത്തു'കളായ ആ പ്രസ്താവനകളിൽ നാം ശ്രദ്ധ കൊടുക്കേണ്ടതില്ല. ക്വാറൂനെ മഹാ ഭാഗ്യവാനായി ഗണിച്ചിരുന്നവർക്ക് അവന്റെ സംഭവം കണ്ടപ്പോൾ ബോധം വീണു:

وَأَصْبَحَ ٱلَّذِينَ تَمَنَّوْاْ مَكَانَهُۥ بِٱلْأَمْسِ يَقُولُونَ وَيْكَأَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ ۖ لَوْلَآ أَن مَّنَّ ٱللَّهُ عَلَيْنَا لَخَسَفَ بِنَا ۖ وَيْكَأَنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ﴿٨٢﴾

《82》 ഇന്നലെ അവന്റെ സ്ഥാനത്തിന് കൊതിച്ചുകൊണ്ടിരുന്നവർ (ഇന്ന്) പുലർച്ചക്ക് പറയുകയായി: 'അഹോ! അല്ലാഹു അവന്റെ അടിയാൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം [ജീവിതവിഭവം] വിശാലപ്പെടുത്തിക്കൊടുക്കുകയും (താൻ ഉദ്ദേശിക്കുന്നവർക്ക്) കണക്കാക്കി [കുടുസ്സാക്കി] കൊടുക്കുകയും ചെയ്യുന്നതാണെന്ന് തോന്നുന്നു! നമ്മളിൽ അല്ലാഹു ദാക്ഷിണ്യം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ, നമ്മെയും അവൻ (ഭൂമിയിൽ) ആഴ്ത്തുമായിരുന്നു! 'അഹോ! കാര്യം, അവിശ്വാസികൾ ജയിക്കുകയില്ലെന്ന് തന്നെ തോന്നുന്നു!'

《82》 وَأَصْبَحَ രാവിലെ (പുലർച്ചക്ക്) ആയി الَّذِينَ تَمَنَّوْا കൊതിച്ചവർ, വ്യാമോഹിച്ചവർ مَكَانَهُ അവന്റെ സ്ഥാനം بِالْأَمْسِ ഇന്നലെ يَقُولُونَ അവർ പറയുക(യായി) وَيْ അഹോ, ഹാ (ആശ്ചര്യം തന്നെ) كَأَنَّ اللهَ അല്ലാഹു ആകുന്നപോലെയിരിക്കുന്നു (തോന്നുന്നു) يَبْسُطُ അവൻ വിശാലമാക്കും (എന്നപോലെ) الرِّزْقَ ഉപജീവനം, ആഹാരം, ജീവിതവിഭവം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِ തന്റെ അടിയാൻമാരിൽനിന്ന് وَيَقْدِرُ അവൻ കണക്കാക്കുകയും, (കുടുസ്സാക്കുകയും) ചെയ്യും لَوْلَا ഇല്ലായിരുന്നുവെങ്കിൽ أَنْ مَنَّ ദാക്ഷിണ്യം (നന്മ, അനുഗ്രഹം) ചെയ്യൽ اللهُ അല്ലാഹു عَلَيْنَا നമ്മുടെ മേൽ لَخَسَفَ بِنَا അവൻ നമ്മെ ആഴ്ത്തുമായിരുന്നു وَيْكَأَنَّهُ അഹോ കാര്യം ആയത് പോലെ ഇരിക്കുന്നു (തോന്നുന്നു) لَا يُفْلِحُ വിജയിക്കുകയില്ല, ഭാഗ്യം പ്രാപിക്കയില്ല (എന്നപോലെ) الْكَافِرُونَ അവിശ്വാസികൾ, നന്ദികെട്ടവർ

അതെ, ധനവും, സുഖസൗകര്യങ്ങളും മനുഷ്യന്റെ സാക്ഷാൽ ഭാഗ്യത്തെയോ, നന്മയെയോ, യോഗ്യതയെയോ നിർണയിക്കുന്ന ഒരു അളവ് കോലല്ല; ജീവിതത്തിലെ സുഖസൗകര്യങ്ങൾ അല്ലാഹു ചിലർക്ക് കൂടുതലായും, ചിലർക്ക് കുറവായും നൽകുന്നു; അതവന്റെ ഉദ്ദേശമനുസരിച്ച് നടക്കുന്നുവെന്നല്ലാതെ അതിനൊരു മാനദണ്ഡം നിശ്ചയിക്കുവാനോ, അതിൽ കൈകടത്തുവാനോ ആർക്കും സാദ്ധ്യമല്ല; അവന്റെ നിയമത്തിനും ഇഷ്ടത്തിനും എതിരായി അവ വിനിയോഗിക്കുവാൻ മനുഷ്യനവകാശമില്ല; അവൻ നൽകിയ വിഭവങ്ങൾ തന്നിഷ്ടപ്രകാരം വിനിയോഗിക്കുന്നത് അവനോടുള്ള നന്ദികേടും, അവനിൽ വിശ്വാസമില്ലായ്മയുമാണ്; ഇങ്ങനെയുള്ളവർ അവസാനം പരാജയത്തിലും നാശത്തിലും കലാശിക്കുകതന്നെ ചെയ്യും; എന്നൊക്കെ അവർക്ക് ബോധ്യമായി. ക്വാറൂന്റെ ധിക്കാരം കൂടുതൽ മുഴുത്തു കാണുകയുണ്ടായത് പരലോകവിഷയങ്ങളെക്കുറിച്ച് അവനെ ഉപദേശിച്ചപ്പോഴാണല്ലോ. എന്നാൽ പരലോകഗുണത്തിന് അർഹരായുള്ളവർ ആരായിരിക്കുമെന്ന്

അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

വിഭാഗം - 9

تِلْكَ ٱلدَّارُ ٱلْـَٔاخِرَةُ نَجْعَلُهَا لِلَّذِينَ لَا يُرِيدُونَ عُلُوًّا فِى ٱلْأَرْضِ وَلَا فَسَادًا ۚ وَٱلْعَـٰقِبَةُ لِلْمُتَّقِينَ ﴿٨٣﴾

﴿83﴾ ആ പരലോകഭവനം, ഭൂമിയിൽ ഔന്നത്യമാകട്ടെ, കുഴപ്പമാകട്ടെ ഉദ്ദേശിക്കാത്തവർക്കത്രെ നാം ഏർപ്പെടുത്തിക്കൊടുക്കുക. (ശുഭമായ) പര്യവസാനം ഭയഭക്തന്മാർക്കാകുന്നു.

مَن جَآءَ بِٱلْحَسَنَةِ فَلَهُۥ خَيْرٌ مِّنْهَا ۖ وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجْزَى ٱلَّذِينَ عَمِلُوا۟ ٱلسَّيِّـَٔاتِ إِلَّا مَا كَانُوا۟ يَعْمَلُونَ ﴿٨٤﴾

﴿84﴾ ആർ നന്മയും കൊണ്ടുവന്നുവോ അവന്ന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും; ആരെങ്കിലും തിന്മയും കൊണ്ടുവന്നാൽ, തിന്മകൾ പ്രവർത്തിച്ചവർക്ക് അവൻ പ്രവർത്തിച്ചിരുന്നതിനല്ലാതെ പ്രതിഫലം നൽകപ്പെടുന്നതുമല്ല.

﴿83﴾ تِلْكَ الدَّارُ ആ ഭവനം الآخِرَةُ പരലോകമാകുന്ന نَجْعَلُهَا നാം അതിനെ ഏർപ്പെടുത്തുന്നു, ആക്കുന്നു لِلَّذِينَ യാതൊരു കൂട്ടർക്ക് لا يُرِيدُونَ ഉദ്ദേശിക്കാത്ത عُلُوًّا മേൻമ, ഔന്നത്യം فِي الأَرْضِ ഭൂമിയിൽ, നാട്ടിൽ وَلا فَسَادًا കുഴപ്പത്തെയും തന്നെ وَالْعَاقِبَةُ പര്യവസാനം (അന്ത്യഗുണം) لِلْمُتَّقِينَ ഭയഭക്തൻമാർക്കാണ്, സൂക്ഷ്മതയുള്ളവർക്കാണ് ﴿84﴾ مَنْ جَاءَ ആർ വന്നുവോ, ആരെങ്കിലും വന്നാൽ بِالْحَسَنَةِ നന്മ (സൽക്കാര്യം)കൊണ്ട് فَلَهُ എന്നാലവന്നുണ്ട് خَيْرٌ ഉത്തമമായത്, കൂടുതൽ നല്ലത് مِنْهَا അതിനെക്കാൾ وَمَنْ جَاءَ ആരെങ്കിലും വന്നാൽ بِالسَّيِّئَةِ തിന്മയും കൊണ്ട് فَلا يُجْزَى എന്നാൽ പ്രതിഫലം നല്കപ്പെടുകയില്ല الَّذِينَ عَمِلُوا പ്രവർത്തിച്ചവർക്ക് السَّيِّئَاتِ തിന്മകളെ إِلا مَا യാതൊന്നിനല്ലാതെ كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന

കഴിഞ്ഞ ആയത്തുകളിലും മറ്റും പരലോകത്തെപ്പറ്റി പ്രസ്താവിക്കുകയുണ്ടായല്ലോ. ആ മഹത്തായ ഭവനം- അതെ, സകലവിധ സുഖൈശ്വര്യങ്ങളും സമ്പൂർണമായ സ്വർഗീയ ഭവനം- ഈ ലോകത്ത് അഹംഭാവവും ഗർവ്വും നടിക്കാതെ, അക്രമവും അനീതിയും ചെയ്യാതെ, വിനയത്തോടും, മര്യാദയോടും, അച്ചടക്കത്തോടുംകൂടി ജീവിക്കുന്ന സജ്ജനങ്ങൾക്കാണ് അല്ലാഹു നൽകുക. നബി തിരുമേനിﷺ അരുളിച്ചെയ്ത ചില വചനങ്ങൾ ഇവിടെ ശ്രദ്ധേയമാകുന്നു:-

١) وإن الله أوحى إلى أن تواضعوا حتى لا يفخر أحد على أحد ولا يبغى أحد على أحد - مسلم

٢) ما نقصت صدقة من مال وما زاد الله عبدا بعفو إلا عزا وما تواضع أحد الله إلا رفعه الله - مسلم

٣) لا يدخل الجنة من كان في قلبه مثقال ذرة من كبر قال رجل إن الرجل يحب أن يكون ثوبه حسنا ونعله حسنة قال إن الله جميل يحب الجمال الكبر بطرالحق وغمط الناس -مسلم

٤) إن الله يحب العبد التقي الغني الخفي - مسلم

٥)لا ينظر الله يوم القيامة إلى من جرّ إزاره بطرا–متفق عليه

അർത്ഥം: 1) ഒരാൾ ഒരാളോട് അന്തസ്സ് നടിക്കാതെയും, ഒരാൾ ഒരാളോട് അതിക്രമം പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം നിങ്ങൾ അന്യോന്യം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്ക് വഹ്യ് നൽകിയിരിക്കുന്നു. 2) യാതൊരു ദാനധർമവും തന്നെ ധനത്തിൽ കുറവ് വരുത്തുന്നതല്ല; മാപ്പ് നൽകുന്നത് മൂലം ഏതൊരു അടിയാന്നും വീര്യം (യോഗ്യത) അല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുന്നതുമല്ല; അല്ലാഹുവിന്ന് വേണ്ടി- അല്ലാഹുവിന്റെ പ്രതിഫലം ഉദ്ദേശിച്ചു- ഏതൊരുവനും വിനയം കാണിക്കുന്നതായാൽ അല്ലാഹു അവനെ ഉയർത്താതിരിക്കുന്നതുമല്ല. 3) ഒരു അണുഅളവ് അഹംഭാവം ആരുടെയെങ്കിലും ഹൃദയത്തിൽ ഉണ്ടായിരുന്നാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. ഇത് പറഞ്ഞപ്പോൾ ഒരു പുരുഷൻ ചോദിച്ചു: ഒരു മനുഷ്യൻ അവന്റെ വസ്ത്രം നല്ലതായിരിക്കണമെന്നും, തന്റെ ചെരിപ്പ് നല്ലതായിരിക്കണമെന്നും ഇഷ്ടപ്പെടുന്നു- ഇതും അഹംഭാവമാണോ? തിരുമേനി പറഞ്ഞു: 'അല്ലാഹു സുന്ദരനാണ്'; അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു. അഹംഭാവം എന്നാൽ, ന്യായമായ കാര്യത്തോട് ഗർവ്വ് (ധിക്കാരം) കാണിക്കുകയും, ജനങ്ങളോട് പുച്ഛം കാണിക്കലുമാണ്. 4) ഭയഭക്തനും, ധനികനും (ജനമദ്ധ്യെ പേരും കീർത്തിയും ആർജ്ജിക്കാതെ) അജ്ഞാതനുമായുള്ള അടിയാനെ അല്ലാഹു ഇഷ്ടപ്പെടുന്നു.' 5) ഗർവ്വ് കാരണം വസ്ത്രം ഇഴച്ചുനടക്കുന്നവനിലേക്ക് ഖിയാമത്ത് നാളിൽ അല്ലാഹു (കോപം നിമിത്തം) നോക്കുന്നതല്ല. [അവസാനത്തെ ഹദീഥ് ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ചതും, ബാക്കിയെല്ലാം മുസ്‌ലിം ഉദ്ധരിച്ചതുമാണ്.]

84-ാം ആയത്തിന്റെ ആശയം സ്പഷ്ടമാണ്. കഴിഞ്ഞ സൂ: 89-ാം വചനത്തിന്റെ വിവരണത്തിൽ പറഞ്ഞകാര്യങ്ങൾ ഇവിടെയും ശ്രദ്ധേയമാകുന്നു.

إِنَّ ٱلَّذِى فَرَضَ عَلَيْكَ

﴾85﴿ **(നബിയേ) നിശ്ചയമായും, നിനക്ക് ഖുർആനെ നിയമിച്ചു തന്നിട്ടുള്ളവൻ,**

ٱلْقُرْءَانَ لَرَآدُّكَ إِلَىٰ مَعَادٍ

നിന്നെ ഒരു മടക്കസ്ഥാനത്തേക്ക് തിരിച്ചു കൊണ്ടുവരുന്നവനാകുന്നു.

قُل رَّبِّىٓ أَعْلَمُ مَن جَآءَ بِٱلْهُدَىٰ وَمَنْ هُوَ فِى ضَلَٰلٍ مُّبِينٍ ﴿٨٥﴾

പറയുക: 'സൻമാർഗം കൊണ്ടുവന്നിട്ടുള്ളതാരാണെന്നും, ഏതൊരുവനാണ് സ്പഷ്ടമായ ദുർമാർഗത്തിലുള്ളവനെന്നും എന്റെ റബ്ബ് നല്ലവണ്ണം

《85》 إِنَّ നിശ്ചയമായും ٱلَّذِي فَرَضَ നിയമിച്ചവൻ, നിർബന്ധമാക്കിയവൻ عَلَيْكَ നിന്റെ മേൽ ٱلْقُرْآنَ ഖുർആനെ لَرَادُّكَ നിന്നെ തിരിച്ചുകൊണ്ടുവരുന്നവൻ (ആക്കുന്നവൻ) തന്നെയാണ് إِلَىٰ مَعَادٍ ഒരു മടക്കസ്ഥാനത്തേക്ക് قُلْ നീ പറയുക رَبِّي എന്റെ റബ്ബ് أَعْلَمُ നല്ലവണ്ണം (ഏറ്റവും) അറിയുന്നവനാണ് مَن جَاءَ വന്നവനെ, വന്നതാരാണെന്ന് بِالْهُدَىٰ സൻമാർഗവും കൊണ്ട് وَمَنْ ഒരുവനെയും, ആരാണെന്നും هُوَ അവൻ فِي ضَلَالٍ ദുർമാർഗത്തിലാണ്, വഴിപിഴവിലാണ് مُبِينٍ വ്യക്തമായ

ഈ വചനം മദീനാ ഹിജ്റഃക്കിടയിൽ ജുഹ്ഫഃ (الجُحْفَة)യിൽ വെച്ച് അവതരിച്ചതാണെന്ന് സൂറത്തിന്റെ പ്രാരംഭത്തിൽ നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നബി ﷺ മക്കയിൽ നിന്ന് ഗൂഢമായി പുറപ്പെട്ടു രണ്ട്മൂന്ന് ദിവസം ഥൗർമലയിലെ (ثَوْر)ഗുഹയിൽ ഒളിച്ചിരുന്നശേഷം അതിൽനിന്ന് പുറത്തുവന്നപ്പോൾ, പിതൃദേശത്തേക്ക് തന്നെ തിരിച്ചുപോയാൽകൊള്ളാമെന്ന് ആഗ്രഹം തോന്നുകയുണ്ടായെന്നും, അപ്പോഴാണ് ഈ വചനം അവതരിച്ചതെന്നും മുക്വാത്തിൽ (مُقاتِل - رح) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 'മടക്കസ്ഥാനം'(معاد) കൊണ്ടുള്ള വിവക്ഷ മക്കഃയായിരിക്കുന്നതാണ്. മറ്റ് ചില മഹാൻമാരുടെ അഭിപ്രായവും ഇത് തന്നെ. അപ്പോൾ, ചരിത്രപ്രസിദ്ധമായ മക്കാവിജയം ഉണ്ടായതോട് കൂടി അല്ലാഹുവിന്റെ ഈ വാഗ്ദാനം– മടക്കസ്ഥാനത്തേക്ക് തിരിച്ചുകൊണ്ടുവരുമെന്ന വാഗ്ദാനം– പാലിക്കപ്പെടുകയും ചെയ്തു. നബി ﷺ യെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രവചനവും,. അതിന്റെ സാക്ഷാൽക്കാരം അവിടുത്തെ പ്രവാചകത്വത്തിന് ഒരു ദൃഷ്ടാന്തവുമായിരിക്കും. 'നിനക്ക് ഖുർആനെ നിയമിച്ചുതന്നു' (فَرَضَ عَلَيْكَ الْقُرْآنَ) എന്നതിന്റെ താല്പര്യം, അത് പാരായണം ചെയ്യുന്നതും, അനുഷ്ഠാനത്തിൽ വരുത്തുന്നതുമെല്ലാം നിർബന്ധമാക്കിയിരിക്കുന്നുവെന്നത്രെ.

'മടക്കസ്ഥാനം' എന്ന് പറഞ്ഞത്, പരലോകത്തെ ഉദ്ദേശിച്ചാണെന്നും, സ്വർഗത്തെ ഉദ്ദേശിച്ചാണെന്നും, ക്വിയാമത്ത് നാളിൽ നബി ﷺ ക്ക് നൽകപ്പെടുമെന്ന് ഖുർആനിൽ (17: 79ൽ) സൂചിപ്പിക്കപ്പെട്ടിട്ടുള്ള ആ 'പ്രശംസനീയസ്ഥാന'ത്തെ (المقام المحمود) ഉദ്ദേശിച്ചാണെന്നും ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായങ്ങളുണ്ട്.

وَمَا كُنتَ تَرْجُوٓا۟ أَن يُلْقَىٰٓ إِلَيْكَ

《86》 **നിനക്ക് വേദഗ്രന്ഥം കിട്ടുമെന്ന് നീ പ്രതീക്ഷിക്കുന്നുണ്ടായിരുന്നില്ല (അഥവാ ആഗ്രഹിക്കുന്നുണ്ടായിരുന്നില്ല);**

ٱلْكِتَـٰبُ إِلَّا رَحْمَةً مِّن رَّبِّكَ ۖ فَلَا تَكُونَنَّ ظَهِيرًا لِّلْكَـٰفِرِينَ ﴿٨٦﴾

എങ്കിലും, നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യമായിട്ടത്രെ (നിനക്കത് കിട്ടിയത്). ആകയാൽ, നിശ്ചയമായും നീ അവിശ്വാസികൾക്ക് പിൻതുണ നൽകുന്നവനായിരിക്കരുത്.

﴾86﴿ وَمَا كُنتَ നീ ആയിരുന്നില്ല, ഉണ്ടായിരുന്നില്ല تَرْجُوا പ്രതീക്ഷിക്കുക, ആഗ്രഹിക്കുക, അഭിലഷിക്കുക أَنْ يُلْقَى ഇട്ടുതരപ്പെടുമെന്ന്, കിട്ടുമെന്ന്, നൽകപ്പെടുന്നത് إِلَيْكَ നിനക്ക്, നിങ്കലേക്ക് الْكِتَابُ ഗ്രന്ഥം, വേദഗ്രന്ഥം إِلا رَحْمَةً എങ്കിലും കാരുണ്യമായിട്ട്, അനുഗ്രഹമായിട്ടല്ലാതെ مِنْ رَبِّكَ നിന്റെ രക്ഷിതാവിങ്കൽനിന്ന് فَلاتَكُونَنَّ അതിനാൽ തീർച്ചയായും നീ ആകരുത് ظَهِيرًا പിൻതുണ നൽകുന്നവൻ സഹായി, അരു നിൽക്കുന്നവൻ لِلْكَافِرِينَ അവിശ്വാസികൾക്ക്

ഒരു വേദഗ്രന്ഥം ലഭിക്കുമെന്ന പ്രതീക്ഷയാകട്ടെ, ലഭിക്കേണമെന്ന ആഗ്രഹമാകട്ടെ നബി ﷺക്ക് ഉണ്ടായിരുന്നില്ല; അല്ലാഹു അവന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ട് മാത്രം, അവിടുത്തേക്ക് ക്വുർആൻ അവതരിപ്പിച്ചു കൊടുത്തതാണ് എന്ന് ഈ വചനം സ്പഷ്ടമാക്കുന്നു. പ്രവാചകത്വം സിദ്ധിക്കലും, വേദഗ്രന്ഥം ലഭിക്കലും മനുഷ്യന്റെ പരിശ്രമംകൊണ്ടോ, യോഗ്യതകൊണ്ടോ, ആഗ്രഹംകൊണ്ടോ ഒന്നും സാധ്യമാകുന്ന കാര്യമല്ല. ഏതൊരാളെ അവമൂലം അനുഗ്രഹിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവർക്കത് അവൻ നൽകുമെന്നേയുള്ളൂ. അതിന് അവൻ ഇഷ്ടപ്പെടുന്നവരെ അവൻതന്നെ തിരഞ്ഞെടുക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രവാചകത്വവും വേദഗ്രന്ഥവും മനുഷ്യന്റെ പ്രവർത്തനഫലമായി സിദ്ധിക്കുന്നത് (الكسبى) അല്ല. നേരെമറിച്ച് അല്ലാഹുവിനാൽ പ്രദാനം ചെയ്യപ്പെടുന്നത് (الوهبى) ആകുന്നു. ഇസ്‌ലാമിലെ സർവ്വസ്വീകാര്യമായ ഒരടിസ്ഥാനതത്വമത്രെ ഇത്. ഈ തത്വത്തിനെതിരായി ഏതെങ്കിലും തല്പരകക്ഷികളിൽനിന്നോ, ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്നോ ഇറക്കുമതി ചെയ്യപ്പെട്ടിട്ടുള്ള യാതൊരു നിർവ്വചനവും, ഏതൊരു വ്യാഖ്യാനവും ഇസ്‌ലാമിലെ പ്രവാചകത്വത്തിന്റെ നിർവ്വചനമോ വ്യാഖ്യാനമോ അല്ലതന്നെ. അതെല്ലാം 'കുഫ്‌റും' അതിനെ അനുകൂലിക്കുന്നത് കുഫ്‌റിന് അരുനിൽക്കലുമത്രെ.

ഇസ്‌ലാമികപ്രമാണങ്ങളിൽനിന്നോ, പഠിച്ചറിഞ്ഞ പണ്ഡിതൻമാരിൽനിന്നോ അല്ലാതെ പശ്ചാത്യൻ സാഹിത്യങ്ങൾവഴി ഇസ്‌ലാമിനെ പരിചയപ്പെടുന്ന ചിലർക്കും തത്വശാസ്ത്രത്തിന്റെയും ബുദ്ധിയുടെയും അടിസ്ഥാനത്തിൽമാത്രം പ്രവാചകത്വത്തെ വ്യാഖ്യാനിക്കുവാൻ മുതിരുന്ന ചിലർക്കും ഈ തത്വം ഗ്രഹിക്കുവാൻ കഴിയാതെ വമ്പിച്ച അമളി പിണയാറുണ്ട്. നബി തിരുമേനിﷺ പ്രവാചകത്വം ലഭിക്കുന്നതിനുമുമ്പ് ഹിറാ മലയിലെ ഗുഹയിൽ പോയി ഏകാന്തവാസം ചെയ്തിരുന്നത്, ഈ ലോകത്തെ സത്യത്തിലേക്ക് നയിക്കുവാനുള്ള ഒരു വെളിച്ചം തേടിക്കൊണ്ടായിരുന്നുവെന്നും, അതിനായി ഒരു ആത്മീയപരിശ്രമം നടത്തുകയായിരുന്നു അവിടുന്ന് ചെയ്തിരുന്നതെന്നും, അങ്ങനെയിരിക്കെയാണ് ആ തേടിയ വെളിച്ചം- അതെ, വഹ്‌യ് -പെട്ടെന്ന് ലഭിച്ചതെന്നും ഇവർ പ്രസ്താവിക്കുന്നത് കാണാം. ഈ ചിത്രീകരണം യഥാർത്ഥത്തിൽ പ്രവാചകത്വത്തിന്റെ അടിത്തറയെത്തന്നെ പൊളിച്ചു കളയുന്നതാണെന്ന് ഇവർ മനസ്സിലാക്കാത്തതാണ് അത്ഭുതം. ഈ ഒരു ആയത്തിൽ മാത്രമല്ല,

ഒന്നിലധികം സ്ഥലത്ത് ക്വുർആൻ ചെയ്ത വ്യക്തമായ പ്രസ്താവനകൾക്കും, ബലവത്തായ പല ഹദീഥുകൾക്കും വിരുദ്ധമാണിത്. മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും ദൂതൻമാരെ അല്ലാഹു തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. എന്ന് സൂ: ഹജ്ജ് 75 ൽ അല്ലാഹു പറഞ്ഞത് നാം കണ്ടു. സൂ: ശൂറായിൽ അല്ലാഹു പറയുന്നു:

كُنت تَدْرِي مَا الكِتَابُ وَلاَ الإِيمَانُ وَلكِن جَعَلْنَاهُ نُورًا نَّهْدِي بِه مَنْ نَّشَاء مِنْ عِبَادِنَا - الشورى ٥٢

(കിത്താബ്- വേദഗ്രന്ഥം- എന്താണെന്നോ, ഈമാൻ- സത്യവിശ്വാസം- എന്താണെന്നോ നിനക്കറിയുമായിരുന്നില്ല. എങ്കിലും, നാം ഇതിനെ നമ്മുടെ അടിയാൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് മാർഗദർശനം നൽകുന്ന ഒരു പ്രകാശമാക്കിയിരിക്കുകയാണ്.) കൂടുതൽ വിവരം അവിടെവെച്ചാവാം. إنْ شَاء الله

وَلَا يَصُدُّنَّكَ عَنْ ءَايَٰتِ ٱللَّهِ بَعْدَ إِذْ أُنزِلَتْ إِلَيْكَ ۖ وَٱدْعُ إِلَىٰ رَبِّكَ ۖ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ﴿٨٧﴾

﴾87﴿ അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ നിനക്ക് അവതരിപ്പിക്കപ്പെട്ടതിന് ശേഷം, അവയിൽനിന്ന് നിന്നെ അവർ [അവിശ്വാസികൾ] തടഞ്ഞുകളയുകയും ചെയ്യരുത്. നീ നിന്റെ രക്ഷിതാവിങ്കലേക്ക് ക്ഷണിക്കുകയും ചെയ്യണം; നീ ബഹുദൈവവിശ്വാസികളിൽ പെട്ടുപോകയും ചെയ്യരുത്.

وَلَا تَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ ۘ لَآ إِلَٰهَ إِلَّا هُوَ ۚ

﴾88﴿ അല്ലാഹുവോട് കൂടെ വേറെ ഒരു ആരാധ്യനെ നീ വിളി(ച്ചു പ്രാർത്ഥി)ക്കുകയും അരുത്; അവനല്ലാതെ ആരാധ്യനേയില്ല.

كُلُّ شَىْءٍ هَالِكٌ إِلَّا وَجْهَهُۥ ۚ لَهُ ٱلْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٨٨﴾

അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതത്രെ. നിയമാധികാരം അവന്നാണ്; അവങ്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

﴾87﴿ وَلَا يَصُدُّنَّكَ അവർ നിന്നെ തടഞ്ഞുകളയുകയും ചെയ്യരുത് عَنْ آيَاتِ اللهِ അല്ലാഹുവിന്റെ ലക്ഷ്യങ്ങളിൽ നിന്ന് بَعْدَ إِذْ أُنزِلَتْ അവ അവതരിക്കപ്പെട്ട (ഇറക്കപ്പെട്ട)തിന് ശേഷം إِلَيْكَ നിനക്ക്, നിങ്കലേക്ക് وَادْعُ നീ ക്ഷണിക്കുകയും ചെയ്യുക إِلَىٰ رَبِّكَ നിന്റെ രക്ഷിതാവിങ്കലേക്ക് وَلَا تَكُونَنَّ നിശ്ചയമായും നീ ആകുകയും അരുത് (പെട്ടുപോകരുത്) مِنَ الْمُشْرِكِينَ ബഹുദൈവവിശ്വാസികളിൽ, പങ്കുചേർക്കുന്നവരിൽ ﴾88﴿ وَلَا تَدْعُ നീ വിളിക്കുക (പ്രാർത്ഥിക്കുക)യും അരുത് مَعَ اللهِ അല്ലാഹുവോട് കൂടി إِلَٰهًا آخَرَ വേറെ ഒരാരാധ്യനെ لَا إِلَٰهَ ആരാ

ധ്യനേ ഇല്ല إِلَّا هُوَ അവനല്ലാതെ كُلُّ شَيْءٍ എല്ലാ വസ്തുവും هَالِكٌ നാശമടയുന്നതാണ് إِلَّا وَجْهَهُ അവന്റെ മുഖം (അവൻ) അല്ലാതെ لَهُ അവന്നാണ് الْحُكْمُ അധികാരം, വിധി وَإِلَيْهِ അവങ്കലേക്ക് തന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു.

അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടതായ ശിർക്കിന്റെ ആൾക്കാർക്ക് യാതൊരുവിധത്തിലും സഹായിക്കയോ, കൂട്ടുനിൽക്കയോ ചെയ്യാതെ, തൗഹീദിൽ ഉറച്ചുനിൽക്കുവാനും, അതിലേക്ക് ക്ഷണിക്കുവാനും നബിﷺയോട് ഊന്നിപ്പറഞ്ഞുകൊണ്ടാണ് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നത്. ഇതിന് നാല് കാരണങ്ങളും അവൻ ഉണർത്തിക്കുന്നു.

(1) അവനല്ലാതെ വേറെ യാതൊരു ഇലാഹും ഇല്ലതന്നെ.

(2) അവനല്ലാതെ എല്ലാ വസ്തുക്കളും നാശത്തിന് വിധേയമാണ്; അവൻ മാത്രമേ നാശത്തിന് വിധേയനാകാത്തവനായുള്ളൂ.

(3) നിയമാധികാരം, അഥവാ വിധികർതൃത്വം അവനുമാത്രമാണ്.

(4) എല്ലാവരും അവങ്കലേക്ക് തന്നെയാണ് മടങ്ങിച്ചെല്ലുന്നതും.

ഈ നാലുകാര്യങ്ങളും തൗഹീദിന്റെ അനിവാര്യതക്ക് മതിയായ അടിസ്ഥാനങ്ങളാകുന്നുതാനും. ഹാ, എത്ര മഹത്തായ സമാപനം!

അല്ലാഹു നമ്മെയെല്ലാം, തൗഹീദിൽ ജീവിക്കുകയും, തൗഹീദിൽ മരിക്കുകയും, തൗഹീദോട് കൂടി അവങ്കലേക്ക് മടങ്ങിച്ചെല്ലുകയും ചെയ്യുന്ന സൽഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

﴿التسويد: ١٣-٣-١٣٨١ هـ / ٢٦-٨-٦١ م. التبييض: ٢٣-٤-١٣٨٧ / ٣١-٧-٦٧م﴾